KOTTAYAM PUBLIC LIBRARY

Call No M200 TOT:K Acc. No 13361

Author റ്റോത്ത്

Title ക്രിസ്തു ജീവിക്കുന്നു

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

798

# ക്രിസ്തു ജീവിക്കുന്നു

*Translated from*

'THE CATHOLIC CHURCH'

BY DR. TOTH

13361

പരിഭാഷകന്മാർ:

കാട്ടൂർ

കിഴക്കേത്തല്ലിൽ

തേന്നായൻ

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത്, P. O.

1959.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

വില 2 രൂ.

ഒന്നാം പതിപ്പ് കോപ്പി 2000

മാർച്ച്, 1959

Nihil Obstat Fr. Michael Angel, O. C. D.,
*Alwaye, 11-11-1958* *Rector, Ap. Seminary.*

Imprimatur
† Joseph Parecattil,
*Ernakulam, 17-11-1958* *Abp. of Ernakulam.*

പകർപ്പവകാശം "എസ്. എച്ച്. ലീഗി"ന്.

Printed at the J. M. Press,
Alwaye North P. O.
(Kerala, INDIA)

ഞങ്ങളുടെ പൗരോഹിത്യ

സ്വീകരണത്തിൻെറ മധുരസ്മരണയ്ക്കായി

ഈ പുസ്തകത്തെ മാതാവിൻെറ

വിമലഹൃദയത്തിനു

സമർപ്പിച്ചുകൊള്ളുന്നു

# വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| I | തിരുസ്സഭയെന്താണ് | 1 |
| II | ക്രിസ്തുവിൻെറ തിരുസ്സഭ ഒന്നുമാത്രം | 18 |
| III | ക്രിസ്തുവിൻെറ തിരുസ്സഭ വിശുദ്ധമാകുന്നു | 33 |
| IV | ക്രിസ്തുവിൻെറ തിരുസ്സഭ സാവ്ത്രികമാകുന്നു | 49 |
| V | ക്രിസ്തുവിൻെറ തിരുസ്സഭ അപ്പസ്തോലികമാകുന്നു | 65 |
| VI | നീ പാറയാകുന്നു | 81 |
| VII | മാർപ്പാപ്പയുടെ അപ്രമാദിത്വം | 97 |
| VIII | മാർപ്പാപ്പയുടെ മുൾമുടി | 110 |
| IX | തിരുസ്സഭ ചരിത്രവീക്ഷണത്തിൽ | 123 |
| X | വെൽക, റോമാ | 137 |
| XI | സഭയുടെ ഭൗമികവശം | 152 |
| XII | സഭ അസഹിഷ്ണുവത്രേ | 164 |
| XIII | സഭയുടെ 'ലൗകായതികത്വം' | 177 |
| XIV | സഭയുടെ സംഭാവനകൾ | 188 |
| XV | സഭയും സംസ്കാരവും | 201 |
| XVI | പൗരോഹിത്യം | 212 |
| XVII | മർദ്ദിതസഭ | 224 |
| XVIII | അജയ്യയായ സഭ | 236 |
| XIX | ഞാൻ ഒരു കത്തോലിക്കൻ | 250 |

# രണ്ടുവാക്കു്

മനുഷ്യൻ സ്വാഭാവികമായി സാമുദായികജീവിയാണു്. ക്രിസ്തുനാഥൻ തന്റെ തിരുസ്സഭയെ സ്ഥാപിച്ചപ്പോൾ ഈ വസ്തുത പരിഗണിച്ചു. മറെറാരു മാനുഷികസംഘടനയ്ക്കും കാണാത്ത അതിവിസ്മയനീയമായ കെട്ടുറപ്പാണു് അതിനവിടുന്നു നല്കിയതു്. അതിനെ ബൃഹത്തായ ഒരേ ഒരു ശരീരമാക്കി അവിടുന്നു്. ക്രൈസ്തവസഭയുടെ ആരംഭകാലത്തും വിജയഭാസുരമായ അനന്തരജീവിതത്തിലും അതിരററ ചൈതന്യം അതിന്റെ അംഗങ്ങൾക്കു നല്കിയ ഒരാശയമുണ്ടു്, ശിരസ്സാകുന്ന ക്രിസ്തുവിന്റെ ചുടുരക്തത്താൽ ജീവൻ പ്രാപിച്ചു്, ഒററക്കെട്ടായി, പോരാ, ഒരു ശരീരമായി, വർത്തിക്കുന്ന വിസ്മയനീയമായ ദൈവികസഭയിലെ അംഗങ്ങളാണു നാമെന്നു്.

ഈ ക്രൈസ്തവചൈതന്യം, ഈ 'സഭാവബോധം' നമ്മിലുണ്ടോ? ക്രൈസ്തവനെന്ന നാമംതന്നെ നമ്മെ പുളകമണിയിക്കുന്നുണ്ടോ? വള്ളത്തോൾ പാടി:

"ഭാരതമെന്നപേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ."

ദേശീയാവബോധം ഒരു കവിയെ ഇത്ര ആവേശംകൊള്ളിച്ചെങ്കിൽ ക്രൈസ്തവസഭാവബോധം നമ്മെ എത്ര കൂടുതൽ ഉന്മേഷഭരിതരാക്കണം!

സംഘടിച്ചു പ്രവർത്തിക്കാനുള്ള ഒരു പ്രവണത ഇന്നെവിടേയും കാണാം. എങ്കിൽ, മനുഷ്യർക്കു് ഏററം കൂടുതൽ ജീവിതയോഗ്യമായ, സർവ്വോൽകൃഷ്ടമായ ജീവിതാദർശങ്ങൾ

പ്രദാനംചെയ്യുന്ന കത്തോലിക്കാസഭാസംഘടനയെ അവഗണിക്കുക സാദ്ധ്യമോ? നമ്മുടെ ക്രൈസ്തവാവബോധം നാം ഉത്തിക്കത്തിക്കണം. ക്രൈസ്തവജീവൻ അലരണിയാൻ അതാവശ്യകമാണു്. ഈ ലക്ഷ്യപ്രാപ്തിക്കുള്ള ഒരു 'ചൂണ്ടുപലക'യായിരിക്കും ഈ ഗ്രന്ഥം. ഡോക്ടർ ടോത്തിന്റെ ഗ്രന്ഥതല്ലജങ്ങൾ ലോകപ്രസിദ്ധമാണു്. അദ്ദേഹത്തിന്റെ പാണ്ഡിത്യവും ശൈലീവിലാസവും അതിന്റെ പാരമ്യത്തിൽ പരിലസിക്കുന്ന ഒരു പുസ്തകമാണു് «The Catholic Church». അതിലെ സുപ്രധാനഭാഗങ്ങളുടെ സ്വതന്ത്രപരിഭാഷയാണു് ഈ പുസ്തകം. ഡോ: ടോത്തിന്റെ വ്യക്തവും ലളിതവും സുന്ദരവുമായ ശൈലി പരിഭാഷയിൽ വന്നിട്ടുണ്ടോ? വായനക്കാർ വിധിപറയട്ടെ.

ഞങ്ങളുടെ ഈ പരിശ്രമഫലം സഹൃദസമക്ഷം അവതരിപ്പിക്കുന്ന പ്രൊഫസ്സർ പി. റ്റി. തോമസ്, എം. എ. അവർകളോടു ഞങ്ങൾക്കുള്ള കടപ്പാടു നിസ്സീമമാണു്. ശ്രീ. ഡി. എസ്. തുരുത്തേൽ അവർകളുടെ തൂലികത്തുമ്പാണു് ഈ ഗ്രന്ഥത്തെ സമാകർഷകമാക്കുവാൻ പരിശ്രമിച്ചിട്ടുള്ളതു്. അദ്ദേഹത്തിനു് എന്തുമാത്രം കൃതജ്ഞത പ്രകാശിപ്പിച്ചാലും അധികമാകയില്ല. ഇതിന്റെ മുദ്രണത്തിനു ഞങ്ങൾ വളരെപ്പേരോടു കടപ്പെട്ടിട്ടുണ്ടു്. എല്ലാവർക്കും ഞങ്ങളുടെ ആത്മാർത്ഥതനിറഞ്ഞ കൂപ്പുകൈ.

മംഗലപ്പുഴ,
10-3-1959.

പരിഭാഷകന്മാർ.

# അവതാരിക

പണ്ഡിതാഗ്രേസരനായ ഡോക്ടർ ടോത്ത് അവർകളാൽ വിരചിതമായ "The Catholic Church" എന്ന വിശിഷ്ടഗ്രന്ഥത്തിൻെറ ഒരു സ്വതന്ത്രവിവത്തനമാണ് "ക്രിസ്തു ജീവിക്കുന്നു" എന്ന ഈ കൃതി. മംഗലപ്പുഴ സെമ്മിനാരിയിലെ മൂന്നു ബഹുമാനപ്പെട്ട വൈദികവിദ്യാർത്ഥികൾ ചേന്ന്, ആസന്നമായിരിക്കുന്ന അവരുടെ പൗരോഹിത്യപദലബ്ധിയുടെ സ്മാരകമായി മാതൃസഭയ്ക്കും മാതൃഭാഷയ്ക്കും അർപ്പിക്കുന്ന ഒരു വിനീതോപഹാരമാണ് ഈ ഗ്രന്ഥം.

കത്തോലിക്കാസഭ ദൈവസ്ഥാപിതമായ ഏക സത്യസഭയാകുന്നു എന്ന അവകാശവാദം യുക്തിയുക്തം സ്ഥാപിച്ചുകൊണ്ട് അസംഖ്യം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുവിൻെറ പ്രബോധനങ്ങളിൽനിന്ന് അണുമാത്രം വ്യതിചലിക്കാതെ ഇരുപതു നൂററാണ്ടുകളോളം നിലനിന്നുപോന്നിട്ടുള്ളതും, ഇക്കാലമത്രയും മനുഷ്യൻെറ ആത്മരക്ഷയ്ക്കും യഥാർത്ഥമായ സാമൂഹ്യപുരോഗതിക്കും മാഗ്ഗദർശനം നല്കിയിട്ടുള്ളതും കത്തോലിക്കാസഭമാത്രമാണെന്നുള്ള ചരിത്രസത്യം ഈ ഗ്രന്ഥങ്ങൾ അസന്ദിഗ്ദ്ധമാംവണ്ണം തെളിയിക്കുന്നുണ്ട്.

ഈദൃശസത്യമതാന്വേഷകകൃതികളിലെ പ്രതിപാദ്യം ഒന്നുതന്നെയാണെന്നിരുന്നാലും അവ രചിക്കപ്പെട്ട കാലഘട്ടങ്ങളുടെ പ്രത്യേകമായ അന്തരീക്ഷത്തെയും, അവയ്ക്കു രൂപം നല്കിയ പണ്ഡിതന്മാർക്കു തിരുസ്സഭയോടുണ്ടായിരുന്ന ഭക്തിഭാവാദികളേയും അവ പ്രതിഫലിപ്പിക്കുന്നതിനാൽ, അവയ്ക്കോരോന്നിനും അതതിൻേറതായ പ്രത്യേക വൈശിഷ്ട്യവും ആസ്വാദ്യതയും ഉണ്ട്. സാമൂഹികമണ്ഡലത്തിൽ വലിയ പരിവത്തനങ്ങൾ സംഭവിക്കുകയും, സത്യാന്വേഷി

യായ മനുഷ്യൻ സഭാംബികയിൽനിന്നു നവംനവങ്ങളായ പ്രചോദനങ്ങൾ കൈക്കൊള്ളുകയും ചെയ്തുകൊണ്ടിരിക്കുന്നിടത്തോളം കാലം തിരുസ്സഭയുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും.

ഈ വിപുലമായ ഗ്രന്ഥസമുച്ചയത്തിൽ "The Catholic Church" എന്ന മൂലഗ്രന്ഥം സമുന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്നുണ്ട്. പ്രതിപാദ്യത്തോടുള്ള അതിന്റെ സമീപനരീതി പ്രത്യേകം ശ്രദ്ധാർഹമാണ്. ദൈവശാസ്ത്രപണ്ഡിതന്മാർ ക്രിസ്തുവും തിരുസ്സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ പലവിധത്തിൽ നിർവ്വചിച്ചിട്ടുണ്ട്. ശിരസ്സും ശരീരവുമായും, മണവാളനും മണവാട്ടിയുമായും, രാജാവും രാജ്യവുമായും, ഇടയനും അജഗണങ്ങളുമായും ഈ ബന്ധം വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ഈ ഗ്രന്ഥത്തിലാകട്ടെ തിരുസ്സഭയെ നമ്മുടെ ഇടയിൽ ജീവിതം തുടരുന്ന ക്രിസ്തുവായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്. പല അദ്ധ്യായങ്ങളിലൂടെ ഈ വിശിഷ്ടാശയത്തിന്റെ വിശദീകരണവും സമർത്ഥനവുമാണു ഗ്രന്ഥകാരൻ സാധിച്ചിട്ടുള്ളത്. ഇതു വെറും ആലങ്കാരികമായ ഒരു ഭാവനയല്ലെന്നും, പ്രത്യുത ദൈവശാസ്ത്രപരവും ചരിത്രപരവുമായ ഒരു തികഞ്ഞ യാഥാർത്ഥ്യമാണെന്നുമുള്ള ആഴമായ ബോധം അനുവാചകരിൽ ഈ ഗ്രന്ഥം ജനിപ്പിക്കുന്നു. ദൈവശാസ്ത്രപരമായ ഈ മർമ്മം ശരിക്കു ഗ്രഹിച്ചുകൊണ്ടാണു വിവർത്തകന്മാർ ഈ ഗ്രന്ഥത്തിനു "ക്രിസ്തു ജീവിക്കുന്നു" എന്ന പുതിയ നാമം നല്കിയിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു.

വിശേഷോത്തരമായ ഈ കൃതിയുടെ വിവർത്തനം ഏററവും ഭംഗിയായി നിർവ്വഹിച്ച ഗ്രന്ഥകാരന്മാർ അനുമോദനാർഹർതന്നെ. ഗഹനമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥത്തെ പദസമൃദ്ധവും ഭാവസമ്പന്നവുമായ ആംഗലഭാഷയിൽനിന്നു മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യുക എ

ന്നതു ശ്രമസാദ്ധ്യമായ ഒരു കാര്യമാണ്. ക്ലേശകരമായ ഈ ഉദ്യമത്തിൽ വിവർത്തകന്മാർ തീർത്തും വിജയിച്ചിട്ടുണ്ട്. മൂലഗ്രന്ഥത്തിലെ ആശയസമ്പത്തിനോ, അതിന്റെ ആവിഷ്കരണരീതിയുടെ ഹൃദ്യതയ്ക്കോ ഒട്ടും കോട്ടം സംഭവിച്ചിട്ടില്ല. ലളിതവും സുന്ദരവുമായ ഭാഷാരീതി ഈ ഗ്രന്ഥത്തിന്റെ ആസ്വാദ്യത വർദ്ധിപ്പിച്ചിട്ടുണ്ട്. കൈരളിയുടെ ക്രൈസ്തവസാഹിത്യശാഖയ്ക്കു വിലയേറിയ ഒരു സംഭാവനയാണ് ഈ ഗ്രന്ഥമെന്നു നിസ്സംശയം പറയാം.

ഗ്രന്ഥകർത്താക്കളെ ഹൃദയപൂർവ്വം അനുമോദിച്ചുകൊണ്ടും, ദൈവമഹത്വത്തിനായി അർപ്പിക്കപ്പെട്ടിരിക്കുന്ന അവരുടെ തൂലികകൾക്കു ഉപരിവിജയങ്ങൾ നേർന്നുകൊണ്ടും ഈ വിശിഷ്ടഗ്രന്ഥത്തെ സത്യാന്വേഷികളായ കേരളീയരുടെ മുൻപിൽ നിറഞ്ഞ ശുഭപ്രതീക്ഷകളോടെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സെൻറ് ആൽബർട്ട്സ് കോളജ്,
എറണാകുളം
6—3—1959

പ്രൊഫസ്സർ
പി. റ്റി. തോമ്മസ്.

# ക്രിസ്തു ജീവിക്കുന്നു

## ഒന്നാം അദ്ധ്യായം

## തിരുസ്സഭയെന്താണ്?

ക്രൈസ്തവലോകത്തിന്റെ കേന്ദ്രമായ റോമാനഗരത്തിലാണ്, ലോകത്തിലേ ഏററം വലിയ ദൈവാലയമായ സെൻറ് പീറേറഴ്സ് ബസ്ലീക്ക. അതിന്റെ അസാധാരണമായ വലുപ്പത്തേയും അതുല്യമായ ശില്പസൗന്ദര്യത്തേയും പററി കേട്ടിട്ടില്ലാത്തവരില്ല. എന്നാൽ, വലിയ പ്രതീക്ഷകളോടുകൂടെ റോമിൽ ചെല്ലുന്ന ഒരാൾ ആദ്യം അല്പം ഇച്ഛാഭംഗപ്പെട്ടുപോകും: "ഇതാണോ ലോകപ്രസിദ്ധമായ സെൻറ് പീറേറഴ്സ്! കലാവൈദഗ്ദ്ധ്യത്തിന്റെ വൈജയന്തിയെന്നറിയപ്പെടുവാൻ തക്കവണ്ണം എന്താണാവോ ഇതിന്റെ മേന്മ!" തീർച്ചയായും, പ്രഥമവീക്ഷണത്തിൽ ആശ്ചര്യമല്ല, ആശാഭംഗമാണുണ്ടാവുക. എന്നാൽ, ആ ഗംഭീരദൈവാലയത്തിന്റെ ഉള്ളിലെ കപ്പേളകളിലും ഇടനാഴികളിലുംകൂടെ മണിക്കൂറുകളല്ല, ദിവസങ്ങൾതന്നെ ചുററിക്കറങ്ങിയാലേ വാസ്തവം മനസ്സിലാവൂ. വീണ്ടും, അതിന്റെ ഉള്ളിലെ തിരുസ്വരൂപങ്ങളുടേയും സ്മാരകങ്ങളുടേയും മുൻപിൽ നിശ്ചേഷ്ടമായി നിന്നുകൊണ്ടു ധ്യാനിക്കുകയും, അറിവുള്ള മററാരുടെ

യെങ്കിലും സഹായത്തോടെ അതിലെ കപ്പേളകളും ബലിപീഠങ്ങളും പരിശോധിക്കുകയും ചെയ്യുമ്പോൾ മാത്രമേ സെൻറ് പീറേറഴ്സ് ലോകത്തിലെ ഏററം വലിയ സ്ഥാപനങ്ങളിലൊന്നാണെന്നു പറയുന്നതിൻെറ യാഥാർത്ഥ്യം മനസ്സിലാകുകയുള്ളു.

സെൻറ് പീറേറഴ്സ് കത്തീഡ്രലിനെപ്പററിയുള്ള ധാരണപോലെതന്നെയാണ് അതിൻെറ ഉടമസ്ഥയായ കത്തോലിക്കാസഭയെപ്പററിയുള്ളതും. നാം തിരുസ്സഭയെപ്പററി പലതും കേട്ടിട്ടുണ്ട്; പലതും പഠിച്ചിട്ടുമുണ്ട്. ലോകത്തിൽ മററു യാതൊരു സംഘടനയ്ക്കും ഇത്രമാത്രം പഴക്കവും വ്യാപ്തിയും പ്രാധാന്യവും ഇല്ലെന്നു നമുക്കറിയാം. എന്നാൽ, അവളുടെ സൂക്ഷ്മാവിനെ മനസ്സിലാക്കിക്കൊണ്ട് അവളെ സ്നേഹിക്കുകയും അനുഗമിക്കുകയും അനുസരിക്കുകയും പരിരക്ഷിക്കുകയും, അവളെപ്രതി അഭിമാനംകൊള്ളുകയും ചെയ്യണമെങ്കിൽ വെറും ഉപരിപ്ലവമായ വീക്ഷണം മതിയാകയില്ല. അതുകൊണ്ട്, അറിവുള്ള ഒരു വഴികാട്ടിയുടെ സഹായം നമുക്കാവശ്യമുണ്ട്.

"വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ തിരുസ്സഭയിൽ ഞാൻ വിശ്വസിക്കുന്നു" എന്ന വിശ്വാസപ്രമാണത്തിൽ നാം ഉരുവിടുന്ന ആ കൊച്ചുവാചകം—പ്രത്യാശയും ആത്മാഭിമാനവും തിങ്ങിനിറഞ്ഞ ആ സുന്ദരപദങ്ങൾ, ദിവ്യബലിയിൽ നാം ആലപിക്കുന്ന ആ മോഹനഗാനം—കത്തോലിക്കാസഭയിലേക്കു നമ്മെ വഴി നടത്തും.

നമ്മുടെ ആനന്ദത്തിൻേറയും അഭിമാനത്തിൻേറയും പ്രത്യാശയുടേയും കാരണമെന്തായിരിക്കാം? ദൈവത്തിൻെറ പ്രത്യേകവരപ്രസാദത്താൽ നാമും അംഗമായിട്ടുള്ള ഈ കത്തോലിക്കാസഭയെന്ത്? അവൾ നമുക്കെന്താണു പ്രദാനം ചെയ്യുക? അവളുടെ ലക്ഷണങ്ങൾ ഏവ? ഇവയെല്ലാമാണു നമുക്കു പഠിക്കേണ്ടതു്.

ആദ്യമായി തിരുസ്സഭയെന്താണ്? ഇതിനുത്തരമായി പറയുവാനുള്ളതു മൂന്നു പ്രധാനകാര്യങ്ങളത്രെ.

i) തിരുസ്സഭ നമ്മുടെയിടയിൽ ജീവിതം തുടരുന്ന ക്രിസ്തുവാണ്.

ii) അവൾ ക്രിസ്തുനാഥന്റെ മണവാട്ടിയാണ്.

iii) അവൾ ക്രിസ്തുവിന്റെ മൗതികശരീരമാണ്.

അത്യഗാധവും പരമസുന്ദരവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഈ മൂന്നു കാര്യങ്ങളിൽ തിരുസ്സഭയുടെ സൗകുമാര്യവും ശക്തിവിശേഷവും മുഴുവനായി അടങ്ങിയിട്ടുണ്ട്.

## തിരുസ്സഭ നമ്മുടെയിടയിൽ ജീവിതം തുടരുന്ന ക്രിസ്തുതന്നെ

ക്രിസ്തുനാഥനാണു കത്തോലിക്കസഭയ്ക്കു രൂപംകൊടുത്തതു്. അവിടുന്നു തന്റെ പരസ്യപ്രബോധനത്തിന്റെ ആരംഭഘട്ടത്തിൽ സ്വശിഷ്യന്മാരിൽ ചിലരെ പ്രത്യേകമായി തിരഞ്ഞെടുത്തു. അവർക്കു പ്രത്യേകനാമങ്ങൾ നല്കി. അവരെ പ്രത്യേകമായി അഭ്യസിപ്പിച്ചു. അവക്ക് അസാധാരണമായ അധികാരങ്ങൾ പ്രദാനംചെയ്തു. അവസാനമായി, അവിടുത്തെ ഉത്ഥാനാവസരത്തിൽ ലോകത്തിന്റെ മാനസാന്തരം അവർക്കു ഭരമേല്പിക്കുകയുംചെയ്തു. തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരിൽ ഒരാളെ അവരുടെ തലവനായി നിയമിച്ചു. ഇവയൊക്കെ ചരിത്രസത്യങ്ങളാണ്. ഇങ്ങനെ, ക്രിസ്തുനാഥന്റെ ഉത്ഥാനദിവസം തിരുസ്സഭയ്ക്കുണ്ടായിരുന്ന ഘടകങ്ങൾ നാലാണ്: വിശ്വാസികൾ, അപ്പസ്തോലന്മാർ, പത്രോസ്, കാണപ്പെടാത്ത തലവനായ ക്രിസ്തുനാഥൻ.

സഭയാകുന്ന ആ ചെറിയ കടുകുമണി ഇരുപതോളം നൂററാണ്ടുകളിലൂടെ വളർന്നു പന്തലിച്ച് ഇന്നൊരു വൻവൃ

ക്ഷമായി,എല്ലാവരിലും വിസ്മയം ജനിപ്പിച്ചുകൊണ്ടു വിരാജിക്കുകയാണ്. അറാംപട്ടക്കാർതുടങ്ങി വൈദികന്മാർ, മെത്രാന്മാർ, അങ്ങനെ മാർപ്പാപ്പാവരെ എത്തുന്ന ഒരു ഭരണസമതി! എത്ര നിഷ്കൃഷ്ടമായ സംവിധാനം! 2414 നിയമങ്ങളടങ്ങിയ കാനോൻ നിയമസംഹിത! സുനിശ്ചിതമായ സാന്മാർഗ്ഗികനിയമങ്ങൾ, പാരമ്പര്യാചാരങ്ങൾ, അനുഷ്ഠാനവിധികൾ, ബാഹ്യമോടികൾ! രാഷ്ട്രങ്ങളുമായുള്ള ഉടമ്പടികൾ; നിഷിദ്ധസാഹിത്യനിരോധനത്തിനുള്ള വ്യവസ്ഥകൾ പുറമെനിന്നു നോക്കിയാൽ കാണാവുന്ന ക്രമീകരണത്തിൻേറയും വൈവിധ്യത്തിൻേറയും പട്ടിക ഇങ്ങനെ നീണ്ടുപോകും.

പലർക്കും, ചിലപ്പോൾ സൽബുദ്ധികളായ കത്തോലിക്കർക്കുപോലും ഇതിൻെറയൊക്കെ ആവശ്യം മനസ്സിലാകുവാൻ പ്രയാസംതോന്നും. ഒന്നു വ്യക്തം: ഈ പുറമോടിയിൽ മാത്രം തിരുസ്സഭയെ കാണുകയും, അവളുടെ ബാഹ്യാകാരത്തിനു പിന്നിലുള്ള ആത്മാവിനേയും ദിവ്യമായ ആന്തരികസ്വഭാവത്തേയും മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നവർക്ക് ഒരുനാളും മനസ്സിലാവുകയില്ല, ക്രിസ്തുവിൻെറ തിരുസ്സഭ വാസ്തവത്തിൽ എന്താണെന്ന്. മുൻപറഞ്ഞ ബാഹ്യവിധാനങ്ങളൊന്നുമല്ല അവളുടെ അദൃശ്യസത്തയും ആന്തരികസ്വഭാവവും.

വാസ്തവത്തിൽ തിരുസ്സഭയും അവളുടെ സത്തയും എന്താണ്? ഒററവാക്കിൽ, അവൾ നമ്മുടെയിടയിൽ ജീവിക്കുന്ന ക്രിസ്തുവാണ്. ക്രിസ്തുനാഥൻ തൻെറ സഭയിൽ അഗോചരമായി ജീവിതം തുടരുന്നു. അവൾ അവിടുത്തെ പ്രതിരൂപമാണ്. ഒരിക്കൽ ക്രിസ്തുനാഥൻ തൻെറ അപ്പസ്തോലന്മാരോടു പറഞ്ഞു: "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (വി. ലൂക്ക. 10: 16). തിരുസ്സഭയ്ക്കു പറയുവാൻ കഴിയും: "എന്നെ കേൾക്കുന്നവൻ ക്രിസ്തുവിനെ

കേൾക്കുന്നു; എന്നെ കാണുന്നവൻ ക്രിസ്തുവിനെ കാണുന്നു; എന്നെ അനുഗമിക്കുന്നവൻ ക്രിസ്തുവിനെ അനുഗമിക്കുന്നു." അവളുടെ പ്രബോധനങ്ങൾക്ക് ആസ്പദം സനാതനസത്യമായ ദൈവമാണ്. കൂദാശകൾവഴി അവൾ നല്കുന്നതെല്ലാം ക്രിസ്തുനാഥന്റെ സ്നേഹഹൃദയത്തിൽനിന്നാണു പുറപ്പെടുക. തിരുസ്സഭയ്ക്കു ഒരേ ഒരു ലക്ഷ്യമേയുള്ളു: ലോകാവസാനംവരെ ക്രിസ്തുവിന്റെ അഭിലാഷങ്ങൾക്കായി നിലകൊള്ളുകയും, അവിടുത്തെ പ്രബോധനങ്ങളെ ഉദ്ഘോഷിച്ചുകൊണ്ടു് ആത്മാക്കളെ രക്ഷിക്കുകയും ചെയ്യുക. പരിത്രാണത്തിന്റെ സൽഫലങ്ങൾ മനുഷ്യർ സ്വീകരിക്കുവാൻ ക്രിസ്തുനാഥൻ തുറന്ന ഏകമാർഗ്ഗമാണു തിരുസ്സഭ. അവിടുന്നു ലോകത്തിൽ സ്ഥാപിച്ച സത്യത്തിന്റേയും പ്രസാദവരത്തിന്റേയും അദൃശ്യരാജ്യത്തിന്റെ മൂർത്തീഭാവമാണവൾ. അതുകൊണ്ട്, തിരുസ്സഭയ്ക്കൊരുദ്ദേശ്യമേയുള്ളു—ലോകത്തിൽ അന്ത്യനാൾവരേയും ക്രിസ്തുവിന്റെ പ്രാതിനിധ്യംവഹിച്ചുകൊണ്ടു മനുഷ്യരിൽ ക്രിസ്തുവിനെ രൂപവൽക്കരിക്കുകയും അവരുടെ ആത്മാക്കളിൽ ക്രിസ്തുവിന്റെ വ്യക്തിമുദ്ര പതിക്കുകയും ചെയ്യുക എന്ന ഏകോദ്ദേശ്യം.

അജയ്യമായ ആത്മവിശ്വാസത്തോടും തന്റേടത്തോടും സത്യാവബോധത്തോടുംകൂടെ അവൾ ഉദ്ഘോഷിക്കുകയാണ്: "ക്രിസ്തുവിന്റെ സുവിശേഷത്തെ നിരസിച്ചതായോ, അവിടുത്തെ പ്രബോധനത്തിൽനിന്നു കടുകിട വ്യതിചലിച്ചതായോ, അവിടുത്തെ സന്മാർഗ്ഗനിയമത്തെ പരിരക്ഷിക്കുന്നതിനാവശ്യകമായ ഏതെങ്കിലും പരിത്യാഗം വേണ്ടെന്നുവച്ചതായോ എന്റെ പേരിൽ ആർക്കെങ്കിലും പരാതിപ്പെടുവാൻ കഴിയുമോ?"

തിരുസ്സഭയുടെ സത്ത ബാഹ്യമോടിയല്ല; പ്രത്യുത, ക്രിസ്തുവിന്റെ ഏകലക്ഷ്യമായ ദൈവരാജ്യമാണ്. ആ രാജ്യം അഗോചരവും, അതേസമയം, ഗോചരവുമാകുന്നു. അ

ത്ത് ആന്തരികമനുഷ്യന്റെ നീതീകരണത്തിൽ കേന്ദ്രീകൃതമാണ് (വി. മത്താ. 6: 33). സ്വർഗ്ഗരാജ്യം നമ്മുടെയുള്ളിലാകുന്നുവെന്നു ക്രിസ്തുനാഥൻ അരുൾചെയ്തതനുസരിച്ച് (ലൂക്കാ. 17: 21) അത് ആന്തരികമാണ്. എന്നാൽ, ക്രിസ്തുനാഥൻ അശരീരികളായ മാലാഖമാർക്കുവേണ്ടിയല്ല, ശരീരമുള്ള മനുഷ്യർക്കുവേണ്ടിയാണു തിരുസ്സഭ സ്ഥാപിച്ചത്. അതുകൊണ്ടു ബാഹ്യവുമാണ്. അങ്ങനെ, ആന്തരികവും അദൃശ്യവുമായ സഭയ്ക്കു ദൃശ്യവും ബാഹ്യവുമായ ഒരു ക്രമീകരണവും ഘടനയും ജീവിതക്രമവും ഉണ്ടായിരിക്കണമെന്ന് അവിടുന്നാഗ്രഹിക്കുക തികച്ചും സ്വാഭാവികംതന്നേ. അവിടുന്നു തന്റെ തിരുസ്സഭയ്ക്ക് അത്യുന്നതമായ പ്രബോധനാധികാരങ്ങളും വൈദികാധികാരങ്ങളും നല്കുകമാത്രമല്ല ചെയ്തത്; പ്രത്യുത, അതിനെ ദൃശ്യമായ ഒരു ബാഹ്യസംഘടനയാക്കിക്കൊണ്ട്, പത്രോസിനെ അതിന്റെ അടിസ്ഥാനക്കല്ലും തലവനുമായും (വി. മത്താ. 16: 18), മററപ്പസ്തോലന്മാരെ അതിന്റെ ഉദ്യോഗഭാരവാഹികളും ഇടയന്മാരുമായും നിയമിക്കുകകൂടിചെയ്തു. ജ്ഞാനസ്നാനത്തെ അതിലേക്കുള്ള പ്രവേശനവ്യവസ്ഥയായി അവിടുന്നു നിശ്ചയിച്ചു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (വി. ലൂക്കാ. 10: 16) എന്നും, "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21) എന്നും അരുളിച്ചെയ്തുകൊണ്ട്, ക്രിസ്തുനാഥൻ തന്റെ തിരുസ്സഭയുടെ നായകന്മാർക്ക് ഊഹാതീതമായ അധികാരങ്ങളാണു നല്കിയത്. തിരുസ്സഭ നമ്മുടെയിടയിൽ ജീവിതം തുടരുന്ന ക്രിസ്തുനാഥനാണെന്നു പറയുന്നതിന്റെ പൊരുൾ ഇതിൽനിന്നു വ്യക്തമാണ്.

## തിരുസ്സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്

വി. പൗലോസ് വികാരഭരിതനായി എഴുതുന്നു: "മിശിഹാതന്നേയും തന്റെ സഭയെ സ്നേഹിക്കുകയും, ജലത്താലു

ള്ള മാമ്മോദീസാകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും അവളിൽ കറയോ മുഖച്ചുളിവോ ഇവയ്ക്കു തുല്യമായ എന്തെങ്കിലുമോ ഇല്ലാതെ, മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിനു തനിക്കായിട്ടുതന്നെ മഹത്വമുള്ളവളായി സഭയെ നിറുത്തുവാനുംവേണ്ടി അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ ഭർത്താക്കന്മാരേ, നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ" (എഫേ. 5: 25-27). അതേ, തിരുസ്സഭ ക്രിസ്തുവിന്റെ പരിശുദ്ധയായ മണവാട്ടിയാണു്. ഇതിനു വിശദീകരണമാവശ്യമില്ല.

സഭയെ നാം "തിരുസ്സഭാമാതാവെ"ന്നു സ്നേഹസമന്വിതം അഭിസംബോധനചെയ്യുന്നതിന്റെ ഔചിത്യം ഇവിടെ വെളിവാകുന്നുണ്ടു്. സഭ ക്രിസ്തുവിന്റെ മണവാട്ടിയെങ്കിൽ ക്രിസ്തുവിന്റെ സന്താനങ്ങൾക്കവൾ മാതാവല്ലേ? നമുക്കവൾ പ്രിയ ജനനിയല്ലേ? അതേ, കത്തോലിക്ക തിരുസ്സഭ നമ്മുടെ അമ്മയാണു്! അമ്മ! എത്ര സ്നേഹം തുളുമ്പുന്ന ഒരു പദം! എത്ര ബഹുമാനോദ്യോതകമായ ഒരു സംബോധന! അവളുടെ സന്താനങ്ങളുടെമേൽ, പ്രത്യേകിച്ചു്, ബലഹീനരും നിസ്സഹായരും പീഡിതരും ദരിദ്രരും ആയവരുടെമേൽ അവൾക്കുള്ള നിരന്തരമായ, മാതൃസഹജമായ ജാഗരൂകത, ഹാ! അതെത്ര മനോജ്ഞമല്ല! സഭാമാതാവെന്നുള്ള ആ സുന്ദരനാമംതന്നെ നമ്മെപ്പുളകം കൊള്ളിക്കുന്നില്ലേ? അതു നമ്മുടെ ഹൃദയത്തെ ചൂടുപിടിപ്പിക്കുന്നില്ലേ?

തിരുസ്സഭയ്ക്കു് എങ്ങനെ അമ്മയാകുവാൻ കഴിയുമെന്നു ചോദിച്ചേക്കാം. മക്കളുള്ളവർ അമ്മയല്ലേ? നാമല്ലേ അവളുടെ മക്കൾ? ഒരു മാതാവിന്റെ വാത്സല്യത്തോടെ അവൾ നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു.

തിരുസ്സഭാമാതാവിനെപ്പററി പരിഗണിക്കുമ്പോൾ നാമറിയാതെതന്നെ നമ്മുടെ സ്വർഗ്ഗീയമാതാവായ മറിയത്തെ

പ്പററി ചിന്തിച്ചുപോകും; തിരുസ്സഭാമാതാവിനേയും മറിയത്തേയുംതമ്മിൽ സാധർമ്മ്യപ്പെടുത്തിപ്പോകും. ഒരിക്കൽ മറിയം ബേസ് ലഹമിൽവച്ചു ലോകത്തിനു പ്രദാനംചെയ്ത യേശുനാഥനെത്തന്നെയാണു തിരുസ്സഭാമാതാവു് അനുദിനം നമുക്കോരോരുത്തർക്കും നല്കുന്നതു്. ബേസ് ലഹമിൽ പിള്ളക്കച്ചകൾ പുതച്ച ഒരു ശിശുവിനെമാത്രം നാം ദർശിക്കുന്നെങ്കിൽ, നമ്മുടെ അന്തരംഗങ്ങളിൽ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങൾമാത്രം നമ്മുടെ കണ്ണിൽപ്പെടുന്നു. എന്നാൽ, ബേസ് ലഹമിലേ പുൽത്തൊഴുത്തിൽ ശയിച്ചിരുന്ന ദിവ്യശിശുവിനെ ആരാധിച്ചപ്പോൾ ആട്ടിടയർക്കുണ്ടായിരുന്ന വിശ്വാസചൈതന്യത്തോടെ ദിവ്യകാരുണ്യത്തിൽ സന്നിധിചെയ്യുന്ന ക്രിസ്തുനാഥൻെറ മുൻപിൽ നാം മുട്ടുമടക്കുന്നു. ബേസ് ലഹമിലേ ആട്ടിടയർ ദിവ്യശിശുവിനെ ആരാധിക്കുകമാത്രമല്ല, അവിടുത്തെ ദിവ്യജനനിയോടു സവിശേഷമായ ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുകകൂടെചെയ്തു. ഇന്നും ക്രിസ്തുനാഥനെ ആരാധിക്കുന്നവരെല്ലാം ക്രിസ്തുവിൻെറ മണവാട്ടിയായ തിരുസ്സഭയെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യണം.

എൻെറപേരിൽ അതീവതൽപരയായ ഒരു വത്സലമാതാവെന്ന നിലയിൽ തിരുസ്സഭയെ ഞാൻ വീക്ഷിക്കുന്നുവെങ്കിൽ, അവളുടെ നടപടികളെ ഞാൻ ബഹുമാനിക്കും; കല്പനകൾ അനുസരിക്കും; ചിന്താരഹിതമായി അവളെ വിമർശിക്കുവാൻ ഞാൻ ഒരുമ്പെടുകയില്ല. ഹാ! കത്തോലിക്കരെന്നഭിമാനിക്കുന്ന നാംതന്നെ ഇതരമതസ്ഥരുടെ മുൻപിൽ വച്ചുപോലും നമ്മുടെ മാതാവായ തിരുസ്സഭയെപ്പററി അനീതിപരവും ഉപരിപ്ളവവും ആയ എത്ര ദുരഭിപ്രായങ്ങളാണു തട്ടിവിടുക! ഒററനോട്ടത്തിൽ കഠിനമായി തോന്നാവുന്ന അവളുടെ കർശനനയത്തെപ്പററി ഞാൻ പരാതിപ്പെട്ടുകൂടാ. അവളുടെ ഓരോ കല്പനയുടേയും പിന്നിൽ ഞാൻ കാണേ

ങ്ങുത്ത് അവർക്ക് എൻെറ ആത്മാവിൻേറയും വിശ്വാസത്തിൻേറയും ജീവിതവിശുദ്ധിയുടേയുംപേരിലുള്ള ഉൽകണ്ഠാകുലമായ മാതൃവാത്സല്യമാണ്.

തിരുസ്സഭ ചിലപുസ്തകങ്ങൾ നിരോധിക്കുന്നു; അവ ഞാൻ വായിച്ചുകൂടാ. ചിലദിവസങ്ങളിൽ അവർ മാംസവർജ്ജനം ആവശ്യപ്പെടുന്നു; അന്നു ഞാൻ മാംസം ഭക്ഷിച്ചുകൂടാ. ചില പ്രത്യേകസാഹചര്യങ്ങളിൽ ഇന്നിന്ന വിവാഹങ്ങൾ എനിക്കുചിതമല്ലെന്ന് അവർ നിർദ്ദേശിക്കുന്നു; ഞാനതു ധിക്കരിക്കരുത്. കാരണം കാണുവാൻ ചിലപ്പോൾ എനിക്കു കഴിഞ്ഞില്ലെന്നുവരാം. എങ്കിലും, ഞാനവളുടെ നിർദ്ദേശം സ്വീകരിക്കുന്നു; അതിനു കീഴടങ്ങുന്നു. കാരണം, എൻെറ വത്സലമാതാവു് അതാവശ്യപ്പെടുന്നു.

## തിരുസ്സഭ ക്രിസ്തുവിൻെറ മൗതികശരീരമാണ്.

വി. പൗലോസ് തിരുസ്സഭയെക്കുറിച്ചു പരാമർശിക്കുമ്പോൾ പലവുരു താത്പര്യത്തോടേ പ്രയോഗിക്കുന്ന ഒരു സുന്ദരനാമമുണ്ട്: ക്രിസ്തുവിൻെറ മൗതികശരീരം.

"നമുക്ക് ഒരേശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും എല്ലാ അവയവങ്ങൾക്കും ഒരേ പ്രവൃത്തിയല്ലാതിരിക്കുകയും ചെയ്യുന്നതു് എങ്ങനെയോ അങ്ങനെതന്നെ, പലരായിരിക്കുന്ന നാമും മിശിഹായിൽ ഒരേ ശരീരമാകുന്നു. നമ്മിൽ ഓരോരുത്തനും ഒരുത്തൻ മറ്റൊരുത്തൻെറ അവയവങ്ങളുമാകുന്നു'' (റോമ്മാ. 12: 4, 5).

"ശരീരം ഒന്നായിരിക്കുകയും അതിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു എങ്കിലും ശരീരത്തിൻെറ അവയവങ്ങൾ പലതായിരുന്നിട്ടും ഒരേ ശരീരമായിരിക്കുന്നതെങ്ങനെയോ അങ്ങനെതന്നെ (ആകുന്നു) മിശിഹായും. നാം തന്നേയും, യൂദരാകട്ടെ, പുറജാതികളാകട്ടെ, അടി

മകളാകട്ടെ, സ്വതന്ത്രരാകട്ടെ, എല്ലാവരും, ഒരേ ആത്മാവിൽ ഏകശരീരമായി മാമ്മോദീസ സ്വീകരിക്കുകയും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു" (I കൊറി. 12: 12, 13).

പ്രകൃത്യതീതവും സ്വതന്ത്രവുമായ ഒരു സംഘടനയായിട്ടാണു ക്രിസ്തുനാഥൻ തൻെറ അനുയായികളെ വിഭാവനം ചെയ്തത്. അവർ അങ്ങനെ തൻെറ മൗതികശരീരമായിത്തീരണമെന്നാണ് അവിടുന്നഭിലഷിച്ചത്. പരിത്രാണത്തിൻെറ രക്ഷാകരഫലങ്ങൾ മനുഷ്യർക്കു പ്രദാനംചെയ്തുകൊണ്ടു ക്രിസ്തുവിലുള്ള പ്രകൃത്യതീതമായ ഐക്യം സാധിക്കുകയാണു തിരുസ്സഭയുടെ പ്രഥമകർത്തവ്യം. അന്ത്യഭോജനവേളയിൽ ക്രിസ്തു തൻെറ സ്വർഗ്ഗീയപിതാവിനോടു ചെയ്ത വികാരഭരിതമായ ആ പ്രാർത്ഥന മറക്കുവാൻ തിരുസ്സഭയ്ക്കു സാധിക്കയില്ല: "നീ എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കയച്ചിരിക്കുന്നു. അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവരാകേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. അവർക്കുവേണ്ടിമാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയുമാകുന്നു ഞാൻ പ്രാർത്ഥിക്കുന്നത്. നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്, എൻെറ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നതുപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ" (വി. യോഹ. 17: 18....21). അതുകൊണ്ട്, ക്രിസ്തുനാഥൻെറ അനുഗാമികൾവഴി, അവിടുത്തെ മൗതികശരീരത്തിനു രൂപം കൊടുക്കുക തിരുസ്സഭയുടെ കർത്തവ്യമാണ്.

മേൽവിവരിച്ചപ്രകാരം ക്രിസ്തുനാഥൻ മൂന്നുവിധമുള്ള ശരീരത്തിലാണു ജീവിക്കുക: തനിക്കു കന്യകാമാതാവിൽനിന്നു ലഭിച്ച ആ പാവനശരീരത്തിൽ; വി. കുർബ്ബാനയിൽ

അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ; തന്റെ വത്സലസന്താനങ്ങളും സ്നേഹിതരുമായ വിശ്വാസികളിൽ രൂപീകൃതമായ തിരുസ്സഭാശരീരത്തിൽ; എത്ര വിസ്മയനീയമായ ഒരു വിശ്വാസസത്യം! ലക്ഷക്കണക്കിനുള്ള വിശ്വാസികളുടെ ആത്മശരീരങ്ങൾകൊണ്ടു പടുത്തുയർത്തിയ ബൃഹത്തായൊരു സമുദായസൗധമാണു തിരുസ്സഭയെന്ന്! അവർ ക്രിസ്തുവിന്റെ ജീവനുള്ള ശരീരമാണെന്ന്! ക്രിസ്തുനാഥൻ ശിരസ്സായും ദിവ്യബലി ഹൃദയമായും ഉള്ള ഒരു മൗതികശരീരം. ഈ ഹൃദയത്തിൽനിന്നു പാഞ്ഞൊഴുകുന്ന ചുടുരക്തം ക്രിസ്തുവിന്റേതാണ്. അതു നിമിഷംതോറും അംഗങ്ങളായ നമ്മിലേക്കു പ്രവഹിക്കുന്നു. അതേ, ഞാൻ തിരുസ്സഭയുടെ സന്താനമെങ്കിൽ ഞാൻ ക്രിസ്തുവിന്റെ തിരുരക്തവുമായി നിരന്തരസമ്പർക്കം പുലർത്തുന്നുണ്ട്. അവിടുത്തെ ചൈതന്യം എന്നിൽ പ്രസരിക്കുന്നുണ്ട്. ക്രിസ്തീയമഹത്വം എന്നിൽ ഫലമണിയുന്നുണ്ട്. ക്രൈസ്തവാനന്ദം എന്റെ ഹൃദയത്തിൽ തിങ്ങിനിറയുകയുമാണ്. ക്രിസ്തുനാഥൻതന്നെയല്ലേ പറഞ്ഞതു്, "ഞാൻ മുന്തിരിയും നിങ്ങൾ ശാഖകളുമാകുന്നു" എന്ന്?

തിരുസ്സഭ ക്രിസ്തുവിന്റെ മൗതികശരീരമാണെങ്കിൽ അതിന്റെ അംഗങ്ങൾ ഓരോരുത്തരും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളാണ്. ഹാ! എനിക്കു സംസിദ്ധമായ സ്ഥാനമഹിമ എത്ര സമുന്നതം! അതോടൊപ്പം, എന്റെ സാമുദായികമായ ഉത്തരവാദിത്വവും പുത്രോചിതമായ കടമയും എത്ര വലുതു്! "നിങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ അവയവങ്ങളാകുന്നുവെന്നു നിങ്ങൾ അറിയുന്നില്ലയോ? മിശിഹായുടെ അവയവമെടുത്തു് അതു വേശ്യയുടെ അവയവമാക്കുകയോ? ഒരുനാളും പാടില്ല" (1 കൊറി. 6: 15).

"അല്ല, നിങ്ങളുടെ ശരീരം, ദൈവത്തിൽനിന്നു പ്രാപിച്ചതായി നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ

ആലയമാകുന്നു എന്ന് അറിയുന്നില്ലയോ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാകുന്നു. ആകയാൽ, ദൈവത്തിൻേറതായ നിങ്ങളുടെ ശരീരംകൊണ്ടും നിങ്ങളുടെ ആത്മാവുകൊണ്ടും ദൈവത്തെ സ്തുതിക്കുവിൻ" (I കൊറി. 6: 19, 20).

അതേസമയം, നമ്മുടെ സാമുദായികമായ ഉത്തരവാദിത്വത്തെപ്പററി നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു ചിന്തയത്രേ, ഞാൻ ക്രിസ്തുവിൻേറ അവയവമാണ് എന്നത്. ക്രിസ്തുവിൻേറ മൗതികശരീരത്തിലേ അവയവമെന്ന നിലയിലായിരിക്കണം ഓരോ കത്തോലിക്കനേയും ഞാൻ പരിഗണിക്കുക. തദനുസൃതം അവനെ ബഹുമാനിക്കണം. ബാഹ്യദൃഷ്ടിക്ക് അവൻ ഒരു നിസ്സഹായനായ ശിശുവോ തൊഴിലാളിയോ ദരിദ്രവൃദ്ധനോ ധനികയുവാവോ ആയിരിക്കാം. എന്നാൽ, അയാൾ യഥാർത്ഥത്തിൽ ക്രിസ്തുവിൻേറ ഒരവയവംതന്നേ.

ഒരു കന്യകാമഠത്തിൽ ഒരു പുതിയ കപ്പ്ലോൻ നിയമിതനായി. അവിടത്തേ കന്യാസ്ത്രീകളുടെ കൂട്ടത്തിൽ ഒരു പ്രഭ്വിയുണ്ടെന്ന് ഒരാൾ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം തന്നെ പറയുകയാണ്: "പ്രഭ്വി ഏതെന്നു ചോദിച്ചുമനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. ഏതെങ്കിലും ഒരു സന്യാസിനി എൻേറ അടുക്കൽ വരുമ്പോൾ അവർ പ്രഭ്വിയായിരുന്നാലെന്നവണ്ണം ഞാൻ അവരെ ബഹുമാനിച്ചു". നാമെല്ലാവരും ഉന്നതകുലജാതരാണ്. ക്രിസ്തുവിൻേറ മൗതികശരീരത്തിലേ മഹനീയാവയവങ്ങൾ! സഹോദരരേ, നമ്മുടെ ദുഷ്പ്രവണതകൾ നമ്മെ പാപത്തിനു നിർബന്ധിക്കുമ്പോൾ നാം പറയണം, "നിവൃത്തിയില്ല. ഞാൻ ക്രിസ്തുവിൻേറ അവയവമാണ്" എന്ന്. മററാരാളെ പാപത്തിൽ വീഴിക്കുവാൻ പ്രേരണയുണ്ടാകുമ്പോൾ നാം അനുസ്മരിക്ക

ണം, "ഇതു പാടില്ല. അയാൾ ക്രിസ്തുവിൻെറ ശരീരത്തിലെ അവയവമാണ്" എന്ന്.

ഈ ആശയത്തിൽ പുത്രസഹജമായ ഒരു കടമക്കൂടി അടങ്ങുന്നു. സകല രാജ്യങ്ങളേയും പഠിപ്പിക്കുവാൻ ക്രിസ്തുനാഥൻ തിരുസ്സഭയെ നിയോഗിച്ചു (വി. മത്താ. 28: 19) അതുകൊണ്ട്, നാമെല്ലാം പഠിപ്പിക്കാൻ അധികാരമുള്ള തിരുസ്സഭയുടെ അനുസരണവും കത്തവ്യബോധവുമുള്ള മക്കളാകണം. വി. പൗലോസ് എഴുതുന്നു: തിരുസ്സഭ "സത്യത്തിൻെറ തൂണും അടിസ്ഥാനവുമാണ്" (1 തിമോ. 3: 15). അതുകൊണ്ട്, ഞാൻ കലവറകൂടാതെ, സംശയിക്കാതെ, സമാശ്രയബുദ്ധിയോടേ തിരുസ്സഭയെ അനുസരിക്കണം.

എന്നാൽ, ഇവിടെത്തന്നെയാണു പലരും ഇടറിവീഴുക. എത്രയോ തവണ നാം കേൾക്കാറുണ്ട്, ഇക്കാര്യത്തിൽ വെറും ഉപരിപ്ളവമായ നിരൂപണങ്ങളും തെററായ വാദഗതികളും!

ചിലരുടെ ചിന്താഗതി ഇപ്രകാരമായിരിക്കാം: "ഞാൻ പ്രബുദ്ധനും വിദ്യാസമ്പന്നനുമായിരിക്കെ, കത്തോലിക്കസഭ നല്കുന്ന ഒരു തത്വസംഹിത കണ്ണുമടച്ച്, ശരിയേത്, തെറേറത് എന്നു ചിന്തിക്കാതെ, സ്വീകരിക്കുക എൻെറ നിലയ്ക്കു ചേർന്നതല്ല. വസ്തുതകളെപ്പററി ഞാൻ തന്നെ സ്വതന്ത്രമായി പരിചിന്തിക്കണം. ഞാൻ എന്തു വിശ്വസിക്കണം, എന്തു വിശ്വസിക്കരുത്, ഇതൊക്കെ ഞാൻതന്നെ കണ്ടുപിടിക്കണം". ഈ വിചാരഗതി അദ്യശ്രവണത്തിൽ വളരെ അഭികാമ്യമായി തോന്നും. എന്നാൽ,ഒരുനിമിഷം കാര്യമായി ഒന്ന് ആലോചിക്കുക. എൻെറ ജീവിതത്തിൽ എന്തെല്ലാംകാര്യങ്ങളിൽ എനിക്കു മററുള്ളവരെ ആശ്രയിക്കാനുണ്ട്? മററുള്ളവർ ചിന്തിച്ചു കണ്ടുപിടിച്ച എന്തെല്ലാം ഞാൻ പ്രായോഗികജീവിതത്തിൽ സ്വീകരിക്കുന്നു? എങ്കിൽ, ഏററം വിഷമംപിടിച്ച

ഈ കാര്യത്തിൽ ഞാൻ തന്നെ ചിന്തിച്ചു തീരുമാനമെടുക്കണമെന്ന് എന്തിനു ശഠിക്കണം? ഞാനുപയോഗിക്കുന്ന ഗുണനപ്പട്ടിക ഞാൻ കണ്ടുപിടിക്കാഞ്ഞതിൽ എനിക്കു ലജ്ജ തോന്നുന്നില്ല. തീപ്പെട്ടിയോ പേനയോ ഞാൻതന്നെ കണ്ടുപിടിക്കാഞ്ഞതാണെന്ന ന്യായത്തിന്മേൽ ഉപയോഗിക്കാതെയിരിക്കുന്നില്ല. ഇവയൊക്കെ മററുള്ളവരുടെ ബുദ്ധിശക്തിയിൽനിന്നു സ്വീകരിക്കുവാൻ എനിക്കു സങ്കോചമില്ല. എന്നിട്ടും, ദുഷ്കരമായ ഈ ഒരു കാര്യത്തിൽ എനിക്കു തോന്നിയ വഴിയേ നടക്കണം! എൻെറ സങ്കുചിതവും ബലഹീനവും പരിമിതവുമായ ബുദ്ധിമാത്രം ഉപയോഗിച്ചു ദൈവത്തെ കാണുവാൻ ഞാൻ തീരുമാനിക്കുകയോ!

രണ്ടാമത്തൊരുക്കൂട്ടരുടെ പ്രശ്നമിതാണ്: "ഈ തിരുസ്സഭയെന്തിന് എന്നെ വിശ്വാസസത്യങ്ങൾകൊണ്ടു ബന്ധിച്ചിട്ടുന്നു?" എന്നാൽ, ഒന്നു ചിന്തിക്കുക: കടൽയാത്രചെയ്യുന്ന ഒരുവൻ ജലപ്പരപ്പിനുമീതെ വെളിച്ചംവീശി മാർഗ്ഗം തെളിക്കുന്ന വിളക്കുമരത്തോടു പരാതിപ്പെടാറുണ്ടോ? നമ്മുടെ വിശ്വാസസത്യങ്ങൾ ജീവിതമാകുന്ന കടൽയാത്രയിലെ വിളക്കുമരങ്ങളാണ്.

"ഞാൻ മതവിശ്വാസിയാണ്; കത്തോലിക്കാസഭ നിർദ്ദേശിക്കുന്ന രീതിയിലല്ലെന്നുമാത്രം. ക്രിസ്തുനാഥനെ ഞാൻ നേരിട്ടു കണ്ടെത്തും. ഒരു പ്രത്യേകമതത്തിൽ ചേരുക എനിക്കാവശ്യമില്ല." ഇങ്ങനെ പോകുന്നു ചിലരുടെ വാദം. കലാശം, അവർ തെററില്പെടുന്നു. എന്നാൽ, ക്രിസ്തുവിൻെറ മതത്തെ തിരുസ്സഭയിൽനിന്നു വേർപെടുത്തുക സാധ്യമല്ല. എല്ലാ ചിന്തയ്ക്കും ഒരു ബാഹ്യപ്രകാശനം, ഒരു മൂർത്തീകരണം ആവശ്യകമാണ്. ക്രിസ്തുമതം അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്ന ഒരാശയമല്ല; ശുഷ്കിച്ച തത്വചിന്തയുമല്ല. അതൊരു പരിശുദ്ധമായ പരമാർത്ഥമാണ്; കത്തോലിക്കാസഭയിൽ മൂർത്തീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യം.

"എന്തുകൊണ്ടാണു സഭ എന്നെ കുഞ്ഞുകളിപ്പിക്കുന്നതു്. എനിക്കു മതനിഷ്ഠയുണ്ടു്. എന്നാൽ, എനിക്കു പ്രത്യേകസഭയൊന്നുംവേണ്ടാ. ഞാൻ 'എന്റേതായ' രീതിയിൽ ദൈവത്തെ ആരാധിക്കുന്നു." വേറൊരു ഭോഷത്തം! ഹാ! എത്ര ലക്ഷങ്ങൾ അവിടുത്തെ അന്വേഷിച്ചിട്ടു കണ്ടെത്തുന്നില്ല. എത്രയെത്രയാളുകൾ 'തങ്ങളുടേതായ' മാർഗ്ഗങ്ങളിലൂടെ അനേകംവർഷം വിഫലശ്രമം നടത്തി! അവസാനം അവർ ദൈവത്തെ കണ്ടെത്തി. എന്നാൽ, അവർ യാത്രപറഞ്ഞു പിരിഞ്ഞ ആ തിരുസ്സഭയിലേക്കു തിരിച്ചുവന്നപ്പോൾമാത്രം. വളരെനാളത്തെ വിഫലശ്രമം അവരുടെ കണ്ണു തുറപ്പിച്ചു. അപ്പോളാണ് അവർക്കു മനസ്സിലായതു്, തിരുസ്സഭയെക്കൂടാതെ മതനിഷ്ഠയുള്ളവനായിരിക്കുവാൻ ആഗ്രഹിക്കുക കിഴുക്കാംതൂക്കായ കൊടുമുടിയുടെ മുകളിൽ മൂടൽമഞ്ഞുനിറഞ്ഞ കൂരിരുട്ടിൽ വഴി തപ്പുകയാണെന്നു്.

മഴക്കാലം മാറിവരികയാണ്. അന്നൊരിക്കൽ ഞാനൊരു വണ്ടിയിൽ യാത്രചെയ്യുന്നു. ഒരു ചെറിയ ചാറൽമഴ തുടങ്ങി. ഒരു തുള്ളിവെള്ളം വണ്ടിയുടെ കണ്ണാടിച്ചില്ലിൽ വീണു. അതിനൊഴുകുവാൻ കഴിയുന്നില്ല. അഗാധത്തിലേക്കൊഴുകിവീഴാൻ അതു തത്രപ്പെടുകയാണ്. എന്നാൽ, പാവം എന്തുചെയ്യും! ഒരു വഴിയില്ല. ഇതാ, ഒന്നുരണ്ടുതുള്ളികൾ കൂടി അതിനോടു ചേരുന്നു. കണ്ണാടിയിൽ ഒരു കൊച്ചുവഴിയുടെ പാടുകൾ സൃഷ്ടിച്ചുകൊണ്ടു് അവ ലക്ഷ്യത്തിലേക്കു പായുകയാണ്. എന്നാൽ, ആ കൊച്ചുവഴിയിൽ നിന്നും മാറി ഇരുപാർശ്വങ്ങളിലും നിപതിച്ച വെള്ളത്തുള്ളികൾ മുൻപോട്ടു പോകുവാൻ പരിശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. എന്റെ ആത്മാവും ദൈവമാകുന്ന അനന്തതയെ പ്രാപിക്കുവാൻ വെമ്പുകയാണ്. അവിടുത്തെ അമേയത എന്നെ ആകർഷിക്കുകയാണ്. എന്നാൽ, ഞാൻ തനിയെ നില്ക്കുന്നിടത്തോളംകാലം എനിക്കവിടെ എത്തിച്ചേരുക സാധ്യമല്ല.

എന്നാൽ, ആത്മാക്കളുടെ രാജപാതയിൽ ഞാൻ പ്രവേശിക്കുന്നനിമിഷം എനിക്കവിടുത്തെ കണ്ടെത്താം. ദൈവത്തിലേക്കുള്ള ആത്മാവിന്റെ വിശാലവീഥി വെട്ടിത്തുറന്നതു കത്തോലിക്കാസഭയാണ്. കത്തോലിക്കാസഭയില്ലായിരുന്നുവെങ്കിൽ ക്രിസ്തുമതം ലോകത്തിൽനിന്നു പണ്ടേ അന്തർദ്ധാനം ചെയ്യുമായിരുന്നു.

അപ്പസ്തോലനടപടി ഏഴാമദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്, സാവോളിന്റെ മാനസാന്തരചരിത്രം. സവ്വകഴിവുകളും ഉപയോഗിച്ചു ക്രിസ്തുവിന്റെ വളരുന്ന സഭയെ പിഴുതെറിയുവാൻ ബദ്ധപരികരനായി സാവോൾ ഡമാസ്കസിലേക്കു പാഞ്ഞുപോകുകയാണ്, അവിടെയുള്ള ക്രിസ്ത്യാനികളെ ബന്ധിച്ചു ജറുസലേമിലേക്കു കൊണ്ടുവരാൻ. ഇതാ, പെട്ടെന്നൊരു പ്രകാശം സാവോളിനെ വലയം ചെയ്യുന്നു. ആരോ വ്യക്തമായി സംസാരിക്കുന്നതു സാവോൾ കേട്ടു. "സാവോൾ, സാവോൾ, നീ എന്നെ പീഡിപ്പിക്കുന്നതെന്തു്?"

"നാഥാ, അങ്ങാരാകുന്നു?"

"നീ പീഡിപ്പിക്കുന്ന ക്രിസ്തുവാണു ഞാൻ!"

ചിന്തോദ്ദീപകമായ ഒരു സംഭവം. സാവോൾ പീഡിപ്പിച്ചതു തിരുസ്സഭയെമാത്രം. ക്രിസ്തുനാഥൻ പറയുകയാണ് സാവോൾ തന്നെ പീഡിപ്പിക്കുന്നുവെന്നു്! അതേ, തിരുസ്സഭ നമ്മുടെയിടയിൽ ജീവിക്കുന്ന ക്രിസ്തുവാണ്; അവൾ ക്രിസ്തുവിന്റെ മണവാട്ടിയാണ്; അവൾ ക്രിസ്തുവിന്റെ മൗതികശരീരമാണ്. അതുകൊണ്ടു്, ഞാനവളെ ബഹുമാനിക്കുന്നു.

ഓ, പരിശുദ്ധയായ കത്തോലിക്കാസഭയേ! ക്രിസ്തുനാഥന്റെ പുനരുത്ഥാനം ഒഴിച്ചാൽ, ചരിത്രത്തിലേ ഏററം വലിയ അത്ഭുതം നീ തന്നേ. മനുഷ്യരുടെ അധികാരത്തിലുള്ള ഒരു ദൈവികസ്ഥാപനം! ഭൂമിയിൽ അടിസ്ഥാനമിട്ട ഒരു സ്വ

ഗ്ഗീയസൗധം! 1900–ത്തിൽപ്പരം വർഷങ്ങളിലൂടെയുള്ള കോടാനുകോടി ജനങ്ങളുടെ ഒരു സംഘടന; നിത്യനായ ക്രിസ്തു അദൃശ്യതലവനായുള്ള ഒരു സഭ; ലോകത്തിലേക്കിറങ്ങിവന്ന സ്വർഗ്ഗം! സ്വർഗ്ഗത്തിന്റെ കവാടമായിത്തീർന്ന ഒരു ലോകം! "ദൈവത്തിന്റെ പർവ്വതത്തിലേക്കു" പോകുന്ന ജനലക്ഷങ്ങളെപ്പററി ഏശയ്യാദീർഘദർശി പ്രസ്താവിച്ചുള്ളു് (ഏശ. 2: 2) നിന്നിൽ നിറവേറുകയാണു്. അംബേ, പരിശുദ്ധ കത്തോലിക്കാസഭയേ, അങ്ങു് എനിക്കു ക്രിസ്തുനാഥൻതന്നെയാണു്; ഈ ലോകത്തിൽ ജീവിതം തുടരുന്ന ദിവ്യനാഥൻ!

ഈ വിശ്വാസത്തിൽ ജനിക്കുവാൻ എനിക്കു ഭാഗ്യമുണ്ടായി; ഈ വിശ്വാസത്തിൽ മരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവസഹായത്താൽ ഒരിക്കൽ ഞാൻ ദൈവത്തിന്റെ സ്വർഗ്ഗീയതിരുസ്സഭയിൽ പ്രവേശിക്കുമെന്നു പ്രതീക്ഷിക്കുന്നു.

രണ്ടാം അദ്ധ്യായം

# ക്രിസ്തുവിന്റെ തിരുസ്സഭ ഒന്നുമാത്രം

ക്രിസ്തുനാഥൻതന്നെ തിരുസ്സഭയെ ഒരു ദൃശ്യസംഘടനയായി സ്ഥാപിച്ചുവെന്നു തീർച്ചയുണ്ടോ? ഉണ്ട്. കേസറിയാ ഫിലിപ്പിയിൽവച്ചു ക്രിസ്തു പത്രോസിനോടരുളിച്ചെയ്ത വാക്കുകൾ ഓർക്കുക: "ഞാൻ നിന്നോടു പറയുന്നു: നീ പാറയാകുന്നു; ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല" (വി. മത്താ. 16: 18).

ക്രിസ്തുനാഥന്റെ സത്യസഭ ഒന്നേയുള്ളുവെന്നു തീർച്ചയുണ്ടോ? ഉണ്ട്. കാരണം, തിരുസ്സഭയുടെ ആരംഭമായ ക്രിസ്തുനാഥൻ ഒന്നേയുള്ളു. അവിടുന്നു പഠിപ്പിച്ച സത്യവും ഒന്നുമാത്രം. ക്രിസ്തു പല സഭകൾ സ്ഥാപിച്ചില്ല. ഒന്നുമാത്രം. അതേ ആവൂ. അനിഷേധ്യമായ ചരിത്രസത്യംകൂടെയാണത്.

ഇവിടെയാണു സർവ്വപ്രധാനമായ ഒരു ചോദ്യമുദിക്കുക. ഏതാണു ക്രിസ്തുവിന്റെ സത്യസഭ? ഇതൊരു വിഷമപ്രശ്നമാണ്. ഹൃദയഭേദകമായ യാഥാർത്ഥ്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു പ്രശ്നം. കാരണം, ചരിത്രത്തിൽ നാം വായിക്കുന്നതുപോലെ, ക്രിസ്തുനാഥന്റെ പ്രബോധനത്തിനെതിരായി ആഭ്യന്തരയുദ്ധങ്ങൾ പലതു നടന്നു; അവിടുത്തെ തയ്യില്ലാത്ത അങ്കിയെ, ക്രൈസ്തവലോകത്തെ, കീറിക്കളഞ്ഞ മത്സരങ്ങൾ. ആദിമക്രൈസ്തവസഭയുടെ അംഗങ്ങളായ ശിഷ്യ

ന്മാരേയും മററ് അനുയായികളേയും ലോകത്തിൽ വിട്ടിട്ടു ക്രിസ്തുനാഥൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ഒരു ക്രിസ്തുമതമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, അപ്പസ്തോലന്മാരുടെ ലേഖനങ്ങളിൽ നാം വായിക്കുന്നതുപോലെ, അങ്ങിങ്ങായി ദുരിദ്ധർമ്മപ്രബോധകന്മാർ തലപൊക്കി. ക്രിസ്തുവിൻെറ സത്യസഭയിൽ വിശ്വസിച്ചിരുന്ന പലരേയും അവർ വഴിതെററിച്ചു. നൂററാണ്ടുകൾ കടന്നുപോകവേ, മററുപല ശാഖകളും, ചിലപ്പോൾ വലിയ ശാഖകൾതന്നേയും, സഭാവൃക്ഷത്തിൽനിന്ന് അടന്നുവീണുപോയി. എന്നാൽ, അവയോരോന്നും അവകാശപ്പെട്ടു, ക്രിസ്തുവിൻെറ ജീവദായകമായ ശക്തി താന്താങ്ങളിലേക്കും പ്രവഹിക്കുന്നുണ്ടെന്ന്.

ശീശ്മകളും ഭിന്നതകളും വളരെ ഖേദജനകമായ ഒരു ചിത്രമാണു നമുക്കു മുൻപിൽ പ്രദർശിപ്പിക്കുക. ഓരോ മനുഷ്യൻെറയും അന്തരാത്മാവിൽ ഒരു ചോദ്യം പൊന്തിവരണം—സുപ്രധാനമായ ഒരു ചോദ്യം, സുവ്യക്തവും സുനിശ്ചിതവുമായ ഉത്തരം കിട്ടേണ്ട ഒരു പ്രശ്നം—ക്രിസ്തുവിൻെറ സത്യസഭയേത്?

ക്രിസ്തുനാഥൻ വി. പത്രോസിനോടരുളി: "നീ പാറയാകുന്നു. ഈ പാറമേൽ എൻെറ സഭയെ ഞാൻ പണിയും" (വി. മത്താ. 16: 18). "എൻെറ സഭകളെ" എന്നവിടുന്നു പറഞ്ഞില്ല. "എൻെറ സഭയെ". അതുകൊണ്ട്, ഒന്നു തീർച്ച. ക്രിസ്തു ഒരു സഭയേ സ്ഥാപിച്ചുള്ളു. അതുമാത്രമാണ് അവിടുത്തെ തിരുസ്സഭ. എന്നാൽ, അത് ഏതാണ്? ബൃഹത്തായ കത്തോലിക്കാസഭയെക്കൂടാതെ, ചെറുതുംവലുതുമായി 300-ഓളം സഭകളുണ്ട്. അവയോരോന്നും ക്രൈസ്തവസഭയെന്നഭിമാനിക്കുന്നു; ക്രിസ്തുവിനെ സ്വന്തമായി അവകാശപ്പെടുന്നു. പക്ഷേ, ക്രിസ്തു 300-വിഭിന്ന മതങ്ങൾ സ്ഥാപിച്ചില്ല. ഒന്നുമാത്രം.

ഏതാണു ശരിയായ സഭ? ആ ചോദ്യം അവശേഷിക്കുന്നു. ലെസ്സിങ്ങ് എഴുതിയ 'വൈസ്നാത്താൻ' എന്ന കഥ കേട്ടിട്ടുണ്ടോ? നാത്താനു വിലയേറിയ ഒരു മോതിരമുണ്ടായിരുന്നു. മൂന്നു മക്കൾക്കും അതു വേണം. നാത്താൻ വേറെ രണ്ടു കള്ളത്തങ്കമോതിരംകൂടെ പണിയിച്ചു. മൂന്നും ഒന്നുപോലെയിരുന്നു. മൂന്നുപേർക്കും ഓരോന്നു കൊടുത്തു. ഈ ശതവർഷാരംഭത്തിൽ പ്രോട്ടസ്റ്റൻറിസം ഉപേക്ഷിച്ചു കത്തോലിക്കസഭയിൽ തിരിച്ചുവന്ന 'റിവില്ലി' എന്ന പ്രൊഫസ്സർ തൻെറ മാനസാന്തരകഥ വിവരിച്ചുകൊണ്ട്, 'ശരിയായ മോതിരത്തിൻെറ അടയാളം' (Sign of the True Ring) എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. മുന്നൂറു മോതിരത്തിനിടയിൽ നിന്നുപോലും ക്രിസ്തുവിൻെറ യഥാർത്ഥമായ മോതിരം കണ്ടെടുക്കാമെന്നു പ്രസ്താവിച്ച അദ്ദേഹത്തിനു തെററു പററിയോ? ഇല്ല. കാരണം, ക്രിസ്തുവിൻെറ 'മോതിര'ത്തിനു ചില പ്രത്യേകലക്ഷണങ്ങളുണ്ട്. നമ്മുടെ ആദ്ധ്യാത്മികജീവിതത്തെസ്സംബന്ധിച്ചിടത്തോളം, ഈ 'മോതിരം' കണ്ടുപിടിക്കുക ഏററം പ്രധാനവും പ്രയോജനപ്രദവുമായ ഒരു ആവശ്യമാണ്. അതിൻെറ ലക്ഷണങ്ങൾ പരിശോധിക്കുകതന്നെ.

## സത്യസഭയുടെ ലക്ഷണങ്ങൾ

ക്രിസ്തുനാഥൻെറ സത്യസഭയെ തിരിച്ചറിയുവാനുള്ള ലക്ഷണങ്ങളേവ? ഉത്തരം ഗ്രഹിക്കുവാൻ അവിടുത്തെ പ്രബോധനങ്ങളെ മുഴുവനായി നാം പരിഗണിക്കണം.

ആദ്യം, സംസ്കാരത്തിൻെറ ചരിത്രത്തിൽ ക്രൈസ്തവപ്രബോധനങ്ങൾ വഹിക്കുന്ന പങ്ക്. ഒരുയർന്ന മണ്ഡലത്തിൽനിന്നുകൊണ്ടു ക്രൈസ്തവസഭയെമാത്രമല്ല, മററെല്ലാ മതങ്ങളേയും നാം കാണണം. പോരാ, മനുഷ്യൻെറ ഉത്തമവും പരിശുദ്ധവുമായ അഭിലാഷങ്ങളെ തൃപ്തമാക്കുവാനായി, അ

ഒത, ദൈവത്തിനുവേണ്ടിയുള്ള അവൻെറ ദാഹം ശമിപ്പിക്കുവാനായി നൂററാണ്ടുകളിലൂടെ നടത്തപ്പെട്ടിട്ടുള്ള സകല പരീക്ഷണനിരീക്ഷണങ്ങളേയും ഒന്നു വീക്ഷിക്കുക. ഈ ഉയർന്ന സ്ഥലത്തുനിന്നു കാണ്ണോടിക്കുമ്പോഴാണ്, ക്രൈസ്തവപ്രബോധനങ്ങൾക്കും ക്രൈസ്തവധർമ്മസംഹിതയ്ക്കും ക്രൈസ്തവാരാധനാക്രമങ്ങൾക്കും മറെറല്ലാമതങ്ങളേയുംകാൾ ഉള്ള സവ്വതോന്മുഖവും ഉന്നതവുമായ മേന്മ മനസ്സിലാവുക. അമിതത്വമെല്ലാം സഭ എന്നെന്നും പരിത്യജിക്കുന്നു. ലൗകികമാകെ പരിത്യജിക്കുവാൻ അവർ ആവശ്യപ്പെടുന്നില്ല; എന്നാൽ, ലൗകികത്തിൽ മാത്രം മുഴുകുവാനും അവർ അനുവദിക്കുകയില്ല. ധീരമായി ചിന്തിക്കുവാനും ആർദ്രതയോടെ വർത്തിക്കുവാനും അവർ നിപുണയാണ്. അവർ മുഴുവനായും ദൈവരാജ്യത്തിനുവേണ്ടി നിലകൊള്ളുന്നു; എങ്കിലും, തൻെറ അനുഗാമികളെ ഈലോകത്തിൽവച്ചുതന്നെ സന്തുഷ്ടരാക്കുന്നു.

ഉന്നതമായ ഈ വീക്ഷണകോണത്തിൽനിന്നു നമുക്കു കാണാവുന്ന ഒരു സത്യമുണ്ട്: സകലരേയുംകാൾ പരിശുദ്ധനും ബുദ്ധിമാനും ഉത്തമനുമായ ഒരു വ്യക്തിയിൽനിന്നായിരിക്കണം സഭ ആരംഭമിട്ടതു്; ആ വ്യക്തിയിൽത്തന്നെ അവർ കേന്ദ്രീകൃതയുമാണ്. ഈ വ്യക്തിയെപ്പററി അദ്ദേഹത്തിൻെറ സ്നേഹിതന്മാരും അനുയായികളും രേഖപ്പെടുത്തിയിരിക്കുന്നതു് എന്താണെന്നു നമുക്കറിയാം. അവിടുന്നു തന്നെത്തന്നെ ദൈവപുത്രനെന്നു വിളിച്ചു. തൻെറ സഹനങ്ങൾ നമ്മുടെ പാപങ്ങൾക്കു പരിഹാരം ആയിരിക്കുമെന്ന ഉത്തമബോധത്തോടെയാണ് അവിടുന്നു മരണം കൈവരിച്ചതു്.

അവിടുന്ന് ഈ ലോകത്തിൽ ജീവിച്ച മുപ്പത്തിമൂന്നു കൊല്ലത്തെപ്പററി സുവിശേഷങ്ങൾ പ്രസ്താവിക്കുന്നുണ്ട്.

ഒരു മാനുഷികമായ ജീവിതത്തിൻെറ ചട്ടക്കൂട്ടിൽ ഒതുക്കി നിറുത്തുക സാദ്ധ്യമല്ലാത്ത വാക്യങ്ങളും പ്രവൃത്തികളും കൊണ്ടുനിറഞ്ഞതായിരുന്നു ആ ജീവിതം. പാപികൾക്കും രോഗികൾക്കും മരിച്ചവർക്കും ആ ജീവിതത്തിൽ സ്ഥാനമുണ്ടായിരുന്നു. പാപികളുടെ പാപങ്ങൾ അവിടുന്നു മോചിച്ചു; രോഗികളെ സുഖപ്പെടുത്തി; മരിച്ചവർക്കു വീണ്ടും ജീവൻ നല്കി. ഇപ്രകാരമുള്ള ഒരു ജീവിതത്തെ വെറും മാനുഷികപരിധിക്കുള്ളിൽവച്ചു ചിന്തിക്കുവാൻ ആർക്കാണു കഴിയുക!

പ്രത്യേകിച്ച്, ക്രിസ്തുനാഥൻ മനുഷ്യനെക്കാൾ ഉയർന്നവനല്ലായിരുന്നെങ്കിൽ അവിടുത്തെ പുനരുത്ഥാനത്തെ എങ്ങനെ വ്യാഖ്യാനിക്കും? അവിടുത്തെ പുനരുത്ഥാനം ഒരു യാഥാർത്ഥ്യമാണ്; അതിന് അനിഷേദ്ധ്യമായ തെളിവുകളുണ്ട്. അവിടുത്തെ അമാനുഷികമായ വ്യക്തിപ്രാഭവത്തിൻെറയും ജീവിതനൈർമ്മല്യത്തിൻെറയും സയുക്തികമായ മകുടം ചാർത്തലാണ് ആ പുനരുത്ഥാനം.

അവിടുന്ന് ഉത്ഥാനംചെയ്തു. അതു വാസ്തവമാണ്. എന്നാൽ, അതു നൂററാണ്ടുകൾക്കു മുൻപായിരുന്നു. ക്രിസ്തു ഇന്ന്, ആധുനികകാലത്ത് എവിടെയാണ്? ക്രിസ്തു ഇന്നും ജീവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ? ക്രിസ്തുവിനോടു വ്യക്തിപരമായ ബന്ധം പാലിക്കുവാൻ എനിക്കു കഴിയണമെങ്കിൽ, ക്രിസ്തുവിൻെറ ജീവിതം ഇപ്പോഴും തുടരുന്നുണ്ടായിരിക്കണം. 1900 കൊല്ലങ്ങൾക്കു മുൻപു ജീവിച്ച ക്രിസ്തുവിൻെറ പ്രബോധനങ്ങളെക്കുറിച്ച് അത്ഭുതപരതന്ത്രനാകുകമാത്രം ചെയ്യുവാൻ എനിക്കാഗ്രഹമില്ല. അവ അനുസരിച്ചു ജീവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. 1900 കൊല്ലങ്ങൾക്കുമുൻപുണ്ടായിരുന്ന അവിടുത്തെ സ്നേഹത്തെപ്പററി വായിച്ചതുകൊണ്ടുമാത്രം തൃപ്തിയടയുവാൻ എനിക്കുദ്ദേശ്യമി

ല്ല; ആ സ്നേഹം എനിക്കനുഭവിച്ചാനന്ദിക്കണം. ക്രിസ്തു 1900-ൽപരം കൊല്ലങ്ങൾക്കുമുൻപു പാപങ്ങൾ ക്ഷമിച്ചതിനെപ്പററി കേൾക്കുകമാത്രം ചെയ്യുവാൻ എനിക്കു താൽപര്യമില്ല; എനിക്കും അതിൽ ഭാഗഭാക്കാകണം.

അതുകൊണ്ടു്, എവിടെയാണീ ക്രിസ്തു ഇന്നു ജീവിക്കുക? അവിടുന്നു തൻെറ അധ്വാനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന ആ സമുദായം, ജനവ്യൂഹം എവിടെ? ക്രിസ്തുവിനെ പിൻതുടരുന്നുവെന്നു് അഭിമാനിക്കുന്ന മതവിഭാഗങ്ങൾ വളരെയുണ്ടു്. ഏതിലാണു ക്രിസ്തു ഇന്നു ജീവിക്കുന്നതു്?

ക്രൈസ്തവസഭയിലെ ഭിന്നതകൾ കാണുമ്പോൾ ഖേദകരം. ലോകം എത്ര വ്യത്യസ്തനിലയിലാകുമായിരുന്നു, നിർഭാഗ്യകരമായ എത്രയെത്ര കലഹങ്ങളും തർക്കങ്ങളും ഒഴിച്ചുനിറുത്താമായിരുന്നു, ഭയാനകമായ നിരീശ്വരത്വത്തിനെതിരായി ക്രൈസ്തവമതം എത്ര കൂടുതൽ വിജയപ്രദമായി ആത്മസംരക്ഷണം ചെയ്യുമായിരുന്നു, എത്ര കുടുംബകലഹങ്ങൾ സംഭവിക്കാതിരിക്കുമായിരുന്നു, രാഷ്ട്രങ്ങൾ എത്ര കൂടുതൽ ശക്തിമത്താകുമായിരുന്നു, ക്രൈസ്തവമതം വിഭജനങ്ങളാലും കലഹങ്ങളാലും വേർതിരിയാതെ ഏകമായി നിന്നെങ്കിൽ!

ഇന്നത്തെനിലയോ? ലോകമാസകലമുള്ള 49,65,12,000 അംഗങ്ങളോടുകൂടി പൗരാണികയും, മാതൃസഭയുമായ കത്തോലിക്കാസഭയാണു് ആദ്യമായി നമ്മുടെ ദൃഷ്ടിപഥത്തിൽ ഉയരുക. എന്നാൽ, കത്തോലിക്കർക്കുപുറമേ 33,34,52,000 പേർ ക്രിസ്ത്യാനികളെന്നപേരിൽ മുന്നൂറോ അതിലധികമോ വിഭാഗങ്ങളായി പിരിഞ്ഞു കഴിയുന്നുണ്ടെന്ന പരമാർത്ഥം എത്ര വ്യസനകരം! ഈ വിഷമസന്ധിയിൽ സത്യമാർഗ്ഗം കണ്ടുപിടിക്കുവാൻ ആർക്കു കഴിയും? ഇവിടെയാണു് അതിപ്രധാനമായ ഒരു ചോദ്യമുദിക്കുക: കത്തോലിക്കാസഭ ക്രിസ്തുവിൻെറ യഥാർത്ഥസഭയാണെന്നതിനു തീർച്ചയുണ്ടോ? ഇ

തിനു നിർണ്ണായകമായ ലക്ഷണങ്ങൾ അതിനുണ്ടോ? ഉണ്ട്. ഒന്നല്ല, പ്രധാനമായി നാലു ലക്ഷണങ്ങൾ:

1. തിരുസ്സഭയെന്താണ്? ഏകോപിച്ച ക്രിസ്തുവിന്റെ മൗതികശരീരമായി രൂപംകൊണ്ട ക്രിസ്ത്യാനികളുടെ ദൃശ്യസംഘടന. മനുഷ്യരുടെ ആത്മീയാവശ്യങ്ങൾ നിറവേറുവാനും, അവരെ സന്മാർഗ്ഗത്തിൽ അഭ്യസിപ്പിക്കുവാനും മാത്രമായി രൂപീകരിക്കപ്പെട്ട ഒരു സംഘടനമാത്രമല്ല തിരുസ്സഭ; പ്രത്യുത, അവതീർണ്ണനായ ദൈവസുതന്റെ, നമ്മുടെയിടയിൽ ജീവിതം തുടരുന്ന ക്രിസ്തുവിന്റെ തുടർച്ചയാണത്. അതുകൊണ്ട്, "ഒരുകർത്താവും ഒരുവിശ്വാസവും ഒരു മാമ്മോദീസയും" (എഫേ. 4; 5) മാത്രമുള്ളതുപോലെതന്നെ, ഒരു സഭയേ ഉണ്ടാകാവൂ. എത്ര കർത്താവുണ്ട്? ഒന്ന്. എങ്കിൽ, അവിടുത്തെ സത്യസഭ ഒന്നുമാത്രമേയുള്ളൂ; ഏകീകൃതമായ തിരുസ്സഭ. ഇതാണ് ആദ്യത്തെ ലക്ഷണം.

2. ക്രിസ്തുവിന്റെ ജീവിതം പരിശുദ്ധിയുടെ പര്യായമായിരുന്നു. നമ്മേയും വിശുദ്ധിയിലേക്കു നയിക്കുവാൻ അവിടുന്നാഗ്രഹിച്ചു. "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ" (വി. മത്താ. 5: 48). അതുകൊണ്ട്, അവിടുത്തെ സത്യതിരുസ്സഭയും വിശുദ്ധമായിരിക്കണം.

3. ക്രിസ്തു ആർക്കുവേണ്ടിയാണു ജീവൻ ഹോമിച്ചത്? എല്ലാ മനുഷ്യർക്കുംവേണ്ടി. എങ്കിൽ, അവിടുത്തെ സത്യസഭ ഒരു പ്രത്യേകജാതിയുടെയോ രാജ്യത്തിന്റെയോ മതിൽക്കെട്ടിനുള്ളിൽ ഒതുങ്ങി നില്ക്കുന്നതാകാൻ പാടില്ല. സകല രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളുടേയും ഇടയിൽ അതു വ്യാപിക്കണം. അങ്ങനെ, എല്ലാവരേയും ക്രിസ്തുവിനായി സമ്പാദിക്കണം. അതു ലോകവ്യാപകമായിരിക്കണം. വേറെ വാക്കിൽ, കത്തോലിക്കമായിരിക്കണം.

4. ക്രിസ്തുനാഥൻ തന്റെ മതം പ്രസംഗിക്കുന്നതിനും തന്റെ കൂദാശകൾ നല്കുന്നതിനും ആർക്കാണ് അധികാരം കൊടുത്തത്? അപ്പസ്തോലന്മാർക്ക്. എങ്കിൽ, അവിടുത്തെ തിരുസ്സഭ അപ്പസ്തോലികമായ അടിസ്ഥാനത്തിൽ പടുത്തിട്ടുള്ളതാവണം. അതായത്, അപ്പസ്തോലികമായിരിക്കണം. ഇവ നാലുമാണു ക്രിസ്തുവിന്റെ യഥാർത്ഥസഭയെ തിരിച്ചറിയുവാനുള്ള ലക്ഷണങ്ങൾ. നമുക്കിനി ചെയ്യുവാനുള്ളതിത്രയുമുള്ളു: ഈ നാലും ഓരോന്നായെടുത്തു പരിശോധിക്കുക, ഇവ നമ്മുടെ സഭയിലുണ്ടോ എന്ന്.

13361

## കത്തോലിക്കാസഭയുടെ ഏകത്വം

ക്രിസ്തുനാഥൻ തന്റെ അന്ത്യഭോജനവേളയിൽ ശിഷ്യന്മാരോടു യാത്രപറയുകയാണ്. തന്റെ ഹൃദയത്തിന്റെ ഉള്ളറകൾ അവർക്കു തുറന്നു കാട്ടുകയാണ്; തന്റെ മരണപത്രം അവർക്കു നല്കുകയാണ്. ആ അമൂല്യനിമിഷത്തിൽ അവിടുന്നു തന്റെ സ്വർഗ്ഗീയപിതാവിനോടു പ്രാർത്ഥിക്കുന്നു: "അവർക്കുവേണ്ടിമാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയുമാകുന്നു ഞാൻ പ്രാർത്ഥിക്കുന്നത്....... അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ" (വി. യോഹ. 17: 20). അതുകൊണ്ട്, ക്രിസ്തുവിന്റെ യഥാർത്ഥസഭ ഏകമായിരിക്കണം. വിശ്വാസത്തിലും സന്മാർഗ്ഗവിധികളിലും അവൾക്ക് ഏകത്വമുണ്ടെന്നു നമുക്കറിയാം.

തിരുസ്സഭ വിശ്വാസത്തിൽ ഏകമാണ്. ലോകത്തിന്റെ ഏതൊരുമൂലയിൽ ചെന്നാലും എല്ലാ കത്തോലിക്കരും —വെള്ളക്കാരനും കാപ്പിരിയും, വസ്ത്രധാരണം, ഭാഷ, ജീവിതരീതി എന്നിവയിലെല്ലാം വ്യത്യാസമുള്ളവരും— ഒരു കാര്യത്തിൽ ഐക്യമുള്ളവരാണ്—വിശ്വാസത്തിൽ. ഒരു എസ്കിമോകത്തോലിക്കനും നീഗ്രോകത്തോലിക്കനും

ഇൻഡ്യൻകത്തോലിക്കനും ഇംഗ്ലീഷ് കത്തോലിക്കനും, ഫ്രഞ്ചുകത്തോലിക്കനും ഹംഗേറിയൻ കത്തോലിക്കനും എല്ലാം വാക്കിനു വാക്കായി ഒരു വിശ്വാസപ്രമാണംതന്നെ ഏററു പറയുന്നു. ഒരു ഗ്രാമത്തിലേയോ വേറൊരു പട്ടണത്തിലേയോ മാത്രമല്ല, ലോകമാസകലമുള്ള എല്ലാ കത്തോലിക്കാദൈവാലയങ്ങളിലേയും പ്രസംഗവേദികളിൽനിന്നു നാം ശ്രവിക്കുന്നതു് ഒരേ ഒരു വിശ്വാസം.

നമ്മുടെ വിശ്വാസം ഒന്നാകയാൽ നമ്മുടെ കർമ്മാനുഷ്ഠാനങ്ങളും ഒന്നുതന്നെ. അജ്ഞാതഭാഷ സംസാരിക്കുന്നവരും അപരിചിതരുമായ വിദേശികളുടെ ഇടയിൽ യാത്രചെയ്യുന്നവർ ഒരു കത്തോലിക്കദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ വാസ്തവത്തിൽ കോൾമയിർക്കൊള്ളും. തന്റെ രാജ്യത്തേ, തന്റെ ഇടവകപ്പള്ളിയിലേതുപോലെയുള്ള ദിവ്യകർമ്മങ്ങൾ അവിടെയും കാണും. വൈദികന്മാർ അതേ തരത്തിലുള്ള തിരുവസ്ത്രങ്ങൾ ധരിക്കുന്നു. അതേ വിശ്വാസപ്രമാണം ഉരുവിടുന്നു. കത്തോലിക്കാസഭയിലല്ലാതെ മറെറാരിടത്തും ഈ ഐക്യം കാണുക സാധ്യമല്ല. 1934-ൽ നാല്പതോളം രാജ്യങ്ങളിൽനിന്നുള്ള ബാലസ്കൗട്ടുകൾ ഗൊഡേള്ളോലോ എന്ന സ്ഥലത്തെ ആഘോഷങ്ങളിൽ പങ്കെടുത്തു. പ്രോട്ടസ്റ്റൻറു രാജ്യക്കാർ തങ്ങളുടെ മതകർമ്മങ്ങൾ ഒററയ്ക്കൊററയ്ക്കു നടത്തി. മറിച്ച്, വിവിധരാജ്യക്കാരായ കത്തോലിക്കാ സ്കൗട്ടുകളെല്ലാം ഒരുമിച്ചു ദിവ്യബലിയിൽ സംബന്ധിച്ചു. ഒരുമിച്ചു പാടി. ഒരുമിച്ചു പ്രാർത്ഥിച്ചു. ഒരുമിച്ചു വി. കർബാന സ്വീകരിച്ചു. ഓരോരുത്തർക്കും സ്വന്തം ഇടവകപ്പള്ളിയിലെ പ്രതീതിയാണുണ്ടായതു്. പ്രത്യക്ഷമായ ഈ ഏകത്വം ദർശിക്കുന്നവർക്ക് എന്തുമാത്രം ചൈതന്യമാണുളവാകുക! അത്തരം സന്ദർഭങ്ങളിലാണു കത്തോലിക്കാസഭയുടെ നേർക്കുള്ള സ്നേഹം ആത്മാവിൽനിറഞ്ഞു തുളുമ്പുക. ഹാ! ദൈവത്തിന്റെ ഭവനമേ, ഞാൻ നിന്നെ എന്തുമാത്രം സ്നേഹിക്കുന്നു! കനകക്കട്ടികളും കെട്ടു

പ്പുമുള്ള ഒരു കുടുംബമാണു തി. പാറമേൽ പണിത ബലവത്തായ ഒരു ഭവനം. വെള്ളപ്പൊക്കത്തിനും കൊടുങ്കാററിനും നിന്നെ ഉലയ്ക്കുവാൻ കെല്പില്ല. ഇങ്ങനെയുള്ള ഒരു ഭവനത്തിൽ അംഗമായിരിക്കുക എത്ര സന്തോഷകരം! സമാധാനപ്രദം! പിതാവായിട്ടു പരിശുദ്ധ മാർപ്പാപ്പാതിരുമേനിയുണ്ട്. പൗരാണികമായ ഒരു പാരമ്പര്യവുമുണ്ട് ഈ കുടുംബത്തിന്. എൻെറ പൂർവ്വികന്മാർ ജീവിച്ചു മരിച്ചതു് ഇതിലാണ്. ഞാൻ ഒരു കത്തോലിക്കനാണോ? എങ്കിൽ, ഞാൻ എൻെറ ഭവനത്തിലാണ്. ഏഴു നീരുറവകൾപോലെ, ഏഴു കൂദാശകൾ വിലമതിയാത്ത അനുഗ്രഹങ്ങളെ ഒഴുക്കുകയാണ്. ഈ ഭവനത്തിൽ എവിടെ നടന്നാലും ക്രിസ്തുവിൻെറ അദൃശ്യസാന്നിദ്ധ്യം എനിക്കനുഭവപ്പെടുന്നു. ഞാൻ ശ്വസിക്കുന്ന വായു പരിശുദ്ധമാണ്. ഞാനൊരു കത്തോലിക്കനാണോ? എങ്കിൽ, ഞാൻ ധന്യനാണ്.

സന്മാർഗ്ഗാചരണത്തിലും നാം ഏകരാണ്. പൊതുവായ നിയമങ്ങൾ നമ്മെ പൊതുവായ ഒരു ലക്ഷ്യത്തിലേക്കു നയിക്കുന്നു. ഒരേ സാന്മാർഗ്ഗികനിയമങ്ങൾ അനുസരിക്കുന്നതിൽ നമ്മെ സഹായിക്കുവാനായി ലോകം മുഴുവനിലും ഒരേ കൂദാശകൾ നമുക്കെപ്പോഴും സ്വീകരിക്കാൻ കഴിയും. വലിയവരേയും ചെറിയവരേയും ധനികരേയും ദരിദ്രരേയും ഈ ഏകരൂപമായ ധാർമ്മികനിയമങ്ങൾ ഒന്നുപോലെ ബാധിക്കുന്നു. ആർക്കും അതിൽനിന്ന് ഒഴിവു നല്കുന്നില്ല.

ക്രിസ്തുവിൻെറ പ്രബോധനങ്ങളെ തിരുസ്സഭ എപ്പോഴും വളരെ കണിശമായി സംരക്ഷിച്ചിട്ടുണ്ട്. അതിൽനിന്ന് എന്തെങ്കിലും വെട്ടിക്കുറയ്ക്കുവാനോ, അല്പമെങ്കിലും അതിനോടു കൂട്ടിച്ചേർക്കുവാനോ അവർ ഒരിക്കലും തുനിഞ്ഞിട്ടില്ല. "കിഴിവില. കമ്മീഷനില്ല" എന്നെഴുതിവച്ചിരിക്കുന്ന ഒരു കടയിൽനിന്നു സാമാനങ്ങൾ വാങ്ങുവാൻ അഭിമാനബോധമുള്ള

വർ ഇഷ്ടപ്പെടും. കത്തോലിക്കാസഭയിൽ ക്ലിപ്തമൂല്യങ്ങളാണുള്ളത്.

ചിലപ്പോൾ കത്തോലിക്കാസന്മാർഗ്ഗനിയമങ്ങൾ വളരെ കഠിനവും വിഷമകരവുമായ കാര്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ജീവനുള്ള മാംസത്തെ അവ ചിലപ്പോൾ വേദനിപ്പിച്ചെന്നുവരാം. എന്നാൽ, തിരുസ്സഭയോടു വിലപേശി ജയിക്കുവാൻ ആർക്കും കഴിവില്ല. വിവാഹത്തിന് ഒരാൾ വരുന്നു. എന്നാൽ, അയാളുടെ മുൻഭാര്യ, അഥവാ, ഭർത്താവു ജീവിച്ചിരിപ്പുണ്ട്. അയാളുടെ പുനർവിവാഹം കത്തോലിക്കാസഭ നടത്തിക്കൊടുക്കുകയില്ല. ആ വ്യക്തി ധിക്കാരപൂർവ്വം മതമുപേക്ഷിച്ചു പോകുകയായി. തിരുസ്സഭയ്ക്കതു വ്യസനകരമാണ്. എന്നാൽ, അവർക്കു വിട്ടുവീഴ്ച ചെയ്യുക ശക്യമല്ല. ക്രിസ്തുവിന്റെ കല്പനകളിൽനിന്ന് ഒരു വാക്കുപോലും ഒത്തുതീർപ്പിനുവേണ്ടി ബലികഴിക്കുവാൻ അവർക്കു വയ്യാ. ഉത്സാഹപൂർവ്വം സത്യമാരായുന്ന ഏതൊരുവന്റെയും ഹൃദയത്തിൽ അഗാധമായി പതിയുന്നതാണ്, അയവില്ലാത്ത ഈ സന്മാർഗ്ഗനിഷ്ഠ. ക്രൈസ്തവധാർമ്മികനിയമങ്ങളുടെയോ ക്രൈസ്തവവിശ്വാസസംഹിതയുടെയോ ഒരു ചെറിയ ഭാഗമെങ്കിലും പരിത്യജിക്കുന്നതിനെക്കാൾ രാജ്യങ്ങൾതന്നെ ഒന്നടങ്കം തന്നിൽനിന്നു വിട്ടുമാറിപ്പോകുവാൻ അവർ അനുവദിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ഒന്നുപോലും അവർ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ഉപേക്ഷിക്കാതിരിക്കാൻവേണ്ടിയാണ് അവർ പൗരസ്ത്യസഭകളുടെ വേർപാടു ഖേദപൂർവ്വം നോക്കിനിന്നത്; ഇംഗ്ലണ്ടിന്റെ വിച്ഛേദനം അനുവദിച്ചത്.

എന്നാൽ, വിട്ടുവീഴ്ചയില്ലാത്ത ഈ ഐകരൂപ്യം കുറെ കർക്കശമല്ലേ? ചിലർ ചോദിച്ചേക്കാം. എന്നാൽ, കത്തോലിക്കാസഭ വിവിധരാജ്യങ്ങളിൽ എപ്രകാരം വ്യാപരിക്കുന്നു എന്നു ഗ്രഹിച്ചിട്ടുള്ളവർക്കറിവുണ്ട്, സഭ കാതലായ കാര്യങ്ങളിൽ ഏകത്വം പാലിക്കുന്നുണ്ടെങ്കിലും, മററു ബാഹ്യകാ

ത്യങ്ങളിൽ ജനപദങ്ങളുടെ പ്രത്യേകതകൾക്കനുസൃതമായിത്തന്നെ ക്രമീകരിക്കുന്നുവെന്ന്. ഡച്ചുകാരെപ്പോലെതന്നെ സ്പെയിൻകാരും മാർപ്പാപ്പാതിരുമേനിയെ ബഹുമാനിക്കുന്നു; ദിവ്യബലിയിൽ നമ്മുടെ മധ്യത്തിലേക്കിറങ്ങിവരുന്ന ക്രിസ്തുനാഥനെ അമേരിക്കരും ഭാരതീയരും ഒരേവിധത്തിൽ എളിമയോടുകൂടി ആരാധിക്കുന്നു. പരിശുദ്ധകന്യകയെ സവിശേഷമായി വണങ്ങുന്നതിനെപ്പററിയുള്ള ദൈവശാസ്ത്രതത്വങ്ങൾ പോളണ്ടുകാരുടെയിടയിലോ ജർമ്മൻകാരുടെയിടയിലോ വ്യത്യസ്തമല്ല. എന്നാൽ, വിശ്വാസത്തിന്റെ ഏകതത്വത്തിനു കടുകിട കോട്ടംവരാതെതന്നെ, ദേശീയ സംസ്കാരത്തിന്റെ പ്രത്യേകതകൾ ഓരോ ദേശക്കാരുടെ മതാനുഷ്ഠാനത്തിലും ഉൾച്ചേർന്നു കിടപ്പുണ്ടായിരിക്കും.

ഇന്നു ലോകത്തിന്റെ വിവിധഭാഗങ്ങളിലായി 398,411-ഓളം കത്തോലിക്കവൈദികന്മാരുണ്ട്. അവരെല്ലാം ഒരേ ക്രിസ്തുവിന്റെ ഒരേ സത്യസഭയുടെ വൈദികന്മാരാണ്. എങ്കിലും, അവരുടെയിടയിലെ വൈവിധ്യം! സ്വഭാവത്തിലും വിദ്യാഭ്യാസത്തിലും ഭാഷയിലും പ്രകൃതിയിലും അവർക്കു വ്യത്യാസങ്ങളുണ്ട്. എന്നാൽ, സാർവ്വലൗകികമായ ഒരു ദിവ്യകാരുണ്യകോൺഗ്രസിലോ മറേറാ ചെന്നു നോക്കുക. അവിടെ അമേരിക്കരും ആഫ്രിക്കരും ചീനരും ഭാരതീയരും എല്ലാം വ്യത്യാസങ്ങൾ വിഗണിച്ചു തോളോടുതോൾചേർന്ന് ഇരിക്കുന്നതു കാണാം; തിരുസ്സഭയുടെ ഭാഷയിൽ, "ക്രിസ്തുവിൽ സഹോദരരേ, നിങ്ങൾക്കു സമാധാനം (Pax vobis, fratres in Xto)" എന്നു പരസ്പരം അഭിവാദനം ചെയ്യുന്നതു കേൾക്കാം. സാക്സണിയിലെ അനന്തരാവകാശി, കിരീടം കൈവെടിഞ്ഞു ദാരിദ്ര്യം കൈവരിച്ച ഒരു ഈശോസഭാവൈദികൻ, ഒരു നീഗ്രോമെത്രാന്റെ കരങ്ങൾ ചുംബിക്കുന്ന രംഗം അവിസ്മരണീയമാണ്. ഒരുപക്ഷേ, ആ വൈദികമേലധ്യക്ഷൻ അപ്പസ്തോലന്മാരെ

പ്പോലെ അക്ഷരാർത്ഥത്തിൽ വലയുപേക്ഷിച്ച കർത്താവിനെ അനുഗമിച്ചതു് അടുത്തകാലത്തായിരിക്കാം. ഒരുമിച്ചുകൂടിയിരിക്കുന്ന ആ സഭാസന്താനങ്ങളെല്ലാം ഒരുഭാഷ സംസാരിക്കുന്നു—സ്നേഹത്തിന്റെ ഭാഷ; ഒരു ഹൃദയമാണവരിൽ ത്രസിക്കുന്നതു്—അവരുടെയിടയിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ ഹൃദയം! മാതൃരാജ്യത്തെ അകമഴിഞ്ഞു സ്നേഹിക്കുകയും, അതേസമയം, ഒരേ ആദർശത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്ന അംഗങ്ങളോടുകൂടിയ മററു് ഏതെങ്കിലും ദേശാതീതസംഘടന കാണിച്ചുതരാമോ, കത്തോലിക്കാസഭയല്ലാതെ? എസ്കിമോകളുടെ ഇടയിൽ വേലചെയ്യുന്ന ഒരു വെള്ളക്കാരൻ വൈദികനും ഭാരതത്തിലെ ഒരു ചെറുഗ്രാമത്തിൽ സഭാപാലനംനടത്തുന്ന ഒരിടവകവികാരിയും എല്ലാവരും ഒരേ ആദർശത്തിനുവേണ്ടി നിലകൊള്ളുന്നു. എല്ലാവരിലും മാതൃരാജ്യഭക്തി നിറഞ്ഞുതുളുമ്പുകയും ചെയ്യുന്നു.

കത്തോലിക്കാസഭയെ സംബോധനചെയ്തുകൊണ്ടു വി. അഗസ്റ്റിൻ ഉദ്ഘോഷിച്ചതെത്ര വാസ്തവം!: "ഓ! പരിശുദ്ധയായ കത്തോലിക്കാസഭയേ, ക്രൈസ്തവരുടെ മാതാവേ, നീ മനുഷ്യരെ എത്രകണ്ടു സ്നേഹിക്കുന്നു! ആ സ്നേഹംനിമിത്തം, പാപത്താൽ വീർപ്പുമുട്ടുന്ന ആത്മാക്കളുടെ എല്ലാരോഗങ്ങൾക്കും ഔഷധങ്ങൾ നീ തയ്യാറാക്കിവച്ചിട്ടുണ്ടു്. ശിശുക്കളെ നീ ശിശുസഹജമായ രീതിയിൽ അഭ്യസിപ്പിക്കുന്നു. വൃദ്ധർക്കു നീ ക്ഷമാശീലം നല്കുന്നു. ശാരീരികവും മാനസികവുമായ വികാസത്തിനനുസൃതമായി ഓരോരുത്തർക്കും നീ പരിശീലനം നല്കുന്നു. വിശുദ്ധവും വിശ്വസ്തവുമായ അനുസരണത്തോടെ ജീവിക്കുന്നതിനു നീ സ്ത്രീകളെ ഭർത്താക്കന്മാർക്കു വിധേയകളാക്കുന്നു; അവരുടെ ജഡികമോഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ മാത്രമല്ല, പ്രത്യുത, സന്താനോൽപാദനത്തിനും കുടുംബജീവിതത്തിന്റെ പങ്കുപററലിനും വിധേയത്വത്തിൽനിന്നുളവാകുന്ന സ്വാതന്ത്ര്യം മക്കൾ

കു ലഭിക്കുവാനായി അവരെ നീ മാതാപിതാക്കളുടെ അധികാരത്തിൻകീഴിലാക്കുന്നു. കരുണാർദ്രയായ നീ മാതാപിതാക്കളെ അവരുടെ കുഞ്ഞുങ്ങളുടെ പരിരക്ഷകരാക്കുന്നു. രക്തബന്ധത്തെക്കാൾ ശക്തമായ മതബന്ധത്താൽ സഹോദരനെ സഹോദരനോടു നീ ബന്ധിക്കുന്നു"

(De moribus Ecclesiae Catholicae, Capt. 30 30)

പ്രിയപ്പെട്ട സഹോദരരേ, കത്തോലിക്കാതിരുസ്സഭയാണു ക്രിസ്തുനാഥൻെറ സത്യസഭ. അവളിൽ മാത്രമാണു ക്രിസ്തുനാഥൻ തിരുവത്താഴസമയത്തു പ്രാർത്ഥിച്ച ആ ഏകത്വമുള്ളത്. കത്തോലിക്കസഭ സന്തോഷിക്കുകയാണ്, താൻ മാത്രമാണു ക്രിസ്തുവിൻെറ സഭയെന്ന്. എന്നാൽ, അവൾക്കൊരു സങ്കടമുണ്ട്: "ഏകയിടയനും ഏകതൊഴുത്തും" എന്ന ക്രിസ്തുനാഥൻെറ ഹൃദയാഭിലാഷം പൂർത്തീകരണത്തിൽനിന്ന് ഇനിയും എത്ര വിദൂരം! കാലഗതിയിൽ ചെറുതും വലുതുമായ അനേകം ശാഖകൾ ഒന്നൊന്നായി സത്യസഭയാകുന്ന തായ്ത്തടിയിൽനിന്നു ഛിന്നിപ്പോയി. ധിക്കാരപൂർവ്വം വീടുവിട്ടുപോകുന്ന ഒരു കൊച്ചുമകനെ അവൻെറ അമ്മയെന്നവണ്ണം, തിരുസ്സഭ ആ ദുർഭഗശാഖകൾ ഓരോന്നിനേയും നോക്കി കണ്ണു കഴയ്ക്കുകയാണ്. പ്രത്യാശാനിർഭരമായ സ്നേഹത്തോടെ തിരുസ്സഭ പ്രേഷിതവേലയിൽ വ്യാപൃതയാകുന്നു. തന്നിൽനിന്നു ഭിന്നിച്ചുപോയവരുടെ പുനരാഗമനത്തിനുവേണ്ടി എന്തുമാത്രം പ്രാർത്ഥനകളാണ് അവൾ ദൈവസന്നിധിയിലർപ്പിക്കുക! അവൾ ഇങ്ങനെ ചെയ്യുമ്പോൾ "ഏകയിടയനും ഏകതൊഴുത്തും" ആയിരിക്കണമെന്നുള്ള ക്രിസ്തുനാഥൻെറ അന്ത്യാഭിലാഷത്തെ ആദരിക്കുകയാണ്.

ക്രിസ്തുവിൻെറ തിരുസ്സഭയ്ക്കു വെളിയിൽ അലഞ്ഞു നടക്കുന്ന സഹോദരർക്കുവേണ്ടി നിരന്തരം തീക്ഷ്ണതയോടെ നമുക്കു പ്രാർത്ഥിക്കാം. അങ്ങനെ, ഏകയിടയനിലേക്കും ഏകതൊഴുത്തിലേക്കുമുള്ള മാർഗ്ഗം അവർ കാണട്ടെ ന

മ്മുടെ ദിവ്യനാഥന്റെ അന്ത്യഭോജനവേളയിലെ പ്രാർത്ഥന അങ്ങനെ നിവൃത്തമാകട്ടെ: "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്, എന്റെ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നതുപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ" (വി. യോഹ. 17: 21). എന്നാൽ, സൗഭാഗ്യശാലികളായ കത്തോലിക്കാസഹോദരരേ, സന്തോഷിക്കുവിൻ! അഭിമാനംകൊള്ളുവിൻ! നിങ്ങൾ ക്രിസ്തുനാഥന്റെ സഭയുടെ അംഗങ്ങളാണ്. നിങ്ങൾ കത്തോലിക്കരാണ്. എത്ര വലിയ ഭാഗ്യം! തിരുസ്സഭയോടുകൂടെ നിങ്ങൾ സന്തോഷിക്കുവിൻ! എന്നാൽ, തിരുസ്സഭയോടുകൂടി സങ്കടപ്പെടുവാനും മറക്കരുത്. തിരുസ്സഭ വിജയിക്കുമ്പോൾ അഭിമാനം കൊള്ളുവിൻ. തിരുസ്സഭയ്ക്കുവേണ്ടി നിങ്ങൾ വേലചെയ്യുമ്പോൾ ഉണർവും ഉത്സാഹവും ഉള്ളവരായിരിക്കുവിൻ. നിങ്ങളുടെ തിരുസ്സഭാംഗത്വം ഏററുപറയുകയും പ്രവൃത്തികൾവഴി കാണിക്കുകയും ചെയ്തുകൊണ്ടു ധൈര്യപൂർവ്വം വർത്തിക്കുവിൻ.

അവസാനം ഒരു സുദിനം സമാഗതമാകും. നിത്യസമ്മാനത്തിന്റെ ദിവസം. അന്ന്, നിങ്ങളുടെ വത്സലമാതാവായ, ഏകയും വിശുദ്ധയും അപ്പസ്തോലികയും കാതോലികയുമായ തിരുസ്സഭയുടെ വിശ്വസ്ത സന്താനങ്ങളായി വർത്തിച്ചതിനുള്ള പ്രതിഫലം സ്വീകരിക്കുവാൻ നിങ്ങൾക്കിടവരട്ടെ.

### മൂന്നാം അദ്ധ്യായം

# ക്രിസ്തുവിൻെറ തിരുസ്സഭ വിശുദ്ധമാകുന്നു

ക്രിസ്തുനാഥൻെറ ജീവിതം സൎവ്വപരിശുദ്ധമായിരുന്നു. ബദ്ധശത്രുക്കൾക്കുപോലും അവിടുത്തേപേരിൽ ഒരു കുററം കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. അവരോടവിടുന്നു പരസ്യമായി ചോദിക്കുകയാണു്: "നിങ്ങളിൽ ആർ പാപത്തെക്കുറിച്ചു് എന്നിൽ കുററം ചുമത്തും" (വി യോ 8: 46). ആക്കും ഒരക്ഷരം ഉരിയാടാൻ കഴിഞ്ഞില്ല. ഇതാണു തിരുസ്സഭയുടെ സ്ഥാപകൻെറ പരിശുദ്ധി. എങ്കിൽ, തിരുസ്സഭയ്ക്കും ആ വിശുദ്ധിയുടെ ലക്ഷണമുണ്ടായിരിക്കണം. വി. പൗലോസു സഭയ്ക്കു നല്കിയ പ്രശംസാവചനങ്ങൾ അൎത്ഥവത്താകുന്ന സഭയേ സത്യസഭയാകൂ: "മിശിഹാതന്നേയും തൻെറ സഭയെ സ്നേഹിക്കുകയും, ജലത്തിലുള്ള മാമ്മോദീസകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും, അവളിൽ കറയോ മുഖച്ചുളിവോ, ഇവയ്ക്കു തുല്യമായ എന്തെങ്കിലുമോ ഇല്ലാതെ, മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിനു തനിക്കായിട്ടുതന്നെ മഹത്വമുള്ളവളായി സഭയെ നിറുത്തുവാനുംവേണ്ടി അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്യു" (അപ്പേസോ 5: 25, 27).

അപ്പസ്തോലന്റെ പ്രസ്താവമനുസരിച്ച്, ക്രിസ്തുവിന്റെ സഭ വിശുദ്ധമായിരിക്കണം. അപ്പസ്തോലന്റെ വാക്കുകൾ കത്തോലിക്കാസഭയിൽ അന്വത്ഥമായിട്ടുണ്ടോ എന്നാണു നമുക്കറിയേണ്ടത്. കത്തോലിക്കാസഭയിൽ സത്യസഭയുടെ ലക്ഷണമായ വിശുദ്ധിയുണ്ടെന്നു നമുക്കവകാശപ്പെടാമോ? നമ്മുടെ സഭയെ നമുക്കു "തിരുസ്സഭാമാതാവെ"ന്നു വിളിക്കാമോ? വിളിക്കാം. മൂന്നാണു കാരണങ്ങൾ.

1) അവളുടെ ധാർമ്മികാദർശം വിശുദ്ധമാണ്.
2) ആ ലക്ഷ്യത്തിനായി അവൾ പ്രദാനംചെയ്യുന്ന മാർഗ്ഗങ്ങൾ വിശുദ്ധമാണ്.
3) വിശുദ്ധിയുടെ വിളനിലങ്ങളായ അനേകം സന്താനങ്ങൾ അവൾക്കെന്നും ഉണ്ട്.

## തിരുസ്സഭയുടെ ധാർമ്മികാദർശം വിശുദ്ധമാണ്

ക്രിസ്തുനാഥൻ ഒരിക്കൽ അരുളിച്ചെയ്യുകയുണ്ടായി: "......സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (വി. മത്താ. 5: 48). ഈ കല്പന നിറവേററുവാൻ മനുഷ്യരെ സഹായിക്കുകയാണു തിരുസ്സഭയുടെ ഏകലക്ഷ്യം.

തിരുസ്സഭയുടെ പ്രബോധനങ്ങളും കല്പനകളും സർവ്വോത്തരസുന്ദരമായ ആദർശത്തെ പ്രദാനം ചെയ്യുന്നു. കത്തോലിക്കാസഭ എന്താണ് ആവശ്യപ്പെടുന്നത്? പരിശുദ്ധമായ ഒരു സാന്മാർഗ്ഗികജീവിതം; നമ്മുടെ ഓരോ പ്രവൃത്തിക്കും സംസാരത്തിനും വിചാരത്തിനും വ്യക്തിപരമായ ഉത്തരവാദിത്വബോധം; നിത്യജീവിതം സമ്പാദിക്കത്തക്ക നിഷ്കളങ്കമായ ഒരു ലോകജീവിതം. ലൗകികതാത്പര്യങ്ങളെല്ലാം നിത്യജീവിതമാകുന്ന ലക്ഷ്യത്തിനധീനമാക്കുക. സ്വാഭാവികപ്രവണതകളെ ദൈവനിയമങ്ങളനുസരിച്ചു നി

യന്ത്രണത്തിൽ നിറുത്തുക. വിവാഹത്തോടും സ്ത്രീകളോടും സന്താനങ്ങളോടും ബഹുമാനം പുലർത്തുക. വിശ്വസ്തത, അദ്ധ്വാനശീലം, കടമകളുടെ നിർവ്വഹണം, അനുസരണ, അധികാരത്തോടുള്ള ആദരവു മുതലായി സഭ ആവശ്യപ്പെടുന്ന ഈ സംഗതികളല്ലാതെ മറെറന്താണു മഹോന്നതമായ ധാർമ്മികാദർശങ്ങൾ?

എന്തൊരു ധീരതയാണ്, എന്തൊരു വീരത്വമാണ്, എന്തൊരു അചഞ്ചലതയാണ്, വൈഷമ്യമുള്ള ക്രൈസ്തവസന്മാർഗ്ഗാദർശങ്ങൾ മുറുകെപ്പിടിക്കുന്നതിൽ കത്തോലിക്കസഭ പ്രകടിപ്പിക്കുന്നത്. ഉത്പതിഷ്ണുക്കൾ അവളെ പഴഞ്ചരക്കെന്നോ യാഥാസ്ഥിതികയെന്നോ ദൂഷിച്ചു പറയട്ടെ. അവൾക്കു ഭയമില്ല. ലോകത്തിൻെറ പ്രീതി നഷ്ടപ്പെടാൻ അവൾക്കു മടിയില്ല. വിവാഹമോചനം ക്രിസ്തുനാഥൻ അനുവദിക്കുന്നില്ല. ഇന്നു കത്തോലിക്കസഭമാത്രമാണ് ഇതു സുസ്പഷ്ടമായി, സുദൃഢമായി പ്രഖ്യാപിക്കുന്നത്. ഉദരസ്ഥിതരായ ശിശുക്കളുടെ ജീവനുവേണ്ടി വാദിക്കുന്നതിൽ ധൈര്യം കാണിക്കുന്നതും അവളാണ്. വിവാഹപരിശുദ്ധിയുടെ സംരക്ഷികയും അവൾതന്നെ. ഈ ഉന്നതാശയങ്ങൾ ഉദ്ഘോഷിക്കുന്നതിൽനിന്ന് അവളെ തടഞ്ഞുനിറുത്തുവാൻ ഇന്നത്തെ മുദ്രാവാക്യകോലാഹലങ്ങൾക്കൊന്നിനും സാധിച്ചിട്ടില്ല, സാധിക്കയുമില്ല.

തിരുസ്സഭയ്ക്കുള്ള ഈ ശക്തിയുടെ ഉറവിടമെവിടെ? തൻെറ ദൗത്യത്തിൻെറ ഉത്തമബോധംതന്നെ. 1900-ൽപരം വർഷങ്ങളായി തനിക്കുണ്ടായിരുന്ന അതേ കത്തവ്യം ഇന്നും ഉണ്ടെന്ന ബോധം. മനുഷ്യരാശിയെ വിശുദ്ധീകരിക്കുന്നതിനു തനിക്കു കടമയുണ്ടെന്ന സത്യത്തോടുള്ള ബഹുമാനം. അതുകൊണ്ട്, പ്രകൃതിശാസ്ത്രങ്ങൾ പഠിപ്പിക്കുക, കലകൾ പരിപോഷിപ്പിക്കുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക, സാമ്പത്തികപ്രശ്നം പരിഹരിക്കുക ഇവയൊന്നുമല്ല തിരുസ്സഭ

യുടെ ലക്ഷ്യം. ഇവയെ അവർ ഒഴിച്ചുനിറുത്തുന്നില്ല. തന്റെ പരമാന്ത്യത്തിന് ഉപകരിക്കുന്നിടത്തോളംമാത്രം ഇവ കണക്കിലെടുക്കുന്നു. ആദ്യത്തെ മാർപ്പാപ്പായായ വി. പത്രോസ് പന്തക്കുസ്താദിനം ജറുസലേമിലെ തെരുവീഥിയിൽനിന്നു ലോകത്തെ ആഹ്വാനംചെയ്തു: "പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കേണ്ടതിനായി നിങ്ങൾ പശ്ചാത്തപിക്കുകയും പാപങ്ങളുടെ ശാന്തിക്കായി നിങ്ങളിൽ ഓരോരുത്തനും കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസ സ്വീകരിക്കയും ചെയ്യുവിൻ" (നടപടി, 2: 38). അതായത്, വിശുദ്ധരാകുവിൻ എന്ന്. എത്ര ഉൽകൃഷ്ടമായ ആഹ്വാനം!

എന്നാൽ, ആധുനികമനുഷ്യൻ ഇതു മനസ്സിലാക്കുവാൻ എത്ര കുറച്ചുമാത്രം പരിശ്രമിക്കുന്നു. ജോലിത്തിരക്കുമൂലം ആധുനികലോകത്തിനു സമയമില്ല. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ, സാങ്കേതികജ്ഞാനം, വ്യവസായം, വാണിജ്യം, കൃഷിമുറകൾ, ഖദ്ധാപ്പാട്. സിരകൾ തകരുന്ന ഈ അദ്ധ്വാനങ്ങളെല്ലാം ദൈവം കാണുന്നുണ്ട്. എന്നാലും........എന്നാലും........ഞാൻ പറയാൻ പോകുന്നതു കേട്ടു വിസ്മയിച്ചിട്ടു കാര്യമില്ല. ഇവിടെ വിശുദ്ധരുടെ വംശം അററുപോയാൽ ഒരു പൊട്ടക്കലംകണക്കേ, ദൈവം ഈലോകമഖിലത്തെയും തട്ടി ഉടച്ചു കളയും!

കാരണമെന്തെന്നോ? ഈ ഭൂമി വിശുദ്ധരെപ്രതിയാണു നിലനില്ക്കുന്നത്. ഭൂമിയുടെ ഉദ്ദേശ്യം അതിലൂടെ വണ്ടികൾ ചിതറിപ്പായണമെന്നല്ല, അതിൽ സൈറൺവിളികൾ മുഴങ്ങണമെന്നല്ല, യന്ത്രങ്ങൾ ആരവം ഉതിർക്കണമെന്നല്ല; വിശുദ്ധർ അതിൽ ജീവിക്കണമെന്നാണ്. കടത്തിപ്പറയുകയല്ല. വി. ലിഖിതങ്ങൾ അതു സ്ഥിരീകരിക്കുന്നു. മനുഷ്യൻ വിശുദ്ധനാകണമെന്നതു ദൈവത്തിന്റെ ഉദ്ദേശ്യമാണ്. "ദൈവത്തിന്റെ ഇഷ്ടം ഇതാകുന്നു: നിങ്ങളുടെ വിശുദ്ധീകരണം........" (I തെസ്സ. 4: 3].

പുനരുദ്ധാരണത്തിൻെറ ഉദ്ദേശ്യം മനുഷ്യനെ അവൻെറ അധ:പതനത്തിനു മുൻപുള്ള സ്ഥിതിയിൽ പുനരധിവസിപ്പിക്കുകയാണ്. എന്നാൽ, അധ:പതനത്തിനുമുൻപു മനുഷ്യൻ വരപ്രസാദാവസ്ഥയിലായിരുന്നു; ദൈവവുമായുള്ള ഐക്യത്തിൽ അവൻ ജീവിച്ചു. അതുകൊണ്ട്, അവൻ പരിശുദ്ധനായിരുന്നു. മനുഷ്യനെ വീണ്ടും വിശുദ്ധനാക്കുക—ഇതത്രേ തിരുസ്സഭയുടെ ലക്ഷ്യം. നമ്മൾ ചെയ്യേണ്ട വലിയ ജോലി ഇതാണ്—"ദൈവത്തിൻെറ മക്കളാവുക" (വി. യോഹ. 1: 12). ദൈവത്തിൻെറ മക്കളാവുക എന്നു പറഞ്ഞാൽ പരിശുദ്ധരാവുക എന്നർത്ഥം. അതുകൊണ്ട്, നമ്മെ വിശുദ്ധീകരിക്കുവാൻ പരിശ്രമിക്കുന്ന തിരുസ്സഭ വിശുദ്ധയാണെന്നു നാം പറയുന്നു.

വേറൊരു വസ്തുത പരിഗണിച്ചാലും കത്തോലിക്കാസഭ വിശുദ്ധയെന്നു കാണാം. സഭയെ ഉപേക്ഷിച്ചുപോകുന്നവരുടെ കാര്യമെടുക്കുക. കത്തോലിക്കാസഭയിൽ പ്രവേശിച്ച് അതിൻെറ അംഗങ്ങളാകുന്നവരുടെ കാര്യവും പരിശോധിക്കുക. ആരാണ് അവളെ പരിത്യജിക്കുന്നവർ? ഉത്തമരും വിശുദ്ധരുമോ? അല്ല. ലാഘവബുദ്ധികൾ; ചപലമാനസ്സർ; മററാരാളെക്കൂടെ പരിഗ്രഹിക്കാനോ നിഷിദ്ധസുഖം അനുഭവിക്കാനോ കൊതിക്കുന്നവർ. തിരുസ്സഭയുടെ വിശുദ്ധി സഹിക്കാൻ പാടില്ലാത്തവർ. അവർ മതം ത്യജിക്കുന്നു.

ആനന്ദത്തോടെ കത്തോലിക്കാസഭയിലേക്കുവന്ന് അതിൽ അംഗത്വം യാചിക്കുന്നവർ ആരാണ്? ശുഷ്കമതികളും ഭോഗലോലുപരുമോ? അല്ല. മറിച്ച്, മനുഷ്യൻ മെനഞ്ഞ മൺകുടിലുകളുടെ ആത്മീയപാപ്പരത്തം കണ്ടു മനം മടുത്തപ്പോൾ, ദൈവപുത്രൻ ആരചിച്ച ആധ്യാത്മികസൗധം കാണുകയാൽ അതിൻെറ സുവർണ്ണകവാടം തുറന്നുകയറുന്ന സത്യാന്വേഷികൾ. അവരുടെ ആത്മാഭിലാഷം അതിൽ ഫലമണിയുന്നു. കാരണം, ക്രിസ്തുവിൻെറ സഭയുടെ ഒരു ലക്ഷണമായ വിശുദ്ധിനിറഞ്ഞതാണ് ആ സൗധം.

## സഭയുടെ മാർഗ്ഗങ്ങൾ വിശുദ്ധമാണ്

ധാർമ്മികാദർശങ്ങൾ പ്രഘോഷിച്ചതുകൊണ്ടായില്ല. അവ മനുഷ്യർക്ക് പ്രാപ്യമാക്കുകകൂടി വേണം. എന്നാൽ, അതിനുള്ള മാർഗ്ഗങ്ങൾ സഭയ്ക്കേയുള്ളു എന്നു കാണാം. ധാർമ്മികലക്ഷ്യം, അഥവാ, വിശുദ്ധി പ്രാപിക്കുന്നതിനു കത്തോലിക്കാസഭ മനുഷ്യനു നല്കുന്ന അല്പതേ പ്രേരണ നിത്യമായ സമ്മാനവും ശിക്ഷയുമാണ്. ധാർമ്മികജീവിതത്തിൽ വിശുദ്ധി വീശുക ദൈവത്തിന്റെ അഭിലാഷമെന്ന് അവർ പഠിപ്പിക്കുന്നു. അവനവന്റെയോ അപരന്റെയോ ജീവിതത്തിൽ ധാർമ്മികതയുടെ വിജയത്തെ ഭദ്രമാക്കുന്നതിനു പരിശ്രമിക്കുന്ന ഏവനും ദൈവത്തിന്റെ സഹപ്രവർത്തകനാണ്. തന്മൂലം, അവൻ പ്രതിസമ്മാനമായി നിത്യാനന്ദം സ്വീകരിക്കുകയും ചെയ്യും. സാന്മാർഗ്ഗികനിയമങ്ങൾ ലംഘിക്കുന്നവനാകട്ടെ, ദൈവത്തെ വെല്ലുവിളിക്കുന്നു. അക്കാരണത്താൽ ശിക്ഷാർഹനുമാകുന്നു. ധാർമ്മികാദർശത്തിലെത്തിച്ചേരാനുള്ള സമരത്തിൽ വളരെയധികം മാനസികവിഷമതകൾ അനുഭവിക്കേണ്ടിവരും. എന്നാൽ, ഈ യുദ്ധം ദൈവത്തിനു വേണ്ടിയും അവിടുത്തെ തിരുവിഷ്ടം നിറവേറുന്നതിനുവേണ്ടിയും നമ്മുടെതന്നെ നിത്യഭാഗ്യത്തിനുവേണ്ടിയുമാണെന്ന ബോധത്തിൽനിന്നു വളരെയധികം പ്രതിരോധശക്തിയും സന്തോഷവും ഉയിർക്കൊള്ളും.

ഈ സമരത്തിൽ കൂടുതൽ എളുപ്പം പുരോഗമിച്ചു വിജയിക്കുവാൻ നമുക്കു പ്രാപ്തിനല്കുന്നതിനു തിരുസ്സഭയുടെ കൂദാശകളുണ്ട്. കൂദാശകളെന്നു കേട്ടാൽ പലർക്കും രുചിക്കായ്കയുണ്ട്. അവയെപ്പററി എന്തു പറയാനാണെന്ന് അവർ ചിന്തിക്കുകയായി. "അവയെന്തുകാര്യത്തിനാണ്" എന്നവർ ചോദിക്കുന്നു. "ക്രിസ്തുനാഥൻ നമ്മെ രക്ഷിച്ചില്ലായിരിക്കുമോ? ഇനി കൂദാശകളാണോ രക്ഷിക്കുവാൻ പോകുന്നത്?" അല്ല. കൂദാശകൾ നമ്മെ വീണ്ടെടുക്കുന്നില്ല. രക്ഷ

കൻ ക്രിസ്തുനാഥനാണ്. ചില പച്ചക്കറിത്തോട്ടങ്ങൾ നനയ്ക്കുന്നതു കണ്ടിട്ടുണ്ടോ. ഒരു കിണർമാത്രമുള്ള ഒരു തോട്ടം. എന്നാൽ, അതിലേ ശീതജലം ഓരോ ചെടിയുടേയും ചുവട്ടിൽ ചെല്ലുന്നതിനായി അനേകം വെള്ളച്ചാലുകളുണ്ടായിരിക്കും. ക്രൈസ്തവസാന്മാർഗ്ഗികജീവിതത്തിലെ ശുദ്ധജലാശയം ഒന്നേയുള്ളൂ. ഗാഗുൽത്തായിലെ ഹോമബലിയിൽ നിന്നു നിർഗ്ഗളിക്കുന്ന നീരുറവ. എന്നാൽ, അതിൻെറ ജീവദായകശക്തി ഓരോ മനുഷ്യൻേറയും ആത്മാവിൽ ചെന്നു ചേരണമെങ്കിൽ കൂദാശകളാകുന്ന നീർച്ചാലുകൾ വേണം. അപ്പോൾ, കൂദാശകളെന്താണ്? രക്ഷകൻെറ യോഗ്യതകൾ ഓരോ ആത്മാവിലേക്കും എത്തിക്കുന്ന നീർച്ചാലുകൾ. അവയിൽനിന്നു പ്രവഹിക്കുന്ന പ്രസാദവരശക്തി ഓരോ കത്തോലിക്കൻെറയും ആത്മാവിനെ സുന്ദരവും വിജയശ്രീലാളിതവുമാക്കുന്നു. നമ്മുടെ തിരുസ്സഭ വിശുദ്ധയാണ്; എന്തുകൊണ്ടെന്നാൽ, അവളുടെ മാർഗ്ഗങ്ങൾ വിശുദ്ധമാണ്. ക്രിസ്തുനാഥൻ ബാഹ്യദൃഷ്ടിക്കു വെറുമൊരു മനുഷ്യനായിരിക്കെ, യഥാർത്ഥത്തിൽ ദൈവവുമായിരുന്നു. അതുപോലെ, തിരുസ്സഭ ബാഹ്യദൃഷ്ടിക്കു ലക്ഷോപലക്ഷം ജനങ്ങളടങ്ങിയ ഒരു സംഘടന മാത്രം. എന്നാൽ, വാസ്തവത്തിൽ അതു ദൈവമനുഷ്യനോടും, നീണ്ട 1900—കൊല്ലക്കാലത്തോളം വിശുദ്ധിയുടെ സുഗന്ധപുഷ്പങ്ങൾ പുറപ്പെടുത്തിയ അവിടുത്തെ മൗതികശരീരത്തോടും ഐക്യപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സംഖ്യയമാണ്.

സ്വാഭാവികമായ പാപപ്രവണതയ്ക്കെതിരായി സമരം ചെയ്തു ക്ലേശിക്കുന്ന എണ്ണമററ ബലഹീനരായ മനുഷ്യർ കത്തോലിക്കസഭയുടെ മാർഗ്ഗദർശകത്വത്തിൻെറ തണലിൽ കയറിപ്പററിയതുകൊണ്ടു നേടിയ സാന്മാർഗ്ഗികപരിപൂർണ്ണതയുടെ ഉന്നതപദവികൾ വിവരിക്കുവാൻ തൂലികയ്ക്കു ശക്തിയില്ല.

## കത്തോലിക്കാസഭയ്ക്കു വിശുദ്ധരായ അംഗങ്ങളുണ്ട്

ആദ്യമായിത്തന്നെ നാം ഒരുകാര്യം സ്പഷ്ടമായി മനസ്സിലാക്കണം. എല്ലാത്തരം ജനപദങ്ങളേയും സ്വന്തം കൊടിക്കീഴിൽ അണിനിരത്തി അവരുടെ ഹൃദയത്തിന്റെ ഉള്ളറകൾകൂടെയും സ്വാധീനമാക്കാൻ ആഗ്രഹിക്കുന്ന ഒരു മതത്തിനു മനുഷ്യമഹത്വത്തിന്റെ കൊടുമുടികളായ വിശുദ്ധരുടെ ധാർമ്മികധീരത കൂടാതെ കഴിയുക സാദ്ധ്യമല്ല. ലോകത്തിൽ പലതരം സ്ഥലങ്ങളുണ്ട്. നിശ്ശബ്ദതയുടെ നികേതനമായ കൊച്ചുകൊച്ചു തോട്ടങ്ങൾ; പുഷ്പങ്ങൾനിറഞ്ഞ മൈതാനങ്ങൾ; കിളിയൊച്ചകിലുങ്ങുന്ന കുററിക്കാടുകൾ; മാനംമുട്ടുന്ന പർവ്വതനിരകൾ; മഞ്ഞുപുതച്ച ഗിരിസാനുക്കൾ; രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന തടാകങ്ങൾ; എങ്ങും കുളിർവീശുന്ന മാമലക്കാററുകൾ! ഇപ്രകാരം വൈവിധ്യം തിങ്ങിയതാണ് ക്രിസ്തുമതവും. ഒരാൾ നിശ്ശബ്ദജീവിതം നയിക്കുന്നു. വേറൊരാൾ അനുദിനജീവിതസാഹചര്യങ്ങളോട് ഏററുമുട്ടുന്നു. ഇനിയും, വേറൊരു കൂട്ടരുണ്ട്. അവരെ നമുക്കാവശ്യമുണ്ട്: വിശുദ്ധർ. മററുള്ളവർ നടന്ന അതേ വഴിയേ നടന്നവരാണവരും. എന്നാൽ, തികച്ചും വ്യത്യസ്തമായ വിചാരങ്ങളോടേ, തികച്ചും വ്യതസ്തമായ ഫലങ്ങളോടേയാണ് അവരതു നടന്നതും, നടപ്പു പൂർത്തിയാക്കിയതും. അനുദിനജീവിതസമരത്തിലെ പൊടിപടലം നിറഞ്ഞ അന്തരീക്ഷത്തിൽ ശ്വാസംമുട്ടി നമ്മുടെ ആത്മാക്കൾ അവശമാകുമ്പോൾ നമുക്ക് ഓടിച്ചെന്ന് അഭയംതേടുവാനും, എപ്പോഴും അവരുടെ പരിശുദ്ധിയുടെ ഉന്നതതടങ്ങളിലേക്ക് ആശാപൂർവ്വം ദൃഷ്ടിയുയർത്തുവാനുമായി വിശുദ്ധരെ നമുക്കാവശ്യമുണ്ട്.

വിശുദ്ധരാരാണ്? ക്രിസ്ത്വനുഗമനത്തിന്റെ വീരയോദ്ധാക്കൾ. പാപത്തിന്റെ അഗാധങ്ങളിൽനിന്ന് അനുകര

ണനയോഗ്യമായ ക്രൈസ്തവജീവിതത്തിൻെറ അധിത്യകകൾ കയറിപ്പററിയവർ. മാർഗ്ഗമദ്ധ്യേ വീരോചിതമായ ആത്മത്യാഗം ചെയ്താണു് അവർ അന്തിമലക്ഷ്യത്തിലെത്തിയതു്.

മനഃശക്തിയുടെ വീരാത്മാക്കളാണു വിശുദ്ധർ. അള്കൾക്കു വേണ്ടത്ര മനഃശക്തി ഇല്ലെന്നു് ഇന്നു പലരും പരാതിപ്പെടാറുണ്ടു്. ചില നിർഭാഗ്യന്മാർ പറയാറുണ്ടു്: "എനിക്കു പാപംചെയ്യാനാഗ്രഹമില്ല. എന്നാൽ, എനിക്കു മനക്കരുത്തില്ല; പ്രലോഭനങ്ങളോടെതിരിടാൻ എനിക്കു വയ്യാ. പാപഹേതുക്കൾ ഉപേക്ഷിക്കുവാൻ എനിക്കു ശക്തിയില്ല." ഈ ജീവിതത്തിൻെറ താഴ്വരയിൽ കേഴുന്ന അല്പരായ മനുഷ്യജീവികൾ!

നമ്മുടെ ഈ ബലഹീനാവസ്ഥയിൽ, സ്വർഗ്ഗത്തിലേക്കു നീണ്ടുകിടക്കുന്ന ഒരു കരിങ്കൽപ്പാതയെന്നപോലെ, നാം വിശുദ്ധരെ ദർശിക്കുന്നു. വിസ്മയനീയരായ വിശുദ്ധഗണങ്ങൾ നമ്മുടെ മനോമുകുരത്തിൽ അണിനിരക്കുമ്പോഴെല്ലാം സന്തോഷസമന്വിതമായ ആത്മാഭിമാനവും ധൈര്യവുംകൊണ്ടു നമ്മുടെ ഹൃദയം പരിപൂരിതമാവുന്നു. മനുഷ്യശക്തിക്കതീതമായ എത്ര വലിയ ആത്മസമർപ്പണമാണു നാം അവരിൽ ദർശിക്കുക! എന്തുമാത്രം സ്നേഹം, ആത്മവീര്യം, ആത്മനിയന്ത്രണം! വിശുദ്ധർമാത്രമാണു നമുക്കൊരിക്കലും മറക്കാനാവാത്ത വ്യക്തികൾ—നാമെപ്പോഴും പുകഴ്ത്തുന്ന വ്യക്തികൾ മനുഷ്യകുലത്തിൻെറ ഉപകാരികൾ. വിഷവായുവും മാരകായുധവും കണ്ടുപിടിക്കാത്തവർ. പരസ്പരശത്രുത്വത്തിൻെറ അഗ്നിജ്വാലകൾ വീശിക്കത്തിക്കാത്തവർ. കീഴുള്ളവരുടെ മേൽ താളം ചവിട്ടാത്തവർ. വിദ്വേഷത്തെ ശമിപ്പിക്കുക, അഗതികളോടു് അനുകമ്പ കാട്ടുക, രോഗികളുടെ മുറിവുകൾ കഴുകിക്കെട്ടുക തുടങ്ങിയവയാണു് അവരുടെ ലക്ഷ്യം. വി. ജോബിനോടുകൂടി അവർക്കും പറയാം: "ഞാൻ കുരുടനു കണ്ണും മുടന്തനു കാലുമായിരുന്നു. ഞാൻ ദരിദ്രർക്കു പിതാ

വായിരുന്നു" (ജോബ് 29: 15). അവർ വൈദ്യുതവെളിച്ചം കണ്ടുപിടിച്ചില്ല; എങ്കിലും, അവർ ചെന്നിടത്തെല്ലാം മനുഷ്യജീവിതം കൂടുതൽ പ്രകാശമാനമായി. അവർ വിമാനം കണ്ടുപിടിച്ചില്ല; എങ്കിലും, മനുഷ്യകുലത്തെ ഉന്നതങ്ങളിലേക്കുയർത്തി. അവർ റേഡിയോ കണ്ടുപിടിച്ചില്ല; എങ്കിലും, അവർ സംസാരിച്ചപ്പോൾ മനുഷ്യർ പരസ്പരധാരണയിലെത്തി; അന്യോന്യം കൂടുതൽ അടുത്തു.

ഇവിടെ പരിഗണിക്കുന്നത്, മററുള്ളവരുടെ ശ്രദ്ധയാകർഷിച്ച വീരോചിതമായ പുണ്യത്തെപ്പററിയല്ല. വിശുദ്ധരെന്നു തിരുസ്സഭയാൽ പ്രഖ്യാപിക്കപ്പെട്ടവരുടെ കാര്യവുമല്ല. അനുയോജ്യമായവിധം അവരെക്കുറിച്ചു പറയുവാൻ ആർക്കാണു കഴിയുക? തങ്ങളുടെ ചോരചിന്തി വിശ്വാസത്തിൻെറ ദാർഢ്യം കാട്ടിയ ധീരപുരുഷന്മാർ! മലീമസമായ ലോകത്തിൽ ക്രിസ്തുനാഥൻെറ നിർമ്മലമണവാട്ടികളായി ജീവിച്ച കന്യകകൾ! ക്രിസ്തുവിനുവേണ്ടി സ്ഥാനമാനങ്ങളഖിലം ത്യജിച്ച വനവാസികൾ! നിഷ്കൃഷ്ടമായ ആധ്യാത്മികജീവിതം നയിച്ചവർ! രോഗികളെ ശുശ്രൂഷിക്കുന്ന പരിശുദ്ധകളായ കന്യാസ്ത്രീകൾ! കലയും വിജ്ഞാനവും സംസ്കാരവും പ്രചരിപ്പിക്കുന്ന വിശുദ്ധന്മാരായ സന്യാസികൾ! സഹോദരരുടെ ആത്മരക്ഷയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന പരിത്യാഗികളായ പ്രേഷിതർ! ഇവരെയൊക്കെപ്പററിയല്ല നാമിപ്പോൾ പ്രതിപാദിക്കുന്നത്.

പ്രഖ്യാതരല്ലാത്ത വിശുദ്ധരെപ്പററിയാണു നാം ചിന്തിക്കുന്നത്. അവരുടെ പേരുകൾ ദൈവത്തിനേ അറിയൂ. എന്നാൽ, ഒരുകാര്യം തീർത്തു പറയാം: കലുഷിമറിഞ്ഞ ഇന്നത്തെ ലോകത്തിലും അപ്രകാരമുള്ളവർ നാം വിചാരിക്കുന്നതിൻെറ നൂറോ ആയിരമോ ഇരട്ടിയുണ്ട്; എന്നെന്നും ഉണ്ടായിരുന്നുതാനും. അതേ, ഇവിടെ നമ്മുടെ ഇടയിൽ വസിക്കുന്ന വിശുദ്ധർ! അടുക്കളയിലും വയലിലും ആപ്പീസുക

ളിലും കുടുംബങ്ങളിലും വസിക്കുന്നവർ. പരിശുദ്ധരായ കുഞ്ഞുങ്ങൾ, നിർമ്മലരായ ബാലികാബാലന്മാർ, വിശുദ്ധരായ യുവാക്കൾ, വിശുദ്ധരായ മുതിർന്നവർ, വിശുദ്ധരായ ഭാര്യമാർ, മാതാക്കൾ, ഭർത്താക്കന്മാർ, പിതാക്കന്മാർ. ചപലമായ മനുഷ്യസ്വഭാവത്തിനെതിരായും പാപപങ്കിലമായ പൊതുജീവിതത്തിൻെറ പ്രലോഭനങ്ങൾക്കെതിരായും വീരോചിതമായി സമരം ചെയ്യുന്നവർ. കറപുരളാത്ത കൈകളോടും അമലമായ ഹൃദയത്തോടുംകൂടി നിശ്ശബ്ദമായി അനുദിനജീവിതത്തിലെ മുഷിപ്പൻ കടമകൾ നിർവഹിക്കുന്ന ആദർശധീരർ. അങ്ങനെ, രക്തം ചിന്താതെയുള്ള ഒരു രക്തസാക്ഷിത്വമായി, ദൈവത്തോടുള്ള യഥാർത്ഥമായ വിശ്വസ്തതയിൽ ജീവിക്കുന്ന അജ്ഞാതവിശുദ്ധരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

തെരുവുകളിലും സിനിമാശാലകളിലും പാപം നമുക്കെതിരേ ഗർജ്ജിക്കുകയാണ്. എന്നാലും, സന്തോഷസമ്മിളിതമായ ആത്മാഭിമാനത്തോടേ നമുക്കു പറയുവാൻ കഴിയും, ഇന്നും മലിനതകളുടെയെല്ലാം മദ്ധ്യേ നല്ലവരും വീരചരിതരുമായി അനേകരുണ്ടെന്ന്. അതേ, വിശുദ്ധരുണ്ട്. അവരുടെ കുമ്പസാരക്കാർക്ക് അവരെപ്പററിയുള്ള വിവരങ്ങൾ പരസ്യമാക്കുവാൻ അനുവാദമുണ്ടായിരുന്നെങ്കിൽ അനേകം മഹത്തായ കാര്യങ്ങൾ അവരെക്കുറിച്ചു പറയുവാനുണ്ടായിരിക്കും. ആധുനികലോകം മുഴുവനായി തിന്മയിലേക്കു പോയിട്ടില്ല. എന്നാൽ, വിനീതമായ നന്മയെക്കാൾ വൃത്തിഹീനമായ തിന്മയാണ് എപ്പോഴും ഏറെ ഒച്ചവയ്ക്കുക.

സഹോദരരേ, ആയിരമായിരം യുവഹൃദയങ്ങളുടെ ആഴത്തിലേക്കു ദൃഷ്ടി കടത്തുവാനുള്ള അസുലഭഭാഗ്യം ലഭിച്ചിരിക്കുന്ന വൈദികന്മാരിൽ ഒരുവനെന്ന നിലയിൽ എനിക്കു നിങ്ങളോടു തുറന്നു പറയുവാൻ കഴിയുന്ന ഒരു പരമാർത്ഥമു

ണ്ട്: പട്ടണങ്ങളിൽ ഭയാനകമായ അസാന്മാർഗ്ഗികതയുടേയും അഴുക്കൊഴുകുന്ന ഓടപ്പാത്തികളുടേയും മദ്ധ്യേപോലും യുവാക്കളും പ്രായംചെന്നവരുമായ അനേകംപേർ തിരുസ്സഭയുടെ കൂദാശകളാൽ ശക്തിയാർജ്ജിച്ച്, പ്രാർത്ഥനയുടെ തൈലത്താൽ ആത്മദീപം തെളിച്ച്, നന്മയുടെ ആചരണത്താൽ വെണ്മയണിഞ്ഞു ജീവിക്കുന്നു. അവരുടെ പൂർവ്വികരായ ആദിമക്രിസ്ത്യാനികൾ റോമിലേയും ഗ്രീസിലേയും ഏഷ്യയിലേയും ദുഷിച്ച തെരുവുകളിൽക്കൂടെ സുരക്ഷിതരായി നടന്നതുപോലെ, ഇന്നത്തെ വിശുദ്ധരും ഇതാ ഇവിടെ നമ്മുടെയിടയിൽ പുതുവിജയങ്ങൾനേടി പ്രസാദവരത്തിൽ ജീവിച്ചുപോരുന്നുണ്ട്. പാപം നിറഞ്ഞ ഈലോകം ശിക്ഷാർഹമാണെങ്കിലും വിശുദ്ധരെപ്രതി ദൈവം ഇതിനെ നശിപ്പിക്കാതിരിക്കുകയാണ്. നമുക്കു ചുററും അന്ധകാരത്തിൻേറയും, അനുദിനം അടിച്ചുകയറുന്ന ദുഷ്ടതയുടേയും വിജയം ദർശിക്കുമ്പോൾ, നമ്മുടെ മനസ്സിടിയേണ്ടതില്ല. മനുഷ്യകുലത്തിൻേറ ഭാവിയെപ്പററി നാം നിരാശപ്പെടുകയുംവേണ്ടാ. വിജയശ്രീയോടെ വിരാജിക്കുന്ന വിശുദ്ധരുടെ ഗണങ്ങൾ നമുക്ക് ആശ്വാസം പകരുകയാണ്. ക്രൂരതയുടേയും ഹൃദയമില്ലായ്മയുടേയും ഭയങ്കരസംഭവങ്ങളാൽ കഴിഞ്ഞകാലചരിത്രവും അധുനികകാലവും നിറഞ്ഞിരിക്കുന്നെങ്കിലും, അറിയപ്പെടാതെ നമ്മുടെയിടയിൽ ജീവിക്കുന്ന വിശുദ്ധരാൽ നാം ആശ്വസിപ്പിക്കപ്പെടുന്നു. അനുദിനകർത്തവ്യങ്ങളുടേയും പരസ്നേഹത്തിൻേറയും കരുണയുടേയും ധീരാത്മാക്കളാണു വിശുദ്ധരെന്നു നാം കാണുന്നു.

മഹത്തായ ഒരു ധാർമ്മികനിഗമനത്തിൽ നാമെത്തുകയാണ്: നാം പരാതിപ്പെടുകയല്ല വേണ്ടതു്; "ദുഷിച്ചലോക"ത്തെ കണ്ട് ഉത്കണ്ഠപ്പെടുകയല്ല തോന്നുകയുമല്ല. പിന്നെയോ, നമ്മുടെ കടമകൾ നിർവ്വഹിക്കുക; തിരുസ്സഭയുടെ മുഖകമലം നിതരാം പ്രശോഭിതവും വിശുദ്ധവും ആയിത്തീരുവാനായി വേല ചെയ്യുക.

സഹോദരരേ, തിരുസ്സഭ നമ്മളാണു്: നിങ്ങളും ഞാനും നാമെല്ലാവരും. നമ്മുടെ ആത്മാക്കൾ എത്ര കൂടുതൽ സുന്ദരങ്ങളാകുമോ, നമ്മുടെ ജീവിതം എത്ര കൂടുതൽ പരിശുദ്ധമാകുമോ, അത്രയ്ക്കും തിരുസ്സഭ കൂടുതൽ സുന്ദരവും വിശുദ്ധവുമാവുകയാണു്. തിരുസ്സഭ വിശുദ്ധമാകുന്നതനുസരിച്ചു നമ്മുടെ ദിവ്യനാഥൻെറ വിശുദ്ധ ലക്ഷണങ്ങൾ അവളുടെ ജീവിതത്തിൽ കൂടുതലായി പ്രതിഫലിക്കുന്നു; മനുഷ്യരുടെ ആത്മാക്കളെ തന്നോടു ചേർത്തു ബന്ധിക്കുവാനുള്ള അവളുടെ ആകർഷകശക്തി അതനുസരിച്ചു വർദ്ധിക്കുന്നു.

ആധുനികമനുഷ്യൻ പ്രാർത്ഥിക്കുവാൻ ശ്രമിക്കുന്നതിങ്ങനെയാണു്: "ഞാൻ പണത്തിലും സ്വാതന്ത്ര്യത്തിലും വിശ്വസിക്കുന്നു; ഞാൻ യന്ത്രത്തിലും സാങ്കേതികജ്ഞാനത്തിലും വിശ്വസിക്കുന്നു; പീരങ്കികളുടേയും യന്ത്രത്തോക്കുകളുടേയും ശക്തിയിൽ ഞാൻ വിശ്വസിക്കുന്നു; നികൃഷ്ടമായ നയതന്ത്രത്തിലും സാമ്പത്തികമായ ഉടമ്പടികളിലും കോൺഫറൻസുകളിലും ഞാൻ വിശ്വസിക്കുന്നു". എന്നാൽ, ഇന്നിതാ നമ്മുടെ ആകാശക്കോട്ടകൾ അടിതെററി നിലംപതിക്കുകയാണു്. അതുകൊണ്ടു്, നമുക്കു നമ്മുടെ പ്രാർത്ഥന തിരുത്തിച്ചൊല്ലാം: "ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുന്നു. വിശുദ്ധവും അപ്പസ്തോലികവുമായ കത്തോലിക്കാസഭയിലും ഞാൻ വിശ്വസിക്കുന്നു." അതുകൊണ്ടു്, ഞാൻ പ്രാർത്ഥിക്കുന്നതിതാണു്: എൻെറ പരിശുദ്ധ ജീവിതംവഴി തിരുസ്സഭയുടെ വിശുദ്ധി വർദ്ധമാനമാകട്ടെ.

എൻെറ വത്സലസഹോദരരേ, നാം ചിന്തിച്ചതു കത്തോലിക്കാ തിരുസ്സഭയുടെ വിശുദ്ധിയെപ്പററിയാണല്ലോ. വളരെ ഹൃദയാവർജ്ജകമായ ഒരു കാര്യംകൂടി വിവരിച്ചുകൊണ്ടു നിർത്താം. അതുല്യസുന്ദരമായ ഒരു കർമ്മത്തിൻെറ വിവരണമാണതു്—ഒരു വിശുദ്ധൻെറ നാമകരണത്തിൻെറ. നാമകരണ

ച്ചടങ്ങിന് അനേകം മണിക്കൂറുകൾ മുൻപുതന്നെ സെൻറ് പീറ്ററേഴ്സ് ബസ്സിലിക്കയിലേക്ക് ഒരു വൻപിച്ച ജനക്കൂട്ടം നീങ്ങുകയായി. ആയിരമായിരങ്ങളെ സ്വീകരിക്കുകയാണു ബൃഹത്തായ ആ ദൈവാലയം. ആൾത്തിരക്കിൻെറ ഇരപ്പ് അടങ്ങി. സർവ്വത്ര നിശ്ശബ്ദത. പോർട്ടിഃക്കായുടെ വലത്തുവശത്ത്, വത്തിക്കാനിൽനിന്നു വരുന്ന വഴിക്കുള്ള കതകു തുറക്കപ്പെടുന്നു. പ. പിതാവു തിരുമേനി അവിടെ പ്രത്യക്ഷനാകുന്നു.

അപ്പോൾ അവിടെ സംഭവിക്കുന്നതെന്തെന്നു വർണ്ണിക്കുക എളുപ്പമല്ല. ആയിരമായിരം കണ്ഠങ്ങളിൽനിന്ന് അന്തരീക്ഷത്തെ ഭേദിച്ചു പുറപ്പെടുന്ന ആർപ്പുവിളി: "Evviva il Papa! Vive le Pape! Hoch der Papst!" ഇങ്ങനെ, പോപ്പുരാജന് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ടു ഹർഷാരവം മുഴക്കുന്ന ജനസമുദ്രത്തിൽക്കൂടി ധവളവസ്ത്രധാരിയായ പ. പിതാവു പല്ലക്കിൽ (Sedia Gestatoria) സംവഹിക്കപ്പെട്ടു മുൻപോട്ടു നീങ്ങുന്നു. അവിടുന്നു ബലിപീഠത്തെ സമീപിച്ചു മുട്ടുകുത്തുന്നു. അവിടെ ജനങ്ങളുടെ തീക്ഷ്ണതയും നന്ദിപ്രകടനവും സ്നേഹവുമെല്ലാം അവയർഹിക്കുന്ന ആളിനുതന്നെ സമർപ്പിക്കുന്നു—ദിവ്യകാരുണ്യ ഈശോയുടെ തൃപ്പാദത്തിങ്കൽ.

ഒരുപക്ഷേ, ഇതു കേൾക്കുമ്പോൾ ചിലർക്കു തോന്നിയേക്കാം, "ഇതൊന്നും അധുനികലോകത്തിനു പററിയതല്ലല്ലോ" എന്ന്. എന്നാൽ, ആ മനുഷ്യമഹാസമുദ്രത്തിൽപ്പെടുവാൻ ഭാഗ്യമുണ്ടാകുന്ന ഒരു വ്യക്തിക്കുപോലും ഈ മാതിരിയുള്ള തണുത്തു മരവിച്ച വാദഗതിക്കു സമയമേയില്ല. അവരിൽ ഓരോരുത്തരും ഉത്തേജകവും ഹൃദയസ്പർശകവുമായ ആ കാഴ്ചയാൽ മതിമറക്കുകയാണു്. സ്ത്രീകളും പുരുഷന്മാരുമായ അനേകം അത്മായർ, വൈദികന്മാർ, കന്യാസ്ത്രീകൾ, മെത്രാന്മാർ, ഇവരെല്ലാം വി. പത്രോസിൻെറ പിൻഗാമിക്കുചുററും മുട്ടിന്മേൽ നില്ക്കുന്നു. അവരുടെ തലയ്ക്കുമുകളിൽ, സ

വ്വലോകസുന്ദരമായ ആ ദൈവാലയത്തിൻെറ മാർബിൾസ്തൂപങ്ങൾക്കിടയിൽ, മൈക്കളാഞ്ജലോവിൻെറ വാനസ്പർശിയായ ഗോളമണ്ഡപം (Cupola) സ്ഥിതിചെയ്യുന്നു. അതിൽ വലിയ അക്ഷരങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്: "Tu es Petrus, et super hanc petram aedificabo ecclesiam meam — നീ പാറയാകുന്നു. ഈ പാറമേൽ എൻെറ പള്ളിയെ ഞാൻ പണിയും." ദൈവാലയത്തിനുള്ളിലേ പ്രകാശധോരണിയുടെ മധ്യത്തിലുള്ള ഗായകസംഘത്തിൽനിന്നു നിർഗ്ഗളിക്കുന്ന കർണ്ണമധുരമായ ദൈവസ്തുതിഗീതങ്ങൾ സ്വർഗ്ഗീയസംഗീതംപോലെ മാറെറാലിക്കൊള്ളുന്നുണ്ട്. അപ്രകാരമുള്ള സന്ദർഭങ്ങളിൽ ഊഷ്മളവികാരങ്ങളോടെ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്ന് ഉദ്ഘോഷിക്കുവാൻ നമുക്കു കഴിയും, "വിശുദ്ധ കത്തോലിക്കാസഭയിൽ ഞാൻ വിശ്വസിക്കുന്നു" എന്ന്.

പ്രൗഢന്മാരായ പുരുഷന്മാർപോലും അവിടെവച്ചു കൊച്ചുകുട്ടികളെപ്പോലെ കരയാറുണ്ട്. അവിടെ സന്നിഹിതരാകുന്ന ഇതരമതസ്ഥർ വിളിച്ചുപറയും, "കത്തോലിക്കാസഭയെന്താണെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി" എന്ന്. വേറെ അനേകായിരങ്ങൾ തീക്ഷ്ണതയോടെ നിമന്ത്രിക്കുന്നുണ്ട്, "എൻെറ ദൈവമേ, എൻെറ നാഥാ, ഒരു കത്തോലിക്കനാകുവാൻ എനിക്കു ഭാഗ്യംതന്നതിനെപ്രതി നിനക്കു ഞാൻ നന്ദിപറയുന്നു" എന്ന്.

അതേ, എല്ലാ രാജ്യത്തുനിന്നും എല്ലാ ജീവിതനിലകളിൽനിന്നുമുള്ള വൈദികാവൈദികരായ അനേകർ വി. പത്രോസിൻെറ പിൻഗാമിക്കു ചുററുംകൂടിയിരിക്കുകയാണ്.

സൗന്ദര്യവതിയും പരിശുദ്ധയുമായ കത്തോലിക്കാസഭാമാതാവേ, നിൻെറ സംരക്ഷണയ്ക്കു തങ്ങളെത്തന്നെ കൈയൊഴിയുന്നവരെ വിശുദ്ധരാക്കുന്നവളേ, നിന്നെ ഞാനെത്രമാത്രം സ്നേഹിച്ചാൽ മതിയാവും! കുഞ്ഞിക്കൈകൾ പ്രാർത്ഥ

നസ്സായി കുപ്പിപ്പിടിക്കുവാൻ നിഷ്കളങ്കനായ ശിശുവിനെ നീ പഠിപ്പിക്കുന്നു. ദുഷ്പ്രവണതകൾക്കെതിരായി യുദ്ധം ചെയ്യുവാൻ യുവാവിനു നീ ശക്തി പകരുന്നു. പരീക്ഷകളെ അഭിമുഖീഭവിക്കുന്ന മനുഷ്യനു നീ സ്ഥൈര്യവും ഹൃദയപരമാർത്ഥതയും ഉപദേശിക്കുന്നു. മാതാക്കൾക്കു നീ ആത്മപരിത്യാഗത്തിൻെറ ചൈതന്യവും ശുശ്രൂഷിക്കുവാനുള്ള സന്മനസ്സും നല്കുന്നു. ഞങ്ങളുടെ ജീവിതത്തിൻെറ അദൃശ്യതേ പിച്ചവയ്പുകളെ നീ വിശുദ്ധീകരിക്കുന്നു. ബഹുമുഖമായ കർമ്മരംഗങ്ങളിൽ ഞങ്ങൾ വ്യാപരിക്കുമ്പോൾ നീ നിൻെറ പരിരക്ഷയുടെ കരങ്ങൾ ഞങ്ങൾക്കു മീതെ വിരിക്കുന്നു. അവസാനമായി, ഞങ്ങളുടെ മങ്ങിമറയുന്ന കണ്ണുകൾ നീ തിരുമ്മിയടയ്ക്കുന്നു. പുനരുത്ഥാനത്തിൻെറ കുരിശിനെ നീ ഞങ്ങളുടെ ശവകുടീരങ്ങൾക്കുമീതെ നാട്ടുന്നു. ഏകയും വിശുദ്ധയും സുഭഗയുമായ കത്തോലിക്കാസഭയേ, സ്വസ്തി.

നാലാം അദ്ധ്യായം

# ക്രിസ്തുവിൻെറ തിരുസ്സഭ കാതോലികം, അഥവാ, സാൎവ്വത്രികമാകുന്നു

മനുഷ്യൻ ജനിച്ചുവളരുന്നു. എന്നാൽ, ദൈവത്തിനു വളർച്ചയില്ല. വളരുകയെന്നുവച്ചാൽ പൂർണ്ണതയെ സമീപിക്കുകതന്നെ. ദൈവം അനന്ത സമ്പൂർണ്ണനാകയാൽ അവിടുത്തേക്കിനി വളരുവാനില്ല. മനുഷ്യൻ അങ്ങനെയല്ല. അതുകൊണ്ട് അവൻ വളരണം. അവൻ പൂർണ്ണതയെ സമീപിച്ചുകൊണ്ടിരിക്കണം.

മനുഷ്യർ ചേർന്ന ഒരു സമുദായമാണു തിരുസ്സഭ. അതുകൊണ്ട്, സ്വാഭാവികനിയമമനുസരിച്ച്, മണ്ണിൽ നട്ട കടുകുമണിപോലെ, സഭ വളരണം. (വി. മത്താ. 13: 31.) ശാരീരികമായോ മാനസികമായോ ആദ്ധ്യാത്മികമായോ വളർച്ച നിലയ്ക്കുന്ന ഒരു മനുഷ്യൻ മരണത്തോടടുക്കുന്നതുപോലെതന്നെ, തിരുസ്സഭ വളരാതെയും വ്യാപിക്കാതെയും ഇരുന്നെങ്കിൽ അവളുടെ നാശം അവിടെ ആരംഭിക്കുമായിരുന്നു. നമ്മുടെ ദിവ്യനാഥൻ ലോകത്തെ വിട്ടുപോയപ്പോൾ അവിടുത്തെ തിരുസ്സഭയിൽ അപ്പസ്തോലന്മാരും ചെറിയൊരു ഗണം വിശ്വാസികളുമേ ഉണ്ടായിരുന്നുള്ളൂ. "പാറ"യുണ്ടായിരുന്നു: പത്രോസ്. പണിക്കാരുണ്ടായിരുന്നു: അപ്പസ്തോലന്മാർ. പണി തുടങ്ങുവാൻ 'ഓർഡർ' ലഭിച്ചിരുന്നു: "അതുകൊണ്ട്

നിങ്ങൾ പോയി സകലജാതികളേയും പഠിപ്പിക്കുവിൻ" ക്രിസ്തുനാഥൻ വിത്തു പാകി. അതു വളരണം. ആദ്യത്തെ നല്ല വളർച്ചയുടെ കാലം ക്രിസ്തുനാഥൻെറ സ്വർഗ്ഗാരോഹണം കഴിഞ്ഞു പത്താംദിവസം, വി. പത്രോസിൻെറ പന്തക്കുസ്താ പ്രസംഗത്തിൽ മൂവായിരംപേർ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ തുടങ്ങി (നടപടി. 2: 41). ആ വിശുദ്ധ ദിവസങ്ങൾ നമ്മുടെ ചിന്തയെ തട്ടിയുണർത്തുന്നില്ലേ? ക്രൈസ്തവലോകമാകുന്ന വൻവൃക്ഷം വേരുകൾ പായിച്ചുതുടങ്ങിയ ആ ദിവസങ്ങൾ! വി. പൗലോസിൻെറ വിസ്മയനീയമായ പ്രഖ്യാപനം മനുഷ്യരുടെ കണ്ണുങ്ങളിൽ നിപതിച്ച ആ ദിവസങ്ങൾ: ഇനിമേൽ നിങ്ങൾ യഹൂദൻ ഗ്രീക്കുകാരൻ, പുരുഷൻ സ്ത്രീ, സ്വതന്ത്രൻ അടിമ എന്ന വ്യത്യാസം പരിഗണിക്കേണ്ടതില്ല. നസ്രസ്സിലെ ഈശോ എല്ലാവരേയും ഒരേനിലയിലേക്കു് ഉയർത്തിയിരിക്കുന്നു.

പുതിയ വിശ്വാസം അത്ഭുതകരമായി പ്രചരിച്ചു. ദരിദ്രരും പരിത്യക്തരും നിഷ്കളങ്കരും എരിവോടേ അതിനെ ആശ്ലേഷിച്ചു. അവർ മാത്രമല്ല, അന്ത്യോക്യയിൽ ഹേറോദേസിൻെറ മിത്രമായിരുന്ന മനാഹെൻ മാനസാന്തരപ്പെടുന്നു. സൈപ്രസ്സിൽ പ്രോക്കോൺസൽ സെർജിയൂസ് പൗലൂസ് മാനസാന്തരപ്പെടുന്നു. ലിദിയായിലെ ഫിലിപ്പിയിൽ പട്ടുവ്യാപാരി ക്രൈസ്തവനായതു നമുക്കറിയാം. ഏതൻസിൽ ഡയണീഷ്യസ് അരിയോപ്പജീത്ത ക്രിസ്തുവിൽ വിശ്വസിച്ചു. റോമയിലെ ആഭിജാത്യമുള്ള അനേകം കുടുംബങ്ങൾ സഭയുടെ അങ്കതലത്തിൽ വന്നണഞ്ഞു: സെസീലിയൂസ്, കൊർണേലിയൂസ്, പൊമ്പോണിയൂസ്, എമീലിയൂസ്, അക്കില്ലസ് മുതലായവരുടേതുപോലെ അനേകം കുടുംബങ്ങൾ! ഭൂഗർഭാലയങ്ങളിൽ സംസ്കരിക്കപ്പെട്ടവാനമ്മ സ്ഥാനാർത്ഥികൾ! ഏററം സുന്ദരമായ ശവകുടീരങ്ങളിലൊന്നിനു കോൺസൽ ക്ലെമെൻസ് ഫ്ളാവിയൂസിൻെറ ഭാര്യ

യുടെ നാമം ലഭിക്കുന്നു: ഡൊമിത്തില്ല. പൗലോസ് ശ്ലീഹാ ഫിലിപ്പിയക്കാർക്ക് എഴുതിയ ലേഖനത്തിൻെറ അവസാന ഭാഗത്തു നാം വായിക്കുന്നതുപോലെ, അദ്ദേഹം രാജസദസ്സിലുള്ള ക്രിസ്ത്യാനികൾക്കു മംഗളസന്ദേശം അയയ്ക്കുന്നു.

അന്നുമുതൽ സഭാതരു തുടർച്ചയായി വളർന്നുകൊണ്ടിരിക്കുന്നു. അതിൻെറ ശാഖകൾ വ്യാപിക്കാത്തതായി ലോകത്തു് ഒരു രാജ്യവുമില്ല; വേരുകൾ പായാത്തതായി ലോകത്തിലൊരു സ്ഥലവുമില്ല. ക്രിസ്തുനാഥൻ അഭിലഷിച്ചതുപോലെതന്നെ സംഭവിച്ചു. അവിടുത്തെ തിരുസ്സഭ "സാർവ്വത്രിക" (ഗ്രീക്കിൽ-കത്തോലിക്ക)മായി.

ക്രിസ്തുവിൻെറ സഭ കത്തോലിക്കമായ കഥയിതു: നമുക്കിവിടെ ആദ്യം ചിന്തിക്കുവാനുള്ളതു് ഇതാണ്. അതിനുശേഷം, "കാതോലികത്വം" എന്നുവച്ചാൽ എന്താണെന്നും എന്തല്ലെന്നും കാണാം.

## ക്രിസ്തുവിൻെറ തിരുസ്സഭ കത്തോലിക്കമായിരിക്കണം

ക്രിസ്തുവിൻെറ സാമ്രാജ്യം വാസ്തവത്തിൽ കാതോലികം, അഥവാ, സർവ്വലോകവ്യാപകമായിരിക്കണമോ? പഴയനിയമത്തിലെ പ്രവാചകന്മാർ ഇതിനു ശരിയായ ഉത്തരം നല്കുന്നുണ്ടു്. ലോകംമുഴുവനിലും വ്യാപിക്കുവാനിരിക്കുന്ന ഒരു സാമ്രാജ്യമായിട്ടാണ് അവർ മിശിഹായുടെ സാമ്രാജ്യത്തെ ദർശിച്ചതു്. ആമോസ് പ്രവാചകൻ പറഞ്ഞു: കർത്താവ് എല്ലാ രാജ്യങ്ങളേയും തൻെറ സാമ്രാജ്യത്തിൽ ചേർക്കും. ഈ വിശുദ്ധലിഖിതവാക്യത്തെ പരാമർശിച്ചു വി. യാക്കോബ് അപ്പസ്തോലൻ പ്രഖ്യാപിക്കുന്നു, പുറജാതികളും ക്രിസ്തുവിൻെറ സാമ്രാജ്യത്തിലേക്കു സ്വീകരിക്കപ്പെടണമെന്ന് (നടപടി15). ഏശയ്യാദീർഘദർശിയും മിശിഹായുടെ സാർവ്വത്രികസാമ്രാജ്യത്തെപ്പററി നല്കുന്ന ചിത്രം വളരെ സമുന്നതമാണ്. അദ്ദേഹം ദൈവരാജ്യത്തെ കാണുന്നതു്,

എല്ലാ രാജ്യക്കാരും ഓടിക്കൂടുന്ന ഒരു ഉന്നത പർവ്വതമായിട്ടാണ് (ഏശ. 2. 2–4). ആ ദീർഘദർശിയോടുതന്നെ ദൈവം സംസാരിക്കുന്നു: "എന്റെ ഭവനം സകലരാജ്യങ്ങൾക്കുമുള്ള പ്രാർത്ഥനാലയമെന്നു വിളിക്കപ്പെടും" (ഏശ. 56: 7).

വിജാതീയരോടു പ്രസംഗിക്കുന്നതിനായി ദൈവം യോനാസ് പ്രവാചകനെ അയയ്ക്കുന്നു. മിശിഹായുടെ സാമ്രാജ്യം കാതോലികം, അഥവാ, സാർവ്വത്രികം ആയിരിക്കുമെന്ന് അദ്ദേഹം പ്രവചിക്കുന്നു.

പന്തക്കുസ്താദിവസം വിവിധതരക്കാരായ അനേകം ജനങ്ങളോടു പ്രസംഗിച്ചപ്പോൾ പത്രോസ് ശ്ലീഹയ്ക്കു വ്യക്തമായ ബോധമുണ്ടായിരുന്നു, പ്രവാചകന്മാർ അറിയിച്ചതനുസരിച്ച്, അവരോരോരുത്തന്റേയുംമേൽ ചിന്തപ്പെട്ട പരിശുദ്ധാത്മാവിനെപ്പററി. യോയേൽ ദീർഘദർശിയുടെ വാക്യം അദ്ദേഹം ഉദ്ധരിക്കുന്നു: "കർത്താവു പറയുന്നു: അവസാനനാളുകളിൽ എല്ലാ ജഡത്തിന്മേലും എന്റെ ആത്മാവിനെ ഞാൻ ചിന്തും" (നടപടി. 2: 17).

ഇങ്ങനെ, പ്രവാചകന്മാർ പ്രഘോഷിച്ച വസ്തുത കുറേക്കൂടുതൽ വ്യക്തമായി ക്രിസ്തുനാഥൻതന്നെ പഠിപ്പിച്ചു. അവിടുന്നു പറഞ്ഞതു്, ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം കുടുംബമാഹാത്മ്യത്തെ ആശ്രയിച്ചോ, എബ്രായവംശത്തിലുള്ള ജനനംവഴിയോ ആണെന്നല്ല; പ്രത്യുത, അതു ഹൃദയവിശുദ്ധിവഴിയാണ്. നമ്മുടെ ദിവ്യരക്ഷകൻതന്നെ പഠിപ്പിച്ച പ്രാർത്ഥന തുടങ്ങുന്നതു്, "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാണ്. അതേ, ദൈവം എല്ലാവരുടേയും പിതാവാണ്. അവിടുന്ന് എല്ലാവരേയും തന്റെ രാജ്യത്തിൽ പ്രതീക്ഷിക്കുന്നു.

നമ്മുടെ ദിവ്യനാഥന്റെതന്നെ വാക്കുകളിൽ "നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ചു രക്ഷിക്കുവാനാണു മനുഷ്യപുത്രൻ വന്നിരിക്കുന്നതു്" (വി. ലൂ. 19: 10). അതുകൊണ്ടു്, അവിടുത്തെ സത്യസഭ ലോകത്തിലെ എല്ലാ ജനങ്ങളുടേയും

ഇടയിൽ അനുഗാമികളെ അന്വേഷിക്കുന്ന സഭയായിരിക്കണം; ഭാഷയുടെയോ വംശത്തിന്റെയോ രാജ്യത്തിന്റെയോ സങ്കുചിതപരിധികളിൽ ഒതുങ്ങിനില്ക്കുന്നതായിരിക്കരുത്.

ക്രിസ്തുവിന്റെ അന്യാപദേശങ്ങളും കാതോലികത്വത്തെ വിളംബരം ചെയ്യുന്നുണ്ട്. പുളിച്ച മാവിന്റെ ഉപമയിൽ അവിടുന്നു പറയുന്നു, അതു പിണ്ഡം മുഴുവനേയും പുളിപ്പിക്കുന്നുവെന്നും, അതുപോലെതന്നെയാണു ദൈവരാജ്യമെന്നും. ചെറിയ കടുകുമണി വൻവൃക്ഷമായി വളർന്നു പക്ഷികൾക്ക് അഭയം നല്കുന്നതുപോലെ, കത്തോലിക്കസഭ എല്ലാവിശ്വാസികൾക്കും സങ്കേതമരുളുന്നുവെന്ന്. മറ്റൊരവസരത്തിൽ അവിടുന്നു പ്രവചിച്ചു, "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യത്തിനായി ലോകമാസകലം പ്രസംഗിക്കപ്പെടു"മെന്ന് (വി. മത്തായി. 24: 14).

അവിടുന്ന് അവസാനമായി നല്കിയ കർശനമായ കല്പനയിൽ അപ്പസ്തോലന്മാരോടു പറഞ്ഞതെന്താണ്: "....സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു........നിങ്ങൾപോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി........ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (വി. മത്താ. 28: 18, 19). ശെമ്ഓൻ ക്രിസ്തുനാഥനെക്കുറിച്ചു പറഞ്ഞവാക്കുകൾ നമുക്കും, അവിടുത്തേയും അവിടുത്തെ രാജ്യത്തേയുംപററി പറയാം: "........സകല ജാതികളുടേയും മുൻപിൽ നീ ഒരുക്കിയിരിക്കുന്ന നിന്റെ കരുണയെ ഇതാ! എന്റെ കണ്ണുകൾ കണ്ടു" (വി. ലൂ. 2: 30, 31). ക്രിസ്തുനാഥന്റെ തിരുസ്സഭ കാതോലികമായിരുന്നേ മതിയാവൂ.

ഇനിയും, സഭയുടെ കാതോലികത്വം എന്താണെന്നു കൂടുതലായി നമുക്കു പഠിക്കാം.

കാതോലികത്വം എന്നാൽ എന്ത്?

ക്രിസ്തുവിൻെറ സത്യസഭ കാതോലികമാണ് എന്നു പറഞ്ഞാൽ അർത്ഥമിതാണ്: അത് ഒരു പ്രത്യേകസ്ഥലത്ത് ഒതുങ്ങി നില്ക്കുന്നില്ല; ഒരു ഗോത്രത്തിലോ സമുദായത്തിലോ കുടുങ്ങിക്കിടക്കുന്നില്ല; പ്രത്യുത, അതു സകല വർഗ്ഗങ്ങൾക്കും ജാതികൾക്കും രാജ്യങ്ങൾക്കും ഉപരിയായി നിലകൊള്ളുന്നു. അത് എല്ലാ ജനങ്ങളേയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. വി. പൗലോസ് ഇതേ ആശയമാണു വെളിവാക്കുന്നത്: "അവിടെ യൂദനും പുറജാതിയുമില്ല, യവനനും അപരിഷ്കൃതനുമില്ല, അടിമയും സ്വതന്ത്രനുമില്ല, സകലവും സകലരിലും മിശിഹാ ആകുന്നു" (കൊലൊ. 3: 11).

സാർവ്വത്രികമായ ഒരു സഭയ്ക്കുമാത്രമേ ക്രിസ്തുവിൻെറ സത്യസഭയാകാൻ കഴിയൂ. നമ്മുടെ കർത്താവിൻെറ വാക്കുകൾ ഈ പരമാർത്ഥം സ്പഷ്ടമാക്കുന്നുണ്ട്: "പോയി സകല ജാതികളേയും പഠിപ്പിക്കുവിൻ...." ആകയാൽ, ഒരു ജാതിയുടെയോ സ്ഥലത്തിൻെറയോ പരിധിയിൽ ഒതുങ്ങിനില്ക്കുന്ന ഒരു സഭ ക്രിസ്തുവിൻെറ സത്യസഭയായിരിക്കുക സാദ്ധ്യമല്ല. അവിടുത്തെ സത്യസഭ ഭൂലോകത്തെവിടേയും കാണപ്പെടണം. ഈ സാർവ്വത്രികത വാസ്തവത്തിൽ നമുക്കുണ്ട്. നമ്മുടെ തിരുസ്സഭയ്ക്കു സകലവിധ ജനപദങ്ങളുടേയും നാഗരികതകളുടേയും എക്കാലവുമുള്ള എല്ലാ മതാഭിലാഷങ്ങളേയും സംപൂർണ്ണമായും സംതൃപ്തമാക്കുവാൻ ആവും. യഥാർത്ഥത്തിൽ സാർവ്വത്രികമാകുന്നതിനുള്ള കഴിവും സാദ്ധ്യതയും തിരുസ്സഭയ്ക്കു ദൈവം നല്കിയിട്ടുണ്ട്. ഈ കഴിവുകൾ കൂടുതൽ ഫലപ്രദമാക്കുവാൻ നമ്മുടെതന്നെ ആത്മാക്കളെ നിയന്ത്രിച്ചു ഭരിക്കയും മററുള്ളവരെ പഠിപ്പിക്കുവാനുള്ള നമ്മുടെ ദൗത്യം പൂർത്തീകരിക്കയും ചെയ്കയാണു നമുക്കിനി വേണ്ടത്.

അങ്ങനെ, കത്തോലിക്കാതിരുസ്സഭ സകല ജാതികളുടേയും എല്ലാ വ്യക്തികളുടേയും ആദ്ധ്യാത്മികഭവനമാകുവാൻ

തക്കവണ്ണം വരപ്രസാദത്തിലും ആദ്ധ്യാത്മികവിഭവങ്ങളിലും സമ്പന്നയാണ്. അവൾ ആരേയും നിർബ്ബന്ധിച്ചു പക്ഷം ചേക്കാറില്ല; എന്നാൽ, എല്ലാവരേയും സ്വീകരിക്കുന്നു. തൻെറ ആദർശങ്ങൾ അണുമാത്രംവ്യതിചലിപ്പിക്കാതെതന്നെ അവൾ എല്ലാററിനോടും ഇണങ്ങിച്ചേരുന്നു. തൻെറ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ കഴിവുള്ളിടത്തെല്ലാം ആരോഗ്യപ്രദമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. ആ അന്തരീക്ഷത്തിൽ മനുഷ്യസ്നേഹത്തിൻേറയും ധാർമ്മികാദർശങ്ങളുടേയും സർവ്വോത്കൃഷ്ടമായ പുതുപൂക്കൾ ധാരാളമായി മൊട്ടിട്ടു വിടരുന്നു.

സാർവ്വത്രികതയുടെ ഫലങ്ങളായ ഊർജ്ജസ്വലതയും വികസനശക്തിയും എന്നെന്നും നമ്മുടെ പരിശുദ്ധ സഭാമാതാവിനു സ്വാഭാവികമാണ്. മുൻകാലത്തെന്നപോലെ ഇന്നും അവൾക്ക് ഏററം പ്രിയംകരമായ ചിന്തയും യത്നവും ഒന്നേയുള്ളു: ക്രിസ്തുനാഥൻെറ പ്രബോധനങ്ങളെ ലോകത്തിൻെറ അതിർത്തികൾവരേയും പ്രഖ്യാപിക്കുക. വിശുദ്ധസഭയുടെ പ്രബോധനങ്ങളിൽനിന്നും ആരാധനാക്രമങ്ങളിൽനിന്നും വിനിർഗ്ഗളിക്കുന്ന ആകർഷകശക്തി വംശങ്ങളുടേയും സംസ്കാരങ്ങളുടേയും സീമകൾ കടന്നു നവചൈതന്യത്തോടേ പ്രസരിക്കുന്നു.

കത്തോലിക്കാസഭയ്ക്കു തൻെറ അമേയമായ ജീവശ്ശക്തി പ്രകടിപ്പിക്കാതിരിക്കുക സാദ്ധ്യമല്ല. നിത്യവും പരിശുദ്ധവുമായ ഒരു അടങ്ങാത്ത തൃഷ്ണ അവളെ ബാധിച്ചിരിക്കയാണ്, ക്രിസ്തുവിൻെറ സത്യമാകുന്ന അമൂല്യനിക്ഷേപത്തെ കൂടുതൽ കൂടുതൽ ജനപദങ്ങൾക്കു പ്രദാനം ചെയ്യുവാൻ. നിരന്തരമായ ഈ പ്രേഷിത പ്രവണതയും സത്യത്തെപ്പററിയുള്ള അഗാധമായ, ചൈതന്യനിർഭരമായ അവബോധവുമാണ്, ക്രിസ്തുവിൻെറ കല്പന വാസ്തവത്തിൽ അവളിൽ ജീവിക്കുന്നുണ്ടെന്നുള്ളതിനു വളരെ വ്യക്തമായ തെളിവ്. "അതുകൊണ്ടു

നിങ്ങൾ പോയി സകലജാതികളെയും പഠിപ്പിക്കുവിൻ" എന്ന കല്പനയുടെ പൂർത്തീകരണം തെളിയിക്കുവാൻ നമ്മുടെ സത്യമതത്തിന്റെ വികസനചരിത്രം മുഴുവൻ ഒന്ന് അവലോകനം ചെയ്താൽ മതിയാവും. എന്നാൽ, 19 നൂററാണ്ടുകളിലെ കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങളുടെ ചരിത്രം—ധനത്യാഗം, ജീവബലി, വീരകൃത്യങ്ങൾ, ആത്മാർപ്പണങ്ങൾ, കണ്ണീർവാർക്കൽ, രക്തച്ചൊരിച്ചിൽ മുതലായവയുടെ ചരിത്രം—സംക്ഷേപിക്കുവാൻ ആർക്കു കഴിയും? അപരിഷ്കൃതരുടെ പതിനായിരങ്ങളെ ക്രിസ്തുവിന്റെ മധുരനുകത്തിനു കീഴിൽ കൊണ്ടുവരുവാൻ പര്യാപ്തമായ പരിത്യാഗങ്ങളും ക്ലേശങ്ങളും തിട്ടപ്പെടുത്തുവാൻ എല്ലാം അറിയുന്ന ദൈവത്തിനു മാത്രമേ സാധിക്കൂ. അയർലണ്ടിന്റെ മാനസാന്തരത്തിനുവേണ്ടി വി. പാട്രിക്ക് എന്തുമാത്രം ക്ലേശങ്ങൾ സഹിച്ചിരിക്കണം? ഇംഗ്ലണ്ടിനുവേണ്ടി വി. അഗസ്റ്റിനും ജർമ്മൻകാർക്കുവേണ്ടി വി. ബോനിഫസും ഹംഗേറിയക്കാർക്കുവേണ്ടി വി. സ്റ്റീഫനും സഹിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ക്ലേശങ്ങളും എത്രയധികമെന്ന് ആരറിയുന്നു. അന്യരാജ്യങ്ങളെ കീഴടക്കിയ സമ്രാട്ടുകൾക്കായി ലോകചരിത്രം അനേകം പേജുകൾ നീക്കിവയ്ക്കുന്നു. എന്നാൽ, ഒരു ഭൂഖണ്ഡം മുഴുവനും ആക്രമിച്ചു കീഴടക്കുന്നതിനെക്കാൾ എത്രയോ സമുന്നതവും മാഹനീയവുമായ വീരകൃത്യമാണ് ആത്മാക്കളെ കീഴടക്കുന്നതിനായി കത്തോലിക്കമിഷനറിമാർ ചെയ്യുന്ന പ്രവൃത്തികൾ!

പ്രശംസാർഹമായ ഈ സംഗതി വെറുതെ കണ്ടുവിടുക മാത്രമല്ല നാം ചെയ്യേണ്ടതു്. അതു നമുക്കു നല്കുന്ന തീക്ഷ്ണമായ മുന്നറിയിപ്പിനു നാം ചെവികൊടുക്കണം. സഹോദരരേ, നാം കത്തോലിക്കരാണെന്നുള്ളതിൽ നമുക്കു സന്തോഷമില്ലേ? അതിൽ നമുക്ക് അഭിമാനമില്ലേ? കൊള്ളാം. എന്നാൽ, വി. യോഹന്നാന്റെ വാക്കുകളിൽ, "സത്യത്തിന്റെ

സഹപ്രവർത്തകർ" (III യോഹ. 8). ആയിക്കൊണ്ടു നാം ദൈവത്തോടു നന്ദി കാണിക്കുന്നുണ്ടോ? നമ്മുടെ വിശുദ്ധ മതത്തിൻെറ പ്രചാരണത്തിനു നമുക്കും സഹകരിക്കാം.

ക്രിസ്തുനാഥൻെറ ഹൃദയാഭിലാഷത്തെ, അവിടുത്തേക്കു പ്രിയംകരമായ കാര്യത്തെ, പുരോഗമിപ്പിക്കുവാൻ നമുക്കെങ്ങനെ കഴിയും? പ്രാപ്തിയുണ്ടെങ്കിൽ നാം മിഷൻപ്രവർത്തനങ്ങൾക്കു സാമ്പത്തികസഹായം നല്കണം. ഇതിനു കഴിവില്ലാത്തപ്പോഴും മിഷനുവേണ്ടി നമുക്കു സദാ പ്രാർത്ഥിക്കാം. നിരവധി നന്മപ്രവൃത്തികൾ ചെയ്തു കാഴ്ചവയ്ക്കാം. സ്വാർത്ഥപരിത്യാഗം പരിശീലിക്കാം. ക്ലേശങ്ങൾ സന്തോഷത്തോടേ സഹിച്ചു കാഴ്ചവയ്ക്കാം. എല്ലാം ഈ ഒരു പരിശുദ്ധ നിയോഗത്തിനായി സമർപ്പിക്കുക: ക്രിസ്തുവിൻെറ തിരുസ്സഭ ലോകമെങ്ങും കൂടുതൽക്കൂടുതൽ വ്യാപിച്ച് അതിൻെറ കാതോലികസ്വഭാവം നിതരാം വ്യക്തമാക്കുന്നതിന്.

പ്രാധാന്യമർഹിക്കുന്ന മറെറാരു സംഗതികൂടി ഓർമ്മിക്കാനുണ്ട്. നമുക്കു നമ്മുടെതന്നെ ആത്മാക്കളുടെ മിഷനറിമാരായിരിക്കാം ക്രിസ്തുവിൻെറ രാജവാഴ്ച നമ്മിൽ ദൃഢതരമാകുവാൻവേണ്ടി നമുക്കു പണിയെടുക്കാം. ബാഹ്യമായി മാത്രമല്ല, ആന്തരികമായും നാം കത്തോലിക്കരായിരിക്കണം. നമ്മുടെ കത്തോലിക്കത്വം നിർജ്ജീവമായിപ്പോകാതെ അതിനെ ചൈതന്യംകൊണ്ടു നിറയ്ക്കണം.

സുപ്രസിദ്ധ റേഡിയോപ്രസംഗകനായ ഒരു ബ. വൈദികൻ തിരുസ്സഭയുടെ കാതോലികത്വത്തെക്കുറിച്ച് ഒരു ഞായറാഴ്ച പ്രസംഗിച്ചു.! അധികദിവസം കഴിഞ്ഞില്ല, ഇൻഡ്യക്കാരനായ ഒരു ഹിന്ദുവിൽ നിന്ന് അദ്ദേഹത്തിനൊരു കത്തു ലഭിച്ചു. വിജാതീയരെ മാനസാന്തരപ്പെടുത്തുവാൻ ക്രൈസ്തവർ ചെയ്യുന്ന പരിശ്രമങ്ങളെ കഠിനമായി എതിർത്തുകൊണ്ടുള്ളതായിരുന്നു ആ കത്ത്. കാരണം, അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ക്രിസ്ത്യാനികൾ ഹിന്ദുക്കളെക്കാൾ മോശമാണുപോലും. കത്തോലിക്കർ ഭൂരിപക്ഷംവരുന്ന പട്ടണങ്ങളി

ലേ സാമ്രാജ്യകാധപതനമത്രേ അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിച്ചതു്.

പ്രിയ സഹോദരരേ, അപ്രകാരമൊരു കത്തു വായിച്ചാൽ ദുഃഖം തോന്നാത്തതാർക്കാണു്? അങ്ങനെയൊരു കത്തെഴുതുവാൻ കാരണമെന്തു്? നമ്മിൽ വളരെപ്പേർ ബാഹ്യമായിമാത്രം കത്തോലിക്കരായതാണു കാരണം. കത്തോലിക്കർ എന്ന പരിശുദ്ധമായ നാമത്താൽ ഇവർ വിളിക്കപ്പെടുന്നു. എന്നാൽ, ഇവരുടെ ജീവിതം ആ നാമത്തിനുതന്നെ കളങ്കം വരുത്തുന്നു. കർത്താവിന്റെ വാക്കുകളനുസരിച്ച്, അല്പം പുളിപ്പ്, മാവു മുഴുവനേയും പുളിപ്പിക്കുന്നതുപോലെ, സുവിശേഷം മനുഷ്യന്റെ ജീവിതത്തിനു മുഴുവനായും പരിവർത്തനം വരുത്തണം. ഡോക്ടർമാർ "പുറമേ പുരട്ടുന്നതിനു" മാത്രമുള്ള കുഴമ്പുകൾ നല്കാറുണ്ടു്. എന്നാൽ, കത്തോലിക്കാസഭ 'പുറമേ പുരട്ടുന്നതിനുമാത്ര'മുള്ളതല്ല. അതു് ആന്തരിക മനുഷ്യനു പരിവർത്തനം വരുത്തണം; മനുഷ്യന്റെ സത്തയെ അകെ നവീകരിക്കണം.

ഇവിടെയാണു വേറൊരുകാര്യം വ്യക്തമാവുക: നാം ജീവനില്ലാത്ത കത്തോലിക്കരാകരുതു്. ജീവിക്കുന്നുവെന്നു സ്വയം വിശ്വസിക്കുകയും എന്നാൽ, മരിച്ചവരായിരിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളെപ്പററി വെളിപാടുപുസ്തകം പറയുന്നുണ്ടു്: "നീ ജീവിച്ചിരിക്കുന്നു എന്നു പേരുണ്ടെങ്കിലും നീ മരിച്ചിരിക്കുന്നു എന്നതും ഞാൻ അറിയുന്നു" (വെളി. 3: 1). വി. ലിഖിതത്തിലേ ഈ പ്രസ്താവം ഇന്നു വളരെപ്പേർക്കും അന്വർത്ഥമല്ലേ?

ദൈവം വെളിപ്പെടുത്തുകയും വി. കത്തോലിക്കാസഭ പഠിപ്പിക്കയും ചെയ്യുന്നതെല്ലാം വിശ്വസിച്ചുകൊണ്ടുമാത്രം നാം യഥാർത്ഥകത്തോലിക്കജീവിതം നയിക്കുന്നില്ല. അപ്പോൾ, ആരാണു യഥാർത്ഥ കത്തോലിക്കൻ? വിചിത്രശീർഷകമുള്ള ഒരു പുസ്തകം വി. അഗസ്റ്റിൻ രചിച്ചിട്ടുണ്ടു്: "ക്രൈസ്തവസമരം" (De Agone Christiano) ജീവിതം യഥാർത്ഥത്തിൽ ഒരു നിരന്തരസമരമാണു്. ആരോടു്? ലോക

ത്തോട്ടും നമ്മോടുതന്നേയും. സമരം ചെയ്യുന്നവർ മാത്രമാണു ജീവനുള്ള കത്തോലിക്കർ. നമ്മിൽ രണ്ടുലോകം തമ്മിൽ മല്ലടിക്കുന്നുണ്ട്. ദൈവത്തിങ്കലേക്കുള്ള ഓരോ കാല്വയ്പും നമുക്കു പ്രയാസമാണ്. നാം ദൈവത്തിങ്കലേക്ക് എത്രമാത്രം സമീപിക്കുമോ അത്രയ്ക്കും നമ്മുടെ മാംസവും രക്തവും കരയുകയും പ്രലപിക്കുകയും ചെയ്യും. അവയുടെ തന്നിഷ്ടം ഇനി നടക്കുവാൻപോകുന്നില്ലെന്ന് അവ മനസ്സിലാക്കുന്നു.

ഇവയെല്ലാം ചിന്തിക്കുമ്പോൾ, നമുക്കു പഠിക്കുവാൻ കഴിയും നമ്മുടെ കർത്താവിനു മന്ദഭക്തരായ കത്തോലിക്കരെപ്പററിയുള്ള അഭിപ്രായമെന്തെന്ന്. വിശ്വാസം പരിത്യജിക്കുന്നില്ലെങ്കിലും, അതു പരസ്യമായി ഏററുപറയുവാൻ ധൈര്യമില്ലാത്തവരേയും, ജനനക്കണക്കിൽ കത്തോലിക്കരാണെങ്കിലും ജീവിതത്തിൽ അതിന്റെ ലാഞ്ഛനപോലും കാണിക്കാത്തവരേയും ദിവ്യനാഥൻ അഭിനന്ദിക്കുമോ? "നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു. നീ ശൈത്യമുള്ളവനല്ല, ഉഷ്ണമുള്ളവനുമല്ല. നീ ശൈത്യമുള്ളവനോ ഉഷ്ണമുള്ളവനോ ആയിരുന്നെങ്കിൽകൊള്ളാമായിരുന്നു. ഇങ്ങനെ, നീ ഉഷ്ണമുള്ളവനാകാതേയും ശൈത്യമുള്ളവനാകാതേയും ശീതോഷ്ണമുള്ളവനായിരിക്കയാൽ ഞാൻ എന്റെ വായിൽനിന്നു നിന്നെ വമിച്ചുകളയുവാൻ പോകുന്നു" (വെളി. 3: 15, 16).

ഡാൻറി എന്ന ഇററാലിയൻ കവി ഭാവനയിൽ നരകത്തിലിറങ്ങി. നക്ഷത്രംപോലും തിളങ്ങാത്ത കൂരിരുട്ടിൽ ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുന്ന "നശിച്ച മനുഷ്യ"രുടെയിടയിൽ ആരെയാണദ്ദേഹം ആദ്യം ദർശിക്കുക? ലൂസിഫർ ദൈവത്തിനെതിരായി സ്വരമുയർത്തിയപ്പോൾ നിക്ഷ്പക്ഷത പാലിച്ച മാലാഖമാരെ! അവർ വിപ്ലവമുണ്ടാക്കിയില്ല. എന്നാൽ, ദൈവത്തിനുവേണ്ടി യുദ്ധം ചെയ്തുമില്ല. "ആരു ജയിക്കുമെന്നു കണ്ടിട്ടുമതി" എന്നവർ വിചാരിച്ചു. ഡാൻറി അവരെ നരകത്തിന്റെ മുൻപന്തിയിൽ നിറുത്തുന്നു. അവരുടെയടുത്തു തീർച്ചയായും കവി നിറുത്തുവാനാഗ്രഹിച്ചിരി

ക്കാവുന്ന ഒരു കൂട്ടരുണ്ടു്: ലോകത്തിൽ അവിശ്വാസികളായിരുന്നില്ലെങ്കിലും ചൈതന്യമുള്ള, തീക്ഷ്ണതയുള്ള കത്തോലിക്കരല്ലാതിരുന്നവർ, മന്ദഭക്തർ. ക്രിസ്തുനാഥന്റെ സത്യമതത്തെക്കുറിച്ച് അക്രൈസ്തവർക്കു തെററിദ്ധാരണയുണ്ടാക്കുന്നവർ ഇവരാണു്.

## കാത്തോലികത്വമെന്നാൽ എന്തല്ല?

കത്തോലിക്കത്വത്തെപ്പററിയുള്ള ചില തെററായ ധാരണകൾകൂടി തിരുത്താതെ നമ്മുടെ പഠനം പൂർണ്ണമാവില്ല. പ്രാകൃതികജീവിതത്തിൽ എല്ലാ ശക്തിയും വളർച്ചയും മിക്കവാറും സൂര്യനെ ആശ്രയിച്ചിരിക്കുന്നു. ആ സൂര്യനെ സ്വന്തമെന്നുപറഞ്ഞു കുത്തകയാക്കി വച്ചുകൊണ്ടിരിക്കുവാൻ ഒരു ജാതിക്കും വർഗ്ഗത്തിനും കഴിയുകയില്ല. അതുപോലെതന്നെ, ആത്മീയജീവൻ നല്കുന്ന സൂര്യനായ ക്രൈസ്തവമതം ഒരു ജാതിയുടെയോ രാജ്യത്തിന്റെയോ കുത്തകയല്ല. അതു ജാതിക്കും രാജ്യത്തിനും എല്ലാം അതീതമായി നിലകൊള്ളുന്നു. ദേശീയസഭയെപ്പററിയും മററും പറയുന്ന മനുഷ്യർ തുടക്കത്തിലേ ക്രിസ്തുവിന്റെ പ്രബോധനത്തോടു മല്ലിടുകയാണു്. ക്രിസ്തുവിന്റെ സത്യസഭ 'ദേശീയ'മായിരിക്കുക സാദ്ധ്യമല്ല. ഒരു ഹംഗേറിയൻസഭയോ ജർമ്മൻസഭയോ ചൈനീസ് സഭയോ ഇററാലിയൻസഭയോ ഇൻഡ്യൻസഭയോ ഒന്നും സംഭവ്യമേ അല്ല; ഒരു കത്തോലിക്കാസഭയുണ്ടു്, എല്ലാവർക്കും പൊതുവായ ഒരു സഭ. കത്തോലിക്കർ ഒരിക്കലും പറയുന്നില്ല, ഞങ്ങളുടേതു ഹംഗേറിയൻ മതമാണെന്നോ ഇംഗ്ലീഷ് മതമാണെന്നോ ഒന്നും. നമ്മുടേതു ക്രിസ്തുവിന്റെ മതമാണു്. മററൊന്നുമല്ല.

"അപ്പോൾ, നിങ്ങൾ കത്തോലിക്കർ അന്താരാഷ്ട്രീയരാണു്, അല്ലേ?" നാം പലപ്പോഴും കേൾക്കാറുണ്ടു് ഈ ആരോപണം. 'കത്തോലിക്ക'മായിരിക്കുക എന്നു വച്ചാൽ 'അന്താരാഷ്ട്രീയം' എന്നല്ല, രാഷ്ട്രാതീതം, അഥവാ, 'രാഷ്ട്രീയപരിഗണനകൾക്കു ഉപരിയായ' എന്നത്രേ അർത്ഥം. ക്രിസ്തു

വിൻെറ മതം ഒരു രാജ്യത്തിൻേറതോ ഒരു ജാതിയുടേതോ മാത്രമല്ല, പ്രത്യുത, മനുഷ്യകുലം മുഴുവൻേറതുമാണ്. ഗ്രീക്കു സംസ്കാരം ഗ്രീക്കുകാരുടേതുമാത്രമായിരുന്നു. യഹൂദമതം യഹൂദജാതിക്കുമാത്രം. കൺഫ്യൂഷ്യനിസം ചൈനക്കാർക്കു മാത്രം. എന്നാൽ, ക്രിസ്തുവിൻെറ മതം എല്ലാവർക്കുമുള്ളതാണ്. ഇതാണു തിരുസ്സഭയുടെ രാഷ്ട്രാതീതത്വം.

ഒരു കാര്യംകൂടി നാം മനസ്സിലാക്കണം. തിരുസ്സഭയുടെ ഈ രാജ്യാതീതത്വം ഓരോ രാജ്യത്തിനുമുള്ള അതിൻേറതായ പ്രത്യേകതകളേയും സ്വാഭാവികമൂല്യങ്ങളേയും മായിച്ചുകളയുന്നില്ല. വിവിധ തരത്തിലുള്ള ജനങ്ങളും വംശങ്ങളും രാജ്യങ്ങളും ഉള്ളതു സൃഷ്ടികർത്താവിൻെറ പരിപാടിയനുസരിച്ചതാണ്. ഇതു മാററിമറിക്കുവാൻ തിരുസ്സഭ ആഗ്രഹിക്കുകയില്ല. മറിച്ച്, ഓരോ രാജ്യത്തേയും അതതിൻെറ മൂല്യങ്ങളും സ്വരാജ്യസ്നേഹവും വികസിപ്പിക്കുവാൻ അവ സഹായിക്കുന്നു. എനിക്കു സർവ്വോൽകൃഷ്ടനായ സ്വരാജ്യസ്നേഹിയായിരിക്കുകയും, അതേസമയം, സർവ്വോൽകൃഷ്ടനായ ക്രിസ്ത്യാനിയായിരിക്കുകയും ചെയ്യാം. അതുപോലെ, വേറൊരാൾക്ക് അയാളുടെ രാജ്യത്തിൻെറ കിടയററ പ്രജയും, അതേസമയം, കത്തോലിക്കാസഭയുടെ കഴിവുററ അംഗവുമായിരിക്കാം.

ഒരു വലിയ വനം നോക്കുക. എത്ര തരത്തിലുള്ള വൃക്ഷങ്ങളുണ്ടതിൽ. ഇവിടെ ഒരു വലിയ തേക്ക്, ഒരു തമ്പകം, അവിടെ കുററിക്കാടുകൾ, പുല്ല്, പൂച്ചെടികൾ; ഓരോന്നിനും പ്രകൃതിജീവിതത്തിൽ അതിൻേറതായ പങ്കു വഹിക്കുവാനുണ്ട്. ഓരോന്നിനും പ്രത്യേകതരം വളർച്ചയും പ്രത്യേകതരം ഇല, പൂവ്, കായ് ഇവയുമാണുള്ളത്. എന്നാൽ, അവയെല്ലാം ഉപരിയായി, ജീവൻ നല്കുന്ന ഒരു സൂര്യൻമാത്രം, ഓരോന്നിനേയും അതതിൻെറ കടമ നിർവഹിക്കുന്നതിൽ സഹായിച്ചുകൊണ്ടു നിലകൊള്ളുന്നു. ഇപ്രകാരംതന്നെ, തിരുസ്സഭ ലോകത്തിലേ എല്ലാ ജനങ്ങളുടേയുംമേൽ ക്രിസ്തുവിൻെറ പ്രബോധനമാകുന്ന വെളിച്ചം വീശിക്കൊണ്ട് അവരെയെല്ലാം കത്തോലിക്കവിശ്വാസമാകുന്ന ഒരേ ചരടിൽ കോർത്തിണക്കുന്നു.

അടിസ്ഥാനരഹിതമായി ചിലർ ചോദിക്കാറുണ്ട്: "കത്തോലിക്കർ സർവ്വപ്രഥമമായി സ്വരാജ്യസ്നേഹികളോ കത്തോലിക്കരോ? ഏതിനെയാണു നിങ്ങൾ കൂടുതൽ സ്നേഹിക്കുക, മാതൃരാജ്യത്തെയോ കത്തോലിക്കാസഭയെയോ?" ഈ ചോദ്യം അർത്ഥമില്ലാത്തതും അനാവശ്യകവുമാണ്. "ആരെയാണു നിങ്ങൾ കൂടുതലായി സ്നേഹിക്കുക, അപ്പനെയോ അമ്മയെയോ? ഏതു കാലു മുറിച്ചുകളയുവാനാണു താങ്കൾ ആഗ്രഹിക്കുന്നത്, വലത്തുകാലോ ഇടത്തു കാലോ?" ഇങ്ങനെയെല്ലാമുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയണമോ? ഞാനെന്റെ മാതാവിനേയും പിതാവിനേയും ഒരു പോലെ സ്നേഹിക്കുന്നു. എന്റെ ഒരുകാലും മുറിച്ചുകളയുവാൻ ഞാൻ സമ്മതിക്കുകയില്ല.

കഴമ്പില്ലാത്ത മനുഷ്യർ ചിലപ്പോൾ പറയാറുണ്ട്: "കത്തോലിക്കരായ നിങ്ങൾ യഥാർത്ഥത്തിൽ സ്വരാജ്യസ്നേഹികളല്ല. കാരണം, നിങ്ങളുടെ നായകനായ മാർപ്പാപ്പാ വിദേശിയാണ്". "തീർച്ചയായും, മാർപ്പാപ്പതിരുമേനി എന്റെ നാട്ടുകാരനല്ല. യേശുക്രിസ്തുവും എന്റെ നാട്ടുകാരനല്ലായിരുന്നല്ലോ? എന്നാലും, ക്രിസ്തു എന്റെ നാഥനായതിൽ എനിക്കു ലജ്ജയൊട്ടുമില്ല. അവിടുത്തെ പ്രതിപുരുഷനായ റോമാമാർപ്പാപ്പ വിദേശിയായതിലും എനിക്കൊട്ടും ലജ്ജിക്കാനില്ല. ഫ്രഞ്ചുസിൽക്കുപയോഗിക്കുന്നതോ ടർക്കിസിഗററ്റു വലിക്കുന്നതോ സ്പാനിഷ് മുന്തിരിങ്ങാ തിന്നുന്നതോ ആഫ്രിക്കൻഈന്തപ്പഴം ഭക്ഷിക്കുന്നതോ സ്വരാജ്യസ്നേഹത്തിന്റെ കുറവായി ആരും പരിഗണിക്കുന്നില്ല. മതപരമായ കാര്യങ്ങളിൽ ക്രിസ്തുനാഥൻ തന്റെ തിരുസ്സഭയുടെ തലവനായി നിയമിച്ച റോമ്മാമാർപ്പാപ്പായോടു നാം വിശ്വസ്തതകാണിച്ചാൽ അതിൽ എന്താണു പിശക്? അതു സ്വരാജ്യസ്നേഹത്തിനെതിരാകുമോ?

തിരുസ്സഭയോടും ദൈവനിർദ്ദിഷ്ടനായ അതിന്റെ പരമാധികാരിയോടും നാം എന്തുമാത്രം നന്ദിയുള്ളവരായിരിക്കു

ണം. നമ്മോടു കാണിക്കുന്ന പൈതൃകസ്നേഹത്തിനും നമ്മെ പഠിപ്പിക്കുന്ന സഹോദരസ്നേഹത്തിനും ധാർമ്മികമര്യാദകൾക്കും നാം കൃതജ്ഞത കാണിക്കാനുണ്ടു്. നമ്മുടെ കരങ്ങളെ നിർമ്മലമായും ഹൃദയങ്ങളെ നിഷ്കളങ്കമായും സൂക്ഷിക്കുന്നതിനും നാം സഭയുടെ പരമാധികാരിയോടു കടപ്പെട്ടിരിക്കുന്നു. നമ്മുടെ ഇടയിൽ നീതിയുടേയും വൈവാഹികപരിശുദ്ധിയുടേയും ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കത്തിൻെറയും ചൈതന്യം പുലർത്തുന്നതിനു നാം എന്തു പ്രതിപകരം നല്കിയാൽ മതിയാവും! നീതിനിഷ്ഠയും സാന്മാർഗ്ഗികതയും കർത്തവ്യബോധവും ഉള്ളവരായിരിക്കുവാൻ നമ്മെ അഭ്യസിപ്പിക്കുന്നതിനെപ്രതിയും നാം എങ്ങനെ കൃതജ്ഞത പറയണം!

പീരങ്കികളും യന്ത്രത്തോക്കുകളുംകൂടാതെതന്നെ ഒരു ജനപദത്തിനു വിജയപ്രദമായി ജീവിച്ചുപോകാമെന്നു നാം മറക്കരുതു്; എന്നാൽ, ധാർമ്മികമൂല്യങ്ങളും അഭിമാനബോധവും വിശ്വസ്തതയും ജോലിയിലുള്ള താത്പര്യവും കൂടാതെ അതിനു നിലനില്ക്കുവാൻ കഴിയുകയില്ല. ഇവയെല്ലാം നമ്മെ പഠിപ്പിക്കുന്നതും നിലനിറുത്തിക്കൊണ്ടുപോകുന്നതും നമ്മുടെ പരിശുദ്ധ കത്തോലിക്കസഭയാണു്.

എൻെറ കത്തോലിക്കവിശ്വാസത്തെപ്പററി ഞാൻ ലജ്ജിക്കേണ്ടതില്ല. പ്രത്യുത, ആ നാമത്തിൽ ഞാൻ അഭിമാനംകൊള്ളണം. വി. സിപ്രിയനോടുകൂടെ നാം നിരന്തരം ഉദീരണം ചെയ്യണം: "എൻെറ പേരു ക്രിസ്ത്യാനിയെന്നാണു്. വീട്ടുപേരു കത്തോലിക്കനെന്നും." പ്രിയ സഹോദരരേ, വിശ്വാസപ്രമാണത്തിൽ നാം ചൊല്ലുന്നുണ്ടു്, "പരിശുദ്ധ കത്തോലിക്കസഭയിലും ഞാൻ വിശ്വസിക്കുന്നു" എന്നു്. എന്നാൽ, ഒരു കത്തോലിക്കനായിരിക്കുക എന്നതിൻെറ ശരിയായ അർത്ഥമെന്തെന്നു വേണ്ടവണ്ണം ഗ്രഹിക്കുവാൻ നാം പരിശ്രമിക്കുന്നുണ്ടോ?

ഒരു കത്തോലിക്കനായിരിക്കുക എന്നു വച്ചാൽ എന്താ

ണ്? ക്രിസ്തുവിന്റെ മൗതികശരീരത്തിലും, അവിടുത്തെ തിരുഹൃദയം തന്റെ വിശുദ്ധസഭയിലേക്കു ചിന്തുന്ന ജീവദായകശക്തിയിലും ഞാൻ ഭാഗമാക്കാകുന്നുവെന്നാണതിന്റെ അർത്ഥം; ഈ ലോകത്തിൽ, നമ്മുടെയിടയിൽ നിത്യമായി അധിവസിക്കുന്ന-തിരുസ്സഭയിൽ സന്നിഹിതനായിരിക്കുന്ന-ക്രിസ്തുവിനോടുകൂടെ ജീവിക്കുകയെന്നാണതിന്റെ അർത്ഥം! സങ്കീർത്തകൻ ദൈവത്തോടു പറഞ്ഞ വാക്കുകൾ തിരുസ്സഭയെപ്പററിയും നമുക്ക് ഉപയോഗിക്കാമെന്നാണ് അതിന്റെ അർത്ഥം:"സഭ എന്നെ ഭരിക്കുന്നു; അതുകൊണ്ടു്, എനിക്കു യാതൊന്നും പോരാതെ വരികയില്ല. അവൾ എന്നെ ഭക്ഷ്യസമൃദ്ധമായ ഒരു സ്ഥലത്താക്കി: ദാഹം ശമിപ്പിക്കുന്ന ജലത്തിനരികെ അവൾ എന്നെ കൊണ്ടുവന്നു: അവൾ എന്റെ ആത്മാവിനെ മാനസാന്തരപ്പെടുത്തി. നീതിയുടെ വഴിയേ അവൾ എന്നെ ആനയിച്ചു...... മരണത്തിന്റെ നിഴലിനു മദ്ധ്യേ എനിക്കു നടക്കണമെങ്കിലും ഞാൻ ഒരു തിന്മയും ഭയപ്പെടുകയില്ല; എന്തുകൊണ്ടെന്നാൽ അവൾ എന്നോടുകൂടിയുണ്ടു്" (സങ്കീ. 22)

ജെനീവായിലെ മഹാനായ കർദ്ദിനാൾ മെർമില്ലോഡിന്റെ ശവകുടീരത്തിൽ ഇപ്രകാരം ആലേഖനം ചെയ്തിട്ടുണ്ട്: "DILEXIT ECCLESIAM" (ഇദ്ദേഹം തിരുസ്സഭയെ സ്നേഹിച്ചു). ഞാനും തിരുസ്സഭയെ സ്നേഹിക്കുന്നുണ്ടോ? ഞാൻ സഭാമാതാവിന്റെ ഒരു നല്ല മകനാണോ? അമ്മയെപ്പററി ദൂഷണം പറയുന്നതിനോ ബഹുമാനമില്ലാതെ വിമർശിക്കുന്നതിനോ ഒരു നല്ല മകൻ ആരേയും അനുവദിക്കുകയില്ല. മാതാവിന്റെ കല്പനകളെ ഒരു നല്ലപുത്രൻ നിരാകരിക്കുകയില്ല. ഒന്നൊഴിയാതെ, ഒഴികഴിവുപറയാതെ അവയെല്ലാം അനുസരിക്കുന്നു. തിരുസ്സഭാമാതാവിനെ ഇപ്രകാരം അനുസരിക്കുവാൻ ഞാൻ തീർച്ചചെയ്യുന്നു. അതേ, അവളെ ഞാൻ അനുസരിക്കും. അവളുടെ പാർശ്വത്തിൽനിന്നു ധൈര്യസമേതം ഞാൻ സമരംചെയ്യും. ഭയരഹിതനായും ആത്മാഭിമാനമുള്ളവനായും ഞാൻ പ്രഖ്യാപിക്കും, "ഞാനൊരു കത്തോലിക്കനാണു്" എന്നു്.

അഞ്ചാം അദ്ധ്യായം

# ക്രിസ്തുവിൻെറ തിരുസ്സഭ അപ്പസ്തോലികമാകുന്നു.

ഇംഗ്ലണ്ടിലെ ഫ്രഞ്ചു് അംബാസിഡർ ആയിരുന്ന ഒരു കത്തോലിക്കൻ ലണ്ടനിൽ വച്ചു ഗുരുതരമായി രോഗിയായി. സ്നേഹിതർ അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നു. ആംഗ്ലിക്കൻ സ്നേഹിതരിലൊരാൾ അദ്ദേഹത്തോടു ചോദിച്ചു: "ഇവിടെ വച്ചു മരിക്കുന്നതിൽ അങ്ങേക്കു വിഷമമില്ലേ? ഇവിടെ അങ്ങു സംസ്കരിക്കപ്പെടുകയാണെങ്കിൽ ഈ പ്രോട്ടസ്റ്റൻറുകാരുടെ മദ്ധ്യേ എന്നും കിടക്കേണ്ടിവരില്ലേ?" ഉത്തരം കുറിക്കുകൊണ്ടു: "എനിക്കൊട്ടും ഭയമില്ല എൻെറ ശവക്കുഴി സാധാരണക്കാരുടേതിൽ നിന്നു കുറെക്കൂടി താഴ്ത്തി മാന്തുവാൻ ഞാൻ ശിപാർശ ചെയ്യും. അവിടെ ഞാൻ കത്തോലിക്കരോടുകൂടിയായിരിക്കും." അടുത്തകാലത്തു വീണ പുതുമണ്ണിൽ മാത്രമേ പ്രോട്ടസ്റ്റൻറു് സഭക്കാർ സംസ്കരിക്കപ്പെട്ടിട്ടുള്ളൂ. അതിനുമുൻപു കത്തോലിക്കാസഭയേ ഉണ്ടായിരുന്നുള്ളൂ. നല്ല ഉത്തരം! ഇന്നു ക്രൈസ്തവനാമം ധരിക്കുന്ന മുന്നൂറിൽപ്പരം സഭകളുണ്ടു്. ക്രിസ്തു തങ്ങൾക്കു സ്വന്തമെന്നാണു് എല്ലാവരും അവകാശപ്പെടുക. എന്നാൽ, ചരിത്രത്തിൽ കുറെ ആഴത്തിൽ കുഴിച്ചു് ഇറങ്ങിച്ചെന്നാൽ നാം എല്ലായിടത്തും കാണുന്നതു കത്തോലിക്കാസഭ മാത്രം. 500-കൊല്ലം മുൻപുവരെ ചെന്നാൽ 300-സഭകൾ കാണുകയില്ല. രണ്ടേ രണ്ടു സഭ: മാർപ്പാപ്പതിരുമേനിയോടു് ഐക്യം പുലർത്തിയ കത്തോലിക്കരും, ഐക്യം പുലർത്താത്ത ഗ്രീക്കു് ഓർത്തഡോക്സുകാരും. 1000-കൊല്ലം പുറകോട്ടു പോയി നോക്കുക. ഒരു ക്രൈസ്തവസഭ മാത്രം. തലവനായ മാർപ്പാപ്പയുടെ കീഴുള്ള കത്തോലിക്കാസഭ. പുറകോട്ടെന്നിയാൽ 1900-ൽപ്പരം വർഷ

ങ്ങൾ വേണം ക്രിസ്തുവിലും അവിടുത്തെ അപ്പസ്തോലന്മാരിലും ചെന്നുചേരുവാൻ. അതിൽ ആയിരം കൊല്ലങ്ങൾക്കപ്പുറം ഉണ്ടായിരുന്നവെന്ന പറയുവാൻ കത്തോലിക്കാസഭ മാത്രമേയുള്ളു. ഇന്നു് ഏതാണ്ടു് 500000-കത്തോലിക്കാവൈദികന്മാരുണ്ടു്. അവരിൽ ഓരോരുത്തനും വൈദികത്വം സ്വീകരിച്ചതു തന്റെ മെത്രാനിൽനിന്നാണു്. ഒരു മെത്രാൻ വേറൊരു മെത്രാനിൽനിന്നു്. അങ്ങനെ പുറകോട്ടു് അപ്പസ്തോലന്മാർവരെ നീണ്ടുകിടക്കുന്ന ഒരു ശൃംഖല! 263-ാമത്തെ മാർപ്പാപ്പയാണു നമ്മെ ഇപ്പോൾ ഭരിക്കുന്നതു്. അദ്ദേഹത്തിന്റെ അധികാരം ആദ്യത്തെ പാപ്പയായ വി. പത്രോസുവരെ പൊട്ടാത്ത ശൃംഖലയാൽ ബന്ധിതമാണു്. ഈ അപ്പസ്തോലികത്വമാണു ക്രിസ്തുവിന്റെ തിരുസ്സഭയുടെ നാലാമത്തെ ലക്ഷണം.

## തിരുസ്സഭയുടെ അപ്പസ്തോലികത്വം.

അപ്പസ്തോലികത്വത്തിനു മൂന്നു് അർത്ഥമാകാം. ഒന്നു്, നമ്മുടെ ഇന്നത്തെ മെത്രാന്മാരും വൈദികന്മാരും അപ്പസ്തോലന്മാരുടെ പിൻഗാമികളാണെന്നു്. രണ്ടു്, സഭയുടെ ഇന്നത്തേ പ്രബോധനം അപ്പസ്തോലികസഭയുടെ പ്രബോധനംതന്നെയെന്നു്. മൂന്നു്, നമ്മുടെ ക്രൂദാശകൾ അപ്പസ്തോലിക തിരുസ്സഭയുടേതു തന്നെയെന്നു്.

അപ്പസ്തോലികപദം ആദ്യമായി കുറിക്കുന്നതു്, നമ്മുടെ സഭയുടെ ഇന്നത്തെ തലവന്മാർ അപ്പസ്തോലന്മാരുടെ അനന്തരഗാമികളെന്നത്രേ. ക്രിസ്തുനാഥൻ തന്റെ തിരുസ്സഭയുടെ ഭരണഭാരം പത്രോസിനെ ഭരമേല്പിച്ചു. പത്രോസു് റോമയിൽവച്ചു കാലം ചെയ്തു. റോമയുടെ മെത്രാന്മാരായ റോമാ മാർപ്പാപ്പമാർ പത്രോസിന്റെ ശരിയായ അനന്തരാവകാശികളായി ഇടമുറിയാതെ പിൻതുടന്നുപോരുന്നു. ഇതെല്ലാം അനിഷേധ്യമായ ചരിത്രസത്യങ്ങളാണു്. ക്രിസ്തുനാഥൻ പത്രോസിനു് "സ്വർഗ്ഗത്തിന്റെ

താക്കോലുകൾ" അഥവാ, തിരുസ്സഭയിൽ ഏററവും ഉയന്ന അധികാരം നല്കി. ഈ താക്കോലുകൾ 1900–വർഷങ്ങളായി 262 മാർപ്പാപ്പമാരുടെ കൈകളിൽ കയറിയിറങ്ങി; അതു് അവസാന വിധിദിവസം ക്രിസ്തുനാഥൻ തന്റെ അവസാനത്തെ മാർപ്പാപ്പയിൽനിന്നു് അധികാരം തിരിയെ എടുക്കുന്നതുവരെ തുടരുകയും ചെയ്യും. അതുകൊണ്ടു്, ഭാഗ്യമോടെ വാഴുന്ന പരി: പിതാവു വി: പത്രോസിന്റെ ശരിയായ അനന്തരാവകാശിയാണു്. മാർപ്പാപ്പമാർ പത്രോസിന്റെയെന്നപോലെ, മെത്രാന്മാർ മററു് അപ്പസ്തോലന്മാരുടെ അനന്തരാവകാശികളാണു്. "...എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (വി. യോഹ: 20: 21) എന്നു ക്രിസ്തുനാഥൻ അപ്പസ്തോലന്മാരോടു് അരുളിച്ചെയ്തു. അപ്പസ്തോലന്മാർ ഈ അധികാരം മെത്രാന്മാക്കു നല്കിയെന്നു് വി: പൗലോസിന്റെ ലേഖനങ്ങൾ ആവർത്തിച്ചു പ്രസ്താവിക്കുന്നുണ്ടു്. (1 തിമോ. 5: 22; II തിമോ. 1: 6) ഇടമുറിയാത്ത കൈവയ്പുമൂലം ഓരോ മെത്രാന്റേയും അധികാരം അപ്പസ്തോലന്മാരിൽനിന്നാണു വരുന്നതു്. ഗുരുപ്പട്ടം നല്കുന്ന അവസരത്തിൽ മെത്രാൻ അർത്ഥിയുടെ തലയിൽ കരങ്ങൾ വയ്ക്കുന്നു. സഭാദ്ധ്യക്ഷന്മാരുടെ അധികാരം അപ്പസ്തോലന്മാരിൽനിന്നും, അവർവഴി ക്രിസ്തുവിൽനിന്നും വരുന്നുവെന്നു പറയുന്നതിന്റെ വാസ്തവം ഇവിടെ വെളിവാകുന്നു. "...എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." (വി. യോഹ. 20: 21.)

തിരുസ്സഭയുടെ അപ്പസ്തോലികത്വത്തിന്റെ അർത്ഥമിതാണു്: ക്രിസ്തുനാഥൻ തന്റെ അധികാരം അപ്പസ്തോലന്മാരിൽ നിക്ഷേപിച്ചു. അതുകൊണ്ടു്, ആ അധികാരം ഒരു സഭയിൽ മാത്രമേയുള്ളൂ. യാതൊരു സഭയുടെ മെത്രാന്മാരും വൈദികന്മാരും തങ്ങളുടെ അധികാരം അപ്പസ്തോലന്മാരിൽനിന്നു സ്വീകരിക്കുന്നുവോ, ആ സഭയിൽ മാത്രം. കത്തോലിക്കാ സഭയിലേ

മെത്രാന്മാരും വൈദീകന്മാരും തങ്ങളുടെ വൈദികാധികാരം ഇട മുറിയാതെ മുൻഗാമികളിൽനിന്നു സ്വീകരിക്കുന്നു. ഈ ശൃംഖല അപ്പസ്തോലന്മാർവരെ അഭംഗം ചെന്നെത്തുന്നുമുണ്ട്.

ഒരു വലിയ സത്യം ഇവിടെ വ്യക്തമാണ്: നമ്മുടെ തിരുസ്സഭയുടെ ചരിത്രം അപ്പസ്തോലന്മാരിൽ ആരംഭിക്കുന്നുവെന്ന്. ക്രിസ്തുവിൻെറ സത്യസഭയുടെ ചരിത്രം ക്രിസ്തുനാഥൻ മുതൽ ഉള്ളതായിരിക്കണമെന്ന് അവകാശപ്പെടുക ധാർഷ്ട്യമല്ല; നീതി മാത്രമാണ്; സത്യം മാത്രമാണ്. 1900-ൽപ്പരം വത്സരങ്ങൾ മുമ്പ് ഉത്ഥാനംചെയ്ത ക്രിസ്തു തൻെറ അപ്പസ്തോലന്മാരോടു കല്പിച്ചില്ലേ, "നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിക്കുവിൻ" എന്ന്. അതുകൊണ്ട്, ഒന്നു വ്യക്തം: ക്രിസ്തുവിൻെറ സഭയ്ക്കു 1900-ൽപ്പരം വർഷങ്ങൾ പ്രായമുണ്ടായിരിക്കണം.

ഇന്നു ഭൂമുഖത്തുള്ള മുന്നൂറോളം ഭിന്നസഭകളോടു ചോദിക്കുക, ക്രിസ്തുവിൻെറ സ്വന്തമെന്നവകാശപ്പെടുന്ന നിങ്ങൾക്ക് 1900 വർഷത്തേ പാരമ്പര്യത്തിൽ അഭിമാനിക്കാമൊ എന്ന്. കത്തോലിക്ക സഭയൊഴിച്ചു മറ്റെല്ലാ സഭകളും നിഷേധരൂപത്തിലായിരിക്കും ഉത്തരം നല്കുക.

എല്ലായിടത്തും പുതിയപുതിയ ക്രൈസ്തവവിഭാഗങ്ങൾ ഉയർന്നുവരികയാണ്. അവ ഓരോന്നും കുഴഞ്ഞുമറിഞ്ഞതും പരസ്പരവിരുദ്ധവുമായ പ്രബോധനങ്ങളാൽ യഥാർത്ഥ ക്രൈസ്തവമതത്തിൻെറ ബഹുമതിക്കു വലിയ ഹാനി വരുത്തുന്നു. ബാപ്റ്റിസ്റ്റ് സഭക്കാർ, മെതഡിസ്റ്റുകൾ, അഡ്വെൻറിസ്റ്റുകൾ, ക്വേക്കർ സഭക്കാർ, ഷേക്കർ വിഭാഗം—മുന്നൂറു പേരുകളും പറയുവാൻ ആർക്കു കഴിയും! ഓരോന്നിനോടും വയസ്സു ചോദിക്കുക. ആറു മാസം, മുപ്പതു്, നാല്പതു്, അൻപതു്, ഇരുന്നൂറു—കൊല്ലം എന്നവർ പറയും. ക്രിസ്തുവിൻെറ സത്യസഭയ്ക്കുമാത്രം 1900-ത്തിൽപരം വത്സരങ്ങൾ.

പതിനാറാം നൂററാണ്ടിലേ കൊടുങ്കാററിൽ തിരുസ്സഭാതരുവിൽനിന്നു ചീന്തിപ്പോയ വിഭാഗങ്ങളോടു ചോദിക്കുക, "എത്ര നാളായി ഉണ്ടായിട്ട്" എന്നു്. "നാനൂറു കൊല്ലം." അത്രേ ആയുള്ളോ? അതു പോരല്ലോ; ക്രിസ്തുവിൻെറ സത്യസഭയ്ക്കു് 1900-ൽപ്പരം വർഷങ്ങൾ പ്രായം വേണം. "പതിനൊന്നാം ശതകത്തിൽ റോമിൽനിന്നു വിട്ടുപോയ ഗ്രീക്കു് ഓർത്തഡോക്സ് സഭയോടു ചോദിക്കുക: "എത്ര വയസ്സുണ്ടു്?" "ആയിരം." "ആയിരമോ? അതു പോരാ." ഇതാ, കത്തോലിക്കാസഭയോടു ചോദിക്കു; അവൾ മാത്രം ധൈര്യസമേതം പറയും: "എനിക്കു് 1900-നു മേൽ വയസ്സുണ്ടു്."

തെർത്തുല്യൻ രണ്ടാം നൂററാണ്ടിൽ പറഞ്ഞതു മാത്രമേ നമുക്കും പറയാനുള്ളു: "തിരുസ്സഭ അപ്പസ്തോലന്മാരിൽനിന്നു വരുന്നു; അപ്പസ്തോലന്മാർ ക്രിസ്തുവിൽനിന്നു്; ക്രിസ്തു ദൈവത്തിൽനിന്നു്." (De Praescriptione, 37.)

സ്റ്റോൾബർഗ്ഗ് (Stolberg) പ്രഭു കത്തോലിക്കാസഭയിലേക്കു തിരിച്ചുവന്നപ്പോൾ ഒരു ജർമ്മൻ രാജകുമാരൻ പറഞ്ഞു: "മതം മാറുന്ന മനുഷ്യരെ എനിക്കു വെറുപ്പാണു്." പ്രഭു മറുപടി പറഞ്ഞു: "എനിക്കും അതുപോലെതന്നെ. എൻെറ പൂർവ്വികർ തങ്ങളുടെ പുരാതനമായ മതം മാറാതിരുന്നെങ്കിൽ അതിലേക്കു തിരിച്ചുമാറേണ്ട ആവശ്യം എനിക്കുണ്ടാകുമായിരുന്നില്ല."

കത്തോലിക്കാസഭ ഇന്നു പഠിപ്പിക്കുന്നതു് ആദിയിൽ അപ്പസ്തോലന്മാർ പഠിപ്പിച്ചവതന്നെയെന്നും അപ്പസ്തോലികത്വം അർത്ഥമാക്കുന്നു. റോമിലേ അന്തർഭൗമാലയങ്ങളെപ്പററി കേട്ടിട്ടുണ്ടായിരിക്കും. ഭൂമിക്കടിയിലൂടെ അനേകം മൈൽ നീണ്ടു കിടക്കുന്ന സങ്കേതങ്ങളാണവ. അവയിലാണു് ആദിമക്രിസ്ത്യാനികൾ മർദ്ദകരിൽനിന്നു് ഒളിച്ചോടി രക്ഷപ്പെട്ടിരുന്നതു്. കോൾമയിർക്കൊള്ളിക്കുന്ന ഈ ഭൂഗർഭാലയങ്ങൾ ഒന്നു സന്ദർശിക്കുക.

കത്തോലിക്കാസഭ ഇന്നു പഠിപ്പിക്കുന്ന വിശ്വാസം അപ്പസ്തോലികകാലത്തേതുതന്നെയെന്നറിയുവാൻ പിന്നെ തെളിവൊന്നും ആവശ്യമില്ല. അവിടെയുള്ള ഓരോ കല്ലും ഓരോ ശവകുടീരവും ഭിത്തികളിൽ ആലേഖിതമായ ഓരോ വിശുദ്ധ ചിത്രവും ഇന്നത്തെ കത്തോലിക്കാസഭയുടെ ആരംഭത്തെ വിളിച്ചറിയിക്കുന്നുണ്ട്.

വി: പൗലോസിൻെറ ശക്തിയുക്തമായ വാക്കുകൾ നമുക്കു ഭയം നല്കുന്നില്ല: "എന്നാൽ, ഞങ്ങൾ നിങ്ങളോട്ട് അറിയിച്ചുവിട്ട ഞങ്ങൾതന്നെയാകട്ടെ, സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖയാകട്ടെ നിങ്ങളോട്ട് അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ." (ഗലാ. 1: 8). ഇന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നതെന്താണ്? വിശ്വാസപ്രമാണത്തിൽ അതു കാണാം. അതു തന്നെയാണ് ആദിമസഭയും പ്രബോധിപ്പിച്ചത്. കാരണം, ക്രിസ്തുവിൻെറ അപ്പസ്തോലന്മാർ പ്രസംഗിച്ച സുവിശേഷങ്ങളിലെ പ്രബോധനം ഇവതന്നെയാണ്. ഇപ്പോഴത്തെ തിരുസ്സഭയുടെ പ്രബോധനം സാരാംശത്തിൽ അപ്പസ്തോലികകാലത്തേതുതന്നെ. വിശ്വാസവിഷയങ്ങളിൽ ആദിമസഭയിൽ കാണാത്ത വിധത്തിലുള്ള ക്രോഡീകരണവും വിശദീകരണവും ഇന്നുണ്ട്. ദിവ്യകർമ്മപരിപാടികളിൽ വ്യത്യാസങ്ങളുണ്ട്. പുതിയപുതിയ ഭക്ത്യഭ്യാസങ്ങളും ആദ്ധ്യാത്മികാശയങ്ങളും രൂപംകൊണ്ടിട്ടുണ്ട്. എന്നാൽ, ഇവയെല്ലാം അപ്പസ്തോലിക പ്രബോധനങ്ങളുടെ സ്വാഭാവികമായ വളർച്ച് മാത്രമാണ്. നൂറു വയസ്സായ ഒരു തേക്കുമരം അതു മുളച്ച ചെറിയ വിത്തിൽനിന്ന് എത്രമാത്രം വ്യത്യസ്തമാണൊ, അത്രയും വ്യത്യാസമേ ആദിമസഭയും ആധുനിക കത്തോലിക്കാസഭയും തമ്മിലുള്ളു. നമ്മുടെ കർത്താവുതന്നെ ഇതു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചെറിയ കടുകുമണിയിൽനിന്നു വൻവൃക്ഷം വളരുകയും ആകാശത്തിലെ പറവകൾ-അതായത്, മനുഷ്യർ-അതിൽ ആനന്ദത്തോടേ വിശ്രമിക്കുകയും ചെയ്യുന്നതായി വിവരിക്കുന്ന അന്യാപദേശംവഴി അവിടുന്നിതാണു വ്യക്ത

മാക്കിയതു്. നമുക്കു ചുററും എല്ലാം പരിവത്തനവിധേയമാകു മ്പോഠം, ക്രിസ്തുവിൻെറ പ്രബോധനത്തെ പരിവത്തനവും തെ ററും വ്യതിചരണവും കൂടാതെ സംരക്ഷിക്കുകയാണു് അപ്പസ്തോലികമായ കത്തോലിക്കാസഭ ചെയ്യുക. കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ട ഒരു വനിതയോടു് ഒരു അകത്തോലിക്കാസ്നേഹിതൻ പറഞ്ഞു: "എൻെറ പിതാക്കന്മാരുടെ വിശ്വാസത്തിൽ മരണംവരെ ഉറച്ചുനില്ക്കുവാൻ ഞാനാഗ്രഹിക്കുന്നു." ആ കത്തോലിക്കവനിത തക്ക മറുപടിതന്നെ കൊടുത്തു: "ഞാനോ എൻെറ പൂവ്വികരുടെ വിശ്വാസത്തിലും."

'അപ്പസ്തോലിക'പദത്തിനു് ഇനിയും വേറൊരു അത്ഥം കൂടിയുണ്ടു്. നമ്മുടെ വിശ്വാസം അപ്പസ്തോലികസഭയുടേതാണെന്നു മാത്രമല്ല, നമ്മുടെ കൂദാശകളും അപ്പസ്തോലികകാലത്തേതുതന്നെ. നാമിന്നു സ്വീകരിക്കുന്ന കൂദാശകഠം അപ്പസ്തോലികസഭ ഉപയോഗിച്ചവതന്നെയാണു്. അതേ, കൂദാശകഠം ഏഴും. അപ്പസ്തോലികസഭയ്ക്കു മാമ്മോദീസാ സുജ്ഞാതമായിരുന്നുവോ? അല്ലെന്നു പറയുവാൻ ആക്കും കഴിയുകയില്ല. ക്രിസ്തുവിൻെറ കല്പനതന്നെ എന്തായിരുന്നു?: "ആകയാൽ, നിങ്ങഠം പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവക്കു മാമ്മോദീസാ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ." (വി. മത്തായി 28: 19, 20) ഡീക്കൻ ഫിലിപ്പു് സമരിയായിൽ ജ്ഞാനസ്നാനം നല്കി. (നടപടി. 8: 12). എത്യോപ്യാ രാജ്ഞിയുടെ ഷണ്ഡനും അദ്ദേഹം തന്നെ ജ്ഞാനസ്നാനം നല്കിയതായി നാം വായിക്കുന്നു. (നടപടി. 8: 38). അപ്പസ്തോലനടപടിയിൽതന്നെ (നടപടി. 9: 18) നാം കാണുന്നു, വി: പൗലോസു് മാമ്മോദീസാ മുക്കപ്പെട്ടതായി. "ഈശോമ്ശിഹായിൽ മാമ്മോദീസാ സ്വീകരിച്ച നാം അവൻെറ മരണത്താലാകുന്ന മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നു

തെന്നു നിങ്ങൾ അറിയുന്നില്ലയോ?" എന്നു വി: അപ്പസ്തോലൻ തന്നെ ചോദിക്കുന്നു. വി. പൗലോസിന്റെ പ്രസംഗം വിശ്വസിച്ചവരെയെല്ലാം, അദ്ദേഹമൊ മററാരെങ്കിലുമൊ ജ്ഞാനസ്നാനപ്പെടുത്തി. (നടപടി. 16: 15, 33; 18: 8;19: 5; 1 കോറി. 1: 14, 16)

ഇനിയും, അപ്പസ്തോലികസഭയ്ക്കു സ്ഥൈര്യലേപനത്തെപ്പററി അറിവുണ്ടായിരുന്നുവോ? "സമറായരായ ജനം ദൈവത്തിന്റെ വചനം സ്വീകരിച്ചുവെന്ന് ഓറശ്ലേത്തേ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശെമ്ഓൻ കേപ്പായേയും യോഹന്നാനേയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്ന്, പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിന് അവക്കുവേണ്ടി പ്രാത്ഥിച്ചു......അപ്പോൾ, അവർ അവരുടെമേൽ കൈവയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തു." (നടപടി. 8: 14-17.)

അപ്പസ്തോലികസഭയ്ക്കു വി: കർബ്ബാനയെപ്പററി (ദിവ്യബലിയേയും ദിവ്യകാരുണ്യസ്വീകരണത്തേയുംപററി) അറിവുണ്ടായിരുന്നുവോ? "ഇതിനാൽ ഏതു മനുഷ്യനും തന്നൊത്തന്നെ പരിശോധിക്കുകയും, പിന്നെ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനംചെയ്കയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ കത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു തനിക്കുതന്നൊയുള്ള ശിക്ഷാവിധിയാകുന്ന ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതു്." (1 കൊറി. 11: 28, 29)

പാപമോചനമെന്ന കൂദാശയെപ്പററിയൊ? തീർച്ചയായും; വളരെ കക്ക്ശമായ രൂപത്തിൽ അതു് ആചരിക്കപ്പെട്ടിരുന്നു. പരസ്യക്കുമ്പസാരംതന്നെ നടപ്പിലിരുന്നു. ഒടുവിലത്തേ ഉപ്പ്രുശ്മായൊ? "നിങ്ങളിൽ ആരെങ്കിലും ഞെരുക്കത്തിൽ ഉൾപ്പെട്ടിരിക്കുന്നെങ്കിൽ അവൻ പ്രാത്ഥിക്കട്ടെ...രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനു

വേണ്ടി പ്രാത്ഥിക്കയും, നമ്മുടെ കത്താവിൻെറ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാത്ഥന ആ രോഗിയെ സുഖപ്പെടുത്തും. നമ്മുടെ കത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും." (വി: യാക്കോ. 5: 13-16.) പട്ടമെന്ന കൂദാശയെപ്പററിയും അറിഞ്ഞിരുന്നു. "എൻെറ കൈവയ്പുമൂലം നിന്നിലുള്ള ദൈവദാനത്തെ ഉണത്ത്ണമെന്നു ഞാൻ ഓമ്മപ്പെടുത്തുന്നു." (2 തിമോ. 1: 6.) വിവാഹത്തെപ്പററിയൊ? "ഇതിനാൽ, പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു തൻെറ ഭായ്യയോടു ചേരും. അവർ ഇരുവരും ഒരു ജഡം ആവുകയും ചെയ്യും." (എഫേ. 5: 31) അപ്പോൾ, തിരുസ്സഭയുടെ അപ്പസ്തോലികത്വത്തിനു് ഈ അത്ഥംകൂടിയുണ്ടു്: അവളുടെ ഇന്നത്തെ കൂദാശകൾ അപ്പസ്തോലന്മാരുടെ കാലത്തേതുതന്നെയാണു്.

"എന്നാൽ, കൂദാശകളും തിരുസ്സഭയുടെ മാദ്ധ്യസ്ഥവുമൊക്കെ എന്തിനു്? അവയ്ക്കിത്ര പ്രാധാന്യം കല്പിക്കുന്നതെന്തിനു്? ദൈവത്തിൽനിന്നു നമുക്കു നേരിട്ടു വരപ്രസാദം സ്വീകരിച്ചുകൂടേ?" സ്വീകരിക്കാം. എന്നാൽ, കൂദാശകളും തിരുസ്സഭയുടെ പ്രാത്ഥനകളുമാണു ദൈവവരപ്രസാദത്തിൻെറ സ്വാഭാവികമായ ഉറവിടങ്ങൾ. ദൈവം നമ്മുടെ പ്രാത്ഥനകൾ സ്വീകരിക്കുന്നതിനും വരപ്രസാദങ്ങൾ നല്കുന്നതിനും ഇഷ്ടപ്പെടുന്ന വഴി ഏതെന്നു നിശ്ചയിക്കേണ്ടതു് അവിടുന്നുതന്നെയാണു്. ഒരിക്കൽ മാത്രമേ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തിട്ടുള്ളു. ഒരിക്കൽ മാത്രമേ പരിശുദ്ധാത്മാവു ഗോചരമാംവിധം അപ്പസ്തോലന്മാരുടെമേൽ ഇറങ്ങി ആവസിച്ചുള്ളു. ക്രിസ്തുനാഥനോടും പരിശുദ്ധാത്മാവിനോടുമുള്ള ഐക്യത്തിൽ ജീവിക്കേണ്ടവർ ക്രിസ്തുവിനെ ദർശിക്കയും പരിശുദ്ധാത്മാവിനെ സ്വീകരിക്കയും ചെയ്തവരോട് ഐക്യപ്പെടണം. ദൈവം എന്തുകൊണ്ടു് എന്നോ

നേരിട്ടു ജനിപ്പിക്കാതെ മനുഷ്യരുടെ സഹകരണത്താൽ മാത്രം അതു ചെയ്യുന്നു" എന്നു ചോദിക്കുന്നവരുണ്ടോ? ദൈവം രണ്ടു മനുഷ്യരെ മാത്രമേ നേരിട്ടു സൃഷ്ടിച്ചുള്ളൂ. മററുള്ളവരെ സൃഷ്ടിക്കുന്നതിൽ അവിടുന്നു മാതാപിതാക്കന്മാരുടെ സഹകരണം ആവശ്യപ്പെടുന്നു.

ക്രിസ്തുനാഥൻ അപ്പസ്തോലന്മാർക്കു വിവിധ അധികാരങ്ങൾ നല്കി. ഈ അധികാരം അപ്പസ്തോലന്മാർ ആർക്കു നല്കിയോ അവർക്കു മാത്രമേ അതു തുടർന്നു ലഭിച്ചിട്ടുള്ളൂ. അതുകൊണ്ടു്, ക്രിസ്തുവിൽനിന്നു രക്ഷയുടെ ഫലങ്ങൾ സ്വീകരിച്ചതും, മനുഷ്യാത്മാക്കളുടെ നന്മയ്ക്കായി അപ്പസ്തോലന്മാർവഴി ദൈവത്താൽ സ്ഥാപിതമായതുമായ സഭയ്ക്കു മാത്രമേ ക്രിസ്തുവിൻെറ സത്യസഭയാകാൻ കഴിയൂ. തിരുസ്സഭയുടെ അപ്പസ്തോലികത്വം അവൾക്കു ക്രിസ്തുവുമായുള്ള ബന്ധത്തിൻെറ ചരിത്രപരമായ തുടർച്ചയ്ക്കു സാക്ഷ്യംവഹിക്കുന്നു.

## തിരുസ്സഭയുടെ അപ്പസ്തോലികത്വത്തെ കുറിച്ചുള്ള പ്രശ്നങ്ങൾ.

അപ്പസ്തോലികത്വത്തിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾ രണ്ടാണു്. തിരുസ്സഭ അപ്പസ്തോലികകാലംമുതലുള്ളതാണെങ്കിൽ, അവൾ വളരെ പൗരാണികയും യാഥാസ്ഥിതികയുമാണെന്നും, തന്നിമിത്തം മനുഷ്യരാശിയുടെ ഗതിവിഗതികളെ നയിക്കുവാൻ ശക്തയല്ലെന്നും, ആധുനികകാലത്തിനു് അനുയോജ്യയല്ലെന്നും മററുമുള്ള പ്രസ്താവങ്ങൾ വാസ്തവമല്ലേ? ആധുനികകാലത്തെ പ്രശ്നങ്ങളെ നേരിടുവാൻ കഴിവില്ലാത്തവിധം അവൾ പുരാതനത്വം പ്രാപിച്ചുപോയിട്ടില്ലേ? അതിനു് ഉത്തരമിതാണു്: ക്രിസ്തുവിൻെറ സത്യസഭ പഴയതും, അതേസമയം, പുതുമയുള്ളതുമായിരിക്കണം.

ക്രിസ്തുവിൻെറ സത്യസഭ പൗരാണികയായിരിക്കണം. വളരെ പാരമ്പര്യമുള്ള കമ്പനികൾ അവയുടെ കേന്ദ്രസ്ഥാപനത്തിൻെറ ഗേററിനു മുകളിൽ സ്ഥാപനത്തീയതി എഴുതിവയ്ക്കുന്നതിൽ അഭിമാനംകൊള്ളുന്നുണ്ട്. ഉദാഹരണമായി നാം കാണാറുണ്ട്: "1900-ാമാണ്ടു സ്ഥാപിതമായതു്" എന്നു്. മനുഷ്യർ അതു കണ്ടു പറയും: "ഈ ബിസിനസ്സ് അര നൂററാണ്ടുമിച്ചം പഴക്കമുള്ളതാണു്. നമുക്കിതിനെ വിശ്വസിക്കാം." എന്നാൽ, കത്തോലിക്കാസഭയുടെ പ്രവേശന കവാടത്തിനു മുകളിൽ എഴുതപ്പെട്ടിട്ടില്ലേ, "33-ാമാണ്ടു സ്ഥാപിതമായതു്" എന്നു്. അവൾ നീണ്ട 1900-വർഷങ്ങളിൽ ക്രൂടതലും ജീവിച്ചു. ക്രിസ്തുവിൻെറ കാലംമുതൽ എന്നൊന്നും അവൾ ഉണ്ടായിരുന്നു. അതുകൊണ്ടു്, എനിക്കു് അവളിൽ ആശ്രയിക്കാം.

എന്നാൽ, ക്രിസ്തുവിൻെറ സഭ പുതുമയുള്ളതായിരിക്കണം. അവൾ നവചൈതന്യനിർഭരയായിരിക്കണം. കാരണം, ക്രിസ്തുനാഥൻ അവൾക്കു് ഉറപ്പുനല്കിയിട്ടുണ്ടു്, താൻ ലോകാവസാനത്തോളം അവളോടുകൂടിയുണ്ടായിരിക്കുമെന്നു്. (വി. മത്തായി 28: 20.)

നിത്യനായ ക്രിസ്തു തൻെറ തിരുസ്സഭയോടുകൂടി ജീവിക്കുന്നു. തിരുസ്സഭയുടെ പ്രായം ആരോഗ്യക്ഷയത്തെ സൂചിപ്പിക്കുന്നില്ല. അപ്പസ്തോലികത്വം ക്ഷീണത്തേയും കാണിക്കുന്നില്ല. തിരുസ്സഭ ശരീരത്തിൽ ത്രസിക്കുന്ന ജീവസത്തയേയും, വിഷമംപിടിച്ച ആധുനികപ്രശ്നങ്ങളിൽ അവൾക്കുള്ള വലിയ താല്പര്യത്തേയും കാണിക്കുവാൻ അനേകം ഉദാഹരണങ്ങൾ നിരത്തിവയ്ക്കുവാൻ കഴിയും.

ആധുനികകാലത്തുതന്നെ മാർപ്പാപ്പമാർ എഴുതിയിട്ടുള്ള വിശ്വലേഖനങ്ങൾ എടുത്തു കാണിക്കാം. അവയിൽ ഏററം ആധുനാതനമായ പ്രശ്നങ്ങൾക്കുപോലും സുവിശേഷവെളിച്ചത്തി

ലൂടെ ഏററം നല്ല പ്രതിവിധികൾ നിർദ്ദേശിക്കുന്നുണ്ട്. അവർ, തനിക്കു നല്കപ്പെട്ടിരിക്കുന്ന അജയ്യമായ അധികാരത്തെപ്പററിയുള്ള ഉറച്ച ബോധത്തോടുകൂടിയാണ് ആധുനികപ്രശ്നങ്ങൾ കൈകാര്യംചെയ്യുക.

കഴിഞ്ഞ 19-നൂററാണ്ടുകാലത്തെ എല്ലാ ആക്രമണങ്ങളേയും അതിജീവിച്ചു വിജയശ്രീലാളിതയായി എന്ന ആത്മവിശ്വാസം അവൾക്കുണ്ട്. ഈ ബോധമാണ് ഏററം ദുർഘടസന്ധികളിൽപോലും വിസ്മയനീയമായ സൗമ്യതയോടും സമചിത്തതയോടുംകൂടെ വർത്തിക്കുവാൻ അവൾക്കു കെല്പുനല്കുക. അവശ്യമണ്ഡലത്തിൽ അവൾ യഥാസ്ഥിതികതന്നെ. എന്നാൽ, മനുഷ്യകുലത്തിന് ഉപകാരപ്രദമെന്നു കാണുന്ന മററു കാര്യങ്ങളിൽ കാലത്തിനനുയോജ്യമായി അവൾ പുരോഗമിക്കുന്നു. അവളുടെ മിഷനറികൾ പായ്ക്കപ്പലുകളിലല്ല ഇന്നു യാത്രചെയ്യുക; ആവിക്കപ്പലുകളിലും ആകാശവിമാനങ്ങളിലുമാണ്. മാർപ്പാപ്പാ തിരുമേനി ലോകമാസകലമുള്ള പേപ്പൽ പ്രതിനിധികളെ മുതൽ വിശ്വാസികളെവരെ തനിക്കു സ്വന്തമായുള്ള റേഡിയോ നിലയത്തിൽനിന്ന് അഭിസംബോധനചെയ്യുന്നു.

ആധുനികമായ ആദ്ധ്യാത്മികാവശ്യങ്ങളെ നേരിടുന്നതിനു യോജിച്ചവിധം പുതിയപുതിയ സന്ന്യാസസഭകൾ സ്ഥാപിക്കപ്പെടുന്നു. ഉദാഹരണമായി, കുറെ മുൻപു വിയന്നായിൽ തികച്ചും പുതിയ രീതിയിലുള്ള ഒരു സന്ന്യാസിനീസഭ സ്ഥാപിതമായി–(Order of Sisters Victims of Jesus.) തദംഗങ്ങൾക്കു പ്രത്യേകമഠങ്ങളില്ല. തൊഴിലാളികൾക്കായുള്ള ഭവനങ്ങളിലും, മതകർത്തവ്യങ്ങൾ ഉപേക്ഷിച്ചു ജീവിക്കുന്ന തൊഴിലാളികളുടെ ഇടയിൽ എവിടേയും കുറെ സഹോദരികൾ ഒരുമിച്ചു ജീവിക്കുന്നു. ദരിദ്രരേയും കുഞ്ഞുങ്ങളേയും അവർ പരിചരിക്കുന്നു. എല്ലാ മനുഷ്യരേയും, ഏററം അധഃപതിച്ചവരെപ്പോലും, സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തുവാനായി അവർ പഠിപ്പിക്കുന്നു.

അപ്പസ്തോലികകാലത്തോളം സഭയ്ക്കു പഴക്കമുണ്ട്; അങ്ങനെ സഭ പ്രാചീനയുമാണ്. എങ്കിലും അവൾക്കു ക്ഷീണം ഭവിച്ചിട്ടില്ല. സഭ അപ്പസ്തോലികയാണെങ്കിലും ജരാനരകൾ അവളെ ബാധിച്ചിട്ടില്ല.

സഭയുടെ അപ്പസ്തോലികത്വത്തോടനുബന്ധിച്ചു വേറൊരു പ്രശ്നംകൂടി ഉണ്ടാകാം. അറിവില്ലാത്ത പലരും പറയുന്നു, ഇന്നത്തെ സഭ അപ്പസ്തോലികകാലത്തെ സഭയിൽനിന്നു വളരെ വിഭിന്നയാണെന്ന്. "ലോകവ്യാപകമായ ഒരു വൈദികമേലദ്ധ്യക്ഷസംഘത്തെപററി ക്രിസ്തുനാഥൻ വിചാരിച്ചേയില്ല. അനേകം കർദ്ദിനാളന്മാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരും വൈദികന്മാരും സന്യാസികളും കന്യാസ്ത്രീകളുമൊന്നും അവിടുത്തെ കാലത്തില്ലായിരുന്നു. എണ്ണമററ തിരുനാളുകൾ, തിരുശേഷിപ്പുകൾ, ഗ്രോട്ടോകൾ, തീർത്ഥയാത്രകൾ, ലുത്തിനിയാകൾ, കർമ്മാനുഷ്ഠാനങ്ങൾ ഇവ ക്രിസ്തുവിന്റെ കാലത്തു് ഇല്ലായിരുന്നു. എങ്കിൽ, കത്തോലിക്കാസഭയ്ക്കു് എങ്ങനെ പറയുവാൻ കഴിയും താൻ അപ്പസ്തോലികയാണെന്നു്?" ഈ വാദത്തിൽ സത്യമായിട്ടുള്ള ഭാഗങ്ങൾ സ്വീകരിക്കണം. ഇന്നു കത്തോലിക്കാസഭയിലുള്ള പല കർമ്മാനുഷ്ഠാനങ്ങളും നിയമനടപടികളും മററു ചിട്ടകളും നമ്മുടെ കർത്താവിന്റെ കാലത്തു് ഇല്ലായിരുന്നു. എന്നാൽ, ഒരു പ്രധാന കാര്യം ഓർക്കണം. ഇതൊന്നും കൃത്രിമ നവീകരണങ്ങളായിരുന്നില്ല; സ്വാഭാവികവളർച്ച മാത്രമാണ്. ക്രിസ്തുനാഥൻ നട്ട ചെറിയ കടുകുമണിയുടെ സ്വാഭാവികവളർച്ച. 1900-ൽപ്പരം കൊല്ലങ്ങളായി അതു വളർന്നു പുഷ്ടിപ്രാപിക്കുകയായിരുന്നു. വിവിധ രാജ്യത്തും വിവിധ ജനങ്ങളുടെ ഇടയിലും മാറിമാറി വരുന്ന ഒരായിരം സാംസ്കാരിക, രാഷ്ട്രീയ പരിതസ്ഥിതികളിലും അതു വളർന്നു. ഓരോന്നിനോടും അവൾ ഇണങ്ങിപ്പോയി. സഭയ്ക്കു തന്റെ സത്താപരമായ യാതൊന്നിനും കടുകിട ഹാനിവരുത്താതെതന്നെ, എല്ലാ തലമുറയുടേയും വ്യത്യാസപ്പെട്ടുകൊണ്ടി

രിക്കുന്ന ആദ്ധ്യാത്മികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിയു മെന്ന വസ്തുതതന്നെ അവളുടെ ചൈതന്യത്തിനു് ഉത്തമസാക്ഷിയാണു്. അതുകൊണ്ടു "തിരുസ്സഭ വളരെ വ്യത്യാസപ്പെട്ടു പോയി" എന്നു ചിലർ പറഞ്ഞേക്കാം. "എന്നാൽ എന്തിലാണു വ്യത്യാസപ്പെട്ടതു്?" "വളരെക്കാര്യങ്ങളിൽ. കർമ്മപരിപാടികളിൽ, പാരമ്പര്യാചാരങ്ങളിൽ, നിയമങ്ങളിൽ. ഇന്നു് ഉപവാസനിയമം പണ്ടുണ്ടായിരുന്നതിൽനിന്നു് എത്ര വ്യത്യസ്തം. തിരുനാൾ ദിവസങ്ങൾക്കും വ്യത്യാസം." ഇവയൊക്കെ സമ്മതിക്കണം. എന്നാൽ, ഇവയൊക്കെ മതത്തിന്റെ പുറംചട്ട മാത്രമല്ലേ? വസ്ത്രം മാറുമ്പോൾ ആളു മാറുകയില്ലല്ലോ.

"ബാഹ്യാചാരങ്ങളിൽ മാത്രമല്ല പ്രബോധനത്തിലും മാററമുണ്ടു്" എന്നു ചിലർ തുടന്നു വാദിച്ചേക്കാം. "വിശ്വാസപ്രമാണം ഒരവസരത്തിൽ ഇന്നത്തെ രൂപത്തിൽതന്നെ വെട്ടിക്കുറച്ചു. ഇടക്കാലത്തു് അതിൽ കുറെ കൂട്ടിച്ചേർത്തു. വൈദികന്മാർ കുർബ്ബാനയിൽ ചൊല്ലുന്ന വിശ്വാസപ്രമാണം വിശ്വാസികൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലുന്ന വിശ്വാസപ്രമാണത്തെക്കാൾ നീണ്ടതാണു്. ത്രെന്തോസ്സു് വിശ്വാസപ്രമാണം ഇതിന്റെ അഞ്ചിരട്ടിയുണ്ടു്." എന്നാണു് ചിലർ പറയുന്നതു്. ഇതൊക്കെ വാസ്തവവുമാണു്. എങ്കിലും, ഒരു വ്യതിയാനവും ഒരു ദുർവ്യാഖ്യാനവും വന്നിട്ടില്ല. പിന്നെയെന്താണു വ്യത്യാസം കാണുന്നതു്? ഒന്നുമാത്രം: പഴയ കാലത്തു നാം ചൊല്ലുന്ന ശ്ലീഹന്മാരുടെ വിശ്വാസപ്രമാണമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, പല വേദവിപരീതങ്ങളേയും നേരിടുവാൻ ഓരോ ഭാഗത്തിനും കൂടുതൽ വിശദീകരണം വേണ്ടിവന്നു. അങ്ങനെ, ആദ്യമുണ്ടായിരുന്നതിനോടു വിശദീകരണങ്ങൾ കൂട്ടിച്ചേർത്തുവെന്നേയുള്ളു.

തിരുസ്സഭയ്ക്കു മുൻകാലങ്ങളിലുണ്ടായിരുന്നതിനെക്കാൾ വിശ്വാസസത്യങ്ങൾ ഇന്നുണ്ടെന്നാണു ശത്രുപക്ഷക്കാരുടെ അടുത്ത വാദം. എന്നാൽ, ആദിമസഭാവൃക്ഷത്തിൽതന്നെ ഉണ്ടാ

യിരുന്ന ചെറുമൊട്ടുകൾ വളൎന്നു വികസിച്ചതല്ലാതെ സഭയിൽ യാതൊരു വ്യതിയാനവും വന്നിട്ടില്ല. നാല്പതു വയസ്സുള്ള ഒരുവൻ തന്റെ കുട്ടിക്കാലത്തെ ഒരു ഫോട്ടോ എടുത്തു നോക്കിയാൽ, 'ഇതു ഞാൻതന്നെയോ' എന്നു ചോദിച്ചുപോകും. തീൎച്ചയായും ആൾ അവൻതന്നെ. എന്നാൽ, ആകാരത്തിലും ആകൃതിയിലും പല പൂൎണ്ണതകളും വന്നിട്ടുണ്ടെന്നുമാത്രം. വസ്ത്രത്തിലും തലമുടിയിലും മുഖഭാവത്തിലും വലിയ വ്യത്യാസങ്ങൾ വന്നു. എന്നാൽ, ആൾ മാറിയിട്ടില്ല; കണ്ണും മൂക്കും തലയും ശരീരവും എല്ലാം വളൎന്നിട്ടുണ്ടെന്നു മാത്രം. തിരുസ്സഭയെ സംബന്ധിച്ചും ഇതുപോലെയാണ്. 1900-ൽപ്പരം കൊല്ലങ്ങൾക്കു മുൻപു സഭയിൽ തീരെ ചെറിയൊരു സംഘം ആളുകളേ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ, ലോകമാസകലമുള്ള അനേകകോടി ആളുകൾ അവളുടെ ശീതളഛായയിൽ അഭയംതേടുന്നു. അതുകൊണ്ടു്, ബാഹ്യമോടിയിലും തിരുനാളാചരണങ്ങളിലും ആരാധനാക്രമങ്ങളിലും, ഭക്ത്യഭ്യാസങ്ങളിലും അപ്പസ്തോലികകാലത്തേതിൽനിന്നു വളരെ മാററങ്ങളുണ്ടാവുക സ്വാഭാവികം മാത്രമാണ്. എന്നാൽ, കാതലായ കാൎയ്യങ്ങളിൽ അവൾ മാറാതെ വ്യക്തിത്വം പാലിക്കുന്നു. അപ്പസ്തോലിക കാലത്തെന്നപോലെ ഇന്നും അവൾ ബലിഷ്ഠമായ അതേ "പാറ"യിൽ പണിയപ്പെട്ടിരിക്കുന്നു; അന്നുള്ള പ്രബോധനങ്ങൾതന്നെ ഇന്നുമുണ്ടു്; അന്നുള്ള കൂദാശകൾതന്നെയാണ് ഇന്നും തുടരുന്നതു്.

ഐൎലണ്ടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി വിജയപൂൎവ്വം പോരാടിയ ഡാനിയൽ ഒക്കോണലിനെ പാൎലിമെന്റിൽ വച്ചു് ഒരു ഇംഗ്ലീഷുകാരൻ നിന്ദാസൂചകമായി "പാപ്പാമതക്കാരൻ" എന്നു വിളിച്ചു. ആ മതഭക്തന്റെ മറുപടി വീരോചിതമായിരുന്നു: "എനിക്കതിൽ ഒട്ടും എതിരില്ല. ഞാൻ പാപ്പാമതക്കാരൻതന്നെ. ആ മഹനീയനാമം എനിക്കു് ഉറപ്പു നല്കുന്നുണ്ടു്, ഇടമുറിയാതെ പിൻതുടൎന്ന മാൎപ്പാപ്പമാർവഴി ക്രിസ്തുനാഥൻ

വരെ ചെന്നെത്തുന്ന എൻെറ സഭയെന്നു്. നിങ്ങളുടെ സഭ യാകട്ടെ, ഹെൻറി എട്ടാമനും എലിസബെത്തും വരെ മാത്രം."

പ്രിയ സഹോദരരേ, ഞാനൊരു കത്തോലിക്കനാണെങ്കിൽ, എനിക്കു് 1900–വയസ്സുണ്ടു്. ഞാനൊരു കത്തോലിക്കനാണെങ്കിൽ, ഞാൻ പത്രോസിൻെറ പാറമേലാണു നിലയുറപ്പിച്ചിരിക്കുക. ഞാനൊരു കത്തോലിക്കനാണെങ്കിൽ, പ്രസിദ്ധനായ ഹംഗേറിയൻ രാഷ്ട്ര ധുരന്ധരനായ കൗണ്ടു് ആൽബർട്ടു് അപ്പോണി തൻെറ സ്മാരകപത്രത്തിൽ ആലേഖനംചെയ്തിരുന്ന വചനങ്ങൾ എനിക്കും പറയാം: "ദൈവാനുഗ്രഹത്താൽ, നരകവാതിലുകൾപോലും പ്രബലപ്പെടാത്ത ഒരു കോട്ടയ്ക്കുള്ളിൽ ഞാനധിവസിക്കുന്നുവെന്നു് എനിക്കു ബോധമുണ്ടു്. മനുഷ്യബലഹീനതയെ ശക്തിപ്പെടുത്തുകയും, പരിമിതമായ മനുഷ്യശക്തിക്കു ജീവിതസമരത്തിൽ താങ്ങുംതണലും നല്കുകയും ചെയ്യുന്ന കരുണയുടെ വററാത്ത അരുവിയുടെ സാമീപ്യം ഞാനാസ്വാദിക്കുന്നു. എനിക്കു ചുററും എല്ലാം ആടിയുലയുമ്പോൾ, ഞാൻ നിലയുറപ്പിച്ചിരിക്കുന്ന ഉറച്ച ഭൂമിയെപ്പററി ഞാൻ ചിന്തിക്കുന്നു. എല്ലാം അന്ധകാരാവൃതമാകുമ്പോൾ നിത്യസത്യത്തിൻെറ പ്രകാശം ഞാൻ കാണുന്നു. മാറിമാറി വരുന്ന അഭിപ്രായങ്ങൾക്കു മദ്ധ്യേ ഞാൻ നിത്യജീവൻെറ വചനങ്ങൾ കേൾക്കുന്നു; ക്രിസ്തുനാഥൻ തൻെറ തിരുസ്സഭയ്ക്കു പ്രദാനംചെയ്യുകയും, അവളിൽ അഭംഗം പരിരക്ഷിക്കുകയും, സ്വീകരിക്കുവാൻ നമ്മെ അനുവദിക്കുകയും ചെയ്യുന്ന വചനങ്ങൾ." എൻെറ നാഥാ, അങ്ങയുടെ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ തിരുസ്സഭയിൽ അംഗമാകുവാൻ എനിക്കു തന്ന ഭാഗ്യത്തെപ്രതി നിനക്കു ഞാൻ കൃതജ്ഞത പറയട്ടെ.

## ആറാം അദ്ധ്യായം

# നീ പാറയാകുന്നു.

നമ്മുടെ സഭയെ ന്യായ്യമായി നാം "കത്തോലിക്കാസഭ" എന്നു വിളിക്കുന്നു. "റോമൻ കത്തോലിക്കാസഭ" എന്നും വിളിക്കാറുണ്ട്. കാരണം, അതിൻെറ തലവൻ റോമാമെത്രാനാണു്; മാർപ്പാപ്പയാണു്. ഈ പരമാർത്ഥം പാപ്പാസ്ഥാനത്തെപ്പററി ചിന്തിക്കാൻ നമുക്കവസരം തരുന്നു. മനുഷ്യചരിത്രത്തിലെ ശ്രദ്ധേയമായ സ്ഥാപനങ്ങളിൽവച്ചു് ഒന്നാമത്തേതായ പാപ്പാധികാരമത്രേ കത്തോലിക്കാസഭയുടെ അടിത്തറ—പാറപോലെ ഉറച്ച അസ്ഥിവാരം.

പരിശുദ്ധ സഭയുടെ മക്കളായ നമ്മോടു പാപ്പാധിപത്യം എന്നാലെന്തെന്നോ അതു് എത്രമാത്രം ശക്തിയും സംരക്ഷണവും ഐക്യവും നേതൃത്വവും പ്രദാനംചെയ്യുന്നെന്നോ ഊന്നിപ്പറയേണ്ട ആവശ്യമില്ല. നിഷ്പക്ഷമതിയായ ഏതൊരു ചരിത്രപഠിതാവിനും, അയാൾ ക്രിസ്ത്യാനിയല്ലെങ്കിൽപ്പോലും അറിയാം, അതുല്യമായ ഈ അധികാരപീഠം ഏററം പരിഗണനാർഹമാണെന്നു്. നീറോ ചക്രവർത്തിയുടെ കാലത്തിനു മുൻപുതന്നെ ഉറപ്പിക്കപ്പെട്ട ഒരു രാജകീയപീഠം—അതാണു പാപ്പാസിംഹാസനം. മാനവസമുദായത്തിൽ ഇളകിമറിഞ്ഞ തിരയടികൾ രാഷ്ട്രങ്ങളേയും രാജവംശങ്ങളേയും പടുത്തുയർത്തിയപ്പോഴും തട്ടിത്തകർത്തപ്പോഴും അചഞ്ചലമായി നിലനിന്ന ഒരധികാരം—അതാണു പാപ്പാധിപത്യം. അതിൻെറ അസ്തിത്വവും നിലപാടും ശത്രു

ക്കളുടെ എതിർപ്പുകൾക്കും സംഘടിതമായ ആക്രമണങ്ങൾക്കും എക്കാലത്തും വിധേയമായിട്ടുണ്ടു്. എങ്കിലും, അതു് അക്ഷോഭ്യമായി നിലകൊള്ളുന്നു. പാപ്പാസ്ഥാനം അതിൻെറ യാതൊരാദർശവും ആക്കും അടിയറ വച്ചിട്ടില്ല; ആരേയും പ്രീണിപ്പിക്കാൻ അതിൻെറ തത്വങ്ങൾ ബലികഴിച്ചിട്ടുമില്ല. എന്നിട്ടും, ഇന്നും അതു നിലനില്ക്കുന്നു.

എന്തുകൊണ്ടു്? മനുഷ്യകരങ്ങളല്ല, ദൈവപുത്രനാണു് അതു സ്ഥാപിച്ചതു്. അതിൻെറ സ്ഥാപനത്തിൽ അവിടുത്തേക്കു ചില ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. ആ ഉദ്ദേശ്യങ്ങളുടെ സാക്ഷാത്കാരത്തിനു്, മനുഷ്യൻ ഭൂമുഖത്തുള്ളിടത്തോളം കാലം, സഭ നിലനില്ക്കുകതന്നെ വേണം. ക്രിസ്തുനാഥൻ പാപ്പാധിപത്യം സ്ഥാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, എന്തിനുവേണ്ടി അവിടുന്നതു സ്ഥാപിച്ചു? ഈ രണ്ടു പ്രശ്നങ്ങൾ നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം. അങ്ങനെ മാത്രമേ പരമാദ്ധ്യക്ഷനായ മാർപ്പാപ്പയുടെ നേർക്കുള്ള നമ്മുടെ സ്നേഹാദരങ്ങൾ ആക്കും മനസ്സിലാക്കാൻ സാധിക്കൂ.

## ക്രിസ്തു പാപ്പാധികാരം സ്ഥാപിച്ചു.

ആക്കും കാണത്തക്കവിധം മലമേൽ സ്ഥാപിച്ച ഒരു നഗരത്തോടാണു ക്രിസ്തുനാഥൻ സഭയെ ഉപമിക്കുന്നതു്. (വി. മത്തായി 5: 14.) കാണപ്പെടുന്ന സഭയ്ക്കു കാണപ്പെടുന്ന ഒരു തലവൻ ഉണ്ടായിരിക്കും. അതുകൊണ്ടു്, പാപ്പാധിപത്യം കൂടാതെ ക്രിസ്തുസഭ തീത്തും അസാദ്ധ്യമാണു്. അത്ഭുതകരമായ മീൻപിടിത്തത്തിനുശേഷം ഈ അധികാരത്തെപ്പററിയുള്ള നമ്മുടെ കത്താവിൻെറ പരാമർശവും, പത്രോസിൻെറ ഏററുപറച്ചിലിനുശേഷം ഈ അധികാരത്തെക്കുറിച്ചു് അവിടുന്നു ചെയ്ത വാഗ്ദാനവും, പുനരുത്ഥാനശേഷം പത്രോസിൻെറമേൽ ഇതേ അധികാരത്തിൻെറ പ്രതിഷ്ഠയും നമുക്കു് അല്പമൊന്നു വിചിന്തനം ചെയ്യാം.

നമ്മുടെ കർത്താവും വിശുദ്ധ പത്രോസുമായുള്ള ആ സംഭാഷണം വി. ലൂക്കോസ് സുവിശേഷകൻ അഞ്ചാമദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്: അതൊരു സുപ്രഭാതമായിരുന്നു. ജനാസരത്തു തടാകതീരത്തു ക്രിസ്തുനാഥൻ നില്ക്കുന്നു. അവിടുത്തെ കേൾക്കുവാൻ തടിച്ചുകൂടിയ ഒരു വൻപിച്ച ജനതതി പിന്നിൽ അണിനിരന്നിട്ടുമുണ്ട്. പത്രോസും കൂട്ടുകാരും വെള്ളത്തിൽ വലകൾ ഉദാസീനമായി കഴുകിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുനാഥൻ പത്രോസിൻെറ പടവിന്മേൽ കയറിനിന്നു ജനങ്ങളോടു പ്രസംഗിക്കുവാൻ തുടങ്ങി. അവസാനമായി അവിടുന്നു പത്രോസിൻെറ നേരെ തിരിഞ്ഞു, "ആഴത്തിലേക്കു നിങ്ങളുടെ വലകളിറക്കുവിൻ" എന്നരുളിച്ചെയ്തു. അപ്രതീക്ഷിതമായ ഈ ആജ്ഞ കേട്ടു പത്രോസ് സ്തബ്ധനായി നിന്നുപോയി. കാരണം, അയാൾ വിദഗ്ദ്ധനായ ഒരു മീൻപിടിത്തക്കാരനാണ്. ആണ്ടുകളായി ഈ വലയും കൂടയും കയ്യിലെടുത്തിട്ട്. എങ്കിലും, പ്രഭാതത്തിൽ വലയിറക്കുക എന്നതു് ഇപ്പോളാണ് അയാൾ ആദ്യമായി കേൾക്കുക. ഈ തടാകതീരത്തോ സമീപപ്രദേശങ്ങളിലോ ക്രിസ്തുനാഥൻ താമസിച്ചിട്ടില്ല. എങ്കിലും, അവിടുത്തെ കല്പന കേൾക്കുകതന്നെ വേണം. പത്രോസ് പ്രതിവചിച്ചു: "ഗുരോ! കഴിഞ്ഞ രാത്രി മുഴുവൻ ഞങ്ങൾ അദ്ധ്വാനിച്ചു. എന്നിട്ടും, ഞങ്ങൾക്കൊന്നും കിട്ടിയില്ല. എങ്കിലും, നിൻെറ വാക്കനുസരിച്ചു ഞാൻ വലയിറക്കാം."

പത്രോസ് വലയെറിഞ്ഞു. ആ വല കീറിപ്പോകുമാറ് അതിൽ മത്സ്യങ്ങൾ നിറഞ്ഞു. അതു വലിച്ചുകയററി കരയ്ക്കാക്കുവാൻ അടുത്തുണ്ടായിരുന്ന മററൊരു വഞ്ചിയുടെ സഹായംപോലും തേടേണ്ടിവന്നു. രണ്ടു പടവുകളും നിറഞ്ഞുകവിയത്തക്കവിധം അസംഖ്യം മത്സ്യങ്ങൾ കിട്ടി.

ഇതു കണ്ടപ്പോൾ പത്രോസിൻെറ ഹൃദയം ഇളകിവശായി. കർത്താവിൻെറ കാല്പാദത്തിങ്കൽ വീണുകൊണ്ട് അദ്ദേഹം

വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കണ്ണീർ തൂകുവാൻ തുടങ്ങി. ഗുരോ, ഞാനങ്ങയെ സംശയിച്ചു. എനിക്കു് ഉറപ്പില്ല; വിശ്വാസമില്ല; ശരണമില്ല; അറിവില്ല. അങ്ങയുടെ മഹത്തായ ദൗത്യം സ്വീകരിക്കുവാൻ ഞാൻ അയോഗ്യനത്രേ. നിന്റെ ആട്ടുകളെ നയിക്കുവാനും മേക്കുവാനും ഞാൻ അർഹനല്ല. ഗുരോ, എന്നിൽനിന്നകലുക. പാപിയും ബലഹീനനുമായ എന്നെയല്ല, മിടുക്കും ധീരതയുമുള്ള നായകന്മാരെയാണു് അങ്ങേക്കാവശ്യം.

ജനാസരത്തിന്റെ ജലപ്പരപ്പിൽ പത്രോസിന്റെ ഏറ്റുപറച്ചിൽ പ്രതിധ്വനിച്ചു. ജനക്കൂട്ടം ശാന്തമൂകരായി അതു ശ്രവിച്ചുകൊണ്ടിരുന്നു. ക്രിസ്തുനാഥൻ എഴുന്നേററു്, പശ്ചാത്താപവിവശനായി വീണുകിടക്കുന്ന പത്രോസിന്റെ ശോകമൂകമായ നയനങ്ങളിലേക്കു് കരുണാർദ്രനായി നോക്കിക്കൊണ്ടു പറയുകയാണു്: നിന്നെത്തന്നെയാണു് എനിക്കാവശ്യം. അതുകൊണ്ടു്, നിന്നെ ഞാൻ അമരക്കാരനായി, നേതാവായി, നിശ്ചയിക്കുകയാണു്. നിന്റെ ബലഹീനതയും ചാഞ്ചല്യവും ഗ്രഹിപ്പിക്കുവാനും, മനുഷ്യവർഗ്ഗത്തെ വലവീശിപ്പിടിക്കുവാനുള്ള ആ വിശിഷ്ടസംരംഭത്തിൽ ആരിൽ നിന്റെ വിശ്വാസമർപ്പിക്കണമെന്നു നിന്നെ ബോധപ്പെടുത്തുവാനുമായി ആഴമുള്ള ആഴിപ്പരപ്പിലേക്കു ഞാൻ നിന്നെ അയയ്ക്കുന്നു. പത്രോസേ, നീ നിനക്കു ചുററുമൊന്നു കണ്ണോടിക്കുക. എത്ര മീൻപിടുത്തക്കാരാണു രാപകലെന്നിയേ ഈ തടാകത്തിൽ വലയെറിയുന്നതു്? അങ്ങനെ, ലോകത്തിലെ മഹാസമുദ്രങ്ങളിൽ എത്രയെത്ര പേർ? എന്നാൽ, നിന്നെ ഞാൻ ഒരു മീൻപിടിത്തക്കാരനാക്കുന്നു—ഉത്തരവാദിത്വം നിറഞ്ഞ, മനുഷ്യരെ പിടിക്കുന്ന, ഒരുവൻ. നീ ഭയപ്പെടേണ്ട; ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കും. (വി. ലൂക്കോസു് 5: 10). നിന്റെ സ്വന്തം ശക്തികൊണ്ടല്ല, നിന്നിൽ ഞാൻ നിക്ഷേപിക്കുന്ന എന്റെ അധികാരംകൊണ്ടു്. ചരിത്രത്തിലെ ഏററം

അത്ഭുതാവഹമായ ഒരു സ്ഥാപനത്തിന്റെ അടിത്തറയിടലായിരുന്നു ഇതു്. ചെസാരയാഫിലിപ്പിയിൽവച്ചു പത്രോസു് ക്രിസ്തുവിനെ ഏററുപറഞ്ഞപ്പോൾ, അവിടുന്നു് ഏററം വ്യക്തമായി ഈ പരമാധികാരം വാഗ്ദാനംചെയ്തു. വേദപുസ്തകത്തിലെ ആ ഭാഗങ്ങൾ നമുക്കെല്ലാം സുപരിചിതമാണു്. ചെസാരയയുടെ സമീപപ്രദേശത്തു വച്ചു്, തന്നെപ്പററി എന്താണു മററുള്ളവർ പറയുന്നതെന്നു ക്രിസ്തു ശിഷ്യന്മാരോടു ചോദിച്ചു. വ്യത്യസ്തമായ അനേകം അഭിപ്രായങ്ങൾ അവർ പറഞ്ഞു: മരിച്ചവരിൽ നിന്നുയിർത്ത സ്നാപകയോഹന്നാനാണെന്നു് ഏതാനും യഹൂദന്മാർ കരുതുന്നു. രക്ഷകന്റെ വരവിനുമുൻപു തങ്ങൾ പ്രതീക്ഷിക്കുന്ന ഏലിയായാണെന്നു വേറെ ചിലർ അഭിപ്രായപ്പെടുന്നു. അല്ല, ജറമിയാസോ മററേതെങ്കിലും പ്രവാചകനോ ആണെന്നു ചിന്താഗതിയും ചിലക്കുണ്ടായിരുന്നു. അവസാനം അവിടുന്നു് അവരോടു ചോദിച്ചു: എന്നാൽ, ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നതു്?" നിങ്ങൾ എന്റെ എല്ലാ വാക്കുകളും പ്രവൃത്തികളും അറിയുന്നുവല്ലോ. വി. പത്രോസാണു് അതിനു് ഉത്തരം പറഞ്ഞതു്. അപ്പസ്തോലസംഘത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു പത്രോസു് പറഞ്ഞു: "അങ്ങു ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു."

ചിന്തോദ്ദീപകമായ ഏതാനും വാക്യശകലങ്ങൾ ക്രിസ്തുനാഥന്റെ അധരപുടത്തിൽനിന്നും അടന്നുവീണു: "യോനായുടെ പുത്രനായ ശിമോനെ, നീ ഭാഗ്യവാൻ. ജഡരക്തങ്ങളല്ല ഇവ നിനക്കു വെളിപ്പെടുത്തിയതു്. പിന്നെയോ, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ. ഞാനും നിന്നോടു പറയുന്നു: നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും. ഭൂമിയിൽ നീ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; ഭൂമി

യിൽ നീ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും.” (വി. മത്തായി 16: 17-19).

തൻെറ സഭയെ ഒരു മന്ദിരമായും പത്രോസിനെ അതിൻെറ അടിസ്ഥാനക്കല്ലായും ക്രിസ്തു ഇവിടെ വിഭാവനംചെയ്യുന്നു. (പത്രോസിൻെറ ആദ്യത്തെ പേരു് “സൈമൺ” എന്നായിരുന്നു. ആദ്യം അവിടുന്നു സൈമണെ കണ്ടുമുട്ടിയപ്പോൾ “പാറ” എന്നാത്ഥമുള്ള പത്രോസെന്ന പേർ അവിടുന്നുതന്നെയാണു് അവനു നല്കിയതു്. യോ. 1: 42). ആ മന്ദിരത്തിൻെറ താക്കോലുകൾ യേശുനാഥൻ പത്രോസിനെ ഭരമേല്പിക്കുന്നു. മനുഷ്യരുടെ യോഗ്യതാനുസരണം അതു തുറന്നുകൊടുക്കുവാനും അടച്ചുപൂട്ടുവാനുമുള്ള പരമാധികാരം ഇതിൽ നിക്ഷിപ്തമത്രേ. എബ്രായ ഭാഷയിൽ “കെട്ടുവാനും, അഴിക്കുവാനും” എന്നുപറഞ്ഞാൽ “നിരോധിക്കുക” “അനുവദിക്കുക”, “വിധിക്കുക” “മോചിപ്പിക്കുക.” എന്നെല്ലാമാണു് അത്ഥം. അതായതു്, നിയമങ്ങളുടെ നടത്തിപ്പിലും ശാസനത്തിലും ഭരണത്തിലും ദൈവകല്പനകൾ കൈകാര്യംചെയ്യുക.

“ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവൊ” എന്ന ചോദ്യത്തിനുശേഷം യഥാത്ഥത്തിൽ എന്താണു ക്രിസ്തുനാഥൻ വാഗ്ദാനംചെയ്തതു്.

ഹൃദയംഗമമായ ഭക്തിബഹുമാനത്തോടേ പത്രോസു് പ്രതിവചിച്ചു: “ഗുരോ, ഞാൻ സ്നേഹിക്കുന്നുവെന്നു് അങ്ങു് അറിയുന്നുവല്ലോ.” ക്രിസ്തുനാഥൻ അരുളിചെയ്തു: “നീ എൻെറ കുഞ്ഞാടുകളെ മേക്കുക.” അതേ ചോദ്യം മൂന്നാം പ്രാവശ്യം ആവത്തിച്ചപ്പോൾ പത്രോസിൻെറ ഹൃദയം ദ്രവിച്ചുപോയി. ഒന്നുകൂടി അടുത്തുനിന്നുകൊണ്ടു പത്രോസു് പ്രതിവചിച്ചു: “നാഥാ, അങ്ങു സവ്വവും അറിയുന്നു. ഞാൻ സ്നേഹിക്കുന്നുണ്ടെന്നും അങ്ങു് അറിയുന്നു.” അവിടുന്നു വീണ്ടും അരുളിചെയ്തു:

"നീ എൻെറ ആടുകളെ മേക്കുക." അതായതു്, 'എൻെറ ശിഷ്യന്മാരേയും അനുയായികളേയും ഞാൻ നിന്നെ ഭരമേല്പിക്കുന്നു' എന്നാത്ഥം. (യോ. 21: 15-17).

ഏററവും സ്നേഹിക്കപ്പെട്ട ശിഷ്യൻ യോഹന്നാനായിരുന്നെങ്കിലും നമ്മുടെ കത്താവു് അദ്ദേഹത്തെ സഭയുടെ തലവനായി നിയമിച്ചില്ല. വി. യാക്കോബാകട്ടെ. അവിടുത്തെ ഒരു സഹോദരനായിരുന്നു; വി. പൗലോസു് ഏററവും വലിയ ബുദ്ധിശാലിയും ഒരു പ്രഗത്ഭ തത്വജ്ഞനുമായിരുന്നു. എങ്കിലും, അവരിൽ ആരേയും നമ്മുടെ കത്താവു് സഭാതലവനായി തിരഞ്ഞെടുത്തില്ല. സൗഹാർദ്ദമോ സംബന്ധമോ മാനുഷികവിജ്ഞാനമോ ഒന്നുമല്ല, ദൈവപരിപാലനയുടെ ജാഗരൂകമായ പരിരക്ഷണമായിരിക്കണം സഭയുടെ അടിസ്ഥാനം എന്നായിരുന്നു അവിടുത്തെ തീരുമാനം. മാർപ്പാപ്പയ്ക്കു് അവിടുന്നു നല്കിയ പരമാധികാരം വ്യക്തിപരമായ യോഗ്യതയിലോ കഴിവിലോ പ്രതിഭാവിലാസത്തിലോ അല്ല നിക്ഷിപ്തമായിരിക്കുന്നതെന്നു കാണിക്കുവാൻ അവിടുന്നാഗ്രഹിച്ചു. അതിരററ മാനുഷികൗന്നത്യമോ മഹത്വമോ വ്യാപകമായ മാനുഷികവിജ്ഞാനമോ ഒന്നുംതന്നെ സഭാഭരണത്തിനു മതിയാകയില്ലെന്നു് അവിടുത്തേക്കറിയാമായിരുന്നു. മാനുഷികബലഹീനതയോ ചുരുക്കം ചില മാർപ്പാപ്പമാരുടെ കറപിടിച്ച ജീവിതംതന്നെയുമൊ സഭയുടെ അടിസ്ഥാനത്തെ ഇളക്കുവാൻ പര്യാപ്തമാകയില്ലെന്നു് അവിടുന്നറിഞ്ഞിരുന്നു. കാരണം, അതിൻെറ ഉത്ഭവം ദൈവത്തിൽനിന്നാണെന്നതുതന്നെ.

പാപ്പാധികാരത്തിൻെറ സ്ഥാപകൻ ക്രിസ്തുനാഥൻതന്നെയാണെന്നു നാം കണ്ടുകഴിഞ്ഞു. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണാനന്തരം പത്രോസു് ഏതെങ്കിലും അവസരത്തിൽ ഈ പരമാധികാരം പ്രായോഗിച്ചുകണ്ടോ എന്നു നമുക്കൊന്നു നോക്കാം. ഇതിനു ധാരാളം തെളിവുകൾ നിരത്തിവയ്ക്കാൻ സാധിക്കും.

ആദ്യംമുതലേ നാം കാണുന്നു, പത്രോസ് സഭയെ നയിക്കുന്നതായിട്ടും അപ്പസ്തോലസംഘത്തിൻെറ തലവനെന്ന നിലയിൽ അധികാരം പ്രയോഗിക്കുന്നതായിട്ടും. യേശുനാഥൻെറ സ്വർഗ്ഗാരോഹണാനന്തരം, പരിശുദ്ധാത്മാവിൻെറ വരവിനു മുൻപ്, "പത്രോസ് സഹോദരന്മാരുടെ മദ്ധ്യേ എഴുന്നേററു നിന്നു'" വഞ്ചകനായ യൂദാസിനു പകരം ഒരപ്പസ്തോലനെ തിരഞ്ഞെടുക്കണമെന്നു് ആജ്ഞാപിച്ചു.

അപ്പസ്തോലസംഘത്തിൽ പ്രഥമനായിട്ടും, ശേഷം സഹോദരന്മാരുടേയും അനുയായികളുടേയും വക്താവായിട്ടും, സഭാഭരണത്തിൽ കാര്യമായ ക്രമീകരണങ്ങൾ വരുത്തുന്നവനായിട്ടും വി. പത്രോസിനെ അപ്പസ്തോലനടപടികളിൽ നമുക്കു വ്യക്തമായി കാണാം. (2: 14; 4: 8; 15: 7)

പാപ്പാധിപത്യം ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവർ നടപടിപ്പുസ്തകം ഒരാവത്തി മറിച്ചുനോക്കിയാൽ മതി. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണാനന്തരം ആദ്യമായി പ്രസംഗിച്ചതും വിശ്വാസികളെ തിരുസ്സഭയിലേക്കു സ്വീകരിച്ചതും പത്രോസല്ലാതെ മററാരാണ്? അപ്പസ്തോലന്മാരിൽ ആദ്യമായി അത്ഭുതം പ്രവർത്തിച്ചതും പത്രോസ്തന്നെ. ആദ്യത്തെ പാഷണ്ഡിയായ ശൈമൺ എന്ന മാന്ത്രികനെ സഭയിൽനിന്നു ബഹിഷ്കരിച്ചതു് ആരു്? പത്രോസ്. പലസ്തീനായിലെ സഭയെ ആദ്യമായി സന്ദർശിച്ചതും പത്രോസാണ്. ശതാധിപനായ കൊർണേലിയൂസിനെ സഭയിലേക്കു സ്വീകരിച്ചതു് ആർ? ഒന്നാമത്തെ അപ്പസ്തോലിക സൂനഹദോസിലെ അദ്ധ്യക്ഷൻ ആരായിരുന്നു? പത്രോസല്ലാതെ മററാരുമായിരുന്നില്ല.

ആ സൂനഹദോസിലെ നടപടികൾ തികച്ചും ശ്രദ്ധേയമാണ്. പൗലോസോ ബർനബാസോ അല്ല പ്രശ്നങ്ങൾക്കു തീരുമാനം കണ്ടെത്തി വിധി പ്രസ്താവിച്ചവർ; പത്രോസായിരുന്നു.

ആദിമക്രൈസ്തവരിൽ ഒരു തർക്കമുണ്ടായി— മാനസാന്തരപ്പെടുന്ന അനാഗതക്കു നേരേ മാമ്മോദീസാ നല്കാമോ, അതോ, അവരെ ആദ്യം യഹൂദരാക്കിയിട്ടു വേണമോ സഭയിലേക്കു സ്വീകരിക്കാൻ? ജറുസലം കൗൺസിലിലെ ഈ വിവാദവിഷയത്തിനു പത്രോസ് തീർപ്പെഴുതി. അപ്പോൾ, പത്രോസ് എഴുന്നേററുനിന്നു സംസാരിക്കാൻ തുടങ്ങി...മററുള്ളവർ നിശ്ശബ്ദരായിരുന്നു." (നടപടി. 15: 7-12)

പത്രോസാണു സഭയുടെ അടിസ്ഥാനം. അപ്പോൾ, പത്രോസില്ലാത്തിടത്തു ക്രിസ്തുവിൻെറ സഭയുമില്ല. മൂന്നാം ശതകത്തിലെ ക്രൈസ്തവർ ഈ വിശ്വാസം പ്രഖ്യാപിച്ചിരുന്നു. വി. സിപ്രിയൻ എഴുതിയിരിക്കുന്നു: "സൂര്യകിരണങ്ങൾ സൂര്യനിൽനിന്നും, മരക്കൊമ്പുകൾ തായ്ത്തടിയിൽനിന്നുമാകുന്നു പുറപ്പെടുക. അതുപോലെ, ലോകത്തെങ്ങും വ്യാപിച്ചുകിടക്കുന്ന സഭാസമൂഹങ്ങൾ ഏകസഭയോടു ബന്ധപ്പെട്ടിരിക്കണം."

## ക്രിസ്തു എന്തിനു പാപ്പാധികാരം സ്ഥാപിച്ചു?

ക്രിസ്തു പാപ്പാധികാരം എന്തിനു സ്ഥാപിച്ചു? എതെല്ലാം കർത്തവ്യങ്ങളാണ് അവിടുന്ന് ഈ അധികാരസ്ഥാനത്തിനു ഭരമേല്പിച്ചുകൊടുത്തിട്ടുള്ളത്? ഇവയ്ക്കുത്തരം അറിഞ്ഞെങ്കിലേ മാർപ്പാപ്പയോടുള്ള നമ്മുടെ സ്നേഹബഹുമാനങ്ങളുടെ പൊരുൾ വ്യക്തമാകൂ. സഭയിലെ പ്രധാനാധ്യാപകൻ മാർപ്പാപ്പയായിരിക്കണം. തൻെറ സഭ "സത്യത്തിൻെറ തൂണും അടിസ്ഥാനവും" (1 തിമോ. 3: 15) വ്യാജരഹിതമായ ക്രൈസ്തവമതത്തിൻെറ പ്രഖ്യാപികയുമായിരിക്കാൻ ക്രിസ്തു ആഗ്രഹിച്ചു. പത്രോസിനോടു ദിവ്യനാഥൻ അരുൾച്ചെയ്തു: "ശീമോനേ, ഇതാ! സാത്താൻ നിങ്ങളെ ഗോതമ്പുപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാൻ നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കു

വാൻ നിനക്കുവേണ്ടി പ്രാത്ഥിച്ചു. നീയും ഒരിക്കൽ നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക." (ലൂക്കാ. 22: 31, 32) ക്രിസ്തു പത്രോസിനുവേണ്ടി പ്രാത്ഥിക്കുന്നു. എന്തിനു്? പത്രോസിൻെറ വിശ്വാസം ശിഥിലീഭവിക്കാതിരിക്കാൻ. സഭയുടെ വിശ്വാസം ദൃഢതരമാക്കാൻ വേണ്ട ശക്തി പത്രോസിനുണ്ടാകാൻ.

സഭയിൽ മാർപ്പാപ്പയുടെ സ്ഥാനമെന്തു്? വിശ്വാസൈക്യത്തിൻെറ അച്ചാരമാണു മാർപ്പാപ്പ. ഒടുവിലത്തെ അത്താഴവേളയിൽ അപ്പസ്തോലന്മാക്കുവേണ്ടി മാത്രമല്ല, അവരിലൂടെ ക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്ന എല്ലാവക്കുംവേണ്ടി അവിടുന്നു പ്രാത്ഥിച്ചു. (വി. യോഹ. 17: 21) ഐക്യത്തിനായുള്ള ഒരേ വിശ്വാസവും ഒരേ കൂദാശകളും ഒരേ തലവനും ഉണ്ടായിരിക്കുന്നതിനുള്ള—ദിവ്യനാഥൻെറ തീഷ്ണമായ ആഗ്രഹം സഭയിൽ സവിശേഷം സാധിതമായിരിക്കുന്നു. അതിനു നിദാനം പാപ്പാധികാരത്തിൻെറ ജാഗരൂകമായ നേതൃത്വവും നിയന്ത്രണവുമാണു്. സഭയിൽനിന്നു തെററിയകന്ന സഭകളുടെ ശീശ്മ ഇന്നും തുടരുകയല്ലേ? അത്തരത്തിലുള്ള മുന്നൂറിൽപ്പരം സഭാവിഭാഗങ്ങൾ പരസ്പരവിരുദ്ധമായ തത്വങ്ങൾ പഠിപ്പിക്കുന്നില്ലേ? അവർ ഇങ്ങനെ എന്നും വേർപെട്ടുനില്ക്കാനുള്ള കാരണം നമുക്കറിയാം. ഐക്യം കൊടുക്കുന്ന അടിസ്ഥാനത്തിൽനിന്നു്, യോജിപ്പിൻെറ ബലിഷ്ഠമായ പാറയിൽനിന്നു്—മാർപ്പാപ്പയിൽനിന്നു് അവർ പൊട്ടിയകന്നു.

പഠിപ്പിക്കുക മാത്രമല്ല സഭയെ നയിക്കുകയും പത്രോസിൻെറ കത്തവ്യമായിരുന്നു. കത്താവു പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (വി. മത്താ. 16: 19). തുടന്നു്, "എൻെറ ആടുകളെ മേക്കുക" എന്നും കത്താവു് ആവശ്യപ്പെട്ടു. അതായതു്, പത്രോസു് സഭയുടെ അദ്ധ്യാപകൻ

മാത്രമല്ല, സംരക്ഷകനും വഴികാട്ടിയും ഭരണാധിപനും തലവനുമാകുന്നു. ഏതൊരു സമുദായത്തിനും സംരക്ഷകനും വഴികാട്ടിയും ഭരണാധിപനും തലവനും കൂടിയേ കഴിയൂ. പ്രത്യേകിച്ച്, 50 കോടിയോളം വരുന്ന കത്തോലിക്കാസമുദായത്തിന് ഏകരൂപമായ നിയന്ത്രണം എങ്ങനെ സാധ്യമാകും, സ്വതന്ത്രവും പരമവുമായ ഒരധികാരം ഇല്ലെങ്കിൽ. ആകയാലാണു മാർപ്പാപ്പ സഭയുടെ നിയമദാതാവും നിയമപ്രയോക്താവുമായിരിക്കുന്നത്.

സഭയിൽ മാർപ്പാപ്പയുടെ സ്ഥാനമെന്ത്? താൻ ലോകത്തിനു നല്കിയ പരമോത്കൃഷ്ടമായ പ്രബോധനങ്ങളേയും അനുഷ്ഠാനവിധികളേയും ഓരോരുത്തനും തോന്നിയപോലെ വ്യാഖ്യാനിക്കാൻ ക്രിസ്തുനാഥൻ അനുവദിച്ചില്ല. വ്യാഖ്യാനാധികാരം ഒരു ദൈവികസ്ഥാപനത്തിന് അവിടുന്നു നല്കി—ഒരവസാനതീരുമാനമെടുക്കുവാൻ അവകാശമുള്ള പാപ്പാസ്ഥാനത്തിന്. പൗലോസ്ശ്ലീഹായുടെ അത്ഥസമ്പുഷ്ടമായ വാക്കുകൾ വായിക്കുക: "തങ്ങളുടെ ഉപായംകൊണ്ടു നമ്മെ വഴിതെററിക്കുവാൻ കപടതയോടേ പ്രവത്തിക്കുന്ന മനുഷ്യരുടെ ചതിയുള്ള ഉപദേശങ്ങളുടെ ഏതു കാററിനാലും ശക്തിയോടേ ഇളക്കിമാററപ്പെടുന്ന ശിശുക്കൾ ആകാതെ..." (അപ്പ. 4: 14)

അങ്ങനെ, സാന്മാർഗ്ഗികസാമുദായിക ന്യസ്ഥിതിയുടെ പ്രധാന കാവൽക്കാർ മാർപ്പാപ്പമാരായിത്തീന്നു. പ്രഥമ മാർപ്പാപ്പയായ പത്രോസ്ശ്ലീഹായുടെ ലേഖനങ്ങൾ മുതൽ അധുനാതന വിശ്വലേഖനങ്ങൾവരെ പരിശോധിച്ചാൽ ഒരു വസ്തുത നമുക്കു മനസ്സിലാക്കാം—വ്യക്തികളുടെ കുഴഞ്ഞുമറിഞ്ഞ അഭിപ്രായങ്ങളാലും ചിന്താക്കുഴപ്പത്താലും അതതു കാലത്തിൻെറ അബദ്ധാശയങ്ങളാലും കരിനിഴലേററ ധാമ്മിക സാമുദായിക യാഥാത്ഥ്യങ്ങളെ സംരക്ഷിക്കാൻ മാർപ്പാപ്പമാക്കേ കഴിഞ്ഞിട്ടുള്ളൂ. സാമുദായികപ്രശ്നങ്ങളെ വിശകലനംചെയ്യുന്ന, 13-ാം ലെയോ

യുടെ സുപ്രധാനമായ 'ലേറരും നൊവാരും', യുദ്ധകാലത്തു സമാധാനത്തിന് ആഹ്വാനംനല്കിയ 15-ാം ബനഡിക്ററിൻെറ ചാക്രികലേഖനങ്ങൾ, വിവാഹത്തിൻെറ പരിശുദ്ധിയെ സംരക്ഷിക്കാൻ 11-ാം പീയൂസ് എഴുതിയ "കാസ്തി കൊണ്ണൂബിയി. (Casti Connubii), സാമുദായികനീതിയെ തുറന്നുകാട്ടുവാൻ ആ മാർപ്പാപ്പതന്നെ എഴുതിയ 'ക്വാദ്രജേസിമോ ആന്നോ' (Quadragessimo Anno) തുടങ്ങിയവ അവയിൽ ചിലവ മാത്രമാണ്.

മാർപ്പാപ്പ സഭയിലെ പ്രധാന പുരോഹിതൻകൂടിയാണ്. മെത്രാന്മാരാൽ അഭിഷേകംചെയ്യപ്പെട്ടവരാണല്ലോ വൈദികന്മാർ. അക്കർമ്മത്തിനായി മാർപ്പാപ്പയാൽ തെരഞ്ഞെടുക്കപ്പെട്ടവർ മെത്രാന്മാരും. ക്രിസ്തുനാഥനിൽനിന്നാണു മാർപ്പാപ്പയ്ക്ക് അധികാരം ലഭിക്കുന്നതു്. "എൻെറ ചെമ്മരിയാടുകളെ മേയ്ക്കുക"; "എൻെറ കോലാടുകളെ മേയ്ക്കുക." ആ പ്രധാന പുരോഹിതൻ മെത്രാന്മാർക്കും വൈദികന്മാർക്കും അധികാരം നല്കുന്നു.

## പരിശുദ്ധ പിതാവിനോടുള്ള ബഹുമാനം

മാർപ്പാപ്പ സഭയിലെ പ്രധാനാദ്ധ്യാപകനും ഭരണാധിപനും പുരോഹിതനും ക്രിസ്തുവിൻെറ കാണപ്പെടുന്ന വികാരിയുമെന്നു മനസ്സിലാക്കുന്ന എല്ലാവരും, ആ മഹാപുരുഷനോടു കത്തോലിക്കർ പ്രകടിപ്പിക്കുന്ന സ്നേഹാദരങ്ങൾ സമുചിതമെന്നു ഗ്രഹിക്കാതിരിക്കയില്ല. 'പരിശുദ്ധ പിതാവു്" എന്നാണു നാം അവിടുത്തെ വിളിക്കുക.

മാർപ്പാപ്പയോടു സ്നേഹാദരങ്ങൾ കാണിക്കുക കത്തോലിക്കരുടെ ചിരന്തനമായ ഒരു സവിശേഷതയാണ്. ഒരു ഭൗതികരാജനെപ്പോലെയല്ല, ഒരു പിതാവിനെപ്പോലെ നാം അവിടുത്തെ പരിഗണിക്കുന്നു. അവിടുന്നു നമ്മെ സ്വന്ത മക്കളായും. അതുകൊണ്ടാണ്, മാർപ്പാപ്പയെ നാം പരിശുദ്ധ പിതാവു് എന്നു വി

ളിക്കുന്നതു്. റോമിലെ 'പത്രോസിന്റെ ദൈവാലയ'ത്തിൽ പത്രോസ് ശ്ലീഹായുടെ ഒരു വലിയ പ്രതിമയുണ്ടു്. ആറാം നൂററാണ്ടിലാണു് അതു നിർമ്മിക്കപ്പെട്ടതു്. ഓട്ടുകൊണ്ടുള്ള ആ പ്രതിമയുടെ ഒരു കാലിന്റെ വിരലുകൾ മിക്കവാറും തേഞ്ഞുതേഞ്ഞു് ഇല്ലാതായിരിക്കുന്നു. ഈ 14 നൂററാണ്ടുകളിൽ ഇവിടെയെത്തിയ കോടാനുകോടി ക്രൈസ്തവരുടെ ചുംബനത്താലുണ്ടായ തേയ്മാനം! ഓട്ടുകൊണ്ടുള്ള പ്രതിമയെ അല്ല നാം ബഹുമാനിക്കുന്നതു്. പ്രത്യുത, പരിശുദ്ധ പിതാവിനേയും, അദ്ദേഹത്തിലൂടെ ക്രിസ്തുനാഥനേയും നാം ബഹുമാനിക്കുന്നു.

പലരും പറയാറുണ്ടു്, ക്രിസ്തുവിനു നല്കേണ്ട ബഹുമാനം ക്രൈസ്തവർ മാർപ്പാപ്പയ്ക്കു നല്കുന്നെന്നു്. അല്പം ചിന്തിച്ചാൽ ഈ പറച്ചിലിൽ കാമ്പില്ലെന്നു കാണാം. ക്രിസ്തു ദൈവപുത്രനാണു്; ആ ക്രിസ്തുവിന്റെ വികാരിയാണു മാർപ്പാപ്പ. ക്രിസ്തുവിനെക്കൂടാതെ മാർപ്പാപ്പയില്ല. മാത്രമല്ല, മാർപ്പാപ്പയെ ബഹുമാനിക്കുന്നവൻ മാർപ്പാപ്പയിലൂടെ ക്രിസ്തുവിനെയാണു ബഹുമാനിക്കുന്നതു്.

മാർപ്പാപ്പ നമ്മെ ക്രിസ്തുവിൽനിന്നു് അകററുകയല്ല, ക്രിസ്തുവിലേക്കു് അടുപ്പിക്കയത്രേ ചെയ്യുന്നതു്. ദൈവപുത്രനായ ക്രിസ്തുവാണു സഭയെ സ്ഥാപിച്ചതും, സഭയ്ക്കു തലവനെ നല്കിയതും, സഭയെ ഇപ്രകാരം നയിക്കുന്നതും എന്നുകൂടി നാമോർത്തിരിക്കണം. അതേ, ക്രിസ്തുവാണു് ഒരു മീൻപിടിത്തക്കാരനോടു് അരുൾചെയ്തതു്: "ഞാൻ നിന്നോടു പറയുന്നു; നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും; നരകവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല." (വി. മത്താ. 16; 18). ക്രിസ്തു ഇങ്ങനെ പറഞ്ഞല്ലോ എന്നതല്ല, പറഞ്ഞതുപോലെ എല്ലാം എന്നും പൂർത്തിയാക്കപ്പെടുന്നല്ലോ എന്നതാണു നമ്മെ അത്ഭുതപ്പെടുത്തുന്നതു്.

ക്രിസ്തു മനുഷ്യൻ മാത്രമായിരുന്നെങ്കിൽ, അങ്ങനെ ഒരു സ്ഥാപനം കരുപ്പിടിക്കുക സാധ്യമല്ല. ക്രിസ്തു ദൈവമെങ്കിൽ നാം ക്രിസ്തുവിൻെറ വികാരിക്കു നല്കുന്ന ബഹുമാനം തികച്ചും അർഹവും യുക്തിയുക്തവുംതന്നെ.

ക്രിസ്തുവിൽനിന്നു ലഭിച്ച ബഹുമതിയെപ്പററി പത്രോസ് ശ്ലീഹയ്ക്കു നല്ല ബോധമുണ്ടായിരുന്നു. എന്നാൽ, അതുകൊണ്ടൊന്നും അദ്ദേഹം അഹങ്കരിച്ചില്ല. അദ്ദേഹം സവിനയം ആരംഭിക്കുന്ന ലേഖനം നോക്കുക: "യേശുക്രിസ്തുവിൻെറ അപ്പസ്തോലനായ പത്രോസ്." തൻെറ പ്രയത്നത്താലാണു ലോകം രക്ഷിക്കപ്പെട്ടതെന്നു വിശുദ്ധൻ പറയുന്നില്ല; പ്രത്യുത, "മിശിഹാ ആകുന്ന, കറയും കളങ്കവുമില്ലാത്ത കുഞ്ഞാടിൻെറ വിലയേറിയ രക്തം കൊണ്ടാകുന്നു." (1 പത്രോ. 1: 19)

പാപ്പാധിപത്യത്തിനെതിരായി മുൻവിധിയെടുക്കുകയും മാർപ്പാപ്പമാരുടെ മനുഷ്യബലഹീനതകൾ തേടിപ്പിടിക്കുകയും ചെയ്തിട്ടുള്ളവരുണ്ടാകാം. പക്ഷേ, ഒരു കാര്യം നിഷേധിക്കാൻ ആർക്കും സാധിക്കയില്ല—രണ്ടായിരം കൊല്ലങ്ങളായി മാർപ്പാപ്പമാരുടെ പരിശ്രമങ്ങൾ ക്രിസ്തുരാജ്യവിസ്തൃതിക്കുവേണ്ടിയായിരുന്നു. ക്രിസ്തുവിൻെറ താത്പര്യങ്ങളുടെ സംരക്ഷകരായിരുന്നു അവർ. ഇന്നു കത്തോലിക്കാസഭ എല്ലാ ജനപദങ്ങളുടേയും ജാതികളുടേയും ഭാഷക്കാരുടേയും ഇടയിൽ വേരുറച്ചുകഴിഞ്ഞു. അതേസമയം, അതിൻെറ ഏകത്വം അഭംഗം പാലിക്കപ്പെടുകയും ചെയ്യുന്നു. സഭാതലവനായ മാർപ്പാപ്പയാണ് ഈ നേട്ടത്തിൽ ഒരു വലിയ പങ്കിനും കാരണഭൂതൻ.

മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പിനെപ്പററി നിങ്ങൾ കേട്ടിരിക്കും. ലോകത്തിൻെറ മുഴുവൻ ശ്രദ്ധ ആകർഷിക്കുന്ന ഒരു സംഭവമാണത്. റോമിലേക്കു കർദ്ദിനാളന്മാരെല്ലാം പറക്കും;

പത്രപ്രവൎത്തകർ പ്രവഹിക്കും. പ്രഥമ പെന്തക്കോസ്തായിലേതുപോലെ, ലോകത്തിലെ വിവിധ ഭാഷകൾ അപ്പോൾ അവിടെ നമുക്കു കേൾക്കാം. ജനലക്ഷങ്ങളുടെ കണ്ണുകളുടെ ലക്ഷ്യം വത്തിക്കാനിൽ പൊന്തിനില്ക്കുന്ന 'ചിമ്നി'യായിരിക്കും— അതിൽനിന്നു പുറപ്പെടുന്ന ധൂമപടലത്തിന്റെ നിറമറിയാൻ. പുതിയ പാപ്പായുടെ തിരഞ്ഞെടുപ്പു് പരാജയപ്പെട്ടെങ്കിൽ, ആൎക്കും $\frac{2}{3}$ ഭാഗം വോട്ടു ലഭിച്ചില്ലെങ്കിൽ, ചിമ്നിയിൽനിന്നു കരിമ്പുക പൊങ്ങുന്നതായി കാണാം. വോട്ടുചെയ്ത കടലാസുകൾ വൈക്കോലിട്ടു കത്തിക്കുമ്പോളാണു് ഈ പുകയുണ്ടാവുക. വീണ്ടും നടക്കുന്ന വോട്ടിംഗിന്റെ ഫലമറിയാൻ ജനക്കൂട്ടം നോക്കിനില്ക്കും. ധവളധൂമം ചിമ്നിയിലൂടെ ഉയരുന്നതു കണ്ടാൽ മതി, എല്ലാവരും ആനന്ദവായ്പാൽ തുള്ളിച്ചാടാൻ. "പാപ്പാ വിജയിക്കട്ടെ" തുടങ്ങിയ മുദ്രാവാക്യങ്ങൾ സൎവ്വത്ര മുഖരിതമാകും. കർദ്ദിനാളന്മാരിൽ ഒരാൾ പത്രോസിന്റെ ബസിലിക്കയുടെ ബാൽക്കണിയിൽ വന്നു് അറിയിക്കുന്നു: "നമുക്കൊരു പാപ്പായെ ലഭിച്ചിരിക്കുന്നു." റേഡിയോവിലൂടേയും ടെലഫോണിലൂടേയും കമ്പിമാൎഗ്ഗവും ഈ വാൎത്ത സൎവ്വത്ര പരക്കുകയായി: "നമുക്കൊരു പാപ്പായെ ലഭിച്ചു." ലോകരെല്ലാം ഈ വാൎത്തയിൽ തത്പരരാണു്—ചിലർ സ്നേഹംനിമിത്തം; ചിലർ വിദ്വേഷംകാരണം.

നാം മാർപ്പാപ്പയെ ആരാധിക്കുന്നില്ല; ദൈവമാക്കുന്നില്ല. ദൈവികമനുഷ്യനായി നാം അവിടുത്തെ പരിഗണിക്കുന്നുമില്ല. മാർപ്പാപ്പ ഒരു മനുഷ്യൻ മാത്രമാണു്; നമ്മെപ്പോലെ ബലഹീനനായ ഒരു മർത്ത്യൻ. പക്ഷേ, ഒരു വ്യത്യാസം. ക്രിസ്തു മാർപ്പാപ്പയെ തന്റെ സഭയുടെ കാണപ്പെടുന്ന തലവനാക്കി. അപ്പോൾ, സഭയുടെ അദൃശ്യതലവന്റെ സ്നേഹാദരങ്ങൾക്കു മാർപ്പാപ്പ അർഹനാണു്. 'എന്നെ അനുഗമിക്കുക'— ക്രിസ്തു പത്രോസിനോടു് അരുൾചെയ്തു. പത്രോസ് ഗുരുനാഥനെ അനുഗമിച്ചു. "എന്നെ അനുഗമിക്കുക."— പത്രോസും പത്രോസിന്റെ

പിൻഗാമികളും നമ്മെ ആഹ്വാനംചെയ്യുന്നു. പത്രോസിനെ അനുഗമിക്കുന്നവർ ക്രിസ്തുനാഥനെയാണു പിൻചെല്ലുന്നതു്. "എന്റെ ആടുകളെ മേയ്ക്കുക" ക്രിസ്തു പത്രോസിനോടു പറഞ്ഞു. ക്രിസ്തുവിന്റെ അജഗണത്തെ പത്രോസു് ഭരിക്കുന്നു. പത്രോസിന്റെ അജഗണത്തിലുള്ളവർക്കു തീർച്ചയുണ്ടു്, തങ്ങൾ ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തിലാണെന്നു്. "ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവനാക്കാം."— ക്രിസ്തു പത്രോസിനോടു് അരുൾചെയ്തു. പത്രോസിന്റെ വലയിൽപ്പെട്ടവരെല്ലാം കർത്താവിന്റെ കരങ്ങളിലാണു്.

---

## ഏഴാം അദ്ധ്യായം

# മാർപ്പാപ്പയുടെ അപ്രമാദിത്വം.

പഠിപ്പിക്കുക, ഭരിക്കുക, പൗരോഹിത്യകർമ്മങ്ങൾ അനുഷ്ഠിക്കുക എന്നിവയ്ക്കുള്ള പരമാധികാരം ക്രിസ്തുനാഥൻ പത്രോസിനും പിൻഗാമികൾക്കും നല്കി. അതായത്, പ്രസ്തുത അധികാരങ്ങൾ സഭയുടെ തലവനായ മാർപ്പാപ്പയിൽ അവിടുന്നു നിക്ഷേപിച്ചു. അപ്പോൾ, സഭാനൗകയുടെ അമരക്കാരൻ മാർപ്പാപ്പയാണ്. സ്വഭാവാതീതമായ ഈ കർത്തവ്യത്തിന്റെ നിർവ്വഹണത്തിനു സ്വഭാവാതീതമായ സഹായവും ആവശ്യകമാണ്. പരിശുദ്ധാത്മാവു തന്നെ നയിക്കുന്നു എന്ന ബോധം മാർപ്പാപ്പയ്ക്കില്ലാതിരിക്കയും, ക്രിസ്തുവിന്റെ സഭയിൽ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ അദ്ദേഹത്തിനു തെററു പററാൻ പ്രയാസമില്ലാതിരിക്കയും ചെയ്താൽ സഭ നാമാവശേഷമാകാൻ അധികകാലം വേണ്ടിവരില്ല.

പക്ഷേ, ലോകാവസാനംവരെ സഭ ക്രിസ്തുവിന്റെ കരതലങ്ങളിലാണ്. എന്നോളം മനുഷ്യർ ഭൂമിയിലുണ്ടോ, അത്രയുംകാലം ക്രിസ്തുവിന്റെ സഭയും ഉണ്ടായിരിക്കണം. കാരണം, മനുഷ്യരക്ഷയാണു സഭയുടെ ലക്ഷ്യം. നരകവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല. സഭ നശിക്കുകയോ തെററിലുൾപ്പെടുകയോ ചെയ്കയില്ലെങ്കിൽ സഭയുടെ തലവനും തെററു പററുകയില്ല. കപ്പിത്താനു തെററു പിണഞ്ഞാൽ, കപ്പലും അതിന്റെ വിനാശഫലം അനുഭവിക്കും. അപ്പോൾ, ക്രൈസ്തവസഭയുടെ അമരക്കാരൻ തെററിനതീതനായിരിക്കണം.

കാര്യവിവരമില്ലാത്ത പലരുടെയും നിശിതവിമർശനത്തിന പാത്രമാകുന്ന ഒന്നാണു പാപ്പായുടെ അപ്രമാദിത്വം. അവർ നമ്മെ പരിഹസിക്കും: "പോപ്പിനെ നിങ്ങൾ ദൈവമാക്കുന്നു! തെററു പററാത്ത മനുഷ്യനത്രേ പോപ്പു്!"

മാർപ്പാപ്പയുടെ അപ്രമാദിത്വം; ക്രിസ്തുനാഥനിൽനിന്നുള്ള ഒരു ദാനമാണതു്. സഭയുടെ മൗലികമായ വരങ്ങളിൽ ഒന്നാണതു്. എന്നാൽ, അപ്രമാദിത്വം എന്നതുകൊണ്ടു മാർപ്പാപ്പ മനുഷ്യനെന്ന നിലയിൽ കുററമററവനാണെന്നു് ആരും വിശ്വസിക്കുന്നില്ല.

## അപ്രമാദിത്വം ക്രിസ്തുവിൻെറ ഒരു ദാനമാണു്.

എപ്പോഴാണു മാർപ്പാപ്പയ്ക്കു തെററുപററാത്തതു്? ക്രിസ്തുമതത്തിൻെറ പ്രധാനാധ്യാപകൻ എന്ന നിലയിൽ പഠിപ്പിക്കുമ്പോൾ; ഔദ്യോഗികനിലയിൽ പ്രബോധിപ്പിക്കുമ്പോൾ; സാർവ്വത്രികസഭയെ പഠിപ്പിക്കുമ്പോൾ; വിശ്വാസസന്മാർഗ്ഗസംബന്ധമായ കാര്യങ്ങൾ പരാമർശിക്കുമ്പോൾ. ഇതിൽ ഏതെങ്കിലും ഒരു സാഹചര്യത്തിൻെറ അഭാവത്തിൽ മാർപ്പാപ്പയ്ക്കു് അപ്രമാദിത്വമുണ്ടു് എന്നു നാം പഠിപ്പിക്കുന്നില്ല.

കർത്താവു പത്രോസുമായി കൂടിക്കാണുന്ന രംഗം സുവിശേഷത്തിൽ പ്രത്യേകം എടുത്തുപറയുന്നുണ്ടു്. ക്രിസ്തുനാഥൻെറ പരസ്യജീവിതം ആരംഭിച്ചതേയുള്ളു. കർത്താവു സ്നാപകയോഹന്നാനെ സന്ദർശിച്ചു. തിങ്ങിവിങ്ങിയ സന്തോഷാധിക്യത്താൽ യോഹന്നാൻ വിളിച്ചുപറഞ്ഞു: "ദൈവത്തിൻെറ കുഞ്ഞാടിനെ കണ്ടാലും!" അദ്ദേഹത്തിൻെറ ശിഷ്യന്മാരായിരുന്ന അന്ത്രയോസും യോഹന്നാനും. അവരിരുവരും ക്രിസ്തുവിനെ അനുഗമിച്ചു. അ

ന്ത്രയോസ് സ്വസഹോദരനായ പത്രോസിനോടു പറഞ്ഞു: "ഞങ്ങൾ രക്ഷകനെ കണ്ടു." "രക്ഷകനോ! എവിടെ?" മറുപടി കേട്ട പാടേ പത്രോസ് ക്രിസ്തുവിൻെറ പക്കലേക്കു കുതിച്ചു. ഇവിടെയാണു നാം സുവിശേഷത്തിലെ ആ പ്രത്യേകത കാണുക. കർത്താവു് അയാളെ തറച്ചൊരു നോട്ടം! എന്നിട്ടു്, ഒരു പുതിയ പേരും കൊടുത്തു: "നീ യോനായുടെ പുത്രനായ ശീമോനാകുന്നു. കേപ്പാ (പാറ) എന്നു നീ വിളിക്കപ്പെടും." (വി. യോ. 1: 42).

ദൈവം ആർക്കെങ്കിലും ഒരു പേരു നല്കുമ്പോൾ, അതിനു് അനുയോജ്യമായ സ്വഭാവവൈശിഷ്ട്യവും അയാൾക്കു പ്രദാനം ചെയ്യുന്നു. മനുഷ്യർക്കു് അതിനുള്ള കഴിവില്ല. 'അബ്രാ'മിനു് 'അബ്രാഹം' എന്ന പേരു കൊടുത്തതു ദൈവമാണു്. അബ്രാഹം എല്ലാ വിശ്വാസികളുടേയും പിതാവായി; അപ്പോൾ ആ പേർ അന്വർത്ഥമായി. "പാറ" എന്നർത്ഥമുള്ള പത്രോസു് എന്ന പേർ ക്രിസ്തു ശീമോനു നല്കി. അതോടേ പാറയുടെ ഉറപ്പും. പത്രോസു് "പാറ"യായിരിക്കും. അടിസ്ഥാനമായ പാറ ബലഹീനമെങ്കിൽ കെട്ടിടമെല്ലാം തകർന്നു തവിടുപൊടിയാകുമല്ലോ.

സുപ്രസിദ്ധ കലാകാരനായ മൈക്കിൾ ആഞ്ചലോ മോസസിൻെറ മനോഹരമായ ഒരു പ്രതിമ പണിതീർത്തു. സജീവമെന്നു തോന്നുന്ന ആ പ്രതിമയുടെ മനോഹാരിത കണ്ടാനന്ദിച്ച കലാകാരൻ വിളിച്ചുപറഞ്ഞു: "മോസസ്, സംസാരിച്ചാലും." പക്ഷേ, അതു സംസാരിച്ചില്ല. ക്രിസ്തുനാഥൻ കടഞ്ഞെടുത്ത, പത്രോസിനെപ്പോലുള്ള സജീവപ്രതിമകൾ അത്തരത്തിലുള്ളതല്ല. അവിടുന്നു കല്പിക്കുന്നു: "പത്രോസ്, പ്രസംഗിക്കൂ"; "ബനഡിക്റ്റ്, പ്രസംഗിക്കൂ"; "പീയൂസ്, പ്രസംഗിക്കൂ"; "ജോൺ പ്രസംഗിക്കൂ"; അവർ പ്രസംഗിക്കുന്നു; പഠിപ്പിക്കുന്നു; വഴികാട്ടുന്നു.

അനന്തരം കുറേക്കാലം കഴിഞ്ഞു. പത്രോസ് വീട്ടിലേക്കു തിരിച്ചുപോയി. ക്രിസ്തു തന്നോടു കാണിച്ച പ്രത്യേകത, തനിക്കു തന്ന പുതിയ പേരു് ഇതെല്ലാം പത്രോസിന്റെ ചിന്താവിഷയമായിരുന്നു.

വർഷങ്ങൾ രണ്ടു കഴിഞ്ഞു. "ഞാൻ ആരെന്നാണു ജനങ്ങൾ പറയുന്നതു്" ക്രിസ്തു ശിഷ്യന്മാരോടു് ആരാഞ്ഞു. ക്രിസ്തു പ്രവാചകന്മാരിൽ ഒരുവനാണു്; ഏലിയയാണു്; യോഹന്നാൻ സ്നാപകനാണു് എന്നും മറ്റും. "ഞാൻ ആരെന്നാണു നിങ്ങൾ പറയുന്നതു്?" അവിടുന്നു ശിഷ്യഗണത്തോടു് എടുത്തു ചോദിച്ചു. പത്രോസാണു മറുപടി കൊടുത്തതു്. അപ്പോൾ, അവിടുന്നു് അവിസ്മരണീയമായ ഏതാനും വാക്കുകൾ അരുൾ ചെയ്തു: "ഞാനും നിന്നോടു പറയുന്നു: നീ കേപ്പായാകുന്നു; ഈ കേപ്പാമേൽ എന്റെ പള്ളിയെ ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും. (വി. മത്താ. 16: 18-19)

രണ്ടു വർഷം മുൻപുണ്ടായ പേരുമാററത്തിന്റെ പൊരുൾ ഇപ്പോഴേ പത്രോസ് ഗ്രഹിച്ചുള്ളു. പത്രോസ് മുതൽ ആരംഭിച്ച ആ പേരുമാററത്തിന്റെ പൊരുൾ നമുക്കു സുവ്യക്തമാണു്. "നീ ശീമോൻ ആകുന്നു; നിന്റെ പേരു് പത്രോസ് എന്നായിരിക്കും." "നീ യോഹാക്കിം പെച്ചി ആകുന്നു. മേലിൽ നീ ലെയോ XIII ആയിരിക്കും." "നീ ജോസഫ് സാർത്തോയാകുന്നു; ഇനി പീയൂസ് X ആയിരിക്കും." "നീ എവുജേനിയോ പച്ചെല്ലി ആകുന്നു. ഇന്നുമുതൽ നീ പീയൂസ് XII ആയിരിക്കും." "നീ ആഞ്ചെലോ റൊങ്കാലിയാകുന്നു. ഇനി നീ ജോൺ XXIII ആയിരിക്കും." സഭയിലെ പാറ നീയായിരിക്കും. നരകവാതിലു

കൾ അതിനോടു പ്രബലപ്പെടുകയില്ല. നിനക്കു തെററു പിണഞ്ഞാൽ, അവ പ്രബലപ്പെട്ടെന്നാണർത്ഥം. അതു ഞാൻ അനുവദിക്കയില്ല.

"നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും" നേരെമറിച്ച്, നീ തെററിലുൾപ്പെടുകയോ, അബദ്ധതത്വങ്ങൾ പഠിപ്പിക്കുകയോ, അബദ്ധ പ്രബോധനത്താൽ നീ മനുഷ്യരെ വഴിതെററിക്കുകയോ ചെയ്യുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ ദൈവം തെററിനെ അനുകൂലിക്കുന്നു എന്നു വരും. അതു സംഭവ്യമല്ല.

"നീ ലോകത്തിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" നീ തെററുകയും, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ മനുഷ്യസ്വാതന്ത്ര്യത്തെ തെററായ വഴിയേ അഴിച്ചുവിടുകയും ചെയ്യുന്നെങ്കിൽ, ദൈവം ആ തെററ് അനുവദിക്കുന്നു എന്നു പറയേണ്ടിവരും. അതും സംഭവിക്കുകയില്ല.

ഉത്ഥാനാനന്തരം ദിവ്യനാഥൻ അരുൾച്ചെയ്ത വാക്കുകളും നമുക്ക് അനുസ്മരിക്കാം: "എൻെറ കുഞ്ഞാടുകളെ എനിക്കായി മേക്കുക; എൻെറ പെണ്ണാടുകളെ എനിക്കായി മേക്കുക." (വി. യോഹ. 21: 15-17)

പത്രോസിനു പരിപൂർണ്ണ ഭരണാധികാരം നല്കപ്പെട്ട അതിപ്രധാനാവസരമായിരുന്നു ഇതു്. മേക്കുന്നവൻ നയിക്കയും വേണം; അതും നേരായ വഴിയിലൂടെ—വഴിതെററിപ്പോകാത്തവിധം; പാലകൻതന്നെ വഴിതെററിയാൽ ആടുകളും അലഞ്ഞുതിരിയും.

ആട്ടിടയൻ വഴിതെററിയാൽ ആടുകളുടെ കഥ പിന്നെ പറയാനില്ല. "സത്യത്തിൻെറ തൂണും അടിസ്ഥാനവും" സഭ

യായിരിക്കണം. ഇതാണു പൌലോസ്ശ്ലീഹായുടെ പ്രബോധനം. (1തിമോ. 3: 15). വിശ്വാസത്തേയും സന്മാർഗ്ഗത്തേയും ബാധിക്കുന്ന കാര്യങ്ങളിൽ മാർപ്പാപ്പാ പ്രമാദത്തിൽപെട്ടാൽ പിന്നെ വി. അപ്പസ്തോലന്റെ വാക്കുകൾ എങ്ങനെ അന്വർത്ഥമാകും?

മാർപ്പാപ്പയ്ക്കു് ഇങ്ങനെ ഒരധികാരം നല്കാൻ ക്രിസ്തുനാഥൻ ആഗ്രഹിച്ചോ? ഇനിയും അക്കാര്യം സംശയിക്കുന്നവൻ ദിവ്യഗുരുവിന്റെ ഈ വാക്കുകൾ വായിച്ചാൽ മതി: "ശിമോനേ, ഇതാ! സാത്താൻ നിങ്ങളെ ഗോതമ്പുപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിപ്പാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിന്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക." (വി. ലൂക്കാ. 22: 31, 32). ക്രിസ്തു പ്രാർത്ഥിച്ചു. എന്തിനു്? പത്രോസിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ. പത്രോസിന്റെ വീഴ്ച അവിടുന്നു കണ്ടു. അയാളുടെ വിശ്വാസം പരിശുദ്ധവും യഥാർത്ഥവുമായിരിക്കാൻ അവിടുന്നു പ്രാർത്ഥിച്ചു. എന്തിനു്? മററുള്ളവരേയും അതേ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താൻ. ഇതിൽനിന്നു നാം എന്തു ഗ്രഹിക്കണം? തിരുസ്സഭയുടെ തലവനു്, മാർപ്പാപ്പയ്ക്കു ക്രിസ്തുവിൽനിന്നു് അപ്രമാദിത്വം ലഭിച്ചിട്ടുണ്ടു്.

## സഭയുടെ മൌലിക ഘടകമാണു് അപ്രമാദിത്വം.

ചിലചില ലക്ഷ്യങ്ങളോടെയാണു ക്രിസ്തു സഭ സ്ഥാപിച്ചതു്. വിശ്വാസസംബന്ധമായ പരിശുദ്ധിയും ഐക്യവും അവയിൽ പ്രധാനപ്പെട്ടതത്രേ. അതു സാധിക്കാൻ മാർപ്പാപ്പയ്ക്കു തെററാവരം ആവശ്യകവുമാണു്.

വിശ്വാസപരിശുദ്ധിക്കു മാർപ്പാപ്പയുടെ അപ്രമാദിത്വം അവശ്യഘടകമാണു്. ക്രിസ്തു ലോകത്തിൽ ജീവിച്ചു. ദൈവത്തെ അറിയാനും ആരാധിക്കാനും മററുള്ളവരെ പഠിപ്പിച്ചു.

നമുക്കായി മരിച്ചു. രക്ഷാകരകൃത്യത്തിന്റെ ഫലങ്ങൾ നമുക്കായി നേടിവച്ചു. ശരിയാണ്. പക്ഷെ, ഇതെല്ലാം വ്യർത്ഥമാകുമായിരുന്ന ഒന്നിന്റെ അഭാവത്തിൽ: പില്ക്കാലത്ത് അവിടുത്തെ പ്രബോധനങ്ങൾ ദുർവ്യാഖ്യാനിക്കപ്പെടുകയും അവാസ്തവങ്ങളെന്ന പറഞ്ഞുപരത്തുകയും ചെയ്യുന്നതിനെ നേരിടാൻ കഴിയുന്നില്ലെങ്കിൽ; വിശ്വാസം സന്മാർഗ്ഗം എന്നിവയെ സംബന്ധിച്ച പ്രശ്നങ്ങളിൽ തെററു തെറെറന്നും ശരി ശരിയെന്നും തെററുകൂടാതെ പ്രഖ്യാപിക്കാൻ പത്രോസിനും പത്രോസിന്റെ പിൻഗാമികൾക്കും അവിടുന്ന് അധികാരം നല്കിയില്ലെങ്കിൽ, മാർപ്പാപ്പയ്ക്ക് അപ്രമാദിത്വമില്ലെങ്കിൽ. വിശ്വാസൈക്യം—ലോകാവസാനംവരെ തന്റെ പ്രബോധനങ്ങൾ സംരക്ഷിക്കപ്പെടാൻ ക്രിസ്തു ആഗ്രഹിച്ചു. അക്കാര്യസാദ്ധ്യത്തിന്, തെററിനതീതമായി നിലകൊള്ളുന്ന ഒരധികാരകേന്ദ്രവും ആവശ്യകമായി. ഇന്നു ചിന്നിച്ചിതറിക്കിടക്കുന്ന മുന്നൂറിൽപ്പരം ക്രൈസ്തവവിഭാഗങ്ങളുടെ 'പാകപ്പിഴകൾ' എന്താണു നമ്മെ പഠിപ്പിക്കുന്നത്? വേദവാക്യങ്ങൾ ഓരോ ഭാഗവും ഓരോ വ്യക്തിയും തോന്നിയപോലെ വ്യാഖ്യാനിക്കുന്നു. അപ്പോൾ ഒരേ വാചകം പരസ്പരവിരുദ്ധമായ അഭിപ്രായങ്ങളുടെ തെളിവിനായി ഓരോരുത്തനും വ്യാഖ്യാനിച്ചു സ്ഥാപിക്കുന്നു. വിധിക്കാനും കല്പിക്കാനും ചൂണ്ടിക്കാട്ടാനും അധികാരമുള്ള ഒരു കേന്ദ്രശക്തിയുടെ അഭാവമാണ്. ഇതിനു കാരണം.

വിശ്വാസൈക്യം സംരക്ഷിക്കാൻ അപ്പീലില്ലാത്ത ഒരു പരമാധികാരിയാണാവശ്യം. അതൊരു മെത്രാനായാൽ പോരാ. തെററിൽ വീണ പ്രസിദ്ധ മെത്രാന്മാർ പലരുണ്ട്. അവരെ തിരുത്തിയതു മാർപ്പാപ്പയാണ്. മെത്രാന്മാരുടെ സമൂഹമായാൽ പോരാ. ഒററയ്ക്കു തെററുപററുന്നവർ സമൂഹത്തിലും തെററിനു വിധേയരാകുകയില്ലെന്നു പറയാൻ ന്യായമെന്ത്? മാത്രമല്ല, അത്തരമൊരു സഭ ക്രിസ്തു സ്ഥാപിക്കയില്ല. മെത്രാന്മാർക്കെല്ലാം ഒത്തൊരുമിച്ചു സമ്മേളിച്ച്, ഓരോരോ സ്ഥലത്തുണ്ടാകുന്ന അബ

ദ്ധതത്വങ്ങൾ പഠിച്ച്, ചർച്ചചെയ്തു തിരുത്തുക എപ്പോഴും പ്രായോഗികമല്ല. പിന്നെ ഒരു മാർഗ്ഗമേയുള്ളു: തെററിനതീതനായ പാപ്പാ.

അപ്രമാദിത്വമുള്ള പാപ്പാ സഭയെ ഭരിക്കുന്നു.—നമുക്കു സന്തോഷവും സംതൃപ്തിയും പ്രദാനംചെയ്യുന്ന ഒരു വസ്തുതയാണിത്. സഭാനൗകയിൽ നാം യാത്രചെയ്യുകയാണ്, നിത്യജീവിതത്തിലേക്ക്. അതിൻെറ വിശ്വസ്തനായ അമരക്കാരനോടു പ്രകടിപ്പിക്കേണ്ട സ്നേഹാദരങ്ങളെപ്പററി നാം ചിന്തിക്കാറുണ്ടോ?

## മാർപ്പാപ്പയുടെ അപ്രമാദിത്വമെന്നാൽ എന്തല്ല.

അപ്രമാദിത്വത്തെപ്പററി പലരിലും പലവിധ തെററിദ്ധാരണകൾ കടന്നുകൂടിയിട്ടുണ്ട്. സഭ പഠിപ്പിക്കാത്ത വിധമാണു പലരും ഇതിനെ വ്യാഖ്യാനിക്കുക.

ചിലർ പറയും: "മററെല്ലാം വിശ്വസിക്കാം. എന്നാൽ, പാപ്പാ സർവ്വത്തിലും അപ്രമാദിത്വമുള്ളവനത്രേ—ഇതു വിശ്വസിക്കവയ്യാ." വളരെ നല്ല അഭിപ്രായം. എന്നാൽ, സ്നേഹിതാ, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ മാത്രം മാർപ്പാപ്പയ്ക്കു അപ്രമാദിത്വമുണ്ടെന്നേ സഭ പഠിപ്പിക്കുന്നുള്ളു. സഭയുടെ തലവനെന്ന ഔദ്യോഗികനിലയിൽ, ഒരു തത്വം പഠിപ്പിക്കുമ്പോഴേ, അതും സാർവ്വത്രികസഭയ്ക്കു ബാധകമെന്നു പ്രഖ്യാപിക്കുമ്പോൾ മാത്രമേ, മാർപ്പാപ്പയ്ക്കു തെററാവരമുള്ളു. മററവസരങ്ങളിൽ തെററു പററാം.

ഉദാഹരണമായി, ഒരു ഗണിതശാസ്ത്രജ്ഞൻ മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ടുവെന്നിരിക്കട്ടേ. മറെറാരു ഗണിതശാസ്ത്രജ്ഞന് ഒരു കാര്യമറിയണം—അയാൾ ഏറെ നാളായി രൂപംകൊടുക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്ന ഗണിതസിദ്ധാന്തം

ഇപ്പോൾ ശരിപ്പെടുത്തിക്കഴിഞ്ഞു. ഇനി അതു ശരിയാണോ എന്നറിയണം. പ. പിതാവിനോട്ട് അയാൾ അഭിപ്രായമാരാഞ്ഞു. അതെല്ലാം പരിശോധിച്ച്, അദ്ദേഹം വിധി പറഞ്ഞു: അതു ശരിയാണ്. ഇവിടെ മാർപ്പാപ്പയ്ക്കു തെററു പററാമോ? പററാം. കാരണം, അതു ഗണിതശാസ്ത്രമാണ്. അതിനുവേണ്ടിയല്ല ക്രിസ്തു തെററാവരം നല്കിയത്. ആത്മരക്ഷയ്ക്കുതകുന്ന വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച കാര്യങ്ങളിൽ വിധി പറയാനാണ്.

വേറൊരുദാഹരണംകൂടി: XI-ാം പീയൂസ് പാപ്പാ തിരഞ്ഞെടുപ്പിനു മുൻപു മിലാനിലുള്ള പ്രശസ്തമായ അംബ്രോസ്യൻ ലൈബ്രറിയിലെ പ്രഗത്ഭനായ ലൈബ്രേറിയനായിരുന്നു. ഒരു ചരിത്രകാരൻ പ. പിതാവിനെ സമീപിക്കുന്നു. കൈയിൽ അതിപുരാതനമായ ഒരു കൈയെഴുത്തുപ്രതിയുണ്ട്. അതു കലർപ്പററതോ കലർപ്പുള്ളതോ? ഇതാണ് അയാൾക്കറിയേണ്ടത്. മാർപ്പാപ്പ അതു പരിശോധിച്ചു. വിധിയും കല്പിച്ചു: "അതു കലർപ്പററതാണ്." ഈ വിധിതീർപ്പു ശരിയോ, "തെററാവരമുള്ള പാപ്പ" നല്കിയെന്ന കാരണത്താൽ? ഒരിക്കലുമല്ല. അങ്ങനെയുള്ള അപ്രമാദിത്വമല്ല ക്രിസ്തു നല്കിയിരിക്കുന്നത്. ഇവിടെ മാർപ്പാപ്പയ്ക്കു തെററു പററാം. അതുകൊണ്ട് ആരുടേയും ആത്മരക്ഷ അപകടത്തിലാകുന്നുമില്ല. മറിച്ച്, വിശ്വാസപരവും ധാർമ്മികവുമായ കാര്യങ്ങളാണ് കൈകാര്യംചെയ്യുന്നതെങ്കിൽ, അതും സഭാതലവൻ എന്ന നിലയിൽ, സാർവ്വത്രികസഭയെ ബാധിക്കണമെന്ന ലക്ഷ്യത്തോടേയെങ്കിൽ, കാര്യം മാറി. ഇവിടെ അദ്ദേഹത്തിനു തെററു പിണയാൻ പാടില്ല.

ഇനിയുമുണ്ടു വേറെ ചില തെററിദ്ധാരണകൾ - അപ്രമാദിത്വമുള്ള പാപ്പായുടെ അതിസ്വഭാവികമഹത്വം. മാർപ്പാപ്പ മിക്കവാറും ഒരു മർത്ത്യനല്ലാതായിത്തീരുന്നുപോലും! പാപ്പാ

യുടെ നിത്യരക്ഷ സുരക്ഷിതമാണത്രേ. അതൊന്നുമല്ല അപ്രമാദിത്വത്തിന്റെ അർത്ഥം.

"പാപ്പായുടെ അതിസ്വാഭാവികമഹത്വം"— മാർപ്പാപ്പയുടെ കിരീടധാരണം കഴിയുമ്പോൾ അദ്ദേഹം പത്രോസിന്റെ ബസിലിക്കായിൽ പ്രവേശിക്കുന്നു, അനേകരുടെ അകമ്പടിയോടേ. തിരുക്കർമ്മനിയന്ത്രകൻ ഒരു കഷണം പഞ്ഞി എടുത്തു കത്തിച്ചിട്ട്, പാപ്പാതിരുമേനിയോടു പറയുന്നു: "പ. പിതാവേ, ഈ ലോകമഹത്വങ്ങൾ ഇങ്ങനെ കടന്നുപോകുന്നു." അങ്ങയുടെ മഹത്വവും ഇങ്ങനെ കടന്നുപോകും. അങ്ങേക്ക് അപ്രമാദിത്വമുണ്ട്. ശരി. എന്നാൽ, കടന്നുപോകുന്ന ഈ ലോകമഹത്വത്തിന് അപ്രമാദിത്വവുമായി ബന്ധമൊന്നുമില്ല.

"പാപ്പാ മർത്ത്യനല്ലാതാകുന്നത്രേ." വിഭൂതിബുധനാഴ്ച നമുക്കു വത്തിക്കാൻ കപ്പേളയിലേക്കൊന്നു എത്തിനോക്കാം. പ. പിതാവു മുട്ടുകുത്തി തല കുനിക്കുന്നു. മറ്റൊരു വൈദികൻ ആ തലയിൽ ചാരം പൂശി പറയുന്നു: മനുഷ്യാ നീ പൊടിയാകുന്നു. ആ പൊടിയിലേക്കു നീ പിന്തിരിയും. പ. പിതാവേ, അവിടുന്നും പൊടിയിലേക്കു പിന്തിരിയും.

"പാപ്പാ പാപംചെയ്യുകയില്ല!" ഇതിനല്ല അപ്രമാദിത്വം. വ്യക്തിപരമായ കാര്യങ്ങളിൽ പോപ്പിനു തെററു പററാം. മാർപ്പാപ്പമാരിലും മനുഷ്യബലഹീനത നിലനില്ക്കയാണ്. ചില മാർപ്പാപ്പമാരുടെ ലജ്ജാവഹമായ അധഃപതനങ്ങൾ ചരിത്രം നമ്മെ തുറന്നുകാട്ടുന്നുണ്ട്. യൂദാസിനെ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തിയതും ക്രിസ്തുവാണ്. അതേ, ക്രിസ്തു വിശുദ്ധരിൽനിന്നു മാത്രമല്ല സഭാതലവന്മാരെ തിരഞ്ഞെടുക്കുക. തിരഞ്ഞെടുക്കപ്പെട്ടവരിൽ അനേകർ വിശുദ്ധന്മാരായിത്തീർന്നിട്ടുണ്ട്. ശരിതന്നെ. അതേസമയം, വളരെ കുപ്രസിദ്ധി നേടിയവരും അവരിലുണ്ടായിരുന്നു.

എല്ലാ വൈദികന്മാരും ചെയ്യുന്നതുപോലെ, അൾത്താരയുടെ താഴത്തേ പടിയിൽ നിന്നുകൊണ്ടാണു മാർപ്പാപ്പയും ദിവ്യബലി ആരംഭിക്കുക. മററു വൈദികന്മാരെപ്പോലെ, "സർവ്വശക്തനായ ദൈവമേ, ഞാൻ വളരെ വളരെ പാപംചെയ്തു." എന്നു് അദ്ദേഹവും ഏററുപറയുന്നു.

ആഴ്ചയിലൊരിക്കൽ, ചിലപ്പോൾ പല പ്രാവശ്യം, അപ്രമാദിത്വമുള്ള മാർപ്പാപ്പ ഒരു വൈദികനെ സമീപിക്കുന്നു. എന്തിനെന്നോ? കുമ്പസാരിക്കാൻ. പാപങ്ങൾ ഏററുപറയാൻ. അവിടെ മുട്ടുകുത്തി മറേറതൊരുത്തനേയുംപോലെ കുമ്പസാരിക്കുന്നു. "നിന്റെ പാപങ്ങളിൽനിന്നു നിന്നെ ഞാൻ മോചിക്കുന്നു" ആ വൈദികൻ 'പാപം പോക്കുന്നു.' മാർപ്പാപ്പയും കുമ്പസാരിക്കുമോ? തീർച്ചയായും. അപ്രമാദിത്വമുള്ള മാർപ്പാപ്പ പാപത്തിൽ വീഴുമോ? വീണേക്കാം. കാരണം, പാപവും അപ്രമാദിത്വവും തമ്മിൽ ബന്ധമൊന്നുമില്ല.

മാർപ്പാപ്പയെ അതിസ്വാഭാവികവ്യക്തിയായി നാം പരിഗണിക്കുന്നില്ല. പാപ്പാ മനുഷ്യബലഹീനതയില്ലാത്ത അമാനുഷനായിത്തീരുന്നില്ല. ക്രിസ്തു പഠിപ്പിച്ചതു മാർപ്പാപ്പ പഠിപ്പിക്കുന്നു. ക്രിസ്തു നിഷേധിച്ചവ അദ്ദേഹം നിരോധിക്കുന്നു. ക്രിസ്തു കല്പിച്ചതു് അദ്ദേഹവും കല്പിക്കുന്നു. മാർപ്പാപ്പ ലോകത്തിൽ കെട്ടുന്നതു സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും-ഇതാണു നമ്മുടെ വിശ്വാസം.

സുഹൃത്തുക്കളേ, ദൈവപരിപാലന അത്ഭുതാവഹമാണു്. ഈ 19 നൂററാണ്ടുകളിലേ സഭാചരിത്രമെടുക്കുവിൻ. എത്രയെത്ര ശീശ്മകളും പാഷണ്ഡതകളുമാണു് അതിൽ തലപൊക്കിയിട്ടുള്ളതു്. ഓരോ നൂററാണ്ടിനും അതിന്റേതായ പാഷണ്ഡതകളുണ്ടു്. അപ്പസ്തോലന്മാർ ആരംഭിച്ച സഭകളിലേ മെത്രാന്മാർപോലും-യെരുസലമിലേയും എഫേസൂസിസിലേയും അലക്സാൻ

ഡ്രിയായിലെയും അന്ത്യോഖ്യായിലെയും മെത്രാന്മാർപോലും—ശീശ്മയിലും പാഷണ്ഡതയിലും ഉൾപ്പെട്ടിട്ടുണ്ട്. എന്നൊന്നും ഉറച്ചുനിന്നിട്ടുള്ളതു റോമാമെത്രാന്മാർ മാത്രമാണ്. ചില മാർപ്പാപ്പമാരുടെ രഹസ്യജീവിതം ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്; ഉതപ്പിനു കാരണമായിട്ടുണ്ട്; അവരുടെ പരിശുദ്ധസ്ഥാനത്തിന് ഒട്ടും പൊരുത്തപ്പെടാത്തവിധമായിരുന്നിട്ടുണ്ട്. പക്ഷേ, ഒരു കാര്യത്തിൽ അവർക്കു തെററുപിണഞ്ഞിട്ടില്ല — സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ. രഹസ്യജീവിതത്തിൽ അവർ പരാജയമടഞ്ഞേക്കാം; പ്രബോധനക്കാര്യത്തിൽ അതുണ്ടാവുകയില്ല.

അനുസരണമുള്ള ഹൃദയത്തോടെ ഓരോ കത്തോലിക്കനും റോമിലേക്കു നോക്കുന്നു. സമസ്തവിശ്വാസികളുടേയും അപ്രമാദിത്വമുള്ള അദ്ധ്യാപകൻ എന്ന നിലയിൽ മാർപ്പാപ്പ പഠിപ്പിക്കുന്നു, പ്രസംഗിക്കുന്നു എന്ന് എല്ലാവർക്കുമറിയാം. തത്ത്വികപ്രശ്നങ്ങൾ കൈകാര്യംചെയ്യുമ്പോൾ സഭാസ്ഥാപകനായ ക്രിസ്തുവിന്റെ പ്രാർത്ഥന അദ്ദേഹത്തിനു സംരക്ഷണയായിട്ടുണ്ട്. പരിശുദ്ധാത്മാവ് അദ്ദേഹത്തെ നയിക്കുന്നു. അതിനാൽ, ആവിഷ്കൃതസത്യങ്ങളിൽ ഉൾക്കൊള്ളുന്നവ മാത്രമേ അദ്ദേഹം പഠിപ്പിക്കൂ. അതിൽ തെററുപററില്ല.

നേപ്പിൾസിൽനിന്നു കാപ്രിദ്വീപിലേക്കു യാത്രചെയ്യുന്നവരുടെ ദൃഷ്ടിയിൽപ്പെടുന്ന ഒന്നാണു മധ്യധരണ്യാഴിയിൽ തലയുയർത്തിനില്ക്കുന്ന ഒരു വൻപാറക്കൂട്ടം. നൂറുനൂറു നൂററാണ്ടുകളായി അതു തിരമാലകളുടെ ആഞ്ഞടി ഏററുതുടങ്ങിയിട്ട്. ചെറുബോട്ടുകൾ അതിനുചുററും പായാറുണ്ട്. പത്തേമാരികളും ആവിക്കപ്പലുകളുമെല്ലാം അതിനെ കടന്നുപോകാറുണ്ട്. എന്നാൽ, അവയൊന്നും അതിനെ പ്രായേണ ഗൗനിക്കാറില്ല.

ആ വൻപാറക്കൂട്ടംപോലെയാണു സഭയും, ഈ ജീവിതസമുദ്രത്തിൽ. മനുഷ്യജീവിതമാകുന്ന ചെറുബോട്ടുകൾ സഭയ്ക്കു

ച്ചുറവും തെന്നിമാറുന്നുണ്ട്. ധനമോഹികളായ പത്തേമാരികളും പണ്ഡിതമ്മന്യരായ ആവിക്കപ്പലുകളും തിരുസ്സഭയാകുന്ന വൻപാറക്കൂട്ടത്തെ അശ്രദ്ധം കടന്നുപോകുന്നുണ്ട്. കാലപ്പുഴക്കത്തിൽ അലമാലകൾ ആ യാനപാത്രങ്ങളെ സമുദ്രാന്തർഭാഗത്തേക്ക് ഉടച്ചുതാഴ്ത്തുമ്പോൾ തിരുസ്സഭയാകുന്ന ആ വൻപാറക്കൂട്ടം മാത്രം ബലിഷ്ഠമായി നിലകൊള്ളുകയാണ്. അതിന്മേൽ ക്രിസ്തുനാഥൻ പടുത്തുയർത്തിയ നിത്യഗോപുരത്തിൽ നിലയുറപ്പിച്ചുകൊണ്ട് അവിടുത്തെ പ്രമാദരഹിതനായ പ്രതിനിധി വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും സത്യപ്രകാശം ലോകമെങ്ങും പരത്തുകയാണ്, പതറാത്ത ആത്മവിശ്വാസത്തോടെ.

---

## എട്ടാം അദ്ധ്യായം

# മാർപ്പാപ്പയുടെ മുടിമുടി.

പ്രഥമ പാപ്പയെ നിയോഗിച്ചയച്ചപ്പോൾ ക്രിസ്തുനാഥൻ അരുൾച്ചെയ്ത വാക്കുകൾ അത്യഗാധരഹസ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: നീ ചെറുപ്രായക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ നിന്റെ അരകൾ കെട്ടിയിരുന്നു; നിനക്കു ഇഷ്ടമുള്ളിടത്തേക്കു നീ നടക്കുകയും ചെയ്തിരുന്നു. നീ വൃദ്ധനാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറെറാരുത്തൻ നിന്റെ അരകൾ കെട്ടി നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും." (വി. യോഹ. 21: 18)

ഈ വാക്കുകളുടെ പൊരുളെന്തെന്നു പത്രോസ് അന്നു മനസ്സിലാക്കിയിരിക്കയില്ല. ഏ. ഡി. 67-ലാണ് പ്രസ്തുത വാക്കുകൾ നിറവേറാനിരുന്നത്. അന്നു പ്രഥമ പാപ്പാ ക്രൂശിതനാകണം. അതും തലകീഴായി. അങ്ങനെ ക്രിസ്തുവിനോടുള്ള സ്നേഹം സ്വന്തം ജീവാർപ്പണത്താൽ മുദ്രിതമാക്കണം.

ക്രിസ്തു ഇതെല്ലാം മുൻകൂട്ടി കണ്ടു. പ്രഥമ പാപ്പാ രക്തസാക്ഷിയാകണം. അതുപോലെതന്നെ മററു പലരും. സുവിശേഷകനായ യോഹന്നാൻ ഒരു വാക്യംകൂടി കൂട്ടിച്ചേർക്കുന്നു: "എന്നാൽ ഇതു് അവൻ ഏതുവിധ മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാനിരിക്കുന്നു എന്നു കാണിക്കുവാനാണ് അവൻ അരുളിച്ചെയ്തതു്: ഇവ അരുളിച്ചെയ്തിട്ടു് അവനോടു്: എന്റെ പി

നാലേ വരിക എന്നു പറഞ്ഞു." (വി. യോഹ. 21: 19) ക്രിസ്തു പലതും ദീർഘദർശനംചെയ്തു: കാലാന്തരത്തിൽ ശത്രുക്കൾ തിരുസ്സഭയെ കടുത്ത വിദ്വേഷത്തോടെ ആക്രമിക്കും. അപ്പോൾ, സഭയുടെ ഭാവിസുസ്ഥിതി മാർപ്പാപ്പയെ ആണ് ആശ്രയിച്ചിരിക്കുക. പാപ്പായുടെ മൂന്നുനിലക്കിരീടം രാജകീയമല്ല; ഉൽക്കണ്ഠയുടേതാണ്. പാപ്പാധിപത്യത്തിൻെറ അത്ഥമെന്തെന്നു ചിന്തിക്കുവിൻ. അപ്പോൾ, പോപ്പുരാജൻെറ കിരീടം യഥാത്ഥത്തിൽ മൂന്നു നിലയുള്ള ഒരു മുൾക്കിരീടമെന്നു നമുക്കു മനസ്സിലാക്കാം.

## എല്ലാ സഭയെപ്പററിയുമുള്ള താൽപര്യം.

പാപ്പായുടെ ഒന്നാമത്തെ മുൾക്കിരീടമെന്തെന്നോ? ക്രിസ്തുവിനായി ചെയ്തുതീക്കേണ്ട ജോലിയും കടമയും. അതിനു പൌലോസ്ശ്ലീഹ കൊടുത്തിരിക്കുന്ന പേരാണ്, "എല്ലാ സഭയെപ്പററിയുമുള്ള ചിന്താഭാരം." (II കൊറി. 11: 28)

ചിലർ പറഞ്ഞുനടക്കാറുണ്ട്, മാർപ്പാപ്പയുടെ രാജകീയമായ ജീവിതത്തെപ്പററി; വത്തിക്കാനിലുള്ള ആയിരത്തോളം മുറികളെപ്പററി; പാപ്പയ്ക്കുള്ള കണക്കററ പണത്തെപ്പററി; അദ്ദേഹത്തിനു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു ലഭിക്കുന്ന ബഹുമാനാദരങ്ങളെപ്പററി. മാർപ്പാപ്പയെ കാണാത്തവരും അറിയാത്തവരും ഇതിലപ്പുറം വിശ്വസിച്ചേക്കാം; പറഞ്ഞുപരത്തിയേക്കാം.

പക്ഷേ, അദ്ദേഹത്തിൻെറ ഭാരിച്ച ചുമതലകൾ ഗ്രഹിച്ചിട്ടുള്ളവർക്ക് ഈ തെററു പററുകയില്ല. മാർപ്പാപ്പ അതിരാവിലെ ഉണരുന്നു; അർദ്ധരാത്രിയോളം അദ്ധ്വാനിക്കുന്നു; 30000-ൽപ്പരം എഴുത്തുകളും ലേഖനങ്ങളും അദ്ദേഹം അനുദിനം സ്വീകരിക്കയും അയയ്ക്കയും ചെയ്യുന്നു. വർഷംതോറും ഏകദേശം ഒരായിരം പ്രസംഗങ്ങൾ അദ്ദേഹം ചെയ്യുന്നു. ലക്ഷക്കണക്കിൽ

സന്ദർശകരെ സ്വീകരിക്കുന്നു. അവർ ലോകത്തിന്റെ നാനാഭാഗത്തുനിന്നും വരുന്നവരാണ്. സാധാരണക്കാരും പ്രശസ്തരും ലോകനേതാക്കളുമെല്ലാം അവരിൽ കാണാം. പലപല യോഗങ്ങളിലും ചർച്ചകളിലും അദ്ദേഹം പങ്കെടുക്കുന്നു. 50 കോടിയോളം വരുന്ന കത്തോലിക്കജനതയുടെ ആദ്ധ്യാത്മികനിയന്ത്രണത്തിൽ മാത്രമല്ല, അനാഗതരുടെ മാനസാന്തരം സാധിക്കാനും അദ്ദേഹം പരിശ്രമിക്കുന്നു — ഇതെല്ലാം ഗ്രഹിച്ചിട്ടുള്ളവർ മാർപ്പാപ്പയെ തെററിദ്ധരിക്കയില്ല; വിമർശിക്കയില്ല; പഴിപറകയില്ല. സ്നേഹബഹുമാനങ്ങളോടേ അവർ അദ്ദേഹത്തെ വീക്ഷിക്കും. "ദൈവത്തിന്റെ ദാസന്മാരുടെ ദാസനാ"യ പാപ്പാ സമസ്തസഭകളെക്കുറിച്ചും ഉൽക്കണ്ഠയുള്ളവനാണ്.

പാപ്പായുടെ ജോലിയും കടമയും ദൈനംദിനം വർദ്ധിച്ചുവരികയാണ്. കാരണം, ലോകമെങ്ങും അദ്ദേഹത്തിന്റെ അധികാരം വർദ്ധമാനമാകുന്നു.

ദൈവപരിപാലനയോടു നാമെന്നും കൃതാർത്ഥരായിരിക്കണം. ഒന്നാം ലോകമഹായുദ്ധത്തെത്തുടർന്നു രാഷ്ട്രങ്ങളെല്ലാം തകർന്നുതരിപ്പണമായി. സിംഹാസനങ്ങളെല്ലാം നിലംപതിച്ചു. വിശ്വാസത്തിനിളക്കംതട്ടി. അതേസമയം, പത്രോസിന്റെ ബസലിക്കായിലേ രജതകാഹളം ഏറെ ആർജ്ജവത്തോടേ മുഴങ്ങിക്കേട്ടു. "നീ പത്രോസാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും." (വി. മത്താ. 16: 18) അപ്പോൾ, പ്രത്യാശാനിർഭരമായ ഹൃദയത്തോടേ കൂടുതൽകൂടുതൽ വ്യക്തികളും ജനപദങ്ങളും രാജ്യങ്ങളും വത്തിക്കാനിലേക്കു തിരിഞ്ഞു.

നമുക്ക് ആനന്ദിക്കാം. അഭിമാനംകൊള്ളാം. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം മാർപ്പാപ്പയുടെ ശക്തിയും അധികാരവും സർവ്വത്ര വിപുലതരമായിട്ടുണ്ട്. ജനലക്ഷങ്ങളുടെ ശ്രദ്ധ

വത്തിക്കാനിലേക്കാണ്. മാർപ്പാപ്പയുടെ വാക്കുകൾ അവർ സ്വീകരിക്കുന്നു. സകലജനസമ്മതനാണ് അദ്ദേഹം. പക്ഷേ, ഈ പ്രശസ്തിയും സ്ഥാനൗന്നത്യവും, സഭാഭരണം യഥാവിധി നടത്തേണ്ട മാർപ്പാപ്പയ്ക്കു കുറെ ക്ലേശകരംതന്നെ.

## സഭാമർദ്ദനം

ഇനി പാപ്പായുടെ രണ്ടാമത്തെ മുൾക്കിരീടത്തെപ്പററി. ആദ്യത്തേതിനേക്കാൾ ദുസ്സഹമാണിതു്. ക്രൈസ്തവതാൽപര്യങ്ങൾക്കുവേണ്ടിയുള്ള ഉൽക്കണ്ഠ. സഭയ്ക്കു് അനുഭവിക്കേണ്ടിവരുന്ന മർദ്ദനങ്ങൾ, അവമൂലം സഹിക്കേണ്ടിവരുന്ന മനോവ്യഥകൾ! പൗലോസ്ശ്ലീഹായോടുകൂടെ മാർപ്പാപ്പയ്ക്കും പറയാം: "ആരു ബലഹീനനാകുമ്പോളാണു ഞാൻ ബലഹീനനാകാത്തതു്. ആരു് ഇടറുമ്പോഴാണു ഞാൻ ദഹിക്കാതിരിക്കുന്നതു്." (II കോറി. 12: 29)

നാം പലപ്പോഴും കണ്ടുമുട്ടാറുണ്ടു്, ഒരുകൂട്ടം ആളുകളെ—ജീവൽപ്രശ്നങ്ങളുമായി ഏററവുമുട്ടി വിഷമിച്ചു, മടുത്തു, നിരാശയിലാണ്ടവരെ. അവർ പരാതിപ്പെടുകപതിവാണു്: "ഇനി എനിക്കു സഹിക്കവയ്യാ. എന്തെല്ലാം ജോലികളാണു്, എന്തെല്ലാം പ്രയാസങ്ങളാണു്, എന്തെല്ലാം ചുമതലകളാണു് എനിക്കുള്ളതു്." നമ്മുടെ നിലപാടിതാണു്. അപ്പോൾ, മാർപ്പാപ്പയുടെ സ്ഥിതി എന്തായിരിക്കണം? ഒരു വയലോ, ഒരു സ്കൂളോ, ഒരു ബാങ്കോ, ഒരാഫീസോ, ഒരു രാജ്യമോ അല്ല അദ്ദേഹത്തെ ഭരമേല്പിച്ചിരിക്കുന്നതു്. ലോകത്തിലേ ഏററം വൻപിച്ച സ്ഥാപനത്തിൻെറ ചുമതലയത്രേ. 50 കോടിയോളം അംഗങ്ങളുണ്ടു് അതിനു്. അദ്ദേഹത്തിൻെറ പ്രവർത്തനരംഗം ഒരു ഗ്രാമത്തിലോ രാജ്യത്തോ ഒതുക്കിനിറുത്താവുന്നതല്ല. ലോകമെല്ലാം അതു വ്യാപിച്ചുകിടക്കുന്നു.

ലോകത്തിലെ വിവിധ സംഭവവികാസങ്ങൾ പരിശുദ്ധ പിതാവ് അന്നന്ന് അറിയുന്നു. ഓരോ വാർത്തയും അവിടുത്തെ പൈതൃകഹൃദയത്തെ ആനന്ദിപ്പിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യുന്നു. പഞ്ചഭൂഖണ്ഡങ്ങളിലെ ഓരോ പരാതിയും സങ്കടവും കലാപവും ആ പൈതൃകഹൃദയത്തെ വേദനിപ്പിക്കുന്നു. ക്രൈസ്തവപ്രബോധനങ്ങളുടെ ശത്രുക്കൾ മനുഷ്യഹൃദയങ്ങളിൽനിന്നു മതത്തേയും വിശ്വാസത്തേയും പിഴുതെറിയാൻ ശ്രമിക്കുന്നു. അവർ രഹസ്യപരിപാടികൾ തയ്യാറാക്കുന്നു. ഒളിപ്പോരുകൾ നടത്തുന്നു. ക്രിസ്തുവിൻെറ സഭ എപ്പോഴും എവിടെയെങ്കിലും മർദ്ദനമേററുകൊണ്ടിരിക്കയാണ്. നമുക്കറിയാം, എവിടെയെല്ലാമാണ് ഈ മർദ്ദനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന്. ഓരോരോ രാജ്യത്തിലെ തീർത്ഥകരെ മാർപ്പാപ്പ സ്വീകരിക്കുമല്ലോ. അപ്പോഴത്തെ ഓരോ വാക്കും അവരോടുള്ള അവിടുത്തെ സ്നേഹാനുകമ്പകൾ പ്രകടമാക്കുന്നതാണ്.

ഇതെല്ലാം നാമറിയുന്നു. അവിടുത്തെ വത്സലസുതരാണു നാം. അതിനാൽ, ആവശ്യങ്ങളിൽ നാം അദ്ദേഹത്തെ സഹായിക്കണം. പ്രഥമവും പ്രധാനവുമായി വേണ്ടതു പ്രാർത്ഥനയാണ്. മാർപ്പാപ്പയുടെ നിയോഗാനുസരണം നമുക്കു പ്രാർത്ഥിക്കാം. കത്തോലിക്കർക്കു പ്രശസ്തമായ ഒരു പാരമ്പര്യമുണ്ട്: പ. പിതാവിൻെറ ആവശ്യങ്ങളും ആവലാതികളും ബുദ്ധിമുട്ടുകളും നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുക. കർത്താവ് അദ്ദേഹത്തെ കാത്തുരക്ഷിക്കുന്നതിനും അദ്ദേഹം ശത്രുകരങ്ങൾക്കിരയാകാതിരിക്കുന്നതിനുമെല്ലാം നാം പ്രാർത്ഥിച്ചു തീരൂ.

ഭൗതികസഹായങ്ങൾ നല്കുന്നതിലും നാം ഒട്ടും പിന്നോക്കമല്ല. 'അന്നന്നായപ്പ'ത്തിനു വഴികാണാതെ ആധുനികലോകത്തിൽ അനേകായിരങ്ങൾ നട്ടംതിരിയുകയാണ്. എന്നിട്ടും, സഭാസന്താനങ്ങൾ പത്രോസിൻെറകാശുപ. പിതാവിന് അയയ്ക്കാൻ മടികാണിക്കുന്നില്ല.

നാം പ്രത്യേകം മനസ്സിലാക്കേണ്ട ഒരു പ്രയോഗമാണിതു്: 'പാപ്പായ്ക്കു പത്രോസിന്റെ കാശു്'. പീയൂസിന്റെ കാശല്ല; ലെയോയുടെ കാശല്ല; ജോണിന്റെ കാശല്ല; പത്രോസിന്റെ കാശു്. മാർപ്പാപ്പയുടെ ആവശ്യങ്ങളുടെ ഒരു പ്രധാന ഭാഗം ഈ ചില്ലിക്കാശുകളുടെ ആകെത്തുക സാധിച്ചുകൊടുക്കുന്നു. എന്താവശ്യങ്ങൾ? വിഭവസമൃദ്ധമായ ഭക്ഷണപാനീയങ്ങളോ ആനന്ദസംദായകമായ താമസസൗകര്യങ്ങളോ ആർഭാടസഹിതമായ വേഷവിധാനങ്ങളോ അല്ല. മാർപ്പാപ്പയുടെ ജീവിതം അതിലളിതമാണു്. പിന്നെ എന്തിനീ ഭീമസംഖ്യ? ലോകമെങ്ങുമുള്ള സാധുക്കളെ കഴിയുമ്പോലെ സഹായിക്കാൻ; മിഷനെ സഹായിക്കാൻ; സഭയുടെ ഇതരാവശ്യങ്ങൾ നിർവ്വഹിക്കാൻ. സഭാഭാരം താങ്ങുന്നതു പ. പിതാവാണു്. ഏതാനും നാണയത്തുട്ടുകൾ നല്കി അദ്ദേഹത്തെ സഹായിക്ക—ഒരു ചെറിയ ത്യാഗപ്രവൃത്തിയാണതു്. അതേസമയം, സഭാപിതാവിനോടുള്ള സ്നേഹബഹുമാനമാണു നാം അപ്പോൾ പ്രകടമാക്കുക. ആരെല്ലാം നമ്മുടെ നാട്ടിൽനിന്നു പത്രോസിന്റെ കാശു കൊടുക്കുന്നുണ്ടു്? ഈ രാജ്യത്തുനിന്നുണ്ടാകുന്ന തുകയുടെ ആകെ സംഖ്യ എത്തു്? അതെല്ലാം എത്രയെങ്കിലുമാകട്ടെ. എന്നാൽ, ഒന്നു തീർച്ചയാണു്—ആർഭാടത്തിനും അലങ്കാരത്തിനും അനാവശ്യത്തിനുമായി നാം ചെലവഴിക്കുന്നതിന്റെ നൂറിലൊരംശംപോലും ഇതാകുന്നില്ല.

## മാർപ്പാപ്പമാർ ഏല്ക്കുന്ന മർദ്ദനങ്ങൾ.

സഭാതലവന്റെ മൂന്നാമത്തെ മുൾക്കിരീടം: അതിരററ വിദ്വേഷവും മർദ്ദനവുമാണതു്. എപ്പോഴും പാപ്പാസ്ഥാനം വിദ്വേഷത്തിനും മർദ്ദനത്തിനും വിധേയമാകുന്നുണ്ടു്. ക്രിസ്തുവിന്റെ ആ രണ്ടു പ്രവചനങ്ങൾ അങ്ങനെ നിറവേറുകയത്രേ.

"മറെറാരുത്തൻ നിൻെറ അരകം കെട്ടി നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകും." (വി. യോഹ. 21: 18). മാർപ്പാപ്പമാരുടെ ചരിത്രത്തിലൂടനീളം ഇതു സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

ആരംഭം മുതലുള്ള മാർപ്പാപ്പമാരുടെ ചരിത്രത്തിലേക്കു നമുക്കൊന്നെത്തിനോക്കാം. ആദ്യന്തൂററാണ്ടിൽ ഒരു മാർപ്പാപ്പയാവുക ഒരു രക്തസാക്ഷിയാവുകതന്നെയായിരുന്നു. 4-ാം ശതാബ്ദത്തിൽ ഭരിച്ച മഹാനായ കോൺസ്റ്റൻറൈൻ ചക്രവത്തിയുടെ കാലംവരെ തിരുസ്സഭയിൽ 32 മാർപ്പാപ്പമാർ വാണിട്ടുണ്ട്. അവരിൽ 30 പേരും രക്തസാക്ഷികളായി. മററു രണ്ടു പേരും നാടുകടത്തപ്പെട്ടു; അവിടെവച്ചു മരിച്ചു. തുടർച്ചയായുള്ള 30 തലവന്മാരുടെ രക്തസാക്ഷിത്വത്തോടേ കെട്ടിപ്പടുക്കപ്പെട്ട മററ് ഏതെങ്കിലും ഒരു സ്ഥാപനമുണ്ടോ? കോൺസ്റ്റൻറൈനെൻറ കാലശേഷവും നാനാവിധ മദ്ദനങ്ങൾക്കു മാർപ്പാപ്പമാർ വിധേയരായിട്ടുണ്ട്.

സഭാമർദ്ദനത്തിനവസാനമില്ല. ഒരു കാലത്തു് യൂറോപ്പിലേ ഏററം പ്രതാപവാനായ വ്യക്തി ഫ്രെഡറിക്ക് ബാർബറോസയായിരുന്നു. വലിയൊരു സൈന്യവ്യൂഹത്തോടേ അയാൾ റോമാ വളഞ്ഞു. പാപ്പാസ്ഥാനം തകരുമെന്നു തോന്നി. എന്നിട്ടെന്തായി? റോമിനു ചുററുമുള്ള ക്യാമ്പുകൾക്കുള്ളിൽ തീ ആളിക്കത്തുന്നു. നിത്യനഗരത്തെ എരിച്ചു ചാമ്പലാക്കാനോ? അല്ല. പ്ലേഗ് രോഗം പടർന്നുപിടിച്ചതുനിമിത്തം ചത്തുവീണ ആയിരമായിരം പട്ടാളക്കാരുടെ മൃതദേഹങ്ങൾ ദഹിപ്പിക്കപ്പെടുകയാണ്. ദഹിപ്പിച്ചുതീക്കുക പ്രയാസമായി. കണക്കററ ശവശരീരങ്ങൾ കടലിലെറിയപ്പെട്ടു. അധികം കഴിഞ്ഞില്ല, ഫ്രെഡറിക്ക് ചക്രവത്തി നഗ്നപാദനായി നടന്നുവരുന്നു, മാപ്പാപ്പാ തിരുമേനിയോടു മാപ്പിരക്കാൻ.

പീയൂസ് രണ്ടാമന് ഒരിക്കൽ സാലഡിൻ സുൽത്താൻെറ ഒരു കത്തു ലഭിച്ചു: "പത്രോസിൻെറ ബസിലിക്കയെ ഒരു മുസ്ലിം പള്ളിയായി മാററാൻ ഞാനിതാ പുറപ്പെടുന്നു." തിരുമേനി മറുപടി കൊടുത്തു: "കപ്പൽ ഓളത്തിൽക്കിടന്നു വല്ലാതെ ഉലഞ്ഞേക്കാം. പക്ഷേ, മുങ്ങുക സാധ്യമല്ല." അതു മുങ്ങിയില്ലതാനും.

ഇതുകൊണ്ടൊന്നും പിന്നീടു വന്ന ഭരണധുരന്ധരന്മാർ പഠിച്ചില്ല. പീയൂസ് ആറാമനെ അങ്ങേയററം എളിമപ്പെടുത്തിയ നെപ്പോളിയൻ അഹംഭാവത്തോടെ വിളിച്ചുപറഞ്ഞു: "പാപ്പാ എന്നെ സഭാഭ്രഷ്ടനാക്കി! അതുകൊണ്ട്, എൻെറ പട്ടാളക്കാരുടെ കൈയിൽനിന്ന് ആയുധങ്ങൾ നിലംപതിക്കുമെന്നു പാപ്പാ വിചാരിക്കുന്നോ?" മോസ്കോവിലെ മരം കോച്ചുന്ന മഞ്ഞിൽവച്ചു നെപ്പോളിയൻെറ പട്ടാളക്കാരുടെ തണുത്തുറഞ്ഞ കരങ്ങളിൽനിന്ന് ആയുധങ്ങൾ കൊഴിഞ്ഞുവീഴുകതന്നെ ചെയ്തു. വാട്ടർലൂവിലെ പരാജയം; ഹെലെനായിലെ ഏകാന്തവാസം; ഒടുക്കം നെപ്പോളിയൻ അന്തരിച്ചു. തിരുസ്സഭ വിജയിച്ചു വിരാജിക്കുന്നു.

"നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല." (വി. മത്താ. 16: 18) ഇതാണു ക്രിസ്തുവിൻെറ രണ്ടാമത്തെ പ്രവചനം. ഇതാണു സഭ ഇന്നും നിലനില്ക്കുന്നതിനു കാരണം. ഇതുവരെ അതു നിലനിന്നു; ഇനി അങ്ങനെതന്നെ തുടരും.

ക്രിസ്തു അന്നു വാഗ്ദാനംചെയ്തു. ഇതുവരെ അതു നിറവേറി—പേഗൻ റോം പണ്ടേ അപ്രത്യക്ഷമായി. ജൂപ്പിററിനു പ്രതിഷ്ഠിച്ചിരുന്ന ബലിപീഠം നാമാവശേഷമായി. തിരുസ്സഭയുടെ തലവനെതിരായി ഫണമുയർത്തിയ പല ചക്രവർത്തികളും രാജാക്കന്മാരുമുണ്ടായിട്ടുണ്ട്. ഇന്നു ലോകം അവരെ പുരാണനാമങ്ങളായി സ്മരിച്ചെന്നു വരാം. എന്നാൽ, പാപ്പാസ്ഥാനം

ഇന്നും നിലനില്ക്കുന്നു; എന്നത്തേക്കാൾ ശക്തിയോടും പ്രതാപത്തോടുംകൂടി പ്രശോഭിക്കുന്നു. മീൻപിടിത്തക്കാരനായ പത്രോസിന്റെ കുഴിമാടം 19 നൂററാണ്ടുകൾക്കു മികച്ച ബുദ്ധിപ്രാഭവം പകർന്നുകൊടുത്തുകൊണ്ടു നിലനിന്നു. എന്നും നിലനില്ക്കും. "പോപ്പിനെ കടിക്കുന്നവൻ മരിച്ചുവീഴും"—ഒരു ഫ്രെഞ്ചു പഴഞ്ചൊല്ലാണിതു്. ചരിത്രം ഈ യാഥാർത്ഥ്യത്തെ സ്ഥിരീകരിച്ചിട്ടുണ്ടു്.

പരിശുദ്ധ പാപ്പാമാർ ഇതുവരെ എന്തെല്ലാം കണ്ടുകഴിഞ്ഞു. അവർ റോമാ ചക്രവർത്തിമാരുടെ സംഹാരരുദ്രത അനുഭവിച്ചിട്ടുണ്ടു്. പക്ഷേ, ആ ചക്രവർത്തിമാരിൽ പലരും രക്തത്തിൽ കുളിച്ചു പിടഞ്ഞുമരിക്കുന്നതും അവർ കണ്ടു. അവർ കണ്ടിട്ടുണ്ടു്, സുഭഗരായ—അജയ്യരായ ട്യൂട്ടോണിക്കു് വംശജർ, റോമാചക്രവർത്തി ടൈററസ്സ് പണിതുയർത്തിയ വിജയകവാടത്തിലൂടെ മാർച്ചുചെയ്തുപോകുന്നതും നീലനയനങ്ങൾ വിടർത്തി റോമിന്റെ പ്രതാപം ദർശിക്കുന്നതും. അവർ കേട്ടിട്ടുണ്ടു്, ആ ട്യൂട്ടൺ നേതാക്കളുടെ ശവപ്പെട്ടിമേൽ മണ്ണു വീഴുന്നതും പിൻമുറക്കാർ നിരാശയിലാണ്ടു കേഴുന്നതും. കാറൾമാൻ പ്രതാപൈശ്വര്യത്തിന്റെ അത്യുച്ചകോടിയിലെത്തിയതു സഭ കണ്ടു. അതുപോലെതന്നെ, ആ വംശത്തിന്റെ അന്ത്യവും. 'ഹോഹെൻസ്റ്റോഫൻസു്' (Hohenstanfens) സഭയോടു് ഏറെപ്പൊരുതി. എന്നാൽ, ശത്രുഖഡ്ഗത്താൽ അവരിൽ അവസാനത്തെ കുഞ്ഞുവരെ നിലംപതിച്ചതും അവർ കണ്ടു. യൂറോപ്പിനെ ഭരിച്ച രാജവംശങ്ങൾ വന്നുപോയതിനു് അവർ ദൃക്സാക്ഷിയാണു്: കാർലോവിൻഗിയൻസ്, കാപ്പെററ്സ്, ആംഗ്ലോ സാക്സൺസ്, ഡാനിഷ്, നോർമൻസ്, ട്യൂഡർ, സ്ററുവാർട്ട്സ്...മുതലായ രാജവംശങ്ങൾ. മങ്കോൾ നേതാക്കളേയും റഷ്യൻ സാർ ചക്രവർത്തികളേയും അവർ കണ്ടു. മഹാനായ ലൂയി പതിനാലാമൻ പ്രതാപൈശ്വര്യത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തിയതും അവർ ദർശിച്ചു.

അദ്ദേഹത്തിൻെറ കഴിമാടത്തിങ്കൽ വച്ചു പ്രസിദ്ധനായ മസിഃല്ലാ മെത്രാൻ ഇങ്ങനെ പറയുന്നതും അവർ കേട്ടു: "സഹോദരന്മാരേ ദൈവം മാത്രമാണു വലിയവൻ." നെപ്പോളിയൻെറ കീത്തിധാവള്യം യൂറോപ്പിലെങ്ങും വീശിവിലസുന്നതും കെട്ടടിയുന്നതും അവർ കണ്ടു. പാപ്പാധികാരത്തിൻെറ ജീവൻ നിലനിത്തിയതു സൈന്യശക്തിയല്ല. പീരങ്കികളോ യന്ത്രത്തോക്കുകളോ സഭയ്ക്കില്ല പക്ഷെ, ഒന്നുണ്ടു്, അവളുടെ ദിവ്യസ്ഥാപകൻെറ വാക്കുകൾ: "നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല."

ക്രിസ്തുവിൻെറ വാഗ്ദാനം ലോകാവസാനംവരെ നിലനില്ക്കും. "പാപ്പാഭരണം അസ്തമിക്കുമോ?" ചിലർ സംശയിച്ചേക്കാം. ചരിത്രകാരൻ അവക്കു മറുപടി നല്കും. "അതൊരിക്കലും സംഭവ്യമല്ല. ശീശ്മകളേയും പാഷണ്ഡതകളേയും എല്ലാവിധ ആക്രമണങ്ങളേയും അതു് അതിജീവിച്ചു. നമ്മുടെ കൺമുൻപിൽത്തന്നെ ഇന്നും പാപ്പാധിപത്യത്തിലുള്ള സഭ അത്ഭുതപൂവ്വം ശക്തിയാജ്ജിച്ചുവരുകയാണു്, അചഞ്ചലയായി, സകലക്കും ആലംബമായി.

മാനുഷികവിജ്ഞാനത്തിൻെറ ദുർഗ്രഹമും, രാജസിംഹാസനങ്ങളുടേയും മഹാസാമ്രാജ്യങ്ങളുടേയും നഷ്ടശിഷ്ടങ്ങൾക്കിടയിൽ പവിത്രമനോഹരമായ പാപ്പാസിംഹാസനം പടുത്തുയത്തുന്നതുമായ ആ ശക്തിവിശേഷം എന്തായിരിക്കുമെന്നു ചരിത്രപഠിതാക്കൾ അന്വേഷിക്കുന്നതു കൊള്ളാം.

ലോകത്തിലെ അത്യത്ഭുതങ്ങളെടുക്കു—എന്നും നിലനില്ക്കുന്ന പാപ്പാസ്ഥാനം അവയിലൊന്നായിരിക്കും; പരിവത്തനങ്ങളാൽ പ്രക്ഷുബ്ധവും പ്രവത്തനങ്ങളാൽ മുഖരിതവുമായ യൂറോപ്പിൻെറ കേന്ദ്രങ്ങളിലൊന്നിൽ സദാ ജീവിക്കുന്ന പാപ്പാസ്ഥാനം.

സുപ്രസിദ്ധ പ്രോട്ടസ്റ്റൻറ് ചരിത്രകാരനായ മെക്കോളി പ്രഭു ഈ അവസ്ഥ മനസ്സിലാക്കിയിട്ടായിരിക്കാം, ഇങ്ങനെ എഴുതിയത്: "റോമൻകത്തോലിക്കാസഭയെപ്പോലെ ഇത്രമാത്രം പഠനാർഹമായ ഒരു മാനുഷികസ്ഥാപനം ലോകത്തില്ല; ഉണ്ടായിട്ടുമില്ല. മാനവസംസ്കാരത്തിലെ മഹത്തായ ഇരുയുഗങ്ങളെ ആ സഭയുടെ ചരിത്രം സംയോജിപ്പിക്കുന്നു. സകല ദേവന്മാരുടേയും ശ്രീകോവിലായ റോമൻ 'പന്തെയോണി'ൽ ബലിധൂമം ഉയരുകയും ഫ്ളാവിയൻെറ വിനോദശാലയിൽ സിംഹവ്യാഘ്രാദികൾ അലറുകയും ചെയ്ത ആ വിദൂരകാലത്തേക്കു നമ്മുടെ ഓർമ്മ തിരിക്കുവാൻ പര്യാപ്തമായ വേറൊരു സ്ഥാപനം ഇന്ന് അവശേഷിച്ചിട്ടില്ല. ഇടമുറിയാത്ത പാപ്പാവംശത്തോടു തുലനംചെയ്യുമ്പോൾ പുകൾപ്പെററ രാജകുടുംബങ്ങൾ ഇന്നാലത്തേതാണ്; അതിപ്രാക്തനമെന്നു പ്രസിദ്ധമായ വെനീസ് റിപ്പബ്ളിക്ക് അധുനാതനമത്രേ. വെനീസ് റിപ്പബ്ളിക്കു പണ്ടേ തിരോഭവിച്ചു. പാപ്പാസ്ഥാനം ഇന്നും നിലനില്ക്കുന്നു. ജീർണ്ണാവസ്ഥയിലല്ല; കൗതുകം തരുന്ന ഒരു പുരാതനവസ്തുവായിട്ടുമല്ല. പ്രത്യുത, ആജ്ജവത്തോടേ; പ്രയോജനപ്രദമായ പ്രസരിപ്പോടെ... അതിൻെറ വാഴ്ചയുടെ കാലാവധി തീരാൻ പോകയാണ് എന്നതിനു ഒരു സൂചനയുമില്ല. ഇന്നു ഭൂമുഖത്തുള്ള എല്ലാ ഭരണകൂടങ്ങളുടേയും എല്ലാ സഭാസ്ഥാപനങ്ങളുടേയും ആരംഭം കത്തോലിക്കാസഭ കണ്ടിട്ടുണ്ട്. അവയുടെയെല്ലാം അന്ത്യം ദർശിക്കുവാനും അവൾക്കു വിധിയില്ലെന്നു നിശ്ചയിച്ചുകൂടാ. സാക്സൺവംശജർ ബ്രിട്ടണിൽ കാലുകുത്തുന്നതിനുമുൻപേ, ഫ്രാങ്കുജനങ്ങൾ ജർമ്മനിയിലെ റൈൻനദി കടക്കുന്നതിനുമുൻപേ, അവൾ പ്രശസ്തയും ബഹുമാന്യയുമായിരുന്നു. യവനവാഗ്വൈഭവം അൻറിയോക്കിൽ തിരയടിച്ചപ്പോഴും മെക്കയിലെ ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങൾ ആരാധിക്കപ്പെട്ടിരുന്നപ്പോഴും അവൾ ഉന്നതയും സമ്പൂജ്യയുമായിരുന്നു. വിദൂരഭാവിയിലെന്നോ ന്യൂസീലണ്ടിൽനിന്നു വരുന്ന ഏതോ സഞ്ചാരി ഇംഗ്ലീഷ് ശില്പകലയുടെ വൈജയന്തിയായ സെൻറ്പോൾസ്

കത്തീഡ്രലിന്റെ നഷ്ടശിഷ്ടങ്ങൾ വരയ്ക്കാൻ വിജനവിസ്തൃതമായ മൂകതയിൽ ലണ്ടൻ പാലത്തിന്റെ തകർന്നൊടിഞ്ഞൊരു വില്ലിൽ കയറിനില്ക്കുമ്പോഴും അവൾ— കത്തോലിക്കാസഭ—അക്ഷയചൈതന്യത്തോടേ വിരാജിക്കുന്നുണ്ടാവും." (മെക്കോളി)

സുഹൃത്തുക്കളെ, ഭാവിയെപ്പററി വിധി പറയുവാൻ സർവ്വജ്ഞനായ ദൈവത്തിനേ കഴിയൂ. മധ്യയുഗങ്ങളിൽ പാപ്പാസ്ഥാനത്തിനു വളരെ പ്രാഭവവും പ്രതാപവുമുണ്ടായിരുന്നു. ആ നില വീണ്ടും സംലഭ്യമോ? അതോ, പാപ്പാ പത്രോസിനെപ്പോലെ പാവപ്പെട്ടവനാകുമോ? തീർച്ചയൊന്നുമില്ല. പക്ഷേ, നമുക്കൊന്നറിയാം—എന്നെന്നും ഒരു മാർപ്പാപ്പയുണ്ടായിരിക്കും, മനുഷ്യനുള്ള കാലത്തോളം.

ഒരു മനുഷ്യവ്യക്തി ഭൂമുഖത്തുള്ള കാലത്തോളം ഏററം സുന്ദരവും ഉന്നതവുമായവ അന്വേഷിക്കുന്ന മനുഷ്യഹൃദയവും, സത്യമാരായുന്ന മനുഷ്യമനസ്സും, റേഡിയോ, വിമാനം മററു സുഖസൗകര്യാദികൾകൊണ്ടൊന്നും തൃപ്തമാകാത്ത ഒരാത്മാവും ഉണ്ടായിരിക്കും. അതു് എപ്പോഴും ദൈവാഭിമുഖമായി ഉഴറുകയായിരിക്കും. അങ്ങനെ, ദൈവത്തിനുവേണ്ടി ദാഹിക്കുന്ന ഒരുവനുള്ള കാലംവരെ സഭയും ഉണ്ടായേ തീരൂ, അവനെ ദൈവത്തിങ്കലെത്തിക്കുവാൻ. സഭയ്ക്കു് ഉറപ്പുള്ള ഒരടിസ്ഥാനമുണ്ടായിരിക്കണം. അതാണു പാപ്പാസ്ഥാനം.

ഈ പത്തൊൻപതു നൂററാണ്ടുകളിൽ എണ്ണമററ ആക്രമണങ്ങൾക്കു സഭ വിധേയമായിട്ടുണ്ടു്. എന്നിട്ടും, അവൾക്കു കുലുക്കമില്ല. നൂററാണ്ടുകളുടെ പോക്കുവരവിനും രാഷ്ട്രങ്ങളുടേയും രാജവംശങ്ങളുടേയും ജനനമരണങ്ങൾക്കും അവൾ സാക്ഷിയാണു്. കാലത്തിന്റെ കൈയെത്താത്ത, മാനുഷികമാലിന്യത്തിനു നശിപ്പിക്കുവാൻ കഴിയാത്ത അഭൗമികാടിസ്ഥാനമാണു് അവളുടേതു്.

പാറ നിലനില്ക്കുന്നു. അതിന്മേൽ അതിന്റെ കാവല്ക്കാരനും, മുള്ളുകൾ നിറഞ്ഞ ഒരു ത്രിമകുടവും ചൂടി. ആയിരമായിരം വർഷത്തേക്കു ഈ ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങിത്തിരിയട്ടെ. മാർപ്പാപ്പ എന്നാളും ദൈവദത്തമായ ദീപശിഖ കരങ്ങളിൽ ഉയർത്തിപ്പിടിച്ചിരിക്കും, ആ ദീപശിഖ വിതറുന്ന പ്രകാശക്കതിരുകൾ അവസാന വിധിദിവസത്തെ സൂര്യപ്രഭയിൽ ലയിച്ചുചേരുംവരെ. മാർപ്പാപ്പ തന്റെ അപ്രമാദസ്വരത്തിൽ സഭയെ നിയന്ത്രിച്ചുകൊണ്ടിരിക്കും, ആ സ്വരം വിധിദിവസത്തെ കുഴൽനാദത്തിൽ മുഴങ്ങുന്നതുവരെ. "നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും. നരകവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല." ക്രിസ്തുനാഥന്റെ ഈ വാക്കുകൾ പാപ്പാസ്ഥാനത്തെ കാത്തുകൊള്ളും.

## ഒൻപതാം അദ്ധ്യായം

# തിരുസ്സഭ ചരിത്രവീക്ഷണത്തിൽ.

ഒരു അകത്തോലിക്കന് ഒരു കത്തോലിക്കനെ പുഛരിക്കണമെന്നുണ്ടെങ്കിൽ ഇങ്ങനെ പറയും: "ഹേയ്, പാപ്പാമതക്കാരാ;" ഏതു കത്തോലിക്കനും ഏററം നാണക്കേടു വരുത്തുന്ന പ്രയോഗമാണതെന്ന് അയാൾ കരുതുന്നു. എന്നാൽ, കുറച്ചൊക്കെ ചരിത്രജ്ഞാനമുള്ളവരാരും—അവർ യഹൂദരോ, മഹമ്മദീയരോ, ഹിന്ദുക്കളോ ആരുമാകട്ടെ—തിരുസ്സഭയേയും അവളുടെ തലവനേയും പുഛരിക്കുവാൻ തുനിയുകയില്ല. കാരണം, തിരുസ്സഭയെപ്പോലെ സത്യത്തിനും നീതിക്കും സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുംവേണ്ടി സേവനമനുഷ്ഠിച്ചിട്ടുള്ള വ്യക്തിയോ സ്ഥാപനമോ വേറെയില്ല.

കത്തോലിക്കവീക്ഷണത്തിൽ, മാർപ്പാപ്പമാർ ചെയ്ത സേവനം ഇതല്ല. ക്രിസ്തുവിൻെറ പ്രബോധനങ്ങളുടെ വിശുദ്ധി അവർ സംരക്ഷിച്ചു. ലേശംപോലും മലിനമാകാതെ മാറിവരുന്ന തലമുറകൾക്ക് അവർ അവ പകൎന്നുകൊടുത്തു. കാരണം, അവർ 'പാറ'യാണ്. അതിന്മേൽ ക്രിസ്തുവിൻെറ സഭ ഉറച്ചുനില്ക്കുന്നു. ഇതിനെല്ലാം നാം അവരോടു കടപ്പെട്ടവരാണ്.

മാർപ്പാപ്പമാരുടെ ഇതര നേട്ടങ്ങളും സേവനങ്ങളും നമുക്കു പരിഗണിക്കാം, ചരിത്രത്തിൻെറ വെളിച്ചത്തിൽത്തന്നെ.

എന്നിട്ട്, 'പാപ്പാമതക്കാരൻ' എന്ന പ്രയോഗം പരിഹാസ്യമോ അഭികാമ്യമോ എന്നു നിശ്ചയിക്കാം. "പാപ്പാനുഗാമിയായതിൽ ദൈവത്തിനു ഞാൻ നന്ദിപറയുന്നു," എന്നു പറയുവാൻ നമുക്കു കഴിയുമോ ?

ക്രിസ്തുമതം പ്രചരിപ്പിക്കാനും സംസ്കാരം പുലർത്താനും മാർപ്പാപ്പമാർ എന്തുചെയ്തു? ചരിത്രം ഇതിനുത്തരം നല്കട്ടെ.

## മാർപ്പാപ്പമാരും ക്രിസ്തുമതവും.

പാപ്പാധികാരം എന്തിന്? മാർപ്പാപ്പമാരുടെ ലക്ഷ്യമെന്ത്? ദോഷൈകദൃക്കുകൾ പറയും: "സ്വേച്ഛാഭരണമത്രേ അവരുടെ ഉന്നം." ഇതല്ല വാസ്തവം. മനുഷ്യകുലത്തിനു ക്രിസ്തുവിനെ നല്കുകയാണവരുടെ ലക്ഷ്യം.

ക്രിസ്തുവിനെ പ്രസംഗിക്കുവാൻവേണ്ടി പത്രോസ് റോമിലെത്തി; ക്രിസ്തുവിനെ പ്രസംഗിച്ചതുകാരണം അദ്ദേഹം അവിടെവച്ചുതന്നെ മരിച്ചു. മാർപ്പാപ്പമാർ മിഷനറിമാരെ ലോകത്തിൻെറ നാനാഭാഗത്തേക്കും അയച്ചു ഘോരഘോരം പോരാടി. എന്തിന്? ക്രിസ്തുവിൻെറ പ്രബോധനങ്ങൾ സംരക്ഷിക്കാൻ. ലൗകികമായവയെല്ലാം—ധനവും മാനവും പ്രൗഢിയും എല്ലാം—അതേ ലക്ഷ്യത്തിനുവേണ്ടി അവർ വിനിയോഗിച്ചു.

"യോനയുടെ പുത്രനായ ശീമോനേ, മററുള്ളവരെക്കാൾ നീ എന്നെ സ്നേഹിക്കുന്നോ ?" ഗുരുനാഥൻ ചോദിച്ചു. പത്രോസ് പ്രത്യുത്തരിക്കുകയാണ്: "ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ." "എൻെറ ആടുകളെ മേയ്ക്കുക." അവിടുന്നു പത്രോസിനെ ഭരമേല്പിച്ച ഉദ്യോഗമിതാണ്. വീണ്ടും വീണ്ടും അതേ ചോദ്യം ആവർത്തിക്കപ്പെട്ടപ്പോൾ പത്രോസ് ആ

വത്തിച്ചാവത്തിച്ചു ചെയ്ത സ്നേഹപ്രഖ്യാപനവും തുടൎന്നു ക്രിസ്തുനാഥൻ നല്കിയ അധികാരവും മാർപ്പാപ്പമാർ ഒരിക്കലും മറന്നിട്ടില്ല. ക്രിസ്തുവിനെ സ്നേഹിക്കുകനിമിത്തം തങ്ങൾക്കു ലഭിച്ചിരിക്കുന്ന മഹോന്നതമായ ഉദ്യോഗവും ദൈവികമായ അധികാരവും അവൎക്കു വിസ്മരിക്കാനാവില്ല. ക്രിസ്തുവിൻെറ സ്നേഹവും, മനുഷ്യകുലത്തിനു നല്കുവാൻ അവിടുത്തേക്കുള്ള സന്തോഷസന്ദേശവും മനുഷ്യവംശത്തോടു പ്രഖ്യാപിക്കുവാൻ തങ്ങൾക്കു കടമയുണ്ടെന്നും, ദുഷ്ടമനുഷ്യരുടെ എതിർപ്പുകളെല്ലാം ജയിച്ചടക്കിക്കൊണ്ടു്, ക്രിസ്തുവിൻെറ സുശക്തവും ത്യാഗനിർഭരവുമായ സ്നേഹം വിജയപഥത്തിലെത്തിക്കുവാൻ തങ്ങൾ പണിയെടുക്കണമെന്നും മാർപ്പാപ്പമാൎക്കു വ്യക്തമായ ബോധമുണ്ടു്. മാർപ്പാപ്പമാരുടെ ജീവചരിത്രം ക്രിസ്തുനാഥൻെറ വാക്കുകളിൽത്തന്നെ നമുക്കു സംഗ്രഹിക്കാം: "എൻെറ കുഞ്ഞാടുകളെ മേക്കുക; എൻെറ കോലാടുകളെ മേക്കുക." ക്രിസ്തുവിൻെറ അജഗണം ആദ്യന്നൂററാണ്ടുകളിൽ ഭയങ്കര മൎദ്ദനമാണേററതു്: അപ്പോൾ ഇടയനോ? കൂലിക്കാരൻ ഓടിഒളിക്കും. എന്നാൽ, നല്ല ഇടയൻ ആടുകളുടെ കൂടെ ആയിരിക്കും. മാർപ്പാപ്പമാർ അങ്ങനെതന്നെ പ്രവത്തിക്കുകയുംചെയ്തു. അവർ തങ്ങളുടെ മർദ്ദിതരായ അജഗണത്തിനു വിശ്വാസവും ശക്തിയും പകൎന്നുകൊടുത്തുകൊണ്ടു്, ക്രിസ്തുനാഥനുവേണ്ടി സഹിക്കുന്നതിനും മരിക്കുന്നതിനും അവൎക്കു് ഉത്തേജനം നല്കിക്കൊണ്ടു്, അവരോടുകൂടി ഭൂഗർഭാലയങ്ങളിൽത്തന്നെ ജീവിച്ചു. പ്രഥമ മാർപ്പാപ്പമാരുടെ പേരുകൾ നമുക്കൊന്നു നിരത്തിവച്ചു നോക്കാം: പത്രോസു്, ലീനസു്, ക്ലീററസു്, ക്ലെമെൻറു്, എവാരിസ്റ്റസു്—ഓരോ പേരിനോടും ചേത്തിട്ടുണ്ടു് 'രക്തസാക്ഷി' എന്നുകൂടി. നമുക്കു തുടൎന്നുവായിക്കാം: അലക്സാണ്ടർ, ഹിജിനൂസു്, പീയൂസു്, ആനിസെററസു്, സോട്ടർ, എലൂത്തേരൂസു്, വിക്ററർ—എല്ലാവർക്കും ഒരു ബിരുദമുണ്ടു്—രക്തസാക്ഷി! അതേ, തുടർച്ചയായി ഇരുപത്തിഒൻപതു രക്തസാക്ഷികൾ! ക്രിസ്തുമതത്തിൻെറ ശക്തിയും ഹൃദയവും എന്നുമെന്നും മാർപ്പാപ്പമാരായിരുന്നു.

പാപ്പാസ്ഥാനം എന്നുമെന്നും ഒരു ദീപസ്തംഭമായി നില കൊണ്ടു. എല്ലാവൎക്കും അതു വഴികാട്ടി. ചെല്ലുന്നിടത്തെല്ലാം അനുഗ്രഹങ്ങൾ വൎഷിച്ചുകൊണ്ടു പത്രോസിൻെറ വഞ്ചി നീ ങ്ങുകയാണു്. പത്തൊൻപതു നൂററാണ്ടുകളിലെ ചരിത്രം ഈ വസ്തുത സ്പഷ്ടമാക്കിയിട്ടുണ്ടു്. ക്രിസ്തുമതത്തിൻെറയും ക്രിസ്തീയ സംസ്കാരത്തിൻെറയും പ്രസരണകേന്ദ്രം റോമയാണു്. ശീശ്മയും വിപ്ലവവും സ്വേച്ഛാധിപത്യവും പാപ്പാസ്ഥാനത്തെ തകൎക്കുമെന്നു പല ഘട്ടങ്ങളിലും തോന്നിയിട്ടുണ്ടു്. ഏതെല്ലാം വിഷമഘട്ടങ്ങ ളാണു തിരുസ്സഭ അതിജീവിച്ചതു്! ചരിത്രപഠിതാക്കൾക്കു് അതു് അജ്ഞാതമല്ല. ആര്യൻപാഷണ്ഡതയുടെ കാലത്തു് എന്തുണ്ടായി? ക്രിസ്തു ദൈവമാണെന്ന വിശ്വാസത്തിൽ മാൎപ്പാപ്പയും ക്രൈ സ്തവജനതയുടെ ഒരു വിഭാഗവും മാത്രമേ ഉറച്ചുനിന്നുള്ളൂ. കാ ലക്രമത്തിൽ ശീശ്മകൾ, വിപ്ലവങ്ങൾ, നെപ്പോളിയൻെറതുപോ ലെയുള്ള സ്വേച്ഛാധിപത്യങ്ങൾ ഇങ്ങനെ പലതും തലപൊക്കി. വിപ്ലവത്തിരമാലകൾ മാൎപ്പാപ്പയെ അങ്ങേയററം ഉലച്ചുനോ ക്കിയിട്ടുണ്ടു്. എന്നാൽ, പത്രോസിനു് ഒരിക്കൽ ഉണ്ടായ അനുഭവം തന്നെ പിൻഗാമികൾക്കും. ഗലീലിയൻ കടൽപ്പരപ്പിനുമീതെ പ ത്രോസു് ഒരിക്കൽ നടന്നതാണു്, ദിവ്യനാഥനെ ലക്ഷ്യമാക്കി. ഇ ടയ്ക്കു് അല്പം പരിഭ്രമം നേരിട്ടു. "നമ്മുടെ കൎത്താവു് ഉടനെ കൈ നീട്ടി പിടിച്ചുകൊണ്ടു് അവനോടു ചോദിച്ചു: അല്പവിശ്വാസീ നീ എന്തിനു സംശയിച്ചു." (വി. മത്താ. 14: 31)

ക്രിസ്തുവിൻെറ പ്രബോധനങ്ങൾ ആയിരത്തിത്തൊള്ളാ യിരത്തിൽപ്പരം വൎഷങ്ങൾ അഭംഗം സംരക്ഷിക്കപ്പെട്ടു. മാൎപ്പാപ്പ മാരാണു് അതിനു പ്രധാന കാരണക്കാർ. മിഷനറിമാരുടെ തീ ക്ഷ്ണതയുററ പ്രവൎത്തനങ്ങൾക്കു വലിയവലിയ ജനവിഭാഗങ്ങ ളെ ക്രിസ്തുവിനായി നേടാൻ കഴിഞ്ഞു. എന്നാൽ, അതിനും നിദാ നം മാൎപ്പാപ്പമാരാണു്. ഒരു പ്രോട്ടസ്റ്റൻറുകാരനായ ഹെർഡർ എഴുതിയിരിക്കുന്നു: "ക്രിസ്തുമതപ്രചാരണം ഒരു നേട്ടമെങ്കിൽ,

അതിനു പ്രധാനമായ പങ്കു വഹിക്കുന്നതു മാർപ്പാപ്പമാരാണ്." ഹൂണന്മാർ, സാരസന്മാർ, തുർക്കികൾ ഇവക്കൊന്നും യൂറോപ്പ് അടിപ്പെട്ടിട്ടില്ലെങ്കിൽ അതിനു കാരണം മാർപ്പാപ്പമാരുടെ സുധീരമായ നേതൃത്വമായിരുന്നു.

ക്രിസ്തുനാഥൻ ഇപ്പോൾ റോമിലെ തെരുവീഥികളിലൂടെ നടന്നു വത്തിക്കാനിൽ എത്തുന്നുവെന്നു സങ്കല്പിക്കുക. അവിടുന്നെന്തായിരിക്കും ചെയ്യുക? എല്ലാം ഒററനോട്ടത്തിൽ കാണുവാൻ കഴിയും ആ തൃക്കണ്ണുകൾക്കു്. 263 മാർപ്പാപ്പമാരുടേയും ജീവിതത്തിലേക്കു് അവിടുന്നു് എത്തിനോക്കും. ദൈവികസഭയിലെ അത്യുന്നതസ്ഥാനം അലങ്കരിച്ചവരാണവർ. എങ്കിലും, അവർ മനുഷ്യരായിരുന്നു. ചില കരിനിഴലുകളും ലഘുവായ മാനുഷികവീഴ്ചകളും പലരിലും ഉണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള വീഴ്ചകൾ ക്രിസ്തു കാണും. അക്കാഴ്ച അവിടുത്തെ ഹൃദയത്തെ വേദനിപ്പിക്കുമെന്നതിൽ സംശയമില്ല.

മാർപ്പാപ്പമാരുടെ ജീവിതരീതി എന്തായിരുന്നു? 262 പേരുടേയും ജീവിതത്തിലെ ഇരുളും വെളിച്ചവും നിറഞ്ഞ വശങ്ങൾ അതാ അവിടുന്നു ദർശിക്കുന്നു. കർത്തവ്യാനുഷ്ഠാനത്തിൽ വിമുഖരായിരുന്നവരില്ലേ? ലൗകികജീവിതം നയിച്ചവരില്ലേ? സാന്മാർഗ്ഗികജീവിതത്തിൽ പിഴപററിയവരില്ലേ? ഉണ്ടു്. പക്ഷേ, വളരെ ചുരുക്കംപേർമാത്രം. ആറേഴുപേർ മാത്രം. മററുള്ളവരെല്ലാം നിരാക്ഷേപമായ സ്വഭാവവിശുദ്ധിയുള്ളവരും ആന്തരികജീവിതത്തിൽ മികച്ചവരുമായിരുന്നു. രക്തസാക്ഷികളും പേരുവിളിക്കപ്പെട്ട വിശുദ്ധന്മാരും ഒട്ടും കുറവല്ല, അവരിൽ. ക്രിസ്തുവിന്റെ ദൈവികവീക്ഷണം അവരിൽ വീണ്ടും പതിയുന്നു. കാലചക്രത്തിരിവനുസരിച്ചു വന്ന മാററങ്ങളും പുരോഗമനങ്ങളും എല്ലാം ആ തൃക്കണ്ണുകൾ തെളിവായി കാണുന്നു. ഒരു കൊച്ചു കടുകുമണിയായിരുന്ന സഭാതരു വളന്നു പന്തലിച്ചു്, വളരെയേ

റെ ശാഖകൾ വീശി പൂക്കുലകൾ അണിഞ്ഞു് ആ ദിവ്യദൃഷ്ടിയിൽ പ്പെട്ടുന്നു. എന്നിട്ട്, ഇന്നത്തെ മാർപ്പാപ്പായോടു ചോദിക്കുന്നു— "ഞാൻ ആരെന്നാണു് ആളുകൾ പറയുന്നതു്?" പ. പിതാവു് ക്രിസ്തുനാഥന്റെ പാദത്തിങ്കൽ പ്രണമിച്ചു് ആവർത്തിക്കും, പത്രോസിന്റെ വാക്കുകൾതന്നെ. "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു." കർത്താവു് അദ്ദേഹത്തോടു കനിഞ്ഞരുളും: "നീ അനുഗൃഹീതനാകുന്നു. നിന്റെമേലത്രേ എന്റെ സഭ ഉറച്ചുനില്ക്കുന്നതു്."

## മാർപ്പാപ്പമാരും സംസ്കാരവും

അക്രൈസ്തവർപോലും അതീവബഹുമാനത്തോടേയാണു തിരുസ്സഭയേയും സഭയുടെ അദ്ധ്യക്ഷസ്ഥാനത്തേയും വീക്ഷിക്കുക. മാനവസംസ്കാരപുരോഗതിയുടെ ചരിത്രം അറിയാത്തവർ പാപ്പാസ്ഥാനത്തെ ദ്വേഷിച്ചേക്കും. ചുരുക്കം ചില പാപ്പാമാർക്കു മാത്രം വന്ന വീഴ്ചകളേ അവർ കാണൂ. സുപ്രസിദ്ധ അകത്തോലിക്ക ചരിത്രകാരനായ ഗ്രിഗരോവിയോസു് രേഖപ്പെടുത്തിയിരിക്കുന്നു: "മാർപ്പാപ്പമാരുടെ മികച്ച സേവനത്തേയും മങ്ങാത്ത മഹത്വത്തേയും പ്രകീർത്തിക്കുവാൻ ചരിത്രകാരന്മാർക്കു വേണ്ടത്ര വാക്കുകളില്ല."

സംസ്കാരത്തിന്റെ പുരോഗതിക്കു് അതിപ്രധാനമായ സേവനമനുഷ്ഠിച്ചവരാണു മാർപ്പാപ്പമാർ. എന്നാൽ, അതല്ല നമ്മുടെ നോട്ടത്തിൽ അവരുടെ ഔൽകൃഷ്ട്യത്തിനു നിദാനം. അവർ 'പാറ'യാണു്; ആ പാറമേൽ ക്രിസ്തു തന്റെ സഭയ്ക്കടിസ്ഥാനമിട്ടു. ആകയാൽ അവർ മഹാന്മാരാണു്. ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കായി മാർപ്പാപ്പമാർ ഒട്ടുവളരെ പ്രവർത്തിച്ചിട്ടുണ്ടു്. അവയെല്ലാം വിസ്തരിക്കുവാൻ പുസ്തകങ്ങൾ പലതു വേണം.

എല്ലാ ജാതികളുടേയും മാനസാന്തരചരിത്രമാണു നാം ആദ്യം പരിഗണിക്കേണ്ടതു്. ലോകമെങ്ങും സഭ അധികാരം ചെലുത്തിയിട്ടുണ്ടു്. പീരങ്കിയോ യന്ത്രത്തോക്കോ കൂടാതെയത്രേ അതു നിവ്വഹിച്ചതും. ചുരുങ്ങിയ കാലംകൊണ്ടു ലോകം മുഴുവൻ സഭ കീഴടക്കി. സാമ്രാജ്യാധിപതിയായ റോമാചക്രവത്തിയുടെ മുൻപിൽ സഭാദ്ധ്യക്ഷൻ നിർഭയനായി ശബ്ദമുയർത്തി; ക്രിസ്തുവിൻെറ മുൻപിൽ ചക്രവത്തി തലകുനിച്ചു. പ്ലേറേറായുടേയും അരിസ്റ്റോട്ടലിൻേറയും തത്വശാസ്ത്രത്താൽ പോററപ്പെട്ടവരാണു ഗ്രീക്കുകാർ. അവിടേയും സഭയുടെ സ്വരമുയന്നു; അവർ ക്രിസ്തീയാദർശങ്ങൾ സ്വന്തമാക്കി. ബർബേറിയന്മാരുടെ മുൻപിലും സഭ കാഹളമൂതിത്തു; അവരും ക്രിസ്തുവിൻെറ മുൻപിൻ ശിരസ്സു നമിച്ചു. കുരിശു പ്രത്യക്ഷപ്പെട്ടിടത്തെല്ലാം മാനവർക്കു് ഒരു നവചൈതന്യം ലഭിച്ചു; ചിന്നിച്ചിതറിക്കിടന്ന ജാതികൾ സംഘടിച്ചു് ഏകരാഷ്ട്രമായി. നില്ക്കക്കള്ളിയില്ലാതെ അലഞ്ഞുതിരിഞ്ഞുനടന്ന വർഗ്ഗങ്ങൾ സമാധാനപൂർണ്ണമായ ജനപദങ്ങളായി.

ഇന്നത്തെ സംസ്കാരത്തിന്നടിസ്ഥാനമെന്തു്? വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ഉള്ള ഐക്യംവഴി ചിന്തയിലും മനസ്സിലും ഐക്യം സാധിക്കാമെന്നും, ഹൃദയത്തേയും ആത്മാവിനേയും ഐക്യത്തിന്നു പ്രാപ്തമാക്കാമെന്നും തിരുസ്സഭ വ്യക്തമാക്കി.

എല്ലാജാതികളേയും സഭ മാനസാന്തരപ്പെടുത്തി. സഭയുടെ സേവനങ്ങൾ ഇനിയുമുണ്ടു് പല രംഗത്തും. കലയും ശാസ്ത്രവും വികസിക്കാൻ സഭ മുൻകൈയെടുത്തു.

റോമിൽ എത്തുന്നവരെയെല്ലാം ആകർഷിക്കുന്ന പലതുമുണ്ടു്. മനോഹരസൗധങ്ങൾ, പ്രതിമകൾ, അരുവികൾ, വത്തിക്കാനിലെ അത്ഭുതംകൊള്ളിക്കുന്ന മുറികൾ, അമൂല്യകലാശില്പങ്ങളാൽ നിറഞ്ഞ കാഴ്ചബംഗ്ലാവു്, വത്തിക്കാനിലെ

വിശിഷ്ടമായ ഗ്രന്ഥശാലയും റിക്കാർഡുകളും. ഇവ കാണുന്നവർക്ക് മാനവസംസ്കാരം തിരുസ്സഭയോട് എത്രയേറെ കടപ്പെട്ടിരിക്കുന്നെന്നു മനസ്സിലാകും.

കലാചരിത്രംതന്നെ മാർപ്പാപ്പമാരെ പാടിപ്പുകഴ്ത്തുന്നു. ബ്രമാൻട്ട്, റാഫേൽ, മൈക്കളാഞ്ചലോ, ബർനീനി, മെഡിസ തുടങ്ങിയവരുടെ സംരക്ഷകർ മാർപ്പാപ്പമാരാണ്.

വത്തിക്കാനിലെ പ്രാചീന കലാശേഖരങ്ങൾ ഒന്നു പരിശോധിക്കൂ. പ്രാചീന വിജ്ഞാനഭണ്ഡാകാരമെല്ലാം നാശംകൂടാതെ സംരക്ഷിച്ചതു വത്തിക്കാൻമ്യൂസിയമാണെന്നു കാണാം.

11-ാം പീയൂസ് പാപ്പാ 1931-ൽ ഒരു ചാക്രികലേഖനം പുറപ്പെടുവിച്ചു: "ദേവൂസ് ഷീയെൻസിയാരും ദോമിന്യൂസ്." തിരുസ്സഭ സ്ഥാപിച്ച ഏതാനും സർവ്വകലാശാലകൾ അതിൽ എടുത്തുപറഞ്ഞിട്ടുണ്ട്: ബൊലോഞ്ഞ, പാരീസ്, ഓക്സ്ഫോർഡ്, സലമാങ്ക, ട്ടുളൂസ്, റോം, പാദുവ, കേംബ്രിഡ്ജ്, പീസ, പെറൂജിയ, ഫ്ളോറൻസ്, പാവിയ, ലിസ്ബൺ, സീയന്ന, ഗ്രെനോബിൾ, പ്രെഗ്, വീയന്ന, കൊളോൺ, ഹെഡൽബർഗ്ഗ്, ലെയ്പ്സിഗ്ഗ്, മോൻട്ട്പില്ലർ, ഫെറാര, ലൂവെയിൻ, ബസ്സൽ, ക്രകാവ്, വിൽന, ഗ്രാസ്, വലദോലിസ്, മെക്സിക്കോ, അൽക്കല, മനില, സാന്തഫെ, ലീമ, ഗോട്ടിമാല, കഗ്ളിയാരി, ലെംബർഗ്, വാർസോ.

സത്യം സംരക്ഷിക്കാനും പ്രഖ്യാപിക്കാനും മാർപ്പാപ്പമാർ വഹിച്ചിട്ടുള്ള പങ്ക് ഒട്ടും അപ്രധാനമല്ല. നിത്യമായ യാഥാത്ഥ്യങ്ങളെ നാം എവ്വിധം പരിഗണിക്കുന്നോ അവ്വിധമായിരിക്കും ഭൗതികപ്രശ്നങ്ങൾക്കും പരിഹാരം കാണുക. രാഷ്ട്രീയം, വിദ്യാഭ്യാസം, സാമുദായികജീവിതം, നിയമാനുസാ

രജീവിതം, ധാർമ്മികജീവിതം തുടങ്ങിയവയ്ക്കെല്ലാം ആത്യന്തിക പ്രശ്നങ്ങൾക്കു നാം നല്കുന്ന ഉത്തരത്തോടു ബന്ധമുണ്ടു്. ഇക്കാര്യത്തിൽ മാർപ്പാപ്പമാരുടെ മികച്ച സേവനങ്ങൾ അവിസ്മരണീയങ്ങളാണു്. ക്രൈസ്തവവിശ്വാസസത്യങ്ങളെ അവർ അഭംഗം സംരക്ഷിച്ചു. സംഘടിതവും സുശക്തവും സാംസ്കാരികവുമായ പാരമ്പര്യത്തിൽ ക്രൈസ്തവലോകത്തിനു് അവർ രൂപം കൊടുത്തു. ബുദ്ധിക്കു പദാർത്ഥത്തെക്കാൾ മേന്മയുണ്ടു്; ജഡത്തെക്കാൾ ആത്മാവിനും. ന്യായത്തിനു ഹേമത്തിന്മേലും സത്യത്തിനു് അസത്യത്തിന്മേലും ആധിപത്യമുണ്ടു്, എന്നു പ്രഖ്യാപിക്കുകയും സമർത്ഥിക്കുകയും ചെയ്തിരുന്നവർ മാർപ്പാപ്പമാരാണു്. ഈ യാഥാർത്ഥ്യങ്ങളുടെ നിലനില്പിലല്ലേ നിയന്ത്രിതമായ മനുഷ്യജീവിതം ആശ്രയിച്ചിരിക്കുന്നതു്? ഈ നിലയിൽ തിരുസ്സഭയല്ലേ മാനവസംസ്കാരത്തിന്റെ പ്രഥമസംരക്ഷിക?

പ്രാചീനരുടെ ചിന്തയും ആഗ്രഹവുമെല്ലാം സ്വർഗ്ഗീയാദർശങ്ങളാൽ നയിക്കപ്പെട്ടിരുന്നു. അതിൽനിന്നെല്ലാം വഴുതിമാറണം എന്നായി ആധുനികരുടെ നോട്ടം. അവനു തോന്നി: തനിക്കു താൻതന്നെ മതി. തന്റെ രക്ഷകൻ താൻതന്നെ. ഒട്ടുവളരെ വിപ്ലവങ്ങൾക്കും സാമൂഹികമായ കുഴച്ചുമറിച്ചിലുകൾക്കുംശേഷം ഇന്നത്തെ മനുഷ്യൻ ഒരു അനുമാനത്തിൽ എത്തിയിരിക്കയാണു്—പാരത്രികലോകത്തെ വിനയപുരസ്സരം അംഗീകരിക്കുക. എങ്കിലേ ഈലോകജീവിതത്തെ ചൊവ്വേനേരെ നിയന്ത്രിക്കാൻ സാധിക്കൂ. ജീവിതപ്രശ്നങ്ങൾക്കു തൃപ്തികരമായ സമാധാനം കാണണമോ? പത്തൊൻപതു നൂററാണ്ടുകളിലെ തിരുസ്സഭയുടെ പ്രബോധനങ്ങളിലേക്കു ലോകം ശ്രദ്ധപതിക്കണം. മാർപ്പാപ്പമാർ ലോകത്തിനു സത്യപ്രകാശത്തിന്റെ വഴികാട്ടികൾ മാത്രമേ ആയിരുന്നുള്ളു, മററൊന്നും ചെയ്തില്ല എന്നിരിക്കട്ടെ. ആ നിലയിലും മനുഷ്യവംശത്തിന്റെ മികച്ച ഗുണകാംക്ഷികൾ അവരാണു്.

നിത്യസത്യങ്ങൾ പ്രഖ്യാപിക്കുവാൻ മാത്രമല്ല, ന്യായവും നീതിയും സംരക്ഷിക്കാനും പാപ്പാമാർ മികച്ച സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കലാകാരനായ റാഫേലിൻെറ വിലപ്പെട്ട ഒരു സംഭാവന വത്തിക്കാനിൽ നമുക്കു കാണാം. ഒന്നാം ലെയോ മാർപ്പാപ്പയും അററീല്ലയുമായുള്ള കൂടിക്കാഴ്ച. ക്രിസ്ത്വബ്ദം 452-ൽ ഹൂണഭടസമൂഹം വെനീസിൽനിന്നു റോമിലേക്കു കുതിച്ചു. പരിഷ്കൃതലോകത്തെ തീവെട്ടിക്കൊള്ളചെയ്തു നശിപ്പിക്കണം; ഇതാണു പ്ലാൻ. ലെയോ മാർപ്പാപ്പ അററീല്ലയെ കണ്ടു സമാധാനമുണ്ടാക്കാൻ പാഞ്ഞെത്തി. മാൻറുവയിൽ വച്ച് ആ സന്ദർശനം നടന്നു. ഇതിനെ ആസ്പദമാക്കിയാണു റാഫേലിൻെറ ബ്രഷ് ചലിച്ചതു്.

കലാസൗന്ദര്യം വെട്ടിത്തിളങ്ങുന്ന ആ ചിത്രത്തിൽ മാർപ്പാപ്പയോടു ചേർന്നു ജരാനര ബാധിച്ച ഒരു വൃദ്ധനുണ്ടു്. ആ വൃദ്ധൻെറ കൈയിൽ ഊരിപ്പിടിച്ച പടവാൾ. അക്രമിയായ രാജാവിനെ അടിയറവു പറയിക്കാനാണു്. വാൾ ഓങ്ങിനില്ക്കുന്ന വയോധികൻ മററാരുമല്ല. പത്രോസ്ശ്ലീഹതന്നെ. അവകാശസംരക്ഷണാർത്ഥം നിലകൊണ്ട മാർപ്പാപ്പമാരുടെ അചഞ്ചലധൈര്യത്തെയാണു പ്രസ്തുത ചിത്രം സൂചിപ്പിക്കുക. ഈ ചിന്തയോടേയായിരിക്കണം ഒരു ഫ്രഞ്ചു പത്രപ്രവർത്തകൻ ഇങ്ങനെയെഴുതിയതു്: "പത്രോസിനെ ലോകത്തിൽനിന്നു നിഷ്കാസനംചെയ്താൽ ലോകം അന്ധകാരാവൃതമായിരിക്കും. വീണ്ടും ഒരു നീറോ ചെങ്കോൽ പിടിക്കയും ചെയ്യും."

നിയമാനുസൃതമായ രാഷ്ട്രീയാധികാരം നിലനില്ക്കുന്നതു ദൈവാനുഗ്രഹത്താലാണു് (റോമ. 13: 3) എന്ന സെൻപോളിൻെറ പ്രബോധനത്തെ പ്രഖ്യാപിക്കുകമാത്രമല്ല മാർപ്പാപ്പമാർ ചെയ്തിട്ടുള്ളതു്. രാഷ്ട്രത്തിൻെറ കൈകടത്തലുകൾക്കു

വിരുദ്ധമായി സത്യത്തെ ഉറപ്പിച്ചുപറയാൻകൂടി അവർ ശ്രദ്ധാലുക്കളായിരുന്നു. അധികാരമെല്ലാം ജനങ്ങളിൽ നിക്ഷേപിക്കുക—ഇതാണു ജനകീയഭരണം; അധികാരമെല്ലാം രാഷ്ട്രത്തിൽ നിക്ഷേപിക്കുക—ഇതാണു രാഷ്ട്രത്തിൻെറ സർവ്വാധിപത്യം. ഈ രണ്ടാദർശങ്ങളുടേയും അമിതത്വത്തെ അവർ ശപിച്ചു. നിയമവും ധാർമ്മികമൂല്യങ്ങളും തമ്മിൽ അവഗാഢബന്ധമുണ്ട് എന്ന് അവർ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ, അവകാശപ്രശ്നങ്ങളെ കൈയൂക്കിൽ ലയിപ്പിക്കാതിരിക്കുവാൻ അവർ സൂക്ഷിച്ചു. "ന്യായമായ"താണു "നിയമം" അനുശാസിക്കുക. ന്യായമായതെന്തെല്ലാം? അതു നിശ്ചയിക്കുന്നതു മനുഷ്യനല്ല; ദൈവമാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ നിയമത്തെ ബഹുമാനിക്കുന്നു. അപ്പോൾ, മതവിശ്വാസി ഉത്തമപൗരനാണ്. ഈ അഭിപ്രായം സംരക്ഷിച്ചും പ്രഖ്യാപിച്ചും മാർപ്പാപ്പമാർ നിയമത്തിനു നല്കിയ ബഹുമാനം വിലയുററവയാണ്. മനുഷ്യജീവിതത്തിൽ താറുമാറുകൾ കണ്ടുതുടങ്ങിയപ്പോളെല്ലാം, പരമാധികാരത്തിനും സാമൂഹികകർത്തവ്യത്തിനും നിയമസമാധാനത്തിനുമായി മാർപ്പാപ്പമാർ സ്വരമുയർത്തി. "മദ്ധ്യശതകങ്ങളിൽ രാഷ്ട്രീയസ്വാതന്ത്ര്യത്തിൻെറ കൊത്തളം യഥാർത്ഥത്തിൽ മാർപ്പാപ്പമാരായിരുന്നു."—ഒരു അകത്തോലിക്ക ചരിത്രകാരനായ ഹെൻറിലെയോയുടെ പ്രസ്താവനയാണിതു്. സുദൃഢമായ ഈ നിലപാടു കാരണം ഒട്ടുവളരെ ക്ലേശങ്ങൾ അവർ സഹിച്ചിട്ടുണ്ട്. തന്മൂലം അവക്കും ഗ്രിഗരി ഏഴാമനോടുകൂടി പറയാം: "ഞാൻ സത്യത്തെ സ്നേഹിച്ചു, തിന്മയെ ദ്വേഷിച്ചു; അതിനാൽ, നാടുകടത്തപ്പെട്ടു മരിക്കുന്നു."

റോമിലേ സുപ്രസിദ്ധ അകത്തോലിക്ക ചരിത്രകാരനായ ഗ്രിഗരോവിയസിൻെറ വാക്കുകൾ ശ്രദ്ധേയമാണ്: "ഇരമ്പിപ്പാഞ്ഞുകയറിയ ബാർബേരിയൻ വംശങ്ങൾ തട്ടിത്തകർന്ന ഏകകോട്ട ക്രിസ്തുമതമാണ്." വീണ്ടും അദ്ദേഹമെഴുതുന്നു: "മദ്ധ്യശതകങ്ങ

ളിലെ ജനങ്ങൾക്കു റോമാ നഗരത്തോട്ട് അതിരററ ബഹുമാന മുണ്ടായിരുന്നു." കാരണം, റോമിലെ പാപ്പാസ്ഥാനം സത്യവും നീതിയുമേ സംസാരിക്കൂ എന്നു ജനങ്ങൾക്കു നിശ്ചയമുണ്ടായിരുന്നു.

എന്നിട്ടും, മാർപ്പാപ്പയെ ആക്രമിക്കുന്നവർ ഉണ്ട്. ക്രിസ്തുമതം അവരെ വേദനിപ്പിച്ചിട്ടല്ല. പിന്നെ, ഇതേ കാരണമുള്ള—അധികാരത്തിൻെറ ആവശ്യകതയെ ഉറപ്പിച്ചുറപ്പിച്ചു പ്രഖ്യാപിക്കുന്നതു തിരുസ്സഭയാണു്. വിപ്ലവപക്ഷത്തിന്നറിയാം, തങ്ങൾ ഏററം കരുതലോടേ പരിഗണിക്കേണ്ട ശക്തികേന്ദ്രം തിരുസ്സഭയാണെന്നു്.

തിരുസ്സഭയെക്കൂടാതെ മാനവജാതിയുടെ സ്ഥിതി എന്താകുമായിരുന്നു? ഇതൊന്നു പരിശോധിക്കുക: മനുഷ്യകുലത്തിനും നാഗരികതയ്ക്കും തിരുസ്സഭ എന്തു ചെയ്യുന്നു് അപ്പോളേ വ്യക്തമാകൂ. സംസ്കാരം, സത്യം, അവകാശം—ഇവയുടെ പ്രബലസംരക്ഷികയും ബുദ്ധിയുടെ ഔന്നത്യത്തിൻെറ പ്രഖ്യാപികയും അധികാരത്തെ ബഹുമാനിക്കുന്ന ധീരനായികയുമായ തിരുസ്സഭയെക്കൂടാതെ യൂറോപ്പിൻെറ സ്ഥിതി എന്താകുമായിരുന്നു?

കാൻറിൻെറ ശിഷ്യനായ ഹെർഡർ പറഞ്ഞു: "ഹൂണവർഗ്ഗക്കാർ, സാരസന്മാർ, താർത്തരന്മാർ, ടർക്കികൾ, മങ്കോളന്മാർ തുടങ്ങിയവർ യൂറോപ്പിനെ എന്നന്നേക്കും ഗ്രസിച്ചുകളഞ്ഞില്ലെങ്കിൽ അതു തിരുസ്സഭയുടെ പ്രവർത്തനഫലമായിട്ടാണു്. "പാപ്പാധിപത്യമില്ലായിരുന്നെങ്കിൽ യൂറോപ്പു മിക്കവാറും സ്വേച്ഛാധിപതികൾക്കു് ഇരയാകുമായിരുന്നു. നിരന്തരസംഘട്ടനത്തിൻെറ കേളീരംഗവും, അല്ലെങ്കിൽ ഒരു മങ്കോളിയൻ തരിശുഭൂമിയുമായി അതു രൂപാന്തരപ്പെട്ടേനെ."

സുഹൃത്തുക്കളേ, ആ ചോദ്യം നാം ആവൎത്തിക്കുകയാണു്: 'പാപ്പാമതക്കാരെ'ന്നു നമ്മെ ഒരുകൂട്ടർ പരിഹസിക്കുന്നെങ്കിൽ നാം ലജ്ജിതരാകണമോ? പാപ്പാധിപത്യമാകുന്ന പാറമേലാണു നമ്മുടെ സഭ കെട്ടിപ്പടുത്തിരിക്കുന്നതു് എന്ന കാര്യം ലജ്ജാവഹമാണോ? ഓരോ വിദ്യാസമ്പന്നനും തിരുസ്സഭയോടു കൃതാൎത്ഥനായിരിക്കാൻ കടപ്പാടുണ്ടു്. അത്ര മികച്ചതും അനശ്വരവുമായ സേവനമാണു തിരുസ്സഭ ചെയ്തിട്ടുള്ളതു്. ഇതൊന്നുമറിയാത്ത കൂട്ടരാണു യഥാൎത്ഥത്തിൽ ലജ്ജിക്കേണ്ടവർ.

തിരുസ്സഭയോടു ലോകത്തിൻെറ കടപ്പാടെത്രമാത്രം? ഒന്നു കണക്കുകൂട്ടി പറയൂ. എളുപ്പമല്ലതു്. ക്രൈസ്തവവിശ്വാസം വൈകല്യമെന്നിയേ നമുക്കു ലഭിച്ചതിനു നിദാനം പാപ്പാസ്ഥാനമാണു്. വളച്ചൊടിക്കലോ, വിട്ടുവീഴ്ചയോ കൂടാതെ ക്രൈസ്തവധൎമ്മം പ്രചരിക്കപ്പെട്ടതു പാപ്പാധികാരം കാരണമാണു്. ക്രിസ്തുവിൻെറ സാമ്രാജ്യം വിസ്തൃതമാകുന്നതും ആ അധികാരം മൂലംതന്നെ. ക്രിസ്തീയമായ സംസ്കാരത്തിനും കലയ്ക്കും ശാസ്ത്രത്തിനും, കുടുംബജീവിതം, വിദ്യാഭ്യാസം, പരസ്പരം പാലിക്കേണ്ട നീതി തുടങ്ങിയവയെ ചങ്കൂററത്തോടെ സംരക്ഷിക്കുന്നതിനും ലോകം കടപ്പെട്ടിരിക്കുന്നതു പാപ്പാധികാരത്തോടാണു്.

അടുത്ത കാലത്തു പലരുടെ നയനങ്ങളും റോമിലേക്കു തിരിഞ്ഞിട്ടുണ്ടു്; ലോകമഹായുദ്ധത്തിൻെറ ഭീകരതയിലും അതിനെ തുടൎന്നുള്ള കഷ്ടപ്പാടുകളിലും. ശതാബ്ദചരിത്രമുള്ള സിംഹാസനങ്ങൾ മൺമറഞ്ഞു; നിലനില്ക്കുന്നവ മൺമറയാറുമായിരിക്കുന്നു. എന്നിട്ടും, ഇരമ്പിയലയ്ക്കുന്ന തിരമാലകൾക്കുപരി നില്ക്കുന്ന പാറക്കെട്ടുപോലെ അക്ഷോഭ്യമായി സ്വാധികാരം പേപ്പൽ സിംഹാസനം ഉറച്ചുതന്നെ നില്ക്കുന്നു. എണ്ണമററ ഭരണാധിപർ തങ്ങളുടെ രാജകീയകിരീടം ഇറക്കിവയ്ക്കേണ്ടിവന്നിട്ടുണ്ടു്. മാർപ്പാപ്പയുടെ കിരീടമാകട്ടെ എന്നെന്നും ശോഭായമാനമായി പരിലസിക്കുന്നു.

മനുഷ്യകുലം സ്വയം നശിപ്പിച്ചുകൊണ്ടു ദുഷിച്ച തത്വശാസ്ത്രങ്ങളുടെ മായാമോഹങ്ങളെ പിഞ്ചെല്ലുകയും, ഭൂതകാലത്തിൽ നേടിവച്ച ആധ്യാത്മികസമ്പത്തു കളഞ്ഞുകുളിക്കുകയും അങ്ങനെ, സംസ്കാരം നിലംപരിശാവുകയും ചെയ്താലും പാപ്പാസ്ഥാപനം നൂററാണ്ടുകളെ അതിജീവിച്ചു നിലകൊള്ളും.

സഹോദരരേ, നാം പാപ്പാമതക്കാരാണ്. അതിനു നമുക്കു ദൈവത്തോട് എന്നൊന്നും കൃതജ്ഞരായിരിക്കാം.

പത്താം അദ്ധ്യായം

# വെൽക, റോമാ

വിശുദ്ധവർഷം കണക്കററ സന്ദർശകരെ റോമാനഗരത്തിലേക്കാകർഷിച്ചു. മററവസരങ്ങളിലായാലും, ലോകത്തിൻെറ എല്ലാ ഭാഗത്തുനിന്നുമുള്ള സന്ദർശകരെ നമുക്കവിടെ കാണാം. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം, ദൈവസുതൻെറ പാദസ്പർശമേററ പലസ്തീനയും, സ്വന്തം മാതൃഭൂമിയുമൊഴിച്ചാൽ, നിത്യനഗരത്തോളം പരിപൂതമായ മറെറാരു സ്ഥലമില്ല.

റോമാപ്പട്ടണം നമ്മുടെ ഹൃദയത്തെ ആകർഷിച്ചുരുപ്പിക്കുവാൻ കാരണമെന്തു്? അതിപ്രാചീനമായൊരു മഹാസാമ്രാജ്യത്തിൻെറ തലസ്ഥാനനഗരിയും അമൂല്യ കലാനിധികളുടെ കലവറയും ആയതുകൊണ്ടല്ല; പ്രത്യുത, ക്രിസ്തുനാഥൻ തൻെറ സഭയുടെ അടിത്തറയായി തെരഞ്ഞെടുത്ത ആ 'പാറ' അവിടെ ആയതുകൊണ്ടാണു്. അവിടെ നിരന്തരം സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ഒരു ഹൃദയമുണ്ടെന്നു നാം മനസ്സിലാക്കുന്നു. ക്രൈസ്തവജീവൻ നല്കുന്ന ചുടുരക്തത്തെ ഭൂമുഖത്തെങ്ങുമുള്ള സഭാസന്താനങ്ങളിലേക്കു പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഹൃദയം—ആ ഹൃദയത്തെ നാം സ്നേഹിക്കുന്നു. സഭയെ മുഴുവൻ നയിക്കുകയും ക്രിസ്തുവിൻെറ പ്രബോധനങ്ങളെ ലോകത്തിനു മുഴുവനും പ്രഖ്യാപിക്കുകയും ചെയ്യുന്ന സഭാതലവനെ നാം സ്നേഹിക്കുന്നു. സമസ്തലോകത്തേയും ആശീർവ്വദിക്കുവാൻ ഉയർത്തിയിരിക്കുന്ന ആ പൈതൃകകരങ്ങളെ നാം സ്നേഹിക്കുന്നു. നിത്യനഗരമായ റോമയുടെ

അത്ഭുതാവഹമായ ആകർഷകശക്തി ഇതിലാണു് അടങ്ങിയിരിക്കുക.

വിശുദ്ധവത്സരജൂബിലി ആദ്യം നടന്നതു് 1300-ലാണു്. സുദീർഘവും ക്ലേശപൂർണ്ണവുമായ യാത്രചെയ്തു്, 'മോൺടെ മാരിയോ'യുടെ ഉന്നതതടത്തിലെത്തിയ തീർത്ഥകർ, അകലെ അസ്തമനസൂര്യന്റെ കനകപ്രഭയിൽ കുളിച്ചുനില്ക്കുന്ന നിത്യനഗരം കണ്ടപ്പോൾ സാഹ്ളാദം ആർത്തുവിളിച്ചു: "വിശുദ്ധ നഗരമേ, വിരാജിച്ചാലും!" റോമയോടുള്ള കടപ്പാടു കണക്കിലെടുക്കുന്ന ഏതു ക്രൈസ്തവനും വിളിച്ചുപറയും, "വിശുദ്ധ നഗരമേ, വിരാജിച്ചാലും!" എന്നു്.

റോമയോടു സ്നേഹപൂർണ്ണമായ ബന്ധം പാലിക്കുക എന്നെന്നും എവിടേയും കത്തോലിക്കരുടെ പ്രത്യേകതയാണു്. അക്കാര്യം തെളിയിക്കേണ്ട ആവശ്യമില്ല. എങ്കിലും, നാമൊന്നാരായണം: എന്തുകൊണ്ടാണു്, ഒരു കത്തോലിക്കന്റെ ഹൃദയത്തിൽ റോമാനാമശ്രവണംപോലും സുധ പകരുന്നതു്? റോമൻകത്തോലിക്കരെന്ന നാമത്തിൽ നാം അഭിമാനംകൊള്ളുന്നതെന്തുകൊണ്ടു്? റോമയോടുള്ള നമ്മുടെ സ്നേഹബന്ധത്തിന്റെ കാരണമെന്തു്? ഇതിനു് ഒരുത്തരമേ നല്കാനുള്ളു: തിരുസ്സഭയുടെ ഹൃദയം സ്പന്ദിക്കുന്നതു് അവിടെയാണു്; സഭയുടെ തലവന്റെ ആസ്ഥാനം അവിടെയാണു്.

## സഭാഹൃദയം സ്പന്ദിക്കുന്നതു റോമിലാണു്

റോമാനഗരം സഭയുടെ പ്രതാപപൂർണ്ണമായ ചരിത്രത്തിന്റെ രംഗമായിരുന്നതുപോലെ, ഇന്നും സഭയുടെ സ്പന്ദിക്കുന്ന ഹൃദയമാണു്. ക്രിസ്തുമതത്തിന്റെ പുരാതനമഹത്വം അവിഭാജ്യമാംവിധം റോമയോടു ബന്ധപ്പെട്ടതാണു്. പഴയ കാ

ലത്തെ പേഗൺറോം അതിമനോഹരമായിരുന്നിരിക്കാം. എ
ന്നാൽ, അതിലേ നിവാസികളുടെ ആദ്ധ്യാത്മികനിലവാരമോ?
റോമിലേ ഉന്നതവർഗ്ഗം മാർബിൾ പതിച്ച മണിമാളികകളിൽ
വസിച്ചിരിക്കാം. ഹോമറും ഹോറസ്സും വെർജിലുമെല്ലാം അവർ
വായിച്ചു രസിച്ചു; തെരുവീഥികളിൽ ജീവനും ചൈതന്യവും
ഓളംകളിച്ചു. പേഗൺ അമ്പലങ്ങളോ അനവധി! എന്നാൽ,
കൊളോസിയമെന്നു പറയപ്പെട്ടുന്നാ ആ പോക്കളത്തിലേ സ്ഥിതി
യോ? അവിടെ ചക്രവർത്തിയും സെനററംഗങ്ങളും പട്ടാളമേ
ധാവികളും കവികളും പുരോഹിതന്മാരും കന്യകാമണികളും സ
ന്നിഹിതരായിരിക്കും, മനുഷ്യജീവികൾ മല്ലരംഗത്തു ജീവനുവേ
ണ്ടി പോരാടുന്നതു കണ്ടാനന്ദിക്കാൻ! വിജയംവരിച്ച മല്ലൻ
തോററ കൂട്ടുകാരനെ കൊല്ലാതെ വിടാനൊരുങ്ങിയാൽ, ആ മല്ല
യുദ്ധം വേഗം തീർന്നുപോയാൽ അവിടെയിരിക്കുന്ന 90,000 പ്രേ
ക്ഷകരും പ്രതിഷേധസ്വരമുയർത്തുകയായി! മനുഷ്യരക്തം മെല്ലെ
മെല്ലെ ഒലിക്കുന്നതു് അവർക്കു കണ്ടുകൊണ്ടിരിക്കണം.
അതിലാണവരുടെ ആനന്ദം! അതേ, പേഗൺറോമയിലേ
സന്യാസിനികൾക്കും രാഷ്ട്രകോവിദന്മാർക്കുമെല്ലാം അതു കാണണം.
അവരുടെ സന്തോഷം! മല്ലയുദ്ധം മുറയ്ക്കു നടക്കുന്നു. ഒരുവനെ
അപരൻ എടുത്തടിച്ചു, വെട്ടിവീഴ്ത്തി. പരാജിതന്റെ ജീവൻ
രക്ഷിക്കാൻ ജേതാവു കരുണാമസൃണമായ നയനങ്ങളോടെ ച
ക്രവർത്തിയെ വീക്ഷിക്കുന്നുവെന്നിരിക്കട്ടെ. ആ 'പ്രജാപാല
കൻ' തള്ളവിരൽ താഴ്ത്തുന്നതായിക്കാണാം. പിന്നെ താമ
സിച്ചുകൂടാ. വീണുകിടക്കുന്ന സാധുവിനെ ഉടൻ വധിച്ചുകൊ
ള്ളണം. ഇതായിരുന്നു പേഗൺറോമാ.

ഒരു സുപ്രഭാതത്തിൽ റോമിലേക്കുള്ള പെരുവഴിയിൽ
ക്കൂടി ഒരു മുക്കുവൻ നടന്നുനീക്കുകയാണു്. പലസ്തീനയിലേ ഗ
ലീലയിൽനിന്നാണു വരവു്. പേരു സൈമൺ. ഇപ്പോഴത്തേ
പേരു പത്രോസെന്നും. മറെറാരു റോഡിലൂടെ റോമൻ പടയാ

ളികരം, ഗവർണ്ണർ ഫെസ്ത്തൂസ് ഏല്പിച്ച ഒരു തടവുകാരനേയും കൊണ്ടു വരുന്നു — താർസൂസിലെ പൗലോസ്. മീൻപിടിത്തക്കാരനായ പത്രോസും തടവുകാരനായ പൗലോസും പേഗൻസാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ കാലുകുത്തി; ഇതാ, ലോകചരിത്രത്തിന്റെ ഗതി ആകപ്പാടേ മാറിവീഴുന്നു. ഒരിക്കൽ വിഷയാസക്തിയുടേയും വിഗ്രഹാരാധനയുടേയും കേന്ദ്രമായിരുന്ന റോമാ, ശ്രേഷ്ഠവും പവിത്രവുമായ ഒരു പുത്തൻസംസ്കാരത്തിന്റെ, ക്രിസ്തീയാദ്ധ്യാത്മികതത്വത്തിന്റെ കേന്ദ്രമായി, ഹൃദയമായി മാറുകയാണു്. രക്തം മുഴുവനും ധമിനികളിലൂടെ ഹൃദയലേക്കു പ്രസരിക്കുന്നതുപോലെ, അഖിലലോകത്തിനും റോമാ ഒരു തീർത്ഥാടനകേന്ദ്രമായിത്തീരുന്നു. അതേ, അതു 'നിത്യനഗരമായി.' അന്നു പത്രോസിൽനിന്നും പൗലോസിൽനിന്നും ലഭിച്ചവയെല്ലാമാണു് ഇന്നും അവൾക്കു സ്വന്തമായുള്ളതു്. അവതന്നെ അവൾ എന്നൊന്നും സംരക്ഷിക്കുകയും ചെയ്യും.

എങ്ങനെയാണു റോമാ നമുക്കൊരു പരിശുദ്ധസ്ഥലമായതു്? റോമൻ കൊളോസിയത്തിൽ വച്ചു വ്യാഘ്രാദികളുടെ കൂർത്ത നഖങ്ങൾക്കു് ആയിരമായിരം ക്രൈസ്തവർ ഇരയായിക്കൊണ്ടു്. എണ്ണമററ മെത്രാന്മാർ, വൈദികന്മാർ, കന്യകകൾ, മാതാപിതാക്കൾ, ബാലികാബാലന്മാർ തുടങ്ങിയവർ റോമയിൽ വച്ചു രക്തസാക്ഷിമകുടം ചൂടി. എന്തിനു്? വിശുദ്ധ കുരിശിന്റെ വിജയത്തിനു്; ആത്മാവിന്റെ വിജയത്തിനു്; ക്രിസ്തുവിനുവേണ്ടി. ആ എണ്ണമററ രക്തസാക്ഷികളുടെ കുഴിമാടങ്ങളിൽനിന്നു മറെറാരു റോമാ പൊന്തിവന്നു. അതാണു പരിശുദ്ധ റോമാ, നിത്യനഗരം.

പ്രാചീനസഭയുടെ മഹത്വകേദാരം റോമയായിരുന്നു. ക്രിസ്തുമതത്തിന്റെ പ്രത്യാശയ്ക്കു പ്രചോദനം ഇന്നും റോമാ തന്നെ. ഇററലിയും അതിന്റെ തലസ്ഥാനമായ റോമയും

ആയിരമായിരം കൊല്ലങ്ങൾക്കുമുൻപേ അനേകരെ ആകർഷിക്കുന്ന കേന്ദ്രമായിരുന്നു. അന്നു സിംബ്രികളും ട്യൂട്ടൺ വംശജരും കെൽററു ജാതിക്കാരും തണുത്തുറഞ്ഞ ഉത്തരയൂറോപ്പുവിട്ടു ചൂടും വെളിച്ചവും പ്രസരിക്കുന്ന ഇററലിയിലേക്കു കടന്നുവന്നു. റോമാസാമ്രാജ്യത്തിന്റെ പ്രതാപകാലത്തു യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ജനങ്ങൾ റോമാ സന്ദർശിച്ചിരുന്നു. എന്തിനെന്നോ? നൈയാമികവും രാഷ്ട്രീയവും കലാപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്കു വേണ്ടത്ര നിർദ്ദേശവും പ്രചോദനവും ലഭിക്കുവാൻ. തദ്വിഷയത്തിൽ നവചൈതന്യവും പുത്തൻ പരിപാടികളും ലഭിച്ചാണ് അവർ മടങ്ങിയത്. ഇന്നും ഇററലിയുടെ കലാശേഖരവും ചരിത്രവസ്തുക്കളുമാണു പലരേയും അങ്ങോട്ടാകർഷിക്കുന്നത്.

എന്നാൽ, ക്രൈസ്തവരുടെ കഥ ഇതൊന്നുമല്ല. അവർ തികച്ചും വ്യത്യസ്തമായ ലക്ഷ്യത്തോടെയാണു റോമയിലെത്തുക. തിരുസ്സഭയുടെ ഹൃദയം സ്പന്ദിക്കുന്നതു് അവിടെയാണെന്നവർക്കറിവുണ്ട്. അതിന്റെ ഉള്ളറകളിൽനിന്നു വേണ്ടത്ര ആദ്ധ്യാത്മികശക്തി സംഭരിക്കുവാൻ, ജീവൽപ്രശ്നങ്ങളെ നേരിടുവാൻ വേണ്ട നവചൈതന്യം പ്രാപിക്കാൻ അവർ ഓടിയെത്തുകയാണ്.

ഗേഥേയുടെ ചില ജീവചരിത്രങ്ങളിൽ, അദ്ദേഹത്തിന്റെ ഇററാലിയൻ തീർത്ഥാടനം പ്രതിപാദിച്ചിട്ടുണ്ട്. ഇടയ്ക്കൊന്നാശ്വസിക്കുകപോലും ചെയ്യാതെ അദ്ദേഹം റോമയിലേക്കു പാഞ്ഞു. സങ്കുചിതവും വിഷാദപൂരിതവും നിരർത്ഥകവുമായ ഭവനപരിസരങ്ങളിൽനിന്ന്, സംശയത്തിന്റെയും സങ്കോചത്തിന്റെയും മൂടൽമഞ്ഞിൽനിന്ന് അദ്ദേഹം രക്ഷപ്പെടുകയായിരുന്നു, ജീവിതത്തെപ്പററിയുള്ള വ്യക്തവും സുന്ദരവുമായ ആശയമാകുന്ന പ്രകാശം ലഭിക്കാൻ.

റോമയിലെത്തുന്ന ഓരോ തീർത്ഥകനും സനാതനമൂല്യങ്ങളേയും പരമലക്ഷ്യത്തേയുംപററി ധ്യാനിച്ചുപോകും. ഉന്നമായ ആദർശങ്ങൾക്കൊത്തു ജീവിക്കാൻ അവനു പ്രചോദനം ലഭിക്കുന്നു; ഒരു നവജീവനുണ്ടാകുന്നു. ഒരുവൻ റോമിനു പോകുന്നതു വെറും പര്യടനമനസ്ഥിതിയോടേയല്ല. സ്വന്തപാപങ്ങളെപ്പററിയുള്ള അനുതാപവും ആത്മീകവിവശതയും അനുഭവിക്കുന്നവർ എന്തൊന്നിനോ വേണ്ടി ദാഹിച്ചുകൊണ്ടു്, ആന്തരികചൈതന്യം ആരാഞ്ഞുകൊണ്ടു് അവിടെയെത്തുന്നു. കലാസൗന്ദര്യം ആസ്വദിക്കാൻവേണ്ടി മാത്രം റോമായാത്ര ചെയ്യുന്നവർ കേവലം അന്ധരാണെന്നു പറയണം. വിവിധ കലകളുടെ ഒരു കലവറയാണു റോമാ, സമ്മതിക്കുന്നു. എന്നാൽ, അതേ സമയം അനശ്വരമായവയുടെ അസ്തിത്വത്തെ വ്യക്തമാക്കുന്ന 'പരിശുദ്ധ റോമാ', നിത്യനഗരമാണു് ഏതൊരു സന്ദർശകനേയും പുളകമണിയിക്കുക.

അവിടെ ഒരു സന്ദർശകൻെറ ആത്മാവിനെ ഇളക്കിമറിക്കുന്നതെന്തെന്നു പറഞ്ഞറിയിക്കുക പ്രയാസം. അതു് അനുഭവിച്ചറിയണം. നമ്മുടെ കർത്താവിനോടു നേരിട്ടു സംഭാഷിച്ച ഒരുവൻെറ പൂജ്യാവശിഷ്ടങ്ങൾക്കു സമീപമാണു് അവിടെ നാം നില്ക്കുക. പ്രഥമ മാർപ്പാപ്പ അവിടെ കാലുകുത്തിയ അന്നുതന്നെ അവിടെ സുവിശേഷം പ്രസംഗിക്കപ്പെട്ടു. ആ നഗരത്തിലാണു നാം. റോമുളസിൻേറയും റേമൂസിൻേറയും പേഗൻ റോമയിലല്ല, പത്രോസും പൗലോസും പടുത്തുയർത്തിയ ക്രൈസ്തവറോമയിലാണു്. അവിടെ നാം ശ്വസിക്കുന്ന വായു ക്രൈസ്തവമാണു്. പേഗൻ ജനതയ്ക്കു് അവിടെ ഒട്ടുവളരെ ദേവന്മാരും അവക്കെല്ലാം പ്രതിഷ്ഠിച്ച അമ്പലങ്ങളുമുണ്ടായിരുന്നു. 'പാന്തെയോൺ' എന്ന അമ്പലം രക്തസാക്ഷികളുടെ ദൈവാലയമാക്കി; മിനെർവാദേവിയുടെ ശ്രീകോവിൽ പരിശുദ്ധ കന്യകയുടേതായി. ഡയാനയുടേതു വി. സബീനയുടേതും. ഇതുപോലെ, വീര്യമുററ പുളിമാവാകുന്ന സുവിശേഷം പേഗൻ ആത്മാക്കളെ ക്രൈസ്തവമാക്കി.

റോമാ ഓരോ ക്രൈസ്തവന്റേയും ജനനിയായി പരിണമിക്കുന്നുവെന്നതു ശ്രദ്ധേയമായ ഒരു യാഥാർത്ഥ്യമാണ്. അയാൾ അക്കാരണത്താൽ മാതൃരാജ്യത്തെ തിരസ്കരിക്കയോ വിസ്മരിക്കയോ ചെയ്യേണ്ടതില്ല. ഇററലിയുടെ തലസ്ഥാനമായല്ല, ക്രൈസ്തവലോകത്തിന്റെ ഹൃദയമായാണു റോമയെ അയാൾ പരിഗണിക്കുക. നിത്യനഗരമായ റോമയിലെത്തുന്ന തീർത്ഥകൻ ആവേശത്തിനിടയിൽപ്പോലും തന്റെ രാജ്യത്തെപ്പററി വണക്കത്തോടേ ഓർക്കുന്നതിന്റേയും തീക്ഷ്ണതയോടേ ദേശീയഗാനങ്ങൾ ആലപിക്കുന്നതിന്റേയും രഹസ്യം സ്പഷ്ടമാണ്.

ഫ്രാൻസിലെ സുപ്രസിദ്ധ എഴുത്തുകാരനായ ജോസഫ് ദെമെയ്സ്രുടെ വാക്കുകൾ സന്ദർഭോചിതമാണ്: "വിശുദ്ധ റോമാസഭയേ, എന്റെ അധരങ്ങൾ ചലിക്കുന്നിടത്തോളം കാലം ഞാൻ നിന്നെ പ്രകീർത്തിക്കും. വിജ്ഞാനത്തിന്റേയും വിശുദ്ധിയുടേയും അമർത്ത്യയായ മാതാവേ, വിരാജിച്ചാലും. അന്ധരായ അധികാരികൾ നിന്റെ ശക്തിയെ തല്ലിക്കെടുത്താനും തടഞ്ഞുനിർത്താനും ശ്രമിച്ചിട്ടുണ്ട്. എങ്കിലും, ലോകത്തിന്റെ അങ്ങേയററംവരെ നീ പ്രകാശക്കതിർ വീശി. നരബലിക്കും സംസ്കാരശൂന്യവും ലജ്ജാവഹവുമായ പാരമ്പര്യങ്ങൾക്കും അജ്ഞാനാന്ധകാരത്തിനുമെല്ലാം നീ വിരാമമിട്ടു. നിന്റെ ദിവ്യസന്ദേശം എത്താത്തിടമുണ്ടെങ്കിൽ അവിടെ മാനവസംസ്കാരത്തിന് എന്തോ ചില കുറവുകളുണ്ട്. മഹാന്മാർ നിന്റെ സന്താനങ്ങളാണ്. വിജ്ഞാനത്തെ അപകടപൂർണ്ണവും ഉപദ്രവകരവുമാക്കുന്ന വിഷാദത്തിൽനിന്നും അഹന്തയിൽനിന്നും ദുഃസ്വാതന്ത്ര്യത്തിൽനിന്നും വിജ്ഞാനത്തെ മോചിച്ചതു നിന്റെ പ്രബോധനമാണ്. മാനവസംസ്കാരത്തിന്റെ അവശ്യഘടകങ്ങളും, ലൗകൈക്യത്തിന്റെ വിധാതാക്കളും, ശാസ്ത്രത്തിന്റേയും കലകളുടേയും സംരക്ഷകരും, പൗരസ്വാതന്ത്ര്യത്തിന്റെ കാവൽക്കാരും, അടിമത്വത്തിന്റെ നിർമ്മാർജ്ജകരും, സ്വേച്ഛാധിപത്യത്തിന്റെ

ബദ്ധശത്രുക്കളും, മാനവവംശത്തിന്റെ ഉപകർത്താക്കളും നിന്റെ മാർപ്പാപ്പമാരാണെന്ന് എല്ലാവരും സമ്മതിച്ചുപറയുന്ന കാലം അധികം അകലെയല്ല."

## സഭാതലവന്റെ ആസ്ഥാനം റോമയാണ്.

നാം റോമയെ സ്നേഹിക്കുന്നതു സഭാഹൃദയം അവിടെ സ്പന്ദിക്കുന്നതുകൊണ്ടു മാത്രമല്ല, സഭാതലവന്റെ ആസ്ഥാനം അവിടം ആയതുകൊണ്ടുകൂടിയാണ്. ആരാണു മാർപ്പാപ്പ? കത്തോലിക്കാസഭ അദ്ദേഹത്തെ എങ്ങനെ പരിഗണിക്കുന്നു? ലോകം അദ്ദേഹത്തെ എങ്ങനെ പരിഗണിക്കുന്നുവെന്ന് ഒരു പാപ്പാ തെരഞ്ഞെടുപ്പിൽനിന്നു നമുക്കു മനസ്സിലാക്കാം. അതെപ്പററി ലോകപത്രങ്ങൾ നീണ്ട ലേഖനങ്ങൾ പ്രസിദ്ധീകരിക്കും. ആരാണ് അടുത്ത പാപ്പായെന്ന് അവർ ഊഹിച്ചെഴുതും. ആ വ്യക്തിയുടെ കഴിവുകളും രാഷ്ട്രീയനയങ്ങളുമെല്ലാം അവർ എടുത്തെടുത്തു പറയും. സഭയാകട്ടെ, പാപ്പായുടെ തെരഞ്ഞെടുപ്പിന്റെ കാലത്ത് ഒരു പ്രത്യേക ദിവ്യബലി നിർദ്ദേശിക്കുന്നു. മാർപ്പാപ്പയിൽനിന്നു സഭ എന്തു പ്രതീക്ഷിക്കുന്നുവെന്ന് ആ ദിവ്യബലിക്കുള്ള പ്രത്യേക പ്രാർത്ഥനകൾ വ്യക്തമാക്കും. മികച്ച കലാകാരനെയോ ശില്പവിദഗ്ദ്ധനെയോ നലംതികഞ്ഞ രാഷ്ട്രീയ പ്രവർത്തകനെയോ ഭരണവിശാരദനെയോ പററി ആ പ്രാർത്ഥനകളിൽ സൂചനപോലുമില്ല. "ഓ, കർത്താവേ, അങ്ങയുടെ അനന്തകരുണയാൽ അങ്ങയുടെ വിശുദ്ധ റോമാസഭയ്ക്ക് ഒരു തലവനെ നല്കുവാൻ കനിയേണമേ എന്നു ഞങ്ങൾ എളിമയോടേ പ്രാർത്ഥിക്കുന്നു. ഞങ്ങളെ ശ്രദ്ധയോടേ പാലിച്ചുകൊണ്ടു നിന്നെ എപ്പോഴും പ്രസാദിപ്പിക്കുന്നവനും, ശരിയായ ഭരണത്താൽ അങ്ങയുടെ ജനത്തിന്റെ ബഹുമാനപാത്രവും, നിന്റെ നാമത്തിനു ബഹുമാനകാരണവും അദ്ദേഹത്തെ നീ ആക്കേണമേ."

അങ്ങനെ, സഭ തന്റെ തലവനുവേണ്ടി പ്രാർത്ഥിക്കുന്നു. ദിവ്യനാഥനിൽനിന്നുതന്നെയാണു നാം ഈ പ്രാർത്ഥന പഠിച്ചതു്. അവിടുന്നു് ഒരിക്കൽ പത്രോസിനോടു പറഞ്ഞില്ലേ: "ശിമോനേ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാൻ നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിന്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക." (വി. ലൂക്ക. 22: 31, 32)

ക്രിസ്തു പത്രോസിനുവേണ്ടി പ്രാർത്ഥിച്ചു; മാർപ്പാപ്പയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. സഭാതലവന്റെ സ്ഥാനൗന്നത്യം അവിടുത്തേക്കറിയാം. ലക്ഷങ്ങളുടെ ആത്മരക്ഷ അദ്ദേഹത്തിന്റെ അപ്രമാദിത്വത്തെയാണു്, അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസത്തെയാണു്, ആശ്രയിച്ചിരിക്കുക.

മാർപ്പാപ്പയ്ക്കുവേണ്ടി നാമും നിത്യവും പ്രാർത്ഥിക്കണം. ക്രിസ്തുവിൽനിന്നു കത്തോലിക്കർ ഈ വസ്തുത ഗ്രഹിച്ചിട്ടുണ്ടു്. അപ്പസ്തോലനടപടികളിൽ നാം വായിക്കുന്നുണ്ടല്ലോ-പത്രോസ് കാരാഗൃഹത്തിലായിരിക്കേ, "സഭയിൽനിന്നു" ഇടവിടാതെയുള്ള പ്രാർത്ഥന അദ്ദേഹത്തിനുവേണ്ടി ദൈവത്തിനു സമർപ്പിക്കപ്പെട്ടിരുന്നു" (നടപടി 12: 5) എന്നു്.

ക്രിസ്തുവിന്റെ വാക്കുകളിൽ മറെറാരു സൂചനകൂടിയുണ്ടു്: മാർപ്പാപ്പയോടു നാം തീക്ഷ്ണവും ബഹുമാനനിർഭരവും പുത്രസഹജവുമായ അനുസരണമുള്ളവരായിരിക്കണം. ഈ അനുസരണം എന്നെന്നും ചൈതന്യമുള്ള കത്തോലിക്കരുടെ ഒരടയാളമായിരുന്നു. ക്രിസ്തു മാർപ്പാപ്പയോടു കല്പിച്ചില്ലേ, സഹോദരന്മാരെ വിശ്വാസത്തിലുറപ്പിക്കാൻ? അതേസമയം, ക്രിസ്തു നമ്മോടും കല്പിച്ചു, അദ്ദേഹം നമ്മുടെ വിശുദ്ധ സഭയിൽ നമ്മെ ഭരിക്കയും

നയിക്കയും ചെയ്യുമ്പോൾ പരിപൂർണ്ണമായ അനുസരണമുള്ളവ രായിരിക്കാൻ.

നാം കണ്ണുമടച്ചു മാർപ്പാപ്പാ തിരുമേനിയെ അനുസരിക്കു ന്നൊന്നു പലരും പറയാറുണ്ട്. ശരി. അതിൽ തെറ്റൊന്നുമില്ല. ബോധമുള്ള മനുഷ്യരെല്ലാം ശിരസ്സിനെയാണ് അന്ധമായി അനു സരിക്കുക. കൈകാലുകളെയോ നാവിനെയോ അല്ല. നാം സഭാശരീരത്തിലെ അവയവങ്ങളാണ്. അതിന്റെ ശിരസ്സു ക്രിസ്തുവും. ക്രിസ്തുവിന്റെ കാണപ്പെടുന്ന വികാരിയാണു മാ ർപ്പാപ്പ.

ക്രിസ്തുവിനെപ്പറ്റി പൗലോസ്ശ്ലീഹാ പ്രസ്താവിക്കുന്നതു കേൾക്കുക: "അവിടുന്നു സകലവും അവന്റെ പാദങ്ങൾക്കു കീഴ്പ്പെടുത്തുകയും സകലത്തിനും മേൽ ആയിരിക്കുന്നവനെ സകലത്തിലും സകലവും പൂർത്തിയാക്കുന്നവന്റെ ശരീരവും പൂർണ്ണ തയും ആയിരിക്കുന്ന സഭയ്ക്കു തലവനായി നല്കുകയും ചെയ്തു." (എഫേ. 1: 22, 23) അപ്പോൾ, സഭാതലവൻ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ഭൗമികവികാരി മാർപ്പാപ്പയും. നാം റോമിനെ സ്നേഹിക്കുന്നു. കാരണം, ക്രിസ്തുവിന്റെ വികാരിയുടെ ആ സ്ഥാനമാണതു്.

നമ്മുടെ ആ സ്നേഹത്തിനു കൂടുതൽ അഗാധസ്പർശിയായ വേറേയും ഉറവിടമുണ്ട്. സഭയുടെ പരമാധിപൻ റോമിൽ വസിക്കുന്നു. ക്രൈസ്തവകുടുംബത്തിന്റെയെല്ലാം സ്നേഹംനിറ ഞ്ഞ പിതാവാണദ്ദേഹം. നമ്മുടെ "പരിശുദ്ധ പിതാവ്" എന്നു നാം സന്തോഷത്തോടേ പറയുന്നു. "പരിശുദ്ധ പിതാവ്" എന്ന ഈ ഒററ സംബോധനയിൽ, ഭക്തരായ കത്തോലിക്കർക്കു റോമി നോടുള്ള മതിപ്പും സ്നേഹവും പ്രകടമാണ്. സന്ദർശനാവസരങ്ങ ളിൽ പരിശുദ്ധ പിതാവിന്റെ സാന്നിധ്യംതന്നെ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കാൻ അകത്തോലിക്കരെ പ്രേരിപ്പിക്കുന്നു. ഫ്രാൻ

സിലേ ലൂയി ഫിലിപ്പ് രാജാവിൻെറ മന്ത്രിയായ 'തീയാർ' ഒരിക്കൽ റോമാ സന്ദർശിച്ചപ്പോൾ മാർപ്പാപ്പയുമായി ഒരു കൂടിക്കാഴ്ചയപേക്ഷിച്ചു. എന്നാൽ, ഒരു പ്രോട്ടസ്റ്റൻറായ താൻ പാപ്പായുടെ പക്കൽ മുട്ടുകുത്തുകയോ അദ്ദേഹത്തിൻെറ കൈമുത്തുകയോ ചെയ്കയില്ല എന്നു മന്ത്രി അറിയിച്ചിരുന്നു. അന്നത്തെ പാപ്പാ ഗ്രിഗരി 16-ാമൻ മന്ത്രിയുടെ ഈ വ്യവസ്ഥ കേട്ടു സുസ്മേരവദനനായി മറുപടി നല്കി: തീയാറിൻെറ ഇഷ്ടംപോലെ ചെയ്തുകൊള്ളട്ടെ. ഫ്രഞ്ചു മന്ത്രി പ്രവേശിച്ചു. മാർപ്പാപ്പയെ സമീപിക്കവേ എന്തെന്നില്ലാത്ത ഒരു വികാരം അദ്ദേഹത്തെ ഇളക്കിമറിച്ചു. മന്ത്രിസത്തമൻ അവിടെ മുട്ടുകുത്തി പരിശുദ്ധ പിതാവിൻെറ പാദം ചുംബിച്ചു. മാർപ്പാപ്പ വിനോദരസത്തിൽ ചോദിക്കയാണു്: "മി. തീയാർ, വല്ലതിന്മേലും കാലു തട്ടിയോ?" തീയാർ പറഞ്ഞു: "വാസ്തവം, പാപ്പാധികാരത്തിൻെറ മഹത്വത്തിനു മുൻപിൽ ഞങ്ങളെല്ലാം തട്ടിവീണുപോകുന്നു."

"പരിശുദ്ധ പിതാവു്" എന്നു പറയുമ്പോൾ എന്താണു കത്തോലിക്കരിലുണ്ടാകുന്ന അനുഭൂതി? എത്ര സ്നേഹസംപൂജ്യമായ സംബോധനയാണതു്! എന്തൊരു ബഹുമാനവും ശിശുസഹജമായ സ്നേഹവുമാണു് ആ നാമം പ്രദ്യോതിപ്പിക്കുക! "പരിശുദ്ധ പിതാവു്" പ്രത്യാശാപൂർണ്ണമത്രേ ആ നാമം. പരിശുദ്ധ പിതാവേ, ഞങ്ങളുടെ വിശ്വാസം ഉറപ്പിക്കപ്പെട്ടിരിക്കുന്ന പാറയാണങ്ങു്. നമ്മുടെ പൊതുഭവനമായ കത്തോലിക്കസഭയുടെ അസ്ഥിവാരം അവിടുന്നുതന്നെ. സാർവ്വത്രികസഭയാകുന്ന മഹാസൗധത്തെ താങ്ങുന്ന സ്തംഭം അങ്ങാണു്. ഞങ്ങളുടെ ആത്മാക്കളുടെ വഴികാട്ടിയും അങ്ങുതന്നെ. ഞങ്ങൾക്കായി സ്പന്ദിക്കുന്ന ഹൃദയവും മററാരുടേയുമല്ല.

"പരിശുദ്ധ പിതാവു്" എന്ന സംബോധന അതിരററ സ്നേഹത്തിൻെറ ചിഹ്നംകൂടിയാണു്. പരിശുദ്ധ പിതാവേ, അങ്ങത്രേ കുടുംബത്തലവൻ. അങ്ങയെ സമീപിക്കുന്ന ഏതൊരു

ത്തനം പിതൃഭവനത്തിൽ വന്ന പ്രതീതിയാണുണ്ടാവുക. അങ്ങാണു പിതാവ്. ലോകത്തിൻെറ നാനാഭാഗത്തുനിന്നു മക്കൾ അങ്ങേപ്പക്കൽ ഓടിക്കൂടുന്നു. "ആത്മാക്കളുടെ മാതൃരാജ്യം," എന്നാണു 'ഡീയൻകീവിച്ച്' ഒരിക്കൽ റോമിനെ അഭിവാദനം ചെയ്തതു്.

ഭാഷ, ചരിത്രം, അംഗങ്ങളുടെ ബാഹ്യാകൃതി, മാനസികഗുണങ്ങൾ, സാംസ്കാരികനേട്ടങ്ങൾ ഇവയിലെല്ലാം കത്തോലിക്കാസഭയെപ്പോലെ ഇത്ര വൈവിധ്യമുള്ള മറ്റൊന്നു ഭൂമുഖത്തില്ല. ഈ വൈവിധ്യങ്ങളെല്ലാം ഒരൊററച്ചരടിൽ നിബന്ധിച്ചിരിക്കുന്നു. ആ നട്ടച്ചരടാണു സഭാതലവനായ മാർപ്പാപ്പ; പ്രധാന നിയമദാതാവ്, നേതാവ്, 'പാറ', അടിത്തറ, കേന്ദ്രം, ക്രിസ്തുവിൻെറ വികാരി എന്നീ നിലകളിൽ വർത്തിക്കുന്ന പരിശുദ്ധ മാർപ്പാപ്പ.

ഇസയാസിൻെറ പ്രവചനം അറുപതാമദ്ധ്യായത്തിൽ ഒരു വിശിഷ്ട ദർശനത്തിൻെറ വിവരണമുണ്ട്: "ഓർശ്ലേമേ, ഉണർന്നാലും, പ്രബുദ്ധമായാലും; എന്തെന്നാൽ, നിൻെറ പ്രകാശം വന്നെത്തിയിരിക്കുന്നു. കർത്താവിൻെറ മഹത്വം നിൻെറ മേൽ ഉദയംചെയ്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ലോകത്തെ അന്ധകാരം ആവരണംചെയ്യും, ജനങ്ങളെ ഒരു മൂടൽമഞ്ഞും. എന്നാൽ, കർത്താവു നിന്നിൽ ഉദയംചെയ്യും; അവിടുത്തെ മഹത്വം നിന്നിൽ കാണപ്പെടും. വിജാതീയർ നിൻെറ പ്രകാശത്തിൽ വ്യാപരിക്കും. രാജാക്കന്മാർ നിൻെറ ഉദയത്തിൻെറ ശോഭയിലും. നിനക്കു ചുററും കണ്ണുയർത്തി നോക്കുക. ഇവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുന്നു, അവർ നിൻെറ പക്കൽ വന്നിരിക്കുന്നു. നിൻെറ മക്കൾ അങ്ങകലെനിന്നു വരും. നിൻെറ പുത്രന്മാർ നിൻെറ സമീപം ഉയരും." ഈ ഭാഗം വായിക്കുമ്പോൾ നമുക്കുണ്ടാകുന്ന പ്രതീതി, ഈ ജൂബിലിവർഷത്തിൽ മാർപ്പാപ്പ തീർത്ഥകർക്കു് ഒരു പൊതുസന്ദർശനം നല്കുന്നതിൻെറയല്ലേ?

വത്തിക്കാനിലേ അതിപ്രാചീനവും അതിമനോഹരവുമായ മുറികളിൽ ഒരു വലിയ ജനതതി തടിച്ചുകൂടിയിട്ടുണ്ട്. ലോകത്തിൻെറ വിവിധഭാഗത്തുനിന്നുള്ളവരാണവർ. തങ്ങളുടെ പൊതുപിതാവിനെ പ്രതീക്ഷിച്ചുകൊണ്ട് ഏകോദരസഹോദരങ്ങളെപ്പോലെ അവരങ്ങനെ തിങ്ങിക്കൂടിനില്ക്കുന്നു. യൂറോപ്യർ, ഏഷ്യക്കാർ, ഈജിപ്തുകാർ, വെസ്റ്റിൻഡീസുകാർ, എല്ലാവരും ഇടകലർന്നാണു നില്പ്. സംസാരം, വസ്ത്രധാരണം, മുഖച്ഛായ, സംസ്കാരം ഒക്കെ വിഭിന്നമാണ്. എന്നാൽ, എല്ലാവർക്കും ഒരേ ഒരു വിശ്വാസം, ഒരേ ഒരു ക്രിസ്തു, ഒരേ മാർപ്പാപ്പ. അദ്ദേഹം ഇതാ സമീപിക്കുന്നു. ധവളവസ്ത്രം വെട്ടിത്തിളങ്ങുന്നുണ്ട്. എല്ലാവരും മുട്ടുകുത്തി, പരിശുദ്ധ പിതാവിൻെറ കരം ചുംബിക്കുന്നു. അതേ കരം അവരെ ആശീർവ്വദിക്കുന്നു. കോരിത്തരിക്കാത്ത ഒരു ഹൃദയവും അവിടെ കാണുകയില്ല. ഒരു കത്തോലിക്കനായിരിക്കുന്നതിൻെറ സാരം അപ്പോൾ ഓരോരുത്തനും അനുഭവവേദ്യമാകും. ഈ സാർവ്വത്രികസഭയിലിരിക്കുക എത്ര അഭിമാനകരവും ആനന്ദപ്രദവുമാണ്. ക്രിസ്തു ഒരിക്കൽ പാറമേൽ ഒരു സഭ സ്ഥാപിച്ചു. "നരകവാതിലുകൾ അതിനോട്ട പ്രബലപ്പെടുകയില്ല" എന്ന വാഗ്ദാനവും നല്കി. അതേ സഭയാണ് എൻേറതെന്ന് അറിയുക എത്ര ആനന്ദസംദായകം!

സുഹൃത്തുക്കളേ, "വിയ ആപ്പിയ" എന്നൊരു പ്രസിദ്ധ റോമൻ രാജപാതയുണ്ട്. അതിൻെറ ഒരു നാല്ക്കവലയിൽ ഒരു ചെറിയ കപ്പേള കാണാം. അവിടെവച്ചാണ്, ഐതിഹ്യം അനുസരിച്ച്. മർദ്ദനത്തിൽനിന്നു രക്ഷപ്പെടാൻ റോമിൽനിന്ന് ഓടിപ്പോകുമ്പോൾ, പത്രോസ്ശ്ലീഹാ ക്രിസ്തുനാഥനെ കണ്ടത്. ശിഷ്യൻ ചോദിക്കുകയാണ്: "കർത്താവേ, നീ എവിടേക്കു പോകുന്നു? കർത്താവു മറുപടി പറഞ്ഞു: "റോമിലേക്കുതന്നെ; നിനക്കു പകരം വീണ്ടും ക്രൂശിതനാകാൻ." ഗുരുനാഥൻെറ അഭിലാഷം പത്രോസ് ഉടൻതന്നെ മനസ്സിലാക്കി. തത്ക്ഷണം റോ

മിലേക്കു തിരിച്ചു നടന്നു. തന്റെ നാഥനുവേണ്ടി അവിടെ കഠിനാദ്ധ്വാനം ചെയ്തശേഷം ക്രിസ്തുവർഷം 67 ജൂൺ 29-ാംനു തലകീഴായി ക്രൂശിതനായി. നീറോയുടെ കാലത്തായിരുന്നു ആ സംഭവം. ഇന്നു സെൻറ് പീറേറഴ്സ് ബസീലിക്കയിലുള്ള, പത്രോസ് ശ്ലീഹായുടെ കുഴിമാടത്തിൽനിന്നും അധികം അകലെയല്ല അതു നടന്നതു്.

പ്രഥമ പാപ്പാ ക്രിസ്തുവിനുവേണ്ടി റോമിൽ ജീവൻ ബലിയർപ്പിച്ചു. അതേ പാപ്പായുടെ അനന്തരഗാമിയാണു് ഇന്നത്തെ റോമാ മാർപ്പാപ്പ. മിലാനിലെ സുപ്രസിദ്ധ മെത്രാനായ വി. അംബ്രോസിന്റെ വാക്കുകൾ നമുക്കു് അനുസ്മരിക്കാം: "പത്രോസ് എവിടെയോ അവിടെ സഭയും; സഭ എവിടെയോ അവിടെ നിത്യജീവനും." മിലാൻ കത്തീഡ്രലിന്റെ താഴികക്കുടത്തിൽ ഈ വാക്കുകൾ സുവർണ്ണലിപികളിൽ ഇന്നും പ്രശോഭിക്കുന്നു. ഓരോ കത്തോലിക്കഹൃദയത്തിലും മായാമുദ്രപോലെ അവ പതിഞ്ഞിട്ടുമുണ്ടു്.

ലക്ഷക്കണക്കിനു ക്രൈസ്തവതീർത്ഥകർ റോമിലെത്തുന്നതും, പത്രോസിന്റെ ബസീലിക്കയുടെ ഗോപുരം കാണുന്നതോടേ "വിശുദ്ധ നഗരമേ, വാഴ്ക" തുടങ്ങിയ ജയ്‌വിളികൾ ആവേശപൂർണ്ണമായ അവരുടെ അധരപുടങ്ങളിൽനിന്നു ബഹിർഗമിക്കുന്നതും എല്ലാം എന്തുകൊണ്ടാണെന്നു നമുക്കിപ്പോൾ വ്യക്തമായി. ക്രിസ്തുവിനെപ്രതി രക്തസാക്ഷികളായ ആദിമക്രൈസ്തവർ ഒട്ടും കുറവല്ല. അവരുടെ പൂജ്യാവശിഷ്ടങ്ങൾ പ്രസ്തുത ബസീലിക്കയുടെ അടിവാരത്തിലുള്ള ഭൂഗർഭാലയങ്ങളിലത്രേ. അവ നമുക്കു് അതിപൂജ്യമാണു്. മതമർദ്ദനകാലത്തു ചിത്രീകരിക്കപ്പെട്ടതത്രേ അവയിലെ ചുവർചിത്രങ്ങൾ. സുവിശേഷസംഭവങ്ങളേയും തിരുക്കർമ്മഭാഗങ്ങളേയും അനുസ്മരിപ്പിക്കുന്ന ചിത്രങ്ങളാണവ. ആദിമക്രൈസ്തവരുടെ അതേ വിശ്വാസമാ

ൺ നമ്മുടേതെന്നു് അവ പ്രഖ്യാപിക്കുന്നു. രക്തസാക്ഷികളുടെ ചുടുനിണത്താലാണു് അവ പവിത്രമാക്കപ്പെട്ടതു്.

വിശുദ്ധ റോമയേ, വിജയിച്ചാലും! പത്രോസിൻെറ കുഴിമാടത്തിന്മേൽ കെട്ടിപ്പടുത്തിരിക്കുന്ന പത്രോസിൻെറ ബസിലിക്ക നിന്നിലാണു്. പ്രൗഢഗംഭീരമായ ലാററൻ ദൈവാലയവും നിന്നിൽ നിലകൊള്ളുന്നു. അതിൻെറ പ്രവേശനകവാടത്തിൽ ആലേഖനം ചെയ്തിട്ടുണ്ടു്, "സമസ്തസഭകളുടേയും മാതാവും ശിരസ്സും" എന്നു്.

വിശുദ്ധ റോമയേ, വാഴ്ക! നിന്നിൽ സെൻറ് പീറേഴ്സ് സ്ക്വയറിൽ ഉയർന്നുനില്ക്കുന്ന സ്തൂപത്തിൻെറ അടിയിൽ ഉല്ലേഖനം ചെയ്തിട്ടുണ്ടു്, "ക്രിസ്തു ജീവിക്കുന്നു; ക്രിസ്തു വാഴുന്നു; ക്രിസ്തു ഭരിക്കുന്നു" എന്നു്.

സഭയുടെ ഹൃദയം മിടിക്കുന്നതു് എവിടെയോ, സഭാതലവൻെറ ആസ്ഥാനം എവിടെയോ ആ വിശുദ്ധ റോമ വിജയിക്കട്ടേ.

## പതിനൊന്നാം അദ്ധ്യായം

# സഭയുടെ ഭൗമികവശം

കത്തോലിക്കസഭയെ മനുഷ്യർ നന്ദിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതു നാം കേൾക്കാറുണ്ട്. നിന്ദനങ്ങളും ആക്ഷേപങ്ങളും കണ്ണടച്ചു വിട്ടുകൂടാ. സഭയുടെ മാനുഷികമായ കുററങ്ങളും കുറവുകളും കണ്ടുപിടിക്കാൻ അകത്തോലിക്കർക്കു ചിലപ്പോൾ താൽപര്യമുണ്ട്. കണ്ടുപിടിക്കാൻ കഴിഞ്ഞാൽ അവർക്കു കുറെയൊക്കെ സംതൃപ്തിയുമുണ്ട്. ചിലർ അവളുടെ വൈദികന്മാരേയും മററുചിലർ അവളുടെ ചട്ടങ്ങളേയും വ്യവസ്ഥാപിതവും വികസിതവുമായ 'ഹൈയരാക്കി'യേയും വിമർശിക്കുന്നു. ഏതാനും ചിലർ മാർപ്പാപ്പമാരുടെ ബാഹ്യമോടികളിലും ആഡംബരങ്ങളിലും അമർഷംകാണിക്കുന്നവരാണ്. ക്രിസ്തു ദരിദ്രനായിരുന്നു. അവിടുന്നു നഗ്നപാദനായി സഞ്ചരിച്ചു. എന്നാൽ, മാർപ്പാപ്പ എല്ലാവിധ സുഖസൗകര്യങ്ങളുടേയും മദ്ധ്യേ വാഴുന്നു! ചരിത്രത്തിൻെറ ചില കോണും മൂലയും മാത്രം അറിയാവുന്ന ചിലർ കുററാരോപണം നടത്തുന്നു, മാർപ്പാപ്പ രാജാക്കന്മാർക്കെതിരായി യുദ്ധംചെയ്തിട്ടുണ്ടെന്നും, അവരെ കിരീടത്തിൽ കയററുകയും അതിൽനിന്നിറക്കുകയും ചെയ്തിട്ടുണ്ടെന്നുമെല്ലാം. മോശമായ ജീവിതം നയിച്ച മാർപ്പാപ്പമാരെ എടുത്തുകാട്ടി സഭയെ അപലപിക്കുന്നവരും കുറവല്ല.

ഇവയ്ക്കെല്ലാം എന്തു മറുപടിയാണു നാം കൊടുക്കുക? ഇവയുടെ നേരെ മൗനം ദീക്ഷിക്കുക ഉചിതമോ? ഒരിക്കലു

മല്ല. നിർഭാഗ്യകരമായ വസ്തുതകളെ അതേപടിയങ്ങ് നിക്ഷേധിക്കുന്നതും നന്നല്ല. സത്യത്തെ ഒരിക്കലും നിഷേധിക്കരുത്. എന്നാൽ, മേല്പറയപ്പെട്ട പലതും തെററായ മുൻവിധിയിൽ നിന്നും തെററിദ്ധാരണകളിൽനിന്നും രൂപംകൊണ്ടിട്ടുള്ളവയാണ്. എന്നാൽ, ഒന്നു നാം സമ്മതിക്കണം: സഭയുടെ കഴിഞ്ഞ ചരിത്രത്തിൽ നിർഭാഗ്യകരമായ പല സംഭവങ്ങളും നടന്നിട്ടുണ്ട്; വേദനയോടുകൂടി മാത്രം സ്മരിക്കാവുന്ന പലതും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഒഴിവുകഴിവുകൾ പറഞ്ഞു ഇവയെ മറക്കുവാനോ മായിക്കുവാനോ അല്ല നാം ശ്രമിക്കേണ്ടതു്. പ്രത്യുത, വസ്തുതകളെ ശരിയായി മനസ്സിലാക്കുകയാണ്.

അക്രൈസ്തവർ മേല്പറഞ്ഞ വിധത്തിലുള്ള ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ ഉത്തമകത്തോലിക്കരായ പലരും ഉത്തരം നല്കുവാൻ കഴിവില്ലാതെ നിന്നു വിയർക്കാറുണ്ട്. സഭയ്ക്കു ദൈവികമായ വശം മാത്രമല്ല, മാനുഷികമായ ഒരു വശംകൂടിയുണ്ട് എന്നു നാം മനസ്സിലാക്കുമ്പോൾ സഭാചരിത്രത്തിലെ കറുത്ത പേജുകളുടെ അവിർഭാവം നമുക്കു വിശദമാകും.

## സഭയുടെ രണ്ടു വശങ്ങൾ.

സഭയ്ക്കെതിരായി നിരത്തുന്ന എല്ലാ സംശയങ്ങൾക്കും ആക്ഷേപങ്ങൾക്കും ഖേദകരമായ യാഥാർത്ഥ്യങ്ങൾക്കും ശരിയായ മറുപടി കണ്ടുപിടിക്കാൻ അവൾക്കു ദൈവികവും മാനുഷികവുമായ രണ്ടു വശങ്ങൾ ഉണ്ടെന്നു സമർത്ഥിച്ചാൽ മതി. അവളിൽ ജീവിക്കുന്ന ക്രിസ്തു ദൈവപുത്രനും മനുഷ്യപുത്രനുമാണ്. അവിടുന്നു സ്വർഗ്ഗത്തിലും ഭൂമിയിലും വസിക്കുന്നു. നിത്യവചനവും ബേസ്‌ലഹമിലെ ഉണ്ണിയുമാണവിടുന്ന്. അപ്രകാരം, ക്രിസ്തുവിൻെറ മൗതികശരീരമായ സഭ, സ്വർഗ്ഗികവും ഭൗമികവുമായ ഒരു സ്ഥാപനമത്രേ. സ്വർഗ്ഗമാണ് അവളുടെ ലക്ഷ്യം. പക്ഷേ, ആ ലക്ഷ്യപ്രാപ്തിക്കു ഭൗമികമായ ഉപാധികൾ അവൾക്കാവശ്യ

കമാണ്—അവർ "ഈ ലോകത്തിന്റേതല്ല." (വി. യോ. 18: 36) എങ്കിലും, ഈ ലോകത്തിൽ ജീവിക്കുന്നു. ആകയാൽ, ദൈവികവും മാനുഷികവുമായ രണ്ടു ഭാഗങ്ങൾ അവൾക്കുണ്ട്.

ഈ രണ്ടു വ്യത്യസ്തവശങ്ങൾ സഭയിലുള്ളതുകൊണ്ട് എന്തു പ്രയോജനമാണുണ്ടാകുന്നതെന്നോ? പറയാം: ഇവരണ്ടും വേർതിരിഞ്ഞല്ല കൂടിച്ചേർന്നാണിരിക്കുക. ഒന്നിനു് മററൊന്നിനെക്കൂടാതെ സ്ഥിതിചെയ്യുവാൻ അസാദ്ധ്യമാംവിധം അത്ര അഭേദ്യമായ ബന്ധമാണ് ഇവതമ്മിലുള്ളതു്. ഇവ സഭയ്ക്കു ജീവനും ശക്തിയും ഓജസ്സും തേജസ്സും പ്രദാനംചെയ്യുന്നു.

അതോടൊപ്പം, ഈ ദ്വിവിധപ്രകൃതിയിൽനിന്നു ചില കുറവുകളും ഉത്ഭവിക്കുന്നുണ്ടു്. ഒരു ഉപമവഴി കർത്താവുതന്നെ പഠിപ്പിക്കുകയുണ്ടായി. സഭയിൽ നന്മമാത്രമല്ല, തിന്മയും, പ്രകാശം മാത്രമല്ല അന്ധകാരവും ഉണ്ടായിരിക്കുമെന്നു്.

കൃഷിക്കാരൻ വയലിൽ നല്ല വിത്തു വിതച്ചു. എന്നാൽ, ശത്രു രാത്രിയിൽ വന്നു് അവയുടെമേൽ കളകൾ വിതച്ചു. അവ മുളച്ചപ്പോൾ വേലക്കാരൻ ചോദിക്കുകയാണു്: "പ്രഭോ! അങ്ങയുടെ വയലിൽ നല്ല വിത്തല്ലേ വിതച്ചതു്? അതിൽ കളകൾ എവിടെനിന്നുണ്ടായി?" (വി. മത്താ. 13: 27)

ഈ ചോദ്യംതന്നെ സഭയെക്കുറിച്ചു് എത്രയോ പ്രാവശ്യം ചോദിക്കപ്പെട്ടിട്ടുള്ളതാണു്. കുററങ്ങൾ, കുറവുകൾ, മാനുഷിക ദൌർബല്യം, പാപം ഇങ്ങനെ ശോചനീയമായ ചിലതെല്ലാം സഭയുടെ സന്തതികളിൽ കണ്ടുകൊണ്ടു ചിലർ ചോദിച്ചുപോകയാണു്, ഇവ എങ്ങനെ സംഭവിക്കുന്നു? സഭ വിശുദ്ധമാണെന്നല്ലേ നാം കേട്ടിരിക്കുക. എന്നിട്ടു്, എത്രയോ നിന്ദ്യമായ ജീവിതമാണു് അവളുടെ ഏററം ശ്രേഷ്ഠരായ ചില സന്താനങ്ങൾ പോലും നയിക്കുക? നാമെന്തു സമാധാനം പറയും?

മനുഷ്യൻെറ ഉൽകൃഷ്ടമായ കഴിവ് അവൻെറ സ്വാതന്ത്ര്യമനസ്സാണ്. അതു നമ്മുടെ അഭിവൃദ്ധിക്കും അധഃപതനത്തിനും ഒരുപോലെ കാരണമാകാം. മനുഷ്യൻ അതിനെ തിന്മയ്ക്കായി വിനിയോഗിക്കുമ്പോൾപോലും ദൈവം ഇടപെട്ട് അതിൻെറ സ്വാതന്ത്ര്യ പ്രവൎത്തനത്തെ തടയുന്നില്ല. കാരണം, സ്വാതന്ത്ര്യമനസ്സ് എടുത്തുകളഞ്ഞാൽ മനുഷ്യൻ മനുഷ്യനല്ലാതായിത്തീരുന്നു.

അധഃപതിച്ച മനുഷ്യപ്രകൃതിയുടെ വിക്രിയകൾ ചിലപ്പോഴൊക്കെ സഭാചരിത്രത്തെ മലിനപ്പെടുത്തിയിട്ടുണ്ട്. സ്വാൎത്ഥവും ദ്രവ്യാഗ്രഹവും ജഡികാസക്തിയുമെല്ലാം അല്മായരിൽ മാത്രമല്ല, സഭയുടെ തലപ്പത്തിരുന്ന് അതിനെ നിയന്ത്രിക്കുന്നവരിൽക്കൂടിയും പ്രത്യക്ഷപ്പെട്ടിരുന്നു. അന്ധകാരശക്തിയുടെ തിരയടികൾ സഭാസൌധത്തിൻെറ ഭിത്തികളിൽ ആഞ്ഞുവീണിട്ടുണ്ട്. അങ്ങനെ, ശോചനീയമായ പല പരമാൎത്ഥങ്ങൾക്കും സഭാചരിത്രം സാക്ഷിയാകേണ്ടിവന്നു.

സഭയാകുന്ന വയലിൽ നല്ലവിത്തുകൾ മാത്രമല്ല, കളകളും വളരുന്നു എന്നു നമ്മുടെ കൎത്താവ് അരുളിച്ചെയ്തതു് നമ്മെ ഒരു വസ്തുത പഠിപ്പിക്കുവാനാണ്: അതായതു്, എല്ലായിടത്തും ഈ കളകളെ നമുക്കു കാണാം. അവയെ നശിപ്പിക്കാൻ ആവുംവിധം നാം ശ്രമിക്കേണ്ടതാണ്. എന്നാൽ, അവമൂലം നമ്മുടെ വിശ്വാസത്തിനു് ഉലച്ചിൽ തട്ടരുതു്. "ആർവഴി ഇടൎച്ചകൾ വരുന്നുവോ അവനു ദുരിതം" (വി. മത്തായി 18: 7) എന്നല്ലേ ക്രിസ്തു പഠിപ്പിച്ചിരിക്കുക. അവിടുന്നു വീണ്ടും പറയുകയാണ്, "കൊയ്ത്തുകാലത്തു ഞാൻ കൊയ്ത്തുകാരോടു പറയും, നിങ്ങൾ ആദ്യമേ കളകൾ വേർതിരിച്ചു് അവ കത്തിച്ചുകളയേണ്ടതിനായി കെട്ടുകളാക്കുവിൻ" എന്നു്. (മത്താ. 13: 30)

ഈ ചിന്ത പല വസ്തുതകളും മനസ്സിലാക്കുവാൻ സഹായിക്കും. സഭയിൽ മനോഹരമായ പ്രാൎത്ഥനകളുണ്ട്. എ

നാൽ, പലരുടേയും പ്രാത്ഥന ഫലശൂന്യമാകുന്നു. കാരണം, അന്തഃകരണത്തിൽനിന്നു പൊന്തിവരുന്നവയല്ല അവരുടെ പ്രാത്ഥനകൾ. പ്രത്യുത, അധരങ്ങൾകൊണ്ടുള്ള ചില അഭിനയങ്ങൾ മാത്രം. എത്രകണ്ട് അഭികാമ്യവും ആസ്വാദ്യകരവുമാണു സഭയിലെ ആരാധനക്രമം. എന്നാൽ, ചില വൈദികന്മാരുടെ അജാഗ്രതയും അശ്രദ്ധയുംമൂലം അതിന്റെ മനോഹാരിത നഷ്ടപ്പെട്ടുന്നില്ലേ? ക്രിസ്തീയതത്വങ്ങൾക്കുവേണ്ടി സുധീരം പോരാടേണ്ട സേനാനായകന്മാരായിരിക്കണം വൈദികന്മാർ. എന്നാൽ, എല്ലാ വൈദികന്മാരും സഭയുടെ ഈ ആഗ്രഹത്തിനൊത്തവിധമല്ല ജീവിക്കുന്നതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ആകയാൽ, സഭയുടെ ദൈവികത്വം നിഷേധിക്കാമോ? ആരെങ്കിലും അങ്ങനെ ചെയ്യുന്നെങ്കിൽ, സഭ നിത്യമാണെന്നും; അവളുടെ സന്താനങ്ങൾ ജനിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്നും, അവരുടെ പോരായ്മകൾ പരിഹരിക്കപ്പെടാവുന്നതും പരിഹരിക്കപ്പെടേണ്ടതുമാണെന്നും കാണുവാനുള്ള കഴിവ് അവക്ക് ഇല്ലെന്നു മാത്രമേ ധരിക്കേണ്ടതുള്ളൂ.

സഭ എപ്പോഴും പരിശുദ്ധയും പവിത്രയുമാണ്, അവളുടെ അംഗങ്ങളിൽ കുററങ്ങളും കുറവുകളും കണ്ടിരുന്നാൽത്തന്നേയും. കാരണം, മനുഷ്യനെന്നപോലെ സഭയ്ക്കുമുണ്ട് ആത്മാവും ശരീരവുമെന്ന ഇരുഘടകങ്ങൾ. സഭയുടെ ശരീരമാണു നാമോരോരുത്തരും. പരിശുദ്ധാരൂപി അവളുടെ ആത്മാവും. ആത്മാവിന്റെ സമ്മതം കൂടാതെ ശരീരം ചെയ്തുകൂട്ടുന്ന പ്രവൃത്തികൾക്ക് ഒരുവന് ഉത്തരവാദിത്വമില്ല. ഇതുതന്നെ സഭയെക്കുറിച്ചും പറയാവുന്നതാണ്. ആത്മാവായ പരിശുദ്ധാരൂപിയുടെ ആഗ്രഹത്തിനെതിരായി ശരീരംമാത്രമായ അംഗങ്ങൾ ചെയ്യുന്ന പ്രവൃത്തികൾക്കു സഭയെ കുററപ്പെടുത്താവുന്നതല്ല. ആകയാൽ, സഭ എപ്പോഴും കറയററവളായിത്തന്നെ നിലകൊള്ളുന്നു.

സഭയിൽ കളങ്കങ്ങൾ കാണപ്പെട്ടുന്നെങ്കിൽ അവയുടെ ഉത്ഭവം പുറമേനിന്നു മാത്രമാണ്. കാര്യം കാരണത്തെ കവച്ചുവയ്ക്കാൻ പാടില്ല എന്ന തത്വമനുസരിച്ച്, കളങ്കമററ ഒന്നിൽനിന്നു കറനിറഞ്ഞ മറെറാന്നു രൂപംകൊള്ളുക സാദ്ധ്യമല്ല.

സഭാചരിത്രത്തിലെ ഇരുണ്ടതാളുകൾ വായിക്കുമ്പോൾ ഈ വസ്തുത നമ്മുടെ കൺമുൻപിലുണ്ടായിരിക്കട്ടെ. സഭയ്ക്കു രണ്ടു ചരിത്രമുണ്ട്: ഒന്ന് ആദ്ധ്യാത്മികമാണ്. അതു മാനുഷികനേത്രങ്ങൾക്ക് അദൃശ്യമാണ്. കൂദാശകൾവഴി പ്രസാദവരത്തെ മനുഷ്യാത്മാക്കളിലേക്കു പകർന്നുകൊടുക്കുന്ന ആ മഹനീയ രഹസ്യമാണ് ആ ചരിത്രത്തിൻെറ ഉള്ളടക്കം. മററതു നമ്മുടെ കൺമുൻപിൽ നിത്യവും നടന്നുകൊണ്ടിരിക്കുന്ന പരമാർത്ഥങ്ങളാണ്. സഭാംഗങ്ങളുടെ മാനുഷിക ബലഹീനതകളുടേയും പാപങ്ങളുടേയും ഒരു പട്ടികയാണ് അതു നമുക്കു മുൻപിൽ അവതരിപ്പിക്കുക.

## സഭാചരിത്രത്തിലേ ദയനീയമായ അദ്ധ്യായങ്ങൾ.

നിഷ്പക്ഷമായി നാം ചിന്തിക്കുകയാണെങ്കിൽ സഭാശത്രുക്കൾ ഉയർത്തിക്കാണിക്കുന്ന മേൽപ്രസ്താവിച്ച കറുത്ത വശങ്ങൾ നമ്മുടെ വിശ്വാസത്തെ ഒട്ടുംതന്നെ ഇളക്കുവാൻ പര്യാപ്തമാകയില്ല.

തെററിപ്പോയ വൈദികന്മാരെക്കുറിച്ച് ആരാണു കേട്ടിട്ടില്ലാത്തതു്? എന്നാൽ, ഈ പ്രശ്നത്തെ നാം എങ്ങനെ കൈകാര്യംചെയ്യണം?

കത്തോലിക്കർ മാർപ്പാപ്പയെ പരിശുദ്ധ പിതാവെന്നു വിളിക്കുന്നു. ഈ അത്യുന്നത ബഹുമതി ആളിനാണോ സ്ഥാനത്തിനാണോ നല്കുക? ആരെങ്കിലും മാർപ്പാപ്പ ആയാൽ അതു

കൊണ്ടുതന്നെ അദ്ദേഹം പരിശുദ്ധനെന്നാണോ നാം കരുതുക? ഒരിക്കലുമല്ല. മാർപ്പാപ്പ വഹിക്കുന്ന സ്ഥാനം പരിശുദ്ധംതന്നെയാണ്. ആ പദവി ഏററം പുണ്യമായ ഒരു ജീവിതം നയിക്കുവാൻ അദ്ദേഹത്തെ അവശ്യം പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. 263 മാർപ്പാപ്പമാരിൽ എൺപത്തിരണ്ടു പേർ വിശുദ്ധന്മാരായി നാമകരണം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മുപ്പത്തിമൂന്നു പേർ രക്തസാക്ഷികളാണ്. വാഴ്ത്തപ്പെട്ടവരെന്നു വിളിക്കപ്പെട്ടവരുടെ എണ്ണം ഏഴ്. പുണ്യാത്മാക്കളെന്നു സഭ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും പരിശുദ്ധമായ ജീവിതം നയിച്ചിട്ടുള്ള മാർപ്പാപ്പമാർ അനവധിയാണ്. സൂര്യനിൽപ്പോലും കളങ്കമുണ്ട്. എന്നാൽ, ആരതു പരിഗണിക്കുന്നു. അതിന്റെ പേരിൽ ആരാണു സൂര്യൻ ആവശ്യമില്ലെന്നു പറയുക? മാർപ്പാപ്പമാരുടെ ചരിത്രത്തിൽ ചില ഇരുണ്ട വശങ്ങൾ ഉള്ളതുകൊണ്ട് അതിലെ ഏററം മനോജ്ഞവും ഐശ്വര്യപൂർണ്ണവും വിശിഷ്ടവുമായ നീണ്ട അദ്ധ്യായങ്ങൾ അങ്ങു മറന്നുകളയുകയോ?

യഥാർത്ഥത്തിൽ "പരിശുദ്ധ പിതാവ്" എന്ന സ്ഥാനപ്പേരു വ്യക്തിക്കുതന്നെ പലപ്പോഴും അന്വർത്ഥമാണ്. എങ്കിലും, ചരിത്രപരമായി തെററുപററാതിരിക്കാൻ സ്ഥാനത്തിനുതന്നെ അതു കൊടുക്കുകയായിരിക്കും ഭേദം. കാരണം, പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവൻ ദുഷ്ടനായിരുന്നതുപോലെ, 263 മാർപ്പാപ്പമാരിൽ ഏതാനുംപേരുടെ ജീവിതം അവരുടെ അന്തസ്സിനു യോജിച്ചവിധത്തിലല്ലായിരുന്നുവെന്നതു കുറച്ചൊക്കെ പരമാർത്ഥമാണ്.

ഇതു വേദനാജനകമായ ഒരു വസ്തുതതന്നെയെങ്കിലും, നമ്മുടെ വിശ്വാസത്തെ പിടിച്ചുകുലുക്കാൻ അതിനു സാധിക്കുന്നതല്ല. അധികാരദുർമ്മോഹത്താലും ദേശസ്നേഹത്താലും മതിമറന്നു പരസ്പരം കലഹിച്ചിരുന്ന ഏതാനും കുടുംബങ്ങളുടേയും തല്പരകക്ഷികളുടേയും വടംവലികളും ഇടപെടലുംകാരണമാണു

ചില മാർപ്പാപ്പമാരുടെ ചരിത്രം ശോചനീയമായതു്. അവരുടെ സ്വാധീനതാശക്തിയാൽ അയോഗ്യരായ ചിലർ പാപ്പാസ്ഥാനത്തേക്കു് ഉയർത്തപ്പെടുകയുണ്ടായിട്ടുണ്ടു്. എന്നാൽ, ഇതിൽനിന്നു പാപ്പാസ്ഥാനം ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതല്ലെന്നു് അർത്ഥമാക്കാമോ? തീർച്ചയായും പാടില്ല. നാരകീയശക്തികൾ സഭയ്ക്കെതിരായി അണിനിരക്കുമെന്നു ക്രിസ്തു അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ടു്. അങ്ങനെയെങ്കിൽ, സഭയുടെ തലവനെ ദുഷിപ്പിക്കുകയെന്ന ഏററം ഉപദ്രവകരമായ പദ്ധതി സ്വീകരിക്കുവാൻ നാരകീയശക്തികൾ ഉത്സാഹം കാണിക്കാതിരിക്കുമോ?

നിഷ്കൃഷ്ടാർത്ഥത്തിൽ, വഴിപിഴച്ച മാർപ്പാപ്പമാർ സഭയുടെ ദൈവികമായ ഉത്ഭവത്തിനു പ്രത്യക്ഷമായ തെളിവുകൾ തന്നെയാണു്. എന്തെന്നാൽ, കത്തോലിക്കാസഭ മാനുഷികമായ ഒരു സ്ഥാപനമായിരുന്നെങ്കിൽ, അതു് അത്തരം മാർപ്പാപ്പമാരുടെ നിയന്ത്രണത്തിൽ നാമാവശേഷമാകുമായിരുന്നു.

സഭയുടെമേലുള്ള ദൈവപരിപാലനയും ഇതിൽനിന്നു നമുക്കു് അനുമാനിക്കാം. നമ്മുടെ ദിവ്യരക്ഷകൻ തൻെറ സഭയെ ഈ ലോകത്തിൽ സ്ഥാപിച്ചപ്പോൾ അരുളിച്ചെയ്കയുണ്ടായി: "ഞാൻ ലോകാവസാനംവരെ നിങ്ങളോടുകൂടി ഉണ്ടായിരിക്കും." (വി. മത്താ. 28: 20) വാസ്തവത്തിൽ, അവിടുന്നു് എല്ലായ്പ്പോഴും സഭയെ സംരക്ഷിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. അവൾക്കു നേരിടേണ്ടിവന്നിട്ടുള്ള എല്ലാ വിഷമസാഹചര്യങ്ങളിലും താങ്ങും തണലുമായി അവിടുന്നു വർത്തിച്ചിട്ടുണ്ടു്. സഭാചരിത്രത്തിലേക്കു് ഒന്നു് എത്തിനോക്കിയാൽ ഈ പരമാർത്ഥം സ്പഷ്ടമാകും. ഏററം ഭീകരമായ മർദ്ദനമാണു് ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ സഭയ്ക്കു സഹിക്കേണ്ടിവന്നിട്ടുള്ളതു്. എന്നാൽ, അവയെ എല്ലാം അതിജീവിച്ചുകൊണ്ടു്, സത്യസഭ ഇന്നും പൂർവ്വാധികം പ്രാഭവത്തോടേ വിരാജിക്കുന്നു.

അങ്ങനെ, സത്യം ജയിച്ചതുകൊണ്ടു സഭ തൻെറ ദൃഷ്ടിയെ വിദ്യാഭ്യാസമണ്ഡലത്തിലേക്കും തിരിച്ചു. സഭയുടെ വിജയം സന്മാർഗ്ഗത്തിൻെറ വിജയമായി കരുതാം. സ്നേഹത്താലും ക്ഷമയാലും അപരിഷ്കൃതജനങ്ങളുടെയിടയിലും അവർ തൻെറ ജോലി ആരംഭിച്ചു. എല്ലാവരേയും ക്രിസ്തുവിനു നേടിക്കൊടുക്കുകയെന്നതാണു് അവരുടെ ലക്ഷ്യം.

മദ്ധ്യശതകങ്ങളിൽ സഭ കാണിച്ച ആഡംബരപ്രിയവും കക്കശമനോഭാവവും പലരേയും അതൃപ്തരാക്കിയിട്ടുണ്ടു്. സ്വസന്താനങ്ങളുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ സഭ വാസ്തവത്തിൽ കുറച്ചു കാർക്കശ്യത്തോടെതന്നെയാണു പെരുമാറിയതു്. തെററിൽ കഠിനഹൃദയരായി ഉറച്ചുനിന്നവരെ സഭാഭ്രഷ്ടരാക്കിയ സംഭവങ്ങൾ കുറവല്ല. അപകടത്തിൽ വീഴാറായിരിക്കുന്ന സ്വന്തം കുഞ്ഞുങ്ങളെ കൈകൊട്ടുത്തു സഹായിക്കുന്ന മാതാപിതാക്കളുടെ പ്രവൃത്തിയെ ആരും അപലപിക്കുകയില്ലെങ്കിൽ, സഭയുടെ പ്രസ്തുത യത്നത്തെ ആരും കുററപ്പെടുത്തുകയില്ല.

ഇന്നത്തെ വീക്ഷണഗതിവച്ചുകൊണ്ടല്ല നാം ഇവയെ എല്ലാം അളക്കേണ്ടതു്. അന്നന്നത്തെ വ്യത്യസ്തസാഹചര്യങ്ങൾകൂടി അറിയണം. വേണ്ട പരിഷ്കാരം സിദ്ധിച്ചിട്ടില്ലായിരുന്ന മദ്ധ്യശതകങ്ങളിൽ ചില വർഗ്ഗക്കാരെ ആകർഷിക്കുന്നതിനു സഭയ്ക്കു കുറച്ചൊക്കെ ബാഹ്യമോടികൾ ആവശ്യകമായിരുന്നു. എന്നാൽ, ഇന്നു സ്നേഹം ഒന്നുകൊണ്ടു മാത്രമാണു് ആത്മാക്കളെ അവർ ക്രിസ്തുവിങ്കലേക്കടുപ്പിക്കുക. ദൈവപരിപാലനയാലാണു് അവർ എപ്പോഴും നയിക്കപ്പെടുക. ഏതായാലും, ഒന്നു തീർച്ചയാണു്, ലോകം രാഷ്ട്രീയമോ സാമൂഹികമോ ആയ ഏതെല്ലാം പരിവർത്തനങ്ങളിൽകൂടി കടന്നുപോയാലും, സഭ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ആ സ്നേഹവും ചുമതലബോധവും സാന്മാർഗ്ഗികതത്വങ്ങളും മനുഷ്യഗണത്തിനു് എന്നെന്നും ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണു്.

യഥാത്ഥമായ പൈതൃകസ്നേഹം ചിലപ്പോഴൊക്കെ കുട്ടികളെ ശാസിക്കുവാനും വേണ്ടിവന്നാൽ ശിക്ഷിക്കുവാനും പ്രേരിപ്പിക്കുന്നു. ഇതുതന്നെ സഭയെക്കുറിച്ചും പറയാം. സഭ സ്വസന്താനങ്ങളെ പലപ്പോഴും ഗുണദോഷിച്ചിട്ടുണ്ട്. അനുസരിക്കാത്തവരെ, അവർ ഉന്നതസ്ഥാനത്തിരിക്കുന്നവരായാലും ശരി, വേണ്ടപോലെ ശിക്ഷിച്ചിട്ടുമുണ്ട്.

ഇന്നു രാഷ്ട്രീയബോധം വളരെയധികം വികസിച്ചു് അനേകം സ്വതന്ത്ര രാഷ്ട്രങ്ങൾ രൂപംകൊണ്ടിട്ടുണ്ട്. എങ്കിലും, സഭ ഇന്നും അവരുടെയെല്ലാം മാതാവായിത്തന്നെ വത്തിക്കുന്നു. പ്രായംചെന്ന മക്കളെ മാതാപിതാക്കന്മാർ ഉപദേശിക്കാറുള്ളതുപോലെ സഭ അവർക്കു് ഉചിതമായ നിർദ്ദേശങ്ങൾ നല്കിക്കൊണ്ടാണിരിക്കുക; കോപംനിറഞ്ഞ വദനത്തോടുകൂടിയല്ല, സ്നേഹം തുളുമ്പുന്ന വാക്കുകളാൽ. സഭ തന്റെ മെത്രാന്മാരോടും വൈദികന്മാരോടുംകൂടി എല്ലാ രാജ്യത്തും വ്യാപിച്ചിരിക്കുന്നു. അവർ നല്ല ഇടയന്മാരെപ്പോലെ തങ്ങളുടെ ജനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ അവശതകളിൽ അകമുരുകി സഹതപിക്കുന്നവരാണു്.

സഭ ലൗകികാഡംബരങ്ങളും പ്രാഭവവും ഉപയോഗിച്ചിരുന്നപ്പോഴും ക്രിസ്തുവിന്റെ അനുഗ്രഹവും ആശീർവാദവും അവർക്കു ലഭിച്ചിരുന്നു. അതുപോലെതന്നെ, ഇവയൊന്നും കൂടാതെ ഏററം ആനാർഭാടമായി അവർ തന്റെ ചുമതല നിവ്വഹിക്കുമ്പോഴും അവിടുത്തെ ആശിസ്സുകൾ സുലഭമായിത്തന്നെ അവർക്കു കിട്ടിക്കൊണ്ടിരിക്കുന്നു.

ഇന്നു നമ്മുടെ കത്താവു മാർപ്പാപ്പയുടെ ആതിഥേയം സ്വീകരിക്കാൻ വത്തിക്കാൻ കൊട്ടാരത്തിൽ ചെല്ലുകയാണെങ്കിൽ തീർച്ചയായും, അദ്ദേഹം സിംഹാസനത്തിൽനിന്നിറങ്ങി കത്താവിന്റെ പാദത്തിങ്കൽ വീണു നമസ്കരിക്കും. എന്നാൽ,

മാർപ്പാപ്പതിരുമേനിയുടെ എന്തെങ്കിലും അധികാരത്തിനോ, പ്രവൎത്തനപരിപാടികൾക്കോ, അവിടുത്തെ അംഗരക്ഷാസൈന്യങ്ങൾക്കോ, വിലപിടിച്ച അംഗവസ്ത്രങ്ങൾക്കുതന്നെയോ എന്തെങ്കിലും വ്യത്യാസം വരുത്തുവാൻ ക്രിസ്തുനാഥൻ ആവശ്യപ്പെടുകയില്ല.

ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ മാർപ്പാപ്പമാർ സിംഹാസനത്തിൽ ഇരുന്നു വാഴുകയല്ല, മറിച്ചു്, ജയിലിൽ കിടന്നു സഹിക്കുകയായിരുന്നു ദൈവേഷ്ടം. ആദ്യത്തെ മുപ്പത്തിരണ്ടു മാർപ്പാപ്പമാരിൽ മുപ്പതുപേരും രക്തസാക്ഷികളായിത്തീരണമെന്നായിരുന്നു അവിടുത്തെ തിരുച്ചിത്തം. മദ്ധ്യശതകങ്ങളിൽ മാർപ്പാപ്പമാർ സകലവിധ അധികാരപ്രാഭവങ്ങളോടുംകൂടി വാഴുവാനാണു ദൈവം നിശ്ചയിച്ചതു്.

ഭാവിയിൽ സഭയെക്കുറിച്ചുള്ള ദൈവത്തിന്റെ നിശ്ചയങ്ങൾ ഏവയൊക്കെയാണെന്നു നമുക്കൊരു നിശ്ചയവുമില്ല. എങ്കിലും, ദൈവികവും മാനുഷികവുമെന്ന രണ്ടു വശങ്ങൾ സഭയ്ക്കുണ്ടെന്നുള്ളതു തർക്കമററ സംഗതിയാണു്. ഈ വസ്തുത വിസ്മരിക്കുന്നവർക്കേ സഭയിൽ അപ്പോഴപ്പോൾ ഉണ്ടായിട്ടുള്ള മാനുഷിക ബലഹീനതകൾ കണ്ടു് അമ്പരപ്പുണ്ടാവൂ.

സഭയെന്നു പറയുന്നതു് മനുഷ്യരുടെ സമൂഹമാണു്, മാലാഖമാരുടെയല്ല. അപ്പോൾ, മനുഷ്യസഹജമായ പല പോരായ്മകളും അതിൽ കണ്ടെന്നു വരാം. വി: ജയിംസ് അപ്പസ്തോലനോടുകൂടി നമുക്കും പറയാം: "നാമെല്ലാം കുററം ചെയ്യുന്നു." (വി: യാക്കോ. 3: 2) എന്നാൽ നിസ്സാരമായ ഈ മാനുഷിക ബലഹീനതകളെ മാററിവച്ചിട്ടു്, സഭയിലുള്ള ദൈവികാംശത്തെ ദർശിക്കുവാൻ നാം ശ്രമിക്കണം.

ഇവയെക്കുറിച്ചെല്ലാം പരിചിന്തിക്കുമ്പോൾ യാക്കോബു് ഉറക്കത്തിൽനിന്നു് എഴുന്നേററു വിളിച്ചുപറഞ്ഞതുപോലെ നാമും

പറഞ്ഞുപോകും: "വാസ്തവത്തിൽ ദൈവം ഇവിടെത്തന്നെയുണ്ടു്; എന്നാൽ ഞാനതറിഞ്ഞില്ല." (സൃഷ്ടി. 28: 16) കർത്താവു തന്നെക്കുറിച്ചുതന്നെ സാക്ഷ്യംനല്കിയതുപോലെ, നമുക്കും അവിട്ടത്തെ സാക്ഷികളാകാം: "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയിക്കപ്പെടുന്നു." (വി. മത്താ. 11: 5)

ഒരു ചോദ്യത്തിനു നമുക്കു് ഉത്തരം പറയാം: ശിശുസഹജമായ ഭക്തിവിശ്വാസത്തോടെ സഭയെ ദർശിക്കുവാൻ നമുക്കു കഴിയുന്നുണ്ടോ? സാമൂഹികസമ്മേളനങ്ങളിൽ, സാധാരണ സംഭാഷണങ്ങളിൽ നമ്മുടെ പരിശുദ്ധമായ മതം പരിഹസിക്കപ്പെടുമ്പോൾ അതിനു നാം കൂട്ടുനില്ക്കുന്നുണ്ടോ?

കത്തോലിക്കാ തിരുസ്സഭ പത്തൊൻപതു നൂററാണ്ടു കാലം കല്ലും മുള്ളും നിറഞ്ഞ വഴികൾ നടന്നു മുന്നേറി. അവളുടെ കൈകാലുകൾക്കു് അല്പം തളർച്ച സംഭവിച്ചാൽ, അവളുടെ ആദർശവും നേട്ടവും തമ്മിൽ അല്പം പൊരുത്തക്കേടുണ്ടായാൽ അവളെ പൂർണ്ണമായി അധിക്ഷേപിക്കാമോ? മനുഷ്യകരം ചെന്നിട്ടുള്ളിടത്തൊക്കെ തത്വങ്ങൾ കുറച്ചൊക്കെ യാഥാർത്ഥ്യത്തിൽനിന്നകന്നുതന്നെ നില്ക്കും.

അല്ലയോ! കത്തോലിക്കാസഭാമാതാവേ! ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ മുഖത്തു് അവിടവിടെയായി കാണപ്പെടുന്ന കറുത്ത പാടുകൾ, ബാഹ്യമായി നിന്നിൽ സംഭവിച്ചിട്ടുള്ള ചില ആകാരവൈകല്യങ്ങൾ ഇവയെ ഞാൻ കാര്യമായി കരുതുന്നില്ല. നിന്റെ ആത്മാവു് പവിത്രമാണു്. അതാണു് എന്റെ സ്നേഹകാരണം.

---

പന്ത്രണ്ടാം അദ്ധ്യായം

# സഭ അസഹിഷ്ണുവാണത്രേ!

സഭയെക്കുറിച്ചു ശരിയായ ഒരു വിധി പ്രസ്താവിക്കണമെങ്കിൽ, അവൾക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെ വിശകലനംചെയ്യേണ്ടിയിരിക്കുന്നു. അഭിമാനത്തിനും അപമാനത്തിനും ഇടനല്കുന്ന പല വസ്തുതകളും സഭാചരിത്രത്തിലുണ്ട്. ദൈവികവും അതേസമയം മാനുഷികവുമാണ് അവളുടെ പ്രകൃതി എന്നതിനു സ്പഷ്ടമായ തെളിവുകളാണവ. സഭയുടെ മാനുഷികവശത്തെ കഴിയുന്നിടത്തോളം മെച്ചപ്പെടുത്തുവാൻ നാം ശ്രമിക്കണമെന്നുള്ളതു ശരിതന്നെ. എങ്കിലും, അവളിൽ കാണപ്പെടുന്ന അററകുററങ്ങൾ പൂർണ്ണമായി ഇല്ലാതാക്കുക അത്ര എളുപ്പമല്ല. കാരണം, അവ അവളിലുള്ള മനുഷ്യപ്രകൃതിയുടെ ആവശ്യഫലങ്ങളാണ്.

സഭയുടെമേൽ ചുമത്തപ്പെടുന്ന കുററങ്ങൾ പലപ്പോഴും അടിസ്ഥാനരഹിതമോ തെററിദ്ധാരണകളിൽനിന്നു സംജാതമോ ആണ്. ആദ്യമായി, സഭ മററു മതങ്ങളോട് അസഹിഷ്ണുവാണെന്ന ആരോപണത്തെക്കുറിച്ചുതന്നെ പരിചിന്തിക്കാം. പിന്നീട്, സ്വസന്താനങ്ങളോടുതന്നെ അവൾ അസഹിഷ്ണുവാണ് എന്നതിനെക്കുറിച്ചും.

## മററു മതങ്ങളോടുള്ള സഭയുടെ അസഹിഷ്ണുത

ചിലർ സഭയെ ഭത്സിക്കുന്നതിനു വലിയൊരു കാരണം അവളുടെ ആദർശധീരതയും സ്വപ്രത്യയസ്ഥൈര്യവുമാണ്. ഇതെച്ചൊല്ലി ധാരാളം ശകാരശരങ്ങൾ അവൾ ഏല്ക്കുന്നുണ്ട്. ഇതുകാരണം സഭ അസഹിഷ്ണുവായിപ്പോയി! "രക്ഷയുളവാക്കുന്ന ഏകമതം കത്തോലിക്കാസഭയെന്ന് അവൾ സധൈര്യം പറയുന്നു. ദൈവത്തെ ആരാധിക്കുന്ന കാര്യം നിഷ്പക്ഷമായ ഒന്നല്ലേ? മററു ക്രൈസ്തവസഭകൾ ഇതരസഭകളുടെ അവകാശത്തെ സമ്മതിച്ചുകൊടുക്കുന്നുണ്ട്. എന്നാൽ, കത്തോലിക്കാസഭ അങ്ങനെ ചെയ്യുന്നില്ല. കത്തോലിക്കാസഭയൊഴിച്ചു മററൊന്നിലും രക്ഷയില്ല, എന്നുതന്നെ അവൾ തീർത്തുപറയുന്നു. ഇതു കുറച്ചു കടുപ്പമല്ലേ? അപ്പോൾ, കത്തോലിക്കരല്ലാത്ത ഒരുത്തരും സ്വർഗ്ഗത്തിൽ ചെന്നെത്തുകയില്ലെന്നോ?"

ബുദ്ധിമാനായ മനുഷ്യൻ എന്തെങ്കിലും ഒരു പ്രസ്താവന ചെയ്യുമ്പോൾ, അതിൽനിന്നുളവാകുന്ന ഫലങ്ങളെക്കുറിച്ചും വിചിന്തനം ചെയ്തിരിക്കും. "എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണ്" ഈ പറച്ചിലിൽ എത്രമാത്രം കഴമ്പുണ്ടെന്നു പരിശോധിക്കാം. എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണെങ്കിൽ ഓരോ മതവും പുതിയ അംഗങ്ങളെ പിടിച്ചെടുക്കുവാൻ എന്തിനിത്ര തത്രപ്പെടുന്നു? മിഷ്യൻവേലയെ ത്വരിതപ്പെടുത്തുവാൻ ഇത്രയധികം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും എന്തിനു സഹിക്കുന്നു? പ്രോട്ടസ്റ്റൻറ്, മത്തോമ്മാ, ബാപ്ററിസ്റ്റ് തുടങ്ങിയ ക്രൈസ്തവസമൂഹങ്ങളെല്ലാം എന്തുമാത്രം പണവും കായക്ലേശവുമാണു താന്താങ്ങളുടെ മിഷ്യൻെറ പുരോഗതിക്കുവേണ്ടി സഹിക്കുക! എല്ലാ സഭകളും എല്ലാ മതങ്ങളും ഒരുപോലെ ശരിയാണെന്നു വിശ്വസിച്ചിട്ടാണോ അവരിതു ചെയ്യുക!

ലൂതർ, കാൽവിൻ, മുഹമ്മദ്, കൺഫ്യൂഷ്യസ്, ബുദ്ധൻ, ലാവോട്സെ എന്നിവരുടെ പഠനങ്ങളെല്ലാം ഒരുപോലെ മേന്മയുള്ളതല്ലെന്നു സാമാന്യബുദ്ധിതന്നെ നമ്മെ പഠിപ്പിക്കുന്നു. ഒരാളുടെ ഉദ്ബോധനം മറ്റൊരാളുടേതിനു വിരുദ്ധമാണ്. ഒരാൾ ആദരിക്കുന്നതിനെ ഇതരൻ വെറുക്കുന്നു.

"എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണ്"—സാധാരണ ജനങ്ങളെ വളരെയധികം വഴിപിഴപ്പിക്കുന്ന ഒരാശയമത്രെ ഇതു്. ഇതു മനുഷ്യനെ കൂടുതൽ ആദ്ധ്യാത്മികചിന്തയുള്ളവനാക്കുവാനല്ല, മതവിശ്വാമില്ലാത്തവനാക്കുവാനാണ് ഉപകരിക്കുക. എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണെങ്കിൽ, ക്ലിപ്തമായ അർത്ഥത്തിൽ, ഒരു മതവും നല്ലതല്ല. വാസ്തവത്തിൽ, യാതൊരു മതവും അനുഷ്ഠിക്കാത്തവരാണ് "എല്ലാ മതങ്ങളും ഒന്നുപോലെ മെച്ചപ്പെട്ടതു്" എന്ന ചിന്താഗതിയെ പിൻതാങ്ങുന്നവർ.

സാന്മാർഗ്ഗികനിയമത്തിനു് എതിരാണ് ഈ പ്രസ്താവം. കാരണം, മനുഷ്യജീവിതത്തിൻെറ ഉള്ളറകളിലേക്കു കടന്നുചെല്ലുന്ന മതം സന്മാർഗ്ഗത്തിൻെറയും സംസ്കാരത്തിൻേറയും അടിത്തറയത്രെ. അടിത്തറ ഉറച്ചതല്ലെങ്കിൽ മനുഷ്യജീവിതം ഉലഞ്ഞാടുന്നതായിരിക്കും. അതേ, മതം എങ്ങനെയോ അങ്ങനെതന്നെ മനുഷ്യനും. ഗ്രീസിലെയും റോമിലേയും ദേവന്മാർ ഭോഗലോലുപരായിരുന്നു; ഗ്രീക്കുകാരും റോമാക്കാരും അതേ പ്രകൃതിക്കാരായിരുന്നു. അപ്പോൾ, ഏതു മതമായാലും തരക്കേടില്ല എന്നു പറഞ്ഞുകൂടാ. ഹിന്ദുസ്ഥാനിൽ കൃഷ്ണവിഗ്രഹം രഥത്തിൽ വച്ചു പ്രദക്ഷിണമായി കൊണ്ടുപോകുമ്പോൾ ഭക്തർ രഥചക്രത്തിൻ കീഴ തലവച്ചുകൊടുക്കാറുണ്ടായിരുന്നൊന്നു കേട്ടിട്ടുണ്ടു്. കാർത്തേജിൽ ശിശുക്കളെ ബലിക്കായി കൊലപ്പെടുത്തിയിരുന്നു. മെക്കായിൽ പ്രധാന ബലികളിൽ മനുഷ്യരെ കുരുതികഴിച്ചി

രുന്നു. ഇവയെല്ലാം ദൈവത്തിനു് ഒപ്പം പ്രീതികരമായിരുന്നോ? വിഷയലമ്പടനായ ഒരുവൻെറ ജീവിതത്തെക്കാൾ ആത്മസംയമനത്താൽ പരിപൂരിതമാക്കപ്പെട്ട ഒരു സെൻറു് അലോഷ്യസിൻെറ ജീവിതം ദൈവത്തിനു കൂടുതൽ ഇഷ്ടകരമല്ലെന്നോ? സെൻറു് വിൻസെൻറു് ഡി പോളിൻെറ വീരോചിതമായ പരസ്നേഹപ്രവൃത്തികൾ, വികാരത്തള്ളലിൽ ഏതാനും നല്ല കാര്യങ്ങളെല്ലാം ചെയ്തു സംതൃപ്തിയടയുന്ന ചില മതങ്ങളുടേതിനെക്കാൾ മേന്മയേറിയതല്ലയോ?

പശുവിനേയും കാളയേയും സൂര്യനേയും ചന്ദ്രനേയും എല്ലാം ദൈവമായി ആരാധിക്കുന്നവർ ധാരാളമുണ്ടു്. ഏക സത്യദൈവം ഇവയെല്ലാം അംഗീകരിച്ചാശീർവദിക്കുമോ?

ഒരു റോമാക്കാരൻ പുരാതനകാലത്തു് ഇപ്രകാരം പ്രാത്ഥിക്കുകയുണ്ടായി: "ഓ! വീനസ്സ്, അങ്ങു് അസന്മാർഗ്ഗികതയുടെ ദേവതയാണു്. ആകയാൽ, ഞാൻ അസന്മാർഗ്ഗിയായിത്തീരും. ഓ! മെർക്കുറി, അവിടുന്നു ചതിയനാണു്, അതുകൊണ്ടു്, ഞാനും ചതിയനാകും. അല്ലയോ, മാർസ്, നീയൊരു ക്രൂരനാണു്. അതിനാൽ ഞാനും അപ്രകാരമായിത്തീരും." എന്നാൽ, ഒരു കത്തോലിക്കൻ പ്രാത്ഥിക്കും, "എൻെറ കത്താവേ! അങ്ങു് പരിശുദ്ധനാണു്; ഒരു വിശുദ്ധനായിത്തീരുവാൻ എന്നെ സഹായിക്കേണമേ. എൻെറ നാഥാ! അവിടുന്നു നീതിമാനാണു്. ഞാനും നീതിമാനാകുവാൻ അനുഗ്രഹം തരിക. ദൈവമേ! അങ്ങു ശാന്തനാണു്: എന്നേയും ശാന്തനാക്കേണമേ." ഇവയെല്ലാം ഒരേ ദൈവത്തോടുള്ള പ്രാത്ഥനകളാണു്! ദൈവം ഇവയെല്ലാം ഒരേ നിലയിൽ സ്വീകരിക്കുമെന്നോ? എല്ലാ മതവും ഒരുപോലെ നന്നല്ലേ? ഏതു മതത്തിലായാലെന്താ ദൈവത്തെ ആരാധിച്ചാൽ പോരേ, എന്ന ആശയഗതിയുടെ പൊള്ളത്തരം എത്രപേർ മനസ്സിലാക്കുന്നുണ്ടോ, ആവോ!

കത്തോലിക്കാസഭയെക്കുറിച്ച് അജ്ഞരോ അല്പജ്ഞരോ ആയവരും സഭാതത്വങ്ങളെപ്പററി കേൾക്കുമ്പോൾ പകച്ചുനില്ക്കാറുണ്ട്. കത്തോലിക്കാസഭയാണ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഏക സത്യസഭയെന്ന് അവർ ഉറപ്പോടുകൂടിത്തന്നെ പ്രസ്താവിക്കുന്നു. അവളിലൂടെയേ മനുഷ്യരക്ഷ സാധിക്കൂ. ഈ വിശ്വാസസത്യത്തിൻെറ പേരിൽ എന്തുമാത്രം വിമർശനങ്ങളാണ സഭ കേട്ടുകൊണ്ടിരിക്കുക. തെററിദ്ധാരണയിൽനിന്നു സംജാതമാകുന്നവയാണ പ്രസ്തുത ആക്ഷേപങ്ങൾ. വസ്തുതകൾ ശരിക്കു മനസ്സിലാക്കാത്തതത്രേ അവയ്ക്കു കാരണം.

മനുഷ്യരക്ഷ കത്തോലിക്കാസഭയിലൂടെ മാത്രമേ പ്രാപിക്കുവാൻ കഴിയൂ എന്ന് അവർ പറയുന്നതിന് എന്തർത്ഥം മനസ്സിലാക്കണം? ക്രിസ്തുവിനാൽ നല്കപ്പെട്ട അധികാരം കത്തോലിക്കാസഭയ്ക്കു മാത്രമേയുള്ളു. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ സംരക്ഷിക അവൾതന്നെ. രക്ഷയ്ക്കാവശ്യകമായ വരപ്രസാദത്തിനുള്ള മാർഗ്ഗങ്ങൾ പൂർണ്ണമായും കത്തോലിക്കാസഭയിൽ മാത്രമാണുള്ളത്.

അതേ, ക്രിസ്തു ഒരു സഭയേ സ്ഥാപിച്ചിട്ടുള്ളു. അതാണ കത്തോലിക്കാസഭ–ജീവിതമാകുന്ന സമുദ്രത്തിലൂടെ യാത്രചെയ്തു നിത്യതുറമുഖത്തു നമ്മെ എത്തിക്കുന്ന കപ്പൽ. ക്രിസ്തുവിനാൽ സ്ഥാപിതമായ കത്തോലിക്കാസഭ എല്ലാ സത്യങ്ങളേയും ഉൾക്കൊള്ളുന്നു. അപ്പോസ്തലന്മാർക്കു നല്കപ്പെട്ട അധികാരം അവളിലൂടെ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഇത്ര തൻെറടത്തോടേ സഭയ്ക്കിതെങ്ങനെ പറയാൻ കഴിയും? സഭയ്ക്കു പുറമെ രക്ഷയില്ലെന്നു പറയുന്നതു കുറച്ചു ധിക്കാരമല്ലേ? അതിനുത്തരമിതാണ്: നമ്മളല്ല ക്രിസ്തുവാണ് അക്കാര്യം തീരുമാനിക്കേണ്ടതു്. ദൈവത്തിന് എല്ലാ സൃഷ്ടികളുടെമേലും അധികാരമുണ്ട്. ഓരോന്നിൻെറയും ലക്ഷ്യത്തിലേക്കുള്ള വഴികൾ ഏവയെന്നു തീർച്ചപ്പെടുത്തുവാനുള്ള അവകാശവും അവി

ടത്തേക്കാണുള്ളതു്. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു; ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴികയില്ല." (വി. യോഹ. 3: 5) "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു." (വി. യോഹ. 14;6) "വിശ്വസിക്കയും മാമോദീസാ സ്വീകരിക്കയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും; വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെട്ടും." (വി. മർക്കോ. 16:16) ഇവയെല്ലാം അസന്ദിഗ്ദ്ധമായ പ്രസ്താവനകളാണു്. മാററമില്ലാത്ത വാക്കുകളാണു്. അവയെ മറിക്കുകയോ തിരിക്കുകയോ ഇഷ്ടംപോലെ വിശദീകരിക്കുകയോ അരുതു്. മററ സഭകളെയൊന്നും ക്രിസ്തുവിൻെറ സത്യമതമായി കത്തോലിക്ക സഭ വകവച്ചുകൊടുക്കാത്തതുകൊണ്ടു് അവൾ അസഹിഷ്ണുവായി താറടിക്കപ്പെടുന്നു. സത്യം അബദ്ധത്തെ അംഗീകരിക്കാത്തതിനാൽ 'അസഹിഷ്ണു'വെന്നു പറഞ്ഞുകൂടേ? ഉരുകാതിരിക്കുവാൻ മഞ്ഞുകട്ടയെ അനുവദിക്കാത്ത സൂര്യരശ്മിയും, രണ്ടും രണ്ടും അഞ്ചെന്നു സമ്മതിക്കാത്ത കണക്കുശാസ്ത്രവും അസഹിഷ്ണുക്കളെന്നോ? ആണെങ്കിൽ കത്തോലിക്കാസഭയും അസഹിഷ്ണുതന്നെ. ക്രിസ്തു ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്നു പറയുന്നതുകൊണ്ടായിരിക്കാം കത്തോലിക്കാസഭ അസഹിഷ്ണുവെന്നു് അറിയപ്പെടുക. കത്തോലിക്കാസഭയാണു് ഏക സത്യസഭയെന്നു് അവൾ സ്വയം പ്രബോധിപ്പിക്കുന്നെങ്കിൽ മററുള്ള സഭകളെല്ലാം ക്രിസ്തുവിൻെറ തത്വങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളുന്നില്ലായെന്നും ക്രിസ്തു സ്ഥാപിച്ചതു് അവയൊന്നുമല്ല എന്നും തുറന്നുപറയുക അവളുടെ കർത്തവ്യമാണു്. അതു് അസഹിഷ്ണുതയാണോ? എങ്കിൽ അവൾ അസഹിഷ്ണുതന്നെ. അസത്യത്തോടുള്ള അസഹിഷ്ണുത.

ഇങ്ങനെയങ്ങു മുറുകെപ്പിടിക്കുക ധാർഷ്ട്യമല്ലേ? ശാന്തമായിത്തന്നെ നമുക്കുലുംകൂടി ആലോചിക്കാം. സഭയ്ക്കു

പുറമെ രക്ഷയില്ല. കൂദാശകൾവഴി വരപ്രസാദത്തെ ആത്മാക്കൾക്കു പകർന്നുകൊടുക്കുവാനുള്ള അധികാരം സഭയ്ക്കു നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, സ്വന്തകുററം കൂടാതെ ഈ പരമാർത്ഥങ്ങളെ അറിയാതിരിക്കുന്നവർക്കു സ്വർഗ്ഗകവാടം അടയ്ക്കപ്പെട്ടിരിക്കുന്നു എന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. സ്വന്തം കുററത്തിനല്ലാതെ ഒരുവനും ദൈവത്താൽ ശിക്ഷിക്കപ്പെടുകയില്ല.

ഇപ്പോൾ സംഗതി വിശദമായെന്നു കരുതുന്നു. സഭ തൻെറ വിശ്വാസസത്യങ്ങളിൽനിന്നു് അണുപോലും വ്യതിചലിക്കാൻ തയ്യാറല്ല. അവയിൽ അവൾ അസഹിഷ്ണുതന്നെ. കാരണം, ഒരു മതം മാത്രമേ സത്യമാകാൻ പാടുള്ളു. അതു കത്തോലിക്കാസഭയാണുതാനും. ഇതിൽ കത്തോലിക്കർക്കു് അടിയുറച്ച ബോധമുണ്ടു്. ഇതുപോലൊരു അവകാശവാദത്തിനു അർഹതയോ ധൈര്യമോ ഇല്ലാത്ത മതങ്ങൾ ആത്മഹത്യതന്നെയാണു ചെയ്യുക. കത്തോലിക്കാസഭ ഈ സത്യത്തെ മുറുകെ പിടിക്കുന്നതു് അതിൻെറ അനന്തരഫലങ്ങൾ അറിഞ്ഞുകൊണ്ടുതന്നെയാണു്. മററു മതകർമ്മങ്ങളിൽ പങ്കെടുക്കുന്നതിനു സഭ തൻെറ അംഗങ്ങളെ അനുവദിക്കുന്നില്ല. മിശ്രവിവാഹത്തിൽനിന്നു ജനിക്കുന്ന കുട്ടികളെ വേറൊരു മതത്തിൽ വളർത്തിക്കൊണ്ടുവരുവാൻ അവൾ ഇഷ്ടപ്പെടുന്നില്ല. കാരണം, ഇവയെല്ലാം വിശ്വാസത്തെ നിഷേധിക്കുന്നതിനു തുല്യമാണു്.

സഭ അസഹിഷ്ണുത പ്രദർശിപ്പിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. ക്രിസ്തു പറയുന്നതു കേൾക്കുക: "സഭയുടെ വാക്കു കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലേയും പുറജാതിക്കാരനെപ്പോലേയും ആയിരിക്കട്ടെ." (വി. മത്തായി 18: 17) അപ്പസ്തോലന്മാരും അബദ്ധപ്രബോധകരെ സഭാഭ്രഷ്ടരാക്കിയിട്ടുണ്ടു്. "എന്നാൽ, ഞങ്ങൾ നിങ്ങളോടു് അറിയിച്ചതുവിട്ടു ഞങ്ങളോ സ്വർഗ്ഗത്തിൽനിന്നൊരു മാലാഖതന്നെയോ നിങ്ങളോടു വേറൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്ക

ഷ്ടപ്പെട്ടവനാകട്ടെ." (ഗാല. 1: 8) തെററായ ഉത്തരത്തെ അദ്ധ്യാപകനും, സുഖക്കേടിനെ ഡാക്ടരും, കുററത്തെ ന്യായാധിപനും അംഗീകരിക്കുകയില്ല. ഒരു വസ്തു സത്യമെന്ന് ഒരാൾക്കു ബോധപ്പെട്ടുകഴിഞ്ഞാൽ അതിനെതിരായതിനോടെല്ലാം അയാൾ അസഹിഷ്ണുതന്നെയായിരിക്കും.

വിശ്വാസസത്യങ്ങളിൽ മാത്രമേ കത്തോലിക്കസഭ ഇങ്ങനെയൊരു ഉറച്ച നിലപാടു സ്വീകരിക്കുന്നുള്ളു. തെററുകളോടു കത്തോലിക്കർ സന്ധിയില്ലാസമരംതന്നെ നടത്തും. എന്നാൽ, തെററു ചെയ്യുന്നവരോടു സമാധാനത്തിൽത്തന്നെ പെരുമാറാനാണു കത്തോലിക്കർ ആഗ്രഹിക്കുക.

മററു മതങ്ങളെ തിരുസ്സഭ പുച്ഛിക്കുന്നുവെന്ന് ആരും തെററിദ്ധരിക്കേണ്ടതില്ല, അവർ നമ്മോടുകൂടിയല്ലാത്തതിൽ നമുക്കു വ്യസനമുണ്ട്. ഏക ഇടയനും ഏക തൊഴുത്തുമെന്ന കർത്താവിൻെറ ആ അഭീഷ്ടം സാധിക്കുന്നതിനു നാം പ്രാർത്ഥിക്കുകയാണ്. എങ്കിലും, മററുള്ളവരുടെ ഉത്തമവിശ്വാസത്തെ നാം മാനിക്കുകതന്നെ ചെയ്യും. എന്നാൽ, നമ്മുടെ വിശ്വാസസംഹിതകളെ നിഷേധിക്കുവാനോ എല്ലാ മതങ്ങളും ഒന്നുപോലെ ശരിയെന്നു സമ്മതിക്കാനോ നാം തയ്യാറല്ല. കാരണം, എല്ലാ മതങ്ങളും ഫലശൂന്യമെന്നു പറയുന്നതിനു തുല്യമായിരിക്കും അത്.

രക്ഷയ്ക്കുതകുന്ന ദൈവസ്ഥാപിതമായ ഏക സ്ഥാപനം കത്തോലിക്കസഭയാണ്. അതിൽ അംഗമായി ചേരുകയാണു രക്ഷയ്ക്കുള്ള ക്രമീകൃതവും സാധാരണവുമായ വ്യവസ്ഥ. എല്ലാവരും അതിൽ അംഗത്വം വരിക്കുവാൻ കടപ്പെട്ടവർതന്നെ. എന്നാൽ, എല്ലാവരും ഈ വസ്തുത ശരിക്കു മനസ്സിലാക്കിയിട്ടില്ല. അങ്ങനെയൊരു കടമയുണ്ടെന്നു സ്വന്തം കുററത്താൽ അറിഞ്ഞിട്ടില്ലാത്തവരെ ദൈവം ശിക്ഷിക്കുമെന്ന് ആരും ഭയപ്പെടേണ്ട.

## സ്വസന്താനങ്ങളോടുതന്നെയുള്ള സഭയുടെ അഹിഷ്ണുതാമനോഭാവം.

സഭയുടെ നിഷ്കർഷാപൂർവ്വകമായ ചില ശാസനങ്ങളെ കേൾക്കുവാൻ, സ്വന്തം അംഗങ്ങളിൽനിന്ന സഭ ആവശ്യപ്പെടുന്ന പരിപൂർണ്ണമായ അച്ചടക്കബോധത്തിനും അനുസരണയ്ക്കും വഴങ്ങി ജീവിക്കുവാൻ ചിലർക്കു പ്രയാസമാണുപോലും: 'ഇതു കുറച്ചധികമാണു്; എൻെറ കുടുംബസംബന്ധവും രഹസ്യവുമായ ജീവിതത്തിൽ പ്രവേശിച്ചു് അവയെ നിയന്ത്രിക്കുവാൻ, ദൈവത്തിൽനിന്നെന്നപോലെ സഭയുടെ വാക്കുകളെ പഞ്ചപുഛമടക്കി ശ്രവിക്കുവാൻ ആർക്കാണു കഴിയുക.'

സഭ ദൈവത്തിനു കീഴ്‌വഴങ്ങിയാണു ജീവിക്കുക. അപ്പോൾ, സ്വസന്താനങ്ങൾ തന്നോടും അനുസരണത്തിൽ വർത്തിക്കുവാൻ അവളാഗ്രഹിക്കുന്നു. അനുസരണമെന്ന പുണ്യം ഒരു കത്തോലിക്കൻെറ ജീവിതത്തോടു് ഇഴുകിച്ചേർന്നിരിക്കേണ്ട ഒന്നാണു്. അതുകൊണ്ടാണു സെൻറ് പോൾ ക്രിസ്തുവിൻെറ ജീവിതത്തെപ്പററി ശക്തിയായ ഭാഷയിൽ പറയുന്നതു്, "തന്നെത്തന്നെ താഴ്ത്തി, മരണത്തോളം—അതേ കുരിശുമരണത്തോളം അനുസരണമുള്ളവനായിത്തീരുകയുംചെയ്തു (പിലിപ്പേ. 2: 8) എന്നു്.

സഭ നമ്മിൽനിന്ന നിരുപാധികമായ അനുസരണമാണു് ആവശ്യപ്പെടുക. കാരണം, നമ്മുടെ ആത്മരക്ഷയ്ക്കു സാധിക്കുകയെന്ന വൻപിച്ച ചുമതല ക്രിസ്തുതന്നെയാണു് അവളെ ഏല്പിച്ചിരിക്കുന്നതു്. സഭയെ ആശ്രയിച്ചാണു പരിത്രാണകർമ്മത്തിൻെറ മഹനീയഫലങ്ങൾ എല്ലാവരും ആസ്വദിക്കുകയോ ആസ്വദിക്കാതിരിക്കുകയോ ചെയ്യുക. അപ്പസ്തോലൻ പറയുന്നു: "വചനം പ്രസംഗിക്കുക; സമയത്തും അസമയത്തും ഉത്സാഹി

യായിരിക്കുക, ദീർഘശാന്തതയോടും പഠിപ്പോടുംകൂടി ശാസിക്കുകയും കുററപ്പെടുത്തുകയും ചെയ്യുക." (2 തിമോ. 4: 2)

ഈ നിർദ്ദേശത്തെ നാം ശരിയായി മനസ്സിലാക്കുമ്പോൾ സഭയുടെ മനഃശാസ്ത്രം എളുപ്പം വിശദമാകും. അപ്പോൾ, അധികാരത്തെ ബഹുമാനിക്കണമെന്നു സഭ ഇത്രയധികം നിഷ്കർഷിക്കുന്നതെന്തിനെന്നു തെളിയും. അവളെ ആരെങ്കിലും ചോദ്യംചെയ്താൽ ദൈവത്തിൻെറ അവകാശങ്ങളെത്തന്നെ ചോദ്യം ചെയ്യുന്നതായിട്ടാണ് അവൾ പരിഗണിക്കുക. അയവില്ലാത്ത സഭയുടെ നിർദ്ദേശങ്ങൾക്കു നിരുപാധികമായ അനുസരണം അവൾ ആവശ്യപ്പെടുമ്പോൾ മേല്പറഞ്ഞ വിധത്തിലുള്ള ആ ഉത്തരവാദിത്വബോധത്തെ മനസ്സിൽ വച്ചുകൊണ്ടു നാം ചിന്തിക്കണം. മിശിഹായുടെ വാക്കുകളിൽനിന്നുതന്നെ, സഭയുടെ എല്ലാ പ്രവൎത്തനങ്ങൾക്കും പിൻപിൽ ദൈവത്തിൻെറ കരം പ്രവൎത്തിക്കുന്നുണ്ടെന്നു സ്പഷ്ടമാണ്: "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എൻെറ വാക്കു കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു; എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു." (വി. ലൂക്കാ. 10: 16) വീണ്ടും, "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെല്ലാം സ്വർഗ്ഗത്തിൽ ബന്ധിക്കപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (വി. മത്താ. 18: 18)

ഈ വസ്തുതകളുടെ വെളിച്ചത്തിൽ മറെറാരു ആരോപണത്തിനും മറുപടി നല്കാം. സഭ മററു മതങ്ങളോട് അസഹിഷ്ണുവായിരിക്കുന്നതുപോലെ സ്വസന്താനങ്ങളോടും കർശനമായിത്തന്നെ പെരുമാറുന്നു. ചിലപ്പോൾ ചിലരെയെല്ലാം സഭയിൽനിന്നു പുറന്തള്ളുന്നു. മററുചിലൎക്കു ശിക്ഷ കൊടുക്കുന്നു. സഭയുടെ ഈ നിലപാടു ശരിയോ? – ഒന്നു വിശകലനംചെയ്യാം.

ആദ്യംതന്നെ, സഭ ആരേയും നാശത്തിലേക്കു ശപിച്ചു തള്ളുന്നില്ല; ശപിക്കുവാനല്ല അനുഗ്രഹിക്കുവാനാണു ക്രിസ്തു സഭയെ സ്ഥാപിച്ചതു്. അയോഗ്യരായ അംഗങ്ങളെ നശിച്ചവരായി ശപിച്ചുതള്ളുകയല്ല, സഭയുടെ അംഗങ്ങളായിരിക്കുവാനുള്ള അർഹത അവർക്കില്ലാത്തതുകൊണ്ടു്, സഭയിൽനിന്നവരെ അകററിനിർത്തുക മാത്രമാണു ചെയ്യുക. ഏററം ചെറിയ ഒരു സംഘടനയ്ക്കുപോലും അതിൻെറ നിയമങ്ങൾ അനുസരിക്കാത്ത അംഗങ്ങളെ നീക്കംചെയ്യുവാൻ അവകാശമുണ്ടെങ്കിൽ, വിശ്വവ്യാപകമായ സഭാസംഘടനയ്ക്കു് ഇങ്ങനെയൊരു അധികാരം ആരും നിഷേധിക്കുവാൻ സാധിക്കുകയില്ല. ഒരുവൻ സഭയുടെ നിയമങ്ങളെ ധിക്കരിക്കുമ്പോൾ സ്വയം സഭയിൽനിന്നു് അകലുകയാണു ചെയ്യുക. അപ്പോൾ, സഭയുടെ അനുഗ്രഹങ്ങൾക്കും അവകാശങ്ങൾക്കും അയാൾ അർഹനല്ല. ഈ വസ്തുത ഔദ്യോഗികമായി സഭ അറിയിക്കുമ്പോളാണു് "മഹറോൻ" ശിക്ഷയിൽ ഒരുവൻ ഉൾപ്പെട്ടുവെന്നു നാം പറയുക.

നിവൃത്തിയില്ലാതെ വരുമ്പോളേ ഈ ശിക്ഷ സഭ ഒരാൾക്കു കൊടുക്കുകയുള്ളു. ഒരു ഉദാഹരണം പറയാം. ഒരു കത്തോലിക്കയുവാവു് ഒരകത്തോലിക്ക യുവതിയെ വിവാഹംകഴിക്കാനിഷ്ടപ്പെടുന്നു. എന്നാൽ, വിവാഹത്തിൽനിന്നു ജനിക്കുന്ന കുട്ടികളെ കത്തോലിക്കഅന്തരീക്ഷത്തിൽ വളർത്താൻ അവൾ വിസമ്മതമാണു്. അപ്പോൾ, അങ്ങനെയൊരു വിവാഹം ആശീർവ്വദിക്കുവാൻ സഭ തയ്യാറായിരിക്കയില്ല. ഇതിൽ അതൃപ്തനായ യുവാവു വേറെയേതെങ്കിലും ക്രൈസ്തവസഭയിൽ ചേർന്നു വിവാഹകർമ്മം നടത്തുന്നു. ഈ പ്രവൃത്തിയാൽത്തന്നെ അയാൾ സഭാഭ്രഷ്ടനാക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ, കാലാന്തരത്തിൽ മനഃസാക്ഷിക്കടി അയാളെ അസ്വസ്ഥനാക്കുന്നു. കുമ്പസാരത്തിനണയുവാൻ അയാൾക്കാഗ്രഹമുണ്ടു്. എന്നാൽ, സഭാനിയമത്തിനു വിരോധമായി വിവാഹബന്ധത്തിലേർപ്പെട്ട അയാൾ കുററം സമ്മതിച്ചു

സഭാചട്ടങ്ങൾ അനുസരിച്ചു ജീവിച്ചുകൊള്ളാമെന്നു നിശ്ചയിച്ചുറയ്ക്കാത്ത കാലത്തോളം പാപമോചനം എന്ന കൂദാശ സ്വീകരിച്ചുകൂടാ.

ഇങ്ങനെയുള്ള അവസരങ്ങളിൽ സഭ കരുണയററവളാണ് എന്നു തുടങ്ങിയ നിരവധി ആരോപണങ്ങൾക്ക് അവൾ വിധേയയാകും. എന്നാൽ, കുററം ആരുടെ ഭാഗത്താണെന്നു ശരിയായി പരിശോധിക്കുക. സ്വസന്താനങ്ങളോടു ചിലപ്പോഴൊക്കെ നിർദ്ദയമായി പെരുമാറേണ്ടിവരുമ്പോൾ സഭ വേദനയോടുകൂടിത്തന്നെയാണ് അപ്രകാരം ചെയ്യുക. എന്നാൽ, എന്തു ചെയ്യാം? അതിനവൾ നിർബ്ബന്ധിതയായിത്തീരുന്നു. കാരണം, ക്രിസ്തുവിനോടു വിശ്വസ്തതാപൂർവ്വം പെരുമാറുക അവളുടെ കർത്തവ്യമാണ്.

പ്രിയ സഹോദരരേ, ക്രിസ്തുവിനെക്കൂടാതെ, അല്ല, കത്തോലിക്കാസഭയിലൂടെയല്ലാതെ, രക്ഷ അസാദ്ധ്യംതന്നെ. കാരണം, സഭയെന്നതു് ഇന്നും നമ്മുടെയിടയിൽ ജീവിക്കുന്ന ക്രിസ്തുതന്നെയാകുന്നു. "സഭയെ സ്വന്തം അമ്മയായി സ്വീകരിക്കാത്തവനു ദൈവം പിതാവായിരിക്കുകയില്ല." (വി. സിപ്രിയൻ) ക്രിസ്തുമതം എല്ലാക്കാലത്തും പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള ഒരു സത്യമാണിതു്. ക്രിസ്തു സ്ഥാപിച്ച സഭ കത്തോലിക്കാസഭയാണെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ, ഇതുകൊണ്ടു മററുള്ളവരുടെ മതവിശ്വാസത്തെ നാം വ്രണപ്പെടുത്തുന്നു എന്ന് ആരും വിചാരിക്കേണ്ട. എങ്കിലും, ഏക തൊഴുത്തും ഏക ഇടയനുമെന്ന ദിവ്യരക്ഷകൻെറ ആ അഭിലാഷം അതിവേഗം ഫലമണിയുവാൻ നാം പ്രാർത്ഥിക്കുകയാണ്. പവിത്രമായ നമ്മുടെ സഭയെ മററുള്ളവർ അകാരണമായി അധിക്ഷേപിക്കുമ്പോളൊക്കെയും വി. അഗസ്റ്റീനോസിൻെറ വാക്കുകൾ നമ്മുടെ സ്മരണയിലുണ്ടായിരിക്കട്ടെ: "ദൈവത്തെ നമ്മുടെ സ്നേഹംനിറഞ്ഞ

പിതാവും, സഭയെ പ്രിയ മാതാവുമായി നമുക്കാദരിക്കാം."
വി. അപ്പസ്തോലന്റെ നിർദ്ദേശങ്ങളും ഉത്തേജനാത്മകങ്ങളാണ്: "എന്റെ സഹോദരന്മാരേ, നിങ്ങൾ പഠിച്ചിട്ടുള്ള ഉപദേശം വിട്ട് ഭിന്നതകളും ഇടർച്ചകളും ഉണ്ടാക്കുന്നവരിൽനിന്ന് (നാശം നേരിടാതെ) സൂക്ഷിച്ചുകൊള്ളണം; നിങ്ങൾ അവരിൽ നിന്നു അകന്നുപോകണം എന്നു നിങ്ങളോടു ഞാനഭ്യർത്ഥിക്കുന്നു............സമാധാനത്തിന്റെ ദൈവം സാത്താനെ നിങ്ങളുടെ കാലുകളുടെ കീഴിൽ വേഗം തകർത്തുകളയും. നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ." (റോമാ 16: 17-20)

---

പതിമ്മൂന്നാം അദ്ധ്യായം

# സഭയുടെ ലൗകായതികത്വം

മറച്ചുവയ്ക്കേണ്ടതായി സഭയ്ക്കൊന്നുമില്ല. ഏററം അഭിമാനകരവും ആദർശസംപൂർണ്ണവുമായ പ്രവർത്തനങ്ങളുടെ ഒരു സമാഹാരമാണ് അവളുടെ ചരിത്രം. ചില മാനുഷികദൗർബ്ബല്യതകളും ഏററക്കുറവുകളും മഹത്തായ അവളുടെ ചരിത്രത്തെ കളങ്കപ്പെടുത്തുവാൻ പോരുന്നവയല്ല. സഭ മനുഷ്യരെ ഉൾക്കൊള്ളുന്ന ഒരു സംഘടനയായതിനാൽ, നിയമങ്ങളാൽ ഭരിക്കപ്പെടണം. ചില കുറവുകളൊക്കെ അവളിൽ കണ്ടെന്നും വരാം.

ഹങ്കേറിയൻ ചിന്തകനായ ബാരൺ ജോസഫ് എയോററ്വോസ് പറയുകയാണ്: "രണ്ടായിരം കൊല്ലം പഴക്കം ചെന്ന ഒരു വസ്തുവിൽ ചില പോരായ്മകളും കണ്ടെന്നു വരാം. ജലപ്രവാഹംപോലെയാണു ശതവത്സരങ്ങൾ; നിർമ്മലമായതു് അടിഞ്ഞുതാണുകിടക്കാറില്ല. ഇത്ര ദീർഘിച്ച ക്രൈസ്തവസംസ്കാരത്തിൽ ഏതാനും പാകപ്പിഴകളുണ്ടെങ്കിൽ അതിലത്ഭുതപ്പെട്ടുകൂടാ. വൃക്ഷത്തിൻെറ മേന്മ നിശ്ചയിക്കേണ്ടതു കാലത്തിൻെറ മൂപ്പും മുറിവും ഏററ അതിൻെറ തായ്ത്തടി മാത്രം നോക്കിക്കൊണ്ടല്ല, പന്തൽവിരിക്കുന്ന ഇലകളും സുഗന്ധം പരത്തുന്ന പൂക്കളും ആദായം തരുന്ന കായ്കളും പരിഗണിച്ചുകൊണ്ടുകൂടിയത്രേ. ക്രിസ്തുമതത്തെ ഇപ്രകാരം വീക്ഷിക്കുന്ന ഒരുവനു് അതിൻെറ ആകാരസൂക്ഷ്മതയും ആദർശമാഹാത്മ്യവും, ലോകത്തി

ന്ന് അതു നല്കിയിട്ടുള്ള മഹത്തായ സംഭാവനകളും ഏറെക്കുറെ മനസ്സിലാകും.

സഭയുടെമേൽ ആരോപിക്കപ്പെടുന്ന ലൗകായതികത്വ ത്തെക്കുറിച്ചു് അല്പം പര്യാലോചിക്കാം. "കത്തോലിക്കസഭ ഇന്നു് ആദ്യന്തുററാണ്ടുകളിലേ സഭയിൽനിന്നു വളരെ വ്യതിചലിച്ചുപോയിരിക്കുന്നു. അതിന്നു ക്രിസ്തുവിൻെറ സഭയാണെന്നുപോലും പറയാൻ പാടില്ല. ക്രിസ്തു പറഞ്ഞിട്ടുണ്ടു്: "എൻെറ രാജ്യം ഈ ലോകത്തിൻേറതല്ല". (വി. യോഹ. 18: 36) എന്നാൽ, സഭയിലിന്നു പണം കുടികിടക്കുന്നു. മാളികകളിൽ മെത്രാന്മാർ സുഖമായി ജീവിക്കുന്നു. സഭ ബാഹ്യമോടിക്കുവേണ്ടി കണക്കില്ലാതെ പണം ചെലവഴിക്കുന്നു. ക്രിസ്തുവിനും അവിടുത്തെ ശിഷ്യന്മാക്കും തല ചായിക്കുവാൻപോലും സ്ഥലമില്ലായിരുന്നു. പിന്നെന്തിനു മാർപ്പാപ്പയ്ക്കു് ഇത്ര ഗംഭീരമായ വത്തിക്കാൻ കൊട്ടാരവും നിരവധി അംഗരക്ഷകരും കണക്കററ ധനവുമെല്ലാം? തങ്കമിട്ട തിരുവസ്ത്രങ്ങൾ, സ്വർണ്ണനിർമ്മിതമായ തിരുപ്പാത്രങ്ങൾ, ഇവയൊന്നും കൂടാതെ ഒരു മുറിയിലിരുന്നു ദൈവത്തെ ആരാധിച്ചുകൂടേ? ലൗകികചിന്താഗതിയിൽ സഭ എന്തുമാത്രം മുഴുകിയിരിക്കുന്നു!"

പ്രിയരേ, സഭയ്ക്കെതിരായി ഇത്തരം വിമർശനങ്ങളും അവഹേളനങ്ങളും ധാരാളം നാം കേട്ടിട്ടുണ്ടു്. ഇവയെല്ലാം തല കുലുക്കിയങ്ങു സമ്മതിക്കുകയല്ല വേണ്ടതു്. സധൈര്യം നാം മറുപടിനല്കണം.

## സഭയുടെ സമ്പത്തും ബാഹ്യാഡംബരവും.

ഏററമധികം വിമർശനത്തിനു വിധേയമായ രണ്ടു കാര്യങ്ങളാണിവ. ഇവനിമിത്തം തിരുസ്സഭ വളരെയധികം താറടിക്കപ്പെടുന്നുണ്ടു്.

മാർപ്പാപ്പമാരുടെ അധിവാസസ്ഥാനമായ വത്തിക്കാൻ കൊട്ടാരവും അവിടത്തേ ഉദ്യോഗസ്ഥഗണവും ലോകവ്യാപകമായ സഭയെ കാര്യക്ഷമമായി നിയന്ത്രിക്കുന്ന കേന്ദ്ര ഭരണക്രമവും കണ്ടു ചിലക്കു് ഉള്ളുനീറുന്നു. ഇവയുടെയെല്ലാം ആവശ്യമെന്തു്? ക്രിസ്തുവിൻെറ കാലത്തു് ഇവയൊന്നും ഇല്ലായിരുന്നല്ലോ—ഇവർ പറയുകയാണു്!

വാസ്തവംതന്നെ, ക്രിസ്തുവിൻെറ കാലത്തു് ഇവയൊന്നുമില്ലായിരുന്നു. കാരണം, അന്നു് അവയുടെ ആവശ്യം ഉണ്ടായിരുന്നില്ല. എന്നാൽ, ഒന്നു നാം സമ്മതിക്കണം. ക്രിസ്തു തൻെറ സഭ ലോകമാസകലം വ്യാപിക്കണമെന്നാഗ്രഹിച്ചെങ്കിൽ വ്യവസ്ഥാപിതമായൊരു പ്രവത്തനപദ്ധതി അനിവാര്യമാണു്. സഭ വളന്നതോടേ അതിൻെറ ക്രമീകരണത്തിനു രൂപവ്യത്യാസം സംഭവിച്ചു. ക്രിസ്തുവിൻെറ കാലത്തു പന്ത്രണ്ടു് അപ്പസ്തോലന്മാരും എഴുപത്തിരണ്ടു ശിഷ്യന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഇന്നോ? പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ സ്ഥാനത്തു് 1500-ലധികം മെത്രാന്മാരും എഴുപത്തിരണ്ടു ശിഷ്യന്മാക്കു പകരം ഏതാണ്ടു അഞ്ചു ലക്ഷത്തോളം വൈദികന്മാരുമാണുള്ളതു്.

ക്രിസ്തു മൂന്നു വയസ്സിൽ ധരിച്ചിരുന്ന വസ്ത്രമല്ല മുപ്പതു വയസ്സായപ്പോൾ ഉപയോഗിച്ചതു്. അപ്രകാരം, വളരെ കുറച്ചു മാത്രം വിശ്വാസികൾ ഉണ്ടായിരുന്ന ആദിമസഭയുടെ ഭരണക്രമത്തിനു്, വിശ്വാസികൾ വദ്ധിച്ചതോടുകൂടി മാററം വരുത്തേണ്ടിവന്നു. അങ്ങനെ ഇടവകകൾ, രൂപതകൾ, കർദ്ദിനാൾസംഘം തുടങ്ങിയവ രൂപംകൊണ്ടു. ഇവയെല്ലാം കണ്ടുകൊണ്ടു്, സഭ ലോകാഡംബരങ്ങളിൽ മുഴുകിപ്പോയിരിക്കുകയാണു് എന്നു പറയുന്നതിൽ എന്തത്ഥമാണുള്ളതു്?

ഇനിയും പാശ്ചാത്യദേശത്തും പൌരസ്ത്യദേശത്തും വൈ

ദികന്മാർ ഒരേ ജീവിതസമ്പ്രദായം സ്വീകരിക്കാത്തതെന്തു്? നഗ്നപാദരായി നടക്കുവാനും കാട്ടുതേനും വെട്ടുക്കിളിയും ഭക്ഷിച്ചു ജീവിക്കാനും അവർ എന്തുകൊണ്ടു മടിക്കുന്നു? ബാലിശമായ ചോദ്യങ്ങൾ! "എന്നെ അനുഗമിക്കുവിൻ" എന്നു ക്രിസ്തു പറഞ്ഞു. എന്നാൽ, എൻെറ ജീവിതത്തിൻെറ ഭൗതികസാഹചര്യങ്ങളെ പിൻചെല്ലുവാനല്ല അവിടുന്നു കല്പിച്ചതു്. നമ്മുടെ ആത്മാവിലും ഹൃദയത്തിലുമാണു്, സ്വർഗ്ഗീയപിതാവിൻെറ ഇഷ്ടത്തിനൊത്തവിധമാണു്, അവിടുത്തെ അനുകരിക്കേണ്ടതു്.

ദിവ്യരക്ഷകൻ കുട പിടിക്കാതെ നടന്നിരിക്കാം. എങ്കിലും, അവിടുന്നു് ഒരിക്കലും പറഞ്ഞിട്ടില്ല, 'എന്നെ കണ്ടു പഠിക്കുക, കുട ക്രൂടാതെ നടക്കുക' എന്നു്. എന്നാൽ, അവിടുന്നു് ഉദ്ബോധിപ്പിച്ചു: "എന്നിൽനിന്നു പഠിക്കുക. എന്തുകൊണ്ടെന്നാൽ, ഞാൻ ഹൃദയശാന്തനും എളിമയുള്ളവനുമാകുന്നു." (വി. മത്താ. 11: 29) നമ്മുടെ കർത്താവു് അപ്പവും മീനും പഴങ്ങളുമൊക്കെ ഭക്ഷിക്കുകയും പല സ്ഥലങ്ങളിലും ചുററിസ്സഞ്ചരിക്കുകയും ചെയ്തു. എന്നാൽ, അവിടുന്നു് ഒരുനാളും ആജ്ഞാപിച്ചില്ല, "നിങ്ങൾ എന്നെപ്പോലെ യാത്രചെയ്യുകയും ഭക്ഷിക്കുകയും ചെയ്തില്ലെങ്കിൽ, എൻെറ ശിഷ്യന്മാരായിരിക്കുകയില്ല" എന്നു്. അവിടുന്നു് ഒരു ചെറിയ പടവിൽ കയറിയാണു ഗലീലയിലേക്കു കടൽ കടന്നു യാത്രപോയതു്. ഇന്നു മിഷനറിമാർ വലിയ കപ്പലുകളിൽ യാത്രചെയ്യുന്നു. ജറുസലേം നഗരത്തിൽ ക്രിസ്തുനാഥൻ പ്രവേശിച്ചതു് ഒരു കഴുതപ്പുറത്തു സവാരിചെയ്താണു്. അവിടുത്തെ അനുയായികൾ ഇന്നു തീവണ്ടിയിലും വിമാനങ്ങളിലും കയറിയും. ദിവ്യരക്ഷകൻ യാത്രചെയ്തതും, ഭക്ഷിച്ചതും, സംസാരിച്ചതുമെല്ലാം അന്നത്തെ മനുഷ്യരുടെ ജീവിതരീതി അനുസരിച്ചായിരുന്നു. സഭയും അവളുടെ വൈദികന്മാരും പ്രേഷിതപ്രവർത്തനത്തിൽ സാഹചര്യങ്ങൾക്കനുസൃതം ബാഹ്യമായ ചില വ്യതിയാനങ്ങൾ വരുത്തി കാലത്തിനൊത്തപോലെ പെരുമാറുന്നതിൽ ആരും കുററപ്പെടുത്തേണ്ടതില്ല.

ഇനി ചിലർ പറയാറുണ്ട്: "ഞങ്ങൾക്ക് അവയൊന്നിനേയും പററി പരാതിയില്ല. പക്ഷേ, സഭയ്ക്കെന്തിനാണ് ഇത്രയധികം പണവും ഭൂമിയും മററ സമ്പാദ്യങ്ങളുമെല്ലാം? 'പത്രോസിൻെറ കാശു്' എന്നു പറഞ്ഞു് എത്രമാത്രം പണമാണ് വിശ്വാസികളിൽനിന്നു പിരിച്ചെടുക്കുക? വിവാഹം നടത്തിക്കിട്ടുവാൻ ഒരു തുക പള്ളിക്കു കൊടുക്കേണ്ടതുണ്ട്, അങ്ങനെ പലതും."

ക്രിസ്തുവിൻെറ സഭ ഈ ലോകത്തിൻേറതല്ലെങ്കിലും ഈ ലോകത്തിലാണ് അതിൻെറ പ്രവത്തനം. ലോകത്തിലെ മറേറതൊരു പരിപാടിക്കുമെന്നപോലെ സഭയ്ക്കും തൻെറ പ്രവത്തനത്തിനു സാമ്പത്തികസഹായം ആവശ്യകമാണ്. പണം കൂടാതെ ദൈവാലയങ്ങൾ പണിയുന്നതെങ്ങനെ? മിഷനെ സഹായിക്കുന്നതെങ്ങനെ? പാവങ്ങൾക്കും രോഗികൾക്കും ആലംബം നല്കുവാൻ പണമില്ലാതെ പററുമോ? സഭയുടെ ഔദ്യോഗികകാര്യങ്ങൾ നിർവ്വഹിക്കുന്നവർക്കു ജീവിക്കാനുള്ള വക കൊടുക്കേണ്ടേ? ക്രിസ്തുവിനും അപ്പസ്തോലന്മാർക്കുംകൂടി ഒരു പൊതുമുതൽ ഉണ്ടായിരുന്നുവെന്നോർക്കണം. (വി. യോഹ. 12: 6) അതു സൂക്ഷിക്കുവാൻ യൂദാസിനെ ഏല്പിച്ചിരുന്നു.

വിശ്വവ്യാപകമായ സഭയെ ശരിക്കു ഭരിച്ചുകൊണ്ടു പോകുവാൻ ധാരാളം പണം ആവശ്യമുണ്ട്. വിശ്വാസികളിൽനിന്നു ശേഖരിക്കുന്ന പണം മാർപ്പാപ്പ തൻെറ സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല. അവശരേയും അനാഥരേയും സംരക്ഷിക്കുവാനും വേദപ്രചാരവേലയെ അഭിവൃദ്ധിപ്പെടുത്തുവാനുമാണ് ഈ പണം വ്യയംചെയ്യുക.

ബൃഹത്തായ പത്രോസിൻെറ ബസ്ലീക്കാ മാർപ്പാപ്പയ്ക്കുവേണ്ടിയല്ല, കത്തോലിക്കാസഭയ്ക്കു മുഴുവനും വേണ്ടിയാണു പണികഴിപ്പിച്ചിരിക്കുന്നതു്. വത്തിക്കാൻ അരമനയിലെ മുറികളി

ലൊന്നിലും ധനവാനായ ഒരു പ്രത്യേകവ്യക്തിയും താമസിക്കുന്നില്ല. സഭയുടെ അധിപനാണ് അവിടെ വസിക്കുക. അമ്പതു ലക്ഷം ജനങ്ങളുടെ അധികാരി കുറച്ചൊക്കെ രാജോചിതമായ ഒരു വസതിയിൽ പരിവാരങ്ങളോടുകൂടെ ജീവിക്കുക തികച്ചും അനുയോജ്യമാണു്. എങ്കിൽ അമ്പതു കോടി ജനങ്ങളുടെ തലവനായ മാർപ്പാപ്പ വത്തിക്കാൻ കൊട്ടാരത്തിൽ തൻെറ സ്ഥാനത്തിനൊത്തവിധം വാഴുന്നതിൽ കത്തോലിക്കർ അഭിമാനംകൊള്ളുകതന്നെ ചെയ്യുന്നു.

എന്നാൽ, ഇവയൊന്നും സഭയുടെ കാതലായ ഭാഗമല്ല എന്നു നാം മനസ്സിലാക്കണം. ഒരു ഭൂമികുലുക്കത്താൽ റോമിൽ വൻപിച്ച നാശങ്ങൾ ഉണ്ടാകയും പത്രോസിൻെറ ബസ്സീക്കയും വത്തിക്കാൻ അരമനയുമെല്ലാം നാമാവശേഷമാകയും ചെയ്താലും സഭയുടെ സാരമായ മൂല്യങ്ങൾക്കു യാതൊരു ഹാനിയും സംഭവിക്കുകയില്ല. ചില ഉപരിപ്ലവബുദ്ധികൾ പറയാറുണ്ടു്, സഭ ലൗകികപ്രതാപങ്ങളിൽ കുടുങ്ങി, അതിൻെറ വിനീതസ്വഭാവത്തെയെല്ലാം കളഞ്ഞുകുളിച്ചു എന്നു്. എന്നാൽ, ചരിത്രത്തെപ്പററി അറിവില്ലാത്തവർ ഷില്ലറുടെ ശക്തിയുക്തമായ പ്രസ്താവന വായിച്ചാൽ മതി: "സമ്രാട്ടുകളും രാജാക്കന്മാരും പ്രസിദ്ധ രാഷ്ട്രധുരന്ധരന്മാരും ധീരന്മാരായ പടത്തലവന്മാരും പരിതഃസ്ഥിതികളുടെ സമ്മർദ്ദത്തിൽ ആദർശങ്ങൾ കുരുതികഴിച്ചു തക്കത്തിനൊത്തു താളം ചവിട്ടുന്നതു നാം ദർശിച്ചിട്ടുണ്ടു്. എന്നാൽ, ഒരു മാർപ്പാപ്പ അങ്ങനെ ചെയ്തതായി കാണുക വിഷമം."

## ആരാധനാക്രമത്തിലെ ആഡംബരത്വം

സഭയ്ക്കു് അവളുടെ ഭാരിച്ച ചുമതലകൾ നിർവ്വഹിക്കുവാൻ വ്യവസ്ഥാപിതമായ ഭരണക്രമവും നിശ്ചിതമായ ഉദ്യോഗസ്ഥഗണവും ആവശ്യകമാണെന്നു നാം കണ്ടുകഴിഞ്ഞു. വില

പ്പിടിപ്പുള്ള തിരുവസ്ത്രങ്ങളും പൂജാപാത്രങ്ങളും അവർ ഉപയോഗിക്കുന്നു. ഇവയെല്ലാം സഭയുടെ ലോകായതികമനഃസ്ഥിതിയല്ലേ വെളിപ്പെടുത്തുക?

ആരാധനാക്രമത്തിലേക്കുതന്നെ കടക്കാം. ഇന്നു നാം കാണുന്ന ആരാധനാക്രമത്തിനു വളരെയധികം പഴക്കവും പാരമ്പര്യവുമുണ്ട്. പുരാതനകാലത്തു ജനങ്ങൾ ആചാരങ്ങളിലും വേഷഭൂഷാദികളിലും വലിയ ഭ്രമം കാണിച്ചിരുന്നു. അങ്ങനെ, ജനങ്ങളുടെ ജീവിതസമ്പ്രദായത്തോട് ഒത്തിണങ്ങിയ ആചാരങ്ങളും ഉടലെടുത്തു. അപ്പോൾ, ഒരു പ്രശ്നം ഉദിക്കുന്നു: ആധുനിക ചിന്താഗതിയനുസരിച്ച് അവയ്ക്കു മാററം വരുത്തിക്കൂടേ?

ഭാവി വർത്തമാനത്തിൽനിന്നു രൂപംകൊള്ളുന്നതുപോലെ വർത്തമാനം ഭൂതത്തിൽനിന്നാണു ജന്മമെടുക്കേണ്ടതു്. എല്ലായിടത്തും ജനങ്ങൾ കഴിഞ്ഞ കാലത്തിൻെറ മൂല്യങ്ങളെ മാനിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടുംബം അതിൻെറ പൂർവ്വപിതാക്കന്മാരെ ബഹുമാനിക്കുന്നു. അവരുടെ ഫോട്ടോകൾ ഭിത്തികളിൽ തൂക്കിയിടുന്നു. രാഷ്ട്രങ്ങൾ അവയുടെ പഴയ ചരിത്രത്തെ അഭിമാനപൂർവ്വം സ്മരിക്കുകയും, പുതിയ തലമുറയെ പ്രസ്തുത ചരിത്രം പഠിപ്പിക്കുന്നതിൽ ശ്രദ്ധപതിക്കുകയും ചെയ്യുന്നതായി കാണാം. അങ്ങനെയെങ്കിൽ, കത്തോലിക്കാസഭ അവളുടെ കഴിഞ്ഞ നീണ്ട ചരിത്രത്തിൽ അഹങ്കരിക്കുന്നതിൽ വിസ്മയിക്കാനൊന്നുമില്ല. അതിനോടുള്ള ബഹുമാനം പുരാതനവും പ്രചോദനാത്മകവുമായ ആരാധനാക്രമങ്ങളിൽ വ്യതിയാനം വരുത്തുവാൻ അവളെ അനുവദിക്കുന്നില്ല.

പടയാളികൾ അവരുടെ പടച്ചട്ട ധരിക്കുന്നു. പ്രധാന സന്ദർഭങ്ങളിൽ ഏററം മികച്ച വസ്ത്രങ്ങളാണ് അവർ അണിയുക. വെറും സാധാരണ ഉടുപ്പുകൾ ഇട്ടുകൊണ്ട് അ

വർക്കു ജോലി നിർവ്വഹിക്കരുതോ? പിന്നെന്തിനു് ഒരേതര ത്തിലുള്ള വസ്ത്രങ്ങൾതന്നെ അവർ ധരിക്കുന്നു? കാരണമുണ്ടു്. അവർ സാധാരണ വ്യക്തികളല്ല, രാഷ്ട്രത്തിന്റെ കാവൽഭട ന്മാരാണെന്നു് എല്ലാവരും അറിയണം. പട്ടാളക്കാർ അവരുടെ പടച്ചട്ട ധരിക്കുന്നതിനെ ആരും വിമർശിക്കുന്നില്ല. എന്നാൽ, എന്തുകൊണ്ടു് സഭാശുശ്രൂഷികളോടും ഇതേ മനോഭാവംതന്നെ പുലർത്തുന്നില്ല. സഭ വൈദികന്മാരെ തിരുവസ്ത്രങ്ങളണിയിച്ചു് അൾത്താരയിൽ കയറവമ്പോൾ അവർ വെറും സ്വകാര്യ വ്യക്തികളല്ല, പ്രത്യുത, അത്യുന്നതനായ ദൈവത്തിന്റെ ശുശ്രൂ ഷികരാണു്. കനകചഷകങ്ങളും തങ്കവസ്ത്രങ്ങളും മനോഹര മായ ദൈവാലയങ്ങളുമെല്ലാം ദൈവത്തിന്റെ ബഹുമാനത്തി നായിട്ടാണു് എന്ന യാഥാർത്ഥ്യം പലരും വിസ്മരിക്കുന്നു.

ഇതു സ്പഷ്ടമാക്കുവാൻ പര്യാപ്തമായ ഒരു കൃത്യമാണു മാർപ്പാപ്പയുടെ കിരീടധാരണസമയത്തു നടക്കുന്നതു്. പുതു തായി തിരഞ്ഞെടുക്കപ്പെട്ട ക്രിസ്തുവിന്റെ പ്രതിപുരുഷനെ വിശു ദ്ധപത്രോസിന്റെ ദൈവാലയത്തിലേക്കു് ആഘോഷപൂർവ്വം ആ നയിച്ചതിനുശേഷം അദ്ദേഹത്തിന്റെ മുൻപിൽ ഒരു പട്ടുനൂൽ ചരടു കത്തിക്കപ്പെടുന്നു. "പരിശുദ്ധപിതാവേ! ലോകബഹു മാനം ഇപ്രകാരം കടന്നുപോകുന്നു" എന്നു് ആ സമയത്തു് അടുത്തു നില്ക്കുന്ന കർദ്ദിനാൾ പറയുകയും ചെയ്യുന്നു.

'ക്രിസ്തു ദരിദ്രനായിരുന്നു. ലളിതജീവിതമാണു് അവി ടുന്നു നയിച്ചിരുന്നതു്. ആർഭാടവും ആഡംബരവുമൊന്നും അ ദ്ദേഹത്തിനു കാൺമാനില്ലായിരുന്നു' എന്നു പറയുന്നവർ അനു സ്മരിക്കണം, സ്വമനസ്സാ ദാരിദ്ര്യവ്രതം സ്വീകരിച്ച ക്രിസ്തുവിനെ മാത്രമല്ല, സ്വന്തം ഇഷ്ടത്താൽ കഷ്ടപ്പാടുകൾ സഹിച്ചശേഷം സ്വർഗ്ഗീയമഹിമയിൽ വാണരുളുന്ന രാജാവായ ക്രിസ്തുവിനെ കൂടി ബഹുമാനിക്കുവാനത്രേ ബാഹ്യാഡംബരങ്ങൾ എന്നു്.

മഗ്ദലനമറിയം പരിമളദ്രവ്യംകൊണ്ടു ക്രിസ്തുവിൻെറ പാദങ്ങൾ അഭിഷേകംചെയ്തപ്പോൾ യൂദാസ് ആ കൃത്യത്തെ വിമർശിച്ചു. എന്നാൽ, ദിവ്യരക്ഷകൻ അവളുടെ പ്രവൃത്തി നീതീകരിക്കുകയാണു ചെയ്തതു്.

നമ്മുടെ ആരാധനാക്രമം ആകർഷകവും ഹൃദ്യവുമെന്നതു നിസ്തക്കംതന്നെ. പത്രോസിൻെറ കാലത്തു വത്തിക്കാൻ അരമന ഇല്ലായിരുന്നു എന്നതും സത്യം. എന്നാൽ, പത്രോസ് സ്ലീഹാ ഇന്നു തൻെറ ശവകുടീരത്തിൽനിന്നു പുറത്തു വരികയാണെങ്കിൽ ഗംഭീരമായ വത്തിക്കാൻകൊട്ടാരം കണ്ടു് അത്ഭുതപ്പെട്ടുകയില്ല; അതിൽ അമർഷം പ്രകടിപ്പിക്കയുമില്ല. തൻെറ പിൻഗാമിയായി വാണരുളുന്ന ഇന്നത്തെ മാർപ്പാപ്പയോടു് അദ്ദേഹം ഏതാണ്ടു് ഇപ്രകാരം പറയും: 'സഹോദരാ! പണ്ടു ഞാൻ അടിസ്ഥാനക്കല്ലായിരുന്നതുപോലെ ഇപ്പോൾ അടിസ്ഥാനക്കല്ലായിരിക്കുന്ന നിങ്ങളെ ഞാൻ അനുമോദിക്കുകയാണു്. പത്തൊൻപതു നൂററാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. മനുഷ്യരെ സംബന്ധിച്ചിടത്തോളം ഇതൊരു നീണ്ട കാലഘട്ടംതന്നെ. എന്നാൽ, "ദൈവത്തിനു് ആയിരം വർഷങ്ങൾ ഇന്നലെ കഴിഞ്ഞ ദിവസംപോലെയാണു്." (സങ്കീർത്ത. 89: 4) മനുഷ്യജീവിതത്തിൽ വൻപിച്ച പരിവത്തനങ്ങൾ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. എൻെറ വസ്ത്രധാരണം, വാസസ്ഥലം, ഭാഷ ഇവയെല്ലാം നിങ്ങളുടേതിൽനിന്നും തികച്ചും വ്യത്യസ്ഥമാണു്. അങ്ങനെ പല കാര്യങ്ങളും എൻെറ കാലത്തേതിൽനിന്നു് ഇന്നു വിഭിന്നമായിരിക്കുന്നു. എന്നാൽ, ഒരു സംഗതിയിൽ, വിശ്വാസത്തിൽ, നാം തുല്യരാണു്. ക്രിസ്തുവിനെക്കുറിച്ചും രക്ഷാകരകൃത്യത്തെക്കുറിച്ചുമുള്ള നിങ്ങളുടെ പ്രബോധനങ്ങൾ എൻേറതുതന്നെ.

'ക്രിസ്തുവിനെപ്രതി നീറോക്കെതിരായി ഞാൻ നിന്നെങ്കിൽ, ഇന്നത്തെ നീറോമാർക്കെതിരായി അതേ നിലപാടു

താങ്കളും സ്വീകരിക്കുന്നു. കത്തോലിക്കാസഭയിൽ ഇന്നു കാണുന്ന ആരാധനാക്രമങ്ങളും വിലപ്പിടിപ്പുള്ള തിരുവസ്ത്രങ്ങളും തിരുനാളുകളും തീർത്ഥാടനങ്ങളുമെല്ലാം ക്രിസ്തു നട്ട വിത്തിൻെറ സ്വാഭാവികവളർച്ചയുടെ ഫലങ്ങൾ മാത്രമാണ്.'

സഭ ലൌകായതികതത്വത്തിൽ മുഴുകിപ്പോയെന്ന് ഒരു കൂട്ടർ പറയുമ്പോൾ, അവൾ കാലത്തിനൊത്തു പുരോഗമിക്കുന്നില്ല, മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൻെറ ചിന്താഗതി മനസ്സിലാക്കുന്നില്ല എന്നാണു മറ്റൊരു കൂട്ടരുടെ ആവലാതി. ലോകം എല്ലാക്കാലത്തും സഭയെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുതതന്നെ കത്തോലിക്കാസഭ ലൌകികമായ ഒരു സ്ഥാപനമല്ല എന്നു വ്യക്തമാക്കുന്നു. ക്രിസ്തുനാഥൻ തൻെറ അനുഗാമികൾക്കു മുന്നറിയിപ്പു നല്കി: "നിങ്ങൾ ലോകത്തിൽനിന്നുള്ളവരായിരുന്നുവെങ്കിൽ ലോകം സ്വന്തമായുള്ളതിനെ സ്നേഹിക്കുമായിരുന്നു, എന്നാൽ നിങ്ങൾ ലോകത്തിന്നടുത്തവരല്ലാത്തതിനാൽ ..... ലോകം നിങ്ങളെ ദ്വേഷിക്കുന്നു." (വി. യോഹ. 15: 19) ക്രിസ്തുവിൻെറ സഭ ഇന്നും അതിക്രൂരമായവിധം മർദ്ദിക്കപ്പെടുന്നു. സഭ ഭൌതികതത്വങ്ങളിലേക്കു് ഇടിഞ്ഞിറങ്ങിയില്ല എന്ന ആരോപണത്തിന്നു് ഇതിൽ കൂടുതൽ എന്തു തെളിവാണു വേണ്ടതു്?

സഭാചരിത്രത്തിൽ ഇരുണ്ട വശങ്ങൾ ധാരാളം ഉണ്ടെന്നുള്ളതു ശോചനീയംതന്നെ. തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യരെ സഭയുടെ സൂക്ഷിപ്പുകാരായി നിയമിച്ചതാണിതിനു കാരണം. സഭാചരിത്രത്തെ നിഷ്പക്ഷമായി നിരീക്ഷിക്കുന്ന ഒരുവൻ, സുപ്രസിദ്ധ ലേഖകനായ ബോഗാഡിൻെറ അഭിപ്രായത്തോടു യോജിക്കുകതന്നെ ചെയ്യും. അദ്ദേഹമെഴുതി: "നിത്യത്വത്തിലേക്കുള്ള പ്രയാണത്തിൽ അശക്തരും ബലഹീനരുമായ അനവധിപേർക്കു സഭ സഹായഹസ്തം നീട്ടിക്കൊടുക്കുന്നുണ്ടു്. അവരുടെനേരെ കണ്ണടയ്ക്കുക അവൾക്കു സാദ്ധ്യമല്ല.

നിരവധി പാപികളേയും അവഠ സൽപഥത്തിലൂടെ നയിക്കുന്നു. അവരിൽ പലരും ലക്ഷ്യത്തിൽ എത്തുംമുൻപേ കാലിടറി വീഴുന്നതുകൊണ്ട്, സഭയെപ്പററി തെററായ ഒരറിവാണു മിക്കവർക്കും ലഭിക്കുക. ദുർമ്മാതൃക കാണിച്ചുകൊടുത്തിട്ടുള്ള വളരെപേരെ സഭ അംഗങ്ങളായി സ്വീകരിച്ചിട്ടുണ്ട്. ഇവയെല്ലാം വെൺമയേറിയ അവളുടെ വസ്ത്രത്തിലേ കറുത്ത പാടുകളായി തോന്നിയേക്കാം. എന്നാൽ, ഇവയൊന്നും അവളുടെ സൌന്ദര്യത്തിന് ഒട്ടും കുറവുവരുത്തുന്നില്ല. സഭയുടെ പുരോഗതിക്ക് ഇവ അല്പം തടസ്സമായേക്കാം, അവളുടെ ഉടയാട മലിനപ്പെട്ടാലും അവഠ എപ്പോഴും നിർമ്മലയായിത്തന്നെ നിലകൊള്ളും. ഒരിക്കൽ രക്തത്തിൽ കുളിക്കുകയും മറെറാരിക്കൽ അപഹാസപാത്രമായി പ്രഭയററവനായിത്തീരുകയുംചെയ്ത ക്രിസ്തുവിന്നു ചില സന്ദർഭങ്ങളിൽ സഭ സദൃശയായിത്തീർന്നിട്ടുണ്ട്. രക്ഷകനെപ്പോലെ സഭയും അവഹേളിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ആന്തരികമായി അവഠക്കു യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. സഭയുടെ ശരീരം ഭൂമിയിൽനിന്നുള്ളതാണ്, ആത്മാവു സ്വർഗ്ഗത്തിൽനിന്നും. അങ്ങനെ, വിസ്മയാവഹമായ ഒരു സ്ഥാപനമായി അവഠ നിലകൊള്ളുകയാണു്."

## പതിന്നാലാം അദ്ധ്യായം

# സഭയുടെ സംഭാവനകൾ.

നടപടിപ്പുസ്തകത്തിൽ ക്രിസ്തുനാഥന്റെ ജീവിതത്തെ സംക്ഷേപിക്കുന്ന ഒരു വാചകമുണ്ട്. "നന്മചെയ്തുകൊണ്ടു് അവൻ ചുററിസ്സഞ്ചരിച്ചു." (നടപടി. 10: 38) അതേ, അവിടുത്തെ ജീവിതം സൽപ്രവൃത്തികളുടെ ഒരു സമാഹാരമായിരുന്നു.

കത്തോലിക്കാസഭ ക്രിസ്തുവിന്റെ ഭൗതികശരീരമാണു്. അവളിലൂടെ ക്രിസ്തു ഇന്നും നമ്മുടെയിടയിൽ ജീവിക്കുന്നു. "നന്മചെയ്തുകൊണ്ടു ചുററിസ്സഞ്ചരിച്ചു" എന്ന വേദവാക്യം സഭയെക്കുറിച്ചും അന്വത്ഥമാണു്. ക്രിസ്തീയസംസ്കാരത്തേയും നാഗരികതയേയും പററിയെല്ലാം പലപ്പോഴും നാം കേൾക്കാറുണ്ടു്. സാംസ്കാരികമണ്ഡലത്തിലുള്ള സഭയുടെ മുതൽക്കൂട്ടുകളെ നമുക്കൊന്നു പരിശോധിക്കാം. പതിമ്മൂന്നാം ലെയോ മാർപ്പാപ്പയുടെ 'ഇൻസ്ക്രൂത്താബിലി' എന്ന ചാക്രികലേഖനത്തിൽ സഭയെ നാഗരികത്വത്തിന്റെ പെററമ്മയായി ചിത്രീകരിച്ചിരിക്കുന്നു. ഇതിൽ അതിശയോക്തി ഒട്ടുമില്ല. സാംസ്കാരികരംഗത്തു മനുഷ്യസമുദായത്തിന്നു് ഇത്രയധികം സംഭാവനകൾ നല്കിയിട്ടുള്ള വേറൊരു സ്ഥാപനവും ലോകത്തിലില്ല. പാശ്ചാത്യയൂറോപ്പിന്റെ ആന്തരികചൈതന്യത്തിനു രൂപംകൊടുത്തതു കത്തോലിക്കാസഭയാണെന്നു ഫാൾമെരയർ എന്ന ഗ്രന്ഥകാരൻ പ്രസ്താവിച്ചിരിക്കുന്നു.

## സഭ ക്രിസ്തുവിൻെറ പ്രബോധനങ്ങളെ അഭംഗം പരിരക്ഷിക്കുന്നു.

സഭയുടെ സേവനങ്ങളിൽവച്ച് ഏററവും പ്രാധാന്യമർഹിക്കുന്നതു് അവർ ക്രിസ്തുവിൻെറ പ്രബോധനങ്ങളെ കളങ്കം പററാതെ സൂക്ഷിക്കുന്നുവെന്നതാണ്.

ക്രിസ്തുവിനെക്കൂടാതെ ക്രിസ്തുമതമില്ല. ലോകത്തിലേക്കൊന്നു കണ്ണോടിക്കൂ. കത്തോലിക്കാസഭയിലൊഴിച്ചു മറെറല്ലായിടത്തും ക്രിസ്തുവിന് എന്തോ കുറവുള്ളതായിട്ടാണ് അനുഭവപ്പെടുക. ഒന്നുകിൽ എന്തെങ്കിലും കൂട്ടിച്ചേർത്തു്, അല്ലെങ്കിൽ, എന്തോ ചിലതെല്ലാം വെട്ടിക്കുറച്ച് അവിടുത്തെ സൗന്ദര്യത്തെ നശിപ്പിച്ചിട്ടുണ്ട്. ക്രിസ്തു ദൈവമാണെന്ന യാഥാർത്ഥ്യം ആരിയൂസ് നിഷേധിച്ചു, ക്രിസ്തുവിൽ വ്യക്തി ഒന്നേയുള്ളുവെന്നു സമ്മതിക്കുവാൻ നെസ്തോറിയസ് തയ്യാറല്ലായിരുന്നു. എവുത്തീക്കൂസിൻെറ അഭിപ്രായത്തിൽ ക്രിസ്തുവിന് ഒരു സ്വഭാവമേയുള്ളു. മാനുഷികമായ ഒരു സ്വതന്ത്രമനസ്സ് അവിടുത്തേക്ക് ഇല്ലായിരുന്നുവെന്നാണു സേർജിയൂസിൻെറ അഭിമതം. അദ്ദേഹത്തിനു മനുഷ്യാത്മാവില്ലായിരുന്നുവെന്ന് അപ്പോളിനരിയൂസും മനുഷ്യശരീരമില്ലാത്തവനായിരുന്നുവെന്നു ബസിലിദെസും വാദിച്ചു. ഈ അബദ്ധതത്വങ്ങളെയെല്ലാം ചെറുത്തു്, ക്രിസ്തുവിൻെറ അമൂല്യതത്വങ്ങളെ അഭംഗം നിലനിർത്തുവാൻ സഭ വളരെയേറെ പണിപ്പെട്ടിട്ടുണ്ട്.

പലവിധത്തിലുള്ള ശത്രുക്കൾ സഭയ്ക്കെതിരായി ചന്ദ്രഹാസമിളക്കി. ക്രിസ്തുവെന്നൊരാൾ ജീവിച്ചിരുന്നേയില്ല എന്നൊരു കൂട്ടർ വിതണ്ഡാവാദം മുഴക്കിയപ്പോൾ, ബൈബിൾ വെറും കെട്ടുകഥയാണെന്നു മററുചിലർ ജല്പിച്ചു. ഏതാനും ചിലരുടെ വീക്ഷണത്തിൽ ക്രിസ്തുനാഥൻ ഒരു വെറും ഇന്ദ്രജാല

ക്കാരനാണ്; മതഭ്രാന്തനാണ്. ലോകത്തിലെ ഒന്നാമത്തെ സോഷ്യലിസ്റ്റായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നവരും കുറവല്ല. ക്രിസ്തുവിന്നെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്കെല്ലാം ചുട്ട മറുപടി കൊടുത്തു് അവിടുത്തെ വ്യക്തിത്വത്തെ കാത്തു സൂക്ഷിച്ചതു കത്തോലിക്കാസഭയാണ്.

ഏററം ഭയപ്പെടേണ്ട ഒരു ശത്രു ഇന്നു തലപൊക്കിയിരിക്കുന്നു: അവിശ്വാസം, സംഘടിതമായ ദൈവനിഷേധം. നിരീശ്വരത്വപ്രസ്ഥാനത്തിൻെറ അക്രമപ്രസക്തമായ പ്രവർത്തനങ്ങളെപ്പററി കേട്ടിട്ടില്ലാത്തവർ ആരാണ്? ഹങ്കറിയിൽ ഒരാചാരമുണ്ടായിരുന്നു: രണ്ടുപേർ തമ്മിൽ കണ്ടുമുട്ടുമ്പോൾ "ദൈവം നിങ്ങളോടുകൂടെ" എന്ന് അഭിവാദനംചെയ്യുക. "നിങ്ങളുടേയുംകൂടെ" എന്ന് അപരൻ ഉത്തരിക്കും. എന്നാൽ, സോവ്യററ് റഷ്യയിൽ രണ്ടുപേർ പരസ്പരം കാണുമ്പോൾ, ദൈവം ഇല്ല എന്നു പറയുവാനാണ് ഒരുവൻ മുതിരുക. അപ്പോൾ, മറേറയാൾ മറുപടിനല്കും: അങ്ങനെയൊരാൾ ഉണ്ടായിരുന്നുമില്ല—ഇനി ഉണ്ടാവുകയുമില്ല.

നാസ്തികരുടെ പ്രസിദ്ധീകരണങ്ങളിൽ എപ്പോഴും വിമർശനത്തിനു വിധേയനാകുന്ന ഒരു വ്യക്തിയുണ്ട്—മാർപ്പാപ്പ. റഷ്യൻ സ്കൂളുകളിലെ പാഠപുസ്തകങ്ങൾ കത്തോലിക്കാസഭയെക്കുറിച്ചുള്ള അപവാദങ്ങളും അധിക്ഷേപങ്ങളുംകൊണ്ടു നിറച്ചിരിക്കുന്നു. കാരണം, കമ്മ്യൂണിസത്തിൻെറ പുരോഗതിക്ക് ഏക തടസ്സം സഭയാണെന്നു റഷ്യ ശരിക്കു മനസ്സിലാക്കിക്കഴിഞ്ഞു. ക്രിസ്തുവിനെ മനുഷ്യമനസ്സിൽനിന്നു തുടച്ചുമാററുവാൻ ബദ്ധപ്പെടുന്ന കമ്മ്യൂണിസ്റ്റ്കൾക്ക്, കത്തോലിക്കാസഭയിലൂടെ അവിടുന്ന് ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നു ബോധപ്പെട്ടിരിക്കയാണ്. പ്രവാചകന്മാർ അറിയിച്ച കാലത്തിൻെറ തികവിൽ മനുഷ്യനായി പിറന്ന, കൂദാശകൾ സ്ഥാപിച്ച, കല്പനകൾ നല്കിയ, അനുഗ്രഹങ്ങൾ ചൊരിഞ്ഞ

ക്രിസ്തു ഇന്നും തൻെറ മനുഷ്യത്വത്തോടും ദൈവത്വത്തോടും കൂടി സഭയിൽ കാണപ്പെടുന്നു. "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിച്ച്, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ മാമോദീസാ മുക്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ." (വി. മത്താ. 28: 19, 20)

സഭ ജനങ്ങളെ ക്രിസ്തുവിൻെറ അനുശാസനങ്ങൾ പഠിപ്പിക്കുന്നു, അവരെ വിശുദ്ധീകരിക്കുകയും നിത്യായുസ്സിലേക്കു നയിക്കുകയും ചെയ്യുന്നു. ഇവയിലാണു സഭയുടെ വിജയം. ക്രിസ്തുവിൻെറ ജീവിതം സഭയിലൂടെ തുടരുകയാണ്. മനുഷ്യനെ പവിത്രീകരിച്ചു ദൈവത്തിങ്കലേക്ക് അടുപ്പിക്കുക എന്നതായിരുന്നു അവിടുത്തെ മനുഷ്യാവതാരോദ്ദേശ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി സഭ പ്രാർത്ഥിക്കുന്നു; പ്രസംഗിക്കുന്നു; ബലിസമർപ്പിക്കുന്നു; കൂദാശകൾ അനുഷ്ഠിക്കുന്നു. മനുഷ്യർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണു ക്രിസ്തു ലോകത്തിലേക്കു വന്നതു്. (വി. യോഹ. 10: 10)

സഭ ലോകത്തിനു ചെയ്തിട്ടുള്ള സേവനങ്ങൾ എത്രമാത്രമെന്നറിയണമെങ്കിൽ, സഭയെക്കൂടാതെയുള്ള ലോകത്തിൻെറ സ്ഥിതി ഒന്നു ചിന്തിച്ചുനോക്കിയാൽ മതി. മനുഷ്യനു വിശ്വാസം നശിച്ചാലുള്ള സ്ഥിതി എന്തായിരിക്കും—സ്രഷ്ടാവിലും, ദൈവപരിപാലനയിലും, രക്ഷയിലും ശിക്ഷയിലും, ദൈവത്തിൻെറ സ്നേഹത്തിലും കാരുണ്യത്തിലുമുള്ള വിശ്വാസം നശിച്ചാലുള്ള സ്ഥിതി! ക്രിസ്തു നമ്മുടെഇടയിൽനിന്നു് അപ്രത്യക്ഷനായാൽ എന്താണു സംഭവിക്കുക ? ക്രിസ്തുവിനെ വിളംബരംചെയ്യുവാൻ ഒരു സഭയില്ലായിരുന്നുവെങ്കിൽ മററു ചരിത്രപുരുഷന്മാരെപ്പോലെ അദ്ദേഹവും നൂററാണ്ടുകളുടെ പൊടിപടലത്തിൽ തിരോഭവിച്ചുപോകുമായിരുന്നു. രക്ഷാകരകർമ്മത്തിൻെറ സൽഫല

ങ്ങളെ പ്രദാനംചെയ്യുന്ന കൂദാശകൾ നാമാവശേഷമായാലുള്ള അവസ്ഥ എന്തായിരിക്കും? നമ്മുടെ ആത്മാക്കൾ ഉണങ്ങിശുഷ്കിച്ചുപോകുകതന്നെ ചെയ്യും. എന്നാൽ, സഭയുടെ പരിലാളനയുള്ളതുകൊണ്ട് അവയൊന്നും മനുഷ്യഗണത്തിനു നഷ്ടപ്പെടുകയില്ല. ഇതിൽനിന്നെല്ലാം അവളുടെ സേവനങ്ങൾ വ്യക്തമാണ്. "നന്മചെയ്തുകൊണ്ടു ... ... ചുററിസ്സഞ്ചരിച്ചു" എന്നു സഭയെക്കുറിച്ചു തീർത്തുപറയാം.

## സഭ സന്മാർഗ്ഗത്തിൻെറ സംരക്ഷിക

സന്മാർഗ്ഗസംരക്ഷണത്തിനുവേണ്ടി സഭ നിലകൊള്ളുന്നു. ക്രൈസ്തവചൈതന്യത്തിനു തികച്ചും വിരുദ്ധമായ, സദാചാരബോധത്തിൻെറ അടിത്തറയിളക്കുന്ന കൊടുംകാററുകൾ ലോകത്തിൽ ആഞ്ഞടിച്ചിട്ടുണ്ട്. അപ്പോളെല്ലാം സഭ സുദൃഢം, സുധീരം വ്യാപരിച്ചു. ധാർമ്മികനിലവാരം ഇടിഞ്ഞിറങ്ങുമ്പോൾ തത്വശാസ്ത്രജ്ഞന്മാരും രാജ്യതന്ത്രജ്ഞന്മാരും സാമ്പത്തികധുരന്ധരന്മാരുമെല്ലാം സന്മാർഗ്ഗികമൂല്യങ്ങളെയിട്ടു പന്താടുമ്പോൾ തിന്മയുടെ തിരമാലകൾക്കുമദ്ധ്യേ സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ടു അചഞ്ചലയായിത്തന്നെ സഭ നിലകൊള്ളുന്നു.

കക്ഷിരാഷ്ട്രീയത്തിൽ കൈകടത്തുവാൻ സഭ ഇഷ്ടപ്പെടുന്നില്ല. എന്നാൽ, സാമൂഹികജീവിതത്തിൻെറ അടിസ്ഥാനക്കല്ലായ സാന്മാർഗ്ഗികനിയമങ്ങളെ സംബന്ധിച്ചിടത്തോളം അവൾ വളരെ ശ്രദ്ധാലുവാണ്. നിസ്സാരമായ സന്മാർഗ്ഗഭംഗംപോലും സഭ സഹിക്കുകയില്ല. നീറോ, നെപ്പോളിയൻ, ഹെൻട്രി പ്രഭൃതികളുടെ നീചകൃത്യങ്ങളെ പരസ്യമായി പ്രഖ്യാപിക്കുന്നതിൽ അവൾക്കു യാതൊരു സങ്കോചവുമില്ല. ഹേറോദേസിനോടു വി. യോഹന്നാൻമാംദാനാ പറഞ്ഞ വാക്കുകൾതന്നെയാണ് അവരോടും സഭ ആവർത്തിക്കുക: "നിനക്കിതു് അനുവദനീയമല്ല." (വി. മർക്കോ. 6: 18)

തെററായ തത്വശാസ്ത്രത്തിന്റേയും വഴിപിഴച്ച ആദർശങ്ങളുടേയും പിറകെ ലോകം പോകുമ്പോളൊക്കെയും സഭ അതിനെതിരായി സ്വരമുയർത്തും. നിർഭാഗ്യവശാൽ പലരും അവളുടെ ആഹ്വാനത്തെ ശ്രവിച്ചില്ലെന്നു വരാം. എങ്കിലും, ഒരു മുന്നറിയിപ്പു തങ്ങൾക്കു ലഭിച്ചില്ലെന്നു് ആർക്കും ആവലാതിപ്പെടുവാൻ കഴിയുകയില്ല.

അങ്ങനെ, ലോകത്തെ നിയന്ത്രിക്കുന്ന ഒരു സാംസ്കാരിക ഘടകമായിത്തീർന്നിരിക്കുകയാണു സഭ. സംസ്കാരം (അതിന്നു നിശ്ചിതമായ ഒരു നിർവ്വചനം കൊടുക്കുക അത്ര എളുപ്പമല്ലെങ്കിലും) മനുഷ്യപ്രകൃതിയുടെ സംപൂർണ്ണമായ സമുദ്ധാരണത്തിനും, ഉന്നമനത്തിനും ഉൽക്കർഷത്തിനും പ്രേരകമാകുന്നു എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുമെന്നു തോന്നുന്നു. എങ്കിൽ, കത്തോലിക്കാസഭ ഏററം ശക്തവും വിലപ്പെട്ടതുമായ സാംസ്കാരികഘടകമത്രേ. കാരണം, അവളുടെ സ്ഥാപകനായ ക്രിസ്തു മനുഷ്യനിൽ ഉൽകൃഷ്ടമായ ഒരാദ്ധ്യാത്മികജീവിതത്തിനുള്ള അഭിലാഷം ഉണർത്തിവിട്ടു. അവിടുന്നു ലോകത്തിലേക്കു വന്നതു് മനുഷ്യർക്കു "ജീവനുണ്ടാകുന്നതിനും, അതു വർദ്ധമാനമാകുന്നതിനും" ആണു്. (വി. യോ. 10: 10) സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ. (വി. മത്തേ. 5: 48)

മനോഹരമായ ഈ വിശ്വാസസംഹിത അനേകരെ വിശുദ്ധരാക്കിയിട്ടുണ്ടു്. കൂദാശകൾവഴി ലഭിക്കുന്ന ദൈവപ്രസാദത്തിന്റെ സഹായത്താൽ അവർ തങ്ങളുടെ ബലഹീനവും പാപോന്മുഖവുമായ മനുഷ്യപ്രകൃതിയെ വിശുദ്ധിയുടെ കൊടുമുടിയിലേക്കു സമുദ്ധരിച്ചു. സഭയുടെ വിശുദ്ധന്മാർവഴി നമുക്കു ലഭ്യമാകുന്ന നന്മകൾ നിരവധിയാണു്. തിന്മയുടെ ഈ ഇരുണ്ട താഴ്‌വരയിലേ വെള്ളിവിളക്കുകളാണവർ. നിരാശയിലാ

ഴുമ്പോൾ, ആകുലചിത്തരാകുമ്പോൾ നമുക്കു കണ്ണുകളുയർത്താവുന്ന ആശാശൃംഗങ്ങളാണവർ.

സഭയുടെ വിട്ടുവീഴ്ചയില്ലാത്ത ധാർമ്മികനിലപാട് എന്തിനെന്നു നമുക്കിപ്പോൾ മനസ്സിലാക്കുവാൻ കഴിയും. അവളുടെ ഈ ധാർമ്മികനിഷ്ഠനിമിത്തം സംസ്കാരത്തിൻേറയും ഭൗമികസന്തോഷങ്ങളുടേയും ഘോരശത്രുവായി അവൾ താറടിക്കപ്പെടുന്നു. എന്നാൽ, ഭൗമികസംസ്കാരത്തിനും ജഡികസന്തോഷത്തിനും വിലങ്ങടിച്ചുനില്ക്കുന്നു എന്നു തോന്നിക്കുന്ന സഭാനിയമങ്ങൾ വാസ്തവത്തിൽ സംസ്കാരത്തിൻെറ നെടുംതൂണുകളാണെന്നു വിശ്വസിക്കുന്ന ചിന്തകരുടെ എണ്ണം ഇന്ന് ഏറിയേറിവരുകയാണ്.

ഞായറാഴ്ച വിശുദ്ധമായി ആചരിക്കണമെന്ന പ്രബോധനം മനുഷ്യപ്രയത്നത്തെ തടസ്സപ്പെടുത്തുന്നു എന്നൊരു ചിന്താഗതി ചിലരിൽ കടന്നുകൂടിയിരുന്നു. എന്നാൽ, ഇന്ന് അതിനു വലിയൊരു മാററം സംഭവിച്ചിട്ടുണ്ട്. മനുഷ്യൻ വിശ്രമമില്ലാതെ പണിയെടുക്കേണ്ട ഒരു യന്ത്രമല്ല. അവന് അനശ്വരമായ ഒരാത്മാവുണ്ട്. ഞായറാഴ്ചത്തേ വിശ്രമം ആത്മാവിനും ശരീരത്തിനും ഒരുപോലെ ശക്തിയും ഉന്മേഷവും പകന്നുകൊടുക്കും എന്ന യാഥാത്ഥ്യത്തെ ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. സാംസ്കാരികാഭിവൃദ്ധിക്കു സഭ ഒരുനാളും വിലങ്ങുതടിയായി നിന്നിട്ടില്ല. ബാഹ്യപ്രവത്തനങ്ങളിൽ മാത്രം ആമഗ്നമായി, ആന്തരികമായവയെ പരിപൂണ്ണമായി വിസ്മരിച്ചുകൊണ്ടുള്ള മനുഷ്യൻെറ ജീവിതസമ്പ്രദായത്തോടാണു ക്രിസ്തുമതത്തിനു പിണക്കം. സംസ്കാരത്തിനുവേണ്ടിയല്ല മനുഷ്യൻ; മനുഷ്യനുവേണ്ടിയാണു സംസ്കാരം. സഭാതത്വങ്ങളുടെ വെളിച്ചത്തിൽ സംസ്കാരത്തെ വീക്ഷിച്ചാൽ അബദ്ധത്തിൽ ചെന്നുചാടേണ്ടിവരില്ല.

ആറാം പ്രമാണത്തെസ്സംബന്ധിച്ച് സഭ സ്വീകരിച്ചിട്ടുള്ള

കർശനനിയമങ്ങൾ പലർക്കും സഹിക്കവയ്യാ. കാരണം, ഐഹിക സന്തോഷങ്ങളെ ആവോളം ആസ്വദിക്കുവാൻ അവർ അനുവദിക്കുന്നില്ല. വാസ്തവത്തിൽ, സഭ ഇക്കാര്യത്തിൽ തെല്ലൊരു വിട്ടുവീഴ്ച കാണിച്ചിരുന്നെങ്കിൽ മനുഷ്യരാശിയുടെ സ്ഥിതി എന്താകുമായിരുന്നെന്നു ശാരീരികവും മാനസ്സികവുമായ രോഗങ്ങളാൽ പീഡിതരായവരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ആശുപത്രികളും ആതുരശാലകളും ഭ്രാന്താലയങ്ങളും സൂചനതരുന്നുണ്ട്.

ഇനിയും ഒരുകൂട്ടർ ചോദിക്കുകയാണ്, ഉപവാസകാര്യത്തിൽ സഭ എന്തിന് ഇത്ര നിഷ്കർഷ കാണിക്കുന്നുവെന്ന്? 'അനുവദനീയമായ ആനന്ദംപോലും ആസ്വദിക്കുവാൻ പാടില്ലെന്നോ?' അതിനുത്തരമിതാണ്: ഒരുവൻെറ അനുദിനകൃത്യങ്ങൾക്കു വിഘ്നംവരാതിരിക്കാൻ ഉപവാസനിയമങ്ങൾ സഭ ലഘൂകരിച്ചിട്ടുണ്ട്. എന്നാൽ, ആത്മനിയന്ത്രണം കർശനമാക്കാനും, അങ്ങനെ ആത്മാവിനെ ശക്തമാക്കാനും ഉപവാസം പ്രയോജനകരമാണ്. സുഖാസ്വാദനങ്ങളെ അല്പമൊക്കെ ഉപേക്ഷിക്കുകകൊണ്ട് ആത്മാവിനു ശരീരത്തിൻെറമേൽ നിയന്ത്രണം സമ്പാദിക്കുവാൻ സാധിക്കും. അതുകൊണ്ടത്രേ വെള്ളിയാഴ്ചയും മററും നാം മാംസം വർജ്ജിക്കുക.

പ്രിയരേ, സഭയുടെ നയം എപ്പോഴും നിർമ്മാണാത്മകമാണ്. ചിലപ്പോഴൊക്കെ അവളുടെ പ്രബോധനങ്ങൾ കർശനങ്ങളും അസ്വാഭാവികങ്ങളുമായി തോന്നുമെങ്കിലും, യഥാർത്ഥത്തിൽ അവ മനുഷ്യനെ ഉന്നതമായ ലക്ഷ്യത്തിൽ എത്തിക്കുക തന്നെ ചെയ്യും. ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ അഭിവൃദ്ധിയുടെ ലക്ഷണങ്ങൾ എന്നു തീർത്തുപറയുക സാധ്യമല്ല. എന്നാൽ, പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യവും വികാരങ്ങളുടെമേലുള്ള വിജയവും അഭിവൃദ്ധിയുടെ സുനിശ്ചിതമായ സൂചനങ്ങൾതന്നെയാണ്.

### സഭ മനുഷ്യസമുദായത്തെ സമുദ്ധരിക്കുന്നു.

സാമൂഹിക ജീവിതനിലവാരത്തെ ഉയർത്തുവാൻ സഭ എപ്രകാരം സഹായകമായി ഭവിക്കുന്നു എന്നതാണ് അടുത്ത ചിന്താവിഷയം. പ്രധാനമായി അധികാരവിധേയത്വം പരിഗണിക്കാം. അധികാരത്തോടുള്ള ബഹുമാനം കൂടാതെ മനുഷ്യർ ചേർന്നുള്ള യാതൊരു സംഘടനയ്ക്കും നിലനില്ക്കുക സാധ്യമല്ല. അധികാരികളെ അനുസരിക്കണമെന്ന കാര്യത്തിൽ കത്തോലിക്കാസഭ കാണിക്കുന്ന നിഷ്ക്കർഷ ആക്കും അറിവുള്ളതാണ്. "എല്ലാവരും മേലുള്ള അധികാരികൾക്കു കീഴ്‌വഴങ്ങട്ടെ. ദൈവത്തിൽനിന്നല്ലാതെ യാതൊരധികാരവുമില്ല." വി. പൗലോസ്ശ്ലീഹയുടെ പ്രസ്തുത വാക്കുകളാണ് ഇക്കാര്യത്തിൽ സഭയുടെ ആദർശം. മററു യാതൊരു മതത്തിലും അതിൻെറ അനുയായികൾ പൗരോഹിത്യത്തോട് ഇത്രമാത്രം ആദരം പ്രകടിപ്പിച്ചുകാണുന്നില്ല. മാർപ്പാപ്പമാരുടേയും മെത്രാന്മാരുടേയും വൈദികന്മാരുടേയും അധികാരം അപ്പസ്തോലന്മാരിൽനിന്നു ലഭിച്ചിട്ടുള്ളതാണെന്ന് ഒരു കത്തോലിക്കനറിയാം. അയാൾ ഒരു പുരോഹിതനെ ബഹുമാനിക്കുമ്പോൾ അപ്പസ്തോലന്മാരുടെ പിൻഗാമികളെയാണു ബഹുമാനിക്കുക. മാർപ്പാപ്പയ്ക്കു തലകുനിക്കുമ്പോൾ പത്രോസിൻെറ പിൻഗാമിയെ ആണ് ആചാരംചെയ്യുക.

പാപ്പായ്ക്കെതിരായി സ്വരമുയർത്തി അദ്ദേഹത്തെ അനുസരിക്കുന്നതിൽനിന്നു തെന്നിമാറിയവരുടെ ചരിത്രം പഠിക്കുമ്പോൾ അദ്ദേഹത്തിൻെറ അധികാരവലിപ്പം കുറച്ചുകൂടി വ്യക്തമായി നമുക്കു മനസ്സിലാകും. പാപ്പയിൽനിന്ന് അകന്നുമാറിയ ഒരു ഗണം ജീവനററു മരവിച്ചുപോയി. വേറൊരു ഭാഗം മുന്നൂറിൽപ്പരം ശാഖകളായിത്തിരിഞ്ഞു ശോഷിച്ചുവരികയാണ്. പത്രോസാകുന്ന പാറയിൽ ഉറച്ചുനില്ക്കുന്നവർ മാത്രമേ കാലത്തിൻെറ കൊടുങ്കാററാടികളിൽനിന്നു രക്ഷപ്പെടുന്നുള്ളു. സഭ

യുടെ ദൈവികദൗത്യം അംഗീകരിക്കുന്നവർക്കറിയാം സഭയുടെ അധികാരത്തിനു തലകുനിക്കുക തങ്ങളുടെ കർത്തവ്യമെന്നു്. പരിശുദ്ധാത്മാവിനാൽ അപ്രമാദമാക്കപ്പെട്ട അധികാരസ്വരത്തെ ശ്രവിക്കുന്നതിനു് പരിമിതവും പ്രമാദവിധേയവുമായ മനുഷ്യമനസ്സു സവിനയം തയ്യാറാകേണ്ടതാണു്.

അധികാരത്തേയും സ്വാതന്ത്ര്യത്തേയും എങ്ങനെ സംയോജിപ്പിക്കും എന്ന പ്രശ്നം മനുഷ്യമനസ്സിനെ ആരംഭംമുതൽക്കേ അലട്ടിയിരുന്നു. ഈ ഐക്യം സാധിക്കേണ്ടതു്, സ്വാതന്ത്ര്യത്തെ വിനിയോഗിക്കേണ്ടതു്, അധികാരത്തെ നിഷേധിച്ചുകൊണ്ടല്ല. അധികാരവിധേയത്വം സഭ ആവശ്യപ്പെടുന്നു. ആജ്ഞാപിക്കുന്ന അവൾതന്നെ അനുസരണം അഭ്യസിക്കുന്നു; സഭ ദൈവശാസനത്തിനു കീഴ്പ്പെട്ടതാണു്. അതു നാം വിസ്മരിക്കരുതു്. അധികാരത്തെ ആദരിക്കുവാൻ ശക്തിയായി ഉദ്ബോധിപ്പിക്കുന്ന സഭ വ്യക്തിയുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാൻവേണ്ടി രാഷ്ട്രത്തിന്റെ സർവ്വാധിപത്യത്തോടു ശക്തിയായി പോരാടുന്നുമുണ്ടു്. സഭ അടിമത്തത്തെ എതിർക്കുന്നതിന്റെയും, തുല്യാവകാശങ്ങൾക്കും സർവ്വസാഹോദര്യത്തിനുംവേണ്ടി വാദിക്കുന്നതിന്റെയും, മനഃസാക്ഷിസ്വാതന്ത്ര്യത്തെ ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നതിന്റെയും കാരണം മറെറങ്ങും തിരയേണ്ടതില്ല.

യൂദന്മാരെ മോചിക്കുവാൻ ദൈവനാമത്തിൽ ആവശ്യപ്പെട്ട മോസ്സസ്സിനോടു ഫറവോൻ രാജാവു പറഞ്ഞു: "ആരാണീ കർത്താവു്? അദ്ദേഹത്തിന്റെ സ്വരം ഞാൻ കേൾക്കണമെന്നോ?" (പുറപ്പാടു് 5: 2) ഇതേ വാചകംതന്നെ ഇന്നത്തേ ചില രാഷ്ട്രാധീശന്മാരിൽനിന്നു പുറത്തുവരുന്നുണ്ടു്. എന്നാൽ, ക്രിസ്തു പീലാത്തോസിനോടു പറഞ്ഞ മറുപടിയാണു സഭയ്ക്കു് ഇക്കൂട്ടരോടും ആവർത്തിക്കാനുള്ളതു്: "ഇതിനായിട്ടു്–സത്യത്തിനു സാക്ഷ്യം നല്കുവാനായിട്ടു്–ഞാൻ ലോകത്തിൽ വന്നിരിക്കുന്നു."

(വി. യോഹ. 18: 37.) അനുതപിക്കാഞ്ഞ തിയഡോഷ്യസ് ചക്രവർത്തിയെ അഭിമുഖീകരിക്കാൻ തുനിഞ്ഞ വിശുദ്ധ അംബ്രോസിനേയും ഹൺജനതയുടെ രാജാവായ ആററിലായെ എതിർക്കുവാൻ മുതിന്ന മഹാനായ ലെയോ പുണ്യവാനേയുംപോലെ സഭ സത്യത്തിനും നീതിക്കും അവകാശസംരക്ഷണത്തിനും വേണ്ടി സുധീരം പോരാടിക്കൊണ്ടിരിക്കും. ആധുനികകാലത്തു് ആവിർഭവിച്ച വ്യവസായവത്ക്കരണം തൊഴിലാളികളുടെ ജീവിതനിലവാരം ഇടിച്ചുതാഴ്ത്തിയപ്പോൾ പതിമ്മൂന്നാം ലെയോ മാർപ്പാപ്പയാണു് "റേരും നൊവാരും" എന്ന ചാക്രികലേഖനം വഴി ആ മർദ്ദിതലക്ഷങ്ങൾക്കുവേണ്ടി ശക്തിയായി വാദിച്ചതു്. പിന്നീട്, പതിനൊന്നാം പീയൂസ് മാർപ്പാപ്പയും "ക്വാദ്രജേസിമോ ആനോ" എന്ന തിരുവെഴുത്തു മുഖേന ഈ വിഷയത്തിൽ സഭയുടെ നിശ്ചിതമായ നിലപാടു സ്പഷ്ടമാക്കുകയുണ്ടായി.

ക്രൈസ്തവയൂറോപ്പിലെ നാഗരികതയുടെ ചരിത്രവും, പാശ്ചാത്യസംസ്കാരത്തിൽനിന്നു ലോകത്തിനു കൈവന്നിട്ടുള്ള നന്മകളും പരിശോധിക്കുമ്പോൾ നാം ചോദിച്ചുപോകും, ഈ സാംസ്കാരികോന്നമനം എങ്ങനെ ഉണ്ടായി എന്നു്. കിരാതത്വത്തിൻെറ കൂരിരുട്ടിൽ കിടന്നു വീർപ്പുമുട്ടിയ പേഗൺ ജനതയെ (Barbarians-Pagan tribes of the migration) സുവിശേഷത്തിൻെറ വെളിച്ചത്തിലേക്കു കൊണ്ടുവന്നതാരു്? പരസ്പരം കലഹിച്ചും തലതല്ലിക്കീറിയും മേച്ചിൽസ്ഥലം തേടിനടന്ന നാടോടിജനതയെ (nomad peoples) ശാന്തശീലരും സംസ്കാരസമ്പന്നരും ആക്കിത്തീർത്തതാരു്? ആര്യനിസമോ പ്രോട്ടസ്റ്റാൻറിസമോ ഒന്നുമല്ല, കത്തോലിക്കാസഭയാണു്.

"പിച്ചിലിൽനിന്നും ശാസ്ത്രത്തെ സംരക്ഷിക്കുന്ന ഉപ്പാണു മതം" എന്നു ബേക്കൺ ഒരിക്കൽ പറയുകയുണ്ടായി. ഈ പ്രസ്താവന കത്തോലിക്കാസഭയെക്കുറിച്ചു തികച്ചും അന്വർത്ഥമാണു്.

മനുഷ്യമനസ്സിൻെറ എല്ലാ പ്രവൎത്തനങ്ങളേയും സംശുദ്ധമായി അതു കാത്തുസൂക്ഷിക്കുന്നു. നമ്മുടെ പരലോകജീവിതത്തിൽ സഭ ഔൽസുക്യം പ്രദർശിപ്പിക്കുന്നതോടൊപ്പം ഈലോകജീവിതവും കൂടുതൽ ആനന്ദപ്രദവും സമാധാനപൂൎണ്ണവുമാക്കുന്നതിൽ അവൾ തല്പരയാണു്. അങ്ങനെ നാം സഭയോടു വളരെയധികം കടപ്പെട്ടിരിക്കുന്നു. "മാനസികസംസ്കാരം എത്രമാത്രമെങ്കിലും പുരോഗമിക്കട്ടെ, പ്രകൃതിശാസ്ത്രങ്ങളുടെ ആഴവും പരപ്പും എത്രമാത്രമെങ്കിലും കൂടട്ടെ, മനുഷ്യബുദ്ധി എത്രമാത്രമെങ്കിലും വികസിക്കട്ടെ വിശുദ്ധ സുവിശേഷങ്ങളിൽ ഒളിചിന്നുന്ന പരമോൽകൃഷ്ടമായ ക്രൈസ്തവസംസ്കാരത്തെ അതിലംഘിക്കുക സാധ്യമല്ല" എന്നു ഗേഥെ പറഞ്ഞതു് എന്നും ശരിയായിരിക്കും.

ആത്മീയമായി അധഃപതിച്ച ഒരു വിവശൻ ഒരു സായാഹ്നത്തിൽ ഇററലിയിലെ ഒരു സന്യാസഭവനത്തിൻെറ വാതില്ക്കൽ വന്നു മുട്ടി. "എന്താണു നിങ്ങൾക്കാവശ്യം?" കാവൽക്കാരൻ ചോദിച്ചു. "സമാധാനം" അയാൾ മറുപടി പറഞ്ഞു. സുപ്രസിദ്ധ കവിയായ ടാസ്സോ (Torquato Tasso) ആയിരുന്നു ആ വിവശൻ. ഇന്നു മനുഷ്യവംശം ടാസ്സോയ്ക്കു സദൃശമാണു്. എല്ലാവരും സമാധാനത്തിനുവേണ്ടി ഉഴലുന്നു. എവിടെ അതു കണ്ടെത്താം ? ക്രിസ്തുവിൻെറ സഭയിൽ മാത്രം. കാരണം, ക്രിസ്തുനാഥൻ അവളോടു വാഗ്ദാനംചെയ്തു: "സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു. എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നതു്." (വി. യോഹ. 14: 27)

തിരഞ്ഞെടുക്കപ്പെട്ട ജനത്തോടു് അഗ്ഗേവൂസ് പ്രവാചകൻവഴി ദൈവം പറഞ്ഞ വാക്കുകൾ നമ്മോടും പറയുന്നതായി പരിഗണിക്കാം: "നിങ്ങൾ വളരെയധികം വിതച്ചു, എന്നാൽ, കുറച്ചു ഫലം മാത്രമേ സമ്പാദിച്ചുള്ളു. നിങ്ങൾ ഭക്ഷിച്ചുവെങ്കിലും തൃപ്തരായില്ല; വസ്ത്രം ധരിച്ചുവെങ്കിലും ചൂടു ലഭിച്ചില്ല; വേ

തനം കിട്ടിയവൻ ദ്വാരങ്ങളുള്ള സഞ്ചിയിൽ അവ നിക്ഷേപിച്ചു." (അഗ്ഗേ. 1: 6) ജോബിൻെറ വാക്കുകളിൽ തങ്ങിനില്ക്കുന്ന പരമാത്ഥം നമുക്കു് അനുഭവവേദ്യമായിക്കഴിഞ്ഞു: "പകൽ സമയം അവർ അന്ധകാരവുമായി ഏററുമുട്ടും; മദ്ധ്യാഹ്നത്തിൽ രാത്രിയിലെപ്പോലെ അവർ തപ്പിത്തടയും." (ജോബു് 5: 14)

ബുദ്ധിരാക്ഷസന്മാരുടെ ആവത്തിച്ചുള്ള കോൺഫ്രൻസുകളും രാഷ്ട്രീയവും സാമ്പത്തികവുമായ സംവിധാനങ്ങളും ഒന്നും മെച്ചമായ ഒരു ഭാവിയെ പടുത്തുയത്തുവാൻ പര്യാപ്തമാകയില്ലെന്നു തെളിഞ്ഞിരിക്കുകയാണു്. നീതിയും സ്നേഹവും ധമ്മവും സമാധാനവും ക്രിസ്തുവിൻെറ സഭയിൽനിന്നാണു്. അതേ, "നന്മ ചെയ്തുകൊണ്ടു് ചുററിസ്സഞ്ചരിച്ചു" എന്ന സുവിശേഷവാക്യം 19 നൂററാണ്ടുകളിൽ അന്വത്ഥമാക്കിയ കത്തോലിക്കാസഭയിൽ നിന്നാണു്, നാം പഠിക്കേണ്ടതു്.

നാം നമ്മെത്തന്നെ വഞ്ചിക്കരുതു്. ഈ ലോകം ഒരു പറുദീസയായി ഇനി രൂപാന്തരപ്പെടുകയില്ല. വേദനയും മത്സരവും കഷ്ടപ്പാടും എന്നാളും ഉണ്ടായിരിക്കും. ശാശ്വത സമാധാനം ദൈവരാജ്യത്തിലേ കണ്ടെത്തുവാൻ സാദ്ധ്യമാകൂ. ദുരിതങ്ങളിൽ തളരാതിരിക്കുവാൻ, സ്വാത്ഥവും വിദ്വേഷവും അസൂയയും അധികാരദുർമ്മോഹവും സുഖേച്ഛയുംകൊണ്ടു ഭൂമി നിറയാതിരിക്കുവാൻ ചെയ്യേണ്ടതിതാണു്: എല്ലാ ജാതികളും രാഷ്ട്രങ്ങളും ഏകോദരസഹോദരരെപ്പോലെ മനുഷ്യവംശത്തിൻെറ പൊതുവായ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുക. പരിശുദ്ധവും അനുഗ്രഹീതവുമായ കത്തോലിക്കാസഭയുടെ അനുസരണമുള്ള വിശ്വസ്തരായ മക്കളായി നാം വ്യാപരിക്കുന്നുവെങ്കിൽ ഈ ലക്ഷ്യപ്രാപ്തി സുകരമാകും.

### പതിനഞ്ചാം അദ്ധ്യായം

## സഭയും സംസ്കാരവും

ഒരിക്കൽ ദിവ്യരക്ഷകൻ തന്റെ അനുയായികൾക്കു് അവിസ്മരണീയമായ ഒരു കല്പന നല്കുകയുണ്ടായി. "സ്വർഗ്ഗരാജ്യത്തേയും അതിന്റെ നീതിയേയും ആദ്യം നിങ്ങൾ അന്വേഷിപ്പിൻ, അപ്പോൾ ഇവയെല്ലാം കൂട്ടിച്ചേർത്തു നിങ്ങൾക്കു തരപ്പെടും." (വി. മത്തായി 6: 33) ഈ വാക്യം സഭാമാതാവിന്റെ മനസ്സിൽനിന്നു് ഒരുനാളും മാഞ്ഞുപോയിട്ടില്ല. സാംസ്കാരികോന്നമനമല്ല, ആത്മാക്കളെ രക്ഷപ്പെടുത്തുകയാണു് അവളുടെ പ്രഥമ കർത്തവ്യം. ഭൗതികസൗഭാഗ്യത്തിനു് അടിത്തറയിടുകയല്ല, ദൈവരാജ്യത്തെ മനുഷ്യാത്മാക്കളിൽ സ്ഥാപിക്കുകയാണു് അവളുടെ പ്രധാന കടമ. ഈ ലക്ഷ്യം മുൻനിറുത്തിയത്രേ സഭ എന്നും പ്രവർത്തിച്ചിട്ടുള്ളതു്. എന്നാൽ, ക്രിസ്തു പറഞ്ഞതുപോലെ എല്ലാം അവൾക്കു നല്കപ്പെട്ടിട്ടുണ്ടു്. തന്റെ പ്രബോധനങ്ങളും നിയമങ്ങളും മതാനുഷ്ഠാനങ്ങളുംവഴി മനുഷ്യന്റെ ആത്മരക്ഷ സാധിക്കുകയാണു സഭ പ്രധാനമായി ചെയ്യുന്നതെങ്കിലും, അതേ ആദർശത്തിൽ നിലയുറപ്പിച്ചുകൊണ്ടു്, മനുഷ്യവർഗ്ഗത്തിന്റെ എല്ലാവിധ ഉൽക്കർഷത്തിനുംവേണ്ടി അവൾ പരിശ്രമിക്കുകയും ചെയ്യുന്നു. വിജ്ഞാനമണ്ഡലത്തിലും കലാരംഗത്തുമുള്ള അവളുടെ വിലപ്പെട്ട നേട്ടങ്ങൾ ജീവിതത്തെ കൂടുതൽ മനോഹരവും ആനന്ദപ്രദവുമാക്കിത്തീർത്തിട്ടുണ്ടു്.

## സഭയും നാഗരികതയും.

നാഗരികതയ്ക്കു ക്രിസ്തുമതത്തോടുള്ള കടപ്പാടെന്താണ്? പത്തൊൻപതു നൂററാണ്ടുകൾക്കുമുൻപു പേഗനിസത്തിന്റെ അടിമത്തത്തിൽ കിടന്നു നരകിച്ചിരുന്ന മാനവവംശത്തിന്റെ കാതുകളിൽ പുതിയൊരു സ്വരം വന്നടിച്ചു-- ക്രിസ്തുമതത്തിന്റെ മന്ത്രസ്വരം. തകർന്നുഴിഞ്ഞുകൊണ്ടിരുന്ന പേഗൻ ജനതയെ അതു തട്ടിയുണർത്തി. സാഹോദര്യം എന്തെന്ന് അറിവില്ലാതിരുന്ന, സഹാനുഭൂതി അപഹാസ്യമായി കരുതിപ്പോന്ന ഒരു കാലമായിരുന്നു അതു്. അഗതിമന്ദിരങ്ങളും ആശുപത്രികളും അന്നു കണികാണ്മാൻപോലുമില്ലായിരുന്നു. ഒരു പാത്രം വെള്ളം കൊടുക്കുന്നതുപോലും പുണ്യയോഗ്യമാണ് എന്നു വെളിപ്പെടുത്തിയതു് ക്രിസ്തുമതമത്രെ.

അക്കാലത്തു സ്ത്രീകളെ പുരുഷന്മാരോടൊപ്പം പരിഗണിക്കുകയോ അവർക്കു തുല്യ അവകാശങ്ങൾ വകവച്ചുകൊടുക്കുകയോ ചെയ്തിരുന്നില്ല. പുരുഷന് ഏതു സമയത്തും തന്റെ ഭാര്യയെ ഉപേക്ഷിക്കാമായിരുന്നു. ഏതാനും പേഗൻ ലേഖകരുടെ വീക്ഷണഗതിയിലേക്ക് ഒന്നൊത്തിനോക്കാം. ഹെസിയഡ് (Hesiod) എഴുതി: "സ്ത്രീകൾ ശപിക്കപ്പെട്ട വർഗ്ഗമാണ്; മർത്ത്യരുടെ ഏററം നീചശിക്ഷയും." (Theogonia-V, 584) "പട്ടണങ്ങളിലെയും ഭവനങ്ങളിലെയും നാശങ്ങളിൽവച്ചു് ഏററം വലിയ നാശം വനിതകളാണ്" എന്നാത്രേ ഗ്രീക്കു സാഹിത്യകാരനായ എസ്കിലസിന്റെ അഭിമതം. "സ്ത്രീകളെ, മരുങ്ങുകയില്ലാത്ത ആ മൃഗങ്ങളെ, അവർ അവരെത്തന്നെ നിയന്ത്രിച്ചുകൊള്ളും എന്ന പ്രതീക്ഷയോടെ, നിങ്ങൾ കയറൂരിവിട്ടു വിഡ്ഢികളാകാൻ പോകയാണോ" എന്നു കേയ്റേറാ അപവദിക്കുന്നു. പുരുഷമാഹാത്മ്യത്തോടു താരതമ്യം ചെയ്യുമ്പോൾ സ്ത്രീകൾ ചപലരും ബലഹീനരും കർമ്മവിമുഖരും ആയിട്ടാണു റോമാക്കാർ കരുതിപ്പോന്നതു്.

എന്നാൽ, ക്രിസ്തുമതം സ്ത്രീകളെ ഈ നിന്ദ്യാവസ്ഥയിൽനിന്നു കരകയററി, വിവാഹത്തെ ഒരിക്കലും പിരിക്കാൻ പാടില്ലാത്ത ഒരു കൂദാശയായി ഉയർത്തിക്കൊണ്ടു്. പരിശുദ്ധ കന്യകമറിയത്തിൽ സ്ത്രീവർഗ്ഗം പവിത്രമാക്കപ്പെട്ടു. മേരിയോടുള്ള ബഹുമാനത്തിലൂടെ മനുഷ്യൻ പഠിച്ചു. സ്വന്തം ഭാര്യയേയും മാതാവിനേയും വിലമതിക്കുവാനും ബഹുമാനിക്കുവാനും. സമുദായത്തിൻെറ ജീവനാഡിയാണു കുടുംബം. അതിൻെറ അഭേദ്യതയ്ക്കു നിദാനം ക്രിസ്തുമതമാണു്.

പേഗനിസത്തിൻെറ കാലത്തു കുഞ്ഞുങ്ങളുടെ സ്ഥിതി ഏററം ശോചനീയമായിരുന്നു. ഒരു ശിശു ജീവിക്കണമോ അതോ 'ടാർപിയൻ' പാറയിടുക്കിൽ എറിയപ്പെടണമോ എന്ന കാര്യം അതിൻെറ പിതാവിൻെറ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചാണിരുന്നതു്. അന്നു നിലവിലിരുന്ന റോമൻ നിയമസംഹിത (in the Law of Twelve Tables) യിൽ ഇപ്രകാരം കാണുന്നു: "അശക്തരും അവലക്ഷണരുമായ പൈതങ്ങളെ മുക്കി കൊല്ലണം." "ശിശുവിനെ ഒരു മനുഷ്യജീവിയായി പരിഗണിക്കേണ്ടതില്ല." എന്നാൽ ക്രിസ്തുവാകട്ടെ, കുഞ്ഞുങ്ങളെ തൻെറ കരങ്ങളിലെടുത്തു് അവരെ അനുഗ്രഹിച്ചുകൊണ്ടു് അവക്കെല്ലാം അനശ്വരമായ ഒരാത്മാവുണ്ടെന്നു പ്രഖ്യാപിച്ചു. അവിടുന്നു് അരുളിച്ചെയ്തു: "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു് ഇടച്ചുവരുത്തുന്നവൻ ആരോ അവൻെറ കഴുത്തിൽ തിരികല്ലു കെട്ടിത്തൂക്കി സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തപ്പെടുന്നതു് അവനു നന്നായിരുന്നു." (വി. മത്തായി 18: 6)

മനുഷ്യവംശത്തിനു് അപമാനം വരുത്തിവച്ച അടിമക്കച്ചവടത്തിനു് എതിരായി സഭ സുധീരം പോരാടുകയുണ്ടായി. മൃഗങ്ങളെപ്പോലെ മനുഷ്യൻ പരിഗണിക്കപ്പെടുകയും വില്ക്കപ്പെടുകയും ചെയ്തിരുന്ന കാലസന്ധിയെപ്പററി ഇപ്പോൾ ഒരുപ

ക്ഷേ, നമുക്ക് ഊഹിക്കപോലും സാധ്യമല്ലായിരിക്കും. മുതലാളി വന്ന് ഈ മനുഷ്യജീവികളുടെ മാംസപേശികളും പല്ലുകളുമെല്ലാം പരിശോധിച്ചശേഷം കുറെ പണത്തിന് അവരെ കച്ചവടം ചെയ്യും. ഭാരിച്ച ജോലിയാണ് അവക്ക് ഏല്പിച്ചുകൊടുക്കുക. ഉടമസ്ഥന് അവരെ എങ്ങനേയും ഉപദ്രവിക്കാം. വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുകയും ആവാം. സംസ്കാരചിത്തനായിരുന്ന സെനേക്കാപോലും ഒരിക്കൽ പറയുകയുണ്ടായി: "അടിമകളോട് എന്തുമാകാം." യജമാനൻ വധിക്കപ്പെട്ടെങ്കിൽ അയാളുടെ അടിമകളും കൊല്ലപ്പെടും. അടിമകളുടെ ദേഹത്തു സൂചി കുത്തിയിറക്കി, അവർ കാണിക്കുന്ന വേവലാതി കണ്ട് പ്രഭുവിൻെറ ഭാര്യ ആനന്ദിക്കാറുണ്ടായിരുന്നത്രേ!

എന്നാൽ, ദൈവത്തിൻെറ മുൻപിൽ അടിമയും സ്വതന്ത്രനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന ക്രിസ്തുമതം ഉദ്ഘോഷിച്ചു. കാരണം, എല്ലാ മനുഷ്യരും ദൈവത്തിൻെറ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. അടിമകളെ സ്വാതന്ത്ര്യപ്പെടുത്തുവാൻ സഭ സന്യാസഭവനങ്ങൾ സ്ഥാപിച്ചു. അവരുടെ മോചനത്തിനുവേണ്ടി സന്യാസികൾ തങ്ങളാൽ കഴിവതു പരിശ്രമിച്ചു. മാത്രമല്ല, അവർ അടിമകൾക്കു പകരം തങ്ങളെത്തന്നെ കൈമാററം ചെയ്തു.

മദ്ധ്യശതകങ്ങളിൽ യൂറോപ്പ് കിരാതവർഗ്ഗക്കാരുടെ കേളീരംഗമായിരുന്നു. ക്രിസ്തുമതം അവരെ മാനസാന്തരപ്പെടുത്തി. സുവിശേഷം പ്രസംഗിച്ചതുകൊണ്ടുമാത്രം സന്യാസികൾ തൃപ്തരായില്ല. എങ്ങനെ കൃഷിചെയ്യണമെന്നും കച്ചവടം നടത്തണമെന്നും വീടു പണിയണമെന്നും വിദ്യ പഠിക്കണമെന്നും അവർ അവരെ പഠിപ്പിച്ചു. സംസ്കാരപൂർണ്ണമായ ജീവിതത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും അവർക്കു തുറന്നുകൊടുത്തു. ഇന്ന് എല്ലാ യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടെ വിശ്വാസത്തിൻേറയും സംസ്കാരത്തിൻേറയും സ്ഥാപകനായി ഏതെങ്കിലും ഒരു കത്തോ

ലിക്ക പുരോഹിതനെയോ വിശുദ്ധനെയോ രക്തസാക്ഷിയെയോ വണങ്ങുന്നുണ്ട്. ഫ്രഞ്ചുകാർ വി: റെമീജിയൂസിനേയും ഐറീഷ് ജനത വി: പാട്രിക്കിനേയും, സ്കോട്ട്ലൻഡുകാർ വി. കൊളുംബാനേയും, ജർമ്മൻകാർ ബോനിഫസ് പുണ്യവാനേയും, സ്ലാവുകൾ സിറിൽ, മെത്തോഡിയൂസ് എന്നീ വിശുദ്ധന്മാരേയുമാണു വണങ്ങുന്നതു്. അനിയന്ത്രിതരും മൂർഖസ്വഭാവികളുമായ ഒരു ജനതയെ സഭ തന്റെ സൗമ്യശീലത്താൽ സ്വാധീനപ്പെടുത്തിയ വസ്തുത ശരിക്കു ഗ്രഹിച്ചവർക്കേ സംസ്കാരമണ്ഡലത്തിലുള്ള അവളുടെ പ്രവർത്തനത്തെ വേണ്ടവിധം വിലമതിക്കുവാൻ കഴിയൂ. കൃഷികാര്യത്തിലും വിദ്യാഭ്യാസരംഗത്തും സാമൂഹികസംരംഭങ്ങളിലും സന്യാസികൾ വഹിച്ചിട്ടുള്ള പങ്കുതികളും പ്രശംസാർഹമാണ്. ആദ്ധ്യാത്മികവും ഭൗതികവുമായ മണ്ഡലങ്ങളിൽ അവർ ചെയ്തിട്ടുള്ള സേവനങ്ങൾ ആക്കാണു മറക്കുവാൻ കഴിയുക! ആസ്ത്രിയാ, ജർമ്മനി, സ്വിററ്സർലണ്ട്, ഫ്രാൻസ്, ഹോളണ്ഡ് എന്നീ രാജ്യങ്ങളിൽ കാണപ്പെടുന്ന മിക്ക ദൈവാലയങ്ങളുടേയും സന്യാസമന്ദിരങ്ങളുടേയും സ്ഥാപകർ അവരാണ്. പല പട്ടണങ്ങളുടേയും ആരംഭം സന്യാസഭവനങ്ങളായിരുന്നു. അതിനു ചുററുമായിരിക്കും പട്ടണം ഉയർന്നുപൊങ്ങുക. പ്രാർത്ഥനയുടേയും ത്യാഗത്തിന്റേയും സ്ഥലം മാത്രമായിരുന്നില്ല പ്രസ്തുത മന്ദിരങ്ങൾ; പിന്നെയോ, വിജ്ഞാനത്തിന്റേയും വിവിധ സാങ്കേതികാഭ്യസനങ്ങളുടേയും കലവറകൂടിയായിരുന്നു അവ.

സംസ്കാരത്തിന്റെ ഉപജ്ഞാതാവും സംരക്ഷകനും ക്രിസ്തുമതം ആയിരുന്നു. ക്രൈസ്തവനാഗരികതയെ ചവിട്ടിമെതിക്കുവാൻ ധാരാളംപേർ മുന്നോട്ടു വന്നിട്ടുണ്ട്. എങ്കിലും, സഭ അവരെയെല്ലാം അടിയറവു പറയിച്ചു. ആററില്ലായെ അമർത്തിയതു ലെയോ മാർപ്പാപ്പയാണ്; തുർക്കികളിൽനിന്നു ഹങ്കറിയെ രക്ഷിച്ചതു് ഇന്നസെൻറ് പതിനൊന്നാമന്റെ വിദഗ്ദ്ധഹസ്തങ്ങളും,

ഹങ്കേറിയൻ ജനതയെ തുർക്കികൾ നിഷ്ക്കരുണം അരിഞ്ഞുവീഴ്ത്തിയപ്പോൾ, കർദ്ദിനാളന്മാരും മെത്രാന്മാരും മോഹാക്സ് യുദ്ധക്കളത്തിൽ മരിച്ചുവീണപ്പോൾ, ഫ്രാൻസിസ്കൻ സന്യാസികളായിരുന്നു ആ നിരാശ്രയർക്കു വേണ്ട സഹായം ചെയ്തുകൊടുത്തതു്. അന്നുമുതൽ അവർ "സ്നേഹിതർ" എന്നറിയപ്പെടുവാൻ തുടങ്ങി.

കത്തോലിക്കാസഭയുടെ നേട്ടങ്ങളെക്കുറിച്ചു് സ്വതന്ത്രചിന്തകനായ "ഹിപ്പോളിററ് റെറയിൻ" ഇപ്രകാരം എഴുതിയിരിക്കുന്നു: സഭ തൻെറ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും മനുഷ്യബുദ്ധിയുടെ സംഭാവനകളായ ലത്തീൻഭാഷ, സാഹിത്യം, ദൈവികവും ലൗകികവുമായ ശാസ്ത്രങ്ങൾ, വിവിധ കലകൾ ഇവയെല്ലാം പരിരക്ഷിച്ചുപോരുന്നു. ജനങ്ങളെ വേലചെയ്യുവാൻ പഠിപ്പിക്കുകയും വേലയോടു് അവർക്കു സ്നേഹം ജനിപ്പിക്കുകയും ചെയ്തുവെന്നതാണു സഭയുടെ ഏററം വലിയ ഒരു നേട്ടം. യുദ്ധങ്ങളും കവർച്ചകളും താണ്ഡവമാടി തരിശാക്കിയ സ്ഥലങ്ങളിൽ ബനദിക്തൻ സന്യാസികൾ തങ്ങളുടെ കുടിലുകൾ ഉറപ്പിച്ചു് ആ പ്രദേശങ്ങളെ ഫലഭൂയിഷ്ഠമാക്കി. അതിനു കൃതജ്ഞതാസൂചകമായി ധാരാളം ധനം ജനങ്ങളിൽനിന്നു സഭയ്ക്കു ലഭിക്കുകയുംചെയ്തു.

## സഭയും ശാസ്ത്രവും

ബുദ്ധിപരമായ പ്രവൎത്തനങ്ങളിലും സഭ മായാത്ത വിരല്പാടുകൾ പതിച്ചിട്ടുണ്ടു്. വിദ്യാഭ്യാസരംഗത്തു് അവർ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നോ! പ്രാചീന ഗ്രന്ഥകാരന്മാരുടെ വിശേഷാത്തരമായ തൂലികാസംഭാവനകൾ ഇന്നു നമുക്കു ലഭിച്ചിരിക്കുന്നതു് മദ്ധ്യശതകങ്ങളിലെ സന്യാസികളുടെ വിശ്രമമററ പകൎത്തിയെഴുത്തിൻെറ ഫലമായിട്ടാണു്. ഒരു പ്രോട്ടസ്റ്റൻറ് ചരിത്രകാരനായ ഡേവിഡ്ഡു് ഹ്യൂം പ്രസ്താവിക്കുന്നു: "ഇംഗ്ലണ്ടു

മററു യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് ചരിത്രരേഖകളിലും പുരാണവസ്തുക്കളിലും മുൻപന്തിയിൽ നില്ക്കുന്നുവെങ്കിൽ അതിനു കാരണം റോമാസഭയിലെ വൈദികഗണമാണ്. പുരാതനലിഖിതങ്ങൾ സൂക്ഷിക്കുന്നതിൽ അവർ തല്പരരായിരുന്നു."

രണ്ടാം ശതാബ്ദംമുതല്ക്കേ അവർ അലക്സാൻഡ്രിയാ, എദേസ്സാ, അന്ത്യോക്യാ, നിസിബിസ് എന്നീ സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചു നടത്തിപ്പോന്നു. ഇവയെ അനുകരിച്ച് മററനവധി സ്കൂളുകളും രൂപമെടുത്തു. അവസാനം സർവ്വകലാശാലകളും. വാസ്തവത്തിൽ സഭയിൽനിന്നാണു സർവ്വകലാശാലകളുടെ ഉത്ഭവംതന്നെ. ഏററവും പ്രഖ്യാതവും പ്രാക്തനവുമായ സർവ്വകലാശാലകളെല്ലാം സഭയുടെ തണലിലത്രേ വികസിച്ചത്. പതിനാലാം നൂററാണ്ടിനു മുൻപുണ്ടായിരുന്ന അൻപത്തിരണ്ടു യൂണിവേഴ്സിററികളിൽ ഇരുപത്തിയൊൻപതും രൂപംകൊണ്ടതു മാർപ്പാപ്പമാരുടെ പ്രയത്നഫലമായാണ്. ചാത്തേണ്ണം ഭരണാധികാരികളുടേയും പാപ്പാമാരുടേയും സഹകരണത്താലും. ഏതാനും ശതാബ്ദങ്ങൾക്കു മുൻപു പാണ്ഡിത്യത്തെക്കാൾ പടക്കോപ്പുകൾക്കായിരുന്നു പ്രാധാന്യം. രാജാക്കന്മാൎക്കുപോലും എഴുത്തും വായനയും വശമില്ലാതിരുന്ന അന്ന്, സഭ സർവ്വകലാശാലകൾ പണിതുയർത്തിയിരുന്നു എന്നു കേൾക്കുമ്പോൾ അറിവിനുവേണ്ടി ഉഴറുന്ന ആധുനികമനുഷ്യൻെറ ഹൃദയത്തിൽ ആനന്ദത്തിൻെറ വേലിയേററം ഉണ്ടാകാതിരിക്കുമോ? കുട്ടികളെ ഏററം നന്നായി വിദ്യ അഭ്യസിപ്പിക്കുവാൻ കത്തോലിക്ക സ്കൂളുകൾക്കുള്ള കഴിവ് എല്ലാ മാതാപിതാക്കന്മാരും കൈയ്യടിച്ചു സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്.

വിജ്ഞാനവികസനത്തിനുള്ള സഭയുടെ സംഭാവനകൾ ഇനിയും വേണ്ടതുപോലെ അറിയപ്പെട്ടിട്ടില്ല. വിശ്വാസവും ശാസ്ത്രവും ഭക്തജീവിതവും ജ്ഞാനസമ്പാദനവും ഐക്യപ്പെട്ടു പോകയില്ലെന്നു പലരും കരുതുന്നു. അറിവിനുവേണ്ടി ദാഹി

ക്കുന്ന ചിലർ അങ്ങനെയൊരു തെററിദ്ധാരണയ്ക്കടിപ്പെട്ടുപോകാറുണ്ട്. ഒന്നുകിൽ പണ്ഡിതരാകാം, അല്ലെങ്കിൽ ഭക്തരാകാം എന്ന ചിന്താഗതി ചില അനഭിജ്ഞന്മാരിൽനിന്ന് അവർക്കു ലഭിച്ചതാണ് ഇതിനു കാരണം. ഈ ചിന്താഗതി നൂറു ശതമാനവും തെററാണ്. ആധുനിക ശാസ്ത്രജ്ഞന്മാരിൽ ഒന്നാംകിടയിൽ നില്ക്കുന്ന ധാരാളംപേരെ മാതൃകാ കത്തോലിക്കരായി എടുത്തുകാട്ടുവാൻ സാധിക്കും. സെൻറ് അഗസ്റ്റിൻ, പീററർ ലൊംബാർഡി, സെൻറ് ആൽബർട്ടു്, തോമസ് അക്വിനാസ്, ബൊനവെഞ്ചർ, ഡൻസ്സ്കോട്ടസ് ഇവരെയൊക്കെ കൂടാതെ തത്വശാസ്ത്രത്തെപ്പററി ചിന്തിക്കുവാൻപോലും ഒരു താത്വികനും കഴിയുന്നതല്ല. അവരെല്ലാം താത്വികന്മാർ മാത്രമല്ല, വിശുദ്ധിയുടെ വിളനിലങ്ങൾകൂടിയായിരുന്നു. ഗലീലിയോ, ഗൽവാനി, വോൾട്ടാ, ആംപിയർ, ഫ്രൗൺഹോഫർ, ഫീസോ, ഫോകോൾട്ടു്, മർക്കോണി തുടങ്ങിയവരെ മാററിനിത്തിക്കൊണ്ടു് ഊർജ്ജതന്ത്രത്തെക്കുറിച്ചു പഠിക്കുവാൻ സാദ്ധ്യമല്ല. ഇവരെല്ലാം സഭയുടെ അരുമസന്താനങ്ങളായിരുന്നു. കണക്കുശാസ്ത്രത്തിലെ തലക്കനമുള്ള വ്യക്തികളാണ് കൌച്ചി, ഡെയക്കാർട്ടു്, പാസ്ക്കൽ പ്രഭൃതികൾ. കോപ്പർനിക്കസ്, കെപ്പ്ലർ, ലെവേറിയൻ ഇവർ ജ്യോതിശാസ്ത്രത്തിൻേറയും. രസതന്ത്രവിദഗ്ദ്ധരായിരുന്നു പാസ്റ്ററും ബെകേ്വറലും. ശാസ്ത്രീയരംഗത്തു മായാത്ത മുദ്രപതിച്ച ഈ മഹാത്മാക്കളെല്ലാം കത്തോലിക്കസഭയുടെ വിശ്വസ്താനുയായികളായിരുന്നുവെന്നതു് ഒരു യാഥാത്ഥ്യം മാത്രമാണ്.

## സഭയും കലയും

കലയ്ക്കു കത്തോലിക്കസഭയോടുള്ള കടപ്പാടു് എന്തുമാത്രമാണ്? കലയെക്കുറിച്ചു പരിജ്ഞാനമുള്ളവർ അതിനു തൃപ്തികരമായ മറുപടി നല്കും. കത്തോലിക്കാസഭ ഇല്ലായിരുന്നുവെങ്കിൽ, കോൺസ്റ്റാൻറിനോപ്പിളിലെ ഹാജിയസോഫിയയും (Hagia Sofia) വേമ്സ്, മാനിസ്സ്, ബാംബെർഗ്, സ്പീയർ, പീസാ

എന്നിവിടങ്ങളിലേ ബ്രഹ്മാണ്ഡമായ ദൈവാലയങ്ങളും പണിയപ്പെട്ടമായിരുന്നോ? പാരീസിലും മിലാനിലും വിയന്നായിലും ഗോത്തിക് രീതിയിൽ നിർമ്മിതമായ മനോമോഹനമായ കത്തീഡ്രലുകൾ കത്തോലിക്കാസഭയ്ക്കു ശില്പകലയിലുള്ള താല്പര്യത്തെ പ്രകീർത്തിച്ചുകൊണ്ടു പ്രശോഭിക്കുകയാണു്. മൈക്കൾ ആഞ്ചലോയുടെ കലാനൈപുണ്യത്തിൻെറ സ്മാരകമായി നിലകൊള്ളുന്ന ലോകപ്രസിദ്ധമായ സെൻറ് പീറേറഴ്സ് ബസ്സീക്കയും മററനവധി ശില്പകലാമൂല്യങ്ങളും വിളിച്ചറിയിക്കുന്നതു കത്തോലിക്കാസഭയ്ക്കു കലകളിലുള്ള പ്രതിപത്തിയെയാണു്.

ഇനി ചിത്രകലയിലേക്കു കടന്നാലോ? ലോകത്തിലേ ഏററവും മനോഹരമായ ചുവരെഴുത്തുകളിലേക്കൊന്നു കണ്ണോടിക്കുക. മ്യൂണിച്ചു്, ഡ്രെസ്ഡൻ, ലൂവർ ഇവിടങ്ങളിലെ സുപ്രസിദ്ധ ചിത്രങ്ങൾ, ആംസ്റ്റർഡാമിലെ റിക്ക്സ് മ്യൂസിയം, ഫ്ളോറൻസിലേ പിററി, ഉഫീസി എന്നീ ചിത്രപ്രദർശനശാലകൾ, വത്തിക്കാനിലേ ചുവരെഴുത്തുകൾ--എല്ലാം കലാമണ്ഡപത്തിലേ വിലപ്പെട്ട രത്നങ്ങൾതന്നെ. മതാത്മകമായ ചിത്രങ്ങളാണു് അവയിലധികവും. ഗ്വീദാറേനി, ജിയോട്ടോ, പ്രാആഞ്ചേലിക്കോ, ഫിലിപ്പോലിപ്പി, ബോട്ടിചെല്ലി, ബത്തോലോമ്മയോ, ററീസിയാൻ, ലെയനാർഡോഡാവിൻചി, മൈക്കൾ ആഞ്ചലോ, റാഫേൽ, വാൻഐക്ക്, മെമ്ളിങ്ങ്, റൂബൻസ്, വാൻസിക്കു്, മൂറീല്ലോ എന്നിവരെക്കൂടാതെ ചിത്രകലയെക്കുറിച്ചു ചിന്തിക്കുകപോലും വയ്യ. കത്തോലിക്കാസഭയാണു് ഇവരുടെയെല്ലാം കലാവാസനയെ പരിപോഷിപ്പിച്ചതെന്നു് അറിയാത്തവരില്ല.

സംഗീതകലയിലും സഭയ്ക്കുള്ള പങ്കു് അവിസ്മരണീയമാണു്. സംഗീതത്തിലേ 'നോട്ടേഷൻ സിസ്റ്റ'ത്തിൻെറ വിധാതാക്കൾ സന്യാസികളാണെന്ന വസ്തുത പലർക്കും അജ്ഞാതമത്രേ. മോ

സ്സുാർട്ട്, ലിസ്റ്റ്, ഹെയിഡൻ, ഹാൻഡെൽ, ഗൗനോഡ്, പലെസ്ത്രീനാ തുടങ്ങിയ സംഗീതവിദഗ്ദ്ധരെല്ലാം സഭയുടെ അരുമസന്താനങ്ങളായിരുന്നു.

ദൈവത്തേയും മതത്തേയുംപററി ഒരറിവില്ലാത്തവരും, സഭയുടെ മതപരമായ സേവനങ്ങളെ കാര്യമായി പരിഗണിക്കാത്തവരും ഒരു വസ്തുതയെങ്കിലും സമ്മതിച്ചേ മതിയാവൂ. നൂററാണ്ടുകളായി കലാരംഗത്തിലൂടെ കത്തോലിക്കാസഭ മനുഷ്യസമുദായത്തിനു നല്കിയിട്ടുള്ള സംഭാവനകൾ അമൂല്യങ്ങൾതന്നെയെന്നു്.

സഭ കലയുടെ വളർച്ചയ്ക്കു സഹായകമായതെങ്ങനെയാണു്? കലയുടെ വികാസത്തിനു് മാർപ്പാപ്പമാരും മററു വൈദികശ്രേഷ്ഠന്മാരും കത്തോലിക്കരെല്ലാവരും കൈതുറന്നുതന്നെ സാമ്പത്തികസഹായം ചെയ്തിട്ടുണ്ടു്.

എന്നാൽ, പ്രധാനമായി മറെറാരുവിധത്തിലാണു കല സഭയോടു കടപ്പെട്ടിരിക്കുന്നതു്. കത്തോലിക്കാസഭയുടെ പ്രത്യേകതയായ ആന്തരികശോഭയും ആനന്ദവും കലയിലൂടെ ജീവിതത്തിൽ പകത്തി അരോചകവും ആയാസകരവുമായ നിമിഷങ്ങളെ ആഹ്ലാദപൂർണ്ണമാക്കാൻ അവർ കലാകാരനെ പ്രേരിപ്പിക്കുന്നു, ഉൽകൃഷ്ടമായ സുവിശേഷതത്വങ്ങളുടെ വെളിച്ചത്തിൽ ജീവിതത്തെ നിയന്ത്രിക്കുവാൻ കലയിലൂടെ അവർ ലോകത്തെ ആഹ്വാനംചെയ്യുന്നു. ബേത്‌ലഹമിലെ പുല്ക്കൂട്ടിൽ കിടന്നു് കാലിട്ടടിക്കുന്ന ഉണ്ണിയീശോയെ ഉററുനോക്കിക്കൊണ്ടു പുഞ്ചിരിതൂകുന്ന പരി: കന്യകമറിയത്തിൻെറ രൂപവും കാൽവരിയിൽ കുരിശിൽക്കിടന്നു മരണവേദനയനുഭവിക്കുന്ന പുത്രൻെറ സമീപം വിമ്മിക്കരഞ്ഞുകൊണ്ടുനില്ക്കുന്ന പരി: മറിയത്തിൻെറ മുഖകമലവും ഒരു കലാകാരൻ ചിത്രീകരിച്ചു കാണിക്കുമ്പോൾ എന്തെന്തു വികാരങ്ങളായിരിക്കും ഒരുവനിൽ ഉളവാകുക. സുവി

ശേഷങ്ങളും മററു വി. ലിഖിതഭാഗങ്ങളും, പരി: കന്യകയുടേയും മററു വിശുദ്ധരുടേയും ജീവിതസംഭവങ്ങളും എല്ലാം ഒരു കലാകാരനെ അത്യുത്തമ കലാസൃഷ്ടികൾക്കായി പ്രേരിപ്പിക്കുന്നു. കത്തോലിക്കാസഭയുടെ സന്താനങ്ങൾ ഈ കലാശില്പങ്ങളെ ഉപയോഗപ്പെടുത്തുകതന്നെ ചെയ്യും. ഏതൊരു രാജ്യത്തേയും കല അവിടത്തെ മതാത്മകജീവിതത്തിൻെറ പ്രതിഫലനം മാത്രമാണെന്നുള്ളതു് ഒരു ചരിത്രവസ്തുതയാണു്. അങ്ങനെയെങ്കിൽ, ക്രിസ്തു സ്ഥാപിച്ച സത്യമതത്തിലേ കലയായിരിക്കും ഏററം സുന്ദരമെന്നു പറയുന്നതിൽ തെററില്ല. സൗന്ദര്യം സത്യത്തിലാണു് അടങ്ങിയിരിക്കുക. അപ്പോൾ, സത്യം പ്രഘോഷിക്കുന്ന മതമായിരിക്കണം സൗന്ദര്യത്തിൻെറ നിദാനം. കത്തോലിക്കാസഭ കലയുടെ പിള്ളത്തൊട്ടിലാണു് എന്ന നിഗമനത്തിൽ നാം എത്തിച്ചേരുകയാണു്. നിത്യവും അനന്തവുമായ സൗന്ദര്യം സമ്മേളിക്കുന്ന വ്യക്തിയാണു ക്രിസ്തു. അവിടുത്തെ ജീവിതത്തിൻെറ തുടർച്ചയാണ് കത്തോലിക്കാസഭ. ക്രിസ്തുവിൻെറ സ്നേഹവും സൗന്ദര്യവും ലോകത്തിനു പ്രദാനംചെയ്യുന്ന കത്തോലിക്കാസഭ കലകളുടെ കലവറയായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല.

## പതിനാറാം അദ്ധ്യായം

# പൗരോഹിത്യം

1934 മാർച്ചുമാസം 15. അന്നു് ലോകമാസകലമുണ്ടായിരുന്ന—398,411—കത്തോലിക്ക വൈദികന്മാൎക്കു് അഭൂതപൂർവ്വവും ഉന്മേഷപൂർണ്ണവുമായ ഒരു ആഘോഷദിനമായിരുന്നു. പരിത്രാണകർമ്മത്തിനുശേഷം 1900 വർഷം കഴിയുന്ന ആ ജൂബിലി വർഷത്തിന്റെ അവസാനം ഒരു ദിവസം കൃതജ്ഞതയുടെ ദിവസമായി ആഘോഷിക്കുവാൻ പരി: പിതാവു് പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു കത്തോലിക്ക വൈദികലോകത്തെ ആഹ്വാനംചെയ്തു. അതേ, രക്ഷകന്റെ സ്നേഹത്തിനും സഹനത്തിനും കുരിശുമരണത്തിനും ദിവ്യബലിക്കും തിരുസ്സഭയുടെ നാമത്തിൽ നന്ദി പ്രകടിപ്പിക്കുവാൻ.

കത്തോലിക്കസഭയെപ്പററി ചിന്തിക്കുമ്പോൾ അതിലെ പൗരോഹിത്യത്തെപ്പററിക്കൂടി പരാമർശിക്കേണ്ടിയിരിക്കുന്നു. പൗരോഹിത്യത്തെപ്പററി ചിന്തിക്കാതെ തിരുസ്സഭയെപ്പററി ചിന്തിക്കുക സാദ്ധ്യമല്ല. സഭയിൽ വിശ്വാസികൾ മാത്രമല്ല, അവരെ നയിക്കുന്ന പുരോഹിതന്മാരും മെത്രാന്മാരും തുടങ്ങി മാർപ്പാപ്പവരെ എത്തുന്ന ഒരു ഭരണസമിതിയുണ്ടു്. ദൈവവചനം പ്രസംഗിക്കുകയും ക്രിസ്തുനാഥന്റെ ദിവ്യബലി സമർപ്പിക്കുകയും ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കു മദ്ധ്യസ്ഥം വഹിക്കുകയും, ക്രിസ്തുവിന്റെ കരുണയുടെ നീർച്ചാലുകളായ കൂദാശകളെ വിശ്വാസികളിലേക്കു് ഒഴുക്കിവിടുകയും ചെയ്യുന്ന ഒരു പൗരോഹിത്യം,

എന്നാൽ, കത്തോലിക്കാപൗരോഹിത്യം കണക്കില്ലാതെ അവഹേളിക്കപ്പെട്ടുന്നുണ്ട്. ബുദ്ധിജീവികൾപോലും ചിലപ്പോൾ അതിനെ അപലപിക്കുന്നു. മറിച്ച്, കത്തോലിക്കർ തങ്ങളുടെ വൈദികന്മാരെ അഗാധവും അപാരവുമായ സ്നേഹബഹുമാനങ്ങളോടെ പരിഗണിക്കുന്നു.

കത്തോലിക്കവൈദികത്വം. അതാവശ്യമുള്ളതാണോ? ക്രിസ്തുനാഥൻതന്നെ സ്ഥാപിച്ചതാണോ? കറുത്തതും വെളുത്തതും ഇരുണ്ടതുമായ ഉടുപ്പുകൾ ധരിച്ച് ഒരു പ്രത്യേക വിഭാഗം തൻെറ സഭയിലുണ്ടായിരിക്കുവാൻ അവിടുന്ന് ആഗ്രഹിച്ചോ? അതോ, ദൈവത്തിനും വിശ്വാസികൾക്കും മദ്ധ്യേ തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചവരാണോ വൈദികന്മാർ? പാപമോചനവും വരപ്രസാദവും ദൈവത്തിൽനിന്നു നേരിട്ടു യാചിച്ചുകൊണ്ടു നല്ല കത്തോലിക്കരും മതഭക്തരുമായി തുടർന്നു കൊള്ളാമെന്നു കരുതുന്നവർ തെററുകാരാണോ? സഭയും കുർബാനയും കുമ്പസാരവും, പ്രത്യേകിച്ച്, വൈദികന്മാരുമൊക്കെ ആവശ്യമുണ്ടോ? ഇവയൊക്കെ വെറും അനാവശ്യമായ ബാഹ്യപ്രകടനമാണെന്നു പറയുന്നവരുടെ ഭാഗത്തു ന്യായമുണ്ടോ?

## പൗരോഹിത്യത്തോടുള്ള ബഹുമാനം

നാം ഉന്നയിച്ച പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുവാൻ പൊതുവായ ഒരു വസ്തുത പരിഗണിക്കുക പ്രയോജനകരമാണ്: ക്രൈസ്തവരും അക്രൈസ്തവരുമായ എല്ലാ ജനപദങ്ങളും പൗരോഹിത്യത്തെ ബഹുമാനിച്ചിരുന്നു. ഒരു ജനതയുടെ സാന്മാർഗ്ഗികൗൽകൃഷ്ട്യം (നിലവാരം) കുറിക്കുന്ന അളവുകോലായിരുന്നു പൗരോഹിത്യത്തോടുള്ള മതിപ്പ്. പുരാതനകാലത്തെ ഗ്രീക്കു സംസ്കാരം എടുത്തുനോക്കുക. ഹോമറുടെ 'ഇലിയഡി'ൽ ആദ്യത്തെ പേജു മുതൽ പുരോഹിതൻ അതുല്യനായ ധാർമ്മികശക്തിയായി പ്രത്യക്ഷപ്പെടുന്നു. ഏതൻസിലെ പ്രദർശനശാലക

ളിൽ പ്രഥമസ്ഥാനം പുരോഹിതന്മാർക്കായിരുന്നു. അവരെ ക്കൂടാതെ ഒരു രാഷ്ട്രീയകാര്യവും ചെയ്തിട്ടില്ല. ഒരു സമാധാന സന്ധിയും ഉണ്ടാക്കിയിട്ടില്ല. യവനസംസ്കാരം 'വൈദിക'മായി രുന്നുവെന്നു പറഞ്ഞാൽ തെററില്ല. റോമൻ സംസ്കാരത്തി ൻെറ കാര്യമോ? പൊതുക്കാര്യങ്ങളെല്ലാം വൈദികന്മാരുടെ നേതൃത്വത്തിൽ നടന്നു. ഗ്രീസിൽനിന്നു 'സിബിലിയൻ ഓറ ക്കിൾ' കൊണ്ടുവന്നു് അതിൻെറ വിശദീകരണത്തിനായി ഒരു പ്രത്യേക വൈദികസംഘത്തെ നിയമിച്ചു. ശക്തനായ അഗ സ്റ്റസ് ചക്രവർത്തിപോലും പുരോഹിതശ്രേഷ്ഠനെ (Pontifex maximus) പിരിച്ചുവിടുവാൻ ധൈര്യപ്പെട്ടില്ല. ക്രൈസ്തവരാ ജ്യങ്ങൾക്കു തങ്ങളുടെ വൈദികലോകത്തോടുള്ള ബഹുമാനത്തെ പ്പററി പറയാനില്ല. വൈദികന്മാർ തങ്ങൾക്കു ചെയ്ത സംഖ്യാ തീതമായ സഹായങ്ങൾ അവർ വിസ്മരിക്കുകയില്ല. ക്രൈസ്തവ മതം സ്വീകരിച്ച അപരിഷ്കൃതസമുദായങ്ങൾക്കു പുരോഹിതന്മാ രുടെ അശ്രാന്തപരിശ്രമംവഴി അതിവേഗം സംസ്ക്കാരം സിദ്ധി ച്ചു. യൂറോപ്പിനെ 'ബർബര'ന്മാരുടെ സാംസ്ക്കാരികാധഃപ തനത്തിൽനിന്നു രക്ഷിച്ചെടുത്തതു കത്തോലിക്ക പൗരോഹിത്യ മാണു്. അവരെക്കൂടാതെ പുരാതനസംസ്കാരത്തിൻെറ പേരുപോ ലും ഇന്നു കേൾക്കപ്പെടുകയില്ലായിരുന്നു. ചരിത്രരേഖകൾ സംര ക്ഷിക്കപ്പെടുകയില്ലായിരുന്നു. കൊത്തുപണിയും സംഗീതവും ചിത്ര മെഴുത്തും വിദ്യാഭ്യാസവും എല്ലാം കടപ്പെട്ടിരിക്കുന്നതു പൗരോ ഹിത്യത്തോടാണു്. ആകയാൽ രാഷ്ട്രങ്ങൾ അതിനോടു സ്വാ ഭാവികമായി ബഹുമാനം പ്രകടിപ്പിച്ചു. ചരിത്രയാഥാർത്ഥ്യ മത്രെ ഇതു്.

## ക്രിസ്തുനാഥൻ പൗരോഹിത്യം സ്ഥാപിച്ചു

പരിത്രാണകർമ്മത്തിൻെറ അനുഗ്രഹങ്ങൾ ആത്മാക്ക ളിൽ വർഷിക്കുവാനായി ക്രിസ്തുനാഥൻ ഒരു പൗരോഹിത്യം സ്ഥാപിച്ചു. അല്ലാതെ, ആത്മാക്കൾക്കു ദൈവത്തോടുള്ള ബ

സ്ഥം എല്ലായ്പോഴും മധ്യവർത്തിയെക്കൂടാതെ നേരിട്ടുള്ളതാകണമെന്നു് അവിടുന്നു് അഭിലഷിച്ചില്ല. സുവിശേഷത്തിൽ ഇതു തെളിവായി പറയുന്നുണ്ടു്: "ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല; തന്റെ യജമാനൻ ചെയ്യുന്നതു് എന്തെന്നു ദാസൻ അറിയുന്നില്ലല്ലോ. എന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചതുകൊണ്ടു് എന്റെ സ്നേഹിതന്മാർ എന്നു നിങ്ങളെ ഞാൻ വിളിച്ചിരിക്കുന്നു. നിങ്ങൾ അല്ല എന്നെ തിരഞ്ഞെടുത്തതു്; ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്. നിങ്ങളും പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്യുന്നു......"
(വി. യോഹ. 15: 15, 16)

ക്രിസ്തുനാഥൻ തന്റെ സഭയിലേക്കുള്ള പ്രവേശനകവാടമായി മാമ്മോദീസാ സ്ഥാപിച്ചു. എന്നാൽ, ആ കൂദാശ അനുഷ്ഠിക്കുവാനുള്ള അധികാരം അപ്പസ്തോലന്മാർക്കും അവരുടെ അനന്തരഗാമികൾക്കും നല്കി. (വി, മത്താ. 28: 19) ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ചെയ്യുന്ന പാപങ്ങൾക്കു മോചനം പ്രദാനംചെയ്യുവാൻ കുമ്പസാരമെന്ന കൂദാശ സ്ഥാപിച്ചു. എന്നാൽ ആ കൂദാശ പാപികൾക്കു നല്കുവാനുള്ള അധികാരം അപ്പസ്തോലന്മാർക്കു കൊടുത്തു. (വി. യോഹ. 20: 22, 23) തന്റെ മരണംവഴി നമ്മെ രക്ഷിച്ചു. എന്നാൽ, ആ തിരുമരണത്തിന്റെ നവീകരണം തന്റെ പുരോഹിതന്മാർക്കു ഭരമേല്പിച്ചു. തന്റെ തിരുശ്ശരീരരക്തങ്ങളുടെ സ്വീകരണം നിത്യജീവിതത്തിന്റെ അച്ചാരമാക്കി. എന്നാൽ, അവ വിഭജിച്ചു കൊടുക്കുവാൻ അപ്പസ്തോലന്മാരോടാണു കല്പിച്ചതു്. (വി. ലൂക്കാ. 22: 19) അതുപോലെതന്നെ, രക്ഷാകരമായ തന്റെ വചനം പ്രസംഗിക്കുവാൻ അവരെത്തന്നെയാണു ചുമതലപ്പെടുത്തിയതു്. "ആകയാൽ, നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യ

പ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവി ൻെറയും നാമത്തിൽ അവർക്കു മാമ്മോദീസാ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠി പ്പിക്കുവിൻ......" (വി. മത്താ. 28: 19, 20) ഇങ്ങനെ, ക്രിസ്തുനാഥൻ തൻെറ ശിഷ്യന്മാരിൽ കുറെപ്പേരെ പ്രത്യേകം തെരഞ്ഞെടുത്തു. അവർക്ക് അപ്പസ്തോലന്മാരെന്നു പേരിട്ടു. ദൈവരാജ്യം ലോകത്തിൽ വ്യാപിപ്പിക്കുവാൻ അവർക്കു കല്പന കൊടുത്തു. അവരെ അനുസരിക്കുവാൻ ലോകത്തോടു് ആജ്ഞാ പിക്കുകയും ചെയ്തു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേ ൾക്കുന്നു" (വി. ലൂക്കാ. 10: 16) സുവിശേഷങ്ങൾ വായിക്കുന്ന ഒരുവനു് ഈ നിഗമനത്തിൽ എത്താതിരിക്കുവാൻ വയ്യാ: ക്രൈ സ്തവ പൗരോഹിത്യം ക്രിസ്തുവിൻെറ ആശയംതന്നെ.

എങ്കിലും, ക്രിസ്തുനാഥൻ തൻെറ പുരോഹിതന്മാർക്കു ഭരമേല്പിച്ച വലിയ ജോലി പരിഗണിക്കുമ്പോൾ, മനുഷ്യദൃഷ്ട്യാ വിജയസാദ്ധ്യതയില്ലാത്ത ഒരു ഉദ്യമമാണ് അവിടുന്നാരംഭി ച്ചതെന്നു നാം പറഞ്ഞുപോകും. ചപലവും ബലഹീനവു മായ മനുഷ്യകരങ്ങളിൽ പ്രസാദവരവും പരിത്രാണമാർഗ്ഗങ്ങളും ഭരമേല്പിക്കുക! ഈ ഭരമേല്പലിനുശേഷവും മുമ്പോലെ മനുഷ്യരായി തുടരുന്ന ഈ വൈദഗണത്തെ, അവരിൽ വിശു ദ്ധിയോ വിജ്ഞാനമോ ഇല്ലാത്തവരെപ്പോലും, എല്ലാ ആദ്ധ്യാ ത്മികകാര്യങ്ങളിലും ആശ്രയിക്കുവാൻ എല്ലാ മനുഷ്യരേയും ചു മതലപ്പെടുത്തുക!

പൗരോഹിത്യത്തിനു രണ്ടു വശമുണ്ട്: അതു് ഈലോക ത്താണ്. എന്നാൽ, ഈലോകത്തിൻേറതല്ല. ഒരു വൈദികൻ ന മ്മുടെ നാട്ടുകാരനാണ്; നമ്മുടെ സ്നേഹിതൻെറയോ പരിചിത ൻെറയോ മകൻ. എന്നാൽ, ഗുരുപ്പട്ടസ്വീകരണത്തിനുശേഷം അ ദ്ദേഹം തികച്ചും വിഭിന്നനില പ്രാപിക്കുന്നു. ആദ്ദേഹം ലോ കത്തെ മുഴുവൻ സ്നേഹിക്കുവാൻ കടപ്പെട്ടവനായിത്തീരുന്നു.

ഗ്രാമത്തിലും, പട്ടണത്തിലും, സ്കൂളുകളിലും, ആസ്പത്രികളിലും, ദരിദ്രരുടെ കുടിലുകളിലും അദ്ദേഹം പോകണം. പരിചിതനേയും അപരിചിതനേയും അദ്ദേഹം ശുശ്രൂഷിക്കണം. ഒരു സ്ഥലത്തോടും ആളിനോടും ഒട്ടിച്ചേരാതെ ദൈവം വിളിക്കുന്നിടത്തേക്കു പറന്നുചെല്ലുവാൻ തയ്യാറായി നില്ക്കണം. ലോകത്തെ രക്ഷിക്കുവാനായി ലോകത്തിൽ ജീവിക്കണം. എന്നാൽ, ലോകത്തിൽ സ്വയം നശിക്കാതിരിക്കാനായി ലോകത്തിന്റേതല്ലാതെ ജീവിക്കണം.

എത്ര വിസ്മയനീയമായ ഒരു ചുമതല! ഓരോ വൈദികനും ജീവിക്കുന്ന വിശുദ്ധനും പ്രകർഷനായ ബുദ്ധിശാലിയുമായിരുന്നാൽത്തന്നേയും, ദൈവപ്രസാദവരത്തിന്റെ വിതരണത്തിനു മനുഷ്യന്റെ സഹകരണം തേടാൻ തുനിഞ്ഞ ക്രിസ്തുവിന്റെ മനോഗതം നമുക്കു അഗ്രാഹ്യംതന്നെ. മാനുഷികബലഹീനത വൈദികന്മാരിൽ നിലനില്ക്കുകയാണു്. ഈ വസ്തുത നമ്മുടെ വിശ്വാസത്തെത്തന്നെ പിടിച്ചു കുലുക്കിയേക്കാം. ക്രിസ്തുവിന്റെ വിശ്വാസഭാജനങ്ങളും തെരഞ്ഞെടുക്കപ്പെട്ടവരുമായ വൈദികന്മാരുടെ വീഴ്ചകളെപ്പോലെ അത്രമാത്രം നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുന്ന മറെറാന്നില്ല.

മനുഷ്യർ ഉള്ളിടത്തെല്ലാം മാനുഷിക ബലഹീനതയും പ്രത്യക്ഷപ്പെടും. പക്ഷേ, തിരുസ്സഭയിലെ വൈദികന്മാരിൽനിന്നു പാപത്തിന്റെ നിഴൽപോലും അപ്രത്യക്ഷമാകാൻ നാം ശ്രമിക്കണം. വീഴ്ചകൾ കാണുകയാണെങ്കിൽ നമ്മുടെ വിശ്വാസത്തിനു് ഇളക്കംതട്ടരുതു്. അപ്പസ്തോലപ്രമുഖനായ പത്രോസ് പ്രഥമ ദിവ്യകാരുണ്യത്തിനുശേഷം അധികം താമസിയാതെതന്നെ ദിവ്യഗുരുവിനെ തിരസ്കരിച്ചില്ലേ? അപ്പസ്തോലന്മാർ പതിനൊന്നുപേരും തിരുപ്പട്ടസ്വീകരണദിവസംതന്നെ ക്രിസ്തുനാഥനെ വിട്ടുപോയില്ലേ? ഇതെല്ലാം മുൻകൂട്ടി കണ്ട ക്രിസ്തുനാഥന്റെ ഹൃദയം നൊന്തുരുകി. എങ്കിലും അവിടുന്നു് പൗരോ

ഹിത്യം സ്ഥാപിച്ചു. അവിടുന്ന് എന്തുകൊണ്ട് അതിന മുതിർന്നു? ഇതാണു നാം ആരാഞ്ഞറിയേണ്ടതു്.

## ക്രിസ്തുനാഥൻ പൗരോഹിത്യം സ്ഥാപിച്ചതെന്തിനു്?

പരിത്രാണകമ്മത്താൽ അനന്തമായ വരപ്രസാദം അവിടുന്ന സമ്പാദിച്ചു. അതിൻെറ വിതരണത്തിന മനുഷ്യരുടെ സഹകരണം അവിടുത്തേക്കു് ആവശ്യമില്ലായിരുന്നു. "കത്താവേ, അങ്ങിൽ ഞാൻ വിശ്വസിക്കുന്നു" എന്നു പറയുന്നതുകൊണ്ടുമാത്രം ഒരുവൻ ക്രൈസ്തവനാകുമെന്നു ദൈവം തിരുമനസ്സായെങ്കിൽ പിന്നെ മാമ്മോദീസയുടെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. "കത്താവേ, പാപിയായ എന്നോടു കരുണയായിരിക്കേണമേ" എന്നു പറഞ്ഞാൽ പാപമോചനം ലഭിക്കുമെന്നു് അവിടുന്നു നിശ്ചയിച്ചെങ്കിൽ പിന്നെ കുമ്പസ്സാരവും വേണ്ടിവരികയില്ലായിരുന്നു.

എന്നാൽ, ദൈവം അങ്ങനെ നിശ്ചയിച്ചില്ല. ദൈവവരപ്രസാദത്തിൻെറ വിതരണത്തിന ബാഹ്യമായ അടയാളങ്ങളും അനുഷ്ഠാനങ്ങളും നാം സ്വീകരിക്കണം; അധികാരപ്പെട്ടുത്തപ്പെട്ടവർ അവ നിർവ്വഹിക്കുകയും വേണം. ഇതാണു് ക്രിസ്തു ചെയ്ത തീരുമാനം.

മധ്യവത്തികളെക്കൂടാതെ നേരിട്ടു വരപ്രസാദം നല്കിക്കൂടാത്തതെന്തുകൊണ്ടു്, എന്ന ചോദ്യമുദിക്കാം. എന്നാൽ, മനുഷ്യൻ വെറും ആത്മാവല്ല, ശരീരിയുമാണു് എന്ന പരമാത്ഥം നാം മറക്കരുതു്. അങ്ങനെയുള്ള പ്രകൃതിക്കാരായ നമുക്കു്, അദൃശ്യവും ആന്തരികവുമായ വരപ്രസാദം പ്രദാനംചെയ്യുന്നതിന ബാഹ്യവും ദൃശ്യവുമായ അടയാളങ്ങളും അനുഷ്ഠാനങ്ങളും ദൈവം ഉപയോഗപ്പെടുത്തുന്നതു് ഏററം സമുചിതമത്രേ. ഈ കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ ലോകജീവിതത്തിൽനിന്നെല്ലാം വിട്ടു

കുന്ന ദൈവസേവനത്തിനായി മാത്രം ജീവിക്കുന്നവർക്കായി പൗരോഹിത്യം അവിടുന്നു സ്ഥാപിച്ചു. അപ്പോൾ, വൈദികൻ എന്തിനുവേണ്ടി? ദൈവത്തെ സേവിക്കാൻ, ആത്മാക്കളെ ദൈവത്തിൻപക്കലേക്ക് ആനയിക്കാൻ, ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കു മധ്യവർത്തിയായിരിക്കാൻ. ഒരു വൈദികനിൽ നിക്ഷിപ്തമായിരിക്കുന്ന കടമകൾ, അദ്ദേഹത്തിൻെറ സ്ഥാനത്തെപ്പോലെതന്നെ സമുന്നതമാണ്. മററുള്ളവരെ വഴികാട്ടി തുറമുഖത്തടുപ്പിക്കുന്ന ദീപസ്തംഭമായി നിലകൊണ്ടാൽ മാത്രം പോരാ, അദ്ദേഹം സ്വയം തുറമുഖത്തേക്ക് അടുത്തുകൊണ്ടിരിക്കുകൂടി വേണം. വൈദികൻ ക്രിസ്തുവിലേക്കുള്ള വഴി ചൂണ്ടിക്കാണിച്ചാൽ മാത്രം പോരാ, ആ വഴിയിലൂടെ നടന്നുകാണിക്കണം. ക്രിസ്തുനാഥൻ ഫരിസേയരെപ്പററിപറഞ്ഞ വാക്കുകൾ വൈദികനിൽ അന്വർത്ഥമാകുവാൻ ഒരിക്കലും ഇടവരരുത്: "ആകയാൽ അനുസരിക്കണമെന്ന് അവർ നിങ്ങളോടു പറയുന്നതൊക്കെയും അനുസരിക്കയും പ്രവർത്തിക്കയും ചെയ്യുവിൻ; എന്നാൽ, അവരെപ്പോലെ നിങ്ങൾ പ്രവർത്തിക്കരുത്..." (വി. മത്താ. 23: 3)

വിശ്വാസികളുടെമേൽ സ്വേച്ഛാധിപത്യം നടത്താനുള്ളവരല്ല വൈദികന്മാർ. ദിവ്യനാഥൻ പറയുന്നു: "നിങ്ങളിൽ വലിയവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം." (വി. മത്തായി 23: 11) വി. പൗലോസ്ശ്ലീഹയും (2 കൊറീ. 2: 24) വി. പത്രോസും (1 പത്രോ. 5: 2, 3) ഇതേ ആശയം ആവർത്തിക്കുന്നുണ്ട്.

ഇതു് ഒന്നുകൂടി വ്യക്തമാക്കാം. ദൈവം നമ്മുടെ നിത്യരക്ഷ ക്രിസ്തുവിനോടു ബന്ധിച്ചു. ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളാകുന്നതനുസരിച്ചാണു നാം രക്ഷപ്പെടുക. ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളാവുകയാണ് ക്രിസ്തുമതത്തിൻെറ സത്ത. പ്രമാണങ്ങളും തിരുനാളുകളും ആചാരാനുഷ്ഠാനങ്ങളുമല്ല, കൂദാശകളാണ് അവശ്യാവശ്യകം;

ക്രൂദാശകൾ നല്കാൻ പൗരോഹിത്യവും. പൗരോഹിത്യത്തിൻെറ ക്രൂദാശാപരമായ പ്രവൎത്തനങ്ങളിലൂടെ നാം ക്രിസ്തുവിൻെറ ശരീരത്തിലെ അംഗങ്ങളാകുന്നു.

അപ്പോൾ, വൈദികനെക്കൂടാതെ ക്രിസ്തുവിൻെറ രക്ഷാകരഫലങ്ങളിൽ നമുക്കു ഭാഗഭാക്കാകരുതോ? ക്രിസ്തുവുമായി നേരിട്ട് എൻെറ ആത്മാവിനു ബന്ധം പുലൎത്തരുതോ? ദൈവവും ഞാനും പോരേ? പിന്നെന്തിനാണു പൗരോഹിത്യം?

ക്രിസ്തുനാഥൻതന്നെ ഇതിനു സമാധാനം നല്കും. അവിടുന്നു ശിഷ്യന്മാരോടു വ്യക്തമായി കല്പിച്ചു: "ആകയാൽ, നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി......അവൎക്കു മാമ്മോദീസ നല്കുവിൻ." (വി. മത്താ. 28: 19) അപ്പോൾ, ശിഷ്യന്മാരാണു മാമ്മോദീസ നല്കേണ്ടതു്. "വിശ്വസിച്ചു മാമ്മോദീസ സ്വീകരിക്കുന്നവൻ രക്ഷപ്പെടും..." (വി. മൎക്കോ. 16: 16) അപ്പോൾ, തന്നെത്താൻ മാമ്മോദീസ മുങ്ങിയാൽ പോരാ; മററൊരാൾ മാമ്മോദീസ നല്കണം. നീതീകരണത്തെപ്പററി സംസാരിച്ചുകൊണ്ടു നിക്കൊദെമൂസ് ഒരു രാത്രി മുഴുവൻ കൎത്താവിനോടുകൂടെ കഴിച്ചു. 'ദൈവവും നീയും മതി, എന്നു കൎത്താവു പറഞ്ഞില്ല. തൻെറ കുരിശുമരണത്തെ വിവരിച്ചിട്ട് അവിടുന്നു പറഞ്ഞു: "ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴികയില്ല." (വി. യോഹ. 3:5) നമ്മിൽ ദൈവികജീവൻ നിലനിൎത്തുന്ന പരിശുദ്ധ കുർബാനയെപ്പററിയും അവിടുന്ന് അരുൾചെയ്തു: "നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനില്ല." (വി. യോഹ. 6: 54) ദിവ്യബലിയിൽ ക്രിസ്തുവിനെ സ്വർഗ്ഗത്തിൽനിന്ന് അൾത്താരയിലേക്കു വരുത്തുന്ന പൗരോ

ഹിത്യമില്ലെങ്കിൽ ക്രിസ്തുവിൻെറ തിരുശ്ശരീരം നമുക്കു ലഭിക്കുന്ന തെങ്ങനെ? ബലഹീനരായ മനുഷ്യർക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത കുമ്പസ്സാരം എന്ന കൂദാശയുടെ കാര്യമോ? "പാപങ്ങളെപ്പററി മനസ്തപിക്കുവിൻ. അപ്പോഠം, ഞാൻ സമ്പാദിച്ച രക്ഷാകര ഫലങ്ങളാൽ എൻെറ പിതാവു് അവ മോചിക്കും" എന്നൊ ന്നുമല്ല ക്രിസ്തു പറഞ്ഞതു്. പ്രത്യുത, "നിങ്ങഠം ആരുടെയെങ്കി ലും പാപങ്ങഠം മോചിച്ചാൽ അവ മോചിക്കപ്പെടും..." (വി. യോഹ. 20: 23) എന്നാണു്. അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികഠംക്കുമല്ലാതെ മററാർക്കും കൂദാശകഠം കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ക്രിസ്തു നല്കിയില്ല. അവിടുന്നു് അവരോടു് അരുഠംചെയ്തു: "എൻെറ പിതാവു് എന്നെ അയ ച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." (വി. യോഹ. 20: 21) തങ്ങഠം തിരഞ്ഞെടുക്കുന്നവരോടു് അപ്പസ്തോലന്മാർക്കു പറയാം, 'ക്രിസ്തു ഞങ്ങളെ അയച്ചതുപോലെ ഞങ്ങളും നിങ്ങളെ അയയ്ക്കുന്നു.' അങ്ങനെ ശിഷ്യസമൂഹത്തിനു നല്കപ്പെട്ട കൂദാ ശപരമായ ശക്തി അവരുടെ പിൻഗാമികളിലൂടെ ഇന്നും സം ലഭ്യമായിക്കൊണ്ടിരിക്കുന്നു. മനുഷ്യമക്കളെ സ്വീകരിച്ചു്, ക്രിസ്തു വിൻെറ മൗതികശരീരത്തിലേ അംഗങ്ങളാക്കാൻ ആ ശക്തി ഇന്നും സഭയിൽ പ്രവർത്തിക്കുന്നുണ്ടു്.

സഹോദരരേ, ഇരുപതു നൂററാണ്ടുകളുടെ ചരിത്രത്തിൽ സഭയ്ക്കു പലവിധ വിഷമഘട്ടങ്ങളും തരണംചെയ്യേണ്ടിവന്നിട്ടു ണ്ടു്. എങ്കിലും, വൈദികന്മാരുടെ അഭാവം ഒരിക്കലും ഉണ്ടാ യിട്ടില്ല. ആവശ്യമുള്ള വേലക്കാരെ ക്രിസ്തുതന്നെ വിളിക്കുന്നു. സഭയ്ക്കു വൈദികന്മാരെ ആവശ്യമുണ്ടു്. കൊയ്ത്തിനു വേല ക്കാർ ധാരാളം വേണം—ഇതെല്ലാം ക്രിസ്തുവിനറിയാം. അതി നാൽ, വേണ്ടത്ര യുവാക്കളെ അവിടുന്നു വിളിച്ചുകൊണ്ടിരിക്കുന്നു.

ദൈവവിളിയുടെ പ്രവർത്തനങ്ങഠം വിവരിക്കുക പ്രയാസം. സഭയാണു് ഓരോരുത്തനേയും വിളിക്കുക. അതേസമയം, വര

പ്രസാദം അവനിൽ പ്രവർത്തിക്കുന്നുണ്ടാകും; അവനെ മുഴുവനായി ക്രിസ്തുവിനു പ്രതിഷ്ഠിക്കാൻ പ്രേരിപ്പിക്കുന്നുണ്ടാകും. അതിൻെറ ഫലമോ? ക്രിസ്തുവിൻേറതും ആത്മാക്കളുടേതുമല്ലാത്ത സമയമോ ഹൃദയസ്പന്ദനമോ ആഗ്രഹമോ പരിപാടിയോ ദൈവവിളി സ്വീകരിക്കുന്ന യുവാവിനുണ്ടായിരിക്കയില്ല.

അനശ്വരമായ വിലയുള്ളവയെ കൈകാര്യംചെയ്യാൻ ബലഹീനരായ മനുഷ്യരെ നിയോഗിക്കുക സാഹസമെന്നു മനുഷ്യബുദ്ധി വിധിയെഴുതിയേക്കാം. അനുഭവം മറിച്ചെന്നു തെളിയിച്ചുകഴിഞ്ഞു. മർമ്മഭേദകമായ മാനുഷികവീഴ്ചകൾക്കിടയ്ക്കും പൗരോഹിത്യം സഭയുടെ ഉറച്ച താങ്ങായിരിക്കുന്നു. വൈദികന്മാരോടു കത്തോലിക്കർ പ്രകടിപ്പിക്കുന്ന സ്നേഹാദരങ്ങൾ അതുല്യമാണ്. മാനുഷിക ബലഹീനതകൾക്കതീതമായി വൈദികന്മാരുടെ സ്ഥാനൗന്നത്യം അവർ കാണുന്നു. പരിശുദ്ധ കുർബ്ബാന വഹിക്കാനും പാപങ്ങൾ പൊറുക്കാനുമായി ഉയർത്തിയിരിക്കുന്ന ആ കരങ്ങളുടെ കീഴിൽ അവർ വിനയപുരസ്സരം തലകുനിക്കുന്നു.

പരിശുദ്ധ കുർബ്ബാനയുടെ മുൻപിൽ മുട്ടുകുത്തി, തന്നെ ഈ നിലയിലേക്കുയർത്തിയ കർത്താവിനു വൈദികൻ പലവുരു നന്ദി പറയുന്നു. വൈദികന്മാർക്കുവേണ്ടി പ്രാർത്ഥിക്കാൻ വിശ്വാസികളോടു യാചിക്കുന്നു. മനുഷ്യകഴിവുകൾക്കതീതമായ ഈ ഉന്നതസ്ഥാനത്തിനു തങ്ങളെ വിളിച്ചതിൽ അവർ നന്ദി പറയുന്നു. ഈശോയുടെ തിരുഹൃദയത്തിനു പ്രിയപ്പെട്ട വൈദികന്മാരായിരിക്കാൻ, അവിടുത്തോടുള്ള സ്നേഹത്താൽ കത്തിജ്ജ്വലിക്കുന്ന ഹൃദയമുള്ളവരായിരിക്കാൻ, ആത്മാക്കളെ ക്രിസ്തുവിലേക്ക് ആനയിക്കുന്ന വഴികാട്ടികളായിരിക്കാൻ, ദൈവത്തേയും തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആത്മാക്കളേയുമല്ലാതെ മറ്റൊന്നിനേയും ലക്ഷ്യമാക്കാതിരിക്കാൻ, ലൗകികമായ യാതൊരു പ്രതിഫ

ലവും ഇച്ഛരിക്കാതിരിക്കാൻ, "ഇടയന്മാരുടെ പ്രധാനി പ്രത്യക്ഷപ്പെട്ടുമ്പോൾ മഹത്വത്തിൻെറ വാടാത്ത കിരീടം നിങ്ങൾ പ്രാപിക്കും" (1 പത്രോ. 5: 4) എന്ന പത്രോസ്ശ്ലീഹയുടെ വാഗ്ദാനത്തെ മാത്രം ഉന്നംവച്ചു പ്രവർത്തിക്കാൻ വൈദികൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

നാമെല്ലാവരും പ്രാർത്ഥിക്കണം: "കർത്താവേ, അങ്ങേ തിരുഹൃദയത്തിനു പ്രസാദിച്ചവരും, തങ്ങളുടെ സൂക്ഷത്തിനേല്പിച്ചിരിക്കുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നവരും ആയ ആദർശസമ്പന്നരായ വൈദികന്മാരെ ഞങ്ങൾക്കു നല്കണമേ."

## പതിനേഴാം അദ്ധ്യായം

# മർദ്ദിതസഭ

കത്തോലിക്കാസഭ നമ്മുടെയിടയിൽ മൗതികമായി ജീവിക്കുന്ന ക്രിസ്തുവിൻെറ ശരീരമാണെന്നു പൗലോസ് അപ്പസ്തോലൻ പ്രസ്താവിക്കുന്നു. ആകയാൽ, സഭയുടെ ചരിത്രം ക്രിസ്തുവിൻെറ ഈലോകജീവിതത്തിൻെറ ഒരാവത്തനം മാത്രമാണ്. അവിടുന്നനുഭവിച്ച യാതനകൾ സഭയും അനുഭവിച്ചേ മതിയാവൂ. ഫരിസേയർ, സപ്രേന്മാർ, ഹേറോദേസ്, യൂദാസ്, കയ്യാപ്പാസ്, പീലാത്തോസ് എന്നിവരെല്ലാം ക്രിസ്തുവിൻെറ മർദ്ദകരായിരുന്നു. റോമൻ ചക്രവത്തിമാർ തുടങ്ങി കമ്മ്യൂണിസ്റ്റാചാര്യന്മാർ വരെയുള്ളവരും സഭയുടെ പീഡകരത്രേ. "ഈ മനുഷ്യൻ ഞങ്ങളുടെമേൽ ആധിപത്യം വരിക്കുവാൻ ഞങ്ങൾക്കു സമ്മതമല്ല: അവനെ ക്രൂശിക്കുക" എന്ന പല്ലവിയാണ് ഇവരിൽനിന്നെല്ലാം പുറത്തു വരുന്നതു്. അതേ, യാതനകൾക്കു വിധേയയാകുന്ന ഒരു സഭയ്ക്കേ മർദ്ദിതനായ ക്രിസ്തുവിൻെറ ഉത്തമമണവാട്ടിയാകുവാൻ കഴിയൂ.

സഭ പീഡ സഹിക്കുന്നു എന്ന വസ്തുത കയ്പുനിറഞ്ഞ യാഥാത്ഥ്യങ്ങളും മാധുര്യപൂണ്ണമായ സ്മരണകളും നമ്മിൽ ഉദിപ്പിക്കുന്നുണ്ട്. മിശിഹാ ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കു് എഴുന്നെള്ളി അധികം കഴിഞ്ഞില്ല, ആദ്യത്തെ സഭാമർദ്ദനം ജറുസലേമിൽ പൊട്ടിപ്പുറപ്പെട്ടു. അന്നാരംഭിച്ച ആ പീഡനാഗ്നി ഇന്നും ജ്വലിച്ചുകൊണ്ടിരിക്കുകയാണ്. ഭീകരമായ വേദനകളു

ക്കങ്ങളെ കണ്ണീരോടുകൂടിയേ ഒരുവനു സ്മരിക്കാൻ കഴിയൂ. എന്നാൽ, ഇവയെല്ലാം നമ്മെ പ്രബുദ്ധരാക്കുവാനും ശക്തിപ്പെടുത്താനും ഉന്മേഷചിത്തരാക്കുവാനും പര്യാപ്തമാണെന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകും. ഇവയിലെല്ലാം ദൈവപരിപാലന ഒളിഞ്ഞുകിടപ്പുണ്ട്. സഭയ്ക്കു നേരിടേണ്ടിവന്നിട്ടുള്ള മർദ്ദനങ്ങളുടെ ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിക്കാം.

## മതപീഡനങ്ങൾ.

ക്രിസ്തുമതത്തിൻെറ ആദ്യത്തെ മർദ്ദകർ യഹൂദരായിരുന്നു. ക്രിസ്തു വാഗ്ദാനംചെയ്യപ്പെട്ട രക്ഷകനാണെന്ന് അപ്പസ്തോലന്മാർ പ്രഖ്യാപിച്ചു. യഹൂദരിൽ പലരും പ്രതീക്ഷിച്ചിരുന്നതുപോലെ ഒരു രാഷ്ട്രീയ നേതാവല്ലായിരുന്നു അവിടുന്ന്; മറിച്ച്, ഒരാധ്യാത്മികസമുദ്ധാരകനായിരുന്നു. അവിടുത്തെ പ്രബോധനം പലർക്കും അത്ര രുചിച്ചില്ല. യഹൂദരുടെ സുപ്രീംകോടതിയായ 'സൻഹെദ്രീ'നിലേക്ക് അപ്പസ്തോലന്മാർ വിളിക്കപ്പെട്ടു. ക്രിസ്തുവിനെ ആ കോടതി മിണ്ടടക്കാൻ ശ്രമിച്ചതുപോലെ, അപ്പസ്തോലന്മാരെയും അവരുടെ പഠനങ്ങളിൽനിന്നു പിൻതിരിക്കുകയായിരുന്നു ഉദ്ദേശ്യം. ഒരു നിയമവിദഗ്ദ്ധനായ ഗമാലിയേൽ കൌൺസിലംഗങ്ങളോട് ഇപ്രകാരം പ്രസ്താവിച്ചു: "നിങ്ങൾ ഈ മനുഷ്യരിൽനിന്നകലുവിൻ; അവരെ വിട്ടയയ്ക്കുവിൻ; കാരണം, ഈ ആലോചനയും ഈ പ്രവൃത്തിയും മനുഷ്യരിൽനിന്നാണെങ്കിൽ അവ നശിച്ചുകൊള്ളും; എന്നാൽ, ദൈവത്തിൽനിന്നുള്ളതാണെങ്കിൽ അതിനെ ഇല്ലാതാക്കുവാൻ നിങ്ങൾക്കു കഴിയുന്നതല്ല." (നടപടി 5: 38) എത്ര അർത്ഥസമ്പൂർണ്ണമായ വാക്കുകൾ! പക്ഷേ, യഹൂദന്മാർ അതു വകവച്ചുകൊടുത്തില്ല. മതമർദ്ദനത്തിനുതന്നെ അവർ കോപ്പുകൂട്ടി. ഡീക്കൺ സ്റ്റീഫൻ ഒന്നാമതായി രക്തസാക്ഷിമകുടം ചൂടി. താമസിയാതെ വി. പത്രോസ് ജയിലിൽ അടയ്ക്കപ്പെട്ടു. ജസ്റ്റിൻെറ പ്രസ്താവന കേൾ

ക്കുക: "അപ്പസ്തോലന്മാരെ അവിശ്വാസികളും ദൈവനിഷേധകരുമായി താറടിച്ചുകാണിക്കുവാൻ അവർ പോയിരുന്ന സ്ഥലങ്ങളിലെല്ലാം ഏതാനുംപേരെ യഹൂദന്മാർ നിയോഗിച്ചിരുന്നു." എന്നാൽ, ഈ വിദ്യകളൊന്നും ഫലപ്രദമായില്ല. ക്രിസ്തു നട്ട വിത്തു മുളച്ച് അനുദിനം ശക്തിപ്പെടുകതന്നെ ചെയ്തു.

യഹൂദരുടെ പീഡനങ്ങളെത്തുടർന്ന് അതിനേക്കാൾ ക്രൂരമായവിധം റോമൻ ചക്രവർത്തിമാർ ക്രിസ്തുമതത്തിൻെറ നേരെ ചീറിപ്പാഞ്ഞു. അവരുടെ മർദ്ദനപരിപാടികൾ തികച്ചും നിഷ്ക്കരുണവും മൃഗീയവും ആയിരുന്നു. പേഗനിസത്തിൻെറ നിലനില്പിനുവേണ്ടി സകലവിധ അക്രമങ്ങളും റോമാസാമ്രാജ്യം പ്രയോഗിച്ചുനോക്കി. എന്നാൽ, അവയെ എല്ലാം അതിജീവിച്ചുകൊണ്ടു ക്രിസ്തുമതം മുന്നേറി. ഇതിനു വിശദീകരണം കൊടുക്കുവാൻ ചരിത്രത്തിനു കഴിവില്ല. ക്രിസ്ത്യാനികളെക്കുറിച്ച് എന്തെല്ലാം അധിക്ഷേപങ്ങളാണു പ്രചരിപ്പിച്ചതു്? ഒരു അരൂപിയായ ദൈവത്തെ ആരാധിക്കുക നാസ്തികത്വമാണു പോലും! വി. കുർബ്ബാനസ്വീകരണം എന്തോ പാതകമായി പരിഹസിക്കപ്പെട്ടു. ഭൂഗർഭാലയങ്ങളിൽ ക്രിസ്ത്യാനികൾ സമ്മേളിക്കുന്നതു ദുരാലോചനയ്ക്കാണത്രേ! ആയിരം ആൾ വിശ്വാസത്തെപ്രതി തങ്ങളുടെ ജീവൻ വെടിയേണ്ടിവന്നു. എങ്കിലും, ക്രിസ്തുമതം നശിച്ചില്ല. കഠിന നടപടികളാണു ക്രിസ്ത്യാനികൾക്കെതിരായി സ്വീകരിച്ചുപോന്നതു്. ഹഡ്രിയാൻ ചക്രവർത്തി "വീനസ്" എന്ന രതിദേവിയുടെ പ്രതിമ കാൽവരിയിലും "ജൂപ്പിററർ" ദേവൻെറ സ്വരൂപം മിശിഹായുടെ ശവകുടീരത്തിലും സ്ഥാപിച്ചു! എന്നിട്ടെന്തു പററി? ഒരുത്തനും ക്രിസ്ത്യാനിയായിക്കൂടെന്നു സെവേരൂസ് ചക്രവർത്തി കല്പിച്ചു! വളരെപ്പേരുടെ തല കൊയ്തശേഷം ഡയോക്ലിഷ്യൻ ഒരു സ്മാരകശില സ്ഥാപിച്ച് അതിന്മേൽ ഇപ്രകാരം എഴുതി: "ക്രിസ്തീയനാമം എന്നേക്കുമായി തുടച്ചുമാററിയതിൻെറ നിത്യസ്മാരകം!" എന്നി

ട്ടെന്തു പററി? രക്തപങ്കിലമായ മതമർദ്ദനങ്ങളെല്ലാം ഫലശൂന്യമായി. ക്രിസ്തുവിൻെറ നവോഢ—ക്രിസ്തുസഭ—തൻെറ മുഖത്തുനിന്നു ചോരത്തുള്ളികൾ വടിച്ചെറിഞ്ഞു നവചൈതന്യത്തോടെ പുതുജീവിതം തുടർന്നു. മാക്സിമിയാന്തൂസ് ചക്രവർത്തി ഒരുനാളും വിചാരിച്ചുകാണുകയില്ല, തൻെറ അരമനയുടെ സ്ഥാനത്തു ലാററൻ ബസിലിക്ക പണിയപ്പെടുമെന്ന്; തൻെറ സിംഹാസനം സ്ഥിതിചെയ്തിടത്ത് അജയ്യമായ പാപ്പാവംശം സിംഹാസനമുറപ്പിക്കുമെന്ന്.

പാപത്തിനായി ഇരുട്ടറയിലേക്കു വലിച്ചിഴയ്ക്കപ്പെട്ട പതിന്നാലുകാരിയായ ആഗ്നസ് സ്വപ്നേപി വിചാരിച്ചില്ല, തൻെറ പാവനദർശനത്താൽ ആ ഇരുട്ടറ പവിത്രമാകുമെന്നും അവിടെ (പിയാസനവോനയിൽ) അതിമനോഹരമായ "സെൻറ് ആഗ്നസ്" ദൈവാലയം ഉയരുമെന്നും.

റോമാക്കാർ ക്രിസ്ത്യാനികളെ അടിമകൾക്കു സമം കരുതി കഠിനവേല എടുപ്പിച്ചുപോന്നു. സിറിയക്കുസ്സുടെ ന്യേതൃത്വത്തിൽ ക്രിസ്ത്യാനികൾ രക്തം വിയർപ്പാക്കി നിർമ്മിച്ച നീരാട്ടുസങ്കേതങ്ങൾ വി. സിറിയക്കിൻെറ കപ്പേളയായിട്ടും, മൈക്കളാഞ്ചലോയുടെ കലാവിരുതുള്ള വിരൽത്തുമ്പുകൾ പ്രവർത്തിച്ച പള്ളിയായിട്ടും കാലക്രമത്തിൽ രൂപാന്തരപ്പെടുമെന്ന് ആരും അന്ന് ഊഹിച്ചുകാണുകയില്ല. ബാലകനായ പംക്രേഷ്യസിൻെറ ധീരനായ ആ ബാലകൻെറ ചരിത്രം നാം വായിച്ചിട്ടുണ്ട്. അവൻെറ പിതാവു് ക്രിസ്തുവിനെപ്രതി രക്തസാക്ഷിയായപ്പോൾ പ്രാർത്ഥനാനിരതയായ അമ്മ ലൂസീനയുടെ മടിയിലിരിക്കുന്ന പംക്രേഷ്യസ് വിചാരിക്കുന്നതെന്തെന്നോ? 1600 വർഷങ്ങൾക്കു ശേഷം റോമയിൽ ഉയരാനിരിക്കുന്നതും തീർത്ഥകേന്ദ്രമാകാനിരിക്കുന്നതുമായ 'സെൻറ് പംക്രേഷ്യസ് ബസിലിക്ക'യെപ്പററി അവൻ ചിന്തിച്ചിരിക്കുമോ? അതേപ്പററി അവനു ദർശനമുണ്ടായിരിക്കുമോ? ഇല്ല. ഒന്നാം ഹൊണോരിയൂസ് പാപ്പ

യുടെ കരങ്ങളിൽ, പംക്രേഷ്യസ് പുണ്യവാൻെറ തിരുശ്ശേഷിപ്പ് ഉള്ളടക്കംചെയ്ത രജതപേടകം തിളങ്ങുന്നതു് അവൻ കാണുന്നില്ല. തൻെറ ജീവചരിത്രം ആയിരമായിരം സ്ഥലങ്ങളിൽ അനുദിനം വായിക്കപ്പെട്ടുമെന്നോ, തൻെറ ബാലപ്രതിമ അനേകമനേകം പീഠങ്ങളിൽ വണങ്ങപ്പെട്ടുമെന്നോ അവനു തോന്നിയേ ഇല്ല. അവൻ സ്നേഹനിധിയായ ക്രിസ്തുനാഥനെ മാത്രം കാണുന്നു. അവിടുത്തേക്കുവേണ്ടി മരിക്കുവാൻ അവൻ തയ്യാറാണു്; അവൻ അങ്ങനെ മരിക്കുകതന്നെ ചെയ്തു.

ക്രിസ്തുമതത്തെ നാമാവശേഷമാക്കാൻ പരിശ്രമിച്ചവരുടെയെല്ലാം അന്ത്യം ഏററം ദയനീയമായിരുന്നു. കട്ടുത്ത നിരാശതയിലാണു ഡയോക്ലിഷൻ തൻെറ വലിഞ്ഞിഴഞ്ഞ ജീവിതം അവസാനിപ്പിച്ചതു്. മാരകമായ രോഗത്തിനു് അടിപ്പെട്ടപ്പോൾ ഗലേരിയൂസ് പരസ്യമായി ഏററുപറയേണ്ടിവന്നു, മതമർദ്ദനം കട്ടുത്ത അനീതിയായിപ്പോയെന്നു്. മാക്സിമിയൻ ഹെർക്കുലീസ് ആത്മഹത്യചെയ്തു. മാക്സെൻഷ്യൂസ് ടൈബർ നദിയിൽ മുങ്ങിമരിച്ചു. ലൂസീനിയൂസ് ജയിലിൽ വച്ചു് വധിക്കപ്പെട്ടു. എന്നാൽ, ക്രിസ്തുവിൻെറ സഭ രക്തംപുരണ്ട ശരീരത്തോടുകൂടിയെങ്കിലും യൗവ്വനത്തിളപ്പോടെ നിലകൊണ്ടു. "നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ല" എന്ന മിശിഹായുടെ വാക്കുകൾ അന്വർത്ഥമാകുന്നതു സഭ കണ്ടു.

റോമാക്കാരുടെ അക്രമപ്രസക്തമായ മർദ്ദനങ്ങൾ ഏതാണ്ടമർന്നപ്പോൾ ഇതാ, കുറച്ചുകൂടി അപകടകരമായ മറെറാരു ശത്രു തലപൊക്കി. ബുദ്ധിപരമായ ഒരു ഏററുമുട്ടലിനാണു് ഇത്തവണ "ലൂസിഫർ" കളമൊരുക്കിയതു്. സഭയിൽത്തന്നെ പിളർപ്പുണ്ടാക്കുക എന്നതായിരുന്നു അവൻെറ പ്ലാൻ. അങ്ങനെ പാഷണ്ഡമതങ്ങൾ ഉത്ഭവിച്ചു. അബദ്ധപഠനങ്ങൾ പ്രചരിച്ചു. ക്രിസ്തുവിൻെറ പ്രബോധനങ്ങളെ തെററായി വ്യാഖ്യാനിക്കുന്ന കള്ളപ്രവാചകന്മാർ അവിടവിടെയായി പ്രത്യ

ക്ഷപ്പെട്ടു. തത്ഫലമായി ചിലപ്പോൾ ചില്ലകളും മററുചില പ്പോൾ വൻശാഖകളും സഭാവൃക്ഷത്തിൽനിന്നു ചീന്തിപ്പോയി. എന്നാൽ, ഇവയൊന്നുകൊണ്ടും സഭ വേരററില്ല. അവരം ഉത്തരോത്തരം ശക്തിപ്പെടുകയും പടരുകയും ചെയ്തു.

പിന്നീടു നടന്നതു് അപരിഷ്കൃതജനതകളുടെ (Barbarians) ആക്രമണമായിരുന്നു. സംസ്കാരമററ പ്രസ്തുത ജനത യൂറോപ്പു മുഴുവൻ വ്യാപിച്ചു. അവരുടെ കാട്ടാളമനഃസ്ഥിതിക്കു വഴങ്ങിക്കൊടുക്കുവാൻ സഭ തയ്യാറായില്ല. സുധീരമായ ഒരു നിലപാടാണു് അവർ അപ്പോൾ കൈക്കൊണ്ടതു്. അങ്ങനെ കിരാതവേട്ടയെ അതിജീവിച്ചുകൊണ്ടു പത്രോസാകുന്ന പാറ അചഞ്ചലമായി നിന്നു. കാലത്തിന്റെ നീക്കത്തിൽ പേഗൻ ആദർശങ്ങളും നവോത്ഥാനാദർശവും സഭയെ പിടിച്ചു കുലുക്കുവാൻ ശ്രമിച്ചു. ക്രിസ്തീയവിശ്വാസത്തിന്റെയും സന്മാർഗ്ഗബോധത്തിന്റെയും നിലവാരം ചില സ്ഥലങ്ങളിൽ ഇടിക്കുവാൻ അവയ്ക്കു കഴിഞ്ഞു. സഭയുടെ തലപ്പത്തിരുന്ന വ്യക്തികളുടെപോലും ജീവിതത്തിൽ മ്ലേച്ഛത കടന്നുകൂടി. കത്തോലിക്കാസഭ ഒരു മാനുഷികസ്ഥാപനമായിരുന്നെങ്കിൽ, അതു് ഇ പ്രാവശ്യം നാമാവശേഷമാകുമായിരുന്നു. പക്ഷേ, സംഭവിച്ചതെന്താണു്? പേഗനിസമാകുന്ന പകർച്ചവ്യാധിയുടെ ദുഷ്പ്രേരണകളെ തകർത്തു സഭ മുന്നേറി.

പതിനെട്ടാം നൂററാണ്ടിലെ തെററായ പ്രബുദ്ധതയും, അതുകഴിഞ്ഞുണ്ടായ ഫ്രഞ്ചു വിപ്ലവവും സഭയെ വളരെയധികം ബുദ്ധിമുട്ടിച്ചു. വിപ്ലവനേതാവായ വോൾട്ടയർ പറഞ്ഞു: "പന്ത്രണ്ടു മനുഷ്യർക്കു ക്രിസ്തുമതത്തെ ലോകമെങ്ങും പ്രചരിപ്പിക്കുവാൻ കഴിഞ്ഞു എന്നു കേട്ടു കേട്ടു ഞാൻ മടുത്തു. എന്നാൽ, ഒരൊററ മനുഷ്യൻ മതി അതിനെ തകക്കുവാൻ എന്നു ഞാൻ സക്ഷുകം തെളിയിച്ചുകൊടുക്കും." അയാൾ മുദ്രാവാക്യം

മുഴക്കി: "നശിക്കട്ടെ ആ നികൃഷ്ടവസ്തു." പക്ഷെ, സഭ ജീവിതം തുടർന്നു.

ഇവയെല്ലാം ശേഷം ആധുനികകാലത്തെ ധൂമകേതു, കമ്മ്യൂണിസം തലപൊക്കി. ഭയപ്പെടുത്തൽ, നാടുകടത്തൽ, അധിക്ഷേപങ്ങൾ, പോരാ, ചോര, തീയു്, വെടി എല്ലാം അതു പ്രയോഗിക്കുകയാണു്, മനുഷ്യഹൃദയങ്ങളിൽനിന്നും ദൈവവിശ്വാസത്തെ തുടച്ചുനീക്കുവാൻ. അങ്ങനെ മനുഷ്യനെ മതബോധത്തിൽനിന്നു പാടേ അകററുവാൻ പര്യാപ്തമായ ഒരു നവീനമതവും അടുത്ത കാലത്തു പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഭയങ്കരമായ ഒരു സമരം ആസ്തിക്യവും നാസ്തിക്യവും തമ്മിൽ—ക്രിസ്തുവും അന്തിക്രിസ്തുവും തമ്മിൽ—ഇന്നു നടന്നുകൊണ്ടിരിക്കുകയാണു്. അവസാനവിജയം ആരുടേതായിരിക്കുമെന്നതിനു ചരിത്രംതന്നെ വേണ്ട മുന്നറിവു തരുന്നുണ്ടു്.

ചിന്തയുടേയും ശാസ്ത്രത്തിൻേറയും വിവിധ മണ്ഡലങ്ങളിൽനിന്നു കിട്ടാവുന്നത്ര ഖണ്ഡനശരങ്ങൾ സഭയ്ക്കെതിരേ തൊടുത്തുവിടപ്പെട്ടിട്ടുണ്ടു്. ഒരിക്കൽ ജ്യോതിശ്ശാസ്ത്രത്തിൻെറ കണ്ടുപിടിത്തങ്ങളാണു് അവൾക്കെതിരായി പ്രയോഗിച്ചതെങ്കിൽ, മറെറാരിക്കൽ ഭൂഗർഭശാസ്ത്രത്തിൻേറയും പിന്നീടൊരിക്കൽ തത്വശാസ്ത്രത്തിൻേറയും ഗവേഷണങ്ങളായിരുന്നു. എന്നാൽ, ഈ ആക്രമണങ്ങളെല്ലാം കഴിഞ്ഞിട്ടും വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ട ഒരൊററ ശാസ്ത്രീയസത്യവും സഭയുടെ വിശ്വാസസത്യങ്ങൾക്കെതിരായി വരുന്നില്ല എന്നതു് ഒരു യാഥാർത്ഥ്യം മാത്രമാണു്. അനുസ്യൂതമായ മർദ്ദനങ്ങൾക്കുശേഷവും സഭയുടെ അനുയായികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണു്. ഒരു രാജ്യത്തു് അവർ പീഡിപ്പിക്കപ്പെടുമ്പോൾ മറെറാരിടത്തു് അവർ നവചൈതന്യത്തോടേ കുതിച്ചുകയറുന്നു. അങ്ങനെ, നാരകീയശത്രുക്കൾ സഭയ്ക്കെതിരായി ശക്തിപ്പെടുകയില്ല, എന്ന മിശിഹായുടെ വാക്കുകൾ അക്ഷരംപ്രതി ശരിയാവുകയാണു്.

## മർദ്ദനങ്ങൾക്കു പിന്നിലുള്ള ദൈവപരിപാലന

എല്ലാക്കാലത്തും സഭയ്ക്കു മർദ്ദനങ്ങൾ സഹിക്കേണ്ടിയിരുന്നു. എന്നാൽ, മർദ്ദനങ്ങൾ അനുവദിക്കുന്നതിൽ ദൈവത്തിനു നിശ്ചിതമായ ചില ഉദ്ദേശ്യങ്ങളെല്ലാമുണ്ട്. ദൈവം അറിയാതെ ഒരു തലമുടിനാരുപോലും നിലത്തു വീഴുന്നില്ല എന്നു നാം വിശ്വസിക്കുന്നു. വ്യക്തികൾക്കും സമുദായത്തിനും സഭയ്ക്കും സംഭവിക്കുന്നവയിലെല്ലാം അവിടുത്തെ പരിപാലനയുടെ ബലിഷ്ഠകരം പ്രവർത്തിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ സഭയുടെ ക്രൂരപീഡനങ്ങളുടെ അർത്ഥം കുറച്ചൊക്കെ മനസ്സിലാകും. ഒന്നാമതായി, മർദ്ദനം, സഭയെ ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നു. കൊടുങ്കാററു വൃക്ഷങ്ങളെ പിടിച്ചു കുലുക്കി അവയുടെ വിത്തുകൾ ദൂരദേശങ്ങളിലേക്കു കൊണ്ടുപോകുന്നതുപോലെ, മതമർദ്ദനം സഭയെ ലോകത്തിന്റെ നാനാഭാഗത്തും വ്യാപിപ്പിക്കുന്നു. ക്രിസ്തുവിന്റെ മരണം കഴിഞ്ഞയുടൻതന്നെ ഒന്നാമത്തെ മതപീഡനം ജരുസലേമിൽ ആരംഭിച്ചു. അപ്പസ്തോലന്മാർ വേദനയോടുകൂടിയാണെങ്കിലും, അവിടെനിന്നും പോകേണ്ടിവന്നു. എന്നാൽ, അവരുടെ പലായനം നന്മയ്ക്കായി ഭവിച്ചു. "ലോകത്തിന്റെ എല്ലാ കോണുകളിലും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" എന്ന ദിവ്യനാഥന്റെ വാക്യം അങ്ങനെ നിറവേറി.

റോമിൽ ക്രിസ്തുമതം ചുവടുറപ്പിച്ചു. ഉടൻതന്നെ നീറോ തന്റെ പടവാൾ അവർക്കെതിരായി ഉയർത്തി. അതിനെ തുടർന്നു മുന്നൂറു കൊല്ലത്തേക്കു തുടർച്ചയായി ക്രൂരമർദ്ദനങ്ങൾക്കു സഭ വിധേയയായി. ക്രിസ്ത്യാനികളുടെ രക്തം റോമൻതെരുവുകളിലൂടെ ഒഴുകിയെങ്കിൽ, ക്രിസ്തുവിന്റെ കുരിശും വിജയഘോഷത്തോടെ ഉയർന്നു. അതേ രക്തസാക്ഷികളുടെ രക്തം ക്രിസ്തുമതത്തിന്റെ വിത്താകുന്നു. വസന്തത്തിലെ മഴയ്ക്കുശേഷം

പുതിയ തളിരുകൾ മുളയെടുക്കുക സ്വാഭാവികമാണല്ലോ. ചരിത്രത്തിൽ സഭയുടെ പന്ഥാവ് ഒരു "കാൽവരിതന്നെയാണ്". മനുഷ്യവംശം അവളുടെ മഹത്വത്തിനുമുൻപിൽ തലകുനിച്ച കാലത്തല്ല, മറിച്ച്, അവൾ വേദന സഹിച്ച കാലത്താണ് സഭാചരിത്രത്തിലെ സുവർണ്ണാദ്ധ്യായങ്ങൾ വിരചിതമായത്. അവളുടെ അഭികാമ്യമായ അടയാളമെന്താണ്? കുരിശ്. സഭയെപ്പോലെ സഹനത്തിന്റെ അർത്ഥവും വിലയും ഇത്രമാത്രം അറിയാവുന്ന മററാരും ലോകത്തിലില്ല. അവളുടെ ഏററം ശോഭനമായ കാലം പീഡനാവസരങ്ങളായിരുന്നു. പീഡനങ്ങളില്ലെങ്കിലേ നാം പേടിക്കേണ്ടതുള്ളു. കാൽവരിയിലൂടെ യാത്ര ചെയ്തിട്ടുള്ളവരെല്ലാം കുരിശു വഹിച്ചിരിക്കുന്ന ക്രിസ്തുവിനെ കാണാതിരുന്നിട്ടില്ല." "മതമർദ്ദനങ്ങളെ സഭാചരിത്രത്തിൽനിന്നു മായിച്ചുകളയുക; അപ്പോൾ, സഭയിലെ രത്നങ്ങളും അപ്രത്യക്ഷമാകും" എന്നാണ് വി. അംബ്രോസ് പറഞ്ഞിരിക്കുന്നത്. രക്തസാക്ഷികളെയാണ് അദ്ദേഹം ഇവിടെ വിവക്ഷിക്കുക. പാഷണ്ഡികളില്ലായിരുന്നുവെങ്കിൽ വിശുദ്ധരുടെ പാണ്ഡിത്യം വികസിക്കയില്ലായിരുന്നു എന്ന് വി. അക്വിനാസും അഭിപ്രായപ്പെടുന്നു. പാഷണ്ഡമതങ്ങളും മതപീഡനങ്ങളും ബാഹ്യാക്രമണങ്ങളും മാനസിക വിപ്ലവങ്ങളുമാണ് സഭയുടെ വിജയത്തിനു പ്രചോദനം നല്കിയത്. വി. ഹിലാരി പറയുന്നു: "മർദ്ദിക്കപ്പെട്ടപ്പോൾ സഭ പ്രശോഭിച്ചു; അടിച്ചമർത്തപ്പെട്ടപ്പോൾ വിജയിച്ചു; അവഹേളിക്കപ്പെട്ടപ്പോൾ പുഷ്ടിപ്രാപിച്ചു; പരാജയപ്പെട്ടുവെന്നു ലോകം കരുതിയപ്പോൾ അടിപതറാതെ നിലകൊണ്ടു."

ദൈവം സഭയിൽ ഞെരുക്കങ്ങൾ അനുവദിക്കുന്നതിനു വേറൊരുദ്ദേശ്യംകൂടിയുണ്ട്. അവളെ ബലപ്പെടുത്തുവാൻ മാത്രമല്ല, ആശ്വസിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും അവിടുന്നാഗ്രഹിക്കുന്നു. സഭയ്ക്കെതിരായി അനുസ്യൂതം അടിച്ചുകൊണ്ടിരുന്ന കൊടുങ്കാററുകളെയെല്ലാം അതിജീവിച്ച് അവൾ വി

ജയശ്രീലാളിതയായി, എന്ന വസ്തുത നമുക്കു ധൈര്യവും ഉന്മേഷവും പകരുന്നു. അന്ധകാരശക്തികളുടെ തട്ടിപ്പുകളൊന്നും സഭയുടെപക്കൽ വിലപ്പോകയില്ലെന്ന ആ സത്യത്തിനു മറെറാരു തെളിവാണിതു്.

വി. മത്തായി തൻെറ സുവിശേഷത്തിലെ പതിനാലാം അദ്ധ്യായത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ടു്. വെളുപ്പാൻ കാലത്തു ഗലീലേയക്കടലിനു മീതെ ക്രിസ്തു പാദംവെച്ചു നീങ്ങുകയാണു്. സമയം ഏതാണ്ടു മൂന്നു മണി. കടൽ ക്ഷോഭിച്ചിട്ടുണ്ടു്. അപ്പസ്തോലന്മാരുടെ വഞ്ചി ആടിയും ഉലഞ്ഞും മുന്നോട്ടു നീങ്ങുന്നു. മിശിഹാ അവരുടെ മുൻപിൽ പ്രത്യക്ഷനായി പത്രോസിനെ വിളിക്കുന്നു. നാഥൻെറ സ്വരം ശ്രവിച്ച ഉടനെ ഒട്ടും ശങ്കിക്കാതെ ആ വിശ്വസ്തശിഷ്യൻ കടലിലേക്കു് എടുത്തുചാടി. കടൽ ഇളകിമറിഞ്ഞിരുന്നതിനാൽ തിരമാലകൾ അദ്ദേഹത്തെ മുക്കിക്കളയുമെന്ന മട്ടായി. പത്രോസ് ഭയചകിതനായി. അദ്ദേഹത്തിൻെറ വിശ്വാസത്തിനു ബലക്ഷയം സംഭവിച്ചു. അതോടേ പത്രോസ് കടലിലേക്കു താഴുവാനും തുടങ്ങി. "കർത്താവേ! രക്ഷിക്കേണമേ"– പത്രോസ് നിലവിളിച്ചു. ക്രിസ്തു വേഗം തൻെറ കൈ നീട്ടിക്കൊടുത്തു. പത്രോസ് രക്ഷപ്പെടുകയും ചെയ്തു. എന്നാൽ, പിന്നീടു ഒരു താക്കീതും. "അല്പവിശ്വാസീ, നീ എന്തുകൊണ്ടു സംശയിച്ചു. അവൻ പടവിൽ കയറിയപ്പോൾ കാററു ശാന്തമായി." (വി. മത്തായി 14: 30–32)

സഭയുടെ ഒരു പ്രതിരൂപമാണു് നാം ഇവിടെ ദർശിക്കുക. യാതനകളുടെ നീർച്ചുഴിയിൽ സഭ മുങ്ങിപ്പോകുവാൻ ദൈവം ഇതുവരേയും ഇടവരുത്തിയിട്ടില്ല. ഭാവിയിൽ അങ്ങനെ സംഭവിക്കുകയുമില്ല. എന്നാൽ, നാം ഒരിക്കലും സംശയാലുക്കളോ അല്പവിശ്വാസികളോ ആയിരിക്കരുതു്. കാരണം, പത്രോസിൻെറ പടവു മുങ്ങിപ്പോകുവാൻ ക്രിസ്തു അനുവദിക്കുകയില്ല.

പാഷണ്ഡമതങ്ങളോടു സഭയ്ക്കു മല്ലിടേണ്ടിവന്നിട്ടുള്ള സാഹചര്യങ്ങൾ കുറച്ചൊന്നുമല്ല. ആര്യനിസം, നെസ്തോറിയനിസം, മോണോഫിസിറ്റിസം, പെലാജിയനിസം ഇവ ആദ്യത്തെ നൂററാണ്ടുകളിലെ ശീശ്മകളായിരുന്നു. പിന്നീടു പൗരസ്ത്യ ശീശ്മ ഉത്ഭവിച്ചു. അതിനുശേഷം ആരംഭിച്ച മുഹമ്മദുമതം യൂറോപ്പിനെ മുഴുവൻ വിറപ്പിച്ചുകളഞ്ഞു. പതിനാറാം നൂററാണ്ടിൽ പാശ്ചാത്യദേശത്തു പൊട്ടിപ്പുറപ്പെട്ട പ്രോട്ടെസ്റ്റാൻറിസം ഏററം ഭയാനകമായിരുന്നു. എന്നാൽ, എല്ലാററിനേയുംകാൾ ബീഭത്സമായ ഒരു ശത്രുവിനെയത്രെ ഇന്നു സഭയ്ക്കു നേരിടേണ്ടിവന്നിരിക്കുന്നതു്. അതേ, സംഘടിതവും വ്യവസ്ഥാപിതവുമായ നിരീശ്വരപ്രസ്ഥാനം, അഥവാ, കമ്മ്യൂണിസം ഇപ്പോൾ ശക്തിപ്രാപിച്ചുവരികയാണു്. എങ്കിലും, സഭ നിത്യമായ ഒരത്ഭുതംപോലെ അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വ്യക്തികളും സ്ഥാപനങ്ങളും ഭരണകൂടങ്ങളും നവീന ചിന്താഗതികളും ഭൗമികശാസ്ത്രവും തത്വശാസ്ത്രവും എല്ലാം ക്രിസ്തുവിൻെറ സഭയോടു് അനേകനൂററാണ്ടുകൾ പൊരുതിനോക്കി. വിപ്ലവകാരികളുടേയും കലഹപ്രിയരുടേയും കരാളഹസ്തങ്ങൾ അവളുടെമേൽ വന്നു പതിച്ചിട്ടുണ്ടു്. എന്നാൽ, ഇതുകൊണ്ടൊന്നും അവൾ കുലുങ്ങിയില്ല. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട ദൈവസ്ഥാപിതമായ കത്തോലിക്കാസഭയോടു പയററിയവരെല്ലാം ആ കനത്ത പാറയിൽത്തട്ടി ഉടഞ്ഞുപോയി.

അൻപതുകൊല്ലത്തിലൊരിക്കൽ ഉന്മത്തനായ ഏതെങ്കിലും വ്യക്തി സഭയുടെ ചരമപ്രസംഗത്തിനായി പ്രത്യക്ഷപ്പെടാറുണ്ടു്. എന്നാൽ, തനിക്കു ശവക്കുഴിയൊരുക്കാൻ ശ്രമിച്ചവരെയെല്ലാം സഭ അതേകുഴിയിലിട്ടു മൂടിയതായിട്ടാണു് ഇന്നുവരെയുമുള്ള ചരിത്രം പഠിപ്പിക്കുക. ആധുനിക തത്വശാസ്ത്രത്തിൻേറയും മററു ശാസ്ത്രീയനിഗമനങ്ങളുടേയും പശ്ചാത്തലത്തിൽ ധാരാളം ആരോപണങ്ങൾ സഭയ്ക്കെതിരേ ഉന്നയിക്കപ്പെടുന്നുണ്ടു്. അവയുടെ പ്രബോധനങ്ങൾ പ്രസ്തുത നിരീക്ഷണ

ങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്നില്ലപോലും! ഉപരിപ്ലവ ബുദ്ധികളായ ഏതാനും മുറിശാസ്ത്രജ്ഞന്മാരുടെ ബാലിശമായ പ്രസ്താവനകൾ കേട്ടുകൊണ്ട് നിത്യസത്യങ്ങളെ ബലികഴിക്കുവാൻ സഭ ഒരിക്കലും തയ്യാറല്ല. യഥാർത്ഥ ശാസ്ത്രീയനിരീക്ഷണങ്ങൾ പ്രസ്തുത ആരോപണങ്ങൾക്കു തക്ക മറുപടികൊടുക്കുമെന്നു സഭയ്ക്കു നല്ല ഉറപ്പുണ്ട്. കാരണം, ശാസ്ത്രത്തിന്റെയും സഭയുടേയും ഉപജ്ഞാതാവു ദൈവമാണ്.

കത്തോലിക്കാസഭ അചഞ്ചലയായി നിലകൊള്ളുകയാണ്. ഏററം ശക്തിമത്തായ ഭരണകൂടങ്ങൾ നിലംപതിക്കുന്നതു് അവൾ കണ്ടിട്ടുണ്ട്. പീരങ്കികളോ ബോംബുകളോ വിമാനങ്ങളോ ഒന്നും സഭയ്ക്കില്ല. എങ്കിലും അവൾ മുന്നേറുകയാണ്. ക്രിസ്തുവിന്റെ രണ്ടു വാഗ്ദാനങ്ങളാണ് അവൾക്കു ജീവനും ഉന്മേഷവും പകർന്നുകൊടുക്കുന്നതു്: "നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല." (വി. മത്തായി 16: 18) "ഞാനോ ഇതാ, ലോകാവസാനംവരെ നിങ്ങളോടുകൂടെയുണ്ട്." (വി. മത്തായി 28: 20) അതേ, ക്രിസ്തു ഇന്നും സഭയിലൂടെ തന്റെ ജീവിതം തുടരുകയാണ്. അങ്ങനെ അവളുടെ ചരിത്രത്തിൽ അവിടുത്തെ ഭൗമികജീവിതമാണ് ആവർത്തിക്കപ്പെടുന്നതു്. സഹനവും വിജയവുമെല്ലാം അതിൽ തെളിഞ്ഞുകാണാം.

ശോകാത്മകമായ ദുഃഖവെള്ളി, പ്രതാപപൂർണ്ണമായ ഉയിർപ്പുഞായറിന്റെ മുന്നോടിയായിരുന്നതുപോലെ സഭാശത്രുക്കളുടെ കരുണയററ പ്രഹരങ്ങൾ അവളുടെ വിജയോത്ഥാനത്തിന്റെ കുഴൽവിളികളായിരുന്നു. "ഞാൻ ജീവിക്കുന്നു, നിങ്ങളും ജീവിക്കും" എന്ന ക്രിസ്തുനാഥന്റെ വാക്കുകളുടെ പൂർത്തീകരണമാണു നാമിവിടെ ദർശിക്കുക. സഭാനൗക ഓളങ്ങൾക്കിടയിൽപ്പെട്ട് ഉലകുന്നുവെങ്കിലും ഒരിക്കലും മുങ്ങിപ്പോകുന്നില്ല. അവൾ ഒരു കട്ടത്ത പാറയാണ്. തിരമാലകൾ അതിന്മേൽ വന്നടിച്ചു ചിന്നിച്ചിതറുന്നു; എന്നാൽ, പാറയ്ക്കു യാതൊരു കേടും ഭവിക്കുന്നില്ല.

പതിനെട്ടാം അദ്ധ്യായം

# അജയ്യയായ തിരുസ്സഭ

കഴിഞ്ഞ നൂററാണ്ടിലാണു "കുൾട്ടൂർ കാംഫ്" എന്നു കുപ്രസിദ്ധമായ കത്തോലിക്കാസഭാമർദ്ദനം ജർമ്മനിയിൽ നടമാടിയതു്. അന്നൊരിക്കൽ അവിടത്തെ കടകളുടെ മുൻപിൽ ഒരു പരസ്യം കാണുവാനിടയായി. കടൽത്തീരത്തു നിലകൊള്ളുന്ന ഒരു വൻ പാറയുടെ ചിത്രമായിരുന്നു അതു്. തിരമാലകൾ അതിൽ ആഞ്ഞടിക്കുന്നുണ്ടു്. അനേകംപേർ ഉടുപ്പിൻെറ കൈകൾ മടക്കിക്കയററി പാറയിൽ ഉന്തുകയും തള്ളുകയുമാണു്, അതു കടലിൽ തട്ടുവാൻ. പുറകിൽ പിശാചിൻെറ ചിത്രവുമുണ്ടു്. വാടിയ പുഞ്ചിരിയോടേ അവൻ പറയുകയാണു്: "നിങ്ങളുടെ പരിശ്രമം കാണുമ്പോൾ എനിക്കു ചിരി വരുന്നു. രണ്ടായിരത്തോളം കൊല്ലങ്ങളായി ഞാൻ നരകത്തിലെ ശക്തി മുഴുവൻ ഉപയോഗിച്ചു് ആ പാറ തള്ളിമാററുവാൻ നോക്കുകയാണു്; നടപ്പില്ല." ക്രിസ്തുവിൻെറ തിരുസ്സഭയ്ക്കു് ഇന്നോളം നേരിടേണ്ടിവന്നിട്ടുള്ള മർദ്ദനങ്ങൾ അറിവുള്ളവർക്കു് ഇപ്പറഞ്ഞ പരസ്യത്തിലെ സൂചനം യഥാർത്ഥമാണെന്നറിയാം. "സഭ നാളെത്തന്നെ നശിക്കും" എന്നാക്രോശിച്ച പലരുണ്ടു്. എന്നാൽ, അതു സംഭവിച്ചില്ല.

'സഭ നാളെത്തന്നെ നശിക്കു'മെന്നു ഡയോക്ലേഷ്യൻ ചക്രവർത്തി സ്വപ്നംകണ്ടു. റോമ്മാനഗരത്തെ അയാൾ ക്രൈസ്തവരുടെ രക്തംകൊണ്ടു കഴുകി. എന്നാൽ, ഡയോക്ലേഷ്യൻ കിരീടവും

രാജവസ്തുങ്ങളും നഷ്ടപ്പെട്ടു് അന്തരിച്ചു. സഭയാകട്ടെ, മഹാനായ കോൺസ്റ്റൻറയിൻ വഴി വലിയ മഹത്വത്തിലേക്കു് ആനയിക്കപ്പെട്ടു. അവൾ നശിച്ചില്ല. 'സഭ നാളെ കഴിഞ്ഞു കാണുകയില്ല' എന്നു മതത്യാഗിയായ ജൂലിയൻ ആക്രോശിച്ചു. അധരങ്ങളിൽ ശാപവചനങ്ങളുമായി അയാൾ ജീവൻ വെടിഞ്ഞു. അയാളെ അനുഗമിച്ച മററനേകം മതത്യാഗികൾ സഭയുടെമേൽ ശാപവർഷം ചെയ്തുകൊണ്ടു് അവളുടെ അവസാനം നോക്കിയിരുന്നു. കത്തോലിക്കാസഭ എന്നിട്ടും നശിച്ചുപോയില്ല. 'നാളത്തെ ലോകത്തിൽ സഭയുടെ പൊടിപോലും കാണുകയില്ലെ'ന്നു റോബെസ്പിയറും മാററും ആവേശത്തോടേ വിളിച്ചു പറഞ്ഞു. ഫ്രഞ്ചുവിപ്ലവത്തിൻെറ മുന്നണിയിൽ നിന്നുകൊണ്ടു് അവർ അനേകശതം വൈദികാവൈദികന്മാരെ കൊലയന്ത്രത്തിലിട്ടു് അരിഞ്ഞുതള്ളി. എന്നാൽ, അധികം കഴിഞ്ഞില്ല, ഈ കൊലയാളിനേതാക്കൾക്കുതന്നെ കൊലമരത്തിൽ കയറേണ്ടിവന്നു. തിരുസ്സഭ എന്നിട്ടും നിലനിന്നു. 'നാളെത്തന്നെ കത്തോലിക്കാസഭ നാമാവശേഷമാകു'മെന്നു ഗരിബാൾഡിയും പറഞ്ഞുനോക്കി. അയാൾ പട്ടാളസഹിതം വന്നു് ഒൻപതാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിൽനിന്നു റോമ്മാ പിടിച്ചെടുത്തു. എന്നിട്ടും, തിരുസ്സഭ നിലനില്ക്കുന്നു; പൂർവ്വാധികം ശക്തിയോടെ തഴച്ചു വളരുന്നു. കത്തോലിക്കാസഭ നാളെത്തന്നെ നാമ്പടയാൻ പോകുന്നുവെന്നു സോഷ്യലിസ്ററുകൾ ഉദ്ഘോഷിച്ചു; ബോൾഷെവിക്കു് കമ്മ്യൂണിസ്ററുകൾ ഉദ്ഘോഷിക്കുന്നു. എന്നാൽ, തിരുസ്സഭ നശിക്കാനുള്ളതല്ല. അവളെ പരാജയപ്പെടുത്തുവാൻ ഒരു ശക്തിക്കും കഴിയുകയില്ല.

## തിരുസ്സഭ അജയ്യയായിരിക്കുന്നതു് എന്തുകൊണ്ടു്?

മതമർദ്ദനങ്ങളെയെല്ലാം അതിജീവിച്ചു വിരാജിക്കുന്ന തിരുസ്സഭയുടെ അത്ഭുതകരമായ ജീവശ്ശക്തിക്കു് എന്തെങ്കിലും കാരണമുണ്ടു്. എന്താണതു്? സാമ്പത്തിക സ്വാധീനതയും തത്വ

പ്രയോഗത്തിലുള്ള സഹിഷ്ണുതയുമൊക്കെ പൊക്കിക്കാട്ടുന്നവരുണ്ടു്. എന്നാൽ, ഇതു തികച്ചും ബാലിശമായ വിശദീകരണമേ ആവൂ.

ഒരു ഭൗമികസ്ഥാപനത്തിനു ഭൗമികമായ ഉപാധികൾ വേണം. അതുകൊണ്ടു്, സമ്പത്തു് ഒരു ഭൗതികമാർഗ്ഗമായി സഭയ്ക്കും വേണം. മറിച്ചു്, വ്യക്തികൾക്കെന്നപോലെ തിരുസ്സഭയ്ക്കും ലൗകികസമ്പാദ്യം പലപ്പോഴും വിപത്കരവുമാകാം. ധനശേഷി നന്മയ്ക്കും തിന്മയ്ക്കും കാരണമായതായി സഭാചരിത്രം സാക്ഷ്യംനല്കുന്നുണ്ടു്. ഹൃദയാരുന്തുദമായ വിപദ്ഫലങ്ങൾ പുറപ്പെടുത്തിയ സ്വന്തം ധനസമൃദ്ധിയായിരുന്നു തിരുസ്സഭയ്ക്കു നേരിടേണ്ടിവന്ന വലിയൊരു ശത്രു; അതവളെ മുറിവേല്പിച്ചിട്ടുണ്ടു്. അതുകൊണ്ടു്, പണക്കൊഴുപ്പാണു കത്തോലിക്കാസഭയെ നിലനിർത്തിയതെന്നല്ല, പണക്കൊഴുപ്പുണ്ടായിട്ടുപോലും കത്തോലിക്കാസഭ നിലനിന്നു എന്നാണു പറയേണ്ടതു്. സഭയുടെ ചൈതന്യത്തിനു മററു കാരണങ്ങൾ ആരായേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ അധഃപതിച്ച പ്രവണതകളെ അനുവദിച്ചുകൊടുത്തതുകൊണ്ടാണു സഭ വിജയിച്ചതെന്നു പറയുന്നവരുണ്ടാകുമോ? അങ്ങനെ പറയാൻ ആരു ധൈര്യപ്പെടും! സംഗതി നേരെ മറിച്ചാണെന്നു് എല്ലാവർക്കും അറിയാം. ആത്മനിയന്ത്രണം, ധാർമ്മികോത്സാഹം, പരിത്യാഗം, കർത്തവ്യനിഷ്ഠ ഇവയൊക്കെയാണു കത്തോലിക്കാസഭ അതിന്റെ അംഗങ്ങളിൽനിന്നു് ആവശ്യപ്പെടുക. തിരുസ്സഭയുടെ നിലപാടു് ഇന്നും അണുമാത്രവും വ്യതിചലിച്ചിട്ടില്ലെന്നു് അറിയാത്തവരില്ല. കത്തോലിക്കാസഭയാണു് ഏററം കർക്കശവും വിഷമകരവുമായ മതമെന്ന ആശയമാണു പ്രചാരത്തിലുള്ളതു്. അതു കാരണമില്ലാതെയല്ല. മനുഷ്യരുടെ വ്യക്തിപരവും ആന്തരികവുമായ എല്ലാ കാര്യങ്ങളേയും കടന്നുപിടിച്ചു് ഇത്രമാത്രം നിയന്ത്രിക്കുവാൻ മററൊരു മതവും ധൈര്യപ്പെടുകയില്ല. അവരുടെ പരിപാടികൾ, തൊഴിൽ, കുടും

ബകാര്യങ്ങൾ, ഹൃദയവികാരങ്ങൾ, ജീവിതരീതി, ഉല്ലാസങ്ങൾ എല്ലാമെല്ലാം കത്തോലിക്കസഭ നയിക്കുന്നു, ക്രമപ്പെടുത്തുന്നു. അങ്ങനെ വിട്ടുവീഴ്ച ചെയ്യാത്ത സ്വഭാവംകൊണ്ടാണു കത്തോലിക്കസഭ വിജയിക്കുന്നത്; മറിച്ചല്ല.

അതുകൊണ്ടു സഭയുടെ വിജയത്തിനു നിദാനം ബാഹ്യമോ പ്രാകൃതികമോ ആയ ഏതൊന്നുമല്ല; പ്രത്യുത, ക്രിസ്തുവിൻെറ മൗതികശരീരമെന്ന നിലയിൽ അവൾക്കുള്ള ആന്തരികജീവനാണ്. ക്രിസ്തുവിന് ഇനി മരണമില്ല; അതുകൊണ്ട് സഭയ്ക്കും നാശമില്ല. അതേ, തിരുസ്സഭ നമ്മുടെ ഇടയിൽ ജീവിക്കുന്ന ക്രിസ്തുവായതുകൊണ്ട് അവൾ അജയ്യയാണ്: "മിശിഹാ മരിച്ചവരിൽനിന്ന് ഉയത്തെഴുന്നേററെന്നും, അവൻ വീണ്ടും മരിക്കയില്ലെന്നും, മരണത്തിന് അവൻെറമേൽ അധികാരമില്ലെന്നും നാം അറിയുന്നു." (റോ. 6: 9) വീണ്ടും, മനുഷ്യരക്ഷയുടെ ദിവ്യഭണ്ഡാഗാരം സൂക്ഷിച്ചുകൊണ്ട് അതു് ഓരോ പുതിയ തലമുറയ്ക്കും പകുത്തുകൊടുക്കുന്നതും തിരുസ്സഭയാണ്. ആകയാൽ, മനുഷ്യകുലം നിലനില്ക്കുന്നിടത്തോളം കാലം സഭയും നിലനിന്നേ മതിയാവൂ. ഇനിയും, ക്രിസ്തുനാഥൻതന്നെ നാശമില്ലായ്മയുടെ വിധിവാചകം അവളുടെ അടിസ്ഥാനക്കല്ലിൽ ആലേഖനംചെയ്തു: "...നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല." (വി. മത്താ. 16: 18) ക്രിസ്തുനാഥൻെറ വാക്കുകൾ വാസ്തവമായേ തീരൂ. അവിടുന്നു പറയുന്നു: "ആകാശവും ഭൂമിയും കടന്നുപോകും, എൻെറ വചനങ്ങൾ കടന്നുപോകയില്ല." (വി. മത്താ. 24: 35)

ഇവയെല്ലാം ചിന്തിച്ചു പഠിക്കുമ്പോൾ നാം മനസ്സിലാക്കും ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്ന അനുപമമായ ഒരു വസ്തുതയിൽ വിസ്മയിച്ചിട്ടു കാര്യമില്ലെന്ന്. അതായതു്, ക്രിസ്തുനാഥനും അവിടുത്തെ തിരുസ്സഭയും ഒരുമിച്ചു സഹിക്കുന്നുവെങ്കിൽ സഭാമർദ്ദകരുടെ അനുഭവവും ക്രിസ്തുമർദ്ദകരുടെ അനുഭവത്തിൽ

നിന്നു വിഭിന്നമല്ല. യൂദാസിൻെറ അവസാനം ഒരു കയറായിരുന്നു. ഹേറോദേസിൻെറ അന്ത്യം ഒരു മഹാവ്യാധി; പീലാത്തോസിൻേറതു നാടുകടത്തൽ; ജറൂസലത്തിൻേറതു കൂട്ടക്കൊല. അത്രമാത്രം. തിരുസ്സഭയെയോ അവളുടെ തലവനെയോ മർദ്ദിച്ചവർ നശിച്ചു, സഭ നശിച്ചില്ല. ഇതാണു സഭയുടെ അജയ്യതയുടെ രഹസ്യം. ഇതാണവളുടെ ജീവശ്ശക്തിയുടെ അടിത്തറ. അതുപോലെതന്നെ, തിരുസ്സഭയുടെ അജയ്യതയിൽനിന്നു നാം പഠിക്കേണ്ട പാഠങ്ങൾക്കും ഇവതന്നെ അടിസ്ഥാനം.

## തിരുസ്സഭയുടെ അജയ്യതയിൽനിന്നു നാം പഠിക്കേണ്ട പാഠങ്ങൾ.

തിരുസ്സഭയുടെ അജയ്യതയിലാണു കത്തോലിക്കരുടെ ആത്മവിശ്വാസവും വിജയബോധവും അടിയുറച്ചിരിക്കുന്നതു്. കത്തോലിക്കാസഭ ക്രിസ്തുവിൻെറ യഥാർത്ഥസഭയാണെന്നതിനും അതു തെളിവുനല്കുന്നു.

ഒരിക്കൽ കത്തോലിക്കാസഭയിൽ ചേരുവാൻ സന്നദ്ധനായിവന്ന ഒരു പ്രോട്ടസ്റ്റൻറുകാരനോടു് ഇടവക വികാരി ചോദിച്ചു: "കത്തോലിക്കനാകുവാൻ താങ്കളെ എന്താണു പ്രേരിപ്പിക്കുന്നതു്?" അയാൾ മറുപടി പറഞ്ഞു: "ഞാൻ വളരെ ക്കാലമായി ബൈബിൾ വായിക്കുന്നുണ്ടു്. അതിൽ ഞാൻ കണ്ടു, ക്രിസ്തുനാഥൻ തൻെറ അനുയായികൾക്കു വളരെ സഹനങ്ങളും മർദ്ദനങ്ങളുമുണ്ടാകുമെന്നു പ്രവചിച്ചതായി. ലോകത്തിൽ മർദ്ദിക്കപ്പെടുന്ന മതം ഒന്നായുള്ളൂ; കത്തോലിക്കാസഭ. പലപ്പോഴും മാർപ്പാപ്പാതിരുമേനിയും മെത്രാന്മാരും മർദ്ദനവിധേയരാകുന്നു. കത്തോലിക്കാ മതകർമ്മങ്ങൾ ഭത്സിക്കപ്പെടുന്നു. സന്യാസസഭകൾ പുറംതള്ളപ്പെടുന്നു. ഞാൻ ശാന്തമായി ചിന്തിച്ചു. ക്രിസ്തുനാഥൻ പ്രവചിച്ച മർദ്ദനം സഹിക്കുന്ന കത്തോലിക്കാസഭയാണു അവിടുത്തെ സത്യസഭയെന്ന തീരുമാനത്തിൽ ഞാൻ വന്നെത്തി."

എത്ര ചിന്തോദ്ദീപകമായ ഒരു വസ്തുത! ക്രിസ്തുനാഥൻ പറഞ്ഞു: "ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതു നിങ്ങൾക്കുമുൻപേ എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊൾവിൻ. നിങ്ങൾ ലോകത്തിൽനിന്നുള്ളവരായിരുന്നുവെങ്കിൽ ലോകം സ്വന്തമായുള്ളതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ട് നിങ്ങൾ ലോകത്തിൽനിന്നുള്ളവരല്ല. അതുകയാലാണു ലോകം നിങ്ങളെ ദ്വേഷിക്കുന്നത്." (വി. യോഹ. 15: 18, 19) ഈ വാക്കുകൾ കത്തോലിക്കസഭയിൽ എത്ര അന്വർത്ഥമാകുന്നു!

ചിലർ ചോദിക്കാറുണ്ട്: കത്തോലിക്കസഭ ക്രിസ്തുവിന്റെ സത്യസഭയാണെങ്കിൽ, എന്തുകൊണ്ട് അവൾ നിരന്തരം പീഡിപ്പിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നു? അവിടുത്തേക്ക് ഇതു തടയാമായിരുന്നില്ലേ? ഇതിന് ഉത്തരം നല്കുവാൻ നാം ഇപ്പോൾ പ്രാപ്തരാണ്. വി. പത്രോസ് ഒലിവുമലയിലെ തോട്ടത്തിൽവച്ചു പടയാളിയുടെ കാതു വെട്ടിയപ്പോൾ കാത്താവു പറഞ്ഞു: "(ദൈവ)ദൂതന്മാരുടെ പന്ത്രണ്ടിലധികം സേനകളെ ഇപ്പോൾ എനിക്കുവേണ്ടി നിയമിക്കുവാൻ എന്റെ പിതാവിനോടു പ്രാർത്ഥിക്കുന്നതിന് എനിക്കു കഴികയില്ലെന്നു നീ വിചാരിക്കുന്നുവോ? അങ്ങനെയായാൽ ഇപ്രകാരം സംഭവിക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്തുകൾ എങ്ങനെ നിവൃത്തിയാകും." (വി. മത്താ. 26: 53, 54) തിരുസ്സഭയുടെ കാര്യവും ഇതുപോലെതന്നേ. അവൾക്കു വന്നുകൂടുന്ന മർദ്ദനങ്ങളെ ക്രിസ്തുനാഥൻ തടയുന്നില്ല. കാരണം അവളുടെ ദിവ്യമായ ഉത്ഭവം നിതരാം വ്യക്തമാകണം. നൂററാണ്ടുകൾതോറും നമുക്കു വീണ്ടും വീണ്ടും കാണാൻ കഴിയുന്നു, നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ലെന്ന കർത്തൃപ്രവചനം യാഥാർത്ഥ്യമാകുന്നതായി. ചില രത്നങ്ങൾ സമുദ്രഗർത്തങ്ങളിൽവച്ചേ പൂർണ്ണശോഭ വീണ്ടെടുക്കൂ എന്നാണു പറയുക. തിരുസ്സഭയും പലപ്പോഴും

സഹനസമുദ്രത്തിൽ ശുദ്ധീകൃതയാവണം. എങ്കിലേ അവളുടെ മുഖകമലത്തിലേ ദിവ്യസുഷമ സുതരാം പ്രത്യക്ഷമാവൂ.

തിരുസ്സഭയെ കീഴമർത്തുവാൻ ആർക്കും കഴിവില്ലെന്ന ബോധം ഒരു കത്തോലിക്കന്ന് അതിരററ ആത്മധൈര്യമാണു പ്രദാനംചെയ്യുക. നമ്മുടെ രാഷ്ട്രത്തിൻെറ ചരിത്രം നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കണമെന്നു നാം നിഷ്കർഷിക്കുന്നതെന്തിന്? അതിൻെറ പൂർവ്വകാലയുദ്ധങ്ങൾ, വീരോചിതമായ ഉന്നമനശ്രമങ്ങൾ, പരിത്യാഗസന്നദ്ധത ഇവയെല്ലാം പഠിച്ച് ഇവയിൽനിന്ന് അഭിമാനബോധവും സ്വരാജ്യസ്നേഹവും ഉദാരമനസ്കതയും സമ്പാദിക്കുവാൻ. നമ്മുടെ തിരുസ്സഭയുടെ കാര്യത്തിലും അപ്രകാരംതന്നെ. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു; അതിനുവേണ്ടി പരിത്യാഗങ്ങൾ അനുഷ്ഠിക്കുവാൻ നാം തയ്യാറാണ്; അതിൻെറ പൗരനായിരിക്കുന്നതിൽ നാം അഭിമാനംകൊള്ളുന്നു. അതുപോലെ, നാം നമ്മുടെ തിരുസ്സഭയേയും സ്നേഹിക്കുന്നു; നമ്മുടെ കത്തോലിക്കത്വം പ്രഖ്യാപനംചെയ്യുന്നതിൽ അഭിമാനപുളകിതരാകുന്നു. വി. അഗസ്റ്റിനോടുകൂടി നാമും സമ്മതിച്ചുപറയുന്നു: "ഒരുവൻ ദൈവത്തിൻെറ തിരുസ്സഭയെ സ്നേഹിക്കുന്നതിൻെറ തോതനുസരിച്ച് അവനു പരിശുദ്ധാത്മാവിനെ ലഭിച്ചിരിക്കുന്നു." (വി. യോ. 32: 8) വി. സിപ്രിയനോടുകൂടി നാം പ്രഖ്യാപിക്കുന്നു: "തിരുസ്സഭ മാതാവല്ലാത്തവനു ദൈവം പിതാവല്ല."

കത്തോലിക്കൻെറ നിർഭയമായ ആത്മവീര്യം നമുക്കുണ്ടോ? റഷ്യൻ രാജകുമാരിയായ റോസ്റ്റോപ്ച്സ്കിനെപ്പററി രസാവഹമായ ഒരു വസ്തുത ചരിത്രം രേഖപ്പെടുത്തുന്നു. അവൾ ജനിച്ചതു ഗ്രീക്കു് ഓർത്തഡോക്സ് സഭയിലാണ്. എന്നാൽ, കത്തോലിക്കാസഭയെപ്പററി പഠിക്കുവാനിടയായപ്പോൾ അവൾ ആ സത്യസഭ സ്വീകരിച്ച് ധൈര്യസമേതം അതിൻെറ അനുശാസനങ്ങൾ അനുവർത്തിച്ചു. മോസ്ക്കോയിലേ സെൻറ് ഫ്രാൻസീസ്

ദൈവാലയത്തിൻെറ കവാടത്തിങ്കൽ എല്ലാ ഞായറാഴ്ചയും അവളുടെ വാഹനം കാണാമായിരുന്നു. അപ്പോഠം, രാജകുമാരി ദിവ്യബലിയിൽ സംബന്ധിക്കുകയാണെന്നു് ആരും മനസ്സിലാക്കും. ഓത്തഡോക്സ് നേതാക്കന്മാർക്കു് ഇതൊന്നും ഒട്ടും രസിച്ചില്ല. സാർ ചക്രവത്തിക്കു് ഇതെപ്പററി അറിവുകൊടുക്കേണ്ടിവരുമെന്നു ഗവണ്ണറും രാജകുമാരിയെ അറിയിച്ചു. എന്നാൽ, ഗവണ്ണർ എഴതുന്നതിനുമുൻപു് അവഠംതന്നെ ചക്രവത്തിക്കെഴുതി: "മഹാനായ ചക്രവത്തീ, ഞാനൊരു കത്തോലിക്കയാണെന്നും ഞാൻ എൻെറ മതത്തിനനുസൃതമായി ജീവിക്കുന്നുവെന്നുമുള്ള കാര്യം അങ്ങയുടെ ഉന്നതന്യായാസനത്തിങ്കൽ അറിയിക്കുമെന്നു മോസ്കോ ഗവണ്ണർ എന്നെ ഭീഷണിപ്പെടുത്തുന്നു. ഞാൻ ഇതുവരെ ചെയ്തതു ഞാൻ തുടന്നു ചെയ്യും. അങ്ങു് ആഗ്രഹിക്കുന്നുവെങ്കിൽ ഒരു കുററപ്പുള്ളിയെപ്പോലെ എന്നെ ബന്ധനസ്ഥയാക്കി, എൻെറ മുതലെല്ലാം കണ്ടുകെട്ടി, സൈബീരിയയ്ക്കു നാടുകടത്തിക്കൊള്ളുക. ഒരു കാര്യം അവിടുത്തേക്കു കഴികയില്ല: എൻെറ മനഃസാക്ഷിയെ കീഴ്പ്പെടുത്തി, ദൈവത്തെ ശുശ്രൂഷിക്കുന്നതിൽനിന്നു് എന്നെ തടയുവാൻ." ആദിമക്രിസ്ത്യാനികഠക്കുണ്ടായിരുന്ന ധൈര്യസമ്പൂണ്ണമായ വിശ്വാസവും പതറാത്ത മനഃശാന്തതയുംതന്നെ ഈ കത്തിൽനിന്നും പ്രസരിക്കുന്നില്ലേ!

തിരുസ്സഭയുടെ അധൃഷ്യതയുടെ വേറൊരു ഫലമാണു് ഈ പരിശുദ്ധമായ ശാന്തത. എന്തെല്ലാം സഹനങ്ങളും മർദ്ദനങ്ങളും മുന്നിൽ കണ്ടാലും തിരുസ്സഭയുടെ ഭാവിയെപ്പററി ഭയമോ പരിഭ്രാന്തിയോ ഇല്ലാത്ത പ്രത്യാശ! മർദ്ദനങ്ങഠം പാഞ്ഞടുക്കുമ്പോഴും തിരുസ്സഭയ്ക്കു പറയാം: "ഇതിനേക്കാഠം വലിയവയെ ഞാൻ നേരിട്ടിട്ടുണ്ടു്."

സഭാശത്രുക്കഠം ഇന്നു് ഉറങ്ങുകയല്ല. അവരുടെ പൈശാചികപ്രവർത്തനങ്ങഠക്കു മദ്ധ്യേ നിന്നുകൊണ്ടു് സഭയുടെ

ഭാവിയെപ്പററി ചിന്തിക്കുമ്പോൾ ചിലർ ആശങ്കാപൂർവ്വം ചോദിച്ചേക്കാം: തിരുസ്സഭക്കു തൻെറ ദൗത്യം തുടർന്നുപോകുവാൻ കഴിയുന്നാതെങ്ങനെ? അവർ നശിച്ചേക്കുമെന്നുതന്നെ ഭയപ്പെടേണ്ടേ? "ചെറിയ ആട്ടിൻക്കൂട്ടമേ, ഭയപ്പെടേണ്ടാ. എന്തെന്നാൽ, നിങ്ങൾക്കു രാജ്യം തരുവാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു" (വി. ലൂക്ക. 12. 32) എന്നു ക്രിസ്തുനാഥൻ പറഞ്ഞതു ഭാവിയിൽ വാസ്തവമാകുവാനിടയുണ്ടോ? മർദ്ദിതയായ തിരുസ്സഭയുടെ അജയ്യസ്വഭാവംതന്നെ ഇതിനു സമാശ്വാസകരമായ, ആശാവഹമായ ഉത്തരം നല്കുന്നു.

റോമാനഗരത്തിൽ അടുത്തടുത്തു സ്ഥിതിചെയ്യുന്ന ബൃഹത്തായ രണ്ടു ചരിത്രവസ്തുക്കളുണ്ട്: കൊളോസിയവും, മഹാനായ കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ വിജയകവാടവും. കൊളോസിയം—റോമൻ സീസർമാരുടെ വൻപിച്ച ശക്തിയുടെ ആ ശവകുടീരം ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നു. കോൺസ്റ്റൻറയിൻെറ വിജയകവാടം—സ്വതന്ത്രയാക്കപ്പെട്ട ക്രൈസ്തവസഭയുടെ ആ വിജയചിഹ്നം—ഇന്നും കേടുപാടു കൂടാതെ ഉയൎന്നു നില്ക്കുന്നു.

ഒരിക്കൽ ആ വമ്പിച്ച കൊളോസിയം എത്ര പ്രതാപപൂർണ്ണമായിരുന്നു. റോമൻശക്തിയുടേയും സമ്പത്തിൻെറയും സംസ്കാരത്തിൻെറയും മൂർത്തീഭാവം! അതിലെ ഇരിപ്പിടങ്ങളിൽ ചക്രവൎത്തി മുതൽ അടിമകൾവരെ 80000—ത്തിലധികം വരുന്ന ഒരു ജനക്കൂട്ടം ഇരുന്നുകൊണ്ട് ബീഭത്സാനന്ദം അനുഭവിച്ചിരുന്ന നാളുകൾ! സ്ത്രീകളും പുരുഷന്മാരും കുഞ്ഞുങ്ങളും ദൈവത്തിനു കീർത്തനങ്ങൾ പാടി, ക്രൂശിതനു സാക്ഷികളായി, വന്യമൃഗങ്ങളുടെ മുൻപിലേക്കു പോകുന്ന കാഴ്ച കണ്ടുകൊണ്ടുള്ള അധമാനന്ദം! എന്നാൽ, മൂന്നുറു കൊല്ലങ്ങളിലെ മർദ്ദനത്തിനുശേഷം സെനററും റോമൻജനതയും കൊളോസിയത്തിനടുത്തുതന്നെ കോൺസ്റ്റൻറയിൻെറ വിജയസ്മാരകം പടു

ത്തുയർത്തി. അതു നൂററാണ്ടുകളായി ഇന്നും നിലകൊള്ളുന്നു. കൊളോസിയം ഇടിഞ്ഞുപൊളിഞ്ഞ ഒരു കൽക്കൂന.

ഹെയിൻ (Heine Heinrich) എന്ന ജർമ്മൻ കവി സമ്മതിച്ചുപറഞ്ഞു: "ഞാൻ കത്തോലിക്കാസഭയുമായുള്ള പോരാട്ടം പണ്ടേ നിറുത്തി. എന്റെ മനഃശക്തിയുടെ പരിമിതി എനിക്കു മനസ്സിലായി. എന്റെ ഏററം ഉഗ്രമായ ആക്രമണംപോലും പത്രോസിന്റെ സഭയാകുന്ന ആ മഹാസൗധത്തിൽ ഒരു വിടവെങ്കിലും ഉണ്ടാക്കുവാൻ പര്യാപ്തമല്ല. ഈ കോട്ട പിടിച്ചടക്കുക മിക്കവാറും അസാദ്ധ്യംതന്നെ. തലക്കററില്ലാത്ത പലരും അതിന്റെ അടിസ്ഥാനക്കല്ലിൽ തലതല്ലി നശിക്കും."

തിരുസ്സഭയുടെ കീഴടക്കാൻ പാടില്ലാത്ത ഈ ശക്തിയിലാണു നമ്മുടെ പ്രത്യാശാനിർഭരമായ ശാന്തത അടിയുറച്ചിരിക്കുക. തിരുസ്സഭയുടെ വഴി ഗാഗുൽത്തായിലേക്കുതന്നെ ആയിക്കൊള്ളട്ടെ, വി. പൗലോസിനോടുകൂടെ ഇപ്രകാരം വിളിച്ചുപറയുന്ന വൈദികർ അവർക്ക് എന്നൊന്നും ഉണ്ടായിരിക്കും: "എങ്കിലും, ബന്ധനങ്ങളും പീഡകളും നിനക്കായി ഒരുക്കപ്പെട്ടിരിക്കുന്നു എന്നു പരിശുദ്ധാത്മാവ് എല്ലാ പട്ടണങ്ങളിലും എന്നോടു സാക്ഷ്യപ്പെടുത്തി അരുളിച്ചെയ്യുന്നുണ്ട്. എന്നാൽ, എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തെ സാക്ഷ്യപ്പെടുത്തുവാൻ നമ്മുടെ കർത്താവായ ഈശോയിൽനിന്നു ഞാൻ കയ്യേററിരിക്കുന്ന ശുശ്രൂഷയും പൂർത്തിയാക്കേണ്ടതിനായി എന്റെ പ്രാണനെ എനിക്കുവേണ്ടി യാതൊന്നുമായി ഞാൻ കരുതുന്നില്ല." (നടപടി. 20: 23-24) വേണ്ടിവന്നാൽ സ്വജീവനെ ഹോമിച്ചുകൊണ്ടുതന്നെ, വിശ്വസ്തതയോടുകൂടിയും പിന്മാറാതെയും വി. പൗലോസിന്റെ വാക്കുകൾ ആവർത്തിക്കുന്ന അനുയായികൾ എന്നുമെന്നും തിരുസ്സഭയിലുണ്ടാകും: മിശിഹായുടെ സ്നേഹത്തിൽനിന്ന് ആർ എന്നെ വേർതിരിക്കും?

ഞെരുക്കമോ? ബന്ധനമോ? പീഡനമോ? പട്ടിണിയോ? നഗ്നതയോ? ആപത്തോ? വാളോ? ... ... മരണത്തിനാകട്ടെ, ആയുസ്സിനാകട്ടെ, മാലാഖാമാർക്കാകട്ടെ, അധികാരങ്ങൾക്കാകട്ടെ, ശക്തികൾക്കാകട്ടെ, ഇപ്പോൾ ഉള്ളവയ്ക്കാകട്ടെ, ഉണ്ടാകുവാനിരിക്കുന്നവയ്ക്കാകട്ടെ, ഉയരത്തിനാകട്ടെ, ആഴത്തിനാകട്ടെ, മററു (ഏതെങ്കിലും) സൃഷ്ടത്തിനുപോലുമാകട്ടെ നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്നു എന്നെ വേർതിരിക്കുവാൻ സാധിക്കുകയില്ല (എന്നു എനിക്കു നിശ്ചയമുണ്ടു്.) (റോമ. 8: 35, 38, 39)

മാർപ്പാപ്പതിരുമേനിയെ ദർശിക്കുവാൻ ഭാഗ്യം സിദ്ധിച്ച ആരും അവിടുത്തെ മുഖത്തു സ്ഫുരിക്കുന്ന ശാന്തതയും സമാധാനവും കണ്ടു വിസ്മയിക്കും. ഏതെങ്കിലും ഒരു മാർപ്പാപ്പയുടെ ചിത്രം നോക്കുക. എന്തൊരു ശാന്തത! എന്തൊരു സമാധാനചിത്തത! പ. മാർപ്പാപ്പമാരുടെ ശാന്തത നിറഞ്ഞ മുഖങ്ങൾ ക്രിസ്തുനാഥന്റെ സമാധാനത്തെയാണു പ്രതിഫലിപ്പിക്കുന്നതു്. സ്വർഗ്ഗാരോഹണദിവസം അവിടുത്തെ തിരുമുഖത്തു കളിയാടിയ ശാന്തതയും സമാധാനവും. അന്നു്, ആ ചെറിയ കുന്നിൽ തന്റെ ശിഷ്യരുടെ ചെറുഗണത്തിനുമദ്ധ്യേ നിന്നപ്പോൾ സർവ്വജ്ഞാനിയായ അവിടുന്നു് അനന്തരകാലങ്ങളിൽ സഭയ്ക്കെതിരായി ആഞ്ഞുവീശുവാനിരുന്ന കൊടുങ്കാററുകൾ കണ്ടു. എന്നാൽ, ദിവ്യമായ ശാന്തതയോടും ദൃഢതയോടുംകൂടി അവിടുന്നു കല്പിച്ചു: "...... നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്കു മാമ്മോദീസ നല്കുവിൻ." (വി. മത്താ. 28: 19)

"പോകുവിൻ"-അതാണു ക്രിസ്തുനാഥൻ പറഞ്ഞതു്. നാഥാ, ഞങ്ങൾ എവിടെ പോകണം? എല്ലായിടത്തും. പട്ടണങ്ങൾതോറും, രാജ്യങ്ങൾതോറും, ഭൂഖണ്ഡങ്ങൾതോറും, ശതവർഷങ്ങൾതോറും. എങ്ങും എന്നും നിറുത്താതെ. പൊ

യ്യോണ്ടിരിക്കുവിൻ. റോമൻ ചക്രവർത്തികളുടെ ഭീകരമർദ്ദനങ്ങൾക്കു നിങ്ങളെ തടഞ്ഞുനിർത്തുവാൻ സാധ്യമല്ല. കിരാതവർഗ്ഗക്കാരുടെ ആക്രമണപാരാവാരത്തിനു നിങ്ങളെ നിരോധിക്കുക ശക്യമല്ല. ഞാൻ നിങ്ങളോടുകൂടിയുണ്ടു്. പോകുവിൻ, മാമ്മോദീസ നല്കുവിൻ, പാപമോചനം നല്കുവിൻ, ദിവ്യബലി അർപ്പിക്കുവിൻ, പ്രസംഗിക്കുവിൻ, ആശ്വസിപ്പിക്കുവിൻ, ക്ഷീണിതർക്കു തുണയേകുവിൻ, നിങ്ങളുടെ കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തുവിൻ. നിങ്ങൾക്കെന്തുതന്നെ സംഭവിച്ചാലും ഭയപ്പെടേണ്ടാ; "ആകാശവും ഭൂമിയും കടന്നുപോകും, എൻെറ വചനങ്ങൾ കടന്നുപോകയില്ല." (വി. മത്താ. 24: 35)

വത്തിക്കാനിൽ 'സ്റ്റാൻസാദെല്ലാ സെഞ്ഞത്തുര' എന്നു പേരുള്ള ഒരു വിശാലമായ മുറിയുണ്ടു്. മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന പല രേഖകളിലും മാർപ്പാപ്പമാർ ഒപ്പുവച്ചിരിക്കുന്നതു് അതിൽവച്ചാണു്. അതിൽ റാഫേൽ എന്ന സുപ്രസിദ്ധ ചിത്രകാരൻ എഴുതിയ നാലു ചിത്രങ്ങൾ തൂക്കിയിട്ടുണ്ടു്. രണ്ടാം ജൂലിയസ്സ് മാർപ്പാപ്പയുടെ ആജ്ഞപ്രകാരം വിരചിതമായ ആ ചിത്രങ്ങൾ ദൈവശാസ്ത്രം, തത്വശാസ്ത്രം, കവനകല, കാനോൻനിയമങ്ങൾ ഇവയുടെ പ്രാതിനിധ്യമാണു വഹിക്കുക. അതായതു് സത്യം ഒരു വെളിപാടെന്ന നിലയിലും ബുദ്ധിസിദ്ധിയെന്ന നിലയിലും സൗന്ദര്യമെന്ന നിലയിലും ക്രൈസ്തവ ധർമ്മക്രമമെന്ന നിലയിലും വീക്ഷിക്കപ്പെടാവുന്നതാണു്. "ഏകസത്യ"ത്തിൻെറ വിവിധരൂപങ്ങൾ പരസ്പരം സഹകരിച്ചും സഹായിച്ചും സൗഹാർദ്ദത്തിൽ കഴിഞ്ഞെങ്കിൽ മാത്രമേ മനുഷ്യരാശിക്കു സന്തോഷവും സംതൃപ്തിയും ക്രമവും സംസ്കാരവും സംസിദ്ധമാകൂ എന്ന പരമാർത്ഥം വളരെ തന്മയത്വത്തോടേ പ്രകടമാക്കുന്നുണ്ടു് ആ സുന്ദരചിത്രങ്ങൾ. ഈ മാർഗ്ഗത്തിലും ഈ ലക്ഷ്യത്തിനുവേണ്ടിയും ക്രിസ്തുവിൻെറ സഭ നിരന്തരം അദ്ധ്വാനിച്ചിട്ടുണ്ടു്. അതുകൊ

ണ്ടാണ്, ഞാൻ കത്തോലിക്കസഭയെപ്പററി അഭിമാനംകൊള്ളുന്നതു്.

എന്നാൽ, അവളുടെ കൂടുതൽകൂടുതൽ യോഗ്യനായ പുത്രനാകുവാൻവേണ്ടി ഞാൻ അനുദിനം പരിശ്രമിക്കുന്നില്ലെങ്കിൽ എൻെറ അഭിമാനംകൊണ്ടെന്തു ഫലം? യോഗ്യനായ പുത്രനാകുവാൻ എനിക്കു നാലു കാര്യങ്ങൾ ആവശ്യമുണ്ടു്: വിശ്വാസം, വിശ്വസ്തത, ആത്മനിയന്ത്രണം, ദൈവകാരുണ്യം. വിശ്വാസം: എല്ലാ രാജ്യങ്ങളേയും പഠിപ്പിക്കുവാൻ ക്രിസ്തുനാഥൻ തിരുസ്സഭയെ അധികാരപ്പെടുത്തി. അതോടൊപ്പം തിരുസ്സഭയെ കേൾക്കുവാൻ അവിടുന്നു് എന്നെ ബാദ്ധ്യസ്ഥനാക്കി. അതുകൊണ്ടു്, ഞാൻ തിരുസ്സഭയുടെ പ്രബോധനങ്ങൾ സ്വീകരിക്കുന്നു, സന്തോഷപൂർവ്വം വിശ്വസിക്കുന്നു. വിശ്വസ്തത: പുത്രസഹജമായ സ്നേഹപ്രകർഷത്തോടെ ഞാൻ അവളുടെയരികിൽ നിലയുറപ്പിക്കുന്നു. അവളെ ഉപദ്രവിക്കുന്നവർ എന്നെയാണു് ഉപദ്രവിക്കുക. ആത്മനിയന്ത്രണം: അവളുടെ കല്പനകളെ, അഭിലാഷങ്ങളെ ഞാൻ വിമർശിക്കയില്ല; അവമതിക്കയില്ല. എൻെറ നന്മമാത്രമാണു് അവളുടെ ഇഷ്ടമെന്നെനിക്കറിയാം. ആകയാൽ ഞാൻ അവളെ അനുസരിക്കുന്നു. ദൈവകാരുണ്യം: വിശ്വാസവും വിശ്വസ്തതയും ആത്മനിയന്ത്രണവും എനിക്കു ലഭിക്കണമെങ്കിൽ ദൈവാനുഗ്രഹം വേണം. അതുകൊണ്ടു് തിരുസ്സഭ എനിക്കു നല്കുന്ന വരപ്രസാദമാർഗ്ഗങ്ങൾ പലപ്പോഴും ഞാൻ ഉപയോഗിക്കുന്നു.

തീക്ഷ്ണസ്നേഹത്തോടേ ഞാൻ തിരുസ്സഭയുടെ നേരെ കണ്ണുകളുയർത്തുന്നു. എന്തുകൊണ്ടെന്നാൽ, അവളുടെ ഭാവിയെപ്പററി ശുഭാപ്തിവിശ്വാസമുള്ളവനായിരിക്കുവാൻ അവളുടെ അജയ്യത എന്നെ പഠിപ്പിക്കുന്നു അവൾ അടിസ്ഥാനമുറപ്പിച്ചിരിക്കുന്ന പാറ കുലുങ്ങുകയില്ലെന്നെനിക്കുറപ്പുണ്ടു്. ഞാൻ യാത്രചെയ്യുന്ന കപ്പൽ മുങ്ങിപ്പോവുകയില്ലെന്നു് എനിക്കു ധൈര്യമുണ്ടു്.

അതിൻെറ അമരം പിടിക്കുന്ന ആ ധവളവസ്ത്രധാരിക്കു്, പത്രോസിൻെറ പിൻഗാമിക്കു്, തെററു വരികയില്ലെന്നും എനിക്കറിയാം. തിരുസ്സഭ വിജയഭാസ്സോടെ വിരാജിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ക്രിസ്തുവിൻെറ പ്രബോധനത്തിൽനിന്നു് ഒരു വള്ളിയോ പുള്ളിയോ മാററുവാൻ അവൾ അനുവദിക്കുകയില്ല; അവിടുത്തെ ധാർമ്മികനിയമത്തിൽനിന്നു് അവൾ അണുമാത്രം വ്യതിചലിക്കയുമില്ല. അവസാനനാൾവരെയും അവൾ ജീവിച്ചുകൊണ്ടു് മനുഷ്യരെ നയിക്കും. ക്രിസ്തുനാഥൻെറ ഭൗമിക സഭയ്ക്കു തങ്ങളെത്തന്നെ ഭരമേല്പിക്കുന്നവരെല്ലാം വിജയിച്ചു ദൈവത്തിൻെറ നിത്യതിരുസ്സഭയിൽ പ്രവേശിക്കും. ഇവയെല്ലാം ഞാൻ വിശ്വസിക്കുന്നു.

## പത്തൊൻപതാം അദ്ധ്യായം

# ഞാൻ ഒരു കത്തോലിക്കൻ

പത്തൊൻപതാം നൂററാണ്ടിൻെറ അപരാൎദ്ധത്തിൽ ജീവിച്ചിരുന്നാപണ്ഡിതനായ ഒരു ഇംഗ്ലീഷുകാരനാണു മാർക്വിസ് ഓഫ് റിപ്പൺ. ഇംഗ്ലണ്ടിലെ 'ഫ്രീമേയ്സൺ' ഘടകങ്ങളു ടെയെല്ലാം പ്രധാനാചാര്യനും കത്തോലിക്കാസഭയുടെ ബദ്ധ വൈരിയുമായിരുന്നു അദ്ദേഹം. ഇന്നും പുരോഗമിച്ചുകൊണ്ടി രിക്കുന്നാ പുനരൈക്യപ്രസ്ഥാനം തുടങ്ങിയ അക്കാലത്തു് ആയി രക്കണക്കിനു് ആംഗ്ലിക്കർ കത്തോലിക്കരായി. ഈ മാനസാ ന്തരപ്രസ്ഥാനത്തെ പരാജയപ്പെടുത്താൻ കുപിതരായ ഫ്രീമെ യ്സൺമാർ ചുഴിഞ്ഞാലോചിച്ചു. ഒരു മാർഗ്ഗം അവർ കണ്ടു പിടിച്ചു—കത്തോലിക്കാസഭയ്ക്കെതിരായി ഒരു ഗ്രന്ഥതല്ലജം രചി ക്കുക. പക്ഷേ, ആരതു രചിക്കും? റിപ്പണെക്കാൾ പ്രഗത്ഭ നായ വേറൊരാളില്ലായിരുന്നു. അദ്ദേഹം പുസ്തകമെഴുതാമെ ന്നേററു. കത്തോലിക്കാസഭ എന്തെന്നറിയാതെ എങ്ങനെ ക ത്തോലിക്കാസഭയ്ക്കെതിരായി എഴുതാൻ സാധിക്കും! അദ്ദേഹം പ്രാമാണികഗ്രന്ഥങ്ങൾ തേടിയെടുത്തു പഠനം തുടങ്ങി. പത്തു മാസം കഴിഞ്ഞപ്പോൾ ലണ്ടനിലെ ഓററട്ടോറിയൻ വൈ ദികന്മാരെ സമീപിച്ചു് അപേക്ഷിച്ചു, തന്നെ കത്തോലിക്ക നായി സ്വീകരിക്കണമെന്നു്. അദ്ദേഹം കത്തോലിക്കനായി!

"എന്തിതു്? ഒരു ആംഗ്ലിക്കൻപ്രഭുവായ താങ്കൾ, ഫ്രീ മെയ്സൺമാരുടെ ആചാര്യനായ താങ്കൾ, റോമാസഭയിൽ ചേ രുകയോ?"—സ്നേഹിതർ ആശ്ചര്യവും അരിശവും കാണിച്ചു.

റിപ്ലൺപ്രഭ മറുപടി പറഞ്ഞു: "ഞാൻ പഠിച്ചുപഠിച്ചു ചെന്നപ്പോഴ് കത്തോലിക്കാസഭ എന്തെന്നു മനസ്സിലായി. അതു ക്രിസ്തു സ്ഥാപിച്ച ഏകസഭയാണു്. മുൻവിധിയില്ലാത്ത ആക്കും അതെളുപ്പം മനസ്സിലാകും. ആ സഭയിൽ ഒരു പാറയുണ്ടു്, ഒരു പാപമോചനവേദിയുണ്ടു്, ഒരു സക്രാരിയുണ്ടു്." പ്രഭുവിൻെറ ശേഷിച്ച ജീവിതം സഭയുടെ ഒരു വ്യാഖ്യാനമായിരുന്നു.

സുദീർഘവും അക്ഷീണവുമായ അന്വേഷണത്തിനുശേഷമാണു ചിന്താശീലരായ അകത്തോലിക്കർ സഭാമാതാവാകുന്ന സുരക്ഷിതപറുദീസയെ അഭയംപ്രാപിക്കുന്നതു്. നാമാകട്ടെ, ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹത്താൽ സത്യസഭയിൽ ജനിച്ചുവളർന്നവരാണു്. പ്രസ്തുത അനുഗ്രഹത്തിനു നാം അവിടുത്തോടു വേണ്ടത്ര കൃതാത്ഥരാണോ? നാം സത്യസഭയുടെ സന്താനങ്ങളാണു് എന്നതിൽ നാം അഭിമാനിക്കുന്നുണ്ടോ? "ഞാനും ഒരു കത്തോലിക്കനാണു്" എന്നു പറയുമ്പോഴ് നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കടമയും ബഹുമതിയും നമുക്കു് അനുഭവപ്പെടുന്നുണ്ടോ?

"ഒരു കത്തോലിക്കനായതിൽ, നാഥാ, ഞാൻ അങ്ങേക്കു നന്ദിപറയുന്നു."—ഈ വാചകത്തിൽ അടങ്ങിയിരിക്കുന്ന മൂന്നു കാര്യങ്ങളാണു നമുക്കു പരിചിന്തിക്കേണ്ടതു്: എനിക്കു് കത്തോലിക്കനു സഹജമായ ആത്മധൈര്യമുണ്ടോ? സഭയെ ഞാൻ അനുസരിക്കുന്നുണ്ടോ? സഭയെ ഞാൻ സ്നേഹിക്കുന്നുണ്ടോ?

## എനിക്കു കത്തോലിക്കൻെറതായ ആത്മധൈര്യമുണ്ടു്

വിനീതവും ബോധപൂർവ്വകവുമായ ഒരു വിശുദ്ധാഭിമാനമത്രേ എനിക്കാദ്യം വേണ്ടതു്. വ്യക്തിഗതമായ സിദ്ധി

കരുനിമിത്തം ഉണ്ടാകുന്ന അഭിമാനം വിനീതമായിരിക്കയില്ല. ഞാൻ സഭയുടെ അംഗമാണ്. സഭ ഉയർത്തിക്കാട്ടുന്നതും എന്നാൽ നിർഭാഗ്യവശാൽ ഞാൻ പ്രാവർത്തികമാക്കിയിട്ടില്ലാത്തതുമായ ആദർശങ്ങൾ അംഗീകരിക്കുകയും അവ ജീവിതത്തിൽ പകർത്തുകയും ചെയ്യണം. അതിനായിരിക്കണം സർവ്വ ശ്രമവും. ചിലർ ആ ശ്രമത്തിൽ വിജയിച്ചിട്ടുണ്ട്. മററുചിലർ പൂർണ്ണമായി വിജയിച്ചിട്ടില്ല. ഞാനും അവരിൽ ഒരാളാണ്. ആകയാൽ, എന്റെ അഭിമാനം വിനീതമായിരിക്കണം.

എന്റെ അഭിമാനം ബോധപൂർവ്വകമായിരിക്കണം. കാരണം, പത്തൊൻപതു നൂററാണ്ടത്തെ പാരമ്പര്യമുള്ള പാവനഭൂമിയിലാണു ഞാൻ നില്പുറപ്പിച്ചിരിക്കുന്നതു്. മറ്റൊരു മതത്തിനുമില്ലാത്ത ഒരു വംശാവലിക്കണക്കു സഭയ്ക്കുണ്ടു്. പക്ഷേ, പ്രസിദ്ധനായ മോണ്ടലമ്പർ ഫ്രഞ്ചു കത്തോലിക്കരെ അഭിസംബോധനംചെയ്തു പറഞ്ഞ വാക്കുകൾ നമ്മെ സംബന്ധിച്ചും ശരിയാണ്. "സഹോദരരേ, നിങ്ങൾക്കു വളരെക്കുറച്ചു് അഭിമാനബോധമേയുള്ളു. കത്തോലിക്കസമുദായത്തിന്റെ പുരാതനമായ ആഭിജാത്യം നിങ്ങൾ വേണ്ടത്ര വിലമതിക്കുന്നില്ല."

ഉള്ളിലൊതുങ്ങായ്കയാൽ ലോകം മുഴുവനിലേക്കും കവിഞ്ഞൊഴുകുന്ന ആനന്ദവായ്പാണ് ഒരു കത്തോലിക്കന്റെ രണ്ടാമതായി വേണ്ടതു്. ഒരു കത്തോലിക്കനായിരിക്കുക എത്ര സൗഭാഗ്യപ്രദമാണ് എന്നു ലോകത്തെ ഗ്രഹിപ്പിക്കാൻ നമുക്കു പരിശ്രമിക്കാം. അങ്ങനെ കത്തോലിക്കസഹജമായ ആത്മവീര്യത്താൽ ഉളവാകുന്ന ആനന്ദം കരകവിഞ്ഞൊഴുകട്ടെ. ഒരു കത്തോലിക്കനായിരിക്കുന്നതിന്റെ സാരം നാം ശരിയായി ഗ്രഹിച്ചിരുന്നെങ്കിൽ നമ്മുടെ ഹൃദയസ്പന്ദനം വളരെ ക്രുദ്ധമായിരുന്നു. നമ്മുടെ നയനങ്ങൾ ആനന്ദത്തിന്റെ തീപ്പൊരികൾ പറത്തുമായിരുന്നു. മതമർദ്ദനത്തിനിടയ്ക്കും തലയുയർത്തിപ്പിടിച്ചു്, വഴ

ങ്ങാത്ത നട്ടെല്ലോടുകൂടി നാം നില്ക്കുമായിരുന്നു. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകളെ പതറാത്ത ആത്മവീര്യത്തോടെ നാം നേരിട്ടേനെ. "വിശുദ്ധ കത്തോലിക്കാസഭയിൽ ഞാൻ വിശ്വസിക്കുന്നു" എന്ന വിശ്വാസപ്രമാണത്തിൽ നാം ഏററുപറയുമല്ലോ. അപ്പോഴെല്ലാം, "ഒരു കത്തോലിക്കനായതിൽ ഞാൻ അങ്ങേക്കു നന്ദിപറയുന്നു" എന്ന ചിന്തയാൽ ഒരു വൈദ്യുതപ്രവാഹം നമ്മുടെ സിരകളിലൂടെ പാഞ്ഞുപോകണം.

വെറോനയിലെ വി. പീററർ പിഞ്ചുബാലനായിരുന്ന കാലം. ഒരു ദിവസം വിദ്യാലയത്തിൽ എന്താണു പഠിച്ചതെന്നു മാതൃസഹോദരൻ ചോദിച്ചു. അഭിമാനത്തോടെ അവൻ പറഞ്ഞു: "ഞാൻ ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം പഠിച്ചു." ബാലൻ വളർന്നു, ഒരു വൈദികനായി. പിന്നീടു വിശ്വാസത്തെപ്രതി പീഡിതനായപ്പോഴും ഉച്ചൈസ്തരം പ്രഘോഷിച്ചു: "ഞാൻ വിശ്വസിക്കുന്നു." അന്ത്യവിനാഴികയായി. സംസാരശക്തി കെട്ടു. അപ്പോൾ സ്വന്തരക്തത്തിൽ കൈവിരൽ മുക്കി നിലത്തെഴുതി: "ഞാൻ വിശ്വസിക്കുന്നു." "വിശ്വാസസംഘടനകളുടെ (Credo Unions) മദ്ധ്യസ്ഥ"നാണു വിശുദ്ധൻ. സഭയെ നാം എങ്ങനെ സ്നേഹിക്കണമെന്നും ആത്മവീര്യത്തോടും അഭിമാനത്തോടും ആനന്ദത്തോടുംകൂടെ സഭയെ നാം എങ്ങനെ ഏററുപറയണമെന്നും വിശുദ്ധൻ നമ്മെ പഠിപ്പിക്കുന്നു.

ഞാൻ ആനന്ദിക്കണം; സന്തോഷിക്കണം; കാരണം, എൻെറ മാതാവു സർവ്വസമ്പന്നയാണു്, സൗന്ദര്യധാമമാണു്, സ്നേഹാർദ്രചിത്തയാണു്. സഭാമാതാവു്! എൻെറ അമ്മ!

സ്വർണ്ണമോ രത്നമോ അവൾക്കില്ല. എന്നാൽ സ്വർഗ്ഗീയ ഭണ്ഡാഗാരം അവൾ കരസ്ഥമാക്കിയിരിക്കുന്നു. ദിവ്യബലിയിൽ ക്രിസ്തുവിൻെറ തിരുരക്തവും അപ്പത്തിൻെറ രൂപത്തിൽ ക്രിസ്തുവിൻെറ തിരുശ്ശരീരവും അവളുടെ പക്കലുണ്ടു്. അവളുടെ പ്ര

ബോധനങ്ങളിൽ ക്രിസ്തുവിൻെറ ദിവ്യവചനങ്ങളും, കൂദാശകളിൽ ക്രിസ്തുവിൻെറ വരപ്രസാദവും അവർക്കു സ്വന്തമാണ്.

ആംഗ്ലിക്കൻ സഭയിൽ ഉന്നതസ്ഥാനമലങ്കരിച്ചിരുന്ന ഒരു വൈദികനായിരുന്നു കർദ്ദിനാൾ ന്യൂമൻ. അന്ന് അദ്ദേഹത്തിന് ആണ്ടിൽ 4000 പവൻ വരവുണ്ടായിരുന്നു. അതായതു്, ഏതാണ്ടു് ഒരു ലക്ഷം രൂപ. കത്തോലിക്കാസഭയെപ്പററി അദ്ദേഹം ഏറെനാൾ അവഗാഢം പഠിച്ചു. അവസാനം, പരിശുദ്ധ കുർബ്ബാനയുടെ ആകർഷണശക്തിയെ ചെറുത്തുനില്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തിരുസ്സഭയുമായുള്ള പുനരൈക്യത്തിന് ഏതാനും ദിവസങ്ങൾ മാത്രമുണ്ടായിരുന്നപ്പോളും സ്നേഹിതന്മാർ അദ്ദേഹത്തെ പിന്തിരിക്കാൻ കിണഞ്ഞു ശ്രമിച്ചു. "അങ്ങു് എന്താണു ചെയ്യുന്നതെന്ന് അല്പം ചിന്തിക്കുക. ഒരു കത്തോലിക്കനായാൽ വർഷത്തിൽ 1,00,000 രൂപയാണു നഷ്ടപ്പെടുന്നതു്"—അവർ വരുംവരായ്കകൾ വിവരിച്ചുകൊടുത്തു. ന്യൂമൻ ദൃഢചിത്തനായി പറഞ്ഞു: "ഒരു വി. കുർബ്ബാന സ്വീകരണത്തോടു തുലനംചെയ്യുമ്പോൾ 1,00,000 രൂപ എത്ര നിസ്സാരം."

എൻെറ മാതാവായ തിരുസ്സഭ എത്ര സൗന്ദര്യവതിയല്ല! ആവേശത്തോടെ പൗലോസ്ശ്ലീഹ എഴുതി: "മിശിഹാ തന്നേയും തൻെറ സഭയെ സ്നേഹിക്കുകയും, ജലത്തിലുള്ള മാമ്മോദീസകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും, അവളിൽ കറയോ മുഖച്ചുളിവോ; ഇവയ്ക്കു തുല്യമായ എന്തെങ്കിലുമോ ഇല്ലാതെയിരിക്കുവാനും എന്നല്ല മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടുന്നതിനു തനിക്കായിട്ടുതന്നെ മഹത്വമുള്ളവളായി സഭയെ നിറുത്തുവാനുംവേണ്ടി അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു." (അപ്പൊ. 5: 23-27) ക്രിസ്തുവിൻെറ മൗതികശരീരമായ തിരുസ്സഭ സുഭഗയല്ലാ

തിരിക്കസാദ്ധ്യമോ? പരിശുദ്ധാത്മാവിൻെറ ആലയമായ തിരുസ്സഭ സൗന്ദര്യധാമമല്ലാതിരിക്കുകയോ? "സത്യത്തിൻെറ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിൻെറ സഭ" (തിമോ. 3: 15)! എന്നാൽ, അവളുടെ എല്ലാ മക്കളും സുഭഗരോ സുശീലരോ അല്ല. അവർക്കൊക്കെ അങ്ങേയററം തെററു പററാം; എന്നാൽ, അമ്മയ്ക്കു തെററു പററാൻ പാടില്ല.

എൻെറ മാതാവായ തിരുസ്സഭ എത്ര സ്നേഹാർദ്രയാണു്! കാരണം, അവൾതന്നെ സ്നേഹമാണു്. അവളിൽനിന്നു ദൈവസ്നേഹം ഇടതടവില്ലാതെ നിർഗ്ഗളിക്കുന്നു. അനുഗ്രഹപ്രദമായ ഈ സ്നേഹത്താൽ ക്രിസ്തുവിൻെറ ലഘുവായ നുകത്തിൻകീഴിലേക്കു് അവൾ ജനപദങ്ങളെ അടുപ്പിക്കുന്നു. ഉൽക്കണ്ഠാകുലമായ ഈ സ്നേഹത്താൽ അവരുടെ ഓരോ കാലടിയേയും അവൾ സംരക്ഷിക്കുന്നു. സഭാമാതാവിനെപ്പോലെ മക്കളുടെ തെററുകളെക്കുറിച്ചു് ഇത്രവളരെ വേദനിക്കുകയും തെററിയകന്നു പോകുന്നവരെക്കുറിച്ചു് ഇത്ര മനമുരുകി കരയുകയും ചെയ്യുന്ന മാതാക്കളുണ്ടോ?

ഇതെപ്പററിയെല്ലാം ചിന്തിച്ചാൽ, "ഒരു കത്തോലിക്കനായതിൽ, നാഥാ, ഞാൻ നിനക്കു നന്ദിപറയുന്നു" എന്നു് എൻെറ ഹൃദയം സന്തോഷനിർഭരമായി ഉദ്ഘോഷിക്കാതിരിക്കുകയില്ല. എൻെറ കത്തോലിക്കത്വത്തെപ്പററിയുള്ള അവബോധം സുശക്തമാകാതിരിക്കുകയുമില്ല.

## ഞാൻ സഭയോടു് അനുസരണമുള്ളവനാണു്

'ഞാൻ ഒരു കത്തോലിക്കനാണു്" എന്ന വസ്തുത ആനന്ദത്തിൻേറയും ആത്മധൈര്യത്തിൻേറയും മാത്രമല്ല, നിഷ്കളങ്കമായ കർത്തവ്യനിർവ്വഹണത്തിൻേറയും ഉറവിടമാണു്. ഞാൻ

കത്തോലിക്കനാണെങ്കിൽ, സഭയുടെ പ്രബോധനങ്ങൾ അനുസരിച്ചും കല്പനകൾ കാത്തും ഞാൻ സഭയെ അനുസരിക്കണം.

ഒരു കത്തോലിക്കനാകയാൽ കത്തോലിക്ക വീക്ഷണമനുസരിച്ച് എന്റെ ജീവിതത്തെ ഞാൻ ക്രമപ്പെടുത്തണം. അഭൗമികലോകത്തെസ്സംബന്ധിച്ചവ ഞാൻ വിശ്വസിക്കുന്നു. ഭൗമികാതീതമായ പ്രത്യാശകൾകൊണ്ടും പ്രാർത്ഥനകൾകൊണ്ടും മാത്രമേ മർത്ത്യന്റെ ഭൗമികജീവിതം സന്തോഷഭരിതമാകൂ എന്നു ഞാൻ വിശ്വസിക്കുന്നു.

ഞാൻ ഒരാധുനികനാണ്. അതിനാൽ, മനുഷ്യമനസ്സ്, മാനുഷികകഴിവ്, പ്രയത്നം, യന്ത്രങ്ങൾ, സാങ്കേതികകലകൾ, വ്യവസായം, വാണിജ്യം, ശാസ്ത്രം, കല, സാമൂഹികപ്രവർത്തനങ്ങൾ ഇവയെല്ലാം ഞാൻ വിലമതിക്കുന്നു. അതേസമയം, ഇവയൊന്നും സ്വയംപര്യാപ്തമല്ലെന്നും ഞാൻ മനസ്സിലാക്കുന്നു. "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ സാദ്ധ്യമല്ല" (വി. യോഹ. 13: 5) എന്നു വിധിച്ചിട്ടുള്ള ആ പരാപരശക്തിയെ ഇവയിലെല്ലാമുപരിയായി ആരാധിക്കുകയും അനുഗമിക്കുകയും ചെയ്യണമെന്ന് അറിയാതിരിക്കാൻ മാത്രം എന്റെ കണ്ണു മങ്ങിപ്പോയിട്ടുമില്ല.

സാങ്കേതികകലകളിൽ ഒട്ടുവളരെ മുന്നേറുകയും ആദ്ധ്യാത്മികമായി ഇത്രയേറെ പാപ്പരാകുകയും ചെയ്തിരിക്കുന്ന ആധുനികലോകം ദിവ്യനാഥന്റെ മേലുദ്ധരിച്ച വാക്കുകൾ പുറംതള്ളുകയാണ്.

ഞാൻ ഒരു കത്തോലിക്കനാണ്. ആത്മശരീരങ്ങളോടു കൂടിയ ഒരു മനുഷ്യൻ മാത്രമല്ല, "ജലത്താലും പരിശുദ്ധാത്മാവിനാലും" വീണ്ടും ജനിച്ച മനുഷ്യനാണു ഞാൻ. അങ്ങനെ, ഞാൻ ഒരു കത്തോലിക്കനായി. സാധാരണ മനുഷ്യനുള്ളതിനെ

ക്കാൾ ഈ അവസ്ഥയ്ക്കുള്ള മേന്മയെന്ത്? തുല്യനിലയിൽ രണ്ടും പരിഗണിക്കാവുന്നതല്ല. സ്വാഭാവികമനുഷ്യന്റെ ശരീരത്തിൽ ആത്മാവു വസിക്കുന്നു; കത്തോലിക്കന്റെ ആത്മാവിൽ ദൈവം തന്നെ വസിക്കുന്നു. ആത്മാവ് എന്റെ ശരീരത്തെ വിട്ടുപിരിഞ്ഞാൽ ഞാൻ പിന്നെ മനുഷ്യനല്ല; ഒരു ശവം മാത്രം. ആത്മാവു ദൈവത്തെ പരിത്യജിച്ചാൽ ആത്മാവിനു പിന്നെ ജീവനില്ലാതാകും.

'ഞാൻ ഒരു കത്തോലിക്കനാണ്" എന്നതിനർത്ഥം ഞാൻ പരസ്നേഹതല്പരനായ ഒരു നല്ല മനുഷ്യനത്രെ എന്നു മാത്രമല്ല; ദിവ്യബലിയിൽ സംബന്ധിക്കുകയും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരാളത്രെ ഞാൻ എന്നുമാത്രമല്ല. അതിസ്വാഭാവികവും ദൈവികവുമായ ജീവന്റെ തീപ്പൊരി എന്നിൽ ജ്വലിക്കണം. ഞാൻ ദൈവത്തിന്റെ പുത്രനാകണം. (വി. യോഹ. 1: 12) മനുഷ്യരിൽ സംജാതമാക്കപ്പെട്ട ഈ ദൈവികജീവൻ അവരെ "ദൈവസ്വഭാവത്തിൽ പങ്കാളികളാക്കുന്നു". (2 പത്രോ. 1: 4) ഇതത്രേ ക്രിസ്തുമതത്തിന്റെ സത്ത എന്നാണു പത്രോസ്ശ്ലീഹ സമർത്ഥിക്കുന്നത്. വിജ്ഞാനത്തിനും സാമ്പത്തികവ്യവസ്ഥിതിക്കും കലയ്ക്കും സംസ്കാരത്തിനും ക്രിസ്തുമതം പലതും സംഭാവനചെയ്തിട്ടുണ്ട്. എന്നാൽ, അവയെല്ലാം അതിനിസ്സാരങ്ങളാണ്, ആത്മാവിനു ദൈവത്തെ പ്രദാനംചെയ്ത എന്ന വസ്തുതയോടു തുലനംചെയ്യുമ്പോൾ.

'ആഖെൻ' എന്ന സ്ഥലത്തുള്ള സെൻറ് ജെയിംസ് ദൈവാലയത്തിന്റെ പ്രവേശനകവാടത്തിൽ ഒരു ഉല്ലേഖനം കാണാം: "ദൈവത്തിൽനിന്നു ഞാൻ വന്നു; ദൈവസഹായത്തോടെ അങ്ങേ പക്കലേക്കു ഞാൻ പോകുന്നു." അർത്ഥസമ്പുഷ്ടമായ ഈ വാക്കുകൾ ആരിൽ അന്വർത്ഥമോ അവൻ മാത്രമാണു യഥാർത്ഥ കത്തോലിക്കൻ.

തന്നിൽ ദൈവം വസിക്കുന്നവനാണ്, പ്രസാദവരം നിറച്ചുള്ളവനാണ്, കത്തോലിക്കൻ. ഒരുപക്ഷേ, താങ്കൾ സങ്കടത്തോടേ പറഞ്ഞേക്കാം "അത്തരക്കാർ വിശുദ്ധർ മാത്രമല്ലേ" എന്ന്. ശരിയാണ്. ഒരു കാര്യം മറക്കരുത്: ഒരു യഥാർത്ഥ കത്തോലിക്കൻ ഒരു വിശുദ്ധൻതന്നെ. ആകയാലത്രെ വിശുദ്ധ പുസ്തകം വിശ്വാസികളെ "വിശുദ്ധർ" എന്നുതന്നെ വിളിക്കുന്നത്.

"അപ്പോൾ അതിൽനിന്നെല്ലാം എത്രയോ അകലെയാണ് എന്റെ നില"—നിങ്ങൾ വിലപിച്ചേക്കാം. ആദർശത്തിൽനിന്ന് അകന്നായിരിക്കാം നിങ്ങൾ ജീവിക്കുക. എന്നാൽ, ഭയപ്പെടേണ്ട. ഏതു നിലയിലും മികച്ചുനില്ക്കുന്ന വിദ്യാലയത്തിലാണു നമ്മൾ. ആത്മാക്കളുടെ വിശുദ്ധീകരണത്തിനുള്ള മഹാവിദ്യാലയമല്ലേ കത്തോലിക്കാസഭ. ഈ വിദ്യാലയത്തിൽ എല്ലാ വസ്തുക്കളും എല്ലാ വ്യക്തികളും അതിലുള്ള വിദ്യാർത്ഥികളെയഖിലം വിശുദ്ധരാക്കുക എന്ന ലക്ഷ്യത്തോടേ പ്രവർത്തിക്കുന്നു.

നാമെങ്ങനെ വിശുദ്ധരാകും? വഴിയുണ്ട്. സന്ദേഹമെന്നിയെ, അവിരാമമായി സഭയെ നാം അനുസരിക്കണം. ഒരിക്കലും നമ്മുടെ ശ്രമം നിർത്തരുത്. ഒരു തീരുമാനമെടുക്കാൻ സന്ദേഹിക്കരുത്. ഇസ്രായേൽജനത മതാത്മകമായും സാന്മാർഗ്ഗികമായും അധഃപതിക്കാൻ തുടങ്ങി. (രാജാ. 3: 18) രാജകൊട്ടാരംതന്നെ വിഗ്രഹാരാധനയുടേയും വിക്രിയകളുടേയും നടനരംഗമായി. സ്തുതിപാഠകരമായ പല കള്ളപ്രവാചകന്മാരും രാജാവിന്റെ ആനുകൂല്യങ്ങൾ ആസ്വദിച്ചു കഴിഞ്ഞു. സത്യദൈവാരാധന പുറംതള്ളപ്പെട്ടു. ചിലർമാത്രം വിശ്വസ്തരായി നിലനിന്നു. പക്ഷേ, ഒടുക്കം അവരും പേടിച്ചു പിൻമാറി. ഈ അസാന്മാർഗ്ഗിക സാഹചര്യത്തിൽ പെട്ടന്ന് ഒരു വ്യക്തിയുടെ—ഏലിയാസ് ദീർഘദർശിയുടെ—സ്വരമുയർന്നു: "ഇരുവശങ്ങൾക്കും മധ്യേ നീ എത്രനേരം സന്ദേഹിച്ചുനില്ക്കും? കർത്താവു ദൈവമാണെങ്കിൽ അവിടുത്തെ അനുഗമിക്കുക." (3 രാജാ. 18: 21) നാം സന്ദേഹിച്ചു നില്ക്കരുത് എന്ന ധാർമ്മിക

നിയമവും സഭാനിയമവും നമ്മെ അനുശാസിക്കുന്നു. ഒരു തികഞ്ഞ കത്തോലിക്കൻ ഒരിക്കലും നന്മയ്ക്കുവേണ്ടി ഒരു തീരുമാനമെടുക്കാൻ തേങ്ങുകയില്ല; വിശുദ്ധിയിലേക്കുള്ള രാജപാതയിൽ വീണടിയുകയുമില്ല.

ചിലപ്പോൾ, ആധ്യാത്മികമായ സ്തംഭനം സ്വാഭാവികവും ഗുണപ്രദവുമാണെന്നത്രേ ചിലരുടെ തെററായ ധാരണ. നില്ക്കാതെ മുന്നേറുന്നവർ പരിഹാസപാത്രങ്ങളാകാറുണ്ട്. ആദർശധീരരായി ആധ്യാത്മികജീവിതത്തിൽ ഉറച്ചുനില്ക്കുന്നവർ, വഞ്ചകരല്ലാത്തവർ, കാററിനൊത്തു ചായാത്തവർ, അഭിമാനത്തോടേ വിശ്വാസം പ്രഖ്യാപിച്ചു ജീവിക്കുന്നവർ, ചുരുക്കത്തിൽ തികഞ്ഞ കത്തോലിക്കരായിരിക്കുന്ന എല്ലാവരും അസഹിഷ്ണുക്കളും മതഭ്രാന്തന്മാരും പഴഞ്ചന്മാരുമായി എളുപ്പത്തിൽ മുദ്രയടിക്കപ്പെടുന്നു.

പുരോഗമിക്കാൻ ആഗ്രഹിക്കുന്നോ? മടിച്ചുനില്ക്കരുത്. ചൊവ്വേനേരെ പോകാതെ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ഞും ചരിഞ്ഞും പോകുന്നവർക്കു ലൗകികമായ പല മേന്മകളുമുണ്ടാകുമെന്നതു വാസ്തവംതന്നെ. 'ബുദ്ധിപൂർവ്വകമായി' ചെയ്യുന്ന അത്തരം വിശ്രമമെടുക്കൽ ഇന്ന് ഒരു 'ഫാഷനാ'യിരിക്കയാണു്. ആദർശം കുറച്ചൊക്കെ ബലികഴിക്കാതെ, കുറച്ചൊക്കെ കണ്ണടയ്ക്കാതെ, ആധുനിക സമുദായത്തിൽ കഴിഞ്ഞുകൂടാനോ വ്യവസായവും വാണിജ്യവും വിജയിപ്പിക്കാനോ, രാഷ്ട്രീയവും സാഹിത്യവും കൈകാര്യംചെയ്യാനോ സാധിക്കയില്ലെന്നു വിചാരിക്കുന്നവരുടെ എണ്ണം പെരുകിവരുന്ന ഈ സാഹചര്യത്തിലത്രേ ചൈതന്യമുററ, സത്യസന്ധരായ കത്തോലിക്കരുടെ ആവശ്യം ഏറിവരുക.

'വിദേശിയരുടെ രക്തം നമ്മുടെ വർഗ്ഗത്തിൽ കലരാൻ അനുവദിക്കരുതു്' എന്നു നാം നിർബ്ബന്ധം പിടിക്കാറുണ്ട്.

നമ്മുടെ ധാർമ്മികവും മതാത്മകവുമായ ജീവിതത്തിലും അത്തരം ചില നിരോധനങ്ങളും നിർബന്ധങ്ങളും വേണം. കലർപ്പററ കത്തോലിക്കനായി ജീവിക്കുക. പുതിയപുതിയ മുദ്രാവാക്യങ്ങൾ നമ്മുടെ ചിന്താഗതിയിൽ മായംചേർക്കയോ ജീവിതാദർശങ്ങളെ മലിനമാക്കുകയോ അരുത്. കത്തോലിക്കരെന്നു നടിക്കുകയും എന്നാൽ, കുത്തഴിഞ്ഞ ജീവിതത്താൽ അന്യ വിഗ്രഹങ്ങൾക്ക് അച്ച്നയർപ്പിക്കുകയും ചെയ്യുന്നവർ നിർഭാഗ്യവശാൽ പലരുണ്ട്.

ആർക്കിമിഡീസ് ഒരിക്കൽ പറയുകയുണ്ടായി, "എനിക്കു നല്ല ഉറപ്പുള്ള ഒരു അടകല്ലും (fulcrum) നീളമുള്ള ഒരു ദണ്ഡും തരിക, ഞാൻ ഭൂമിയെ മറിക്കാം." ക്രിസ്തുവാകുന്നു ആ അടകല്ല്. ക്രിസ്തു ദൈവമാകുന്നു എന്ന അടിസ്ഥാനതത്വത്തിൽ വിശ്വസിക്കുന്നെങ്കിൽ നവീകരിക്കപ്പെട്ടും. ഈ സത്യം ഞാൻ അംഗീകരിക്കുന്നെങ്കിൽ അവിടുന്നു പഠിപ്പിക്കുന്നതും കല്പിക്കുന്നതും ഞാൻ അംഗീകരിക്കണം. കത്തോലിക്കമതത്തിലും അതിലേ സാന്മാർഗ്ഗികനിയമങ്ങളിലുംനിന്ന് എനിക്കിഷ്ടമുള്ളവ മാത്രം തിരഞ്ഞെടുത്താൽ പോരാ. സഭയുടെ പ്രബോധനങ്ങളിലെല്ലാം ഞാൻ അഭിമാനംകൊള്ളണം. ഞാൻ അവ ഏററുപറയണം. അവളുടെ തിരുക്കർമ്മങ്ങളിൽ അഭിമാനത്തോടെ ഞാൻ ഭാഗഭാക്കാവുകയും അവളുടെ വൈദികഗണത്തെ ബഹുമാനിക്കുകയും ചെയ്യണം.

സഭ ഒന്നുകിൽ പ്രമാദരഹിതയാണ്; അല്ലെങ്കിൽ, വിലകെട്ടതാണ്. പ്രമാദരഹിതയെങ്കിൽ സഭയിൽ ഞാൻ ഉറച്ചു വിശ്വസിച്ചേ മതിയാവൂ. സഭയുടെ ഓരോവാക്കും ഞാൻ വിമശ്നം കൂടാതെ അനുസരിച്ചേ പററൂ. ഞാൻ ഒരു കത്തോലിക്കനാണെങ്കിൽ കത്തോലക്കൻേറതായ ആത്മധൈര്യവും വിധേയത്വവും എനിക്കുണ്ടായിരിക്കണം.

## സഭയെ ഞാൻ സ്നേഹിക്കുന്നു.

എനിക്കു സഭയോടു വിധേയത്വം മാത്രമല്ല, ഹൃദയപൂർവ്വമായ സ്നേഹവുമുണ്ട്. സഭയോടു ചേർന്നുനിന്നും സഭയ്ക്കുവേണ്ടി പ്രവർത്തിച്ചും വേണ്ടിവന്നാൽ സഭയ്ക്കുവേണ്ടി പോരാടിയും ഞാൻ ആ സ്നേഹം പ്രകടമാക്കും.

ക്രിസ്തുവിൻെറ സത്യസഭയുടെ അംഗങ്ങളായിരിക്കുന്നതിൽ ആനന്ദിക്കുന്നവർ മററുള്ളവരെക്കൂടി ആനന്ദത്തിന് അർഹരാക്കും. വെളിച്ചമുള്ളവൻ മററുള്ളവരെക്കൂടി വെളിച്ചം കാട്ടുന്നതിനും, ചൂടുള്ളവൻ മററുള്ളവരെക്കൂടി ചൂടുപിടിപ്പിക്കുന്നതിനും പരിശ്രമിക്കുമല്ലോ.

ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മററുള്ളവർക്കു പകർന്നുകൊടുക്കുവാൻ വൈദികന്മാരുടെ പ്രവർത്തനം ഇന്നു മതിയാകാതെയാണിരിക്കുന്നതു്. വൈദികൻെറ സ്വരം എല്ലാ ജനങ്ങളിലും എത്താത്തവിധം മനുഷ്യജീവിതം അത്ര വിപുലവും വ്യതിരിക്തവുമായിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കാൻ അല്മായർക്കു ലഭിച്ചിരിക്കുന്ന സുവർണ്ണാവസരമാണിതു്.

മാതൃകാപരമായ ജീവിതം നയിക്കുകതന്നെ വലിയൊരു പ്രേഷിതപ്രവർത്തനമാണ്. "കുഞ്ഞേ, അപ്പൻെറ ജോലിയെന്തു്?" ഒരാൾ ഒരു വിദ്യാർത്ഥിയോടു ചോദിച്ചു. കുട്ടി പറഞ്ഞു: "ആശാരിപ്പണി. എന്നാൽ, ഇപ്പോൾ അതിനൊന്നും പോകുന്നില്ല." അയാൾ ആശാരിപ്പണിക്കു പോകാത്തതിൽ ആക്ഷേപം പരിഭവമില്ല. നേരെമറിച്ചു, ഒരാൾ പറയുന്നെന്നിരിക്കട്ടെ, "ഞാൻ ഒരു കത്തോലിക്കനാണ്. പക്ഷേ, ഇപ്പോൾ ആ വിശ്വാസമനുസരിച്ചൊന്നുമല്ല ജീവിതം." ഇതു കേൾക്കുമ്പോൾ നമുക്കു ഖേദം തോന്നും. ഒരാൾ കത്തോലിക്കനെങ്കിൽ, അനുഷ്ഠിക്കുവാൻ അയാൾക്കു ചില കർത്തവ്യങ്ങളുണ്ട്. ഒരു കാര്യം നാം ഗ്രഹിക്കണം. അതായതു്,

കത്തോലിക്കസഭ ക്രിസ്തുവിൻെറ സഭയാണ് എന്ന വാസ്തവം പകൽപോലെ വിശദമായിരിക്കട്ടെ, അതിൻെറ ദൈവികോത്ഭവം തെളിയിക്കാൻ ഉപയോഗിക്കുന്ന വാദകോടികൾ നിതരാം ശക്തമായിരിക്കട്ടെ, സഭാംഗങ്ങളുടെ ജീവിതവിശുദ്ധിയെപ്പോലെ ഇത്രയേറെ സമ്മതജനകമായ തെളിവുകൾ, അനിഷേധ്യമായ വാദമുഖങ്ങൾ, സഭയ്ക്കു വേറില്ല. ഭർത്താവു മരിച്ച ഒരു കത്തോലിക്കസ്ത്രീ എന്തൊരു ആധ്യാത്മികശക്തിയോടേയാണു അവൾ ആ അത്യാഹിതം സഹിക്കുക! വ്യാകുലമാതാവിൻെറ രൂപത്തിൻമുമ്പിൽ പ്രാർത്ഥിച്ചു മടങ്ങുന്ന അവളുടെ മുഖത്തു് എന്തൊരു പ്രശാന്തത! ഒരു നൂറുകൂട്ടം കാര്യങ്ങളിൽ ഇടപെട്ടുനടക്കുന്നവനാണു മറെറാരാൾ. എന്നാൽ, ലോകത്തെത്തന്നെ മറന്നപോലെയാണു വി. കുർബ്ബാനയുടെ സമയത്തെ അയാളുടെ ഭക്തിപ്രകടനങ്ങൾ. വേറൊരാൾക്കു കഷ്ടിച്ചു കഴിഞ്ഞുകൂടാനുള്ള ചുറുപാടേയുള്ളു. എന്നിട്ടും, എന്തെല്ലാം പരോപകാരപ്രവൃത്തികളാണു ചെയ്യുന്നതു്! കുമ്പസാരം കഴിഞ്ഞു വരുന്ന ഒരു ബാലൻെറ നയനങ്ങൾ ഒരു പുതിയ ജീവിതമാരംഭിക്കാൻ തിളങ്ങുകയാണ്, ശുദ്ധീകരിക്കപ്പെട്ട ആത്മാവോടും ശാന്തി കൈവന്ന ഹൃദയത്തോടും കൂടെ. ഇങ്ങനെയുള്ള സംഭവങ്ങൾ അകത്തോലിക്കരെ സത്യസഭയെപ്പററി ബോധപ്പെടുത്താൻ എത്രമാത്രം ഉപകരിക്കുന്നുണ്ടെന്നു പലരും മനസ്സിലാക്കുന്നില്ല. നമ്മുടെ വിശ്വാസസത്യങ്ങൾക്കു തെളിവുനല്കുന്ന കാര്യങ്ങളാണിവ. കത്തോലിക്കരുടെ ജീവിതം ക്രിസ്തുവിൻെറ പ്രബോധനത്തിനനുസൃതമായിരിക്കട്ടെ, തിരുസ്സഭയുടെ ആകർഷകത്വം ഇനിമേൽ ലോകത്തിനു ചെറുക്കാൻ വയ്യെന്നാവും.

ഞാൻ ഒരു കത്തോലിക്കനാണ്; സഭയെ സ്നേഹിക്കുന്നുണ്ടു്. എങ്കിൽ, സഭയ്ക്കുവേണ്ടി നിലകൊള്ളാനും സമരം ചെയ്യാനും ഞാൻ തയ്യാറായിരിക്കും. സഭയെ ആക്രമിക്കുന്നതും നിന്ദിക്കുന്നതും കണ്ടുകൊണ്ടു ഭീരുത്വത്തോടേ ഞാൻ മൗനം കാ

ക്കുകയില്ല. അമ്മയെ അസഭ്യം പറയുന്നതു കേട്ടുകൊണ്ട് അഭിമാനമുള്ള ആരെങ്കിലും അടങ്ങിയിരിക്കുമോ! സഭാമാതാവിനെ പഴിക്കുന്നതു കേൾക്കുമ്പോൾ, തക്ക മറുപടി നല്കാൻ തുനിയാതെ കണ്ണടയ്ക്കുന്ന പലരുമുണ്ട്.

എന്നുമെപ്പോഴുമെന്നോണം സഭ പത്രങ്ങളിലും സമ്മേളനങ്ങളിലും സുഹൃദ്സംഭാഷണങ്ങളിലുമെല്ലാം ആക്രമിക്കപ്പെട്ടുകയാണ്. സഭയെ വിമർശിക്കുക ചിലരുടെ തൊഴിലുതന്നെ ആയിട്ടുണ്ട്. തന്റേടമുള്ള നാം ഇതു് എങ്ങനെ നേരിടണം? ക്രിസ്തുനാഥന്റെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം: "പാപവും വ്യഭിചാരവുള്ള ഈ തലമുറയിൽ എന്നെക്കുറിച്ചും എന്റെ വചനങ്ങളെക്കുറിച്ചും ആരെങ്കിലും ലജ്ജിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ പരിശുദ്ധ ദൂതന്മാരോടുകൂടി വരുമ്പോൾ, ലജ്ജിക്കും." (വി. മാർക്കോ. 8: 38). ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ഏകസഭയിൽ ഞാൻ വിശ്വസിക്കുന്നു. ഒരു കത്തോലിക്കനാകുന്നതിന് എന്നെ അനുഗ്രഹിച്ച ആ കരുണ മനസ്സിലാക്കുന്ന ഞാൻ ദൈവത്തോടു എന്നും കൃതജ്ഞനാണ്.

ഞാൻ ഒരു കത്തോലിക്കനാണ്. ആകയാൽ, ഞാൻ ക്രിസ്തു തന്റെ പ്രബോധനങ്ങൾ ഭരമേല്പിച്ച സഭയിലെ അംഗമത്രേ. ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന സഭയിലെ അംഗമത്രേ. ക്രിസ്തു ഭരമേല്പിച്ചിട്ടുള്ള പാവനതത്വങ്ങളെ അഭംഗം പാലിക്കുകയും അതിവിദൂരസ്ഥമായ രാജ്യങ്ങളിലേക്കും ആധുനിക വ്യാവസായികരംഗങ്ങളിലേക്കും മിഷനറിമാരെ അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സഭയിലെ അംഗമാണു ഞാൻ.

എന്റെ വത്സലമാതാവായ വി. കത്തോലിക്കാസഭയേ, നിന്നിൽ ഞാൻ അഭിമാനംകൊള്ളുന്നു. സങ്കീർത്തകനോടു ചേർന്നു നിന്നെപ്പററി ഞാനും പറയട്ടെ: "ഓർശ്ലേമേ, നിന്നെ ഞാൻ

വിസ്മരിക്കുന്നുവെങ്കിൽ എന്റെ വലത്തുകൈ വിസ്മരിക്കപ്പെടട്ടെ. നിന്നെ ഞാൻ വിസ്മരിക്കുന്നെങ്കിൽ എന്റെ നാക്ക് അണ്ണാക്കിനോടു ഒട്ടിച്ചേരട്ടെ." (സങ്കീ. 136: 5)

പാപപങ്കിലമായ ലോകം നിന്നെപ്പോലെ മററാരേയും ദ്വേഷിക്കുന്നില്ല എന്ന് എനിക്കറിയാം. എന്നാൽ, ലോകം മനസ്സിലാക്കിക്കൊള്ളട്ടെ, നിന്നെ ലോകം എത്രമാത്രം ദ്വേഷിക്കുന്നുവോ അതിലേറെ ഞാൻ നിന്നെ സ്നേഹിക്കും; അതിലേറെ വിജയാരവത്തോടേ എന്റെ അധരങ്ങൾ പ്രഖ്യാപിക്കും: "ഞാൻ ഒരു കത്തോലിക്കനാണ്". ഒരു കത്തോലിക്കനായതിൽ നാഥാ, ഞാൻ അങ്ങേക്കു നന്ദി പറയുന്നു."

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 200 ToT k  Acc. No. 13361

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M200
TOT. K

13361

റോത്ത്.

ക്രിസ്തു ജീവിക്കുന്നു.

KOTTAYAM PUBLIC LIBRARY

Call No M200 TOT:K Acc. No 13361

Author ട്രോത്ത്.

Title ക്രിസ്തു ജീവിക്കുന്നു.